Rev. Fr Paul [illegible]

A. M. D. G.

# THE SON OF MAN

*by the*

Rev. Placid Huault, S. M.

# മനുഷ്യപുത്രൻ

കോപ്പി ൧൦൦൦.] [വില ക. ൧.

(പകർപ്പവകാശം കൺവേർഷ്യൻ ലീഗിനു്.)

ജെ. എം. പ്രസ്സ്.

സെമിനാരി, പുത്തൻപള്ളി.

വരാപ്പുഴ.

൧൯൩൧.

PALACKAL JEEVASS KENDRAM LIBRARY
12061

NIHIL OBSTAT.

Fr. John Joseph, O. C. D.,

PUTHENPALLY SEMINARY

*Puthenpally*
*19–March–1931.*

IMPRIMATUR.

✠ Fr. Angelus Maria, O. C. D.,

*Archiep. Verap.*

*Ernakulam,*
*22–March–1931.*

# സമർപ്പണം.

ഭാരതവർഷത്തിന്റെ

പ്രേഷിതവര്യന്മാരായ

വിശുദ്ധ

തോമാശ്ലീഹാ, ഫ്റാൻസിസ് സേവ്യർ,

ഇവരുടെ തൃപ്പാദങ്ങളിൽ

പരിഭാഷകന്മാർ ഈ പുസ്തകത്തെ

ഭക്ത്യാദരപുരസ്സരം

സമർപ്പിക്കുന്നു.

# പരിഭാഷകന്മാർ.

| | | |
|---|---|---|
| ൧. | ഫാദർ | സബ്ബാസ്ത്യൻ മൂസ്സാരിയേട്ട് |
| ൨. | „ | ജോർജ്ജ് അക്കര |
| ൩. | „ | മാത്യു ചെട്ടികാട്ട് |
| ൪. | „ | ജേക്കബ്ബ് കാത്യപ്പുറം |
| ൫. | „ | ഗ്രിഗരി കരിക്കമ്പള്ളി |
| ൬. | „ | ജോൺ കുന്നപ്പള്ളി |
| ൭. | „ | മാത്യു കുന്നേൽ |
| ൮. | „ | ജോസഫ് കുരിയത്തടം |
| ൯. | „ | പോൾ ലൂയി |
| ൧൦. | „ | ജോർജ്ജ് മഞ്ഞളി |
| ൧൧. | „ | ലൂക്കാ മണിയങ്ങാട്ട |
| ൧൨. | „ | തോമസ് നട്ടുവിലേടത്തു |
| ൧൩. | „ | റോക്കി ഞാറയ്ക്കാട്ട് |
| ൧൪. | „ | അലക്സാണ്ടർ പൈകട |
| ൧൫. | „ | അബ്രാഹം പറപ്പിള്ളിൽ |
| ൧൬. | „ | സിറിയക്ക് പുളിക്കൽ |
| ൧൭. | „ | ആൻറണി റിബെയിരോ |
| ൧൮. | „ | ബെനഡിക്ട് തണ്ണിക്കോട്ടു് |
| ൧൯. | „ | സബ്ബാസ്ത്യൻ തെക്കേപ്പുരയിൽ |
| ൨൦. | „ | സിറിയക്ക് തുരുത്തുമാലി |
| ൨൧. | „ | ജോസഫ് വടക്കേക്കുററിയാങ്കൽ |
| ൨൨. | „ | പോൾ വടക്കഞ്ചേരി |

# പ്രസ്താവന.

ദൈവശാസ്ത്രപണ്ഡിതനായ റവ: ഫാദർ പ്ലാസിഡ് ഫാൾട്ട്, എസ്. എം. അവർകളാൽ വിരചിതമായ "The Son of Man" എന്ന വിശിഷ്ട ഗ്രന്ഥമാണ 'മനുഷ്യപുത്രൻ' എന്ന ഈ പുസ്തകത്തിൻെറ മൂലം. ക്രിസ്തുവിനെയും ക്രിസ്തുമതതത്വങ്ങളെയും കുറിച്ച ശാസ്ത്രീയമായ വിധത്തിലും ആകർഷണീയമായ രീതിയിലും അതിൽ പ്രതിപാദിച്ചിരിക്കുന്നു. അവിശ്വാസവും മതവിദ്വേഷവും ഉത്തരോത്തരം വർദ്ധിച്ചുവരുന്ന ഇക്കാലത്തു താദൃശഗ്രന്ഥങ്ങൾ പൂർവ്വാധികം ആവശ്യമായിട്ടാണ വന്നിരിക്കുന്നതു്. ഇക്കാരണം തന്നെയാണു് തർജ്ജമയ്ക്കായി ഈ ഗ്രന്ഥം തിരഞ്ഞെടുക്കുന്നതിനു ഞങ്ങളെ പ്രേരിപ്പിച്ചിട്ടുള്ളതും. തർജ്ജമ കഴിയുന്നതും മൂലത്തോടൊത്തുപോകുവാൻ ഞങ്ങൾ യത്നിച്ചിട്ടുണ്ടു്. ചിലെടങ്ങളിൽ അല്പ സ്വാതന്ത്ര്യവും എടുത്തിട്ടില്ലെന്നില്ല.

ഞങ്ങളുടെ നിത്യപൗരോഹിത്യ സ്വീകരണത്തിൻെറയും നവപൂജാർപ്പണത്തിൻെറയും സ്മാരകമായി ഈ ഗ്രന്ഥം പ്രസിദ്ധം ചെയ്യുന്നതിൽ അത്യധികമായ സന്തോഷം ഞങ്ങൾക്കുണ്ടു്.

---

സെമിനാരിജീവിതത്തിൽ ഞങ്ങളുടെ സകല യത്നങ്ങളിലും ഞങ്ങളെ ഉള്ളഴിഞ്ഞു സാഹായിച്ചിട്ടുള്ളതിനും പുറമെ ഈ പുസ്തകം അച്ചടിപ്പിക്കുന്നതിനുവേണ്ട സഹായങ്ങൾ ചെയ്തുതന്ന പെ. ബ. റൈത്തോരച്ചൻ അവർകളുടെയും, അനുപേക്ഷണീയങ്ങളായ കൃത്യാന്തരങ്ങൾക്കിടയിൽ ഞങ്ങളുടെ അപേക്ഷ അനുസരിച്ചു സാരസമ്പൂർണ്ണമായ ഒരു അവതാരിക എഴുതിത്തന്ന നടുവത്തുശേരിൽ ബ: യാക്കോബു് അച്ചൻ അവർകളുടെയും, നിരന്തരം ഞങ്ങൾക്കു

പ്രോത്സാഹനം നൽകിക്കൊണ്ടിരുന്ന ബ: സക്കറിയാസ് അച്ചൻ അവർകളുടെയും ഭാഷാസംബന്ധമായ സ്ഖലിതങ്ങൾ ചൂണ്ടിക്കാണിച്ചു തന്നിട്ടുള്ള സംസ്കൃത പ്രൊഫസർ കൊച്ചുയ്യങ്കാനാൽ ബ: തോമ്മാച്ചൻ അവർകളുടെയും, ഈ പരിശ്രമത്തിൽ ഞങ്ങളെ സഹായിച്ചിട്ടുള്ള മറ്റെല്ലാവരുടെയും നേർക്കു ഞങ്ങൾക്കുള്ള നിർവ്യാജമായ കൃതജ്ഞത പ്രദർശിപ്പിച്ചുകൊണ്ട് ഈ പുസ്തകത്തെ മാന്യ മഹാജന സമക്ഷം സമർപ്പിച്ചുകൊള്ളുന്നു.

പുത്തൻപള്ളി സെമിനാരി.
൨൨. ഡിസംബർ ൧൯൩൧

പരിഭാഷകന്മാർ

## അവതാരിക.

കത്തോലിക്ക സാഹിത്യസംബന്ധമായ പല പ്രസിദ്ധീകരണങ്ങളും അപ്പോഴപ്പോഴായി നമുക്കു ലഭിച്ചുകൊണ്ടിരിക്കുന്നതു് ഏററം സന്തോഷജനകമായ ഒരു സംഗതിയാണല്ലോ. ഈ ഗണത്തിൽ പലതും പുത്തൻപള്ളി സെമിനാരി കൊൺവേർഷ്യൻലീഗിൻെറ ആഭിമുഖ്യത്തിൽ പുറപ്പെടുന്നുവെന്നതു കേരളീയരെല്ലാം കൃതജ്ഞതാപൂർവ്വം അനുസ്മരിക്കേണ്ടതു തന്നെ. ലീഗു പ്രസിദ്ധീകരണങ്ങളിൽ പലതുകൊണ്ടും പ്രാധാന്യത്തെ അർഹിക്കുന്നതു് ഓരോകൊല്ലത്തെയും ആറാംപട്ടക്കാരായ ബ. ശെമ്മാശ്ശന്മാർ ഏകോപിച്ചു ഭാഷാന്തരം ചെയ്തു തങ്ങളുടെ നവപൂജാസ്മാരകമായി പ്രസിദ്ധീകരിക്കുന്ന ഗ്രന്ഥങ്ങളാണു്. ഇപ്രകാരം ഇതുവരെ വെളിക്കു വന്നിട്ടുള്ള എല്ലാ ഗ്രന്ഥങ്ങളെക്കാൾ വിഷയത്തിൻെറ ഗൗരവവും രീതിയുടെ സുഗമതയുംകൊണ്ടു ജാതിമതഭേദമെന്യേ സകല കേരളീയരുടെയും ശ്രദ്ധയെ ആകർഷിക്കാൻ അധികം യോഗ്യതയുള്ളതു 'മനുഷ്യപുത്രൻ' എന്ന ഈ ഗ്രന്ഥമാണെന്നു പറയുന്നതിൽ അതിയായ സന്തോഷമുണ്ടു്.

ക്രിസ്തു മനുഷ്യ ചരിത്രത്തിൽ കേന്ദ്രസ്ഥാനം വഹിക്കുന്നു. ക്രിസ്തുവിനുമുമ്പുള്ള സംഭവങ്ങളെ പ്രാചീന ചരിത്രമായും, പിമ്പുള്ള സംഭവങ്ങളെ നവീനചരിത്രമായും പണ്ഡിതലോകം പണ്ടേ സ്വീകരിച്ചിരിക്കുന്നു. എന്നല്ലാ ക്രിസ്തുവിനെ സർവ്വസുകൃതങ്ങളാൽ അലംകൃതനായ ആദർശപുരുഷനായി ക്രിസ്തുമതവിരോധികൾപോലും കൊണ്ടാടുകയും ചെയ്യുന്നു. എന്നാൽ ക്രിസ്തുഭക്തന്മാരെല്ലാം യഥാർത്ഥക്രിസ്തുവിൽ വിശ്വസിക്കയോ അവിടത്തെ അറിയുകയോ ചെയ്യുന്നില്ല.

യഥാർത്ഥക്രിസ്തു പരിശുദ്ധ ത്രിത്വത്തിലെ രണ്ടാമത്തെ ദൈവ ആളാകുന്നു. ദൈവസ്വഭാവം, മനുഷ്യസ്വഭാവം എന്നിവ രണ്ടും അതാതിൻെറ പൂൎണ്ണതയിൽ അവിടുത്തേയ്ക്കുണ്ടു്. ദൈവദത്തമായ ഈശോ എന്നപേരാൽ വിവക്ഷിക്കപ്പെടുന്ന പ്രകാരം അവിടുത്തെ മനുഷ്യാവതാരത്തിൻെറ ഉദ്ദേശം ആദത്തിൻെറയും സന്താനങ്ങളേവരുടെയും സകല പാപങ്ങൾക്കും തൻെറ കഷ്ടാനുഭവത്താലും മരണത്താലും ദൈവതിരുമുമ്പിൽ ഉചിതമായ പരിഹാരം ചെയ്യണമെന്നതായിരുന്നു. തൻെറ ദൈവത്വം പ്രകൃത്യതീതങ്ങളായ പ്രവൃത്തികളാലും പ്രവചനങ്ങളാലും അവിടുന്നു തെളിയിച്ചിട്ടുണ്ടു്. അവിടുത്തെ മാതൃകാജീവിതവും സദുപദേശവും ലോകത്തെ നവീകരിക്കയും അതിനെ സവ്വതോമുഖമായ അഭിവൃദ്ധിയിലേയ്ക്കു് ആനയിക്കയും ചെയ്തു. താൻ നിർവഹിച്ച രക്ഷാകരകൃത്യം മനുഷ്യവൎഗ്ഗത്തെ അറിയിക്കുന്നതിനും അതിൻെറ ഗുണഫലങ്ങൾ അവർക്കു നൽകുന്നതിനുംവേണ്ടി ആത്മികമായ പരമാധികാരത്താൽ അലംകൃതമായ ഒരു സഭയെ അവിടുന്നു ലോകത്തിൽ സ്ഥാപിച്ചു. അതിനെ തിരിച്ചറിവാനുള്ള ലക്ഷണങ്ങളെ നിർദ്ദേശിച്ചുകൊണ്ടു് അതിൽ അംഗങ്ങളായി ചേരുന്നതിന്നും അതിൻെറ കല്പനയനുസരിച്ചു ജീവിക്കുന്നതിനും അവിടുന്നു സകല മനുഷ്യരേയും കടപ്പെടുത്തുകയും ചെയ്തു. ഈ സംഗതികളെല്ലാം വിവരമായി അറിയുകയും വിശ്വസിക്കയും ചെയ്തെങ്കിലേ യഥാൎത്ഥക്രിസ്തുവിനെ അറിയുകയും വിശ്വസിക്കയും ചെയ്യുന്നുണ്ടെന്നു പറഞ്ഞുകൂടു.

അക്രൈസ്തവർ മാത്രമല്ല, കത്തോലിക്കരൊഴിച്ചുള്ള ക്രിസ്ത്യാനികൾപോലും ക്രിസ്തുവിനെ ഈവിധം യഥാൎത്ഥമായി അറിയുകയും വിശ്വസിക്കയും ചെയ്യുന്നില്ല. അവർ ക്രിസ്തുവിനെയും, അവിടുത്തെ ലക്ഷണങ്ങളെയും, അവിടുന്നു നിർവ

ഹിച്ച കാൎയ്യങ്ങളെയും ഏൎപ്പെടുത്തിയ സ്ഥാപനങ്ങളെയും വിഭാഗിച്ച യഥേഷ്ടം ചിലതു സ്വീകരിക്കയും ചിലതു ഉപേക്ഷിക്കയും ചെയ്യുന്നു. 'യുക്തിവാദി'കളുടെയും അകത്തോലിക്കരുടെയും പ്രസിദ്ധീകരണങ്ങൾ പ്രചരിച്ചുവരുന്ന ഇന്നാട്ടിലും ഇത്തരം അബദ്ധാഭിപ്രായങ്ങൾക്കു പ്രാബല്യം സിദ്ധിക്കാതിരിക്കയില്ല. അതിനാൽ ക്രിസ്തുവിനെക്കുറിച്ചു മേൽപറഞ്ഞ പ്രകാരമുള്ള യഥാൎത്ഥജ്ഞാനം ശാസ്ത്രീയരീതിയിൽ നൽകുന്ന ഒരു ഗ്രന്ഥം മലയാളഭാഷയിൽ ഉണ്ടായിരിക്കേണ്ടതു് ഒരാവശ്യം തന്നെ. 'മനുഷ്യപുത്രൻ' എന്ന ഗ്രന്ഥം ഈ ആവശ്യം നിൎവഹിക്കാൻ എത്രയും പൎയ്യാപ്തമാണെന്നു അതിലെ വിഷയവിവരണികയിൽ ഒന്നു കണ്ണോടിക്കുന്ന ഏവനും ബോദ്ധ്യപ്പെടുന്നതാണു്.

രീതിയെക്കുറിച്ചു പറയുന്ന പക്ഷം, ഗഹനങ്ങളായ കാൎയ്യങ്ങളെ എത്രയും സുഗമമായിട്ടാണു് ഈ ഗ്രന്ഥത്തിൽ പ്രതിപാദിക്കുന്നതു്. തൻമൂലം ഗ്രന്ഥം കൈയിലെടുത്താൽ ഏതാണ്ടു നോവലെന്നപോലെ ആദ്യവസാനം രസത്തോടുകൂടി വായിക്കാൻ കഴിയും. ശാസ്ത്രഗ്രന്ഥങ്ങളെ മലയാളത്തിലേയ്ക്കു പകൎത്തുമ്പോൾ ആ ഭാഷയുടെ പദദാരിദ്ര്യംകൊണ്ടു വന്നുകൂടാവുള്ള ബുദ്ധിമുട്ടുകൾ അനുഭവപ്പെട്ടതുകൊണ്ടായിരിക്കാം, സാമാന്യ വായനക്കാൎക്കു് എളുപ്പം മനസ്സിലാകുന്ന പദങ്ങൾ സൎവ്വത്ര ഉപയോഗിക്കാൻ ഭാഷാന്തരകൎത്താക്കൾക്കു സാധിക്കാഞ്ഞതു. വാചകങ്ങൾക്കു് ഒതുക്കവും പ്രൗഢിയും ഉണ്ടായിരിക്കണമെന്നുള്ള നിഷ്ഠ അതിനു വേറൊരു കാരണമായിരുന്നിരിക്കാം. ഏതായാലും ആറാംപട്ടക്കാരായ ബ: ശെമ്മാശന്മാർ ക്ലേശകരമായ വൈദികപഠനത്തിനിടയിൽ ഇത്ര ഉപയോഗപ്രദമായ ഗ്രന്ഥം ഇങ്ങനെ ആസ്വാദ്യമായ രീതിയിൽ തൎജ്ജമ ചെയ്കയും തങ്ങളുടെ നവപൂജാസ്മാരകമാ

യി പ്രസിദ്ധീകരിക്കയും ചെയ്കതിൽ അവർ കേരളീയരുടെ അഭിനന്ദനത്തിന്നും കൃതജ്ഞതയ്ക്കും അർഹന്മാരായിത്തീർന്നിട്ടുണ്ട്.

ഈ ഗ്രന്ഥത്തിന്നു കേരളത്തിൽ ധാരാളം പ്രചാരം ആശംസിക്കുന്നതോടുകൂടി, വന്ദ്യന്മാരായ പ്രസ്തുത നവവൈദികർ ഓരോരുത്തരും ഈ പരിശ്രമം തുടർന്നു കത്തോലിക്ക സാഹിത്യത്തെ പോഷിപ്പിക്കണമെന്നു് അഭ്യർത്ഥിച്ചുകൊള്ളുന്നു.

എറണാകുളം,
1-11-1931.

**ഫാദർ ജേക്കബ് നടുവത്തുശേരിൽ.**

# വിഷയാനുക്രമണിക.


പ്രസ്താവന.

അവതാരിക.

## ഒന്നാം ഭാഗം.

വശം.

അദ്ധ്യായം ൧. മനുഷ്യവഗ്ഗം പാപത്തിൽ വീണതു്. ൧.

I, ആദിമസ്ഥിതി. ൧.

II, മനുഷ്യവഗ്ഗത്തിന്റെ ശത്രു. ൪.

III, പിശാചിന്റെ വഞ്ചനയും നരവഗ്ഗത്തിന്റെ അധഃപതനവും. ൬.

IV, അധഃപതനത്തിന്റെ ഫലങ്ങൾ. ൧൧.

V, അധഃപതനത്തിന്റെ ലക്ഷ്യങ്ങൾ. ൧൪.

൧. തിന്മയിലേക്കുള്ള മനുഷ്യന്റെ ചാച്ചിൽ ൧൭.

൨. നമ്മിലുള്ള വൈരുദ്ധ്യങ്ങൾ. ൧൯.

൩. ജീവിതത്തിലേ ക്ലേശങ്ങൾ. ൨൨.

൪. സ്ത്രീയുടെ സ്ഥിതി. ൨൬.

൫. ഈശ്വരഭയം. ൨൭.

൬. പാരമ്പര്യങ്ങൾ. ൨൮.

അദ്ധ്യായം ൨. നരകുലപരിത്രാതാവു്. ൩൩.

I, മനുഷ്യാവതാരത്തിന്റെ ആവശ്യകത. ൩൩.

II, യഹൂദന്മാർ പ്രതീക്ഷിച്ചിരുന്ന രക്ഷകൻ. ൩൬.

III, വിജാതികൾ പ്രതീക്ഷിച്ചിരുന്ന രക്ഷകൻ. ൩൮.

അദ്ധ്യായം ൩. രണ്ടാമത്തെ ഹവ്വാ. ൫൧.

I, കന്യകയും ദൈവദൂതനും. ൫൧.

II, ദൈവജനനി. ൫൯.

വശം.
III, മറിയത്തിൻെറ പരിപൂൎണ്ണതകൾ. ന്നന.
IV, എല്ലാം ശതാബ്ദങ്ങളിലേയും
ചിന്താവിഷയമായ മറിയം. ന്നവ്യ.

## രണ്ടാംഭാഗം.

അദ്ധ്യായം ൧. ബാല്യവും
ആശാരിപ്പണിയും. ൈ.
I, ദിവ്യശിശുവിൻെറ ജനനം. ൈ.
II, തൊഴുക്കൂട്ടിൽനിന്നുള്ള സന്ദേശം. വ്യഫ.
III, യേശുവിൻെറ ശൈശവം. വ്യഭ.
IV, ശില്പി. ൻന.

അദ്ധ്യായം ൨. ഉപദേഷ്ടാവ്. ൻവ്യ.
I, ക്രിസ്തുവിൻെറ വിശിഷ്ട തത്വങ്ങൾ. ൻവ്യ.
II, ക്രിസ്തുവിൻെറ പ്രബോധനങ്ങൾ. ഫ0ന
III, സുവിശേഷത്തിലേ അന്യാപദേശങ്ങൾ. ഫഫ0.
൧. വിത്തുവിതയ്ക്കുന്നവൻ. ഫഫ0.
൨. നല്ലസമരിയാക്കാരൻ ഫഫന.
൩. മുന്തിരിത്തോട്ടത്തിലേ വേലക്കാർ. ഫഫഭ.
൪. ധൂൎത്തപുത്രൻ. ഫഫന്ന.
൫. കൂട്ടംവിട്ടുപോയ ആട്ടിൻകുട്ടി. ഫഫവ്യ.
൬. ധനികനും ലാസറും ഫഫവ്യ.
൭. ഫരീസ്യനും ചുങ്കക്കാരനും. ഫവഫ.
൮. തലേന്തുകളും പത്തു കന്യകകളും. ഫവന.

അദ്ധ്യായം ൩. അത്ഭുതപ്രവൎത്തകൻ. ഫവന്ന.
I, സുവിശേഷങ്ങളിലേ അത്ഭുതങ്ങളുടെ
സാമാന്യവിവരണം. ഫവന്ന.

വശം.
II, ക്രിസ്തുവിൻെറ അത്ഭുതങ്ങളെക്കുറിച്ചുള്ള
ഒരു നവീനാഭിപ്രായം. ൧൨൯.
III, വേറൊരു സങ്കല്പം. ൧൩൪.
IV, മറെറാരു വാദം. ൧൩൯.
V, ക്രിസ്തുവിൻെറ അത്ഭുതപ്രവൃത്തികൾ
തൻെറ ദിവ്യത്വത്തെ സ്ഥാപിക്കുന്നു. ൧൪൧.

അദ്ധ്യായം ൪. പ്രവാചകൻ. ൧൫൫.
I, പ്രവചനവരം. ൧൫൫.
II, ദിവ്യരക്ഷകനേയും അദ്ദേഹത്തിൻെറ ശ്ലീഹ
ന്മാരേയും സഭയേയും സംബന്ധിച്ചുള്ള പ്ര
വചനങ്ങൾ. ൧൫൯.
III, യഹൂദമതത്തെ സംബന്ധിച്ചുള്ള
പ്രവചനങ്ങൾ. ൧൬൬.
IV, ജരൂസലേമിൻെറ നാശത്തേയും ലോകാ
വസാനത്തേയും പററിയുള്ള പ്രവചനങ്ങൾ. ൧൭൦.

അദ്ധ്യായം ൫. മിശിഹായുടെ സ്വഭാവം ൧൭൯.
I, വിശുദ്ധ ലിഖിതങ്ങളും മിശിഹായുടെ
സ്വഭാവവും. ൧൭൯.
II, നിസ്തുലനായ ക്രിസ്തു. ൧൮൫.
III, മിശിഹായുടെ സ്വഭാവത്തിൻെറ
മററു ചില വശങ്ങൾ. ൧൯൨.
IV, ക്രിസ്തു തന്നെക്കുറിച്ചു പറയുന്നതു്. ൧൯൧.

അദ്ധ്യായം ൬. ദൈവപുത്രൻ. ൨൦൪.
I, ഒരാളിൽ രണ്ടുസ്വഭാവം. ൨൦൪.
II, ദൈവമായ ക്രിസ്തു. ൨൦൮.

വശം.
III, മനുഷ്യനായ ക്രിസ്തു. ൧൬൧.
IV, ക്രിസ്തുവിൻെറ ബുദ്ധിയും മനസ്സും ഹൃദയവും. ൧൬൩.
൧. ബുദ്ധി. ൧൬൩.
൨. ക്രിസ്തുവിൻെറ മനസ്സ്. ൧൬൭.
൩. ഈശോയുടെ പരിശുദ്ധ ഹൃദയം. ൧൬൯.
## അദ്ധ്യായം ൬. പ്രധാനാചാൎയ്യൻ. ൧൭൧.
I, ബലികളുടെ ഉത്ഭവം, പുരാതനത്വം,- സാൎവ്വത്രികത്വം. ൧൭൧.
II, ബലിയുടെ ലക്ഷണങ്ങൾ. ൧൭൩.
III, പ്രധാനാചാൎയ്യനും അദ്ദേഹത്തിൻെറ ബലിയും. ൧൮൨.
IV, ക്രിസ്തീയ ബലിയുടെ സനാതനത്വം. ൧൮൯.
## അദ്ധ്യായം ൭. രക്തസാക്ഷി. ൧൯൦.
I, പീഡാനുഭവ ചരിത്രം. ൧൯൦.
II, കുരിശിൻെറ ഭോഷത്തം. ൨൦൦.
III, കുരിശിൻെറ വിജയം. ൨൩൧.
IV, കുരിശു നമുക്കു ദൈവജ്ഞാനം നൽകുന്നു. ൨൩൩.

## മൂന്നാംഭാഗം.

## അദ്ധ്യായം ൧. ക്രിസ്തുമതസ്ഥാപനം. ൨൪൫.
I, ഒരു മഹാ സംരംഭം. ൨൪൫.
II, ഉപകരണങ്ങളും പ്രതിബന്ധങ്ങളും. ൨൭൧.
൧. ക്രിസ്തു ഉപയോഗിച്ച ഉപകരണങ്ങൾ. ൨൭൧.
൨. പ്രതിബന്ധങ്ങൾ. ൨൭൮.
III, സമരവും വിജയവും. ൨൭൩.
IV. ക്രിസ്തുമതത്തിൻെറ സുസ്ഥിരത. ൨൯൧.
V, ക്രൈസ്തവലോകത്തിൻെറ സാക്ഷ്യം. ൨൯൩.

വശം.

അദ്ധ്യായം ൨. ക്രിസ്തുമതവും ലോകാഭിവൃദ്ധിയും. ൩൦൨.

I, ലോകത്തിലേ സാന്മാൎഗ്ഗികാഭിവൃദ്ധി. ൩൦൨.

II, ജ്ഞാനാഭിവൃദ്ധി. ൩൦൯.

III, സാമുദായികാഭിവൃദ്ധി. ൩൧൫.

IV, കാലാഭിവൃദ്ധി. ൩൨൨.

അദ്ധ്യായം ൩. ക്രിസ്തീയാദൎശം. ൩൨൮.

I, പുതിയ മനുഷ്യവംശം. ൩൨൮.

II, വിശുദ്ധൻ. ൩൩൫.

III, രക്തസാക്ഷി. ൩൪൨.

IV, സന്ന്യാസികളും സന്ന്യാസിനികളും. ൩൪൬.

അദ്ധ്യായം ൪. ക്രിസ്തുവിന്റെ സഭ. ൩൫൫.

I, സഭയുടെ ഐകത്വം. ൩൫൫.

II, സഭയുടെ സാൎവ്വത്രികത്വം. ൩൬൧.

൧. കാലസംബന്ധമായ സാൎവ്വത്രികത്വം. ൩൬൧.

൨. സ്ഥലത്തെ സംബന്ധിച്ചുള്ള സാൎവ്വത്രികത്വം. ൩൬൬.

III, സഭാധിപൻ. ൩൬൯.

IV, ക്രിസ്തീയനിയമസംഹിത. ൩൭൬.

ഉപസംഹാരം. നിരീശ്വരതയുടെ മൗഢ്യം. ൩൮൪.

I, നിരീശ്വരൻ. ൩൮൪.

II, നിരീശ്വരന്റെ യുക്തിവാദം. ൩൯൨.

III, നിരീശ്വരന്മാരുടെ സാന്മാൎഗ്ഗികനിയമം. ൪൦൧.

IV, ദുഷ്ടന്മാൎക്കു് ഒരിക്കലും സമാധാനമില്ല. ൪൦൮.

# മനുഷ്യപുത്രൻ

അദ്ധ്യായം ൧.

[മനുഷ്യവർഗ്ഗം പാപത്തിൽ വീണതു്.]

## 1. ആദിമസ്ഥിതി.

ലോകചരിത്രം സൗഭാഗ്യസംപൂർണ്ണമായ ഒരു സുവർണ്ണ കാലഘട്ടത്തോടെ സമാരംഭിച്ചു എന്നു് സാമാന്യേന സകല ജാതികളും സർവ്വ ദേശക്കാരും ദൃഢമായി വിശ്വസിച്ചിരുന്നു. ഇതു് അവരുടെ പ്രാചീന ഗദ്യകാരന്മാരുടെയും പദ്യകൃത്തുകളുടെയും, തത്വചിന്തകന്മാരുടെയും ചരിത്ര കർത്താക്കളുടെയും സാഹിത്യസരണികളിൽ നിന്നും വിജ്ഞാനാരാമങ്ങളിൽനിന്നും നമുക്കു നിഷ്പ്രയാസം ഗ്രഹിക്കുവാൻ സാധിക്കും. നിഷ്കാപട്യവും, സൗഭാഗ്യവും സർവ്വത്ര കളിയാടിയിരുന്ന ഒരു സുന്ദര ഘട്ടമായിട്ടാണു് പ്രസ്തുത വിജ്ഞാനമതികൾ അതിനെ വർണ്ണിക്കുന്നതു്. നന്മ എങ്ങും വിളങ്ങിയിരുന്നു; തിന്മ ഉണ്ടായിരുന്നില്ല. ഇതാണു് ഈ ആരംഭദശയുടെ ഗുണവിശേഷം. രോഗം, ശോകം എന്നുവേണ്ട യാതൊരുവകക്ലേശവും അന്നു് അറിയപ്പെട്ടിരുന്നില്ല. ഭൂമിസ്വയം അതിന്റെ സകല നിക്ഷേപങ്ങളും പ്രദാനം ചെയ്തുകൊണ്ടിരുന്നു. വൃക്ഷലതാദികൾ പുഷ്പങ്ങളും, ഫലങ്ങളും യഥാകാലം പുറപ്പെടുവിച്ചു. ധർമ്മം അനുഷ്ഠിക്കുന്നതു വളരെ എളുപ്പമായിരുന്നു. അ

ധർമ്മത്തെക്കുറിച്ചു കേട്ടുകേൾവിപോലും ഉണ്ടായിരുന്നില്ല. മനുഷ്യൻ സൃഷ്ടിയുടെ മകുടമായി പരിലസിച്ചു. ആകാശത്തിലേ പറവകളും, ഭൂമിയിലേ മൃഗങ്ങളും, ജലാശയങ്ങളിലേ മത്സ്യങ്ങളും എന്നല്ല, പ്രകൃതി മുഴുവനും അവനു അധീനമായിരുന്നു.

സാർവ്വത്രികവും, ക്രൈസ്തവവിശ്വാസത്തോടു വളരെ സാമ്യമുള്ളതും ആയ ഈ ഐതിഹ്യങ്ങൾക്കു് അടിസ്ഥാനം ക്രിസ്തീയമതഗ്രന്ഥങ്ങളിൽ കാണുന്ന ആദിമപാരമ്പര്യംതന്നെ ആകുവാനെ മാർഗ്ഗമുള്ളു. അതു് ഏതാണ്ടിപ്രകാരമാണു്. 'ഉണ്ടാകട്ടെ' എന്നശബ്ദം ദൈവത്തിൽനിന്നു പുറപ്പെട്ടമാത്രയിൽ ശൂന്യാവസ്ഥയിൽനിന്നു് അനേകായിരം ഗോളങ്ങൾ ആവിർഭവിച്ചു് അതിവിസ്തൃതമായ നഭോമണ്ഡലത്തെ സവിശേഷം അലങ്കരിച്ചു. മനുഷ്യനെ സൃഷ്ടിക്കുന്നതിൽ ദൈവം തൻെറ അനന്ത മഹിമയ്ക്കു സാക്ഷാൽ അനുയോജ്യമായ ഏതോ ഒരു വലിയകാര്യം നിർവ്വഹിക്കുവാൻ ഉണ്ടായിരുന്നാലെന്നപോലെ സ്വയം ആലോചിക്കുന്നതായി കാണപ്പെടുന്നു. അവിടുന്നു പറയുന്നു. 'നമ്മുടെ സ്വന്തഛായയിലും രൂപത്തിലും നമുക്കു മനുഷ്യനെ ഉണ്ടാക്കാം'. തൽഫലമായി ദൈവത്തിൻെറ സ്നേഹഭാജനവും, വാനാരൂപികളുടെ ഇഷ്ടസോദരനും, സൃഷ്ടിസർവ്വത്തിൻെറയും സംഗ്രഹവും, ദൃശ്യാദൃശ്യലോകങ്ങളുടെ ഘടകവുമായ മനുഷ്യൻ ഇതാ ഭൂമുഖത്തു പ്രത്യക്ഷനാകുന്നു .അവൻ എത്ര സുഭഗൻ! എത്ര ശ്രേഷ്ഠൻ!! എത്ര പ്രതാപവാൻ!!! അവൻെറ ആത്മശരീരങ്ങൾ എത്രപരിപൂർണ്ണങ്ങൾ!!! അവൻെറ ബുദ്ധി അത്യധികം ദീപ്തിമത്തായിരുന്നു. സൃഷ്ടവസ്തുക്കളുടെ പ്രവർത്തനരീതികളും, പ്രകൃതിയുടെ നിഗൂഢരഹസ്യങ്ങളും, ജീവികളുടെ ഗുണവിശേഷങ്ങളും, ആകാശഗോളങ്ങളുടെ പരിക്രമണങ്ങളും, വാനാരൂപികളുടെ വിവിധപദവികളും അവൻ ഗ്രഹിച്ചിരുന്നു. സ്രഷ്ടാവായ ദൈവം അപ

രിമേയനും, നിത്യനും, പരമ നന്മയുമാണെന്നറിഞ്ഞു, തന്റെ
വിശാലമായ ഹൃദയത്തിന്റെ സർവ്വശക്തിയോടുംകൂടി അദ്ദേഹ
ത്തെ അവൻ സ്നേഹിച്ചു. വിജ്ഞാനസമ്രാട്ടായ സോളമ
ന്റെ പ്രതിഭാവിലാസംപോലും, ആദത്തിന്റെ അത്യുൽകൃഷ്ട
വും, അതിവിപുലവും, ഉജ്ജ്വലത്തുമായ ധീപ്രകാശത്തിന്റെ
മുമ്പിൽ കേവലം നിഷ്പ്രഭമായിരുന്നു. ആദം മനുഷ്യവർഗ്ഗ
ത്തിൽ ആദ്യനായിരുന്നതുകൊണ്ടു് അവശ്യം അവരുടെ ഗുരു
വും ഉപദേഷ്ടാവുമാകേണ്ടിയിരുന്നു. വിശ്വസ്തതയോടെ അവൻ
വ്യാപരിച്ചിരുന്നുവെങ്കിൽ അവനുണ്ടായിരുന്ന ബുദ്ധിവൈഭവ
വും വിജ്ഞാനസമ്പത്തും സന്താനപരമ്പരക്കും കൈവരുമാ
യിരുന്നേനേ.

ബുദ്ധിയെപ്പോലെതന്നെ മനസ്സും പരിപൂർണ്ണമായിരുന്നു.
ധീരവും, ശ്രേഷ്ഠവും, നിർമ്മലവും, പുണ്യാത്മകവുമായ സക
ലത്തിലും സ്വാഭാവികമായ വാസനയും, നിന്ദ്യവും അധാർമ്മിക
വുമായ എല്ലാററിലും പരമമായവിദ്വേഷവും അതിനുണ്ടായി
രുന്നു. അത്യുത്തമങ്ങളായ ആദർശങ്ങളും, അതിനിർമ്മലങ്ങളാ
യ ഭാവനകളും അവന്റെ സങ്കല്പശക്തിയെ അലങ്കരിച്ചു. ഭൗ
മികപറുദീസായിൽ ദൈവം, അജ്ഞാതമായ ഏതോ ആകൃ
തിയിൽ നമ്മുടെ ആദിപിതാവിനു പ്രത്യക്ഷനാവുകയും ഒരു
വാത്സല്യമുള്ള പുത്രനോടെന്നോണം ഹൃദ്യമായി സംഭാഷി
ക്കയും സ്വജീവരഹസ്യങ്ങളെ അവനു വെളിപ്പെടുത്തുകയും
ചെയ്തു. ആ ഭൗമപറുദീസാ എത്ര മനോഹരം! അതേ, അവി
ടെയുള്ള സർവ്വവും നയനാഭിരാമങ്ങളും കർണ്ണപീയൂഷങ്ങളും ത
ന്നെ. ആദത്തിന്റെ സുന്ദരസ്വരം സുകുമാരശരീരം, എന്നിവ
തിര്യക്കുകളെപ്പോലും വശീകരിക്കത്തക്കവയായിരുന്നു. അ
രോഗദൃഢഗാത്രനായിരുന്നു അദ്ദേഹം. നവയൗവനം അയാ
ൾക്കു നിത്യസ്വത്താകുമായിരുന്നേനേ. ഇഹത്തിൽ ഏതാൻ
സംവത്സരം സൗഭാഗ്യവാനായി ജീവിച്ചശേഷം മരണവ്യഥ

യ്ക്കോ, ശവകുടീരത്തിലെ മലീമസമായ മാററങ്ങൾക്കോ വശംവദനാകാതെ ദൈവത്തെ നിത്യം ദർശിക്കുമായിരുന്നു. ആദമേ, നിൻെറ സ്ഥാനമാഹാത്മ്യത്തെ വിസ്മരിക്കാതെയും, വിശിഷ്ടമായ കിരീടത്തെ നഷ്ടമാക്കാതെയും ഇരുന്നെങ്കിൽ ഹാ! നീ എത്ര സൗഭാഗ്യവാനാകുമായിരുന്നില്ല!

## II. മനുഷ്യവർഗ്ഗത്തിൻെറ ശത്രു.

ദുഷ്ടാരൂപികൾ എന്നൊരു കൂട്ടർ ഉണ്ടെന്നും, അവരുടെ നാശകരമായ ശക്തി അതിപ്രബലമാണെന്നും ഉള്ളതിനു ലോകചരിത്രം മതിയായ സാക്ഷ്യം നൽകുന്നുണ്ടല്ലോ. സാർവ്വത്രികമായ പ്രസ്തുത വിശ്വാസത്തെ ക്രോഡീകരിച്ചുകൊണ്ടു പ്രേഷിതപ്രവരനായ വി. പൗലോസ് ഇപ്രകാരം പ്രസ്താവിക്കുന്നു: "നമ്മുടെ മല്ലയുദ്ധം മാംസരക്തങ്ങൾക്കു വിരുദ്ധമായിട്ടല്ല; പ്രത്യുത, രാഷ്ട്രങ്ങൾക്കും, ശക്തികൾക്കും, ഈ അന്ധകാരമായ ലോകത്തിൻെറ അധിപതികൾക്കും, ഉന്നതങ്ങളിൽ ദുഷ്ടതയുടെ അരൂപികൾക്കും, എതിരായിട്ടത്രെ." (അപ്പ: ന്നു. ൧൨.) വാനാരൂപികൾ ഏററം സൗഭാഗ്യവാന്മാരും, പരിപൂർണ്ണന്മാരും, സൗന്ദര്യവാന്മാരും ആയിട്ടാണു സൃഷ്ടിക്കപ്പെട്ടതു്. അവരുടെ ബുദ്ധിശക്തി, സ്വനിശ്ചയങ്ങൾക്കു പ്രേരകങ്ങളായ എല്ലാകാരണങ്ങളേയും ഒററ നോട്ടത്തിൽ കാണത്തക്കതിന്നുമാത്രം അത്ര പ്രകാശമാനവും, കുശാഗ്രീയവും ആയിരുന്നു. തന്നിമിത്തം അവരുടെ എല്ലാ തീരുമാനങ്ങളും, ക്ഷണപ്രാപ്യങ്ങളും, സുസ്ഥിരങ്ങളും അഭേദ്യങ്ങളുമായിരുന്നു. ഇങ്ങനെയെല്ലാമായിരുന്നെങ്കിലും നിത്യാനന്ദം അവരുടെ യോഗ്യതയ്ക്കു സമ്മാനമായി നിശ്ചയിക്കപ്പെട്ടിരുന്നതിനാൽ അതു നൽകുന്നതിനുമുമ്പ് അവരെ ഒന്നു പരീക്ഷിക്കുന്നതിനു തന്നെ ദൈവം തീരുമാനിച്ചു. അതിന്നായി അവരുടെ സ്വാതന്ത്ര്യമായ ആരാധനമാണ് അവിടുന്ന് ആവശ്യ

പ്പെട്ടതു്. പ്രകാശമാനന്മാരായ ഈ അരൂപികളിൽ ഒരുവനായ 'ലൂസിഫെർ' ദൈവാജ്ഞയെ അനുസരിക്കുന്നതിനു വിസമ്മതിക്കയും മാത്സര്യത്തിൻെറ പതാക ഉയർത്തുകയും ചെയ്തു. "അപ്പോൾ സ്വർഗ്ഗത്തിൽ ഒരു മഹായുദ്ധമുണ്ടായി. മിഖായേലും അയാളുടെ ദൂതന്മാരും മഹാസർപ്പത്തോടു യുദ്ധം ചെയ്തിരുന്നു. മാഹാ സർപ്പവും അവൻെറ ദൂതന്മാരൊന്നിച്ചു യുദ്ധം ചെയ്തിരുന്നു. എന്നാൽ ഇവർ ജയിച്ചില്ല; സ്വർഗ്ഗത്തിൽ ഇവരുടെ സ്ഥലം പിന്നെ കാണപ്പെട്ടതുമില്ല." (വെളി. ൧൨-൭, ൮) നിമിഷമാത്രയിൽ നരകപാതാളത്തിലേക്കു് അവർ തള്ളിയിടപ്പെട്ടു. സാത്താൻ മിന്നൽ പിണർപോലെ സ്വർഗ്ഗത്തിൽ നിന്നു വീഴുന്നതു ഞാൻ കണ്ടു.' ലൂക്കാ. ൧൦-൧൮) "....ലൂസിഫെറേ, നീ എങ്ങനെ ആകാശത്തിൽ നിന്നു് അധഃപതിച്ചു? ജനങ്ങളെ മുറിപ്പെടുത്തുന്ന നീ ഭൂമിയിലേക്കു് എങ്ങനെ വീണു?" (ഇസയ. ൧൪-൧൨.) "നീ സാദൃശ്യത്തിൻെറ മുദ്രയും, ജ്ഞാനത്തിലും സൗന്ദര്യത്തിലും പൂർണ്ണനും ആയിരുന്നു. നീ ദൈവത്തിൻെറ പറുദീസായിലെ ആനന്ദങ്ങളിൽ ആയിരുന്നു. സകല രത്നങ്ങളും നിനക്കു് ആവരണമായിരുന്നു. നിന്നിൽ ദുഷ്ടത കാണപ്പെടുന്നതുവരെ, നീ നിൻെറ വഴികളിൽ പൂർണ്ണനായിരുന്നു." (എസക്കി. ൨൮-൧൨, ൧൫.) അഹങ്കരിച്ചപരിഷ അധഃപതിച്ചു. വിപ്ലവകാരികളായ ഈ അരൂപികൾ നിത്യനീതിയുടെ ഭാരം അനവരതം വഹിക്കതന്നെ ചെയ്യും. അവരുടെ പ്രകൃതിക്കു് എന്തു വ്യത്യാസം! അവരുടെ സർവസ്വവും അധമവും, നികൃഷ്ടവുമായി പരിണമിച്ചു. ഇപ്പോൾ അവർക്കു തിന്മചെയ്യണമെന്നുള്ള വിചാരവും, അന്യായം പ്രവർത്തിക്കണമെന്നുള്ള അഭിവാഞ്ഛയും മാത്രമേയുള്ളു. ദൈവത്താൽ ശപിക്കപ്പെട്ടും, അദ്ദേഹത്തിൻെറ ശക്തിയേറിയ കരങ്ങളാൽ മർദ്ദിക്കപ്പെട്ടും അവർ അഗാധത്തിൽനിന്നു് അത്യഗാധത്തിലേക്കു നിപതി

ക്കുന്നു. അവരുടെ കഠിനമനസ്സു ഉദ്ദേശസ്ഥൈര്യത്താലും നിശ്ചയദാർഢ്യംകൊണ്ടും പാപത്തിൽ എന്നേയ്ക്കും സ്ഥിരീകൃതമാകയാൽ പശ്ചാത്തപിക്കുന്നതിനു അവർ അശക്തരാണ്. ദൈവം, അനുഗ്രഹം പ്രദാനം ചെയ്യുന്നതായിരുന്നാൽ തന്നെയും അവർ അതിനെ നിന്ദാപൂർവം അപഹസിക്കയും, നിരാകരിക്കയും ചെയ്യും. അവരുടെ പ്രതാപമാഹാത്മ്യങ്ങളുടെയും, അഭിലാഷാകാംക്ഷകളുടെയും എല്ലാം ഉദ്ദേശ്യം പ്രതികാരം ഒന്നുമാത്രമാകുന്നു. ഇത്രയും പ്രീതികരമായി മറെറാന്നും അവർക്കില്ല. ദൈവത്തെ ദൂഷണങ്ങൾകൊണ്ടു നിന്ദിച്ചും, വാനാരൂപികളുടെ സദുദ്ദേശ്യങ്ങളെ സർവ്വശക്തിയോടെ പ്രതികൂലിച്ചും, പ്രകൃതിയെ ഭൂകമ്പങ്ങൾ, കൊടുങ്കാററുകൾ ആദിയായവയാൽ ക്ഷോഭിപ്പിച്ചും, മനുഷ്യനെ-ദൈവഭവനത്തിൽ അവസാനജാതനും, വിപ്ലവം മൂലം തങ്ങൾ നഷ്ടപ്പെടുത്തിയ ഉന്നതസിംഹാസനത്തിന് അവകാശിയുമായ മനുഷ്യനെ—വഞ്ചനകൊണ്ടും പ്രലോഭനം കൊണ്ടും സർവോപരി ഞെരുക്കിയും പ്രതികാരബുദ്ധിയെ അവർ നിരന്തരം പ്രദർശിപ്പിച്ചുകൊണ്ടേയിരിക്കുന്നു.

## III. പിശാചിൻെറ വഞ്ചനയും നരവർഗ്ഗത്തിൻെറ അധഃപതനവും.

അഭിനവചിന്തകന്മാരുടെ (Modernists) അഭിമതപ്രകാരം പ്രലോഭനത്തെയും അധഃപതനത്തെയും സംബന്ധിച്ചു സൃഷ്ടിഗ്രന്ഥത്തിൽ കാണുന്ന വിവരണം നിശ്ശേഷം രൂപകമയമാണുപോൽ. രാഗാദിവികാരങ്ങൾ മനുഷ്യനിൽ ശക്തി പ്രാപിച്ചതിനേയും, മനുഷ്യബുദ്ധി ധർമ്മത്തെയും അധർമ്മത്തേയും തിരിച്ചറിഞ്ഞതിനേയും സൂചിപ്പിക്കുന്ന ഒരു കഥയാണത്രെ ഇതു്. ഈ അഭിപ്രായം സ്വീകാര്യമല്ലെന്നു മാത്രമല്ല, അബദ്ധസംപൂർണ്ണവുമാണ്. ആദത്തിൻെറയും

ALLEPPEY ... LIBRARY

ഹവ്വായുടെയും ജീവിതത്തിലേ ഏററം പ്രമുഖമായ ഒരു സംഭവത്തെ— ആദിമാതാപിതാക്കൾക്കും അവരുടെ സന്താനപരമ്പരക്കും ഭയങ്കരഫലങ്ങളെ വരുത്തിവച്ച ഒരു സംഭവത്തെ— കുറിച്ച് അറിവു തരുന്നതിനാണ് ഈശ്വരപ്രബോധിതനായ ഗ്രന്ഥകാരൻ പ്രസ്തുത വിവരണം മൂലം ഉദ്ദേശിച്ചിട്ടുള്ളതെന്നു വി. ഗ്രന്ഥം ശ്രദ്ധാപൂർവം വായിക്കുന്ന നിഷ്പക്ഷപാതിയായ ഏവനും അനായാസേന ഗ്രഹിക്കാൻ കഴിയും. എന്നാൽ ഇവയിൽ ഏതാനും ഭാഗങ്ങൾ ചരിത്ര സംഭവത്തെ കുറിക്കുന്നവയും, മററുള്ളവ ആലങ്കാരികവർണ്ണനകളുമാണെന്നു പറയുന്ന കത്തോലിക്കരും ഇല്ലാതില്ല. ഇവരുടെ അഭിപ്രായം ഏതാണ്ടിപ്രകാരമാണ്: ദുഷ്ടാരൂപിയുടെ പ്രേരണയാൽ ദൈവപ്രമാണം ലംഘിക്കപ്പെട്ട എന്നുള്ളതിനെ സംബന്ധിച്ചിടത്തോളം അതു് ഒരു ചരിത്രസംഭവംതന്നെ. വിലക്കപ്പെട്ട കനിയെക്കുറിച്ചുള്ളതാകട്ടെ വെറും ആലങ്കാരികവും. അധഃപതനത്തെക്കുറിച്ചുള്ള അകൃത്രിമ വിവരണം ദുർബലമനസ്കരായ സാധാരണന്മാരുടെ ഇടർച്ചക്കു കാരണമായേക്കാവുന്നതുകൊണ്ട് പ്രസ്തുത സംഭവത്തെ ഒരു രൂപകമായി വർണ്ണിക്കുക യുക്തമെന്നു പവിത്രാത്മാവു നിശ്ചയിച്ചു. മാത്രമല്ല; ദൈവം തോട്ടത്തിൽ കൂടി നടന്നു എന്നതും സർപ്പം ഹവ്വായുമായി സംഭാഷിച്ചു എന്നതും, വെറും ആലങ്കാരികമായിരിപ്പാനേ തരമുള്ളു.

പണ്ഡിതന്മാരായ ഈദൃശവിമർശകന്മാർക്കുള്ള സന്ദേഹങ്ങൾ ഒന്നും തന്നെ നമുക്കില്ല. അധഃപതനത്തെ സംബന്ധിച്ച വിവരണം മുഴുവൻ ഒരു യഥാർത്ഥ ചരിത്രസംഭവത്തെ കുറിക്കുന്നുവെന്നാണ് നമ്മുടെ പൂർണ്ണമായ വിശ്വാസം. പുതിയ നിയമത്തിൽ നാം വായിക്കുന്നതുപോലെ പരിശുദ്ധാരൂപി പ്രാവിൻെറ രൂപത്തിലും തീനാക്കുകളുടെ ആകൃതി

യിലും സ്വയം പ്രത്യക്ഷനായെങ്കിൽ ദൈവത്തിന് എന്തു കൊണ്ടു മനുഷ്യരൂപത്തിൽ ദൃശ്യനായിക്കൂടാ? ഹവ്വായ്ക്കു സർപ്പം വഴിയായി നേരിട്ട പരീക്ഷ ക്രിസ്തുവിനു സാത്താനിൽനിന്നുണ്ടായ പ്രലോഭനത്തോട് ഉപമിച്ചു നോക്കുമ്പോൾ ഒട്ടും വിസ്മയകരമായി തോന്നുകയില്ല. ആദിമാതാപിതാക്കൾക്കുണ്ടായ പ്രലോഭനത്തിൽ ഏററവും ശ്രദ്ധേയമായിരിക്കുന്നതു പരീക്ഷിക്കുന്നവൻെറ കൗടില്യവും വഞ്ചനയുമാണ്. എന്തുകൊണ്ടെന്നാൽ അവൻ പുരുഷനോടു സംഭാഷണം ചെയ്യുന്നില്ല. പ്രത്യുത, സ്ത്രീയോടാണു സംസാരിക്കുന്നത്. സ്ത്രീയോ, പ്രകൃത്യാതന്നെ ദുർബലയും ഭീരുവും വൃഥാഭിമാനത്തിനു കൂടുതൽ അധീനയുമാകയാൽ അവൻെറ പ്രലോഭനങ്ങൾക്കു സമ്മതം നൽകുക എളുപ്പമാണല്ലോ. മാത്രമല്ല, വഞ്ചനയെ മറച്ചുവച്ചുകൊണ്ടു നിരുപദ്രവിയെന്നഭാവത്തിൽ സൗമ്യമായും, ശാന്തമായും അവൻ തന്ത്രങ്ങൾ പ്രയോഗിക്കുന്നു. നേരെ പാപത്തിലേയ്ക്കു അവൻ അവളെ ആകർഷിക്കുന്നില്ല. അപ്രകാരം ചെയ്യുന്നതു ഭയകാരണമാകുമെന്നും തന്മൂലം, തൻെറ ശ്രമങ്ങൾ വിഫലമാകുമെന്നും അവന്ന് അറിയാമായിരുന്നു. ജീവിത ദശയിൽ വല്ലപ്പോഴെങ്കിലും ഒരു വഞ്ചകനെ— മനുഷ്യരൂപധാരിയായ ഒരു സർപ്പത്തെ— കണ്ടുമുട്ടിയിട്ടില്ലാത്തവർ ചുരുക്കമായിരിക്കും. അവൻ വഞ്ചനയുടെയും അസത്യത്തിൻെറയും അവതാരമൂർത്തിയാണ്. അവൻെറ മുഖം, നയനങ്ങൾ, സ്വരം, ആംഗ്യം എന്നുവേണ്ട സമസ്തവും വ്യാജമയംതന്നെ. ഉദ്ദേശ്യസാദ്ധ്യത്തിനായി കാലാനുസൃതം ഏതു കടുംകൈ പ്രവൎത്തിക്കുന്നതിനും എത്ര നീചമായ ദാസ്യവൃത്തി സ്വീകരിക്കുന്നതിനും അവന്ന് ഒരു മടിയുമില്ല. സർപ്പം സ്ത്രീയോടുപറഞ്ഞു: "തോട്ടത്തിലേ എല്ലാ വൃക്ഷങ്ങളിൽനിന്നും നിങ്ങൾ ഭക്ഷിക്കരുതെന്നു ദൈവം സാക്ഷാൽ കല്പിച്ചിട്ടുണ്ടോ?" (സൃഷ്ടി ൩. ൧.) കേവലം നിർദ്ദോ

ഷമെന്നു് ആർക്കും തോന്നാവുന്ന ഒരു ചോദ്യം മാത്രമാണു് അവൻ ഇവിടെ ചെയ്യുന്നതു്. ഹവ്വാ സ്വന്തസ്ഥിതിയെ നിഷ്കപടമായും ആപച്ഛങ്കകൂടാതെയും അവനെ അറിയിക്കയും ദൈവത്തിൻെറ നിരോധാജ്ഞയെപ്പററി പ്രസ്താവിക്കയും ചെയ്യുന്നു. ആജ്ഞാലംഘനം പക്ഷെ തങ്ങൾക്കു മരണഹേതുകമായേക്കുമെന്നും അവൾ അവനെ ധരിപ്പിക്കുന്നു. കാൎയ്യനിവൃത്തി വരുത്തുവാനുള്ള സമയം ആസന്നമായിരിക്കുന്നുവെന്നു മനസ്സിലാക്കി, സാത്താൻ ദൈവത്തിൻെറ നിരോധാജ്ഞ മിഥ്യയാണെന്നു സധൈൎയ്യം ഉദ്ഘോഷിക്കുന്നു. അവൻ പറഞ്ഞു: "ഒരിക്കലുമില്ല; നിശ്ചയമായും നിങ്ങൾ മരിക്കയില്ല." (സൃഷ്ടി ൩. ൪.) പാവനവും നിഷ്കന്മഷവും പരമാൎത്ഥവും സന്ദേഹരഹിതവുമായ ഒരാത്മാവിൽ, ധൃഷ്ടവും സ്ഥിരവും ദൃഢവുമായ ഒരു പ്രസ്താവം ഉളവാക്കുന്ന ഫലം ഏറെക്കുറെ ഊഹ്യമാണു്. അതും നിർവ്യാജമനോഹരവും, ഒരിക്കലും വഞ്ചിക്കപ്പെട്ടിട്ടില്ലാത്തതും, അന്യരിൽ വഞ്ചന ഒട്ടും സംശയിക്കാത്തതുമായ ഒരു സുകുമാരാത്മാവിലായാലത്തെ കഥ പിന്നെ പറയേണമോ? പ്രത്യുത്തരം പ്രതീക്ഷിച്ചു നില്ക്കയാകട്ടെ, ഹവ്വായ്ക്കു നിമിഷനേരത്തെ വിചിന്തനത്തിനു് അവസരം നൽകയാകട്ടെ സർപ്പം ചെയ്യുന്നില്ല. ഈ അവസരം കാൎയ്യസിദ്ധിക്കു പരിച്ഛേദം പൎയ്യാപ്തമെന്നു കണ്ടിട്ടു് അവൻ ഇവ്വിധം തുടരുന്നു: 'നിങ്ങൾ അതിൽനിന്നു ഭക്ഷിക്കുന്ന ദിവസം നിങ്ങളുടെ കണ്ണുകൾ തുറക്കപ്പെടുമെന്നും നന്മയും തിന്മയും അറിയുന്നവരായി നിങ്ങൾ ദേവന്മാരെപ്പോലെയാകുമെന്നും ദൈവം അറിയുന്നു.' (സൃഷ്ടി ൩. ൫.) അനന്തരം അവൻ മറുപടിക്കു കാത്തു നില്ക്കയായി. മുഖസ്തുതിയുടെയും അഹങ്കാരത്തിൻെറയും ശക്തി അവനു നല്ലതിന്മണ്ണം അറിയാം. നോക്കുക, എത്ര ഭീമമായ അസത്യം! "നിങ്ങൾ ദേവന്മാരെപ്പോലെയാകും." ഈ അസത്യോക്തി രണ്ടു

വായ്ത്തലയുള്ള വാൾപോലെ മനുഷ്യവംശത്തിൻെറ നഷ്ട ഭാഗ്യയായ ആ മാതാവിൻെറ ഹൃദയത്തെ ഭേദിക്കുന്നു. അവളുടെ സൗഭാഗ്യം അസ്തമിക്കാറായി. അഗാധത്തിൻെറ വക്കത്ത് അവൾ എത്തിക്കഴിഞ്ഞു; ഒരു നിമിഷംകൂടെ. അവൾ അധഃപതിക്കും. നിസൎഗ്ഗസുന്ദരമായ അവളുടെ ആത്മാവനു ദൈവപ്രസാദവരമാകുന്ന ജീവൻ ഇപ്പോൾ നഷ്ടമാകും.

സൎപ്പത്തിൻെറ വാക്കുകൾ ഹവ്വായുടെ ആത്മാവിൽ അഹങ്കാരം അങ്കുരിപ്പിച്ചു. വൃക്ഷത്തെ അവൾ ഒന്നുകൂടിനോക്കി. അതിൻെറ ഫലം 'കണ്ണുകൾക്കു ഇമ്പമുള്ളതെന്നും, കാണുവാൻ ഭംഗിയുള്ളതെന്നും' (സൃഷ്ടി ൩, ൬) അവൾ മനസ്സിലാക്കി. അവൾ പഴം പറിച്ചു ഭക്ഷിക്കുന്നു. ചിന്താമഗ്നയായി അല്പനേരം നില്ക്കുന്നു. ദൃശ്യമായി യാതൊരു മാററവും അവളിൽ വന്നിട്ടില്ല. മരണം സംഭവിച്ചില്ല. അവൾ ചുററും നോക്കുന്നു. ഭൂമി വാപിളൎന്ന് അവളെ വിഴുങ്ങുന്നില്ല. സൂൎയ്യൻ മുമ്പേപ്പോലെതന്നെ പ്രകാശിക്കുന്നുണ്ട്. പക്ഷിമൃഗാദികളുടെ മധുരഗാനങ്ങൾ ഇപ്പോഴും കേൾക്കപ്പെടുന്നു. വൃക്ഷലതാദികൾ യാതൊരു വാട്ടവും കോട്ടവും കൂടാതെതന്നെ മന്ദമാരുതനിൽ കളിയാടുന്നു. സുരഭിലകുസുമങ്ങൾ പരിസരങ്ങളെ ആനന്ദപ്രദമാക്കിച്ചെയ്യുന്നു. ഹവ്വാ കനി ആദത്തിനു കൊടുക്കുന്നു. അവനും അതു വാങ്ങി ഭക്ഷിക്കുന്നു. കഷ്ടം! മനുഷ്യവൎഗ്ഗം ഇതാ അധഃപതിച്ചു കഴിഞ്ഞു. മനുഷ്യശത്രുവിൻെറ ദുരുദ്ദേശ്യം സഫലവുമായി. അവന് ഇനി പിന്തിരിയാം. ഇന്നും എന്നും നിലനില്ക്കുന്നതും ഭയാനകങ്ങളായ ഫലങ്ങളെ പുറപ്പെടുവിക്കുന്നതുമായ ഒരു മഹാ വിജയം അവൻ നേടിക്കഴിഞ്ഞിരിക്കുന്നു. ഇതിൽനിന്നു് ആദത്തിൻെറ പതനം ഹവ്വാമൂലം സംഭവിച്ചുവെന്നു സ്പഷ്ടമാണല്ലോ. സ്ത്രീയെ വഴി പിഴപ്പിക്കുവാൻ കഴിയുമെങ്കിൽ പുരുഷനെ നശിപ്പിക്കുക സുസാധമെന്നു പിശാചു

നന്നായി ഗ്രഹിച്ചിരുന്നു. വാസ്തവത്തിൽ അവൻ ആദത്തെ പരീക്ഷിക്കുവാൻ പ്രത്യക്ഷപ്പെട്ടന്നുമില്ല. ആ നശികരണ പ്രവൃത്തിക്കു ഹവ്വായെയാണു് അവൻ നിയോഗിക്കുന്നതു്. അതുകൊണ്ടാണു് 'പാപാരംഭം സ്ത്രീയിൽ നിന്നു വന്നു; അവൾമൂലം നാം എവരും മരിക്കുന്നു' (പ്രാസം. ൨൫. ൩൩) എന്നു വി. ഗ്രന്ഥം പറയുന്നതു്.

## IV. അധഃപതനത്തിൻെറ ഫലങ്ങൾ.

ഇനി അധഃപതനം വരുത്തിക്കൂട്ടിയ ഫലങ്ങളേക്കുറിച്ച് ആലോചിക്കാം. ഈ അധഃപതനം നമ്മുടെ ആദിമാതാപിതാക്കന്മാക്കെന്നല്ല, മനുഷ്യവഗ്ഗത്തിന്നാകമാനം അനേകം ദുരദൃഷ്ടങ്ങൾക്കു കാരണമായി. ദൈവകല്പനയെ ലംഘിച്ച ആ മാത്രയിൽതന്നെ ആദത്തിനും ഹവ്വായ്ക്കും അവരുടെ അധികാരാവകാശങ്ങൾ നഷ്ടപ്പെട്ടു. കുറെ മാത്രകൾക്കുമുമ്പ് എത്രയും മനോഹരമായിരുന്ന അവരുടെ ആത്മാവുകൾ ഇപ്പോൾ നിശ്ശേഷം വിരൂപമായിത്തീന്നു. വരപ്രസാദമാകുന്ന നിമ്മലവസ്ത്രം മലിനമാകയും ദൈവപുത്രപദം അവക്കു നഷ്ടിഭവിക്കുകയും ചെയ്തു. അജ്ഞതയ്ക്കും ആശങ്കകൾക്കും അവരുടെ ബോധം വിധേയമായി. ഹൃദയം, കാമക്രോധാദി വികാരങ്ങളുടെയും വിഷാദനൈരാശ്യങ്ങളുടെയും ആസ്ഥാനമായിത്തീന്നു. അവർ എടുക്കപ്പെട്ടതായ ആ മണ്ണിലേയ്ക്കു തന്നെ വീണ്ടും ചേരുന്നതുവരെ അവരുടെ അഹർവൃത്തി നെററിയിലെ വിയപ്പിനാൽ സാധിക്കേണ്ടതായിവന്നു. കാരണം അവർ പൊടിയത്രെ. അവർ പൊടിയിലേയ്ക്കു തന്നെ പിന്തിരിയെണം. അവർ എത്ര യൗവനയുക്തർ! എത്ര ഊജ്ജസ്വലർ! എന്നിരിക്കിലും ഇപ്പോൾ മരിക്കെണം. ഹ! അവർ മരിക്കതന്നെ വേണം. ഇതിൻെറ അത്ഥമെന്തായിരിക്കും! കാർമേഘപടലങ്ങൾ ആകാശം മുഴുവൻ വ്യാപിക്കുന്നു.

മിന്നൽ പിണരുകൾ അന്തരീക്ഷത്തെ പിളൎന്നു പായുന്നു. ഭയാനകമായി അവരുടെ തലയ്ക്കുമീതെ ഇടിനാദം മുഴങ്ങുന്നു. ഇടിത്തീയേററു് ഒരു ചെറു പക്ഷി ചത്തു താഴെ വീഴുന്നു. ഹ! അതു് അല്പം മുമ്പുവരെ കൎണ്ണപീയൂഷമായ ആനന്ദഗാനങ്ങൾ ആലപിച്ചു കൊണ്ടിരുന്നു. ഇപ്പോളാകട്ടെ നിൎജ്ജീവവും വികൃതവുമായി പരിണമിച്ചിരിക്കുന്നു. ഇതായിരിക്കുമോ മരണം? പ്രകൃതിയുടെ പ്രക്ഷോഭത്താൽ പരിഭ്രാന്തചിത്തരായ അവർ ഒരു വള്ളിക്കുടിലിനെ അഭയം പ്രാപിച്ചിരിക്കുമ്പോൾ ഇലകൾ പൊഴിഞ്ഞു വീഴുന്നതും ഭംഗിയുള്ള പൂക്കൾ വാടിത്തളൎന്നു നിറം പകൎന്നു നിലം പതിക്കുന്നതും കാണുന്നു. ഇതായിരിക്കുമോ മരണം? സിംഹരാജൻെറ ഘോര ഗൎജ്ജനവും, അവൻെറ പിടിയിൽ പെട്ട ആട്ടിൻ കുട്ടിയുടെ ദീനസ്വരവും അവൎക്കു കേൾക്കുമാറായി. രക്തം ഒലിക്കുന്ന കുഞ്ഞാടിൻെറ ശരീരം അവരുടെ ദൃഷ്ടിയിൽ പെടുന്നു. അവർ പരസ്പരം ചോദിക്കുന്നു: 'ഇതായിരിക്കുമോ മരണം'? എന്നാൽ കുറേക്കാലം കഴിഞ്ഞു് കായെൻ ആബേലിനെ വധിച്ചപ്പോൾ മരണമെന്തന്നു പൂൎണ്ണമായും അവർ അറിഞ്ഞു.

ദൈവം ആദത്തെ മനുഷ്യകുലത്തിൻെറ തലയും പ്രതിനിധിയുമായി നിശ്ചയിച്ചിരുന്നതിനാൽ ആദിപാപത്തിൻെറ ഫലങ്ങൾ മനുഷ്യകുലത്തെ ഒട്ടാകെ ബാധിക്കേണ്ടതു് ആവശ്യമായിരുന്നു. എന്തുകൊണ്ടെന്നാൽ പ്രതിനിധിയുടെ പ്രവൃത്തിക്കു അയാൾ മാത്രമല്ല അയാൾ ആരുടെ പ്രാതിനിദ്ധ്യം വഹിക്കുന്നുവോ അവരെല്ലാവരും ഉത്തരവാദികളായിരിക്കുന്നതാണ്. തൻമൂലം ആദത്തിൻെറ അഭീഷ്ടം ഏതോ, അതു നന്മയ്ക്കായാലും തിന്മയ്ക്കായാലും അവശ്യം അയാളുടെ സന്താനങ്ങളുടേതും ആകേണ്ടിയിരുന്നു. മനുഷ്യ വംശത്തിൻെറ തല ഹവ്വായായിരുന്നില്ല. ഇക്കാരണത്താൽ ഹവ്വാ മാത്ര

മേ നിയമലംഘനം ചെയ്തിരുന്നുള്ളുവെങ്കിൽ നമുക്ക് ഒരു നഷ്ടവും സഹിക്കേണ്ടി വരികയില്ലായിരുന്നു. മറിച്ച് ആദം മാത്രമേ പാപം ചെയ്തുള്ളുവെങ്കിൽ തന്നെയും നാം അയാളോടു കൂടെ ഒന്നായി നശിക്കുമായിരുന്നു. അന്യാദൃശമായ ഈ അവകാശബന്ധം വിസ്മയാവഹമായി തോന്നിയാലും അതു ന്യായരഹിതമെന്ന് അനുമിച്ചുകൂടാ. എന്തുകൊണ്ടെന്നാൽ പിന്തുടച്ചാവകാശം, മനുഷ്യരുടെ ഇടയിൽ സാധാരണ നടപ്പാണ്. മക്കൾ മാതാപിതാക്കളുടെ നല്ലതോ തീയതോ ആയ ഗുണവിശേഷങ്ങൾക്കു ഭാഗഭാക്കുകളായിത്തീരുന്നു. ആകൃതിയും പ്രകൃതിയും, ബഹുമാനവും അവമാനവും, സൽകീത്തിയും ദുഷ്കീത്തിയും, ബുദ്ധിസാമത്ഥ്യവും സ്വഭാവവാസനയുമെല്ലാം മാതാപിതാക്കളിൽ നിന്നാണു സന്താനങ്ങൾക്കു ലഭിക്കുന്നതു്. ഇതു ഹേതുവായി ദൈവത്തിന്റെ നീതിയേയും നന്മയേയും ആരാണു പഴിക്കുക. ഈ പിതൃപുത്രബന്ധം സുദൃഢവും തൽ ഫലങ്ങൾ പലപ്പോഴും ദുസ്സഹങ്ങളുമാകുന്നു. കുലീനനും, കുബേരനും ബഹു മാന്യനുമായ ഒരു പിതാവു് തന്റെ സ്ഥാനമാനങ്ങളും, സമ്പൽസമൃദ്ധിയും കീത്തിധാവളിവും സന്താനങ്ങൾക്കു പ്രദാനം ചെയ്യുന്നു. കുലഹീനനും നിർധനനും നിന്ദിതനും ആയ പിതാവിന്റെ അപകഷ്വം ദാരിദ്ര്യവും ദുഷ്കീത്തിയും പുത്രൻ സഹിക്കേണ്ടിവരുന്നു. നമ്മുടെ ബുദ്ധിക്കോ യുക്തിക്കോ ഇതു് അസംഗതമായി തോന്നുന്നില്ല; പ്രത്യുത, ന്യായപൂവ്വവും പക്ഷപാതരഹിതവുമായി പ്രത്യക്ഷപ്പെടുന്നു. എന്നാൽ ഏതാദൃശ നിയമമനുസരിച്ചു ദൈവം നമ്മുടെ അതിസ്വാഭാവിക കാര്യങ്ങളിൽ പ്രവത്തിക്കയും സ്വമേധയാ നമ്മുടെ മേൽ വഷിച്ച ഇഷ്ടദാനങ്ങളെ എടുത്തുകളകയും ചെയ്യുമ്പോൾ നാം അദ്ദേഹത്തിന്നെതിരായി നിലകൊള്ളുകയും, ധമ്മശാസ്ത്ര

നിയമങ്ങൾക്കു വിരുദ്ധമായി അവിടുന്നു പ്രവർത്തിക്കുന്നുവെന്നു ശഠിക്കയും ചെയ്യുന്നു. യഥാർത്ഥത്തിൽ, ഹൈതുകന്മാരുടെ ഈ ശാഠ്യം വെറും നിരർത്ഥകം തന്നെ.

നമ്മുടെ ആദിമാതാപിതാക്കൾക്കു് ഇങ്ങനെ ഒരു കല്പന എന്തിനു കൊടുത്തു എന്നു ജല്പിക്കുന്ന ദിവാസ്വപ്നക്കാരും വാചാലന്മാരും ഇന്നുമുണ്ടു്. ഇപ്രകാരം ഒരു കല്പന നൽകിയതു് അവരുടെമേൽ ദൈവത്തിനുള്ള ആധിപത്യത്തെ പ്രകാശിപ്പിക്കുവാനും, അവർ സ്വയംജീവികളല്ലെന്നും, പ്രത്യുത, അവരുടെ കർത്താവും ഗുരുവും താനാണെന്നും, അവർ നിയമാധീനരായ സൃഷ്ടികളാണെന്നും മററും പാഠം നൽകുവാൻ വേണ്ടിയായിരുന്നു. അതുമൂലം അവരുടെ അനുസരണയെ പരീക്ഷിക്കണമെന്നും വിജയമകുടം അവർ നേടണമെന്നുംകൂടെ ദൈവം നിശ്ചയിച്ചിരുന്നു. നിസ്സാര സംഗതിയെ സംബന്ധിച്ച മാത്രമായിരുന്നു ശാസനമെങ്കിലും ലംഘനം അഹങ്കാരത്തോടും ധൃഷ്ടതയോടും കൂടിയതായിരുന്നതിനാൽ കുററം വലിയതുതന്നെയായിരുന്നു. അവഹേളനവും കൃതഘ്നതയും അധികാരവിദ്വേഷവും ആണു് ഈ ലംഘനത്തിൽ പ്രത്യക്ഷമാകുന്നതു്. മാത്രമല്ല, അതു് ആത്മഹത്യയും നരഹത്യയും കൂടെയായിരുന്നു. എന്തുകൊണ്ടെന്നാൽ അവരുടെ അനുസരണമില്ലായ്മ അവർക്കെന്നല്ല അവരുടെ സന്താന പരമ്പരയ്ക്കും മരണഹേതുകവും നാശകാരണവുമാകുമെന്നു് അവർ ഗ്രഹിച്ചിരുന്നു.

## V. അധഃപതനത്തിൻെറ ലക്ഷ്യങ്ങൾ.

മനുഷ്യൻ അധഃപതിച്ച ഒരു ജീവിയാണെന്നു വ്യക്തമായി. അവൻ സ്ഥാനഭ്രഷ്ടനായ ഒരു രാജാവാണു്. അവൻെറ പതനത്തെപ്പററിയുള്ള ബോധം സകല ജാതികളുടെയിടയിലും ഉണ്ടായിരുന്നു. ജന്മപാപത്തെ നിഷേധിക്കുന്നപക്ഷം

നമ്മുടെ ഇപ്പോഴത്തെ ദുരവസ്ഥയ്ക്കു സമാധാനം നൽകുക സാദ്ധ്യമല്ല; ക്രിസ്തീയവിശ്വാസം അതോടെ ഒരു കല്പിതകഥയായും പരിണമിക്കും. അതിഭയാനകമായ ആദ്യപാപത്തിനുള്ള തെളിവുകൾ ബഹുലവും സ്പഷ്ടവുമാകയാൽ അവ ഏതൊരു വിശ്വാസിയുടെയും മനസ്സിനെ ബലാദകർഷിക്കതന്നെ ചെയ്യും. ഈ തെളിവുകളെ നമുക്കൊന്നു പരിശോധിക്കാം.

## ൧. തിന്മയിലേയ്ക്കുള്ള മനുഷ്യന്റെ ചാച്ചിൽ.

യവനന്മാരുടെ 'ഹിപ്പൊളിററസ്' എന്ന ശോകപര്യവസായി നാടകത്തിൽ തെസെയൂസിന്റെ പത്നിയായ ഫേദ്രാ പറയുന്നു: "മനുഷ്യ കുലത്തിന്റെ ദുർഗ്ഗുണങ്ങൾക്കും ബലഹീനതകൾക്കും കാരണമെന്തെന്നു നിദ്രയില്ലാത്ത ദീർഘരാത്രികളിൽ ഞാൻ പലപ്പോഴും ചിന്തിച്ചിട്ടുണ്ട്. നന്മയായുള്ളതു കാണുന്നെങ്കിലും തിന്മയായുള്ളതാണ് നാം പ്രവർത്തിക്കുന്നതു്. ധർമ്മത്തെപ്പററി നമുക്കു ബോധമുണ്ട്. പക്ഷെ അധർമ്മത്തിനു നാം വിധേയരായിപ്പോകുന്നു. ജീവിതമാകുന്ന നദി, മണൽത്തിട്ടകളും പാറക്കെട്ടുകളും കൊണ്ടു നിറഞ്ഞിരിക്കുന്നു. ശക്തിമത്തായ ഒരു പ്രവാഹം നമ്മെ അവയിലേയ്ക്കു അടിച്ചൊഴുക്കിക്കൊണ്ടു പോകുന്നു." (എവുരിപ്പിദെസ്, ഹിപ്പൊളിററസ്. അങ്കം ൨, രംഗം ൨)

പ്രസ്തുത നാടകമെഴുതി അഞ്ഞൂറുകൊല്ലം കഴിയുന്നതിനുമുമ്പ് വി. പൗലോസ് റോമാക്കാർക്ക് ഇങ്ങനെ എഴുതുന്നു: "നന്മചെയ്യാൻ എനിക്ക് ആഗ്രഹമുള്ളപ്പോൾ തിന്മ എന്നെ സമീപിച്ചിരിക്കുന്നു എന്ന ഒരു നിയമം ഞാൻ കാണുന്നു... ഞാൻ ദുർഭഗനായ മനുഷ്യൻ. ഈ മരണവാഹിയായ ശരീരത്തിൽനിന്ന് ആർ എന്നെ സ്വതന്ത്രനാക്കും?" (റോമ. ൭, ൨൧-൨൪) പാപനിയമത്തെ നിഷേധി

ച്ചുകൂടാ. നാം എല്ലാവരും പാപത്തിലേയ്ക്കു ചാഞ്ഞിരിക്കുന്നു. സുകൃതികളായി ജീവിക്കുന്നതിനു നിസ്തന്ദ്രമായ ശ്രമം ചെയ്യേണ്ടതുണ്ട്. ദുഷ്കൃതികളായിരിക്കുന്നതിനാകട്ടെ, നമ്മുടെ മനോഗതിയെ സ്വതന്ത്രമായി വിട്ടാൽ മാത്രം മതി. നമ്മുടെ പ്രകൃതി നിശ്ശേഷം വഷളായിരിക്കുന്നു. നാം രോഗികളും ദുർബലരുമാണ്. സുകൃതം ചെയ്യാനുള്ള ശക്തിപോലും നഷ്ടപ്രായമായിരിക്കുന്നു. ആദ്യ പാപത്തിനു ശേഷമുള്ള ഈ അവസ്ഥ സാമാന്യനിയമത്തിനു ഒരു അപവാദമാണ്. എല്ലാ ജീവികളും താന്താങ്ങളുടെ അന്ത്യത്തിലേയ്ക്കുള്ള വഴിയിലൂടെ വ്യതിയാനമെന്യെ പുരോഗമനം ചെയ്യുമ്പോൾ, സൃഷ്ടികളുടെ രാജാവെന്നു സങ്കല്പിക്കാവുന്ന മനുഷ്യൻ മാത്രം സ്വപഥത്തിൽ നിന്നു തെററിപ്പോകുന്നു. മനുഷ്യൻെറ ക്രമവിരുദ്ധമായ ഈ ഗതികൾക്കുള്ള കാരണമെന്തായിരിക്കാം? മതവിദ്വേഷിയായ റൂസോ പറയുന്നതു, നാം ധർമ്മികളായി ജനിക്കയും സാഹചര്യങ്ങൾ മൂലം അധർമ്മികളായിത്തീരുകയും ചെയ്യുന്നു എന്നാണ്. ഇന്നു് ഇതു സമ്മതിക്കാമായിരുന്നെങ്കിൽ വിഷമം കുറയുമായിരുന്നു. എന്നാൽ വാസ്തവം അങ്ങനെയല്ല. നാം അധർമ്മികളാണ് ജനനനാൽതന്നെ. കണ്ടതൊക്കെ തട്ടിത്തകർക്കുന്നതിനും നിരുപദ്രവികളായ ജന്തുക്കളെ പീഡിപ്പിക്കുന്നതിനും കുട്ടികൾക്കുള്ള ഉത്സാഹം നോക്കുക. സ്വഭാവവാസനകളെ നിയന്ത്രിക്കുന്നെങ്കിൽ മാത്രമേ നന്മ വല്ലതും ചെയ്യാൻ നമുക്കു സാധിക്കുന്നുള്ളൂ. ഈ സ്ഥിതി വളരെ പരിതാപകരവും നമുക്ക് ഏററം അവമാനഹേതുകവുമാണ് എന്നു സമ്മതിക്കാതെ നിവൃത്തിയില്ല. 'ദൈവപുരി' (City of God) എന്ന ഗ്രന്ഥത്തിൽ വി. അഗുസ്തീനോസ് ഈ വിഷയത്തെ അധികരിച്ച് ഏററം ഹൃദ്യമായി പ്രസ്താവിച്ചിട്ടുണ്ട്. "നാം എത്ര കണ്ടു അജ്ഞരായിട്ടാണു ജനിക്കുന്നതെന്നും ശിശുപ്രായത്തിനു ശേഷം എത്ര ദുഷ്ട

മായ വികാരങ്ങളാണു നമ്മിൽ അങ്കുരിക്കുന്നതെന്നും അറിയാത്തതാരാണ്? യഥേഷ്ടം വിഹരിക്കുന്നതിന്നു ഒരു കുട്ടിയെ വിട്ടേയ്ക്കുന്നതായാൽ ഈ ദുർവികാരങ്ങൾ ശക്തിപ്രാപിക്കയും അകൃത്യം പ്രവൎത്തിക്കുന്നതിന്നുള്ള അവന്റെ വാസന പ്രത്യക്ഷപ്പെടുകയും ചെയ്യുന്നു. പ്രമാണവും ശിക്ഷണവും ഈ അസ്ഥതയെ ബഹിഷ്കരിച്ച് നമ്മിലുള്ള അധമങ്ങളായ ആഗ്രഹങ്ങളെ നിയന്ത്രിക്കുന്നതു ഭാഗ്യമെന്നേ പറയേണ്ടു. എന്നാൽ ഇതത്ര എളുപ്പമല്ല. മദനാവ്യഥയും ഉൽകണ്ഠയും ഒട്ടുവളരെ സഹിക്കേണ്ടതുണ്ട്. എത്രമാത്രം ഭയപ്പെടുത്തിയാലാണു കുട്ടികൾ കൃത്യബോധമുള്ളവരായിത്തീരുക. ഗുരുക്കന്മാരും ഉപദേഷ്ടാക്കളും എത്രയെത്ര! ഏതെല്ലാം തരം ദണ്ഡനോപകരണങ്ങൾ! ഇവയെല്ലാം എന്തിന്? സ്നേഹഭാജനങ്ങളായ കുഞ്ഞുമക്കൾ തോന്നിയവാസികളും ദുർവൃത്തരുമായിത്തീരാതിരിക്കുവാനല്ലയോ? നമുക്കു ജന്മനാ ലഭിച്ചിട്ടുള്ള അജ്ഞതയെ ജയിക്കുന്നതിന്നും ദുരിച്ഛയെ അമർത്തി ഭരിക്കുന്നതിന്നുമല്ലെങ്കിൽ ഇത്രയധികം ബുദ്ധിമുട്ടുകളും ബദ്ധപ്പാടുകളും എന്തിനായിട്ട്?”

ആകയാൽ മനുഷ്യൻ ദുഷ്ടപ്രകൃതിയോടുകൂടിയാണു ജനിക്കുന്നതെന്നും അവൻ സുകൃതിയായി ഭവിക്കുന്നെങ്കിൽ അതു് അവന്റെ ദുരിച്ഛകളെ അടക്കിനിറുത്തുന്നതുകൊണ്ടു മാത്രമാണെന്നും ഉള്ളതു് അനിഷേധ്യമായ ഒരു വാസ്തവമാണ്. നമ്മുടെ പ്രകൃതിയിൽ കാണുന്ന തിന്മയിലേയ്ക്കുള്ള ഈ ചാച്ചിലിന്നു കാരണം എന്തായിരിക്കാം? ദൈവം നമ്മുടെ സ്രഷ്ടാവാകയാൽ നമ്മുടെ പ്രകൃതിയുടെ കൎത്താവും അവിടുന്നു തന്നെ. ഇക്കാരണംകൊണ്ടു് മനുഷ്യപ്രകൃതിയിൽ കാണുന്ന ദുഷ്ടതയ്ക്കും ഹേതു ദൈവം തന്നെയായിരിക്കുമോ? അങ്ങനെ ആവാൻ തരമില്ല. എന്തുകൊണ്ടെന്നാൽ അധർമ്മത്തിന്നു ദൈവം ഒരിക്കലും ഹേതുവല്ല. ഇന്നുവരെയുള്ള മനുഷ്യ

അല്ലാവരും ഇപ്രകാരമുള്ള ഒരു ദുഷ്ടപ്രകൃതിയോടുകൂടിയാണു ജനിച്ചിട്ടുള്ളതെന്നതിനു ലോകചരിത്രംതന്നെ മതിയായ തെളിവാണ്. പിൽകാലങ്ങളിലൂടെ പുറകോട്ടുപോകുന്നതായാൽ ആദംവരെയുള്ള ഏതൊരുവനിലും ഈ സ്വഭാവവൈകല്യം ഉണ്ടായിരുന്നതായി കാണാം. എന്നാൽ ഇനി ആദത്തിൻെറ കഥയോ? ദൈവകരങ്ങളിൽനിന്ന് അവൻ ഏതവസ്ഥയിലാണു രംഗപ്രവേശം ചെയ്തതു്? തിന്മയുടെ ബീജം സർവേശ്വരൻ അവൻെറ ആത്മാവിൽ നിക്ഷേപിച്ചുവോ? തിന്മയിലേയ്ക്കു ചാച്ചിലുള്ള ഒരു മനസ്സാണോ അവനു ദൈവം നൽകിയതു്? ദുരാശകളുടെ ഒരു രംഗമായിട്ടോ അവൻെറ ഹൃദയത്തെ അവിടുന്നു സൃഷ്ടിച്ചതു്? ബുദ്ധി, മനസ്സും പ്രവർത്തനശക്തികൾ ഉന്മേഷരഹിതങ്ങളും ആയിരുന്നോ? ഇങ്ങനെയെല്ലാമാണു ദൈവം അവനെ സൃഷ്ടിച്ചതെങ്കിൽ ദൈവം ദൈവമല്ലതന്നെ. ആകയാൽ മനുഷ്യൻ ഏതോ ഒരു ഉൽകൃഷ്ടമായ അവസ്ഥയിൽനിന്ന് അധഃപതിച്ചുവെന്നു സമ്മതിക്കാതെ ഗത്യന്തരമില്ല. അതെ, മനുഷ്യവർഗ്ഗത്തെ ആകമാനം ബാധിച്ച അധഃപതനം നാം സമ്മതിച്ചേ കഴിയൂ.

## ൨. നമ്മിലുള്ള വൈരുദ്ധ്യങ്ങൾ.

ജന്മപാപത്തെക്കുറിച്ചുള്ള ബോധനം ദുർഗ്രഹമത്രെ. എന്നാൽ കൂടുതൽ ദുർഗ്രഹം, ജന്മപാപം കൂടാതെ മനുഷ്യൻ എങ്ങനെ ഇത്ര പരിതാപകരമായ സ്ഥിതിയിൽ വന്നെത്തിയെന്നുള്ളതാണ്. ധർമ്മത്തിൻെറയും അധർമ്മത്തിൻെറയും, പ്രകാശത്തിൻെറയും അന്ധകാരത്തിൻെറയും, മാഹാത്മ്യത്തിൻെറയും ഹീനതയുടെയും, ശ്രേഷ്ഠതയുടെയും അധമതയുടെയും, വിനയത്തിൻെറയും അഹങ്കാരത്തിൻെറയും, സന്തോഷത്തിൻെറയും സന്താപത്തിൻെറയും, സ്നേഹ

ത്തിൻെറയും ദ്വേഷത്തിൻെറയും, വിജ്ഞാനത്തിൻെറയും, അജ്ഞതയുടെയും, പൗരുഷത്വത്തിൻെറയും ഭീരുത്വത്തിൻെറയും, ആശയുടെയും നിരാശയുടെയും ഒരു സംയോഗം നമ്മിൽ കാണുന്നു. നമ്മുടെ ശക്തികൾ ആകമാനം വികൃതമായെന്നല്ലേ ഈ വിരുദ്ധഗുണങ്ങൾ പ്രസ്പഷ്ടമാക്കുന്നതു്?

"ഐശ്വര്യം എന്തെന്നറിഞ്ഞിട്ടില്ലാത്ത ഒരു ഭിക്ഷുവല്ല മനുഷ്യൻ. കിരീടം നഷ്ടപ്പെട്ട ഒരു രാജാവാണവൻ. പൂർവമാഹാത്മ്യത്തിൻെറ സ്മരണ അവനിൽ സദാ ഉദിച്ചുകൊണ്ടിരിക്കുന്നു. ജീർണ്ണവസ്ത്രമാണു ധരിച്ചിരിക്കുന്നതെങ്കിലും കുലീനത്വം അവനിൽ ഇപ്പോഴും പ്രത്യക്ഷപ്പെടുന്നുണ്ടു്. മകുടം ഒന്നു് അവൻ ചൂടിയിരുന്നുവെന്നുള്ളതിൻെറ ലക്ഷ്യങ്ങൾ ഇന്നോളം മാഞ്ഞുപോയിട്ടുമില്ല. മാതൃഭൂമിയിൽനിന്നു നിഷ്കാസനം ചെയ്യപ്പെട്ടശേഷം സ്വരാജ്യത്തെത്തിച്ചേർന്നു സ്വാവകാശങ്ങൾ തിരിച്ചു വാങ്ങിക്കുന്നതിനു് അവസരം നോക്കി നടക്കുന്ന ഒരു പൗരപ്രധാനനെപ്പോലെ, സ്വർഗ്ഗരാജ്യഭ്രഷ്ടനായ മനുഷ്യൻ, തനിക്കു നഷ്ടമായതും, ഒരിക്കൽ പ്രാപിക്കാമെന്നു പ്രതീക്ഷിക്കുന്നതുമായ സ്ഥാനത്തിനായി ജീവകാലം മുഴുവൻ നിരന്തരം യത്നിക്കുന്നു. അരിഷ്ടതകളുടെ അഗാധത്തിൽനിന്നു, പരിശുദ്ധിയുടെയും സത്യത്തിൻെറയും നീതിയുടെയും സൗഭാഗ്യത്തിൻെറയും ആസ്ഥാനമായ പിതൃഭവനത്തെ അവൻ തീവ്രമായി കാംക്ഷിക്കുന്നു." (Nicholas, "Etudes" 1 X1 P 20) സത്യം ഗ്രഹിക്കുന്നതിനു സീമാതീതമായ ഒരു അഭിവാഞ്ഛ നമുക്കുണ്ടു്; എന്നിട്ടും നാം ഇരുട്ടിൽ തപ്പിത്തടയുകയും വഴിപിഴച്ചുപോകയും ചെയ്യുന്നു. ആകാശമണ്ഡലത്തിലേ നക്ഷത്രങ്ങളെ നാം എണ്ണിത്തിട്ടപ്പെടുത്തുന്നു; അവയുടെ സഞ്ചാരമാർഗ്ഗത്തെ അളന്നു കുറിക്കുന്നു; ഭ്രമണക്രമത്തെ മനസ്സിലാക്കുന്നു. എന്നാൽ ഒരു ചെറിയ

മണൽത്തരിയുടെ പ്രകൃതി ഗ്രഹിക്കുവാൻ നാം അശക്തരാണ്. നാം ഒന്നുകൊണ്ടും തൃപ്തിപ്പെടുന്നില്ല. ഉപരിശ്രേഷ്ഠമായ ഏതോ ഒന്നിനെ നാം സദാ ആരാഞ്ഞുകൊണ്ടേ ഇരിക്കുന്നു. ദുഷ്പ്രാപ്യമായ ഒരു സൗഭാഗ്യത്തെ നാം അഭിവാഞ്ഛിക്കുന്നു. നമ്മുടെ മനസ്സിനു തുല്യം അത്ര അസ്ഥിരവും ചഞ്ചലവുമായ മറെറാന്നില്ലതന്നെ. കാററിലുലയുന്ന ഒരു പുൽക്കൊടിപോലെയാണ് അതു്. എന്നിരുന്നാലും യാതൊന്നിനും അതിനെ തടയുവാനോ നിശ്ശേഷം ജയിക്കുവാനോ സാധ്യമല്ല. ആത്മശക്തികൾതമ്മിൽ സദാ കലഹിച്ചുകൊണ്ടിരിക്കുന്നതിനാൽ സമാധാനപരിപാലനം സുകരമല്ല. ബുദ്ധിയും മനസ്സും ഹൃദയവും വിവേചനാശക്തിയും പ്രായേണ വിഭിന്നമായി വർത്തിക്കുന്നു. നാഗരികത അഭിവൃദ്ധിപ്പെട്ടപ്പോൾ ധർമ്മചിന്ത ക്ഷയോൻമുഖമായിത്തീരുന്നു. ശാസ്ത്രങ്ങൾ പുരോഗമനം ചെയ്യുന്തോറും സങ്കല്പശക്തി അധോഗതി പ്രാപിക്കുന്നു. വികാരങ്ങൾ പ്രക്ഷുബ്ധങ്ങളാകുമ്പോൾ ബുദ്ധിക്കു മാന്ദ്യം ഭവിക്കുന്നു. കവിസങ്കല്പങ്ങൾ, അഗാധമായ ചിന്തയുടെ അഭാവത്തെയത്രെ വിശദമാക്കുന്നതു്. സുഖഭോഗങ്ങൾ, ആലസ്യവും അസംതൃപ്തിയും മാത്രമേ ഉളവാക്കുന്നുള്ളു. സഹനശക്തിയും ക്ഷമാശീലവും, സ്വഭാവദാർഢ്യത്തിനും ഹൃദയനൈർമ്മല്യത്തിനും കാരണമാകുന്നു. "അപരിജ്ഞേയനും, ചഞ്ചലബുദ്ധിയും, അത്ഭുതാവഹനുമായ മനുഷ്യൻ ഏതോ അത്യാപത്തിൽപ്പെട്ടു്, അധോഗതിപ്രാപിച്ച ഒരു ജീവിയുടെ നിലയിലാണെന്നുള്ളതു പ്രത്യക്ഷമാണ്. ഇടിഞ്ഞുവീണ ഒരു മഹാസൗധം അതിൻെറ അവശിഷ്ടങ്ങളെക്കൊണ്ടു വീണ്ടും ഒരുവിധം കെട്ടിപ്പൊക്കുന്നതായാൽ അതിൻെറ സ്ഥിതി എന്തായിരിക്കും! ചില ഭാഗങ്ങൾ വളരെ മനോഹരങ്ങളായും മററു ചിലവ നേരെ മറിച്ച് അതിവിരൂപങ്ങളായും തോന്നും. വലിയ വലിയ തൂണു

കൾ അസ്ഥാനങ്ങളിൽ നില കൊള്ളുന്നുണ്ടാവും. വളരെ ഉയർന്ന പൂമുഖങ്ങൾ ഒരിടത്ത്; പൊക്കം കുറഞ്ഞ മേൽത്തട്ടുകൾ മററൊരിടത്ത്; ചില മുറികൾ നല്ല പ്രകാശമുള്ളവ; മററു ചിലതോ അന്ധകാരമയം. ഒററവാക്കായി പറയുന്നതായാൽ എവിടെയും അവ്യവസ്ഥയേ കാണ്മാനുള്ളു. ഇപ്രകാരമുള്ള ഒരു മന്ദിരത്തിൻെറ സ്ഥിതിയാണ മനുഷ്യൻേറത്." (Genius of Christianity Part. I.) ആകയാൽ, മനുഷ്യന് ഏതോ ഒരു വലിയ വിപത്തു സംഭവിക്കയും അവൻെറ പ്രകൃതി മുറിവേൽക്കുകയും ചെയ്തുവെന്നും, അവൻെറ പ്രാഥമികാവസ്ഥ ഇപ്പോഴത്തേതിൽനിന്നു വളരെ വ്യത്യസ്തമായിരുന്നുവെന്നും അനുമാനിക്കുന്നതു യുക്തിപൂർവമായിരിക്കയില്ലയോ? "ആശ്ചര്യകരമായ ഈ അനൈകരൂപ്യം എങ്ങനെ വന്നതായിരിക്കും? ഈ സദനത്തിൻെറ വിവിധഭാഗങ്ങൾക്കു പരസ്പരസംബന്ധം ഇല്ലാത്തതിൻെറ ഹേതു എന്ത്? മഹത്തായ അടിസ്ഥാനത്തിന്മേൽ പണിതിട്ടുള്ളതും ജീർണ്ണിഭവിച്ചതുമായ ഭിത്തികൾ, പൂർവസദനത്തിൻെറ നാശത്തെയല്ലയോ വിളിച്ചറിയിക്കുന്നത്? സൂക്ഷ്മമായി ഒന്നുകൂടി അതിനെ നിരീക്ഷണം ചെയ്യാം. അതിൻെറ നിർമ്മാതാവു ദൈവമാണെന്നുള്ളതിനു നിർവിവാദമായ ലക്ഷ്യങ്ങൾ അവിടെ കാണാം. എന്നാൽ പാപം അതിൻെറ നശീകരണകൃത്യം അതിൽ നിർവഹിച്ചുവെന്ന് അതിൽ കാണുന്ന അനൈകരൂപ്യവും പ്രത്യക്ഷപ്പെടുത്തുന്നു.... ഇതോ ദൈവ സാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യൻ! ഇതോ ദൈവജ്ഞാനത്തിൻെറ വിസ്മയനീയഫലം! ഇതോ അവിടത്തെ ഉൽകൃഷ്ടമായ കൈവേല!' അതെ, ഇത് അവൻതന്നെ. അങ്ങനെയെങ്കിൽ ഈ വൈപരീത്യത്തിനു ഹേതുവെന്ത്? മനുഷ്യൻ സ്രഷ്ടാവിൻെറ വേലയിൽ സ്വേച്ഛാനുസാരം ചെയ്ത പ്രവൃ

ത്തിതന്നെ' എന്നു ജോസെഫ ആശ്ചര്യോദ്ഘോഷം ചെയ്യുന്നു.

## ൩. ജീവിതത്തിലെ ക്ലേശങ്ങൾ.

മനുഷ്യവർഗ്ഗത്തെ പീഡിപ്പിക്കുന്ന കഷ്ടാരിഷ്ടതകളെ അധികരിച്ചു ഒരു പുരാതന കവി പറയുന്നു: "ക്ഷോഭിച്ച തിരമാലകളാൽ സമുദ്രതീരത്തു് അടിച്ചു കയററപ്പെട്ട ഒരു നാവികനെപ്പോലെ ശിശു, നഗ്നനായും സംസാരശക്തിയില്ലാത്തവനായും ആലംബമററവനായും ജീവിതം ആരംഭിക്കുന്നു. അവൻ ലോകരംഗത്തു പ്രവേശിക്കുന്ന ആ മാത്രയിൽത്തന്നെ അശുഭസൂചകമായ രോദനംകൊണ്ടു പരിസരങ്ങളെ മാറെറാലിക്കൊള്ളിക്കുന്നു. ഇതു് ഒട്ടും നിരത്ഥകമല്ല. എന്തുകൊണ്ടെന്നാൽ ഈ ദുർഭഗനു വളരെയധികം വിപത്തുകളോടു പോരാടേണ്ടതായിട്ടുണ്ടു്." (Lucratius Liber V P. 223) സഹിക്കുന്നതിനും മരിക്കുന്നതിനും മാത്രമായിട്ടാണു് മനുഷ്യജന്മമെന്നു തോന്നിപ്പോകുന്നു. ഒരു മർത്ത്യന്റെ ജീവിതത്തിലുണ്ടാകുന്ന ക്ലേശങ്ങളും സങ്കടങ്ങളും എത്രയെത്ര! നമ്മുടെ ജീവിതകാലത്തിൽ നമുക്കു നേരിടുന്നതും കുഴിമാടംവരെ നമ്മെ പിന്തുടരുന്നതുമായ രോഗങ്ങളും പീഡകളും എണ്ണിത്തിട്ടപ്പെടുത്തുവാൻ ആർക്കു കഴിയും! മനുഷ്യരുടെ പ്രതിദിനാധ്വാനങ്ങളും വിഷമതകളും, ഹൃദയഭേദനങ്ങളും, അശ്രുകണങ്ങളും പ്രകൃതിക്ഷോഭങ്ങളും യുദ്ധങ്ങളും, മഹാമാരിയും ദുർഭിക്ഷവും, സന്താനനഷ്ടം സംഭവിച്ച മാതാക്കളുടെ ദയനീയ വിലാപങ്ങളും, ഭൂമിയെ ദുസ്സഹമാക്കിച്ചെയ്യുന്ന മൽപ്പിടുത്തങ്ങളും മനോഹരങ്ങളായ പുഷ്പങ്ങളെപ്പോലും ചുററിയിരിക്കുന്ന മുള്ളുകളും സുരഭിലകുസുമങ്ങൾ വഹിക്കുന്ന വിഷവും, സ്വസഹോദരന്റെ മാറിൽ കഠാരി കുത്തിയിറക്കുന്ന

തിനുകൂടി മടിക്കാത്ത മനുഷ്യന്റെ ഹൃദയകാഠിന്യവും വർണ്ണിക്കുവാൻ ആർക്കാണു സാധിക്കുക?

"അന്യോന്യം മംഗളം പറയുന്ന റോസപ്പുഷ്പങ്ങളെ ദർശിക്കുക. മൈതാനത്തിൽ സമാധാനത്തോടെ മേയുന്ന കാലിക്കൂട്ടത്തെ കാണുക. മനുഷ്യൻമാത്രം സ്വസഹോദരനോടു മത്സരിക്കുകയും അവന്റെ ദുരദൃഷ്ടങ്ങളിൽ സന്തോഷിക്കയും ചെയ്യുന്നു." (പരാവർത്തനം) ഒരു ശാപം നമ്മെ സർവത്ര അനുഗമിക്കുന്നതായും അതു നമ്മുടെ സകല സംരംഭങ്ങളെയും വിഫലമാക്കുന്നതായും തോന്നുന്നു. ഭൂലോകത്തിലേ മഹാ സ്ഥാപനങ്ങളെല്ലാം രക്തധാരയിൽ അടിയുറപ്പിച്ചിട്ടുള്ളതാണ്. ഏതൊന്നു സ്ഥിരവും ശാശ്വതവുമായിരിക്കണമോ അതിനു രക്തസാക്ഷികൾ അത്യന്താപേക്ഷിതംതന്നെ. ചരിത്രത്തിലേ പ്രധാന സംഭവങ്ങളും കാലഘട്ടങ്ങളും രക്ത പ്രവാഹത്താലാണു പോഷിപ്പിക്കപ്പെട്ടിട്ടുള്ളതു്. പരിശുദ്ധരും ഈശ്വരപ്രീതരും അധികം സഹിക്കേണ്ടിവരുന്നതാണ് ആശ്ചര്യം. ഭക്തിഹീനരുടെയും ക്രൂരന്മാരുടെയും നിർദ്ദയമർദ്ദനങ്ങൾക്ക് അവർ വിധേയരായിത്തീരുന്നു. സത്തുക്കളും എന്നാൽ ബലഹീനരുമായ മനുഷ്യർ ദുഷ്ടന്മാരുടെയും പ്രബലന്മാരുടെയും പീഡനങ്ങൾക്കു പാത്രീഭവിക്കുന്നു. ഒന്നുകൂടി ചോദിച്ചുകൊള്ളട്ടെ. ദൈവകരങ്ങളിൽ നിന്ന് ആവിർഭവിച്ചപ്പോളുണ്ടായിരുന്ന സ്ഥിതിയാണോ മനുഷ്യന് ഇപ്പോളുള്ളതു്? സൃഷ്ടിമകുടമായ മനുഷ്യനോ ഇവൻ!

മഹാകവി മിൽട്ടന്റെ "പറുദീസാനഷ്ടം" എന്ന കൃതിയിൽനിന്നു് ഹൃദയസ്പൃക്കായ ഒരുഭാഗം ഇവിടെ ഉദ്ധരിക്കാം: അധഃപതനാനന്തരം പറുദീസായിൽ നിന്നു ബഹിഷ്കൃതനായ ആദത്തെ ഒരു ദൈവദൂതൻ അടുത്ത പർവതശൃംഗത്തിലേക്കു കൂട്ടിക്കൊണ്ടുപോയി, അനന്തരകാലത്തു നര

കുലത്തിനു സംഭവിപ്പാനിരുന്ന വിപത്തുകളെ അയാൾ ക്കു കാണിച്ചുകൊടുക്കുന്നതായി കവി സങ്കല്പിക്കുന്നു. ദൈവദൂതൻ പറയുന്നു: "ആദമേ, നീ കണ്ണുതുറന്നു നോക്കുക. നിന്നിൽ നിന്നു ജനിക്കുവാനിരിക്കുന്ന ചിലരിൽ ആദ്യപാപം വരുത്തിവച്ച അനത്ഥങ്ങളെ ആദ്യമായി കാണുക. ഇവർ വിലക്കപ്പെട്ട വൃക്ഷത്തെ തൊടുകയാകട്ടെ, സർപ്പത്തോടുകൂടി ദുരാലോചന ചെയ്യുകയാകട്ടെ, നീ ചെയ്തതുപോലുള്ള പാപത്തിൽ ഉൾപ്പെടുകയാകട്ടെ ചെയ്യിട്ടില്ല. എങ്കിലും ഘോരതരമായ ദുഷ്പ്രവൃത്തികൾക്കു പ്രേരകമാകത്തക്ക മാലിന്യം ആ പാപത്തിൽ നിന്നു് ഇവർ സമ്പാദിച്ചിരിക്കുന്നു." (പരാവത്തനം) മനുഷ്യവംശത്തിൻെറ ദുഷ്കർമ്മങ്ങളെല്ലാം ഒന്നിനു പുറകെ ഒന്നായി ആദത്തിൻെറ ദൃഷ്ടിപഥത്തിൽ എത്തുപെട്ടു. അയാൾ കരഞ്ഞുകൊണ്ടു പറയുന്നു: ദൌർഭാഗ്യം നിറഞ്ഞ മനുഷ്യവർഗ്ഗമേ, നി എത്ര നീചമായ ഒരു പദത്തിലേയ്ക്കു വീണിരിക്കുന്നു; എത്ര നികൃഷ്ടമായ ഒരു നിലയിൽ നി എത്തിയിരിക്കുന്നു! ഇഹത്തിൽ ജനിക്കാതിരിക്കുന്നവൻ ഭാഗ്യവൻ. ഇവ്വിധം എടുത്തുകളയുവാനെങ്കിൽ എന്തിനു പിന്നെ ജീവൻ നൽകുന്നു? നമുക്കു ലഭിക്കുന്നതെന്തെന്നറിഞ്ഞിരുന്നെങ്കിൽ തരുന്ന ജീവനെ നാം സ്വീകരിക്കാതിരിക്കയും, അഥവാ സ്വീകരിച്ചാൽ തന്നെ അതിനെ വേഗം തിരിയെ എടുക്കുന്നതിനു യാചിക്കയും, അങ്ങനെ സ്വതന്ത്രനാകുമ്പോൾ നാം സമാശ്വസിക്കയും സന്തോഷിക്കയും ചെയ്യുമായിരുന്നു; ഒരിക്കൽ ഗുണസമ്പന്നനും, ഉൽകൃഷ്ടനും ആയി സൃഷ്ടിക്കപ്പെട്ട മനുഷ്യൻ അനന്തരം അധഃപതിച്ചുവെങ്കിലും അവനിൽ നിക്ഷിപ്തമായിരുന്ന ദൈവച്ഛായ ഇത്ര ദുസ്സഹവും നിഷ്ഠുരവുമായ പീഡകൾക്കു വിധേയമാകുകയെന്തോ?" (Book XI പരാവർത്തനം.)

ദുഃഖാവഹങ്ങളായ കാഴ്ചകൾ കാണുന്നതിനു നമുക്ക് എന്തോ അന്യാദൃശമായ ഒരു വാസന തോന്നുന്നതു വിസ്മയനീയം തന്നെ. സഹതാപവും, അനുകമ്പയും ജനിപ്പിക്കുന്ന എല്ലാററിനോടും നമുക്കു വിശേഷാൽ ഒരു പ്രതിപത്തിയുണ്ട്. കാലചക്രഭ്രമണത്തിൽ സംഭവിച്ചതായാലുംശരി, മനുഷ്യൻെറ പ്രവൃത്തിമൂലം ഉണ്ടായതായാലുംശരി, ഏതു വിനാശത്തെക്കുറിച്ചു ചിന്തിക്കുന്നതിനും നാം സന്തോഷം പ്രകടിപ്പിക്കുന്നു. ദേവാലയങ്ങളുടെ ഇടിഞ്ഞുവീണ തൂണുകൾ, പ്രാചീനപ്രാകാരങ്ങളുടെ പിളൎന്ന ഭിത്തികൾ, വെണ്ണീറാക്കപ്പെട്ട പട്ടണങ്ങളുടെ അവശിഷ്ടങ്ങൾ ഇവയെല്ലാം നമ്മുടെ ശ്രദ്ധയെ ആകൎഷിക്കുന്നില്ലേ? ശ്രദ്ധാപൂൎവ്വം ഇവയെ നോക്കി അതീതസംഭവങ്ങളുടെ ചിന്തയിൽ ലയിച്ചു നാം നിന്നുപോകുന്നു. കാവ്യം മുഴുവൻ ശുഭപൎയ്യവസായിസംഭവങ്ങളെക്കൊണ്ടു മാത്രമാണു നിറഞ്ഞിരിക്കുന്നതെങ്കിൽ അതു നമ്മെ അത്ര ആകൎഷിക്കയോ രസിപ്പിക്കയോ ചെയ്യുന്നില്ല. മറിച്ച്, പ്രതിരോധങ്ങളോടു ധീരധീരം പോരാടുന്ന നഷ്ടഭാഗ്യരായ കഥാപാത്രങ്ങൾ കൂടി ഉണ്ടെങ്കിലേ അതു രസാവഹമാകുന്നുള്ളു. ചിത്രങ്ങളിലാകട്ടെ, അരിഷ്ടതകളും സങ്കടങ്ങളും പ്രദൎശിപ്പിക്കുന്ന ഭാഗത്തു നമ്മുടെ ദൃഷ്ടി തൃഷ്ണയോടെ പതിയുന്നു. അതു് ഒരു കൊടുങ്കാററിനെയോ രണാങ്കണത്തെയോ വധസ്ഥലത്തെയോ ശ്മശാനഭൂമിയെയോ കുറിക്കുന്നതായിരിക്കാം. ഇവയ്ക്കെല്ലാം എന്തെന്നില്ലാത്ത ഒരു വശീകരണശക്തിയുണ്ട്. അവ നമ്മുടെ ഹൃദയവികാരങ്ങളെ തട്ടിയുണൎത്തുന്നു. ധീരനും, ബലിഷ്ഠനുമായ ഒരു യുവാവു് ഒരു യുദ്ധഭൂമിയുടെ ചിത്രംകണ്ടു്, അടക്കുവാൻ പാടില്ലാത്ത വികാരത്തോടുകൂടി കണ്ണീർ വാൎക്കുന്നതു ഞാൻ കാണുകയുണ്ടായി. സമുദ്രക്ഷോഭത്തിൽപ്പെട്ടു് അടിമറിയുവാൻ പോകുന്ന ഒരു യാനപാത്രം

നോക്കി നിന്നിമേഷരായി, നിശ്ചഞ്ചലരായി അന്ധാളിച്ചു നില്ക്കുന്ന മററുപലരും എന്റെ ദൃഷ്ടിയിൽ പെട്ടിട്ടുണ്ട്. ഈ ദൃശമായ കാഴ്ചകൾ നമ്മെ ഇത്ര ഇളക്കിവശാക്കുന്നതിന്റെ കാരണമെന്തു്? ഹ! അതു് അവയ്ക്കും നമ്മുടെ അധഃപതിതാവസ്ഥയ്ക്കും തമ്മിലുള്ള അടുത്ത സാമ്യംതന്നെ. 'മനുഷ്യൻ പൊടിഞ്ഞു തകരുന്ന ഒരു ഹർമ്മ്യവും മരണത്തിന്റെയും പാപത്തിന്റെയും അവശിഷ്ടവുമാണ്.' (Chateaubriand).

## ൪. സ്ത്രീയുടെ സ്ഥിതി.

ലോകചരിത്രം പരിശോധിക്കുന്നതായാൽ 'നിന്റെ ഭർത്താവിന്റെ അധീനതയിലായിരിക്കയും, അവൻ നിന്റെമേൽ ആധിപത്യം ഉണ്ടായിരിക്കയുംചെയ്യും' എന്നു് ആദ്യസ്ത്രീയോടു ദൈവം അരുളിച്ചെയ്ത ശാപവചനം അത്ഭുതാവഹമാംവണ്ണം നിറവേറിയിരിക്കുന്നതായികാണാം. പ്രാചീനകാവ്യരുടെയിടയിൽ സ്ത്രീക്കു് ഒരു അടിമയുടെ സ്ഥാനമേ ഉണ്ടായിരുന്നുള്ളു. അക്കാലത്തെ ഏററം പരിഷ്കൃതങ്ങളായ സ്പാർട്ടാ, ആതൻസ്, റോമാ ആദിയായ നഗരങ്ങളിൽപോലും അവൾ ഒരു ദാസിമാത്രമായിരുന്നു. അവൾ ഒരുനാളും പുരുഷനു തുല്യമുള്ള സഖി ആയിരുന്നില്ല. പുരുഷൻ നൽകിയ അവകാശങ്ങളേ അവൾ അനുഭവിച്ചിരുന്നുള്ളു; എന്തിനു്? അവൾക്കു് അവകാശങ്ങളേ ഉണ്ടായിരുന്നില്ല. അവൾ ഭർത്താവിന്റെയും സന്താനങ്ങളുടെയും ക്രൂരഭരണത്തിൻകീഴ് ഹീനവൃത്തി ചെയ്യേണ്ടിയിരുന്നു. നവജീവൻ നൽകുന്ന ക്രിസ്തുമതം പ്രചരിച്ചിട്ടില്ലാത്ത രാജ്യങ്ങളിൽ ഇന്നും അവൾ കേവലം മൃഗപ്രായതന്നെ. പക്ഷേ, ബുദ്ധി, മനസ്സ്, ഹൃദയം ആദിയായ പ്രകൃതിദാനങ്ങളെയും, ആത്മനൈർമ്മല്യം, സ്വഭാവവൈശിഷ്ട്യം, സദാചാരതൽപരത മുതലായ ആർജ്ജിതസൽഗുണങ്ങളെയും പരിഗണിക്കുമ്പോൾ അവൾ പുരു

ഷനു തുല്യയെന്നു മാത്രമല്ല, പലപ്പോഴും അവനേക്കാൾ ശ്രേഷ്ഠയുമാണെന്നു കാണാവുന്നതാണ്. ഇങ്ങനെയിരിക്കെ, ഇത്ര ഹീനസ്ഥിതിയിൽ അവൾ ദാസ്യവൃത്തി ചെയ്തു കഷ്ട പ്പെടേണ്ടി വന്നതെങ്ങനെ? സഹോദരി, ഭാര്യ, മാതാവ് എന്നീ നിലകളിൽ അവൾക്കു ന്യായമായി ലഭിക്കേണ്ട പ രിപാവനമായ അവകാശസ്വാതന്ത്ര്യങ്ങൾ എന്തുകൊണ്ടു വിസ്മരിക്കപ്പെടുന്നു? ഇതിനെല്ലാം പ്രാഥമികാധഃപതനമല്ലാ തെ വേറൊരു കാരണം കണ്ടുപിടിക്കുക സാധ്യമല്ല.

## ൪. ഈശ്വരഭയം.

സ്ഥലകാലഭേദമെന്ന്യേ; എല്ലാമനുഷ്യഹൃദയങ്ങളെയും സ്പർശിക്കുന്നതും, അനേക പുരുഷപരമ്പരകൾ കടന്നു പോയിട്ടും യാതൊരു വ്യതിയാനവും സംഭവിക്കാതെ സ്ഥിതി ചെയ്യുന്നതുമായ ഒന്നാണ് ഈശ്വരഭയം. ദൈവം എത്ര കൃ പാലുവും, ക്ഷമാശീലനും, ഗുണവാനുമാണ്! സ്വന്തം കുഞ്ഞി നെ കൈയിൽ എടുത്തു സ്നേഹപൂർവം താലോലിക്കുന്ന ഒരു മാതാവല്ലയോ അവിടുന്ന്! പിന്തിരിഞ്ഞുവരുന്ന ധൂർത്തനെ മാറോടു ചേർത്ത് ആശ്ലേഷിക്കുന്ന ഒരു പിതാവല്ലയോ അദ്ദേ ഹം! കവർച്ചക്കാരാൽ കഠിനമായി മുറിവേല്പിക്കപ്പെട്ട വഴി പോക്കന്റെ ജീവനെ രക്ഷിച്ച ആ നല്ല സമരിയാക്കാരനും, വഴിപിഴച്ചുപോയ ആടിനെ അന്വേഷിച്ചു കണ്ടുപിടിച്ചു പ റത്തിലേക്കു കൂട്ടിക്കൊണ്ടുവരുന്ന നല്ല ഇടയനുമല്ലയോ അദ്ദേ ഹം! വിശ്വാസവും സ്നേഹവും ഉദ്ദീപിപ്പിക്കുന്നതിനായി അ വിടുന്ന് ഒരു ശിശുവായി ജനിച്ചു. നമുക്കുവേണ്ടി കുരിശിൽ മരിച്ചു. ഈദൃശനായ ഒരു ദൈവത്തെക്കുറിച്ചുള്ള ചിന്ത മനു ഷ്യഹൃദയങ്ങളിൽ ഭയവും, സംഭ്രമവും ഉളവാക്കുന്നു! അതെ, നാം അവിടുത്തെ ഭയപ്പെടുന്നു. ഇതെത്ര വിസ്മയാവഹം! നമ്മു ടെ ആദിമാതാപിതാക്കൾ കല്പന ലംഘിച്ചശേഷം ദൈവദ

ഷ്ടിയിൽനിന്ന് ഓടി ഒളിച്ചുകളഞ്ഞു. അവരുടെ ലജ്ജയും, ഭയവും സന്താനപരമ്പരയിലും നീണ്ടുനിന്നു. ക്രിസ്തുവിനു മുമ്പുള്ള എല്ലാമതക്കാരിലും ഇതുണ്ടായിരുന്നു. അദ്യാപി നിലനില്ക്കുകയും ചെയ്യുന്നു. ക്രിസ്ത്യേതരമതങ്ങളെല്ലാംതന്നെ 'ഭീതിയുടെ മത'ങ്ങളാണെന്നുള്ളതു് ഒരു വാസ്തവമല്ലയോ? പ്രസ്തുത മഹാഭീതിയിൽനിന്നു യഹൂദർതന്നെയും സ്വതന്ത്രരായിരുന്നില്ല. തന്നിമിത്തം അവരുടെ നിയമസംഹിത 'ഭീതിയുടെ നിയമസംഹിത' എന്നു് അറിയപ്പെട്ടിരുന്നു. ദൈവത്തെപ്പററിയുള്ള ഈ ഭയം അന്യമതസ്ഥരിലുള്ളതുപോലെ അത്ര അധികമായി ക്രിസ്തുമതാനുയായികളിൽ കാണുന്നില്ല. എങ്കിലും പലപ്പോഴും ഈ ഭയം ഇവരെയും ബാധിക്കാറുണ്ടു്. മാത്രമല്ല, അതു ചിലപ്പോൾ നൈരാശ്യത്തിൽപോലും കലാശിക്കുന്നു. ആദിമമനുഷ്യൻ പാപം ചെയ്തുവെന്നും തൽഫലമായി അവനും അവൻെറ അനന്തരഗാമികളായ സകലമനുഷ്യരും ദൈവശിക്ഷയ്ക്കു് അർഹരായി സ്ഥിതിചെയ്യുന്നുവെന്നുമുള്ള ബോധമല്ലെങ്കിൽ മറെറന്താണു സാർവജനീനമായ ഈ ഭീതിക്കു കാരണം?

എന്നാൽ ഇത്രയുമോ? അല്ല; വിവിധജാതികളുടെ ചരിത്രം പരിശോധിക്കുന്നപക്ഷം ബലികൾ മൂലം ദൈവകോപത്തെ ശമിപ്പിക്കുവാനുള്ള ഒരു ആകാംക്ഷ— പാപപരിഹാരം ചെയ്യുന്നതിനുള്ള നൈസർഗ്ഗികമായ ഒരു വാസന— എല്ലാവരിലും ഉണ്ടായിരുന്നതായികാണാം. ബലികൾ സമപ്പിക്കുന്ന പതിവു സാർവത്രികമായിരുന്നുവെന്നും, അതിനെ പ്രധാനവും അവശ്യവുമായ ആരാധനാകർമ്മമായി എല്ലാകാലത്തും കരുതിപ്പോന്നുവെന്നും ഉള്ള വസ്തുത ഒരുവനും നിഷേധിക്കുവാൻ സാധിക്കുന്നതല്ല. മനുഷ്യൻ ഒരു അന്യായം പ്രവത്തിച്ചു എന്നും, അതിനു പരിഹാരം ചെയ്യേണ്ടതു്

ആവശ്യം എന്നും ഉള്ള ബോധമല്ലയോ മനുഷ്യവർഗ്ഗത്തിന്റെ ആരംഭംമുതൽ നിരന്തരം അർപ്പിക്കപ്പെട്ടുപോരുന്ന ഈ രക്തബലികൾ കാരണം?

## ൩. പാരമ്പര്യങ്ങൾ.

മനുഷ്യകുലത്തെ ആകമാനം മലിനമാക്കിയ ഒരു പാപംമൂലം 'സുവർണ്ണകാല'ത്തിന് അവസാനം വന്നുവെന്ന് പ്രാചീനദേവോല്പത്തിശാസ്ത്രങ്ങൾ അഭിന്നമായി അഭിപ്രായപ്പെടുന്നു. നമ്മുടെ നാശത്തിന്റെ കാരണകർത്താക്കളായി സർപ്പത്തേയും, സ്ത്രീയേയും ആണ് അവ ചൂണ്ടിക്കാണിക്കുന്നത്. യവനന്മാരുടെ പുരാണേതിഹാസങ്ങളിൽ വിവരിക്കപ്പെട്ടിട്ടുള്ള പന്തോറായുടെയും (Pandora) പ്രൊമെത്തേവൂസിന്റെയും (Prometheus) കഥകൾ, മനുഷ്യാധഃപതനത്തെ അധികരിച്ചു കാവ്യരുടെ ഇടയിൽ ഉണ്ടായിരുന്ന സകല പാരമ്പര്യങ്ങളുടെയും ഒരു സംക്ഷേപം തന്നെയാണ്. പന്തോറാ ഒന്നാമത്തെ സ്ത്രീയായിരുന്നു; അവളെ സൃഷ്ടിച്ച ദിവസംതന്നെ, ഹവ്വായേപ്പോലെ, അവൾ സകല സ്വാഭാവികഗുണങ്ങളാൽ സമലംകൃതയും, സമസ്ത സ്വർഗ്ഗീയ നിധികളാൽ സമ്പന്നയുമായിരുന്നു. അവളുടെ അനുസരണത്തെ പരീക്ഷിക്കുന്നതിനായി സ്രഷ്ടാവ്, തുറക്കരുതെന്നുള്ള കല്പനയോടുകൂടി ഒരു പേടകം അവളെ ഭരമേല്പിച്ചു. എന്നാൽ സ്ത്രീസഹജമായ കൗതുകം മുഖാന്തിരം അവൾ ദിവ്യാജ്ഞയെ ലംഘിച്ചു. കണ്ടാലും! മനുഷ്യകുലത്തെ കഷ്ടപ്പെടുത്തുന്ന സർവദുഃഖങ്ങളും ആപത്തുകളും അതിൽനിന്നു ബഹിർഗ്ഗമിക്കയും, ഒരു മഹാപ്രവാഹംകണക്കെ ഭൂമുഖത്തെങ്ങും വ്യാപിക്കയുംചെയ്തു. നാശകരമായ ആ പേടകത്തിന്റെ അടിത്തട്ടിൽ ദുർഭഗരായ മർത്ത്യരുടെ ഏകാലംബമായ ആശ മാത്രം അവശേഷിച്ചു. പ്രൊമെത്തേവൂസ്, ടൈററൻ-

യാപ്പിററസ്സിൻെറ പുത്രനായിരുന്നു. അയാൾ സ്വൎഗ്ഗത്തിൽ നിന്നു് അഗ്നി മോഷ്ടിക്കുകനിമിത്തം കോക്കസസ്സ് പർവത ത്തിലുള്ള ഒരു പാറയോടുചേർത്തുബന്ധിക്കപ്പെട്ടു. പകുതി സ്ത്രീയും പകുതി സർപ്പവുമായ ഒരു ഭയങ്കരസത്വത്തിൽ നിന്നു ജനിച്ച ഒരു കഴുകൻ അവിടെവച്ചു് അവൻെറ കരൾ കൊത്തിവിഴുങ്ങിക്കളഞ്ഞു. ഈ സംഭവം, മനോവേദനയാലും നൈരാശ്യത്താലും ഹൃദയം ഭേദിച്ച മനുഷ്യൻെറ അധഃപ തനത്തെ എത്ര സമ്യക്കായി സൂചിപ്പിക്കുന്നുവെന്നു നോ ക്കുക!

പേർഷ്യൻ പാരമ്പൎയ്യമനുസരിച്ചു് ആദിമാതാപിതാ ക്കളായ മെസ്ക്കിയായും മെസ്ക്കിയാനായും നിർമ്മലരും വിശുദ്ധരും ആയിരുന്നിടത്തോളംകാലം പരിപൂൎണ്ണഭാഗ്യം അനുഭവിച്ചിരുന്നു. എന്നാൽ അധർമ്മമൂൎത്തിയായ അഹ്റി മാൻെറ വഞ്ചനയ്ക്കു് അവർ വശംവദരായതോടുകൂടി ഭൂലോ കമാസകലം കഷ്ടാരിഷ്ടതകൊണ്ടും അവമാനംകൊണ്ടും നിറ ഞ്ഞു. ("Zend-Avesta," t. ii; p. 378) പേർഷ്യരുടെ അഹ്റി മാനും, ചീനരുടെ ത്കിയോ (Tchi-eou) അഥവാ മഹാ സർപ്പവും, ഈജിപ്തരുടെ തിഫോനും, യവനരുടെ പിത്തോ ണും, ഹിന്തുക്കളുടെ യമനും യഹൂദരുടെയും ക്രൈസ്തവരുടെ യും സാത്താനും വാസ്തവത്തിൽ ഒന്നുതന്നെ. പലപ്പോഴും അവനെ സർപ്പമായിട്ടാണു സങ്കല്പിക്കാറു്. മനുഷ്യൻ ആദി യിൽ നല്ലവനും, സുകൃതിയും ആയിരുന്നുവെന്നും, പ്രകൃതി മുഴുവനും അവനു കീഴ്പ്പെട്ടിരുന്നുവെന്നും ചീനരുടെ വേദഗ്ര ന്ഥങ്ങളിൽ നാം വായിക്കുന്നു. എന്നാൽ സർവേശ്വരനോ ടു് അവൻ എതിൎത്തമാത്രയിൽ പ്രപഞ്ചത്തിൽ സമാധാനം നഷ്ടപ്പെടുകയും, അധഃപതിച്ച നരവൎഗ്ഗത്തിൻെറ അപരാ ധങ്ങളും, വിദ്വേഷങ്ങളും കൊണ്ടു ഭൂമുഖം നിറയുകയും ചെ യ്തു. (Ramsay, "Mythology") മംഗോളിയരുടെയോ, ജപ്പാൻ

കാരുടെയോ, സ്കാൻഡിനേവിയരുടെയോ പാരമ്പര്യങ്ങൾ ഇതിൽനിന്നു് ഒട്ടും വ്യതിരിക്തമല്ല. (Nicolas 'Etudes' t. II p. 46) മെക്സിക്കരുടെ പുരാണ കഥകളിൽ ആദ്യ സ്ത്രീയുടെ ചരിത്രം ഒരു സർപ്പത്തിൻെറതിനോടു സദാ അനുബന്ധിക്കപ്പെട്ടിരിക്കുന്നു.

ഈ അടുത്തകാലത്തു് ടെക്സാസ് എന്ന സംസ്ഥാനത്തുള്ള ബ്രൗൺസ്ഫീൽ പട്ടണത്തിനു സമീപം അതിപുരാതനമായ ഒരു കല്ലു കണ്ടുകിട്ടിയിരിക്കുന്നു. അറുനൂറുകൊല്ലത്തെ പഴക്കംവരുന്ന ഊക്കനായ ഒരു ഓക്കുവൃക്ഷം മറിഞ്ഞുവീണപ്പോഴാണു പ്രസ്തുത ശില പ്രത്യക്ഷമായതു്. അതിന്മേൽ പല കൊത്തുപണികളുമുള്ളതിൽ ഒന്നു് നമ്മുടെ ശ്രദ്ധയെ സവിശേഷം ആകർഷിക്കുന്നു. അതു് ഒരു പുരുഷൻെറയും സ്ത്രീയുടെയുമാണു്. അവരുടെ മദ്ധ്യത്തിൽ ഒരു വൃക്ഷം ചിത്രിക്കപ്പെട്ടിരിക്കുന്നു. സ്ത്രീയുടെ കൈയിൽ ഒരുകുല പഴവുമുണ്ടു്, ("Ann. de la Litterature et des Arts," t. x., p. 286)

ഇപ്രകാരമുള്ള തെളിവുകൾ ഇനിയും സുലഭങ്ങളാണു്. അവയെല്ലാം ഇവിടെ എടുത്തു പറയുക സാദ്ധ്യമല്ല. എങ്കിലും കാവ്യകാലത്തെ മഹാ ജ്യോതിസ്സുകളായ പ്ലേറോ സിസറോ എന്നിവരുടെ സാക്ഷ്യങ്ങൾകൂടി ഉദ്ധരിച്ചുകൊണ്ടു് ഈ ഭാഗം സമാപിക്കാം. പ്ലേറോ പറയുന്നു: "നമ്മുടെ സ്വഭാവവും ശക്തികളും ആദ്യമനുഷ്യനിൽവച്ചുതന്നെ കലുഷിതവും അവ്യവസ്ഥിതവുമായിപ്പോയി.'("Tim. and Phoed.," t. i., p. 107; Ed. Bipont.) സിസറോയും ഇതുതന്നെ തുറന്നു പ്രസ്താവിക്കുന്നു. "മനുഷ്യജീവിതത്തിലെ സ്ഖലിതങ്ങളെയും വിപത്തുകളെയും കണ്ടിട്ടു പുരാതന വേദശാസ്ത്രികളും, വിശുദ്ധ രഹസ്യങ്ങളെ വിശദീകരിക്കുന്നതിനും വ്യാഖ്യാനിക്കുന്നതിനും നിയുക്തരായ എല്ലാവരും, നാം ഈദൃശമായ

കഷ്ടാവസ്ഥയിൽ ജാതരായിരിക്കുന്നതു് ഇതിനേക്കാൾ ഉപരിയായ ഒരവസ്ഥയിൽ ചെയ്യപ്പെട്ട ഏതോ മഹാപാതകത്തിനു പരിഹാരം ചെയ്യുന്നതിനായിട്ടാണെന്നു പഠിപ്പിച്ചു. ഇതിൽ കുറെ വാസ്തവം ഉണ്ടെന്നുതന്നെയാണു് എൻെറയും അഭിപ്രായം. ആകയാൽ, എററ്റൂറിയൻ തസ്കരന്മാരുടെ കൈയിലകപ്പെടുന്ന ദുർഭഗർ സഹിക്കേണ്ടിവരുന്ന കഷ്ടതകൾ തന്നെയാണു നമ്മുടെ കഷ്ടതകളും, എന്ന അരിസ്റ്റോട്ടലിൻെറ അഭിമതത്തോടു ഞാനും പൂർണ്ണമായി യോജിക്കുന്നു. ഈ തസ്കരന്മാർ തങ്ങളുടെ പിടിയിൽ അകപ്പെടുന്നവരെ മൃതശരിരങ്ങളുമായി മുഖത്തോടു മുഖം ചേർത്തു ബന്ധിക്കുന്നു. ശരിരത്തോടു യോജിച്ചിരിക്കുന്ന ആത്മാവിൻെറ അവസ്ഥയും ഇതുതന്നെയാണു്. (Hortensius, "Sive de Philosophia fragmenta") കുററക്കാരൻ കാരാഗൃഹത്തിലോ ശവകുടീരത്തിലോ ഇട്ടടയ്ക്കപ്പെടുന്നതുപോലെ മനുഷ്യാത്മാവു പാപത്തിനു ശിക്ഷയായി ശരിരത്തിൽ ബന്ധിക്കപ്പെടുന്നുവെന്ന പ്രാചിനരുടെ സാവ്വത്രികവിശ്വാസംതന്നെയാണു സിസറോ ഈ ഘട്ടത്തിൽ നമ്മെ അനുസ്മരിപ്പിക്കുന്നതു്.

ആകയാൽ സമസ്തതിന്മയുടെ കാരണവും പ്രാരംഭവും ആയ ഒരു പ്രാഥമികാധഃപതനത്തെ സർവജാതികളും അംഗീകരിക്കുന്നുണ്ടെന്നും അതു് ഒരു സ്ത്രീയും സർപ്പവും വഴിയായിട്ടാണു സംഭവിച്ചതെന്നും ഉള്ളതു സാവ്വത്രികവും അനിഷേധ്യവുമായ ഒരു വാസ്തവമാകുന്നു. ഇത്ര പ്രധാനമായ ഈ വിഷയത്തെ അധികരിച്ചുള്ള സർവജനസമ്മതി കേവലം അടിസ്ഥാനരഹിതമായിരിക്കുക അസംഭാവ്യമത്രെ.

## അദ്ധ്യായം ൨.

### നരകുലപരിത്രാതാവു്.

### I. മനുഷ്യാവതാരത്തിന്റെ ആവശ്യകത.

പാപത്തിൽ വീണതോടെ മനുഷ്യൻ വലിയ കടക്കാരനായി. ഈ കടം വീട്ടി സ്വയം ഉദ്ധരിക്കുന്നതിനു് അവൻ നിശ്ശേഷം അപ്രാപ്തനായിരുന്നു. നിർദ്ധനതയുടെയും, ദൈന്യാവസ്ഥയുടെയും മൂർദ്ധന്യത്തിലായിരുന്നു അവന്റെ നില. ദ്രോഹത്തിന്റെ ഗുരുലഘുത്വം നിർണ്ണയിക്കേണ്ടതു ദ്രോഹിക്കുന്നവന്റെ സ്ഥിതി അനുസരിച്ചല്ല; പ്രത്യുത, ദ്രോഹിക്കപ്പെടുന്നവന്റെ അവസ്ഥയനുസരിച്ചാണു്. ദൈവം സർവപ്രകാരേണയും അപരിമേയനാകയാൽ അവിടത്തോടു ചെയ്യുന്ന ഏതൊരു അപരാധവും അളവില്ലാത്ത ദുഷ്ടതയുള്ളതായിരിക്കും. തൻമൂലം അതിന്നു് അനന്തമായ ഒരു പരിഹാരവും ആവശ്യമാണു്. പക്ഷേ, സ്വർഗ്ഗത്തിലോ, ഭൂമിയിലോ ഉള്ള യാതൊരു സൃഷ്ടിക്കും ഈ പരിഹാരകൃത്യം സാദ്ധ്യമല്ല; എന്തുകൊണ്ടെന്നാൽ, അനന്തമായ ഒരു പരിഹാരം സൃഷ്ടിയുടെ ശക്തിയെ കവിഞ്ഞതതാണു്. സർവ മനുഷ്യരുടെയും സകല വാനാരൂപികളുടെയും സുകൃതങ്ങളും, പുണ്യഫലങ്ങളുമെല്ലാം ഒന്നായി ചേർത്താലും ഒരു നിസ്സാര

പാപത്തിനുപോലും അതു മതിയായ പരിഹാരമായിത്തീരുകയില്ല. ദൈവത്തിന് ഈ കടം ഇളവു ചെയ്വാൻ കഴിയുമായിരുന്നു. എന്നാൽ അതു് അദ്ദേഹത്തിൻെറ നീതിയെ തൃപ്തിപ്പെടുത്തുന്നതിനു പര്യാപ്തമാകുമായിരുന്നില്ല. മാത്രമല്ല, അദ്ദേഹത്തിൻെറ മഹിമയ്ക്കു കളങ്കം നേരിടുന്നതിനും, നമ്മുടെ അപകീർത്തി എന്നും നിലനില്ക്കുന്നതിനും അതു കാരണമായേനെ. ആകയാൽ സർവഥാ പരിപൂർണ്ണമായ ഒരു പരിഹാരം തന്നെ വേണമെന്നു് അവിടുന്നു നിശ്ചയിച്ചു. പരിപാവനവും, പരമശ്രേഷ്ഠവും അത്യുത്തമവും, ദൈവനീതിക്കു് അനുയോജ്യവും ആയ ഈ പരിഹാരബലിസാധനം അദ്ദേഹത്തിൻെറ വാത്സല്യമുള്ള ഏകപുത്രൻ മാത്രമായിരുന്നു.

"ആദിയിൽ വചനം ഉണ്ടായിരുന്നു.... വചനം ദൈവമായിരുന്നു.... വചനം മാംസമാകയും നമ്മുടെ ഇടയിൽ വസിക്കയും ചെയ്തു" (യോഹ. ൧, ൧-൧൪) പരിശുദ്ധ പരമത്രിത്വത്തിലേ രണ്ടാം ആൾ ആകുന്നു ഈ വചനം. അധഃപതിച്ച നരകുലത്തെ സമുദ്ധരിപ്പാനും, പരിത്രാണം ചെയ്വാനുമായി അദ്ദേഹം വന്നു. സർവസൗഭാഗ്യസംപൂർണ്ണമായ സ്വർഗ്ഗത്തിൽ നിന്നിറങ്ങി, ദൈവമായിരുന്നുകൊണ്ടുതന്നെ മനുഷ്യനായി അവിടുന്നു് അവതരിച്ചു. മനുഷ്യൻ എന്ന നിലയിൽ പീഡകൾ സഹിക്കയും, മരിക്കയും ചെയ്തു. ദൈവമെന്ന നിലയിലോ എന്നാൽ അനേകം ലോകങ്ങളെപ്പോലും ഉദ്ധരിക്കുവാൻ പര്യാപ്തമായവിധം ഈ പീഡകളെ പാപപരിഹാരശക്തിയും ഉള്ളതാക്കിത്തീർത്തു. മനുഷ്യാവതാരം ദൈവത്തിൻെറ ഏററം മഹത്തായ പ്രവൃത്തിയും, അവിടുത്തെ അനുഗ്രഹങ്ങളുടെയും അത്ഭുതങ്ങളുടെയും പരമകാഷ്ഠയും, സ്രഷ്ടാവും സൃഷ്ടിയുമായുള്ള ആശ്ലേഷവുമാകുന്നു. അതിവിസ്മാപകമാംവണ്ണം അതു പരമോന്നതദൈവത്തിൻെറ പൂർണ്ണതകളെയും ഗുണപൗഷ്കല്യങ്ങളെയും പ്രകാശിപ്പി

ക്കുന്നു. ദൈവത്തിന്റെ പൂർണ്ണതകളെ സംബന്ധിച്ചു ചില പ്പോൾ പണ്ഡിതന്മാർ വാദപ്രതിവാദം ചെയ്യുന്നതായി കേട്ടിട്ടുണ്ട്. എന്നാൽ മനുഷ്യാവതാരരഹസ്യത്തിൽ ഇവർ വിശ്വസിക്കുന്നില്ലെങ്കിൽ ഇവർക്കുള്ള ജ്ഞാനം എത്ര തുച്ഛമായിരിക്കും? നേരെമറിച്ചു വേദപാഠം ശരിയായി അറിയാവുന്ന ഒരു ക്രൈസ്തവബാലനു ദൈവത്തെപ്പററിയുള്ള ജ്ഞാനം എത്ര വിപുലമാണ്! ഈശ്വരന്റെ നിത്യതപത്തേയും അനന്തതയേയും സംബന്ധിച്ചും, അവിടുത്തെ ജ്ഞാനം, കരുണ, പ്രതാപം, നിതി ആദിയായവയെക്കുറിച്ചും അവനോടു ചോദിക്കുക. പൗരാണികമഹാസിദ്ധന്മാരേക്കൂടി വിസ്മയിപ്പിക്കുമായിരുന്ന സമാധാനം അവൻ നൽകും. ദൈവം മനുഷ്യനായിത്തീരുന്നു! കൃതഘ്നരും, ദ്രോഹികളുമായ മനുഷ്യർക്കുവേണ്ടി കഴവിന്മേൽ മരിക്കുന്നു! ദൈവത്തിന്റെ നന്മയേയും കരുണയേയും പ്രദ്യോതിപ്പിക്കുന്ന ഈ വാസ്തവം കണ്ടാലും!! ഹാ! എന്തെല്ലാം ചിന്തകളാണു നമ്മിൽ ഉളവാക്കുന്നതു്! ദൈവം നമ്മുടെ ഭോഗാസക്തിയെ തന്റെ സഹനങ്ങൾമൂലം ജയിക്കയും, അഹങ്കാരത്തെ വിനയത്താൽ അധീനമാക്കയും, ധനമോഹത്തെ ദാരിദ്ര്യംമുഖേന കീഴ്പ്പെടുത്തുകയും ചെയ്യുന്നു. ഈ പ്രവൃത്തികളിൽ അവിടുത്തെ അനന്തജ്ഞാനം എത്രമാത്രം പ്രത്യക്ഷപ്പെടുന്നുവെന്നു നോക്കുക. ദൈവം മനുഷ്യന്റെ പാപത്തെ സ്വയം സ്വീകരിച്ചു് അതിന്റെ പരിഹാരത്തിനായി തന്റെ ഏകജാതനെ ബലി കഴിക്കുന്നു. അവിടുത്തെ നീതി എത്ര അലംഘനീയം?

മനുഷ്യാവതാരം, പാപത്തിനു പരിഹാരം ചെയ്തുമാത്രമല്ല, അധഃപതനത്തിനു മുമ്പുണ്ടായിരുന്നതിലും ഉപരിയായ ഒരു സ്ഥാനത്തേയ്ക്കു മനുഷ്യനെ ഉയർത്തുകയും ചെയ്തു. അതു കൂദാശകൾവഴിയായി ദൈവപ്രസാദവരം അവന്റെ ആത്മാവിൽ വർദ്ധിപ്പിക്കയും പരിപുഷ്ടമാക്കയും ചെയ്തു; പരി

ശുദ്ധ കുർബാനമൂലം അവനെ അവതീർണ്ണവചനത്തോടു സംയോജിപ്പിച്ചു; അവസാനമായി സൃഷ്ടിയെ ഒന്നാകെ ദിവ്യമയമാക്കിത്തീർത്തു; അതെ, മനുഷ്യൻ സൃഷ്ടിസകലത്തിന്റെയും സംഗ്രഹമാകയാൽ ദൈവപുത്രൻ മനുഷ്യസ്വരൂപം സ്വീകരിച്ചപ്പോൾ പ്രപഞ്ചത്തെ ആകമാനം ഉയർത്തുകയും മഹത്വപ്പെടുത്തുകയും ചെയ്തു.

## II. യഹൂദന്മാർ പ്രതീക്ഷിച്ചിരുന്ന രക്ഷകൻ.

ദൈവം, ആദത്തേയും ഹവ്വായേയും ഭൗമിക പറുദീസായിൽനിന്നു ബഹിഷ്കരിക്കുന്നതിനുള്ള കല്പന നൽകുകയും, അവർ പ്രയത്നിച്ചും സങ്കടപ്പെട്ടും ഭൂമുഖത്തു് അലഞ്ഞുനടന്നു ജീവിതം നയിക്കട്ടെ എന്നു ശപിക്കുകയും ചെയ്തതോടുകൂടിത്തന്നെ ആശാജനകമായ ഒരു വചനവും ഉച്ചരിക്കയുണ്ടായി. അതു് അവരുടെ വംശത്തിൽ നിന്നു് അനന്തരദശയിൽ ജനിക്കുന്ന ഒരു സ്ത്രീ അവരുടെ ശത്രുവിന്റെ ശിരസ്സിനെ തകർക്കുമെന്നും, അവരുടെ അപരാധത്തെ എടുത്തുകളഞ്ഞു പാപബാധ്യതയിൽ നിന്നു് അവരെ മോചിക്കുന്നതിനു ഒരുരക്ഷകനെ പ്രസവിക്കുമെന്നും ആയിരുന്നു. (സൃഷ്ടി. ന. ൧൪-൧൭.) ദൈവത്തിന്റെ കൃപയേയും നന്മയേയും എത്രയും പ്രകടമായി പ്രത്യക്ഷപ്പെടുത്തുന്ന ഈ മഹാ പ്രവചനം അനന്തരസന്താനപരമ്പരകളിൽ പ്രതിധ്വനിച്ചു. മാത്രമല്ല, പാരമ്പര്യനിധിയെ സംരക്ഷിക്കുവാൻ ദൈവം യഹൂദ ജനതയെ പ്രത്യേകം തിരിഞ്ഞെടുക്കുകയും ചെയ്തു. രക്ഷകനെപ്പററിയുള്ള പ്രതീക്ഷ ഈ ജനത്തിന്റെ ചരിത്രത്തിൽ ആദ്യന്തം കാണുന്നുണ്ടു്. കുലപതികളും പ്രവാചകന്മാരും, ഭൂപതികളും മഹാപുരോഹിതന്മാരും, വിസ്മാപകമായ ഈ പ്രതീക്ഷയെ ഉജ്ജീവിപ്പിക്കുന്നതിനും തൽസ്മരണയെ നിലനിത്തുന്നതിനും വേണ്ടി തുടച്ചയായി ആവിർഭവിക്കുന്നതു നാം

കാണുന്നു. അബ്രാഹം, യാക്കോബ്, മോശ, ദാവിദ്, സോള മൺ, ഇസയാസ്, എസക്കിയേൽ, ഡാനിയേൽ, മലാഖി എന്നിവരും ഇസ്രായേലിലേ മററെല്ലാ ദിഷ്ടദർശികളും തങ്ങൾക്കുണ്ടായിരുന്ന ഭവിഷ്യജ്ജ്ഞാനവരത്താൽ രക്ഷകൻെറ ചരിത്രം എഴുതുകയും അദ്ദേഹത്തെ തിരിച്ചറിയുന്നതിനുള്ള ലക്ഷണങ്ങളും സാഹചര്യങ്ങളും ചൂണ്ടിക്കാണിക്കയും ചെയ്യുന്നു. അദ്ദേഹത്തെ രാജാവു്, ആചാര്യൻ, നിയമദാതാവു, സർവ്വശക്തൻ, സമാധാനത്തിൻെറ പ്രഭു, ഉടമ്പടിയുടെ ദൂതൻ, അത്ഭുതപ്രവർത്തകൻ, ഉപദേഷ്ടാവു്, എമ്മാനുവേൽ (ദൈവം നമ്മോടുകൂടെ) എന്നെല്ലാം അഭിസംബോധനം ചെയ്യുന്നു. അവിടത്തെ ആഗമനം നിത്യതയിൽനിന്നുതന്നെയാണെന്നു പറയുന്നു. അവിടത്തെ വരവിനെ അതിവമായി ആകാംക്ഷിക്കുന്നു; പ്രാർത്ഥിക്കുന്നു. അവരുടെ അക്ഷമത അത്യധികമായിരുന്നു. ഭക്തിതീക്ഷ്ണതയും ഒട്ടും കുറവായിരുന്നില്ല. "സൈന്യങ്ങളുടെ കർത്താവായ ദൈവമേ! നിൻെറ മുഖത്തെ കാണിക്കുക. ഞങ്ങൾ രക്ഷിക്കപ്പെട്ടും" (സങ്കീ. ൭൯, ൨൦) "നീ ആകാശങ്ങളെ പിളന്നു് ഇറങ്ങിവന്നെങ്കിൽ!" (ഇസ. ൬൪, ൧) "ആകാശങ്ങളേ, (നിങ്ങൾ) മുകളിൽനിന്നു മഞ്ഞുപൊഴിക്കുവിൻ; മേഘങ്ങൾ നീതിമാനെ വർഷിക്കട്ടെ; ഭൂമി പിളന്നു രക്ഷകനെ പുറപ്പെടുത്തട്ടെ" (ഇസ. ൪൫, ൮) 'കർത്താവേ, ദേശാധിപതിയായ കുഞ്ഞാടിനെ മരുഭൂമിയിലേ പേത്രായിൽനിന്നു സിയോൺപുത്രിയുടെ പർവ്വതത്തിലേയ്ക്കു യക്കുക". (ഇസ. ൧൬, ൧).

രക്ഷകൻെറ മാർഗ്ഗം ഋജുവാക്കുവാനിരുന്ന മുന്നോടിയെ അവർ നിർദ്ദേശിക്കുന്നു. അദ്ദേഹത്തിൻെറ ആഗമനത്തിനു മുമ്പുള്ള വത്സരങ്ങളെ നിർണ്ണയിക്കുന്നു. യൂദയായിലേ ബെത്ലഹമിൽ കന്യകയായ മാതാവിൽനിന്നുള്ള അദ്ദേഹത്തിൻെറ ജനനത്തെയും, പൗരസ്ത്യരാജാക്കന്മാർ അയാൾക്കു നൽകു

വാനിരുന്ന ആരാധനയേയും അവർ വിവരിക്കുന്നു. രക്ഷകനു സ്വാഗതം നൽകുവാനുള്ള ഭാഗധേയം സിദ്ധിക്കുമെന്നുള്ളതു നിമിത്തം രണ്ടാമത്തെ ദേവാലയത്തിൻെറ മഹിമ ആദ്യത്തേതിൻെറതിനേക്കാൾ വളരെ അധികമായിരിക്കുമെന്ന് അവർ പ്രസ്താവിക്കുന്നു. അന്ധകാരത്തിൻെറ അന്തരാളത്തിൽ ചരിക്കയും, മരണത്തിൻെറ നിഴലിൽ വസിക്കയും ചെയ്യുന്ന ജാതികൾ അയാളുടെ ആഗമനംമൂലം പ്രകാശത്തിലേയ്ക്കു് ആനീതരാകും. അയാൾ ശാന്തശീലനും, വിനീതഹൃദയനുമായിരിക്കും. അയാളുടെ അത്ഭുതങ്ങൾ ദിവ്യമായ അയാളുടെ ദൗത്യത്തിനു ലക്ഷ്യവും മുദ്രയുമായിരിക്കും. കുരുടന്മാരുടെ കണ്ണുകളും, ചെകിടന്മാരുടെ ചെവികളും തുറക്കപ്പെടും. മുടന്തന്മാർ നടക്കയും, ഊമന്മാർ സംസാരിക്കയും, കുഷ്ഠരോഗികൾ സുഖംപ്രാപിക്കയും, മരിച്ചവർ ഉയിക്കയും ചെയ്യും. ദരിദ്രരോടും കുഞ്ഞുങ്ങളോടും സുവിശേഷം പ്രസംഗിക്കപ്പെടും. സത്യം സകലരുടേയും അവകാശമായിഭവിക്കും. ഏവംവിധമത്രെ രക്ഷകൻെറ ചരിത്രം ഇസ്രായേലിലെ പ്രവാചകന്മാർ വിവരിച്ചിരിക്കുന്നതു്. അദ്ദേഹത്തിൻെറ അത്യത്ഭുതാവഹമായജീവിതത്തിലെ സർവ്വസാഹചര്യങ്ങളുംഗതികളും സവിസ്തരം അവർ വർണ്ണിക്കുന്നു. എന്നാൽ ഗത്സെമിനിതോട്ടത്തിലെയും, ഗാഗുൽത്താഗിരിയിലെയും ദുഃഖഭൂയിഷ്ഠവും, അതിദാരുണവുമായ കാഴ്ചകളാണ് അവരുടെ പ്രത്യേകശ്രദ്ധയ്ക്കു വിഷയമാകുന്നതു്. ലോകത്തിൻെറ ദുഷ്ടതകളാൽ ആവൃതനായി, ശോകപൂർണ്ണനായി അദ്ദേഹത്തെ അവർ ദർശിക്കുന്നു. സൗന്ദര്യമോ, സന്തോഷമോ അവിടുത്തെ മുഖത്തു പ്രത്യക്ഷപ്പെടുന്നില്ല. മഹാഹീനനായി സ്വജനങ്ങൾ അവിടുത്തെ നിന്ദിക്കയും, പരിത്യജിക്കയും ചെയ്യുന്നു; അദ്ദേഹത്തെ ഒരു അടിമയെപ്പോലെ മുപ്പതു വെള്ളിനാണയത്തിനു വില്ക്കുകയും, ഒരു ആടിനെ എന്നപോലെ വധസ്ഥലത്തിലേയ്ക്കു നയിക്ക

യും ചെയ്യുന്നു; അദ്ദേഹത്തിന്റെ കൈകാലുകളെ തുളയ്ക്കുന്നു; കൈയ്പുനീർ കുടിപ്പിക്കുന്നു; വസ്ത്രത്തിനു ചിട്ടിയിടുന്നു; അവസാനമായി അവർ അദ്ദേഹത്തെ വധിക്കുന്നു: ഇത്രയും കൊണ്ടും അദ്ദേഹത്തെക്കുറിച്ചുള്ള ദീർഘദർശനം അവസാനിക്കുന്നില്ല. മറെറാരു രംഗം ഇതാ പ്രത്യക്ഷപ്പെടുന്നു: പ്രവാചകന്മാർ അദ്ദേഹത്തിന്റെ വിജയങ്ങളെ ദർശിക്കുന്നു. അവിടുത്തെ ശവകുടീരം മഹിമയേറിയതാണ്; ശരീരം നശിക്കുന്നില്ല; പുറജാതികളെ സ്വാവകാശമായും, ദിഗന്തങ്ങളെ സ്വസമ്പാദ്യമായും അദ്ദേഹം സ്വീകരിക്കുന്നു. ജനങ്ങളും ജനാധിപന്മാരും, പ്രജകളും രാജാക്കന്മാരും, എല്ലാരാജ്യക്കാരും എല്ലാദേശക്കാരും അവിടുത്തെ സ്നേഹിക്കയും ആരാധിക്കയും ചെയ്യുന്നു; പ്രാചീന നിയമസംഹിത അന്തർധാനം ചെയ്യുന്നു; നാനാരാജ്യക്കാർക്കും, വിവിധജാതികൾക്കും, എല്ലാ ജനങ്ങൾക്കും പററിയതായ ഒരു നവീനനിയമസംഹിത സംസ്ഥാപിതമാകുന്നു. യഹൂദജനം പരിത്യജിക്കപ്പെടുന്നു; അവരുടെ അപൂർണ്ണബലികളുടെ സ്ഥാനത്തു പ്രഭാതം മുതൽ പ്രദോഷംവരെ അർപ്പിക്കപ്പെടുന്ന പരിശുദ്ധമായ ഒരു ബലി പ്രതിഷ്ഠിതമാകുന്നു. ക്രിസ്തുവിന്റെ ആഗമനത്തിനു് അനേക ശതാബ്ദങ്ങൾക്കുമുമ്പാണു പ്രസ്തുതസംഗതികൾ പ്രവചിക്കപ്പെട്ടതെന്നും, അവ അക്ഷരശഃ നിറവേറി എന്നുമുള്ള വസ്തുത ഒരുവനും നിഷേധിക്കാവതല്ല. ഈ ദീർഘദർശനങ്ങളെ നിഷ്പക്ഷബുദ്ധ്യാ അവലോകനം ചെയ്യുന്ന ഏവനും അവയിൽ ദൈവികശക്തി പ്രത്യക്ഷപ്പെടുന്നുണ്ടെന്നു സശിഷ്ടം സമ്മതിക്കും.

## III. വിജാതികൾ പ്രതീക്ഷിച്ചിരുന്ന രക്ഷകൻ.

മനുഷ്യവർഗ്ഗത്തിനു് ഒരു രക്ഷകനെ നൽകുമെന്നു ദൈവം പറുദീസായിൽവച്ചു ചെയ്ത വാഗ്ദാനത്തെ അടിസ്ഥാന

മാക്കി, എല്ലാ ജാതികളും എല്ലാക്കാലത്തും ഈ രക്ഷകനെ പ്രതിക്ഷിച്ചിരുന്നതായി നാം കാണുന്നു. ലോകചരിത്രത്തിൻെറ ഓരോ പക്ഷത്തിലും ഇതിനു ലക്ഷ്യങ്ങൾ കാണ്മാനുമുണ്ട്. ദേശാന്തരഗമനം ചെയ്യുന്ന ജനങ്ങളെ അനുഗമിച്ചും, സാമ്രാജ്യവിപ്ലവങ്ങളെ അതിജീവിച്ചും ഇതു യുഗത്തിൽനിന്നു യുഗത്തിലേയ്ക്കും, ജനതയിൽനിന്നു ജനതയിലേയ്ക്കും പ്രചരിക്കുന്നു. രക്ഷകനെക്കുറിച്ചുള്ള ഈ പ്രതിക്ഷയോളം നിശ്ചിതവും, സാർവ്വത്രികവും ആയ ഒരു ചരിത്രസംഭവം ഇല്ലതന്നെ. കുമോലിയൻ, ഡെൽഫിയൻ എന്ന രണ്ടു പ്രവാചകമണ്ഡപങ്ങളിലേ പ്രവചനങ്ങളും, സിബില്ലുരുടെയും, ഡ്റുയിഡരുടെയും പ്രവചനങ്ങളും, യഹൂദദീർഘദർശനങ്ങളിൽനിന്നോ വിവിധജാതികളുടെ പാരമ്പര്യങ്ങളിൽനിന്നോ ഒട്ടും വ്യത്യസ്തമല്ല. വിശ്വാസത്തെയും, പ്രതീക്ഷയെയും സംരക്ഷിച്ചുപോരുന്ന പ്രസ്തുത പ്രവചനങ്ങൾ നാസ്തികന്മാരുടെയും, ഹേതുവാദികളുടെയും ജല്പനങ്ങളെ പാടേ തകർക്കുന്നതിനു തികച്ചും പര്യാപ്തങ്ങളാണ്.

ടാർട്ടരുടെയും, ചീനരുടെയും ഇതിഹാസപാരമ്പര്യങ്ങളെ വിശേഷവിധിയായിപഠിച്ച ആബെൽറെമുസ്സാത്ത് എന്ന മഹാൻ ചൈനാക്കാരുടെ ഒരു വേദഗ്രന്ഥത്തിൽനിന്ന് അതികൗതുകാവഹമായ ഒരു ഭാഗം ഉദ്ധരിക്കുന്നതു പ്രത്യേകം ശ്രദ്ധേയമാണ്.

ചൈനായിലേ രാജകീയ മതസ്ഥാപകനായ കൺഫൂസിയസ്സിനോടു മന്ത്രിപ്രവരനായ ഹീ ഒരു ദിവസം ഇങ്ങനെ പറഞ്ഞു:

മന്ത്രി: ശ്രേഷ്ഠഗുരോ, അങ്ങ് ഒരു വിശുദ്ധനല്ലയോ?

കൺ: വൃഥാ ഞാൻ എത്രയും ശ്രമപ്പെട്ടു പുരാതനപരിശോധന നടത്തുന്നു. വിശുദ്ധൻ എന്ന നാമത്തിന് അർഹ

നായി യാതൊരുത്തനെയും കണ്ടെത്തുന്നതിന്ന് ഇന്നുവരെ എനിക്കു കഴിഞ്ഞിട്ടില്ല.

മന്ത്രി: ഇവിടത്തെ മൂന്നു രാജവംശങ്ങളുടെ സംസ്ഥാപകന്മാരായ ആ മൂന്നു രാജാക്കന്മാരോ? അവർ യഥാത്ഥവിശുദ്ധന്മാരല്ലേ?

കൺ: ആ മൂന്നു രാജാക്കന്മാരും മഹാ ധർമ്മിഷ്ഠന്മാരും, കൃപാലുക്കളും, വ്യുല്പന്നമതികളും, വിവേകികളും, അജയ്യപരാക്രമികളും ആയിരുന്നു. എന്നാൽ അവർ യഥാത്ഥവിശുദ്ധന്മാരായിരുന്നുവെന്നു പറഞ്ഞുകൂടാ.

മന്ത്രി: ആദ്യത്തെ രാജവംശത്തിനു മുമ്പു നമ്മുടെ ചൈനായെ ഭരിച്ചിരുന്ന അഞ്ചു ചക്രവത്തികൾ വിശുദ്ധന്മാരല്ലെന്നോ?

കൺ: ആ അഞ്ചു നൃപന്മാർ അന്യാദൃശമായ ദയ, സ്നേഹം, ധർമ്മബോധം, ദിനവാത്സല്യം, നീതിതൽപരത എന്നിവയിൽ എല്ലാവരെയും അതിശയിച്ചിരുന്നു. പക്ഷെ അവർ വിശുദ്ധന്മാരായിരുന്നുവെന്നു പ്രസ്താവിക്കുവാൻ എനിക്കു ധൈയ്യം വരുന്നില്ല.

മന്ത്രി: (ആശ്ചയ്യഭരിതനായി) അങ്ങനെയെങ്കിൽ ആരെയാണു വിശുദ്ധനെന്നു വിളിപ്പാൻ പാടുള്ളതു്?

കൺ: കേട്ടാലും. ഒരാളെ എനിക്കറിയാം. ബലം പ്രയോഗിക്കയോ, നിർബന്ധിക്കയോ ചെയ്യാതെ വിപ്ലവങ്ങളെ തടയുകയും, പ്രസംഗപ്രൗഢികൂടാതെ ശ്രോതാക്കളിൽ നിസ്സീമമായ വിശ്വാസം ഉളവാക്കയും, യാതൊന്നിനും ഒരു വ്യതിക്രമവും വരുത്താതെ ധീരകമ്മങ്ങൾ പ്രവത്തിക്കയും ഒരു സുകൃതസാഗരം തന്നെ സൃഷ്ടിക്കയും ചെയ്യുന്ന ഒരു പരമസിദ്ധൻ പടിഞ്ഞാറേ രാജ്യത്തു് ആഗതനാകും. അദ്ദേഹത്തിൻെറ പേർ എന്തെന്നു പറയുന്നതിന്നു് ആക്കും കഴിവില്ല. എങ്കിലും യഥാത്ഥവിശുദ്ധൻ അദ്ദേഹമായി

രിക്കുമെന്നാണു ഞാൻ കേട്ടിട്ടുള്ളതു് ("Tchoung-young", p. 144).

ഈ ഗ്രന്ഥത്തിൽത്തന്നെ അന്യത്ര കാണുന്ന ഒരു ഭാഗവും ഇവിടെ ഉദ്ധൃതമാണു്: "വിശുദ്ധനായവൻ തന്റെ പ്രതാപഭരിതമായ ശക്തിയോടും, ദിവ്യസിദ്ധികളോടും കൂടി രംഗപ്രവേശം ചെയ്യട്ടെ; ജാതികൾ തങ്ങളുടെ ഭക്തിസ്നേഹബഹുമാനാദികളെ അവന്റെ നേർക്കു പ്രദർശിപ്പിക്കാതിരിക്കയില്ല. അയാൾ തന്റെ സുന്ദരമായ അധരങ്ങൾ തുറന്നു ഭാഷണം ചെയ്യട്ടെ; ലോകം അയാളിൽ വിശ്വസിക്കും. അയാൾ പ്രവൃത്തിപദ്ധതിയിലേയ്ക്കു പ്രവേശിക്കട്ടെ; ലോകം അവർണ്ണ്യമായ അത്യാനന്ദത്തിൽ നിമഗ്നമാകും; നിശ്ചയം. അയാളുടെ സുകൃതത്തിന്റെ പ്രശസ്തി, നമ്മുടെ സാമ്രാജ്യത്തെ ആകമാനം വലയം ചെയ്യുന്ന വൻകടൽപോലെ മ്ലേച്ഛജനങ്ങൾ അധിവസിക്കുന്ന ഉത്തരദക്ഷിണധ്രുവങ്ങളിൽപോലും — വാഹനങ്ങൾ പ്രവേശിക്കയോ മനുഷ്യന്റെ കൈവേല എത്തുപെടുകയോ സാദ്ധ്യമായിവരുന്നിടത്തെല്ലാം — നിസ്സംശയം വ്യാപിക്കും. ആകാശമണ്ഡലത്താൽ വിതാനീകൃതമായ സകല സ്ഥലങ്ങളും, സൂര്യപ്രകാശം പ്രവേശിക്കുന്നതും, പ്രഭാതത്തിലേ തുഷാരബിന്ദുക്കൾ ഫലഭൂയിഷ്ഠമാക്കുന്നതും ആയ ഭൂമുഖത്തിന്റെ സർവ്വദിഗന്തങ്ങളും, അയാളുടെ മഹിമാവിലാസംകൊണ്ടു പരിപൂർണ്ണമാകും. ജീവിക്കയും, ശ്വസിക്കയും ചെയ്യുന്ന സർവ്വജനങ്ങളും അയാളെ നിസ്സീമമായി സ്നേഹിക്കയും സമാദരിക്കയും ചെയ്യും. അയാളുടെ മാനസികശക്തികളും, ധീരസുകൃതങ്ങളും അയാളെ ഈശ്വരസദൃശനാക്കിത്തീർക്കും'. ("Tchoung-young", ch. 31).

ഈ ഭാഗം വായിക്കുമ്പോൾ ഇസയിയാസിന്റെ പ്രവചനങ്ങളെപ്പററിയുള്ള സ്മരണ എത്ര ശക്തിമത്തായിട്ടാണു

നമ്മുടെ സ്മൃതിപഥത്തിലേക്കു തള്ളിക്കയറുന്നതു്? "അപ്പോൾ പുരജാതിക്കാർ നിന്റെ വെളിച്ചത്തിലും, രാജാക്കന്മാർ നിന്റെ ഉദയത്തിന്റെ പ്രകാശത്തിലും നടക്കും. നിന്റെ കണ്ണുകളെ ഉയർത്തി ചുററും നോക്കുക: ഇവരെല്ലാവരും ഒന്നിച്ചുകൂടി നിന്റെ പക്കൽ വന്നിരിക്കുന്നു: നിന്റെ പുത്രന്മാർ ദൂരത്തുനിന്നും വരും; നിന്റെ പുത്രിമാർ നിന്റെ പാർശ്വത്തിൽ നില്ക്കും; കടലിന്റെ പെരുപ്പം നിന്റെ പക്കലേക്കു തിരിയും; പുരജാതികളുടെ ശക്തി നിന്റെ അടുക്കൽ വരും. അപ്പോൾ നീ കാണുകയും കുതിച്ചു ചാടുകയും നിന്റെ ഹൃദയം അത്ഭുതപ്പെടുകയും വിശാലപ്പെടുകയും ചെയ്യും." (ഇസ. ൬൦, ൩-൫)

പേർഷ്യയിലേ 'മേജൈമത'ത്തിന്റെ സ്ഥാപകനായ സൊറൊവാസ്റ്ററിന്റെ തത്വങ്ങളെ ക്രോഡീകരിച്ചു് യവനചരിത്രകാരനും, സന്മാൎഗ്ഗശാസ്ത്രജ്ഞനുമായ പ്ളൂട്ടാക്കു് ഈ വിധം രേഖപ്പെടുത്തുന്നു. "ഓർമസ് ദൈവവും, അഹ്റിമാൻ തിന്മയുടെ മൂൎത്തിയും ആകുന്നു. ഇവർക്കു മദ്ധ്യേ 'മിത്ര്' എന്ന ഒരു മദ്ധ്യസ്ഥനുണ്ടു്. അഹ്റിമാൻ ഒരു കാലത്തു ലോകമെങ്ങും ബഹുവിധവിപത്തുകളെക്കൊണ്ടു നിറയ്ക്കും. അതോടെ അവൻ നാമാവശേഷനാക്കപ്പെടുകയും ചെയ്യും. അപ്പോൾ നിമ്നോന്നതങ്ങളായ മാൎഗ്ഗങ്ങൾ സമനിരപ്പുള്ളതായിത്തീരും. തടങ്ങളും താഴ്വരകളും നികക്കും. മനുഷ്യരുടെ ജീവിതരീതിയിലും നിയമസംഹിതയിലും ഐകരൂപ്യമുണ്ടാകും." (Isis & Osiris Nos 41; 42)

വോൾണി എന്ന പണ്ഡിതൻ ഈ ഏഷ്യൻ കഥകളെ നിരൂപണംചെയ്തുകൊണ്ടു് ഇപ്രകാരം പ്രസ്താവിക്കുന്നു: "ക്രിസ്തുവിനുമുമ്പുള്ള കാലത്തെ മതാത്മകവും ഇതിഹാസപരവുമായ പാരമ്പൎയ്യങ്ങൾ, ആഗതനാകുവാനിരുന്ന മഹാ മദ്ധ്യ

സ്ഥനും, പരിച്ഛേദം വിധി പ്രസ്താവിക്കുവാനിരുന്ന പരമന്യായാധിപനും, ഭൂതലത്തിൽ സുവർണ്ണഘട്ടം പുനസ്ഥാപിച്ചു തിന്മയുടെ ശക്തിയിൽനിന്നു നരകുലത്തെ മോചിക്കാനിരുന്ന വിജയശ്രീമാനായ നിയമദാതാവും, രാജാവും ദൈവവും പരിത്രാണകനും ആയ ഒരുവനെക്കുറിച്ചുള്ള വിശ്വാസം സൎവ്വത്ര പ്രചരിപ്പിച്ചുകഴിഞ്ഞിരിക്കുന്നു". ("Les Ruines," p. 228).

ഗ്രീസിലേ തത്വശാസ്ത്രഗ്രന്ഥങ്ങളിലും, സാഹിത്യകൃതികളിലും ഒരു രക്ഷകന്റെ ആഗമനത്തിലുള്ള പ്രതീക്ഷ തെളിഞ്ഞു പ്രകാശിക്കുന്നുണ്ടു്. ഭൂലോകത്തിലേ ഏററം പരിഷ്കൃതനഗരമായിരുന്നു ആതൻസ്. അവിടത്തെ പൊതുജനങ്ങൾക്കു് ഈ വിഷയത്തിൽ ഉണ്ടായിരുന്ന അഭിപ്രായം അൽസിബിയാദസിന്റെ 'ദ്വിതീയസംവാദ'ത്തിൽനിന്നു സ്പഷ്ടമാകുന്നുണ്ടു്. അൽസിബിയാദസ് ബലി സമർപ്പിക്കുവാൻ ദേവാലയത്തിൽപോയി; അവിടെ വച്ചു സുപ്രസിദ്ധ യവനതാത്വികനായ സോക്രട്ടീസിനെ കാൺകയും ദേവന്മാരോടു പ്രാൎത്ഥിക്കേണ്ട വിധത്തെപ്പററി അദ്ദേഹത്തോടു ചോദിക്കയും ചെയ്തു.

അൽസിബിയാദസ്: ശ്രേഷ്ഠനായ ഗുരുപാദരേ, ഞാൻ പൂജ അൎപ്പിക്കുവാനായി വന്നിരിക്കയാണു്. എന്നാൽ എങ്ങനെ പ്രാൎത്ഥിക്കണം, ദേവന്മാരോടു എന്തെല്ലാം അപേക്ഷിക്കണം എന്നൊന്നും എനിക്കറിഞ്ഞുകൂടാ.

സോക്ര: എന്തുപറയട്ടെ. കാൎയ്യങ്ങൾ എത്രയും അനിശ്ചിതവും, സംശയഗ്രസ്തവും ആയിരിക്കുന്നതിനാൽ മനുഷ്യർ എന്തുചെയ്യണമെന്നും എങ്ങനെ പ്രാർത്ഥിക്കണമെന്നും ഉപദേശിക്കുന്നതിനു ഗുരുവും രക്ഷകനുമായ ഒരാൾ വരുന്നതുവരെ ക്ഷമാപൂൎവ്വം കാത്തിരിക്കയല്ലാതെ ഗത്യന്തരമില്ല.

അൽ: അങ്ങനെയോ?

സോക്ര: അതെ, ഈശ്വരനോട്ടം സഹോദരന്മാരോട്ടം നമ്മോടുതന്നെയുമുള്ള നമ്മുടെ ധർമ്മങ്ങളെ അനുശാസിക്കുവാനുള്ള ഒരാളെ നാം പ്രതീക്ഷിക്കുകതന്നെവേണം.

അൽ: എത്രനാൾ കാത്തിരിക്കേണ്ടിവരും? ഇയാൾ ആരായിരിക്കാം? എനിക്ക് ആ പുരുഷോത്തംസത്തെ അറിയുന്നതിനു അതിവമായ ആഗ്രഹമുണ്ട്.

സോക്ര: നിങ്ങളെ സംബന്ധിക്കുന്ന സർവ്വകാര്യങ്ങളിലും അദ്ദേഹം അതിതാല്പര്യം പ്രദർശിപ്പിക്കുന്നുണ്ട്. പക്ഷേ നന്മയെ തിന്മയിൽനിന്നു വിവേചിച്ചറിവാൻ പ്രാപ്തനാകുന്നതിലേയ്ക്കു, നിങ്ങളുടെ ഗ്രഹണശക്തിയെ ആവരണം ചെയ്തിരിക്കുന്ന അന്ധകാരത്തെ നീക്കം ചെയ്യണം.

അൽ: (സന്തോഷത്തോടെ) കൊള്ളാം. അങ്ങനെയെങ്കിൽ അദ്ദേഹം തന്നെ വന്നു ഈ അന്ധകാരത്തെ നീക്കിക്കളയട്ടെ. ഞാൻ എൻെറ അഭ്യുന്നതിക്കുവേണ്ടി അദ്ദേഹം കല്പിച്ചതുള്ളതെല്ലാം ചെയ്യാൻ തയാറാണ്.

സോക്ര: ഞാൻ വിണ്ടും അതുതന്നെ പറയുന്നു. ആരെക്കുറിച്ചു ഞാൻ സംസാരിക്കുന്നുവോ അയാൾക്കു നിങ്ങളുടെ അഭിവൃദ്ധിയിലും സൗഭാഗ്യത്തിലും അനന്തമായ അഭിവാഞ്ഛയുണ്ട്.

അൽ: ഇപ്രകാരമെങ്കിൽ അദ്ദേഹത്തിൻെറ ആഗമനകാലംവരെ പൂജാസമർപ്പണം മാററിവയ്ക്കുന്നതു സ്വീകാര്യമായിരിക്കയില്ലയോ?

സോക്ര: അതെ, അങ്ങനെതന്നെ. ദൈവത്തിനു ബലികൾ ഇഷ്ടകരമോ അനിഷ്ടകരമോ എന്ന കാര്യം നിശ്ചയമില്ലാത്തപ്പോൾ അപകടത്തിൽ ചെന്നു ചാടാതിരിക്കണമെങ്കിൽ ഈ മാർഗ്ഗം സ്വീകരിക്കുന്നതായിരിക്കും ഭേദം.

അൽ: കൊള്ളാം. ആ ദിവസം വരട്ടെ; അന്നു നമുക്കു ദൈ

വത്തിനു അർച്ചന നൽകാം അദ്ദേഹം കൃപാലുവാകയാൽ ഉടനെതന്നെ വരുമെന്നു പ്രതിക്ഷിക്കാം'. (Plat. "In Alcib." II).

ഇപ്രകാരമുള്ള പാരമ്പര്യങ്ങൾ റോമിലും ഒട്ടും കുറവായിരുന്നില്ല. പ്രതിക്ഷിതനായ രക്ഷകനെ സംബന്ധിച്ചുള്ള 'കുമേയൻ സിബില്ലി'ന്റെ പ്രഖ്യാതമായ പ്രവചനത്തെപ്പററി ഗംഭീരാശയനും പ്രഖ്യാത വാഗ്മിയുമായ സിസറൊ തന്നെ പ്രസ്താവിക്കുന്നുണ്ട്. ("De Divinatione," lid. II.)

കവിതിലകനായ വിർജിലാകട്ടെ, ഭൂമുഖത്തുള്ള അന്യായങ്ങളും, അധർമ്മങ്ങളും നിശ്ശേഷം നിഹനിക്കുന്നവനും; ഈശ്വരവക്ഷസ്സിൽനിന്നു ജിവൻ സ്വീകരിക്കുന്നവനുമായ ആ അത്ഭുതശിശുവിന്റെ അഭ്യാഗമനം ഇപ്രകാരം വർണ്ണിക്കുന്നു. 'ദേവന്മാരുടെ വത്സലവംശജനേ, വന്നാലും. ദീർഘദർശികൾ പ്രവചിച്ചിട്ടുള്ള അങ്ങെ ആഗമനസമയം ആസന്നമായിരിക്കുന്നല്ലോ. കണ്ടാലും. അവിടുത്തെ ആഗമനത്തിൽ ഭൂമണ്ഡലം സമനില പ്രാപിക്കുന്നു. കടലും കരയും; ഭൂലോകവും സ്വർല്ലോകവും, സന്തോഷത്താൽ കുതിച്ചു ചാടുന്നു. ഓ! ഈ ഭാഗ്യദിനംവരെ ഞാൻ ജീവിച്ചിരുന്നെങ്കിൽ! അങ്ങെ വീരകൃത്യങ്ങളെ പ്രകീർത്തിക്കുന്നതിനു എന്റെ അന്ത്യശ്വാസമെങ്കിലും അവശേഷിച്ചിരുന്നെങ്കിൽ! ഓമനേ, വന്നു് പുഞ്ചിരിതൂകി, നിന്റെ മാതാവിനെ അംഗീകരിച്ചാലും.' ("Eclogue," 4).

പുരാതനരായ സ്കാൻഡിനേവിയാക്കാരുടെ, 'ഉത്തരദേശത്തിന്റെ വെളിപാടു്' എന്നു വിളിക്കപ്പെടുന്ന 'ഒളുസ്പ' അഥവാ പവിത്രഗാനത്തിൽ ഇപ്രകാരം വിവരിക്കപ്പെട്ടിരിക്കുന്നു: 'ഓഡിൻ' എന്ന ദേവന്റെ ആദ്യജാതനായ 'തോർ,' 'മിഡ്ഗാർ' എന്ന സർപ്പത്തെ യുദ്ധത്തിൽ വധിച്ചു. ഈ

സമരത്തിൽ തോറിനും ജീവാപായം നേരിട്ടുവെങ്കിലും അയാളുടെ വിജയം പ്രപഞ്ചത്തിൽ സമാധാനം പുനസ്ഥാപിക്കയും, ഭൂമുഖത്തെ ആകമാനം ബാധിച്ചിരുന്ന കുഴപ്പങ്ങളെ മുഴുവനായി ഇല്ലാതാക്കയും ചെയ്തു. (Mallet, "Voyage en Norvege.")

തെക്കെ അമേരിക്കയിലേ ചില വർഗ്ഗക്കാരുടെ ഇടയിലുള്ള ഒരു പാരമ്പര്യംകൂടി ഉദ്ധരിക്കാം. "ഒരു മഹാസർപ്പം ഓറിനോക്കോ നദിയുടെ പരിസരങ്ങളിൽ വലിയ വിനാശങ്ങൾ വരുത്തിയിരുന്നു. ഈ സർപ്പത്തെ വധിക്കുവാൻ 'പുരു' എന്ന ദേവൻ സ്വപുത്രനെ അയച്ചു. ഭയങ്കരമായ ഒരു യുദ്ധത്തിൽ ആ ബീഭത്സസത്വത്തെ അയാൾ കൊന്നു. അപ്പോൾ പുരു അവിടെ പ്രത്യക്ഷനായി, വധിക്കപ്പെട്ട സർപ്പത്തെ ആവസിച്ചിരുന്ന പിശാചിനോടു 'ശപിക്കപ്പെട്ടവനേ, നരകത്തിലേക്കു പോകുക; മേലാൽ ഒരിക്കലും നീ എന്റെ ഭവനത്തിൽ പ്രവേശിച്ചുകൂടാ' എന്നു് ആജ്ഞാപിച്ചു." (Gumilla, "Histoire nat. de l' Orenoque", t. I., p. 171)

## ഉപസംഹാരം.

പാപത്തിൽ നിന്നു മനുഷ്യവർഗ്ഗത്തെ സമുദ്ധരിക്കുവാൻ ഒരു രക്ഷകൻ വരുമെന്നുള്ള പ്രതീക്ഷ, മനുഷ്യൻ എത്രകണ്ടു പ്രാചീനനോ അത്രകണ്ടു പ്രാചീനമാകുന്നു എന്നതു് സർവരും സമ്മതിക്കുന്ന ഒന്നുതന്നെ. നിയമദാതാവായിട്ടും, രാജാവായിട്ടും ആചാര്യനായിട്ടും, പ്രവാചകനായിട്ടും, ദൈവമായിട്ടും സാർവത്രികമതസ്ഥാപകനായിട്ടും വർണ്ണിക്കപ്പെട്ടിരിക്കുന്ന ഈ രക്ഷകന്റെ കൃത്യം, നഷ്ടീഭവിച്ച അവകാശങ്ങളും സ്വാതന്ത്ര്യങ്ങളും ഇഷ്ടദാനങ്ങളും മനുഷ്യനു് തിരികെ വാങ്ങിക്കൊടുക്കുക എന്നതായിരുന്നു. ലോകത്തിന്റെ ഏതു ഭാഗത്തേക്കു

നോക്കിയാലും, തത്വശാസ്ത്രത്തിലാകട്ടെ വേദശാസ്ത്രത്തിലാകട്ടെ, കവിതയിലാകട്ടെ ചരിത്രത്തിലാകട്ടെ എവിടെ തിരഞ്ഞാലും രക്ഷകനെക്കുറിച്ചുള്ള പാരമ്പര്യം അവിടെയെല്ലാം സ്പഷ്ടമായികാണാം. ഭൂമുഖത്ത് ഇതിനേക്കാൾ സുവ്യക്തവും സാർവത്രികവും ആയ ഒരു വാസ്തവം ഒരിക്കലും ഉണ്ടായിട്ടില്ലതന്നെ. വിവേകമതിയായ ഒരു മനുഷ്യന് അതിനെ അവഗണിക്കുവാൻ എങ്ങനെ കഴിയും എന്നു മനസ്സിലാകുന്നില്ല. സമസ്തജാതികളും, സർവ ജനതയും ഇക്കാര്യത്തിൽ ഏകാഭിപ്രായമുള്ളവരത്രെ. മതം, ആചാരം, അനുഷ്ഠാനം, ഭാഷ, എന്നിങ്ങനെയുള്ള ഓരോന്നിലും അവർ ഭിന്നരായിരിക്കാം. മാത്സര്യംനിമിത്തം ശത്രുക്കളായി വർത്തിക്കുന്നവരുമായിരിക്കാം. എന്നാൽ ഇവിടെ അവരെല്ലാം ഏകാഭിപ്രായക്കാരാണ്. ഇത്രയുമല്ല, പ്രാമുഖ്യവും പരമാധികാരവും വഹിക്കുവാൻ ഓരോ ജാതിക്കും പ്രകൃത്യാതന്നെ ഒരു പ്രതിപത്തിയുണ്ട്. പ്രഥമപദം പ്രാപിക്കുവാൻ ഓരോരുത്തനും അത്യധികം ശ്രമം ചെയ്യുന്നു. അധമസ്ഥാനംകൊണ്ടു തൃപ്തിയടയുന്നവരാരുമില്ല. ആകയാൽ എല്ലാജാതികളും രക്ഷകനെ തങ്ങളുടെ സ്വന്തമായി അവകാശപ്പെടുന്നതിൽ ജാഗരൂകരായിരുന്നതുകൊണ്ടു അദ്ദേഹത്തിൻെറ ജന്മഭൂമിയാകുന്നതിനുള്ള ഭാഗ്യവും താന്താങ്ങളുടെ രാജ്യത്തിനുതന്നെ ലഭിക്കണമെന്നും ന്യായമായി ആഗ്രഹിക്കേണ്ടിയിരുന്നു. പക്ഷേ യാഥാർത്ഥ്യം അങ്ങനെയല്ല. യൂദയാരാജ്യക്കാർ മാത്രമേ ഇപ്രകാരം അവകാശപ്പെട്ടുകാണുന്നുള്ളു. അദ്ദേഹം കിഴക്കുത്ഭവിക്കുമെന്നു പടിഞ്ഞാറുള്ളവരും, പടിഞ്ഞാറുത്ഭവിക്കുമെന്നു കിഴക്കുള്ളവരും വിചാരിച്ചിരുന്നു. രക്ഷകൻെറ ജനനസ്ഥലമായ പലസ്തീനാ പൗരസ്ത്യദേശങ്ങൾക്കും പാശ്ചാത്യദേശങ്ങൾക്കും മദ്ധ്യേ സ്ഥിതിചെയ്യുന്നതുകൊണ്ടു, പരസ്പരവിരുദ്ധമെ

ന്നു തോന്നാവുന്ന ഇരുകൂട്ടരുടെയും പാരമ്പര്യങ്ങൾ ഒരേവാസ്തവത്തെത്തന്നെ കുറിക്കുന്നവയാണെന്നു വിശദമാകുന്നുണ്ട്.

ഇത്രയധികം പ്രവചനങ്ങൾ യേശുക്രിസ്തുവിൽ നിവൃത്തിയായി എന്നതു് അവിടുത്തെ പ്രേഷിതത്വത്തിൻെറ ദിവ്യസ്വഭാവത്തെ പ്രകടമായി പ്രകാശിപ്പിക്കുകയാണു ചെയ്യുന്നതു്. പ്രവചനം ഒരു ആവിഷ്കരണം അഥവാ 'വെളിപാടു്' ആകുന്നു. അതിൽത്തന്നെ അതിൻെറ തെളിവും അടങ്ങിട്ടുണ്ട്. പ്രവചനം ഒരു ആവിഷ്കരണമാകുന്നു; കാരണം, ദൈവത്തിനുമാത്രം അറിയാവുന്ന സംഗതികളെ അതു പ്രഖ്യാപനംചെയ്യുന്നു. അതിൽത്തന്നെ അതിൻെറ തെളിവും അടങ്ങിട്ടുണ്ടു; എന്തുകൊണ്ടെന്നാൽ അതു പ്രകൃത്യതീതമാകുന്നു. ഫ്റാൻസിലേ വൈദിക വാഗ്മികളിൽ അദ്വിതീയനായ ലക്കൊർഡയർ യേശുക്രിസ്തുവിനെക്കുറിച്ചുള്ള തൻെറ അഞ്ചാമത്തെ പ്രസംഗത്തിൽ പറയുന്നു: "ബഹുമാന്യ ശ്രോതാക്കളേ, നിങ്ങൾ ഇതേപ്പററി എന്തു വിചാരിക്കുന്നു! ഇതാ തുല്യങ്ങളും അനുരൂപങ്ങളുമായ രണ്ടു വാസ്തവങ്ങൾ; രണ്ടും സുനിശ്ചിതങ്ങൾ; രണ്ടും അത്യന്തം ബ്രഹ്മാണ്ഡങ്ങൾ. ഒന്നു് യേശുക്രിസ്തുവിനുമുമ്പ് അനേകായിരം സംവത്സരത്തോളം നിലവിലിരുന്നതു്; മറേറതു് യേശുക്രിസ്തുവിനുശേഷം, പത്തൊൻപതു ശതാബ്ദത്തോളം പഴക്കമുള്ളതു്. ഒന്നു്, ഒരു മഹാപരിവൎത്തനത്തിനു്, അതെ, മുൻകൂട്ടി കാണ്മാൻ പ്രയാസമായ ഒരു പരിവൎത്തനത്തിനു്, ആരംഭമിടുന്നു. രണ്ടാമത്തേതു് അതിനെ പൂൎത്തിയാക്കുന്നു. രണ്ടിൻെറയും മൂലവും അന്ത്യവും ഐക്യഘടകവും ക്രിസ്തുതന്നെ. ഒന്നുകൂടി ചോദിച്ചുകൊള്ളട്ടെ. ഇതേപ്പററിനിങ്ങൾ എന്തുവിചാരിക്കുന്നു? ദൈവം പ്രവൎത്തിക്കുമ്പോൾ അവിടുത്തേയ്ക്കു് എതി

രായി ചെയ്യേണ്ടതൊന്നുമില്ല. ഭൂതകാലത്തിൻേറതെന്നപോലെ ഭാവിയുടേയും നിയാമകശക്തിയായും, തനിക്കു മുമ്പും പിമ്പുമുള്ള യുഗങ്ങളുടെ ജീവചൈതന്യമായും യേശുക്രിസ്തുവിനെ നാം കാണുന്നു. അവിടത്തെ പൂർവജന്മാരും പുരാതനകാലത്തെ ഏററം പ്രഖ്യാതന്മാരും ആയിരുന്ന ജനങ്ങളാൽ പൂജിതനും, ആധുനികകാലത്തെ സാമുദായികവും മതാത്മകവും ആയ സ്ഥാപനങ്ങളിൽ അഗ്രിമസ്ഥാനം അർഹിക്കുന്ന കത്തോലിക്കാസഭയുടെ അരുമസന്താനങ്ങളായ തൻെറ അനന്തരഗാമികളാൽ ആരാധിതനുമായി അവിടുന്നു പ്രത്യക്ഷനാകുന്നു. ഇടത്തുകൈയിൽ പൂർവകാലത്തെ ഏററം വിശിഷ്ടഗ്രന്ഥമായ 'പഴയനിയമ'വും വലത്തുകൈയിൽ തനിക്കു പിമ്പുള്ളകാലത്തെ ഉൽകൃഷ്ടഗ്രന്ഥമായ 'പുതിയനിയമ'വും വഹിച്ചുകൊണ്ട് അദ്ദേഹം നമ്മുടെ മുമ്പിൽ നിലകൊള്ളുന്നു. അദ്ദേഹത്തിനു മുമ്പു അനേകം കുലപതികളും ദീർഘദർശികളും, പിമ്പു നിരവധി പ്രേഷിതന്മാരും രക്തസാക്ഷികളും ഉണ്ടായിട്ടുണ്ട്. എന്നാൽ ക്രിസ്തു ഇവരെല്ലാവരെയും അതിശയിക്കുന്നു. അദ്ദേഹത്തിനു മുമ്പും പിമ്പുമുള്ള അതൃുത്തമന്മാരായ സകലരാലും പരിലാളിതമായ അവിടത്തെ സുന്ദരാകാരം, അതിശ്രേഷ്ഠങ്ങളെന്നു വിചാരിക്കപ്പെട്ടിരുന്ന എല്ലാററിനെയും വെല്ലുന്ന പ്രഭാവത്തോടെ, അനുപമനും തുല്യരഹിതനുമായ ദൈവത്തെത്തന്നെ നമ്മുടെ ദൃഷ്ടിക്കു വിഷയീഭവിപ്പിക്കുന്നു."

## അദ്ധ്യായം ൩.

### രണ്ടാമത്തെ ഹവ്വാ.

### I. കന്യകയും ദൈവദൂതനും.

ലോകം മുഴുവനും രക്ഷകനെ പ്രതീക്ഷിച്ചിരുന്ന ആ സമയത്തു തന്നെയാണ് അവിടുന്നു ആഗതനായതു്. യൂദായുടെ രാജാധികാരം നഷ്ടീഭവിക്കയും, വൈദേശികർ അതിനെ കരസ്ഥമാക്കുകയും ചെയ്തിരിക്കുന്നു. ഹേറോദേസിന്റെ സ്തുതിപാഠകന്മാർ അവനെ 'മെസിയാസ്" എന്ന അഭിലഷണീയമായ സ്ഥാനപ്പേരാൽ അഭിസംബോധനം ചെയ്തുകഴിഞ്ഞു. ദൈവമായ ക്രിസ്തുവിനെ ദർശിക്കാതെ മൃത്യുവടകയില്ലായെന്നു വിശുദ്ധനായ സിമയോൺ ദൈവനിവേശനം മൂലം ഗ്രഹിച്ചു. സുവർണ്ണദശയെ പുനസ്ഥാപിപ്പാൻ ഒരു ഭരണാധികാരിയെ റോമാക്കാരും പ്രതീക്ഷിച്ചിരിക്കയാണ്. സമാധാനം എവിടേയും നിർബാധം കളിയാടുന്നു. രാഷ്ട്രങ്ങൾ തമ്മിലുണ്ടായിരുന്ന ഈ സമാധാനത്തെ "നമുക്കു മനുഷ്യനെ നമ്മുടെ രൂപത്തിലും നമ്മുടെ സാദൃശ്യത്തിലും ഉണ്ടാക്കാം." സൃഷ്ടി. ൧,൨൬. എന്നുള്ള ആലോചനയോടുകൂടെ സൃഷ്ടികർമ്മത്തെ പൂർത്തിയാക്കുവാൻ ദൈവം സന്നദ്ധനായപ്പോൾ—ഭൂമി

അതിൻെറ രാജാവിനെയും ഗുരുവിനെയും പ്രതിക്ഷിച്ചിരുന്നപ്പോൾ അതെ, പ്രകൃതിവിലാസത്താൽ മനോമോഹനമായ ഭൗമിക പറുദീസാ, അതിൻെറ രാജകീയാതിഥിയായ ആദത്തെ അഭിവാദ്യം ചെയ്തപ്പോൾ—അഭിനവമായി സൃഷ്ടിക്കപ്പെട്ട വിശ്വം പ്രദർശിപ്പിച്ച പ്രശാന്തതയോടു താരതമ്യപ്പെടുത്താവുന്നതാണ്.

നാലായിരത്തിൽപരം സംവത്സരങ്ങൾ കഴിഞ്ഞിരിക്കുന്നു! ലോകസ്ഥിതി എത്ര പരിതാപകരം! ദുരിച്ഛരകളുടെ ശക്തിയാലും, വ്യഥിതഹൃദയരുടെ വിലാപത്താലും അത് അസ്വസ്ഥമായിരിക്കുന്നു. മനുഷ്യർ ദൈവത്തെ വിസ്മരിച്ചു കല്ലും മരവും കൊണ്ടുണ്ടാക്കിയ വിഗ്രഹങ്ങളെ ദേവന്മാരായി ആരാധിപ്പാൻ തുടങ്ങി. ദുഷ്ടത സർവ്വത്ര വ്യാപിച്ചു. നികൃഷ്ടവും ലജ്ജാവഹവുമായ ദുഷ്കൃത്യങ്ങളാൽ അന്തരീക്ഷം മ്ലാനമായി. മനുഷ്യവർഗ്ഗം തിന്മയേയും വഷളത്തത്തേയും സ്നേഹിച്ചു; അത് ആമൂലാഗ്രം അശുദ്ധമായി. എന്നാൽ ഇതാ! പരിത്രാതാവു വരുന്നു; നശിച്ച മനുഷ്യവർഗ്ഗം താമസംവിനാ പുനരുദ്ധരിക്കപ്പെടും; അതു പണ്ടുണ്ടായിരുന്ന മഹിമയെ പ്രാപിക്കും; രക്ഷകൻെറ ആഗമനാർത്ഥം മനുഷ്യാവതാരത്തിനുള്ള പറുദീസാ സജ്ജീകൃതമായിരിക്കുന്നു. എല്ലാം സന്നദ്ധമായി.

ഗലിലേയായിലേ ഒരു കുഗ്രാമമായ നസ്റത്തിൽ മാർച്ചുമാസം ൨൫-ാംനു- സുന്ദരിയും നിർമ്മലയുമായ ഒരു കന്യകാരത്നം, ലോകപ്രതീക്ഷിതനായിരുന്ന പരിത്രാണകനെ അയയ്ക്കുവാൻ തൻെറ പിതാക്കന്മാരുടെ ദൈവത്തോടു പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്നു. പതിനഞ്ചു വയസ്സേ അവൾക്കു പ്രായമുള്ളു. രാജ്ഞി, സാർവ്വഭൗമ, സമുദ്രതാരം എന്നീത്രിവിധാർത്ഥങ്ങളുള്ള മറിയമെന്ന നാമമാണ് അവൾ ധരിച്ചിരിക്കുന്നത്. വാനാരൂപിപ്രമുഖന്മാരിൽ ഒരുവനായ ഗബ്രിയേൽ ആക

സ്തികമായി അവളുടെ മുമ്പാകെ പ്രത്യക്ഷപ്പെട്ടുകൊണ്ടു "നന്മയാൽ പൂൎണ്ണയായവളേ! നിനക്കു സ്വസ്തി! കൎത്താവു നിന്നോടുകൂടെ. നീ സ്ത്രീകളിൽ അനുഗൃഹീതയാകുന്നു." (ലൂക്കു. ൧. ൨൮.) എന്നു് അഭിവാദ്യംചെയ്യുന്നു. ഇതു കേട്ട മറിയം പരിഭ്രാന്തിപൂണ്ടു; അത്ഭുതപരതന്ത്ര്യയും ആകുലചിത്തയുമായി ത്തീൎന്നു. ഇതിൽ വിസ്മയത്തിന്നവകാശമില്ല. ഇതഃപൎയ്യന്തം ഇത്ര മഹാനായ ഒരാൾ ഒരു സൃഷ്ടിയെ ഏവംവിധം അഭിവാദ്യം ചെയ്തിട്ടില്ല. ദൌത്യമാണെങ്കിൽ അതും ദൈവദൂതന്റെ അല്ല, പ്രത്യുത, ദൈവത്തിന്റെ തന്നെയാണു്. സൎവ്വജഗന്നിയന്താവു മറിയത്തെ "നന്മനിറഞ്ഞവളെ"ന്നും, "സ്ത്രീകളിൽ അനുഗൃഹീത" എന്നും വിളിക്കുന്നു! സൎവ്വശക്തൻ ഒരു കന്യകയുടെ അനുവാദം ലഭിക്കുവാൻ ഒരു സന്ദേശവാഹിയെ അയക്കുന്നു; ഇതു് ഒരു ആഖ്യായികപോലെ അത്ര രസാവഹമാണു്. ഇത്രമാത്രം ബഹുമാനത്തിനു പാത്രീഭൂതയായ ഇവൾ എത്ര നിൎമ്മലയായിരിക്കണം! എങ്കിലും ആ സ്ത്രീരത്നത്തിന്റെ വിനയവും എളിമയും എത്ര മഹത്തരമേറിയതു്! വാനരൂപിയെ കണ്ടതുകൊണ്ടല്ല അവൾ പരിഭ്രമിക്കുന്നതു്. പിന്നെയോ, അയാൾ ഉച്ചരിച്ച സ്തുതിവചനങ്ങൾ കേട്ടതുകൊണ്ടാണു്. ഇസ്രായേലിലേ കന്യകകളിൽ ഏററം അയോഗ്യയായി മാത്രമാണു് അവൾ തന്നെത്താൻ പരിഗണിച്ചിരുന്നതു്; തന്നിമിത്തം അത്യുന്നതന്റെ ശ്രദ്ധ തന്നിൽ പതിയുമെന്നു് അവൾ സ്വപ്നേപി വിചാരിച്ചിരുന്നില്ല. ആ സ്വൎഗ്ഗീയ പാരിഷദൻ അവളോടു പറഞ്ഞു: "മറിയമേ! നീ ഭയപ്പെടേണ്ട; എന്തുകൊണ്ടെന്നാൽ നീ ദൈവസന്നിധിയിൽ അനുഗ്രഹം കണ്ടെത്തിയിരിക്കുന്നു. നീ ഗൎഭംധരിച്ചു് ഒരു പുത്രനെ പ്രസവിക്കും; അവനെ ഇശോയെന്നു നാമകരണം ചെയ്യണം. അവൻ മഹാനായിരിക്കും; അത്യുന്നതന്റെ സു

തനെന്നു വിളിക്കപ്പെടുകയും ചെയ്യും. ദൈവമായ കത്താവ് അവന്റെ പിതാവായ ദാവീദിന്റെ സിംഹാസനം അവനു നൽകും; അവൻ യാക്കോബിന്റെ വംശത്തിൽ നിത്യംവാഴും; അവന്റെ രാജ്യത്തിന്ന് അവസാനവും ഉണ്ടാകയില്ല." (ലൂക്കാ ൧. ൩൦-൩൩)

ചിരകാലപ്രതീക്ഷിതനായിരുന്ന മിശിഹായെക്കുറിച്ചുള്ള പ്രവചനങ്ങൾ സുപരിചിതങ്ങളായിരുന്നതിനാൽ പ്രസ്തുത ദൗത്യത്തിന്റെ സാരം ഗ്രഹിക്കുവാൻ മറിയത്തിനു വിഷമമുണ്ടായില്ല. സവ്വശക്തൻ, അവിടുത്തെ നിത്യസുതന്റെ മാതാവായി, തന്നെ തിരഞ്ഞെടുത്തിരിക്കുന്നു എന്നും, ആ പദവിയുടെ മാഹാത്മ്യം അനല്പമെന്നും അവൾ മനസ്സിലാക്കി. തനിക്കു തന്നെയല്ല, സവ്വലോകത്തിനും ലഭിക്കുവാനിരിക്കുന്ന മനുഷ്യാവതാരത്തിന്റെ അനന്തരഫലങ്ങളെ ആ യഹൂദകന്യകാരത്നം ദർശിച്ചു. എന്നിട്ടും, ഈ ഉന്നതസ്ഥാനത്തിന്റെ വൈശിഷ്ട്യം അഹംഭാവത്തിന്റെയോ വ്യക്ത്യാഭിമാനത്തിന്റെയോ ഒരു കണികപോലും അവളിൽ ഉൽഭൂതമാക്കിയില്ല. അവൾ സമചിത്തയും, വിനീതബുദ്ധിയും, പ്രശാന്തഹൃത്തുമായി കാണപ്പെട്ടു. അവളുടെ ആത്മാവിനെ അലങ്കരിച്ച വരപ്രസാദത്തിന്റെ പൂണ്ണത അന്യാദൃശമായ ഈ മഹിമയെ സമഭാവനയോടെ സമീക്ഷിക്കുവാൻ അവളെ ശക്തയാക്കി എന്നാൽ ദൈവാഭീഷ്ടത്തിന്നു സമ്മതിനൽകുന്നതിനു മുൻപ് അവൾക്കു ഒരു സംശയനിവൃത്തി വരുത്തേണ്ടതുണ്ടായിരുന്നു. ഒരു ദിവസം അവൾ ധ്യാനനിഷ്ഠയും, സ്നേഹപരവശയും, അനുഗ്രഹസംപൂണ്ണയുമായിരിക്കയിൽ തന്റെ നിമ്മലഹൃദയത്തെ നിത്യകന്യാവ്രതംമുഖേന ദൈവത്തിന്നു സമർപ്പിച്ചിരുന്നു. പുണ്യങ്ങളുടെ മൗക്തികമായ കന്യാത്വം ദൈവമാതൃത്വത്തെക്കാൾ വിലയേറിയ ഒന്നായി അ

വൾ ഗണിച്ചു. ഈ ധീരകന്യകയുടെ പ്രതിജ്ഞയെ ദുർബ്ബലപ്പെടുത്തുവാൻ യാതൊന്നിനും സാദ്ധ്യമല്ല; അവൾ അനവരതം ബ്രഹ്മചാരിണിയായി വർത്തിക്കും. ആകയാൽ കന്യകയായിരിക്കെ 'ഇതെങ്ങനെ സംഭവിക്കും' എന്നു് ആ സ്വർഗ്ഗീയ ദൂതനോടു അവൾ ചോദിക്കുന്നു. അവളിൽ പൂർത്തിയാകാനിരുന്ന അത്ഭുതാവഹമായ രഹസ്യം അത്യുന്നതന്റെ പ്രവൃത്തിയാണെന്നും, അവൾ അമൂല്യമായി ഗണിച്ചിരുന്ന കന്യാത്വത്തിനു യാതൊരു ഭംഗവും വരികയില്ലായെന്നും ഉദ്ബോധിപ്പിച്ചു് വാനാരൂപി അവളുടെ സംശയത്തെ നിവാരണം ചെയ്യുന്നു. ഇപ്പോൾ മാത്രമെ മറിയം സമ്മതം നൽകുന്നുള്ളു. "ഇതാ, കർത്താവിന്റെ ദാസി; നിന്റെ വചനംപോലെ എന്നിൽ സംഭവിക്കട്ടെ." തൽക്ഷണം നാല്പതു ശതാബ്ദങ്ങളുടെ പ്രതീക്ഷ സഫലമായി. ദൈവം മനുഷ്യനായി. "വചനം മാംസമായി നമ്മിൽ വസിച്ചു."

ദൈവത്തിന്റെ പ്രവൃത്തികൾ എത്ര അത്ഭുതാവഹം! ഒരു സ്ത്രീയാണു നമ്മുടെ നാശത്തിനു കാരണം; ഒരു സ്ത്രീതന്നെ നമ്മുടെ പരിത്രാണത്തിനും ഹേതു. അധഃപതനത്തിനു് ഉപകരണമായിരുന്നതു ഒരു ദുഷ്ടാരൂപി; പുനരുദ്ധാരണത്തിനൊ ഒരു ശിഷ്ടാരൂപി. ആദ്യത്തെ ഹവ്വാ സർപ്പം പറഞ്ഞതുകേട്ടു. രണ്ടാമത്തെ ഹവ്വാ അവന്റെ തലയെ തകർത്തു. സ്വർഗ്ഗീയ ദൂതൻ മറിയത്തെ വലിയ ബഹുമാനത്തോടും, ആദരവോടുംകൂടിയാണു് അഭിസംബോധനം ചെയ്യുന്നതു്. ഒരു രാജ്ഞിയോടെന്നോണം അവളോടു സംഭാഷിക്കുന്നു. പഴയനിയമത്തിൽ മനുഷ്യർ ദൈവദൂതന്മാരെ ഭയപ്പെട്ടിരുന്നു. വാനാരൂപികൾ ആത്മസ്വരൂപരത്രെ. അവരുടെ പ്രകൃതി സർവ്വഥാ പ്രകാശമാനവും ഉജ്ജ്വലവുമാണു്. അവർ പാപത്താൽ കളങ്കിതരാകയോ അവരുടെ പൂർവ്വവിശുദ്ധിക്കു ഹാനി ഭവിക്കയോ ചെയ്തിട്ടില്ല. അവർ ദിവ്യമായ മഹിമാവിനാൽ

ആവൃതരും അവാച്യമായ ആനന്ദം അനുഭവിക്കുന്നവരും, ദൈവത്തിന്റെ പ്രിയ പുത്രരുമാണ്. വിശുദ്ധനും അത്യന്ത തന്റെ പ്രവാചകനുമായി പരിലസിച്ചിരുന്ന ഡാനിയേൽ അവരിൽ ഒരുവനെക്കണ്ടു ഭയന്നു സാഷ്ടാംഗപ്രണാമം ചെയ്തു. എന്നാൽ ഗബ്രിയേൽ ദൈവദൂതൻ മറിയത്തെ സന്ദർശിച്ച സന്ദർഭത്തിൽ സംഗതികൾ എത്ര വ്യത്യസ്തമായ നിലയിലാണു നാം കാണുന്നതു്! ഇതാ സുന്ദരിയും പ്രതാപിനിയും, പ്രസാദവരത്തിന്റെയും പവിത്രതയുടെയും നിക്ഷേപങ്ങൾ കൈക്കൊണ്ടവളുമായ ഒരു കന്യക പാപപങ്കിലമായ ഈലോകത്തിൽ പ്രത്യക്ഷപ്പെടുന്നു. അവൾ നമ്മുടെ വംശത്തിൽപ്പെട്ടവളും, 'സഹോദരി' എന്ന മധുരനാമത്തിന്നു് അർഹയുമാണ്. അവളെ അഭിവാദ്യം ചെയ്യാൻ ദൈവം ഒരു സന്ദേശവാഹിയെ അയയ്ക്കുന്നു. ഈ സ്വർഗ്ഗീയാരൂപി വിനീതയായ അവളുടെ കാല്ക്കൽ സാഷ്ടാംഗപ്രണാമം ചെയ്യുന്നു; അവളെ തന്റെ രാജ്ഞിയായിട്ടും, അവളിൽനിന്നു ജാതനാകുവാനിരിക്കുന്നവനെ തന്റെ ദൈവമായിട്ടും ഏററു പറയുന്നു. ഹാ! ആ കന്യാമണിയുടെ സ്ഥാനം എത്ര ശ്രേഷ്ഠം! എത്ര മഹനീയം! സർവ്വശക്തൻ അവളുടെമേൽ നിഴലിക്കുന്നു. നിത്യനായുള്ളവൻ അവളുടെ പുത്രനായിത്തീരുന്നു; രാജാക്കന്മാർ, ഗോത്രപിതാക്കന്മാർ, പ്രവാചകന്മാർ ആദിയായവർ സ്നേഹത്തോടും ആശ്ചര്യത്തോടും അവളെ ദർശിക്കുന്നു. അവളുടെ സ്വരം കേൾക്കുന്നമാത്രയിൽ പുരാതനലോകം അപ്രത്യക്ഷമാകുന്നു; സാദൃശ്യങ്ങളും അദൃശ്യമാകുന്നു. ലക്ഷോപലക്ഷം ആത്മാക്കൾക്കായി സ്വർഗ്ഗം തുറക്കപ്പെടുന്നു; പിശാചുക്കളുടെ ശക്തി ശിഥിലമാകുന്നു. പ്രവചനങ്ങൾ പൂർത്തിയാകുന്നു. അസംഖ്യം രക്തസാക്ഷികൾ, കന്യകകൾ, വിശുദ്ധരാദിയായവരാൽ അലംകൃതമായ ക്രൈസ്തവലോകത്തിന്റെ പ്രഭാതം പ്രത്യക്ഷമാകുന്നു.

എന്നാൽ മംഗലവാർത്തയുടെ സമാധാനപരമായ രംഗത്തിൽ, ദൈവം കേവലം ഒരു യുവകന്യകയോടു പ്രദർശിപ്പിക്കുന്ന ബഹുമാനാദരങ്ങളാണു നമ്മെ കൂടുതൽ വിസ്മയഭരിതരാക്കുന്നതു്. ഏററവും വിശിഷ്ടമായ ഒരു സഖ്യത്തിൻെറ അംഗീകരണം അവളുടെ അഭീഷ്ടത്തിന്നു വിട്ടുകൊടുത്തുകൊണ്ടു്, അവിടുന്നു് അവളുടെ മനഃസ്വാതന്ത്ര്യത്തെ എപ്രകാരം ബഹുമാനിക്കുന്നുവെന്നു നോക്കുക. സർവ്വസ്വതന്ത്രനായ ദൈവം തൻെറ സർവ്വോൽകൃഷ്ടമായ പ്രവൃത്തിക്കു് ഒരു കന്യകയുടെ-പതിനഞ്ചു വയസ്സുമാത്രം പ്രായമുള്ള ഒരു തരുണിയുടെ-സമ്മതി പ്രതീക്ഷിച്ചു നില്ക്കുന്നു. അവിടുന്നു സ്വപുത്രൻെറ ആഗമനത്തെയും മനുഷ്യാവതാരത്തെയും നരകുലപരിത്രാണത്തെയും പുരസ്കരിച്ചു് അവളോടു സംസാരിക്കുന്നു. രഹസ്യങ്ങളിൽ ഏററം വിസ്മയാവഹമായ മനുഷ്യാവതാരത്തെക്കുറിച്ചു് അവളോടു് ആലോചിക്കയും അവളുടെ സഹകരണം ആവശ്യപ്പെടുകയും ചെയ്യുന്നു. സഹകരിക്കുന്നതിനോ സഹകരിക്കാതിരിക്കുന്നതിനോ അവൾക്കു പൂർണ്ണസ്വാതന്ത്ര്യമുണ്ടു്. അവളുടെ സമ്മതംകൂടാതെ ഇക്കാര്യത്തിൽ ഏതെങ്കിലും പ്രവർത്തിക്കുന്നതിനൊ നിർബ്ബന്ധപൂർവ്വം അവളെ സമ്മതിപ്പിക്കുന്നതിനൊ അവിടുന്നു് ആഗ്രഹിക്കുന്നില്ല. സർവ്വശക്തൻ ഇവളോടു പ്രദർശിപ്പിക്കുന്ന ബഹുമാനം യഥാർത്ഥത്തിൽ വിസ്മയാവഹംതന്നെ. അതിൻെറ സ്മരണ നമ്മുടെ വിശ്വാസത്തെ സംവൃദ്ധമാക്കുകയും, മറിയത്തിൻെറ നിരുപമമായ മാഹാത്മ്യത്തെക്കുറിച്ചു നമുക്കു ജ്ഞാനം നൽകുകയും ചെയ്യുന്നു. ദൈവം, മനുഷ്യാവതാരത്താൽ പുരുഷനേയും സ്ത്രീയേയും ബഹുമാനിക്കുവാൻ ഉദ്ദേശിച്ചു. പുരുഷൻെറ രൂപം സ്വീകരിച്ചു് അവിടുന്നു പുരുഷനെ അതിമഹനീയമായ ഒരു പദവിയിലേയ്ക്കു് ഉയർത്തി;

എന്നാൽ ഈ അഭ്യുന്നതി സ്ത്രീമൂലമാണെന്നും ആകയാൽ അതു മറിയത്തിന്റേതായി ഗണിക്കപ്പെടേണ്ടതാണെന്നും ഉള്ള വാസ്തവം വിസ്മരിക്കാവതല്ല. ദൈവദൂതസന്നിഭനായ വി. തോമസ് അക്വീനാസ് മനുഷ്യാവതാരത്തെ, ദൈവപുത്രനും മനുഷ്യവംശവും തമ്മിലുള്ള ഒരു ആദ്ധ്യാത്മിക വിവാഹോത്സവമായി വർണ്ണിക്കുന്നു. ഈ ഉൽകൃഷ്ട ബാന്ധവത്തിൽ മനുഷ്യാവതാരത്തിന്റെ പ്രാതിനിധ്യം വഹിക്കുന്നതു മറിയമാണ്. അവൾ മനുഷ്യവർഗ്ഗത്തിന്റെ മദ്ധ്യസ്ഥയാകയാൽ പൂർണ്ണ സ്വാതന്ത്ര്യം അനുഭവിക്കണം. മനുഷ്യാവതാരത്തിനും തൽഫലങ്ങൾക്കും നാം മറിയത്തോട് എപ്രകാരം കടപ്പെട്ടിരിക്കുന്നുവൊ അപ്രകാരംതന്നെ മനുഷ്യത്വത്തെ സംബന്ധിച്ചേടത്തോളം ദൈവകുമാരനും എന്നും അവളോടു കടപ്പെട്ടിരിക്കുന്നു. ഇതെല്ലാം ആലോചിക്കുമ്പോൾ മനുഷ്യാവതാരം മൂലം മറിയത്തിനു ലഭിച്ച പദവിയും നമുക്കു കൈവന്നിരിക്കുന്ന ഭാഗ്യവും അനിർവ്വചനീയം തന്നെ.

## II. ദൈവജനനി.

"ദൈവ മാതാവെന്ന നിലയിൽ പരിശുദ്ധ കന്യകയ്ക്കുള്ള സ്ഥാന മാഹാത്മ്യം അനന്തമാണ്" (p. t; 9, 25. a. 6.) എന്നു വി: തോമസ് അക്വീനാസ് അഭിപ്രായപ്പെടുന്നു. ഇതെത്ര വാസ്തവം! മറിയത്തിന്റെ സ്ഥാനം സ്വപുത്രന്റേതിനോട് അനുയോജ്യമായിരിക്കണം. അവളുടെ പുത്രൻ ദൈവമാണ്. "സകല സൃഷ്ടികളും മൗനം ദീക്ഷിക്കുകയും വിറക്കുകയും ചെയ്യട്ടെ. ഇത്ര മഹനീയമായ പദവിയുടെ ഔന്നത്യത്തെ ദർശിക്കുന്നതിനു യാതോരു സൃഷ്ടിയും തുനിയാതിരിക്കട്ടെ; പദാർത്ഥതാദാത്മ്യം (Identity of substance) മുള്ള കന്യകയിൽ ദൈവം വസിക്കുന്നു". എന്നു വേദപാരംഗതനായ വി. പീററർ ദാമിയൻ, പ. കന്യകയുടെ ജ

നത്തെക്കുറിച്ചുള്ള തൻെറ ഗ്രന്ഥത്തിൽ പ്രസ്താവിക്കുന്നു. സ്വർഗ്ഗത്തേയും ഭൂമിയേയും സൃഷ്ടിച്ചവനും കർത്താക്കളുടെ കർത്താവും, രാജാക്കളുടെ രാജാവുമായ ദൈവം മറിയത്തിൻെറ പുത്രനും ആജ്ഞാനുവർത്തിയുമായിത്തീരുന്നു. അവർതമ്മിൽ ഏററം ഗാഢമായ രക്തസംബന്ധമുണ്ട്. ഒരു മാതാവിനു സുതനോടുള്ള സംബന്ധം തന്നെയാണ് ഇതു്. ഏതൻമൂലം മറിയം അത്യുന്നതമായ ഒരു സ്ഥാനത്തേയ്ക്കു് ഉയർത്തപ്പെട്ടിരിക്കുന്നു. ഒരു ദൈവദൂതപ്രധാനൻെറ സ്ഥാനത്തെക്കാൾ ഉയർന്നതാണു മറിയത്തിൻേറതു്. വാനാരൂപികളിൽ ആർക്കുംതന്നെ സർവ്വേശ്വരനെ 'മക'നെന്നു വിളിക്കുവാൻ ഭാഗധേയം സിദ്ധിച്ചിട്ടില്ല. മറിയത്തിനൊ എന്നാൽ ഈ ഭാഗ്യം കൈവന്നു. ജീവനുള്ള ദൈവത്തിൻെറ പുത്രൻ, മറിയത്തെ 'അമ്മ' എന്ന മധുര നാമത്താൽ അനേകം പ്രാവശ്യം അഭിസംബോധനം ചെയ്തിട്ടുണ്ട്. നിത്യപിതാവിന്നു തൻെറ അനന്ത ബുദ്ധിവൈഭവംകൊണ്ടുപോലും ദൈവ മാതൃപദത്തേക്കാൾ ഉന്നതമായ ഒരു സ്ഥാനം സൃഷ്ടിക്കുവാനൊ, മറിയത്തേക്കാൾ ഉൽകൃഷ്ടമായ ഒരു സൃഷ്ടിയെ നിർമ്മിക്കുവാനൊ സാദ്ധ്യമല്ല. ദൈവത്തിനു, തൻെറ അനന്ത ശക്തികൊണ്ടു സൃഷ്ടിക്കാവുന്നതിൽവച്ചു ശ്രേഷ്ഠസൃഷ്ടിയാണു മറിയം. "സർവ്വശക്തനു് ഈലോകത്തേക്കാൾ പൂർണ്ണവും വിസ്തൃതവുമായ ലക്ഷോപലക്ഷം ലോകങ്ങളെ സൃഷ്ടിക്കാം; എന്നാൽ ദൈവമാതൃസ്ഥാനത്തേക്കാൾ മഹനീയവും പരിപൂർണ്ണവുമായ ഒരു പദവിയെ സൃഷ്ടിക്കുക ശക്യമല്ല." (Spec. B. V. Lecl. 9, 10) എന്നു വി. ബൊനവൻതുര ഉദ്ഘോഷിക്കുന്നു. സ്വർഗ്ഗീയവും ലൗകികവുമായ എല്ലാ പ്രതാപമഹിമകളേയും അതിശയിക്കുന്നതാണു മറിയത്തിൻെറ സ്ഥാനമാഹാത്മ്യം. അവൾക്കു ദൈവത്വത്തോടും, മനുഷ്യാവതാരത്തോടും പരിശുദ്ധതമ ത്രിത്വ

ത്തിലേ രണ്ടാമാളോടു പ്രത്യേകിച്ചും അത്ഭുതാവഹമായ ബന്ധമുണ്ട്. തന്നിമിത്തം വി. ആൽബർത്തൂസു മാഗ്നൂസു പറയുന്നു. "മറിയത്തിന് ഇപ്പോളുള്ളതിൽ കൂടുതൽ മാഹാത്മ്യം സിദ്ധിക്കണമെങ്കിൽ അവൾ ദൈവംതന്നെ ആയിത്തിരണം." ഇതിനെ അടിസ്ഥാനപ്പെടുത്തിത്തന്നെയാണു ഭാഗ്യസ്മരണാർഹനായ ഒമ്പതാംപീയൂസ് മാർപ്പാപ്പാ ദൈവമാതൃത്വത്തെ, "സർവ്വശക്തന്റെ അവർണ്ണ്യമായ അത്ഭുതമെന്നും, അവിടുത്തെ അത്ഭുതങ്ങളുടെ മകുടമെന്നും" വിളിക്കുന്നതു്. (Bulla Ineffabilis) ജഗന്നിയന്താവിന്റെ സർവ്വശക്തിയാണു തന്റെ മഹിമയുടെ മാനദണ്ഡമെന്ന് ഈ പ. കന്യകതന്നെ പ്രഘോഷിക്കുന്നു. "ശക്തനായവൻ എനിക്കു വലിയകാര്യങ്ങൾ ചെയ്തു". (ലൂക്കാ. ൧-൪൯).

പ്രപഞ്ചസൃഷ്ടിയും, അതിവിസ്തൃതമായ നഭോമണ്ഡലത്തിലേ മഹാഗോളങ്ങളുടെ വ്യവസ്ഥാപനവും ദൈവകരങ്ങളുടെ ഒരു വിനോദം മാത്രമെ ആയിരുന്നുള്ളുവെന്നു വി. ലിഖിതങ്ങളിൽ നിന്നു പ്രസ്പഷ്ടമാകുന്നു. "ഞാൻ അവിടുത്തെ കരങ്ങളുടെ ഫലമായ ആകാശത്തെ ദർശിക്കും." (സങ്കീർത്ത. ൮, ൪). മറിയത്തിന്റെ മഹിമ, ദൈവത്തിന്റെ സർവ്വശക്തിയേയും പ്രദ്യോതിപ്പിക്കുന്നതായിട്ടാണ് അതേ വി. ഗ്രന്ഥംതന്നെ സാക്ഷ്യം വഹിക്കുന്നതു്. "ദൈവം തന്റെ ഭുജത്തിൻ ശക്തി കാണിച്ചു" (ലൂക്കാ ൧, ൫൧.) ദൈവമാതൃത്വം യഥാർത്ഥത്തിൽ സൂചിപ്പിക്കുന്നതെന്താണു്? സൃഷ്ടി സ്രഷ്ടാവിനെ ഗർഭം ധരിക്കുന്നുവെന്നും, പരിമിതമായതു് അനന്തമായതിനെ വഹിക്കുന്നുവെന്നും, ഒരു ചെറുനക്ഷത്രം സൂര്യഗോളത്തെ ഉല്പാദിപ്പിക്കുന്നുവെന്നും, ഒരു ചെറിയപാത്രം സമുദ്രത്തെ അടക്കിക്കൊള്ളുന്നുവെന്നുമല്ലയോ? ദൈവം ഈ സത്യം വെളിപ്പെടുത്തിയില്ലായിരുന്നെങ്കിൽ ഇതിനെപ്പററി

മനുഷ്യർക്കെന്നല്ല, അതിതേജസ്വികളായ വാനാരൂപികൾ ക്കുപോലും യാതൊരുവക ബോധവും ഉണ്ടാകുമായിരുന്നില്ല. അതു് അത്രയ്ക്കു് അത്ഭുതാവഹമാണു്; സുപ്രസിദ്ധ വാഗ്മി യായ ബോസ്വെ ഇംഗ്ലണ്ടിലേ (Henrietta) ഹെൻറീയററാ രാജ്ഞിയെക്കുറിച്ചു പ്രസംഗിച്ചപ്പോൾ, അവൾ രാജപുത്രി യും, രാജപത്നിയും, രാജജനനിയുമാണെന്നു പ്രസ്താവിക്കയു ണ്ടായി. ഈ ചുരുങ്ങിയ വാക്കുകളിൽ സകല സ്തുതികളും അടങ്ങിയിട്ടുണ്ടെന്നു് അദ്ദേഹം വിചാരിച്ചു. എന്നാൽ മറി യത്തെ സ്തുതിപ്പാൻ ഈ വാക്കുകൾതന്നെയും പര്യാപ്തമാകു ന്നില്ല. കാരണം അവൾ കേവലം ഒരു രാജാവിന്റെ അല്ല; രാജാധിരാജനായ ദൈവത്തിന്റെ പുത്രിയും, പത്നിയും, ജ നനിയുമാണു്. അവൾ നിത്യപിതാവിന്റെ പുത്രിയാണു്; നി ത്യസുതന്റെ മാതാവാണു്; പരിശുദ്ധാരൂപിയുടെ മണവാട്ടി യാണു്. പിതാവായ ദൈവം തന്റെ ഏകജാതനെ ലോക ത്തിലെയ്ക്കു് അയച്ചു. എന്നാൽ മറിയത്തിന്റെ പക്കലാണു് അദ്ദേഹത്തെ ഏല്പിച്ചതു്. സുതനായ ദൈവം മാംസം ധ രിച്ചു. അതും മറിയത്തിൽ ആയിരുന്നു. പരിശുദ്ധാരൂപി ജീവ നുള്ള ദൈവത്തിന്റെ വിശുദ്ധസക്രാരിയെ നിഴലിക്കയും പവിത്രീകരിക്കയുംചെയ്തു. ഈ സക്രാരിയും മറിയംതന്നെ. പി താവായദൈവം തന്റെ ഏററം മഹനീയപ്രവൃത്തിയായ ലോ കപരിത്രാണത്തിനു, മറിയത്തെ തന്റെ സഹപ്രവർത്തകയാ ക്കി. സുതനായ ദൈവം സ്വപിതാവിന്റെ ജോലി നിർവ്വഹി പ്പാൻ ഇഹലോകത്തിൽവന്നു. എന്നാൽ അവിടുന്നു തന്റെ ഉത്ഭവത്തിലും, ജീവിതത്തിലും, മരണത്തിലും മറിയത്തെ ആ ശ്രയിക്കുന്നു. നിത്യസുതനു വാസയോഗ്യമായ ആ സുവർണ്ണാ ലയത്തെ പവിത്രാത്മാവു സജ്ജീകരിക്കുന്നു. പിതാവായ ദൈ വത്തിനു് ഇതഃപര്യന്തം ഇല്ലാതിരുന്ന ഒരു അധികാരം സ്വ

പുത്രന്റെമേൽ മറിയംവഴി ലഭിക്കുന്നു. സൃഷ്ടികളോട് ആജ്ഞാപിക്കയെന്നത് അവിടുത്തേയ്ക്ക് അത്ര വലിയ കാര്യമല്ല; എന്നാൽ അവതീർണ്ണവചനത്തോട് ആജ്ഞാപിക്കയെന്നത് അനന്തമായ മാഹാത്മ്യമാണ്. സുതനായ ദൈവം, അധഃപതിച്ച മനുഷ്യവർഗ്ഗത്തെ പുനരുദ്ധരിക്കുന്നതിനും, രക്ഷയ്ക്ക് അത്യന്താപേക്ഷിതമായ പ്രസാദവരങ്ങളെ സമ്പാദിക്കുന്നതിനും പ്രാപ്തനായതു മറിയം മുഖേനയാണ്. പവിത്രാത്മാവായ ദൈവം മനുഷ്യനായ ദൈവത്തിന്റെമേൽ അധികാരം പ്രയോഗിച്ചതും, അദ്ദേഹത്തിന്റെ പ്രവൃത്തികൾക്കു പ്രേരണനൽകി നയിച്ചതും മറിയത്തിന്റെ സഹകരണത്തോടുകൂടെയത്രെ. ഹർഷപാരവശ്യത്തോടെയല്ലാതെ മറിയത്തിന്റെ മഹിമകളെ കീർത്തിക്കുന്നതിന് എനിക്കു കഴിയുന്നില്ല. ഈ മാതാവിനു തന്റെ ദിവ്യകുമാരനോടു, പ്രത്യേകിച്ച് അവിടുത്തെ ശിശുപ്രായത്തിൽ ഉണ്ടായിരുന്ന ഗാഢമായ ബന്ധമാണ് എന്റെ ശ്രദ്ധയെ വിശേഷവിധിയായി ആകർഷിക്കുന്നത്. ദൈവകുമാരൻ സർവ്വഥാ അവളെ ആശ്രയിക്കുന്നു. ഭൂമിയിൽ അനർഘങ്ങളായ നിധികൾ നിക്ഷേപിക്കയും, വിശാലത്തെ സർവ്വസമൃദ്ധികളെക്കൊണ്ടു സമ്പന്നമാക്കുകയും ചെയ്ത ആ സർവേശ്വരനു, സകലത്തിലും മറിയം ആലംബമായി ഭവിക്കുന്നു. അവൾ അദ്ദേഹത്തെ കാത്തുപരിപാലിച്ചു; അദ്ദേഹത്തിനു ഭക്ഷണംനൽകി; അദ്ദേഹത്തെ സമാശ്വസിപ്പിച്ചു; അവർ ഒരുമിച്ചു ജീവിച്ചു; ഒരുമിച്ചു പ്രാർത്ഥിച്ചു; ഒരുമിച്ചു ക്ലേശങ്ങൾ സഹിച്ചു. ദിവ്യരക്ഷകൻ തന്റെ മുപ്പത്തിമൂന്നുകൊല്ലത്തെ ഐഹികജീവിതത്തിൽ മുപ്പതുകൊല്ലം മറിയത്തിനു കീഴ്പ്പെട്ടിരുന്നു. മാംസമായി അവതരിച്ച വചനത്തിന്റെ ഈ പരാധീനതയെക്കാൾ അത്ഭുതാവഹവും, വിസ്മയകരവും, അഗ്രാഹ്യവുമായ ഒന്നും നമുക്ക് ഊഹിപ്പാൻ സാധ്യമല്ല.

ദൈവം ഒരു സ്ത്രീയെ അനുസരിക്കുക എന്നതു് നിരുപമമായ വിനയത്തിൻെറ പ്രവൃത്തിയാണെന്നും, ഒരു സ്ത്രീ ദൈവത്തോടു് ആജ്ഞാപിക്കയെന്നതു് അതി വിസ്മയനീയമായ സംഭവമാണെന്നും വി. ബെർണ്ണാർഡ് പ്രസ്താവിക്കുന്നു. ദിവ്യരക്ഷകൻ സ്വപിതാവിൻെറ ഉദ്ദേശ്യത്തെ നിവൎത്തിക്കുന്നതിനായിട്ടാണു ഭൂജാതനായതു്. എന്നാൽ, അത്ഭുതമെ! അവിടുന്നു മുപ്പതു സംവത്സരം തൻെറ മാതാവിനോടുകൂടിയും, മാതാവിനു കീഴ്പെട്ടും കഴിച്ചുകൂട്ടി; മൂന്നു സംവത്സരം മാത്രമെ ആത്മാക്കളുടെ രക്ഷയ്ക്കായി നിയോഗിച്ചുള്ളു. ഇവയിലെല്ലാം പിതാവിൻെറ തിരുമനസ്സിനെ നിവൎത്തിക്കുകയും തദ്വാരാ അവിടുത്തെ സ്തുതി വൎദ്ധിപ്പിക്കുകയും ചെയ്തു.

## III. മറിയത്തിൻെറ പരിപൂൎണ്ണതകൾ.

മറിയത്തിൻെറ പരിപൂൎണ്ണതകളുടെ മാനദണ്ഡവും, അവകാശങ്ങളുടെ ഉൽപത്തിസ്ഥാനവും, പവിത്രതയുടെ അസ്ഥിവാരവും അവളുടെ ദൈവമാതൃത്വമാകുന്നു. ദൈവം തിരഞ്ഞെടുത്തതുകൊണ്ടുതന്നെ ഇവൾ ദൈവമാതൃസ്ഥാനത്തിനു സൎവ്വഥാ യോഗ്യയാണെന്നു വിശദമാകുന്നു. ഏതൻമൂലം അവളിൽ പ്രശോഭിച്ചിരുന്ന അനുഗ്രഹത്തിൻെറ ആധിക്യവും എമ്മാത്രമെന്നു് ഏറെക്കുറെ നമുക്കേവൎക്കും ഊഹിക്കാമല്ലൊ. ഈ ഉൽകൃഷ്ടസ്ഥാനത്തോടു കിടപിടിക്കത്തക്ക പവിത്രതയൊ, ശുദ്ധതയൊ, പരിപൂൎണ്ണതയോ ഏതാണുള്ളതു്? അവൾ പിതാവിൻെറ പുത്രിയും, സുതൻെറ മാതാവും, പവിത്രാത്മാവിൻെറ പത്നിയും ആയതുകൊണ്ടു പരിശുദ്ധത്രിത്വത്തിലേ ഈ മൂന്നാളുകൾക്കും, തങ്ങളുടെ നിസ്തുലമഹത്വത്തിനു് അനുയോജ്യമായ വിധം അവളെ സുന്ദരിയും ഐശ്വൎയ്യവതിയും ആക്കുവാൻ ചുമതലയുണ്ടു്. ആദ്യമായി കന്യകാമാതാവിൻെറ അമലോത്ഭവത്തെക്കുറിച്ചു തന്നെ പൎയ്യാ

ലോചിക്കാം. അമലോത്ഭവസിദ്ധാന്തം സുബുദ്ധിയുള്ള ഏ
വനും നിഷ്പ്രയാസം ഗ്രഹിക്കാവുന്ന ഒന്നാണ്. ദൈവമാ
താവു് ഒരു നിമിഷമെങ്കിലും സാത്താന്റെ ശക്തിക്കും പാപ
ത്തിനും കിഴ്പ്പെട്ടുവെന്നോ, ദൈവം തന്റെ മാതാവിന്റെ ഹൃ
ദയത്തെ പിശാചിനായി ഉപേക്ഷിക്കയും അന്ധകാരാധിപ
തിയുടെ ഉച്ഛിഷ്ടംകൊണ്ടു തൃപ്തിപ്പെടുകയും, ചെയ്തുവെന്നോ
സമ്മതിക്കുന്നതു സുബുദ്ധിക്കു യോജിച്ചതാണോ? ഒരു കന്യ
കയുടെ ഉദരത്തിൽനിന്നു മാംസമെടുത്തു മനുഷ്യനായി ജനി
ക്കുവാൻ-പരിശുദ്ധിതന്നെ ആയ ദൈവം തിരുമനസ്സാകുന്നു
വെങ്കിൽ, അതിന്ന് ഏററവും നിമ്മലയായ ഒരു കന്യകയെ
നിശ്ചയമായും തിരഞ്ഞെടുക്കുകയില്ലയോ? "ഞാൻ ശുദ്ധത
യെ സ്നേഹിക്കുന്നവനും, സകല പരിശുദ്ധിയേയും പ്രദാനം
ചെയ്യുന്നവനുമാകുന്നു. ഞാൻ ഒരു നിമ്മലഹൃദയത്തെ അ
ന്വേഷിക്കുന്നു. അതിലത്രെ എന്റെ വിശ്രമം" (ക്രിസ്ഥാ
നുകരണം. നാലാംപുസ്തകം. അ. ൧൨.) ഇങ്ങനെയുള്ള ദൈ
വത്തിന്റെ മാതാവു ജന്മപാപത്താൽ കളങ്കിതയായി എന്നു
നമുക്കു് എങ്ങനെ നിരൂപിക്കുവാൻ കഴിയും? സവ്വശക്തൻ
തന്റെ ഓമനമകളെ നിശ്ശേഷം നിമ്മലയായി സൃഷ്ടിക്കുവാൻ
അശക്തനെന്നോ? മാതാക്കളെ തിരഞ്ഞെടുപ്പാൻ മനുഷ്യ
ക്കു പൂണ്ണസ്വാതന്ത്ര്യമുണ്ടായിരുന്നെങ്കിൽ അവർ സൃഷ്ടികളിൽ
ഏററവും നിമ്മലരായവരെ തിരഞ്ഞെടുക്കുകയില്ലായിരു
ന്നോ? സ്വാഭാവികവും അതിസ്വാഭാവികവുമായ വരപ്രസാദ
നിക്ഷേപങ്ങൾ പ്രദാനംചെയ്വാൻ മനുഷ്യർക്കു ശക്തിയുണ്ടാ
യിരുന്നെങ്കിൽ തങ്ങളുടെ മാതാക്കളുടെ ഹൃദയങ്ങളെ സുകൃ
തകുസുമങ്ങളാലും അവരുടെ ആത്മാവുകളെ ഏററവും അ
പൂവ്വമായ പരിശുദ്ധിയാലും അലങ്കരിക്കുമായിരുന്നില്ലേ? ഇ
ങ്ങനെയെങ്കിൽ മാതൃഹൃദയത്തെ നിമ്മിച്ച അവതീണ്ണവച

നം, സ്വമാതാവിൻെറ മഹത്വത്തെക്കുറിച്ചു മനുഷ്യരോളമെങ്കിലും ശ്രദ്ധാലുവായിരുന്നില്ലെന്നോ? ആർ എന്തുതന്നെ പറഞ്ഞാലും മറിയം ദൈവത്തിൻെറ ഒരു യോഗ്യമാതാവായിരിക്കണം. ക്രിസ്ത്യാനികളേവരും ഈ വാസ്തവം സമ്മതിച്ചേ തീരു. അവളുടെ ഉത്ഭവത്തിൽതന്നെ അവൾ വിമലയായിരിക്കണം. സുദീർഘവും ക്ലേശാവഹവുമായ ജീവിതത്തിലും, സർവ്വസുന്ദരമായ അവളുടെ ആത്മാവു്, ഏററം നിസ്സാരമായ അപൂർണ്ണതയുടെ നിഴലിൽനിന്നുപോലും സ്വതന്ത്രമായിരിക്കണം. ദൈവം വാനാരൂപികളിൽപോലും ദുഷ്ടത ദർശിച്ചു. എന്നാൽ സ്വമാതാവിൽ കളങ്കം കണ്ടെത്തിയില്ല. അവൾ സൗമ്യതയുടെ ദർപ്പണവും, സ്ത്രീവർഗ്ഗത്തിൻെറ ഏററം മഹനീയമായ ആദർശവുമാകുന്നു. മനുഷ്യരൂപം ധരിച്ച ഒരു ദൈവദൂതനെന്നു തോന്നുമാറു് അവളുടെ നേത്രങ്ങൾ വിനയാന്വിതങ്ങളും, പ്രവൃത്തികൾ ക്രമീകൃതങ്ങളും, ആചാരങ്ങൾ അനുകരണീയങ്ങളും, മുഖഭാവം സമാധാനപൂർണ്ണവുമായിരുന്നു. എന്നാൽ ഈ രാജപുത്രിയുടെ സൗന്ദര്യവിലാസം മുഴുവനും ആന്തരികമായിരുന്നു. സ്വാഭാവികവും, അതിസ്വാഭാവികവുമായ സകല പരിപൂർണ്ണതകളും അവളിൽ ഏററം പ്രശസ്തമായ രീതിയിൽ പ്രശോഭിച്ചിരുന്നു. അവളിൽ ദുരിചരകൾക്കു സ്ഥലമേ ഉണ്ടായിരുന്നില്ല. അവളുടെ ആത്മാവാകുന്ന ആലയത്തിൽ ക്രമവിരുദ്ധമായി ഒന്നുംതന്നെ ഇല്ലായിരുന്നു. ആത്മസംബന്ധമായ സമരമോ, കലഹമോ, വിപ്ലവമോ, ഒന്നും അവളെ സ്പർശിച്ചില്ല. നിസ്സീമവും അന്യൂനവുമായ സമാധാനംമാത്രം അവളിൽ കളിയാടിയിരുന്നു. വിശുദ്ധവും, പാവനവും, കുലീനവുമായ സകുലതും ആ വനിതാരത്നത്തെ ഹഠാദാകർഷിച്ചിരുന്നു. അവളുടെ ഭക്തിക്കു മാന്ദ്യമോ, ശൈഥില്യമോ ഭവിച്ചില്ല. നിസ്സാരവൃത്തികളിൽപോലും ഏററവും പാവനമായ ഉദ്ദേശ്യമുണ്ടായിരുന്നു. പരിപൂർണ്ണതയുടെ എ

ല്ലാരൂപങ്ങളും പ്രതിബിംബിക്കുന്ന ഒരു കണ്ണാടിപോലെയായിരുന്നു അവളുടെ നിമ്മലാത്മാവു്. പ്രകാശത്താൽ പ്രോജ്വലിച്ചിരുന്ന അവളുടെ മനസ്സ് എത്ര പ്രശാന്തമായി വത്തിക്കുന്നു. ഇതഃപര്യന്തം ഒരു സൃഷ്ടിക്കും ലഭിച്ചിട്ടില്ലാത്തതിന്നും അത്ര അഗാധവും വിപുലവും ഗ്രഹണപടുവുമായ ഒരു ബുദ്ധിയാണ് അവൾക്കുണ്ടായിരുന്നതു്. സ്രഷ്ടാവിനേയും സൃഷ്ടിവൈശിഷ്ട്യത്തേയും കുറിച്ച് അവൾക്കുണ്ടായിരുന്ന ജ്ഞാനം, ഏററം വിദഗ്ദ്ധരായ ശാസ്ത്രജ്ഞന്മാരുടെയും തേജസ്വികളായ വാനാരൂപികളുടെയും ജ്ഞാനത്തെ അതിമാത്രം അതിശയിച്ചിരുന്നു. അവളുടെ മനസ്സു നിശ്ചയദാർഢ്യമുള്ളതായിരുന്നു. പുണ്യാഭ്യസനത്തിൽ നമുക്കുണ്ടാകാറുള്ള പ്രതിബന്ധമൊന്നും അവൾക്കുണ്ടായിരുന്നില്ല. ഈ കന്യകാരത്നം സാധകവരപ്രസാദത്താൽ പരിപൂണ്ണയായി ഭവിച്ചു. അവളുടെ ഹൃദയം ദൈവസ്നേഹത്താലും സഹോദരസ്നേഹത്താലും കത്തിജ്വലിച്ചിരുന്നു. "നിൻെറ കത്താവായ ദൈവത്തെ നിൻെറ പൂണ്ണഹൃദയത്തോടും, പൂണ്ണാത്മാവോടും സവ്വശക്തിയോടും, സ്നേഹിക്ക" (ലൂക്കാ. ൧൦. ൨൭.) എന്ന പ്രഥമവും പ്രധാനവുമായ ദൈവാജ്ഞയെ പരിപൂണ്ണമായി പ. ക. മറിയം മാത്രമാണ് അനുസരിച്ചിട്ടുള്ളതു്. അവൾ സ്വർഗ്ഗീയാനന്ദം ആസ്വദിച്ചിരുന്നുവെങ്കിലും, കഠോരമായ പീഡകളിൽനിന്നും തിവ്രമായ ഖേദങ്ങളിൽനിന്നും വിമുക്തയായിരുന്നില്ല. സുന്ദരമായ സവ്വത്തിൻേറയും ആദർശം അവൾ ആയിരുന്നതിനാൽ, സഹനത്തിൻേറയും സൗന്ദയ്യം അവളിൽ ഇല്ലാതിരിപ്പാൻ നിവൃത്തിയില്ല. സവ്വശക്തൻ സ്വപുത്രൻെറ സഹചാരിണിയും, അദ്ദേഹത്തിൻെറ പീഡാനുഭവങ്ങളിൽ ഭാഗഭാക്കും ആയി മറിയത്തെ തിരഞ്ഞെടുത്തതിനാൽ പീഡകൾ സഹിക്കുന്നതിനു പ്രത്യേകശക്തിയുള്ള ഒരു ഹൃദയം അവൾ

ക്ക പ്രദാനംചെയ്തു. അവളുടെ വ്യാകുലതകൾ മനുഷ്യബു ദ്ധിക്കു സുഗ്രഹമല്ല; വിസ്തൃതമായ സമുദ്രത്തോടാണ് അതു തുലനം ചെയ്യപ്പെട്ടിരിക്കുന്നതു്. "സിയോണിന്റെ കന്യക യായ പുത്രീ... നിന്റെ നാശം കടൽപോലെ വലുതാകു ന്നു" (ജെറെമ്യ. വിലാപം. ൨. ൧൩.) എന്നാൽ ഈ അസാ ധാരണസൃഷ്ടിയുടെ മാഹാത്മ്യങ്ങളിൽ ഏററവും അത്ഭുതാവ ഹമായതു് അവൾക്കു ലഭിച്ച ദൈവവരപ്രസാദത്തിന്റെ ആധിക്യമത്രെ. മംഗലവാർത്താദിനം ദൈവദൂതൻ അവളെ 'നന്മനിറഞ്ഞവളേ' എന്ന് അഭിസംബോധനംചെയ്തു. ഭൂമി യിൽ മറിയം എന്ന മധുരനാമത്താൽ അവൾ അറിയപ്പെട്ടു ന്നു. സ്വർഗ്ഗത്തിലോ എന്നാൽ അവൾ, 'നന്മനിറഞ്ഞവൾ' എന്നു വിളിക്കപ്പെടുന്നു. ആത്മാവിലേയ്ക്കു പ്രവഹിക്കുന്ന ദൈവമഹത്വമാണു പ്രസാദവരം. അതു ദിവ്യസൗന്ദര്യത്തി ന്റെ ആനുരൂപ്യത്തെ ആത്മാവിൽ ഉൽഭൂതമാക്കുകയും, സൂ ര്യപ്രകാശത്തെ ആയിരംമടങ്ങ് അതിശയിക്കുന്ന ശോഭയാൽ അതിനെ പ്രകാശിപ്പിക്കയും ചെയ്യുന്നു. ദൈവപ്രസാദവര ത്തിൽ സ്ഥിതിചെയ്യുന്ന ഒരാത്മാവിന്റെ പ്രഭാപൂരത്തെ കാണുന്നതിനു നമുക്കു ഭാഗ്യം ലഭിക്കുന്നുവെങ്കിൽ ആ കാഴ്ച നമ്മുടെ ഹൃദയങ്ങളെ ആനന്ദതുന്ദിലമാക്കിച്ചെയ്യും. എ ന്നാൽ പ്രസാദവരത്തിന്റെ ദീപ്തി നിസ്സീമമായി വർദ്ധിക്കുന്ന ഒന്നാണ്. ഇതിന്റെ വർദ്ധനവനുസരിച്ച് ആത്മാവു കൂടു തൽ പാവനവും തേജോമയവും ദിവ്യവും ആയിത്തീരുന്നു. സകല ദൈവദൂതന്മാർക്കും വിശുദ്ധന്മാർക്കും ഉണ്ടായിരുന്ന തിൽ ശ്രേഷ്ഠമായ പ്രസാദവരമാണ് ഉത്ഭവനിമിഷത്തിൽത്ത ന്നെ മറിയത്തിനുണ്ടായിരുന്നതു്. ഈ അനർഘനിക്ഷേപത്തെ തന്റെ സുദീർഘവും ക്ലേശഭൂയിഷ്ഠവുമായ ജീവിതത്തിലെ ഓരോ പ്രവൃത്തികളാലും ദ്വിഗുണീഭവിപ്പിച്ചുവെന്നു വേദവി

ശാരദന്മാർ ഉദ്ഘോഷിക്കുന്നു. വിസ്തൃതമായ സമുദ്രംപോലെ മറിയത്തിൻെറ വരപ്രസാദനിക്ഷേപം അത്ര വിപുലമാണ്. എന്നാൽ ഇപ്പോൾ ഇവയെല്ലാം സ്വർഗ്ഗീയമഹിമയായി രൂപാന്തരപ്പെട്ടിരിക്കുന്നു. ദൈവപ്രകാശത്താൽ സർവ്വഥാ അഭിഷിക്തയായി, ഐശ്വര്യവതിയായി ഈ കന്യക, അനേകസഹസ്രം ആദിത്യന്മാരുടെ പ്രകാശത്തിൽ നിക്ഷിപ്തമായ ഒരു പത്മരാഗംപോലെ പ്രശോഭിക്കുന്നു.

## IV. എല്ലാ ശതാബ്ദങ്ങളിലേയും ചിന്താവിഷയമായ മറിയം.

മറിയത്തിൻെറ മാഹാത്മ്യത്തെ പ്രകീർത്തിക്കുന്നതിലും, അവളുടെ അവകാശങ്ങളെ പാലിക്കുന്നതിലും, കത്തോലിക്കർ പ്രദർശിപ്പിക്കുന്ന അനിതരസാധാരണമായ ഔൽസുക്യത്തെ ആക്ഷേപിക്കുന്നവർ വളരെയുണ്ട്. എന്നാൽ ഈ ആക്ഷേപത്തിന്നു യാതൊരു അടിസ്ഥാനവുമില്ല. ദൈവംതന്നെയും അവളെ എത്രമാത്രം സ്നേഹിക്കയും ബഹുമാനിക്കയും ചെയ്തിരിക്കുന്നു. അവിടുന്ന് അവളെ മാതാവായും, പത്നിയായും തിരഞ്ഞെടുത്തില്ലയോ? "ഇന്നുമുതൽ എല്ലാ തലമുറകളും എന്നെ ഭാഗ്യവതിയെന്നു വിളിക്കും" എന്ന് അവളുടെ നിർമ്മലവും പരിശുദ്ധവുമായ അധരപുടങ്ങൾ വഴിയായി പവിത്രാത്മാവു പ്രഖ്യാപനം ചെയ്തില്ലയോ? സർവ്വേശ്വരൻ തന്നെ ഇപ്രകാരം അവളെ ബഹുമാനിക്കുന്നുവെങ്കിൽ നാം പ്രദർശിപ്പിക്കുന്ന ഭക്ത്യാദരങ്ങൾ എങ്ങനെയാണ് ആക്ഷേപാർഹങ്ങളാകുക? "ഇന്നുമുതൽ എല്ലാ തലമുറകളും എന്നെ ഭാഗ്യവതിയെന്നു വിളിക്കും" (ലൂക്കാ. ൧. ൪൮.) എന്ന അത്ഭുതപൂർവ്വമായ ഈ പ്രവചനത്തേക്കാൾ ആശ്ചര്യകരമായി എന്താണുള്ളത്? ഈ വാക്കുകൾ ഉച്ചരിച്ചപ്പോൾ, മറിയത്തിനു പതിനഞ്ചുവയസ്സു മാത്രമേ പ്രായമു

ണ്ടായിരുന്നുള്ളു. ഇതിൽ പന്ത്രണ്ടുകൊല്ലവും അവൾ ലോകത്തിനും തനിക്കുതന്നെയും അജ്ഞാതയായി, ഓറശ്ലംദേവാലയത്തിലാണു കഴിച്ചുകൂട്ടിയതു്. അവൾ എന്മാത്രം നിർമ്മലയായിരുന്നുവൊ, അതനുസരിച്ചു വിനീതയുമായിരുന്നു. അവളുടെ ഏകാഗ്രഹം നസ്രത്തിൽ ഏകാകിനിയായി ജീവിക്കണമെന്നായിരുന്നു. അവളുടെ ഭാവിയെക്കുറിച്ചു് അറിവാൻ ആർക്കും സാദ്ധ്യമായിരുന്നുമില്ല. എന്നിട്ടും സകല പരിഷകളാലും പുകഴ്ത്തപ്പെടുമെന്നു് അവൾ ഖണ്ഡിതമായി പ്രവചിക്കുന്നു. അവൾ ദൃഢനിശ്ചയത്തോടും, ഭാവിയെക്കുറിച്ചുള്ള പൂർണ്ണജ്ഞാനത്തോടുംകൂടെ സംസാരിക്കുന്നു. പത്തൊമ്പതു ശതാബ്ദങ്ങൾ കഴിഞ്ഞിട്ടും അസാധാരണമായ ഈ പ്രവചനം അക്ഷരംപ്രതി നിറവേറിക്കൊണ്ടേയിരിക്കുന്നു. മറിയത്തിന്റെ പരിപാവനമായ നാമം അറിയപ്പെടാത്തയാതൊരു സ്ഥലവും ഇന്നു ഭൂമുഖത്തില്ല. അവളുടെ നാമത്തിൽ നിർമ്മിതമായിരിക്കുന്ന ദൈവാലയങ്ങളും, സ്ഥാപിതമായിരിക്കുന്ന സഖ്യങ്ങളും അസംഖ്യങ്ങളാണു്. ഈ നിർമ്മല കന്യകയുടെ ഒരു പ്രതിമയൊ, അവളുടെ നാമത്തിൽ ഒരു ബലിപീഠമൊ ഇല്ലാത്ത ഒരൊററ കത്തോലിക്കദേവാലയമെങ്കിലുമില്ല. ഏതു പൈതലാണു 'നന്മനിറഞ്ഞമറിയമേ' എന്ന മധുരനാമം ഉച്ചരിച്ചുകൊണ്ടു് അവളെ സ്തുതിക്കാത്തതു്! ദൈനംദിനം ഗബ്രിയേൽ ദൈവദൂതന്റെ അഭിവാദ്യവചനം അനേകായിരം പ്രാവശ്യം ആവർത്തിക്കപ്പെടുന്നു. പഴയനിയമത്തിലും പുതിയനിയമത്തിലും രേഖപ്പെടുത്തിയിട്ടുള്ള റെബേക്കാ, യൂദിത്തു്, എസ്തർ, മഗ്ദലേനമുതലായ സ്ത്രീകളുടെ മഹിമകളെ കീർത്തിക്കുന്നതിൽ ബദ്ധശ്രദ്ധരായിരിക്കുന്ന പ്രോട്ടസ്റ്റാൻറു സഹോദരന്മാർ ശുദ്ധതയുടെ ദർപ്പണവും, സ്ത്രീവർഗ്ഗത്തിന്റെ ആദർശവും, സൃഷ്ടിയുടെ കിരീടവും ആയ മറിയത്തെക്കുറിച്ചു ഒരു വാക്കെങ്കിലും ഉച്ചരിക്കാ

ത്തു ശോചനീയമല്ലയോ? എത്ര അത്ഭുതപൂൎവ്വമായ നിയമ വിരുദ്ധത! മാത്രമോ, കത്തോലിക്കർ മറിയത്തെ 'ഭാഗ്യവതി' യെന്നു പ്രകീൎത്തിച്ചുകൊണ്ടു് അവളുടെ പ്രവചനത്തെ അൎത്ഥവത്താക്കുന്നതു വലിയ ഒരു പാതകമായി ഇവർ കരുതുന്നതാണു് ഉപരി ശോചനീയം. ഈ വിശിഷ്ടസൃഷ്ടിയെ തങ്ങളുടെ ഹൃദയങ്ങളിൽനിന്നും ദേവാലയങ്ങളിൽനിന്നും നിഷ്കാസനം ചെയ്വാൻ ഒരുപക്ഷേ സാധിച്ചുവെന്നുവരാം. എന്നാൽ ദൈവമാതാവു് എന്ന സൎവ്വസ്തുതിസൂചകമായ മഹനീയ നാമധേയം അവളിൽനിന്നു് അപഹരിക്കുവാൻ അവൎക്കു് ഒരിക്കലും സാധ്യമാകുന്നതല്ല. അവൾ ദൈവത്തിന്റെ വിശേഷസൃഷ്ടിയും യുഗങ്ങളുടെ ചിന്താവിഷയവുമത്രെ. അനാദിയിൽ ദൈവം തന്റെ ഏകസുതന്റെ മാതാവായി അവളെ തിരഞ്ഞെടുത്തു. ആദിമാതാപിതാക്കളുടെ പാപത്താൽ നമുക്കു നഷ്ടീഭവിച്ച അവകാശങ്ങളെ വീണ്ടെടുക്കുന്നതിനും, പിശാചായ സൎപ്പത്തിന്റെ തലയെ തകൎക്കുന്നതിനും ദൈവത്താൽ വാഗ്ദാനം ചെയ്യപ്പെട്ട 'സ്ത്രീ'യത്രെ ഇവൾ. നിഷ്കളങ്കയും പരിശുദ്ധയും ആയിട്ടാണു ദീൎഘദൎശികൾ തങ്ങളുടെ ദിവ്യദൎശനങ്ങളിൽ അവളെ കാണുന്നതു്. കാലേക്കൂട്ടി അവളുടെ മഹത്വത്തെ അവർ പ്രവചിക്കുന്നു. "വയലിലെ പുഷ്പം, താഴ്വരയിലെ ലില്ലി, ഉദിച്ചുയരുന്ന ബാലാൎക്കനെ വെല്ലുന്ന കാന്തിയുള്ളവൾ, ചന്ദ്രനേക്കാൾ സൗന്ദൎയ്യമുള്ളവൾ, സൂൎയ്യനേക്കാൾ പ്രകാശമുള്ളവൾ, ശോഭായമാനമായ വസ്ത്രങ്ങൾ അണിഞ്ഞു്, ഉന്നത രാജന്റെ വലതുഭാഗത്തു നിലകൊള്ളുന്നവൾ, ഉപദേഷ്ടാവു് പരിത്രാതാവു് എമ്മാനുവേൽ സൎവ്വശക്തൻ വരുവാനിരിക്കുന്ന ഭൂലോകരാജൻ എന്നീ സംജ്ഞകൾക്കൎഹനായ ദൈവപുത്രന്റെ വിമലമാതാവു് എന്നിങ്ങനെ വിവിധതരത്തിൽ അവളെ അവർ വൎണ്ണിക്കുന്നു. ദൈവസുതന്റെ മഹിമാവി

നെ പ്രകീൎത്തിക്കുന്ന സുവിശേഷങ്ങളിൽതന്നെയും ദൈവജ നനിക്കു് ഒരു പ്രധാന സ്ഥാനം ഉണ്ടു്. "മിശിഹായുടെ ജ നിത്രിയായ മറിയം" (മത്തായി ൧. ൧൬.) എന്നാണു് വേദ പുസ്തകം അവളെ വിളിക്കുന്നതു്. ഇതിൽ ഉപരിയായ സ്തു തി മറെറന്താണുള്ളതു്? ഇതു് അവളെ അതിശയനീയമാ യ ഒരു പദത്തിലേയ്ക്കു് ഉയൎത്തുന്നു. മംഗലവാൎത്തയെക്കുറി ച്ചുള്ള സുവിശേഷവിവരണം വേദപുസ്തകത്തിലെ ഏററം വിശിഷ്ടവും മനോഹരവുമായ ഭാഗങ്ങളിൽ ഒന്നാണു്. ഞാൻ വി. ലിഖിതങ്ങൾ ആദ്യവസാനം പല ആവൃത്തി വായിച്ചി ട്ടുണ്ടു്. എന്നാൽ മാതാവിനെ വൎണ്ണിക്കുന്ന ഭാഗങ്ങളേക്കാൾ കൂടുതൽ ഹൃദയസ്പൎശകമായി മറെറാന്നുണ്ടെന്നു തോന്നുന്നി ല്ല. അവ ലളിതവും, കോമളവും ബാലഹൃദയങ്ങളേപോ ലും ആകർഷിക്കുന്നവയുമാണു്. അവളെ വൎണ്ണിക്കുന്ന ഓ രോ വാക്കിലും ഹൃദയാവൎജ്ജകമായ നിഷ്കന്മഷതയും, പരി ശുദ്ധിയുമാണു സ്ഫുരിക്കുന്നതു്. ഉന്നതമായ ഒരു പദത്തി ലേയ്ക്കു് അപ്രതീക്ഷിതമായി ഉയൎത്തപ്പെട്ടപ്പോൾ ഈ അബ ലയിൽ പ്രത്യക്ഷപ്പെട്ട പരിഭ്രമം, വിനയം, വിവേകം ആദി യായവ ഒരിക്കലും വിസ്മൃതിയിൽപ്പെട്ടുപോകുന്നതല്ല. എ ലിസബത്തുമായുള്ള സന്ദൎശനം, തൊഴുക്കൂട്ടിലെ ജനനം, ദേവാലയത്തിലെ സമർപ്പണം, ഈജിപ്തിലേയ്ക്കുള്ള പലാ യനം, എന്നുവേണ്ട ക്രിസ്തുവിന്റെ ജനനത്തേയും, ശൈശ വത്തേയും സംബന്ധിച്ച എല്ലാ പ്രധാനസംഭവങ്ങളിലും മ റിയത്തിനുള്ള സ്ഥാനം അദ്വിതീയവും, ബന്ധം അവിയോ ജ്യവുമാണു്. ഹവ്വായുടെ മക്കളിൽ ഇവളേക്കാൾ ഉന്നതയാ യവൾ ആർ? ഇവളുടെ അഭീഷ്ടം അനുസരിച്ചല്ലയോ ക്രിസ്തു ആദ്യമായി അത്ഭുതം പ്രവൎത്തിച്ചതു്? കുരിശിൽ കിടന്നുകൊ ണ്ടു് അരുളിച്ചെയ്ത അന്ത്യശാസനവും ഇവളോടായിരുന്നി

ല്ലേ? ആദിമശതകംമുതൽക്കേ ഉണ്ടായിരുന്ന "ശ്ലീഹന്മാരുടെ വിശ്വാസപ്രമാണ"ത്തിൽ ഇവൾക്കുള്ള സ്ഥാനം എത്ര വലുതു്? ദൈവസുതൻ, "പരിശുദ്ധാത്മാവിയുടെ പ്രവൃത്തിയാൽ കന്യകാമറിയത്തിൽനിന്നു് ഉത്ഭവിച്ചു." ഹാ! മറിയത്തിന്റെ ചാരിത്രശുദ്ധിയും, മഹത്വവും, ദിവ്യമാതൃത്വവും ഉച്ചൈസ്തരം ഇതു് വിളിച്ചറിയിക്കുന്നില്ലേ? പൂർവ്വക്രിസ്ത്യാനികൾ മറിയത്തെ വണങ്ങിവന്നിരുന്നുവെന്നുള്ളതിനു സഭാപിതാക്കന്മാരുടെ ലിഖിതങ്ങൾ ഉത്തമസാക്ഷ്യങ്ങളാണു്. നമുക്കു ഭൂഗർഭാലയങ്ങൾ സന്ദർശിക്കാം. മറിയഭക്തിയെ സൂചിപ്പിക്കുന്ന ചിത്രങ്ങൾ അവിടെ നാം കാണുന്നു. കത്തോലിക്കസഭാ മണ്ഡലത്തിൽ മഹാ ജ്യോതിസ്സുകളായി പരിലസിക്കുന്ന സഭാപിതാക്കന്മാരും, എക്കാലത്തും ജീവിച്ചിരുന്ന പണ്ഡിതകേസരികളും മറിയഭക്തന്മാരായിരുന്നില്ലേ? മദ്ധ്യശതകങ്ങളുടെ ജീവചൈതന്യം ഈ മറിയഭക്തിയല്ലായിരുന്നോ? സ്ഥിതിഭേദമെന്യെ എല്ലാവരിലും ഇതു രൂഢമൂലമായിരുന്നു. വനിതാലോകത്തോടു് അത്ഭുതപൂർവ്വമായ ഒരു ബഹുമാനം മനുഷ്യഹൃദയത്തിൽ ഇതുമൂലം ഉളവായി.

യുവാക്കന്മാരുടെ വിചാരഗതികളെ ഇതു പരിശുദ്ധമാക്കി. വൃദ്ധന്മാരെ വെളിച്ചത്തിന്റെ തുറമുഖത്തിലേയ്ക്കു് ആനയിച്ചു. ഇതു് സമുദായോദ്ധാരണത്തിൽ ശക്തിയേറിയ ഉപകരണമായിത്തീർന്നുവെന്നുള്ളതു്, ചരിത്രത്തിൽ അല്പമെങ്കിലും ജ്ഞാനമുള്ളവർക്കു നിഷേധിക്കാവുന്നതല്ല. അനുകരണീയരായ ക്രിസ്ത്യാനികളെ പ്രദാനം ചെയ്തതു് ഈ ഭക്തിയാണു്. ഇതഃപശ്ചാത് കേവലം അജ്ഞാതമായിരുന്നവിനയം, ചാരിത്രശുദ്ധിമുതലായ സദ്ഗുണങ്ങളെക്കുറിച്ചു പരിപൂർണ്ണമായ ഒരു ജ്ഞാനം, ഈഭക്തി ലോകത്തിനു പ്രദാനംചെയ്തു. എന്തിനേറെ, അതു ഭൂമുഖത്തു് സദാചാരത്തിന്റെ വിജയപതാക

യെ ഉയർത്തി. സ്ത്രീസമത്വം സംസ്ഥാപിച്ചു; കവിതയിലും, ചിത്രമെഴുത്തിലും, ശില്പവിദ്യയിലും അനിതരസാധാരണമായ ഉണർവു നൽകി. മറിയത്തിൻെറ പ്രതിമയ്ക്കു് എല്ലാ ഭവനങ്ങളിലും പ്രവേശം ലഭിച്ചു. തെരുവീഥികളിൽ അവളുടെ പ്രതിമകൾ സ്ഥാപിതങ്ങളായി. ഇതെല്ലാം മനുഷ്യരുടെമേൽ അവൾക്കുള്ള അധികാരത്തിൻെറ അടയാളങ്ങളല്ലയോ?

വിഖ്യാതനായ ഒരു പ്രോട്ടസ്റ്റൻറു ഗ്രന്ഥകാരൻ ഇപ്രകാരം എഴുതിയിരിക്കുന്നു. "ദൈവത്തിനും മനുഷ്യർക്കും മദ്ധ്യേ നിന്നുകൊണ്ടു, ഭയാനകമായ ദൈവതേജസ്സിനെ ഏതാനുമെല്ലാം നിരോധിക്കയും ദൈവം തൻെറ ആരാധകന്മാരുടെമേൽ വർഷിക്കുന്ന സ്നേഹത്തെ സ്ത്രീസഹജമായ ആർദ്രതയാൽ അവർക്കുകൂടുതൽ അനുഭവവേദ്യമാക്കുകയും ചെയ്യുന്ന ആ മാധുര്യമുള്ള പരി. ക. മാതാവിൽ വിശ്വസിക്കുന്ന കത്തോലിക്കരെ ഞാൻ എന്നും അസൂയാപൂർവമാണു വീക്ഷിച്ചിട്ടുള്ളതു്. (Nathaniel Hawthorne). അവിശ്വാസിയെങ്കിലും പണ്ഡിതനായ മറെറാരു ഗ്രന്ഥകാരൻ എഴുതുന്നു: "കന്യകാമറിയത്തോടുള്ള വണക്കം പരിശുദ്ധവും മനോഹരവുമായി എനിക്കു്—ഒരു അവിശ്വാസിക്കു—തോന്നുന്നു. ജീവിതത്തിലും സാഹിത്യത്തിലും കലകളിലും ശ്രേഷ്ഠമായി എന്തുണ്ടോ അതിനെല്ലാം ഈ വണക്കത്തോടാണു നാം കടപ്പെട്ടിരിക്കുന്നതു്. ഒരുവൻെറ മതവിശ്വാസം ഏതുവിധമായിരുന്നാലും ശരി, അവൻെറ സവിശേഷമായ ബഹുമാനാദരങ്ങളെ അർഹിക്കുന്ന ദൈവമാതൃത്വത്തിൻെറ ഉൽകൃഷ്ടമായ പൂർത്തീകരണമാണു് ഈ കന്യകയിൽ ഞാൻതന്നെയും കാണുന്നതു്.—" (റോബർട്ടു് ബുക്കാനൻ) മഹാകവി

വേർഡ്സ്‌വത്തിന്റെ വാക്കുകളിൽ ഈ അദ്ധ്യായം നമുക്കു സമാപിക്കാം:

“പാപയുതമായൊരുവിചാരലവലേശ-
വ്യാപനമൊഴിഞ്ഞ പരിപൂതഹൃദയം തേ
മാതരിഹസർവ്വസുകുമാരികളിലും പ്ര-
ഖ്യാതിയതിനാൽ മികവുകൂട്ടമൊരു മുഗ്ദ്ധേ!
ബദ്ധകലുഷാങ്കിതമതാകുമിഹലോകൈ
കാന്തബഹുമാനമിഹഹേ ഭവതിതന്നെ;
സിന്ധുജലമദ്ധ്യഗതഫേനമതിനേക്കാൾ
ഭംഗിചിതറുന്നതനുതൻ മഹിമയൊന്നി-
ങ്ങാശയമതിങ്കലെവനും കുതുകമേറും.
ശ്യാമളനിറം കലരുമംബരമതിൽശ്രീ-
സോമനുതളർച്ചയണയുന്നതിനുമുമ്പേ
കോമളരുചിപ്രചുരപുഞ്ജമതിനേക്കാൾ
കേമമയിതേ സുതനുദിഗ്‌വിജയശോഭാ.”
(സുമാംഗ്ലപ്രകാശിക.)

# മനുഷ്യപുത്രൻ

രണ്ടാംഭാഗം.

## അദ്ധ്യായം ൧.

### ബാല്യവും ആശാരിപ്പണിയും.

### I.

### ദിവ്യശിശുവിൻെറ ജനനം

"ആക്കാലത്തു റോമാചക്രവർത്തിയായ സീസർ അഗസ്റ്റസ്, ലോകം മുഴുവനിലുമുള്ള ജനങ്ങളുടെ കണക്കെടുക്കുന്നതിനു കല്പന നൽകി. കാനേഷുമാരിക്കണക്കു പ്രമാണിച്ച് ഓരോരുത്തൻ സ്വനഗരത്തിലേക്കുപോയി. യൗസേപ്പ് ദാവീദിൻെറ വംശജാതനായിരുന്നതിനാൽ മറിയം എന്ന ഗർഭിണിയായ തൻെറ ഭാര്യയോടുകൂടി ഗലിലേയായിൽപ്പെട്ട നസറത്ത് എന്ന നഗരത്തിൽനിന്നും യൂദയായിൽ ബത്ലഹം എന്നു വിളിക്കപ്പെടുന്ന ദാവീദിൻെറ നഗരത്തിലേക്കു പുറപ്പെട്ടു". (ലൂക്കാ ൨, ൧-൫.) ഈ ധന്യർ, എസ്ഡ്റലോൺ, സിക്കിം, എന്ന സമതലപ്രദേശങ്ങൾ കടന്നു നാലഞ്ചുദിവസത്തെ, ക്ലേശകരമായ യാത്രയ്ക്കുശേഷം ബത്ലഹമിൽ ചെന്നുചേർന്നു. വെള്ളനിറമുള്ള ഒരുനീണ്ട കുന്നിന്മേലാണു ബത്ലഹം പട്ടണം സ്ഥിതിചെയ്യുന്നതു്. ആ കുന്നിൻെറ ചരിവുകൾ സൈത്ത്, അത്തി മുതലായവൃക്ഷങ്ങളെക്കൊണ്ടും, മുന്തിരിച്ചെടികളെക്കൊണ്ടും ആസ്തൃതവും വളരെ മനോഹര

വുമായിരുന്നു. അതിൻെറ മുകളിൽനിന്നും കിഴ്പോട്ടു ദൃഷ്ടിപതിക്കുന്നതായാൽ അതിവിസ്തൃങ്ങളായ ശാഡ്വലപ്രദേശങ്ങളും, സൗമ്യവതിയായ റൂത്ത് എന്ന തരുണിരത്നം കാലാപെറുക്കിയ ബൂസിൻെറ ഫലഭൂയിഷ്ഠമായ പുരാതനവയലും, ബാലനായ ദാവീദ് ആടുകളെ മേയിച്ചുവന്ന രമണീയമായ മേച്ചിൽസ്ഥലങ്ങളും കാണപ്പെടുന്നതാണ്. കുന്നിൻെറ കിഴക്കുവശത്തുനിന്നു ചാവുകടലിനെ ലക്ഷ്യമാക്കി നോക്കുന്നതായാൽ റാക്കേലിനെ ഭൂദാനംചെയ്ത സ്ഥലവും ദൃശ്യമാകും.

മറിയവും യൗസേപ്പും തങ്ങളുടെ പൂർവ്വന്മാരുടെ ജന്മനഗരത്തിൽ പ്രവേശിച്ചപ്പോൾ അതിൻെറ തെരുവീഥികൾ വിദേശ്യരെക്കൊണ്ടു നിബിഡമായിരുന്നു. അവർ സത്രങ്ങൾതോറും അലഞ്ഞു നടന്നു. എന്നാൽ അവ ജനങ്ങളെക്കൊണ്ടു നിറഞ്ഞിരുന്നതിനാലും, നമ്മുടെ ദമ്പതിമാർ ദരിദ്രരും, വിശിഷ്യ, മറിയം ഗർഭിണിയായിരുന്നതുകൊണ്ടും, അവക്ക് ഒരിടത്തും പ്രവേശനം ലഭിച്ചില്ല. തന്നിമിത്തം ക്ഷീണഗാത്രരായ അവർക്കു നഗരി വിട്ടു വേറെ സ്ഥലം അന്വേഷിക്കേണ്ടിവന്നു. അതിശീതളമായ ആ രാത്രിയിൽ അവർ പലെടങ്ങളിലും ചുററിത്തിരിഞ്ഞു. ഒടുവിൽ ഒരു തൊഴുത്തിൽ അഭയം പ്രാപിച്ചു. അവിടെ വച്ചു—ഡിസംബർ ൨൫-ാം നു—ദിവ്യശിശു ജാതനായി. വിസ്മയാവഹമായ ഒരു ജനനമായിരുന്നു ഇത്. അച്ഛസ്ഫടികത്തിലൂടെ സൂര്യരശ്മികൾ പകരുന്നതുപോലെയാണു കന്യകയുടെ ഉദരത്തിൽനിന്ന് അവിടുന്നു ലോകത്തിലേക്കുവന്നത്. അതിനാൽ ദിവ്യശിശുവിനെ പ്രസവിക്കുന്നതിനു മുമ്പും പ്രസവിക്കുന്ന സമയത്തും, പ്രസവിച്ചതിനു ശേഷവും മറിയം കന്യകയായിത്തന്നെയിരുന്നു. പ്രസവസമയത്തു മാതാക്കൾ സഹിക്കാറുള്ള അരിഷ്ടതകൾക്കൊന്നിനും അവൾ വിധേയയായില്ലെന്നു മാത്രമല്ല,

അവാച്യമായ ആനന്ദം അനുഭവിക്കയും ചെയ്തു. (St. Jerome, "Adversus Helvedium" 8.) പ്രസവംകഴിയുന്ന ഉടനെ സാധാരണമായി അന്യർ ചെയ്യുന്ന ശുശ്രൂഷകൾപോലും മറിയം തന്നെയാണു ദിവ്യശിശുവിനുചെയ്തതു്. "ദിവ്യശിശുവിനെ പിള്ളക്കച്ചയിൽ പൊതിഞ്ഞു വൈക്കോലിൽ കിടത്തി." (ലൂക്കാ. ൨. ൭.)

"ഭയപ്പെടേണ്ട; ഞാൻ നിങ്ങളോട് ഒരു സന്തോഷവാൎത്ത അറിയിക്കുന്നു. ദാവീദിൻെറ നഗരത്തിൽ ഇന്നു നിങ്ങൾക്കു ഒരു രക്ഷകൻ പിറന്നിരിക്കുന്നു; തൊഴുത്തിൽ തുണികളാൽ പൊതിയപ്പെട്ട ഒരു ശിശുവായി നിങ്ങൾ അവനെ കാണും. ഇതാണു് അവനെ അറിയുന്നതിനുള്ള അടയാളം." (ലൂക്കാ. ൨, ൧൦-൧൨.) എന്നുള്ള വൃത്താന്തത്തെ സാധുക്കളും, നിർധനരും, അധ്വാനശീലരും നിരക്ഷരകുക്ഷികളുമായ ആട്ടിടയന്മാരെയത്രെ ആദ്യമായി അറിയിക്കുന്നതു്. ഇവരാണു് അവതീർണ്ണനായ ദൈവത്തിൻെറ പ്രത്യേക സ്നേഹപാത്രങ്ങൾ. ഈ സമയത്തു് ഇവരുടെ ചിന്താപരമ്പരകൾ എന്തായിരുന്നിരിക്കാം. നമുക്കൊന്നാരായുകതന്നെ. അവരെ ഈ വാൎത്ത എന്തെന്നില്ലാതെ ആശ്ചൎയ്യഭരിതരാക്കുന്നു. പ്രതീക്ഷിച്ചിരുന്ന മിശിഹാ വന്നുവോ! എന്നാൽ ഹാ ദൈവമേ! പ്രതീക്ഷയ്ക്കു ഇതെത്ര വിപരീതം! ഒരു ഗുഹ! ഒരു തൊഴുത്തു്! തുണിയിൽപൊതിഞ്ഞ ഒരു ശിശു! ഇതു് ദീർഘദർശികളാൽ പ്രവചിക്കപ്പെട്ട രക്ഷകനോ? എമ്മാനുവേലോ? സർവ്വശക്തനായ ദൈവമോ! വാഗ്ദാനത്തിൻെറ ദൂതനോ? നിത്യതയുടെ പിതാവോ? സകല ജനതയേയും അടക്കി ആകാശങ്ങളിൽ വാഴുന്ന കൎത്താവോ? എന്തു്! ഇതു സ്വപ്നമോ, മായയോ? പ്രതീക്ഷയിൽനിന്നു് എത്ര വ്യത്യസ്തം.

നമുക്കു തുടരാം. ആട്ടിടയന്മാർക്കുശേഷം "മേജൈ"

എന്നു സുവിശേഷത്തിൽ വിളിക്കപ്പെടുന്ന മൂന്നു പൗരസ്ത്യ രാജാക്കന്മാർ ആ തൊഴുത്തിലേയ്ക്കു ക്ഷണിക്കപ്പെട്ടു. അതെ, ദരിദ്രന്മാർക്കുശേഷം സമ്പന്നന്മാരും, പാമരന്മാർക്കുശേഷം പണ്ഡിതന്മാരും പ്രവേശിക്കുന്നു. ഇതിൻെറ രഹസ്യം എന്തായിരിക്കാം. അതു മറെറാന്നുമല്ല. ക്രിസ്തു എല്ലാവരേയും രക്ഷിക്കുന്നതിനായി മനുഷ്യാവതാരംചെയ്തു. "യഹൂദരുടെ രാജാവു് എവിടെ ജനിച്ചിരിക്കുന്നു? അവൻെറ നക്ഷത്രം ഞങ്ങൾ കിഴക്കേ ദിക്കിൽ കണ്ടു. അവനെ ആരാധിക്കുന്നതിനു ഞങ്ങൾ വന്നിരിക്കുന്നു." (മത്തായി. ൨. ൨) എന്നു ചോദിച്ചുകൊണ്ടു് അവർ ജറൂസലേമിൽ പ്രവേശിച്ചു. ഈ ചോദ്യംതന്നെ അവർ വന്നവഴിക്കു ജാതിമതഭേദമന്യെ പലരോടും ചോദിച്ചിരിക്കണം. പുരുഷനെന്നൊ സ്ത്രീയെന്നൊ, കുചേലനെന്നൊ, കുബേരനെന്നൊ, വിദ്വാനെന്നൊ, വിദ്യാവിഹീനനെന്നൊ ഉള്ള യാതൊരു വ്യത്യാസവും ഗണിക്കാതെ അവരുടെ ദൃഷ്ടിയിൽപ്പെട്ടവരോടൊക്കെ "യഹൂദന്മാരുടെ രാജാവു് എവിടെ?" എന്നുള്ള ചോദ്യം ആവർത്തിച്ചു കൊണ്ടിരുന്നു. എന്നാൽ മറുപടി ഒന്നും അവർക്കു ലഭിച്ചില്ല. അവരാരും അവിടുത്തെ അറിഞ്ഞിരുന്നില്ല; അറിയുന്നതിനു ശ്രമിച്ചുമില്ല. ഹാ! ഇതെത്ര പരിതാപകരം! പൂർവ്വപിതാക്കന്മാരായ അബ്രാഹം, ഇസാക്കു്, യാക്കോബു് മുതലായവരുടെ കാലം മുതല്ക്കേ യഹൂദന്മാരെല്ലാവരും രക്ഷകനെ പ്രതീക്ഷിച്ചിരുന്നു. ദീർഘദർശികൾ അദ്ദേഹത്തിൻെറ ആഗമനത്തെ അക്ഷമരായി പാർത്തിരുന്നു. എന്നല്ല, ലോകംമുഴുവനും അദ്ദേഹത്തിൻെറ ജന്മദിനം കാണുവാൻ തീവ്രമായി കാംക്ഷിച്ചിരുന്നു. ഇതാ, അദ്ദേഹം വന്നുകഴിഞ്ഞു. എന്നാൽ സ്വീകരിക്കാനാരുമില്ല. സ്വജനങ്ങളുടെയിടയിൽ അവിടുന്നു വന്നു. എന്നാൽ സ്വജനം അവിടുത്തെ കൈക്കൊണ്ടില്ല. ഓരോരുത്തനും അവനവൻെറ കൃത്യങ്ങളിൽ വ്യാപൃതനായിരിക്കുന്നു. നിയമ

പണ്ഡിതൻ തത്വശകലങ്ങളെ വ്യാഖ്യാനിക്കുന്നു. ലെവായെ ക്കാരൻ ദൈവാലയത്തെ ലക്ഷ്യമാക്കി ത്വരിതഗമനം ചെയ്യുന്നു. ഫരിസ്യൻ തന്റെ വസ്ത്രങ്ങളെ കസവുപിന്നി അലങ്കരിക്കുന്നു. കച്ചവടക്കാരൻ ലാഭനഷ്ടങ്ങൾ കണക്കാക്കുന്നു. പ്രാപഞ്ചികൻ സുഖഭോഗങ്ങളിൽ നിർവൃതിതേടുന്നു കർഷകൻ നിത്യവൃത്തിക്കുള്ളവയെ ശേഖരിക്കുന്നതിൽ ബദ്ധശ്രദ്ധനായിരിക്കുന്നു. എന്നാൽ ജാതനായ രക്ഷകനെക്കുറിച്ച് ആരും ചിന്തിക്കുന്നില്ല.

## II.

## തൊഴുക്കൂട്ടിൽനിന്നുള്ള സന്ദേശം.

ദൈവത്തിന്റെ അപരിമേയമായ നിർണ്ണയങ്ങളെ തങ്ങളുടെ പരിമിതബുദ്ധികൊണ്ട് അളന്നു കളയാമെന്നു വിചാരിച്ചവർക്കു ക്രിസ്തുവിന്റെ ഈ വിനീതമായ ജനനം, ഭഗ്നാശയും ഇടർച്ചയും കാരണമായിത്തീർന്നു. പല കൂമ്മബുദ്ധികൾപോലും ഇതിനെ വെറും മൗഢ്യമായിട്ടാണു കരുതിപ്പോന്നതു്. ആദ്യശതകങ്ങളിൽതന്നെ ഭക്തിഹീനനായ മാർഷ്യൺ പറഞ്ഞിരിക്കുന്നതിപ്രകാരമാണ്. "ഈ മാതിരി അസംബന്ധങ്ങളിൽനിന്നു് എന്നെ രക്ഷിക്കണമെ! ഈ നികൃഷ്ടമായ പഴന്തുണിയും, വൃത്തിഹീനമായ തൊഴുത്തും എന്നിൽനിന്നു് അകന്നുപോകട്ടെ! അവ ഞാൻ ആരാധിക്കുന്ന ദൈവത്തിനു് ഒരിക്കലും യോഗ്യമല്ല." ഇതിനു തെർത്തുല്യന്റെ മറുപടി ഏററവും പറ്റിയമായിരിക്കുന്നു. "മനുഷ്യവർഗ്ഗത്തെ രക്ഷിക്കാൻ അവതരിച്ച ദൈവത്തിനു് ഇതിനേക്കാൾ യോഗ്യമായ ഒരു ജനനമില്ല. നമ്മുടെ നശ്വരമായ പ്രതാപമഹിമകളും ആഡംബരങ്ങളും അദ്ദേഹം നിസ്സാരമാക്കി. ലൗകിക സുഖാനുഭവങ്ങൾ അവനും അവനെ സംബന്ധിച്ചവയും അയോഗ്യങ്ങളാണ്" (Tertull., "Adversus

Marcionem" Iib, ii, Cap. 27). ഇതെത്ര വാസ്തവം. വിനയമെന്നപുണ്യം ലോകത്തെ പഠിപ്പിക്കുന്നതിനായി, സകല സൗഭാഗ്യങ്ങളും നിറഞ്ഞ സ്വൎഗ്ഗീയ പറുദീസായെ വിട്ടു്, ഇഹത്തിലേയ്ക്കുവന്ന ആ ജഗന്നിയന്താവിനു് ആഡംബരപ്രിയന്മാരായ മനുഷ്യരുടെ വ്യൎത്ഥങ്ങളായ ദൂഷണങ്ങളൊ, നിരൎത്ഥകങ്ങളായ ഉപകരണങ്ങളൊ കൊണ്ടെന്താവശ്യം? സൂൎയ്യനു പ്രകാശവും, ഭൂമിയ്ക്കു ഫലപുഷ്ടിയും, പ്രകൃതിക്കു മനോഹരതയും നൽകിയ താൻ മനുഷ്യരുടെ വ്യൎത്ഥമായ ആഡംബരങ്ങളിൽ ഭ്രമിക്കുക എന്നതു തന്റെ അനന്തമായ മാഹാത്മ്യത്തിനു യോജിച്ചതോ? നമ്മുടെ ദുഃഖത്തെ ശമിപ്പിക്കുന്നതിനും, നമ്മുടെ കണ്ണുനീരുകളെ തുടയ്ക്കുന്നതിനുമായിട്ടല്ലയോ അവിടുന്നു വന്നതു്? ഒരു രാജധാനിയിലാണു് അവിടുന്നു ജനിച്ചിരുന്നതെങ്കിൽ ഇപ്രകാരം ചെയ്യുന്നതിനു തനിക്കു സാധിക്കുമായിരുന്നോ? നിസ്സഹായരും നിൎദ്ധനരും തന്നെ സമീപിക്കുമായിരുന്നോ? ദരിദ്രന്മാർ ഭാഗ്യവാന്മാരാകുന്നു; കരയുന്നവർ ഭാഗ്യവാന്മാരാകുന്നു; നീതിയെപ്രതി പീഡയനുഭവിക്കുന്നവർ ഭാഗ്യവാന്മാരാകുന്നു; എന്നു പറയുവാൻ അവിടുത്തേയ്ക്കു കഴിയുമായിരുന്നോ? ഹീനമായ തൊഴുത്തിൽ ദരിദ്രനായി താൻ ജനിച്ചില്ലായിരുന്നുവെങ്കിൽ എല്ലാ തത്വചിന്തകളേക്കാളും നമ്മുടെ ഖേദങ്ങളെ ലഘുവാക്കുന്നതിനു് പൎയ്യാപ്തമായിത്തീൎന്ന പ്രസ്തുത വചനങ്ങൾക്കു്, അവയ്ക്കുള്ള ശക്തി ഒരിക്കലും ലഭിക്കുമായിരുന്നില്ല. "അദ്ധ്വാനിക്കുന്നവരും ഭാരം വഹിക്കുന്നവരുമായ എല്ലാവരും എന്റെ പക്കൽ വരുവിൻ; പരിത്യക്തരും നിന്ദിതരുമായ നിങ്ങൾ എന്നെ സമീപിക്കുവിൻ. ബത്ലെഹമിലേ ഭവനങ്ങളിൽ എനിക്കു സ്ഥലം ലഭിച്ചില്ലെന്നുള്ളതു നിങ്ങൾ അനുസ്മരിച്ചാലും. സ്വജനങ്ങളുടെയിടയിൽ ഞാൻ വന്നു; അവർ എന്നെ സ്വീകരിച്ചില്ല. രാത്രികാലങ്ങളിലേ കൊടുങ്കാറ്റുകളിൽനിന്നു

രക്ഷപ്പെടുന്നതിനു സങ്കേതസ്ഥാനങ്ങൾ നിങ്ങൾക്കു ഒരു പക്ഷെ ഇല്ലായിരിക്കാം. അതുകൊണ്ടു നിങ്ങൾ ഭേദിക്കേണ്ട. നിങ്ങളുടെ ദൈവമായ ഞാൻ തൊഴുക്കൂട്ടിൽ വയ്ക്കോലിന്മേലല്ലയോ കിടക്കുന്നതു്? ക്ലേശം സഹിക്കുന്നവരും നിഷ്കാസിതരുമായവരേ, നിങ്ങൾ എന്റെ പക്കൽ വരുവിൻ. ദുഷ്ടനായ ഹേറോദേസുരാജാവിൽനിന്നു രക്ഷ പ്രാപിക്കുവിൻ. ഞാനും, ജനിച്ചു കുറെനാൾ കഴിഞ്ഞു് ഈജിപ്തിലേക്കു ഓടിപ്പോകേണ്ടിവന്നു. എന്റെ പിതാവിനെ നിന്ദിക്കുകയും അദ്ദേഹത്തിന്റെ നാമത്തെ ദൂഷിക്കയും ചെയ്യുവരേ, നിങ്ങളും എന്റെ പക്കൽ വരുവിൻ. നിരാശനിമിത്തം രക്ഷയില്ലെന്നു നിങ്ങൾ വിചാരിച്ചേക്കാം. എന്നാൽ നിങ്ങൾ ഭയപ്പെടേണ്ട. ഞാൻ ഒരു ശിശുമാത്രമല്ലയോ? നിങ്ങളോടു ക്ഷമിക്കുവാനല്ലയോ ഞാൻ വന്നിരിക്കുന്നതു്?" ഹാ! എത്ര കരുണാമസൃണങ്ങളായ വചനങ്ങൾ! നിഗൂഢങ്ങളും ആശ്വാസപ്രദങ്ങളുമായ രഹസ്യങ്ങൾ!! ഇതാ ദൈവം ശിശുവായി ജനിക്കുന്നു. ദൈവം കരയുന്നു. ദൈവം വിശപ്പും ദാഹവുംകൊണ്ടു വലയുന്നു. ദൈവം സംസാരശക്തിയില്ലാത്തവനായി കാണപ്പെടുന്നു. ദൈവം നിരാലംബനായി ഒരു തൊഴുത്തിൽ വസിക്കുന്നു. ദൈവം ജീവസന്ധാരണത്തിനുപോലും വകയില്ലാതെ ക്ലേശിക്കുന്നു. ഇതു നിശ്ചയമായും അവിശ്വാസികൾക്കു പരിഹാസവിഷയം തന്നെ. വിശ്വാസികളായ നമുക്കോ എന്നാൽ ഇതു സ്നേഹത്തിന്റെ രഹസ്യമാകുന്നു. നമ്മുടെ പാപങ്ങളെ ഹനിക്കുന്നതിനും, ലോകത്തിന്റെ അബദ്ധപ്രബോധനങ്ങളോടെതിർക്കുന്നതിനും, നമ്മുടെ അഹങ്കാരത്തെ ധ്വംസിക്കുന്നതിനും, സുഖസമ്പത്തുകളോടുള്ള നമ്മുടെ അമിതമായ ആഗ്രഹത്തെ ഉന്മൂലനംചെയ്യുന്നതിനുമായിട്ടാണു തൊഴുത്തിലേ

ഈ ശിശു ആഗതനായതു്. ഈ ഉദ്യോഗത്തോടുകൂടിത്തന്നെ പല ശതാബ്ദങ്ങൾക്കു മുമ്പുമുതൽ തത്വചിന്തകന്മാരും താപസശ്രേഷ്ഠന്മാരും ഭഗീരഥപ്രയത്നം ചെയ്തിട്ടുണ്ടു്. എന്നാൽ ഇവരുടെ ശ്രമങ്ങളെല്ലാം വിഫലമാകുകയാണുണ്ടായതു്. ബെത്‌ലെഹമിലേ ശിശുവിനുമാത്രമേ ഇതു സാധിച്ചുള്ളു. വിനയം, സഹനം എന്നിവമാത്രമായിരുന്നു തന്റെ ഉപകരണങ്ങൾ. വിഷയാസക്തൻ, ദിവ്യശിശുവിനെ ആമരാദനം ചെയ്തിരിക്കുന്ന പഴന്തുണികളിൽ ദൃഷ്ടിപതിക്കട്ടെ! അഹങ്കാരി, ദൈവത്തിന്റെ അപകർഷത്തേയും ഹീനാവസ്ഥയേയും വീക്ഷിക്കട്ടെ! ധനേച്ഛുക്കൾ, ആകാശഭൂലോകങ്ങളുടെ സ്രഷ്ടാവിന്റെ ദാരിദ്ര്യത്തേയും, നിരാശ്രയതയേയും പററി ചിന്തിക്കട്ടെ! എന്തിനു്, ഇവരെല്ലാവരും തൊഴുക്കൂട്ടിനെ അവലോകനം ചെയ്യട്ടെ! മനുഷ്യഹൃദയം ഇവൎക്കുണ്ടെങ്കിൽ നിശ്ചയമായും ലജ്ജാപൂൎവ്വം മാറത്തടിച്ച സുവിശേഷത്തിലേ ആ ചുങ്കക്കാരനോടുകൂടെ അവരും നിലവിളിക്കും. "ഓ! ദൈവമേ! പാപിയായ എന്റെമേൽ കരുണയുണ്ടാകണമെ" മനുഷ്യാവതാര രഹസ്യത്തിൽ ദൈവത്തിന്റെ നന്മ അനന്തമായി പ്രത്യക്ഷപ്പെടുന്നു. തനിക്കു ഒരു ശിശുവായി ജനിക്കാതെ പൂൎണ്ണമനുഷ്യന്റെ ശരീരം സ്വയംസ്വീകരിച്ചു നമ്മുടെയിടയിൽ വരാമായിരുന്നു. പക്ഷെ അപ്രകാരം വന്നിരുന്നുവെങ്കിൽ അദ്ദേഹം നമ്മുടെ "അസ്ഥിയുടെ അസ്ഥിയും" "മാംസത്തിന്റെ മാംസവും" ആകുമായിരുന്നില്ല! 'മനുഷ്യപുത്രൻ' എന്ന സംജ്ഞയും തനിക്കു നഷ്ടപ്പെട്ടേനെ. തന്നിമിത്തമത്രെ താൻ കന്യകയിൽനിന്നു ജാതനാകുന്നതിനും ശിശുസാധാരണമായ ക്ലേശങ്ങൾ സഹിക്കുന്നതിനും തിരുമനസ്സായതു്. "നമുക്കു് ഒരു ശിശു ജനിച്ചിരിക്കുന്നു. നമുക്കു് ഒരു പുത്രൻ നൽകപ്പെട്ടിരിക്കുന്നു." (ഇസ. ൯. ൬.) ഭയങ്കരൻ, സൎവ്വശക്തൻ, സൈന്യങ്ങളുടെ കൎത്താവു് എന്നു

സ്വയം അഭിസംബോധനം ചെയ്യുന്ന ഈ അത്യുന്നതദൈവം സ്നേഹപാരവശ്യത്താൽ എപ്രകാരം മനുഷ്യസ്വഭാവത്തിൻെറ ബലഹീനതകൾക്കു വശഗനായി എന്നു കാണുവിൻ. പ്രാപഞ്ചികന്മാരും, ചാർവ്വാകന്മാരും എന്നുവേണ്ട, മൃഗങ്ങൾക്കുള്ളതിൽ ഉപരിയായ ഒരു അന്ത്യത്തെ പ്രതീക്ഷിക്കാത്ത സകലരും എന്തും ജല്പിച്ചുകൊള്ളട്ടെ. തങ്ങളുടെ നിരാശാജനകമായ അഭിമതങ്ങളെ അവർ മുറുകെ പിടിച്ചുകൊള്ളട്ടെ. ഈ സിദ്ധാന്തങ്ങൾകൊണ്ടു ഒരൊററ വ്രണിതഹൃദയത്തെയെങ്കിലും സമാശ്വസിപ്പിക്കുന്നതിന് അവർക്കു സാധിച്ചിട്ടുണ്ടോ? പീഡിതനായ ഒരുവനെങ്കിലും ഈ സിദ്ധാന്തങ്ങൾകൊണ്ടു വല്ല ഗുണവും സിദ്ധിച്ചിട്ടുണ്ടോ? ഇല്ല. ലോകത്തിന് ഇവയെക്കൊണ്ടു യാതൊരാവശ്യവുമില്ല. ഇവ കൂടാതെ തന്നെ ലോകം പുരോഗമനം ചെയ്തുകൊള്ളും. എന്നാൽ തൊഴുക്കൂട്ടിലെ സന്ദേശംകൂടാതെ ലോകത്തിന് അഭിവൃദ്ധി അസാദ്ധ്യമാണ്. ബത്ലെഹമിലെ തൊഴുക്കൂടാണു നിർഭാഗ്യവാന്മാരുടെ ആനന്ദം; ദുഃഖിതരുടെ ആശ്വാസം; പീഡിതരുടെ പ്രതീക്ഷ; നരഗണത്തിൻെറ അഭിമാനം. ഈ തൊഴുക്കൂടുതന്നെയാണു ദരിദ്രരുടെ സമ്പത്തും വിശുദ്ധന്മാരുടെ ധ്യാനവിഷയവും.

## III.

## യേശുവിൻെറ ശൈശവം.

പ്രമാണാനുസാരം, ജനിച്ചു നാല്പതുദിവസം കഴിഞ്ഞു മാതാപിതാക്കന്മാർ ഉണ്ണിമിശിഹായെ ദേവാലയത്തിൽ കാഴ്ചവച്ചു. അതിനിർമ്മലരായ വാനാരൂപികളേക്കാൾ പരിശുദ്ധയായിരുന്ന മറിയം അവളുടെ വിനയാധിക്യത്താൽ ശുദ്ധീകരണകർമ്മത്തിനു വിധേയയായി. മറിയം ദൈവത്തിൻെറ പു

ത്രിയും, മണവാട്ടിയും മാതാവും, ദൈവദൂതന്മാരുടേയും മനുഷ്യരുടേയും രാജ്ഞിയും ആയിരുന്നു. എന്നാൽ സവ്വശക്തൻ ചെയ്തിരുന്ന "മഹാകാൎയ്യങ്ങൾ" അവൾ മറന്നുകളഞ്ഞില്ല. ദൈവമാതൃസ്ഥാനം, തന്നെ സകല സ്ത്രീകളിലും മേലായി ഉയൎത്തിയെന്നും സകല തലമുറകളും തന്നെ അനുഗ്രഹീതയായി കൊണ്ടാടുമെന്നും അറിഞ്ഞിരുന്നിട്ടും, മറിയം മുൻപിലത്തെപ്പോലെതന്നെ ഒതുക്കത്തോടും വിനയത്തോടുംകൂടി വൎത്തിച്ചുപോന്നു. ഇസ്രായേൽക്കാരായ മററു മാതാക്കളിൽനിന്നു വ്യത്യസ്തയായി പരിഗണിക്കപ്പെടണമെന്ന് ആഗ്രഹമില്ലാതിരുന്നതിനാൽ മറിയം തനിക്കുവേണ്ടി രണ്ടു മാടപ്രാവുകളും, തന്റെ ശിശുവിനുവേണ്ടി അഞ്ചു ഷെക്കൽ നാണയവും മാത്രം കാഴ്ചവച്ചു. ഈ അവസരത്തിലായിരുന്നു വിശുദ്ധ ശെമഓൻ തന്റെ രക്ഷകനെ സ്വീകരിച്ചതു്. വാർദ്ധക്യം പ്രാപിച്ചിരുന്ന ശെമഓനു താൻ, കൎത്താവായ ഈശോയെ കാണാതെ മരിക്കയില്ലായെന്നു ദിവ്യവെളിപാടു പരിശുദ്ധാത്മാവിൽനിന്നു ലഭിച്ചിട്ടുണ്ടായിരുന്നു. ദിവ്യശിശുവിനെ കൈയിലെടുത്തുംകൊണ്ടു് ആ വൃദ്ധൻ ആനന്ദഭരിതനായി ഇപ്രകാരം പറഞ്ഞു: "കൎത്താവേ, നിന്റെ ദാസനെ സമാധാനത്തിൽ വിട്ടയച്ചാലും; എന്തുകൊണ്ടെന്നാൽ അങ്ങു സകലരുടേയും മുമ്പാകെ ഒരുക്കിയിരിക്കുന്നതും പുറജാതികളുടെ വെളിച്ചവും ഇസ്രായേലിന്റെ മഹത്വവുമായ അങ്ങെ രക്ഷയെ ഞാൻ കണ്ടു" (ലൂക്കാ. ൨. ൨൯, ൩൨)

ഈ സമർപ്പണം കഴിഞ്ഞു് അധികം താമസിയാതെ വിശുദ്ധകുടുംബത്തിനു തങ്ങളുടെ പിതാക്കന്മാരുടെ ജന്മദേശം വിട്ടു പോകേണ്ടിവന്നു. യൂദയാദേശത്തിലേ സിംഹാസനം അപഹരിച്ചവനായ ഹേറോദേസ് അയാളുടെ ജീവിതകാലം മുഴുവൻ ഒരു എതിരാളിയെ ഭയപ്പെട്ടിരുന്നു. ജീവനാ

ശത്തെക്കുറിച്ചുള്ള ഈ ഭയം സ്വകുടുംബത്തിൽനിന്നു തന്നെ പലരേയും വധിക്കുന്നതിന്ന് അയാളെ പ്രേരിപ്പിച്ചു. സ്വസിംഹാസനം സുരക്ഷിതമാക്കുവാനായി തന്റെ മുൻഗാമിയുടെ പുത്രിയെ വിവാഹംകഴിച്ചു. എന്നാൽ അയാളുടെ പൂൎവ്വചരിത്രം അറിഞ്ഞിരുന്ന യഹൂദർ അയാളെ ഒരു വിദേശിയും പ്രജാപീഡകനുമായി കരുതി അത്യന്തം വെറുത്തിരുന്നു. മുപ്പതുകൊല്ലത്തെ ഭരണം കഴിഞ്ഞപ്പോൾ യൂദയായിൽ ബത്ത്‌ലെഹം എന്ന സ്ഥലത്തു് ഒരു രാജകുമാരൻ ജാതനായി എന്ന വൎത്തമാനം അയാളുടെ ദുഃശ്ശങ്കയെ ഒന്നു തട്ടിയുണൎത്തി. രക്ഷകനെപ്പററിയുള്ള ചില പ്രവചനങ്ങൾ ഓൎമ്മയിൽ വന്നപ്പോൾ കിരീടം നഷ്ടപ്പെട്ടേക്കുമൊ എന്നു് അയാൾക്കു വലിയ ഭയമായി. തന്നിമിത്തം നിൎമ്മലരായ അനേകം ശിശുക്കളുടെ കൂട്ടക്കൊലയ്ക്കു് അയാൾ കല്പനകൊടുത്തു. എന്നാൽ ദൈവത്തിന്റെ ഒരു ദൂതൻ രാത്രിസമയത്തു യൗസേപ്പിന്നു കാണപ്പെട്ടു, മാതാവിനെയും ശിശുവിനേയും കൊണ്ടു് ഈജിപ്തിലേയ്ക്കു ഓടിപ്പോകുവാൻ ആജ്ഞാപിച്ചു. തിരുക്കുടുംബം പ്രവാസകാലം കഴിച്ചുകൂട്ടിയതു കെയിറോയിൽനിന്നു രണ്ടുമണിക്കൂർനേരത്തെ യാത്രയുള്ള മറൈററിയ എന്ന ഗ്രാമത്തിലായിരുന്നുവെന്നു തദ്ദേശത്തെ ചില പാരമ്പൎയ്യരേഖകളിൽ കാണുന്നു. ക്രിസ്തുവിന്റെ വരവിന്നു നൂററിഎഴുപത്തഞ്ചുകൊല്ലം മുൻപു്, ആൻറിയോക്കസുരാജാവിന്റെ വേദക്ലേശങ്ങൾമൂലം ഏതാനും യഹൂദർ ഓനിയാസ് എന്ന മഹാപുരോഹിതന്റെ നായകത്വത്തിൽ ഈ ദേശത്തു കുടിയേറിപാൎത്തു, പ്രമാണത്തിലേ നിബന്ധനകൾ അനുസരിച്ചു് ഇസ്രായേലിന്റെ ദൈവത്തെ ആരാധിച്ചുപോന്നു എന്നുള്ളതു പ്രസിദ്ധമായ സംഗതിയാണു്. വിഗ്രഹങ്ങളുടെ ആസ്ഥാനമായിരുന്ന ഈ പ്രദേശത്തു് അവർ ജെറൂസലം ദേവാലയത്തോടു കിടപിടിക്കത്തക്ക ഒരു ദേവാലയം പ

ണിയിക്കപോലും ചെയ്തു.(Cf. Fouard, "The Christ," Chap. V. note, P. 70) എന്നാൽ രക്ഷകൻെറ ആഗമനകാലത്തു് ഇവരുടെ പിൻഗാമികളുടെ മതം ദൂഷിച്ച യഹൂദമതത്തിൻെറയും കാവ്യമതത്തിൻെറയും ഒരു മിശ്രമായിത്തീർന്നിരുന്നു എന്നും തിരുക്കുടുംബത്തിൻെറ സാന്നിദ്ധ്യം അവരുടെ പുരാതന വിശ്വാസത്തെ പുനരുദ്ധരിക്കുകയും അവരുടെ രക്ഷക്കു ഹേതുഭൂതകമാകുകയും ചെയ്തുവെന്നു പൊതുവിൽ വിശ്വസിച്ചുപോന്നു. ദിവ്യപുത്രൻ തൻെറ ജീവിതത്തിലെ ആദ്യഘട്ടങ്ങൾ അന്യദേശത്തു കഴിക്കുവാൻ ആഗ്രഹിച്ചു. ബന്ധുക്കളിൽനിന്നു തന്നെയല്ല ജന്മദേശത്തുനിന്നുപോലും അകന്നിരിക്കാൻ അദ്ദേഹം ആഗ്രഹിച്ചതു മറിയത്തോടുള്ള ബന്ധം കൂടുതൽ ദൃഢമാക്കുവാൻ വേണ്ടിയായിരുന്നു. ഇത്രയധികം വിശേഷാനുകൂല്യങ്ങളാൽ അനുഗ്രഹിതയായ മറിയത്തിൻെറ ഭാഗ്യം അന്യാദൃശംതന്നെ. മറിയം ബുദ്ധിമുട്ടുകയും കഷ്ടപ്പെടുകയും ചെയ്തു. എന്നാൽ ഇതെല്ലാം ഈശോയോടുകൂടെയും ഈശോയ്ക്കുവേണ്ടിയും ആയിരുന്നു.

ഇജിപ്തിൽനിന്നു തിരിച്ചുവന്ന തിരുക്കുടുംബം നസ്രേത്തു പട്ടണത്തിൽ വാസമുറപ്പിച്ചു. ഉണ്ണിയീശൊ ദൈവത്തിൻെറയും മനുഷ്യരുടെയും ദൃഷ്ടിയിൽ പ്രായത്തിലും ജ്ഞാനത്തിലും വളർന്നു ഒരു അതിസുന്ദരനായ ബാലനായിത്തീർന്നു. അദ്ദേഹത്തിൽ വിളങ്ങിയ വിനയം നിൎമ്മലത, ലാളിത്യാമുതലായ വിശിഷ്ടഗുണങ്ങൾ ആക്കാണു വിവരിക്കുവാൻ കഴിയുന്നതു്. മനുഷ്യൻെറ കല്പനാശക്തിയുടെയും, ദൈവദൂതന്മാരുടെ ബുദ്ധിശക്തിയുടെയും പരിധിയിൽ എത്താവുന്നേടത്തോളമുള്ള ശ്രേഷ്ഠതയും സുഭഗതയും അദ്ദേഹത്തിൻെറ നിൎമ്മലമായ മുഖത്തു സദാ കളിയാടിയിരുന്നു. ആ സുന്ദരമുഖം നിൎമ്മലതയുടെയും സമാധാനത്തിൻെറയും ഒരു ദർപ്പണമാ

യിരുന്നു. എല്ലാ സൽഗുണങ്ങളും അവയുടെ മാധുര്യമേറിയ തേജസ്സോടുകൂടി പ്രശോഭിച്ചു. ശൈശവത്തിലെ വിവിധ ലാവണ്യലക്ഷണങ്ങളും ആ മുഖത്തു സംയുക്തമായിരുന്നു. ദിവ്യശിശുവിൻെറ അധരങ്ങളിൽനിന്നു, ദൈവസ്നേഹവും പരസ്നേഹവും വഴിഞ്ഞൊഴുകുന്ന മധുരവാണികൾ സദാപി പൊഴിഞ്ഞുകൊണ്ടിരുന്നു. അദ്ദേഹത്തിൽനിന്നു വീശിയ ദിവ്യതേജസ്സു, മാലാഖാക്കൂട്ടത്ത തൻെറ ദീപ്തിയെ ദ്വിഗുണിഭവിപ്പിച്ചു. പ്രകൃതിയിൽനിന്നെടുക്കാവുന്ന ഏതൊരു ഉപമാനവും ആലോചനയിൽ എത്തുന്ന ഏതൊരുമാതൃകയും ഈ അവർണ്ണനീയ ഗുണസംഹിതയോടു തുലനംചെയ്യാൻ പാടുള്ളതല്ല. കവികളുടെ വർണ്ണനാവൈഭവത്തിനോ ചിത്രകാരൻെറ കലാവൈദഗ്ദ്ധ്യത്തിനോ ഈ അസാധാരണശിശുവിൻെറ ഒരു ഏകദേശരൂപംപോലും ചിത്രിക്കുവാൻ സാധിക്കുന്നതല്ല. ശ്രവണമാത്രയിൽ മാതാപിതാക്കന്മാരെ അത്ഭുതപരതന്ത്രരും സ്നേഹസംപൂർണ്ണരും ആക്കിത്തീർക്കാൻ പര്യാപ്തങ്ങളായ വാക്കുകൾ അദ്ദേഹത്തിൻെറ ദിവ്യാധരങ്ങളിൽനിന്നും പൊഴിഞ്ഞുകൊണ്ടിരുന്നു.

അത്യധികം രമണീയവും രസാവഹവുമായ ബാല്യത്തെ വിശുദ്ധീകരിക്കുന്നതിനുവേണ്ടി താൻ ഭൂജാതനായി. ബാലൻ മനുഷ്യവംശത്തിൻെറ അലങ്കാരവും ഭാവിശ്രേയസ്സിൻെറ അടിസ്ഥാനവുമാണു. ദിവ്യബാലൻ നിർവ്വഹിച്ച ഈ വിശുദ്ധീകരണകർമ്മം എത്ര പ്രധാനവും ഫലപ്രദവുമാണ്. ദൈവം മനുഷ്യഹൃദയത്തെ നിസ്സീമമായി ആഗ്രഹിക്കുന്നു. ലോകമായങ്ങളാൽ മലിനമാകാത്തതും നവീനത്വം നഷ്ടപ്പെടാത്തതുമായ പരിശുദ്ധ ഹൃദയങ്ങളിൽ കുടികൊള്ളുന്നതിനുമാണു ദൈവം ആഗ്രഹിക്കുന്നതു്. ശിശുക്കൾ തൻെറ അമൂല്യസ്വത്താണ്. "ശിശുക്കൾ എൻെറ അടുക്കൽ വരുവാൻ

അനുവദിക്കുവിൻ; അവരെ നിങ്ങൾ തടയരുതു്." (മത്തായി ൧൯, ൧൪). സ്വർഗ്ഗവാസികളുടേയും ഭൂവാസികളുടേയും അഭിനന്ദനത്തെ അർഹിക്കുന്നതായി പ്രപഞ്ചത്തിൽ എന്തെങ്കിലുമുണ്ടെങ്കിൽ അതു മലിനത സ്പർശിച്ചിട്ടില്ലാത്ത ബാലഹൃദയം അഥവാ പരിപാവനവും, നവീനത്വം നഷ്ടപ്പെടാതെ തേജോമയമായി ശോഭിക്കുന്നതുമായ ആത്മാവല്ലയോ? ശിശുക്കൾക്കു് ഇടച്ചവരുത്തുന്നവരുടെമേൽ വർഷിക്കപ്പെടുന്ന ഭയങ്കരശാപങ്ങൾ എന്നെ ഒട്ടും ആശ്ചര്യപ്പെടുത്തുന്നില്ല.

ബാലമനസ്സു പ്രപഞ്ചവസ്തുക്കളുടെ വശീകരണത്തിനു വിധേയമായും, ലോകമായങ്ങളിൽ നിമഗ്നമായും, ദുരാശകളുടെ മുന്നോടിയായ മനശ്ചാഞ്ചല്യത്തിന്റെ ഭയങ്കര പോരാട്ടത്തിലകപ്പെട്ടും, അഭിനവാനുഭങ്ങളാലും മായകളാലും, ഒന്നിനു പുറകെ ഒന്നായിവരുന്ന തിരമാലകൾ നിറഞ്ഞ കടൽ പോലെ പ്രക്ഷുബ്ധമായും ഇരിക്കുമ്പോൾ സർവ്വാഭിലാഷങ്ങളും ഉണ്ണിയീശോയിൽ സമർപ്പിക്കയും അവിടുത്തെ ഹൃദയമാധുര്യത്തെ ആസ്വദിച്ചു തുടങ്ങുകയും ചെയ്യേണ്ടതു സർവപ്രധാനമായ കാര്യമാണു്. ക്രിസ്തുവിനെ പാഠശാലകളിൽ നിന്നു ബഹിഷ്കരിക്കയും ലോകത്തിന്റെ നിലനില്പിനു് അവശ്യാവശ്യമായ ആ ദീപത്തെ അണച്ചുകളയുകയും ചെയ്യുന്നതിനേക്കാൾ വലുതായ ഒരു അപരാധം ആധുനിക രാഷ്ട്രീയ നേതാക്കന്മാർ ലോകത്തോടു ചെയ്യാനില്ല. ബാലമനസ്സിനെ ക്രിസ്തീയ വെളിച്ചത്തിൽനിന്നു് അകററുമ്പോൾ മഹത്തരമായ ആത്മശക്തിയെ ക്ഷയിപ്പിക്കുകയും, ജീവിതമാകുന്ന മഹാസമുദ്രത്തിൽ അവനു മാർഗ്ഗദർശകമായിരിക്കേണ്ട മഹനീയ തത്വങ്ങളെ കവർന്നെടുത്തു് അവനെ ശക്തിഹീനനാക്കുകയുമാണു ചെയ്യുന്നതു്.

ഉണ്ണിയീശോ പന്ത്രണ്ടാമത്തെ വയസ്സിൽ യൗസേപ്പി

ന്നോടും മറിയത്തോടുംകൂടെ പെസഹാതിരുനാൾ പ്രമാണിച്ചു ജെറൂസലേമിലേയ്ക്കു പോയി. തിരുനാളിനുശേഷം അവർ തിരിച്ചു പോന്നപ്പോൾ മാതാപിതാക്കളുടെ അറിവുകൂടാതെ ഈശോ അവിടെ താമസിച്ചു. മൂന്നുദിവസം മുഴുവനും യൗസേപ്പും മറിയവും അവിടത്തെ അന്വേഷിച്ചു നടക്കുകയും ഒടുവിൽ ദൈവാലയത്തിൽ വേദശാസ്ത്രികളോടുകൂടി തർക്കിച്ചിരിക്കുന്നതായി കണ്ടെത്തുകയും ചെയ്തു. നിയമപണ്ഡിതന്മാർപോലും അദ്ദേഹത്തിന്റെ ജ്ഞാനത്തിലും പ്രത്യുത്തരങ്ങളിലും അത്ഭുതപ്പെട്ടുപോയി. (ലൂക്കാ. ൨. ൪൭) പലസ്തീനായിൽനിന്നും സമീപപ്രദേശങ്ങളിൽനിന്നും തിരുനാളിനുപോയ ഭക്തജനങ്ങളുടെ സംഖ്യ അതിവിപുലമായിരുന്നുവെന്നും, ഒരുകൊല്ലം തിരുനാളിനു ബലികഴിക്കപ്പെട്ട കുഞ്ഞാടുകളുടെ എണ്ണം രണ്ടുലക്ഷത്തി അൻപത്താറായിരമായിരുന്നുവെന്നും ജോസഫൂസ് എന്ന ചരിത്രകാരൻ പറയുന്നു. ("Do Bello Judaico," ii. 1, vi. 3; ii 9, 3). പെസഹാഭക്ഷണം ഓരോകുടുംബത്തിനും പ്രത്യേകം ഒരുക്കിയിരുന്നതുകൊണ്ടും, ഒരാടു, പത്തുമുതൽ ഇരുപതുവരെ ആളുകൾക്കു വിളമ്പിയിരുന്നതിനാലും, ജറൂസലേമിൽ തിരുനാളിനു പങ്കുകൊണ്ടിരുന്നവരുടെ സംഖ്യ മുപ്പതു ലക്ഷത്തിൽ അധികമായിരുന്നുവെന്ന് അനുമാനിക്കാം. ഗലീലേയാ, പലസ്തീനായിലേ ഏററവും ജനബാഹുല്യമുള്ള ഭാഗമായിരുന്നതുകൊണ്ട് അവിടെ നിന്ന് ആയിരക്കണക്കിനു സന്ദർശകന്മാർ വന്നിരുന്നു. (Joseph., id., iii. 3, 2). അനേകം ആളുകൾ കൂട്ടം കൂട്ടമായി ഒട്ടകങ്ങളോടും കുതിരകളോടുംകൂടി പുറപ്പെടുന്നതിനു തയാറാകുമ്പോഴേയ്ക്കു സമയം ഏകദേശം മദ്ധ്യാഹ്നംകഴിയും. കുട്ടികൾ, സാധാരണ മാതാപിതാക്കന്മാരോടു കൂടിയല്ലായിരുന്നു യാത്ര പുറപ്പെടാറ്. അതിനാൽ യൗസേപ്പും മറിയവും മദ്ധ്യാഹ്നം മുതൽ സായാഹ്നംവരെ ഉണ്ണിയെ അന്വേഷിക്കാതിരുന്നതു്

എന്തു കാരണത്താലാണെന്നു് എളുപ്പത്തിൽ മനസ്സിലാക്കാവുന്നതാണ്. അന്നു ജറൂസലേമിൽ വിഖ്യാതന്മാരായ ചില വേദശാസ്ത്രികൾ ഉണ്ടായിരുന്നു. മഹാനായ ഹില്ലേൽ മരണം പ്രാപിച്ചിരുന്നു. സമായിയും, ഉസെയിലിൻെറ പുത്രനായ ജൊനാത്താസുമാണ് അന്നു പ്രമുഖന്മാരായി പ്രശോഭിച്ചിരുന്നതു്. അരിമത്തേയക്കാരായ യൌസേപ്പും നിക്കദേമൂസും പ്രവാചകന്മാരായി പൂജിക്കപ്പെട്ടുപോന്നു. (Fouard, "The Christ," p. 84). തിരുനാൾ ദിവസങ്ങളിൽ ശാസ്ത്രികൾ മനസ്സാക്ഷിസംബന്ധമായ വിഷമതകൾ പരിഹരിക്കുന്നതിലും നിയമസംഹിതയിലുള്ള തർക്കവിഷയങ്ങളെക്കുറിച്ചു തീരുമാനം ചെയ്യുന്നതിലും വ്യാപൃതരായിരുന്നു. ഇസ്രായേലിലെ സുപ്രസിദ്ധ ശാസ്ത്രികളുടെ നടുവിൽ ഉണ്ണിയീശോ ഇരിക്കുന്നതു കണ്ടു മറിയത്തിനും യൌസേപ്പിനും ഉണ്ടായ വിസ്മയം നിസ്സീമമായിരുന്നു. ദുഃഖപൂർണ്ണമെങ്കിലും സ്നേഹസമന്വിതമായ അവരുടെ ആവലാതിക്കു് അദ്ദേഹം കൊടുത്ത മറുപടിയിൽ തൻെറ ജീവിതോദ്ദേശ്യം അടങ്ങിയിരുന്നു. "എൻെറ പിതാവിൻെറ ജോലിയിൽ ഞാൻ ഏർപ്പെട്ടിരിക്കണമെന്നു നിങ്ങൾക്കറിവാൻ പാടില്ലയോ"? (ലൂക്കാ. ൨. ൪൯) ദൈവത്തെ മഹത്വപ്പെടുത്തുകയെന്ന പരിപാവനമായ ജോലിയെ, അതായതു, ദൈവസ്തുതിയേയും മഹത്വത്തെയും വർദ്ധിപ്പിക്കുക എന്ന തൻെറ അവതാരോദ്ദേശ്യത്തെ അവരെ അനുസ്മരിപ്പിക്കുന്നു. അദ്ദേഹം അവരെ അനുഗമിച്ചു നസ്രത്തിൽ എത്തി അവർക്കു കീഴ്പ്പെട്ടിരുന്നു. (ലൂക്കാ. ൨. ൫൧) ഈ ചുരുങ്ങിയവാക്യം തൻെറ യൌവനത്തേയും, അനന്തരജീവിതത്തിലെ പ്രധാനഘട്ടങ്ങളേയും സംഗ്രഹിച്ചുകൊള്ളുന്നു. ഈശോയുടെ ജീവിതത്തിലെ വേറൊരു രംഗം ആരംഭിക്കുന്നു. മറിയം അദ്ദേഹത്തെ തൻെറ സ്വന്തമായി ഗണിക്കുന്നു. ഈശോ അവളോടുകൂടി പരിശുദ്ധവും അജ്ഞാതവുമായ

ഏകാന്തജീവിതത്തിലേയ്ക്കു പിന്തിരിയുന്നു. മറിയത്തിനുണ്ടാവാൻപോകുന്ന മഹിമയേയും പ്രതാപത്തേയും ആർക്കു ഗ്രഹിക്കാൻ കഴിയും. ദൈവപുത്രൻ തന്റെ പിതാവിന്റെ ജോലി നിർവഹിക്കുന്നതിനായി, അതായതു ലോകത്തിനു വെളിച്ചം നൽകുന്നതിനും മനുഷ്യ ജാതിയെ രക്ഷിക്കുന്നതിനുമായി ഭൂലോകജാതനായി. എന്നാൽ ഈ മഹത്തായ ജോലി നിർവഹിക്കുതിനു മൂന്നുകൊല്ലം മാത്രമെ വിനിയോഗിക്കുന്നുള്ളു! മുപ്പതുകൊല്ലവും കന്യകാമാതാവോടുകൂടി കഴിച്ചുകൂട്ടുന്നു. അദ്ദേഹം മറിയത്തിനും യൗസപ്പിനും കീഴ്പെടുന്നു. സ്വർല്ലോകഭൂലോകങ്ങളുടെ സ്രഷ്ടാവും കർത്താക്കളുടെ കർത്താവും രാജാക്കളുടെ രാജാവുമായ താൻ സൃഷ്ടികൾക്കു കീഴ്പ്പെട്ടിരിക്കുന്നു. വളർത്തുപിതാവിനെ ശില്പവൃത്തിയിലും പരിശുദ്ധ മാതാവിനെ ഗൃഹജോലികളിലും അവിടുന്നു സഹായിക്കുന്നു!

## IV.
## ശില്പി.

ക്രിസ്തുവിന്റെ വരവിനുമുമ്പു ലോകത്തിലേ ഏററവും പരിഷ്കൃതരായിരുന്ന റോമ്മാക്കാരും ഗ്രീക്കുകാരും വേലയെ നികൃഷ്ടമായി ഗണിച്ചുപോന്നു. (Plato, "De Republica,"). വേലചെയ്യുന്ന ആളെ, മ്ളേച്ഛനെപ്പോലെയും അടിമയെപ്പോലെയും എന്നുവേണ്ട ചുമടുചുമക്കുന്ന ഒരു മൃഗത്തെപ്പോലെയും ആണു റോമ്മാക്കാർ കണക്കാക്കിയിരുന്നതു്. (Cicero "Quæst. Tusc.," V. 36) യഹൂദർ വേലയുടെ മാഹാത്മ്യം കൂടുതൽ ഗ്രഹിച്ചിരുന്നു. യഹൂദരുടെയിടയിൽ എല്ലാവരും സ്ഥിതിവ്യത്യാസമെന്യെ ഏതെങ്കിലും തൊഴിൽ അഭ്യസിച്ചിരിക്കണമെന്നുകൂടെയുമുണ്ടായിരുന്നു. വിജാതീയരുടെ

പ്രേഷിതനായ വി. പൌലോസ് ഒരു കൂടാരപ്പണിക്കാരനായിരുന്നു. ഈ തൊഴിൽ അദ്ദേഹത്തിനു പ്രേഷിതവൃത്തിയിലും വിശിഷ്യ വേദനിറഞ്ഞകാലങ്ങളിലും പരാപേക്ഷകൂടാതെ കാലക്ഷേപം ചെയ്യുന്നതിനുള്ള ഒരു മാൎഗ്ഗമായിത്തീൎന്നു. പ്രസിദ്ധഗണിതശാസ്ത്രജ്ഞനായ റാബി ഇസ്മായേൽ ഒരു സൂചിപ്പണിക്കാരനും റാബി ജോസെ തുകൽ ഊറയ്ക്കിടുന്ന ആളും റാബി ജോഹാനൻ ഒരു ചെരിപ്പുകുത്തിയും ആയിരുന്നു. എന്നാൽ പുറജാതിക്കാൎക്ക് ഇതെല്ലാം അപഹാസ്യങ്ങളായി തോന്നിയിരുന്നതുകൊണ്ടു ദൈവപുത്രൻ മനുഷ്യനായി അവതരിച്ച വേലയുടെ മാഹാത്മ്യത്തേയും അനുദിനകൃത്യങ്ങളെ ശുദ്ധോദ്ദേശ്യത്തോടുകൂടി ചെയ്യുന്നതിൽനിന്നുളവാകുന്ന ഫലങ്ങളേയുംപററി ജനങ്ങളെ ഉദ്ബോധിപ്പിക്കേണ്ടിയിരുന്നു. ലോകനിൎമ്മാതാവായ താൻ യൗസേപ്പിൻെറ കീഴിൽ ക്ലേശസംപൂൎണ്ണമായ പരിശീലനത്തിനേൎപ്പെട്ടു. അദ്ദേഹത്തിൻെറ മൃദുലകരങ്ങൾ സാധാരണ ജോലിക്കാരുടേതുപോലെ വിവൎണ്ണവും മാൎദ്ദവരഹിതവുമായിത്തീൎന്നു. പകൽ മുഴുവൻ ജോലി ചെയ്തതിൻെറ ശേഷം സന്ധ്യാസമയത്തു തൻെറ നെററിയിലേ വിയൎപ്പുകൊണ്ടു സമ്പാദിച്ച തുച്ഛമായ ഭക്ഷണം കഴിച്ചു തൃപ്തിയടയുന്ന സാധുവായ വേലക്കാരനെ കാണുന്നതു് എത്ര ഹൃദയാവൎജ്ജകമാണു്. അങ്ങനെയെങ്കിൽ മാതാവായ മറിയത്തോടുകൂടി അല്പമായ ആഹാരത്തിൽ പങ്കുകൊണ്ടു സന്തുഷ്ടനാകുന്ന ദൈവകുമാരനെ കാണുമ്പോൾ നമുക്കുണ്ടാകുന്ന സന്തോഷം എന്തുമാത്രമായിരിക്കും? ഈശോ യൗവനയുക്തനായതോടെ വളൎത്തുപിതാവായ വി. യൗസേപ്പു് ഇഹലോകവാസം വെടിഞ്ഞുവെന്നാണു സാമാന്യമായ അഭിപ്രായം. ഈശോയേയും മറിയത്തേയും പോററിരക്ഷിക്കുകഎന്ന കൃത്യം സ്തുത്യൎഹമാംവണ്ണം അദ്ദേഹം നിൎവ്വഹിച്ചു. ഇതിനുള്ള നിത്യസമ്മാനം സ്വീകരി

കുവാനായി ഇഹലോകത്തിൽനിന്നു പുറപ്പെട്ടു. മാതാവിനെ രക്ഷിക്കുവാൻ പ്രാപ്തനായ രക്ഷകൻ നസ്രത്തിലേ തന്റെ പണിപ്പുരയിൽ ജോലി തുടർന്നു. സൗഭാഗ്യപൂർണ്ണമായ ഈ ഭവനത്തിൽ സമാധാനവും സംതൃപ്തിയും സദാ വിളയാടിയിരുന്നു. വാനാരൂപികളുടേയും മനുഷ്യരുടേയും രാജ്ഞിയായ മറിയം തന്റെ ചെറുഭവനം വൃത്തിയായി സൂക്ഷിക്കുകയും ഗൃഹജോലികൾ നോക്കുകയും ചെയ്യപ്പോൾ, ഈശോ ചിന്തേർ, ഉളി, വാൾ, എന്നീ പണിക്കോപ്പുകൾ ഉപയോഗിച്ച് ജോലിചെയ്തുപോന്നു. ആദിമസഭയുടെ അനുകരണത്തിന്നുവേണ്ടി വി. ജസ്റ്റിൻ ഈ സാധുശില്പിയായ ഈശോയെ ചൂണ്ടിക്കാണിക്കുന്നു. ഈശോ കടുത്ത തടികൊണ്ടുണ്ടാക്കിയ കലപ്പ, നുകം, മുതലായ ആയുധങ്ങളെ വി. ജസ്റ്റിൻ പ്രത്യേകംപ്രത്യേകം എടുത്തുപറയുന്നു. സാമാനങ്ങൾ വാങ്ങിക്കുവാൻ വരുന്നവരോടു സ്ഥിതിവ്യത്യാസം ഗണിക്കാതെ അദ്ദേഹം ഏടപാടു ചെയ്യുന്നതും വളരെ സൗമ്യമായി ചില്ലറക്കണക്കുകൾ തീർക്കുന്നതും ഞാൻ കാണുന്നു. തന്റെ ആത്മാവിന്റെ സൗന്ദര്യം കണ്ണുകളിലും, മുഖത്ത് ആകമാനവും പ്രത്യക്ഷപ്പെട്ടിരുന്നു. അദ്ദേഹത്തിൽനിന്നു വീശിയ സ്വർഗ്ഗീയസൗരഭ്യം പരിശുദ്ധവും നിർമ്മലവുമായ ഒരന്തരീക്ഷത്തെ ഉളവാക്കി. ധന്യനായ ഈ യുവാവിന്റെ സാന്നിദ്ധ്യംതന്നെ പുണ്യസമ്പാദനത്തിനു് ഒരു പ്രേരകശക്തിയായിരുന്നു. ഇത്ര അനർഘമായ ഒരു രത്നം ഈദൃശമായ ഒരു പണിപ്പുരയിൽ മറഞ്ഞുകിടന്നതിൽ ജനങ്ങൾ അത്ഭുതപ്പെട്ടു. അതേസമയംതന്നെ അദ്ദേഹത്തിന്റെ ഗുണഗണങ്ങളിൽ അസൂയപ്പെട്ടിരുന്നവരും, നിർദ്ധനനായിരുന്നിട്ടും ഈശോ എന്ന മഹനീയനാമം സ്വീകരിച്ചതുമൂലം തന്നെ അധിക്ഷേപിച്ചിരുന്നവരും ഒട്ടും കുറവായിരുന്നില്ല. "ഇവിടെയിരുന്നു പണിചെയ്യുന്ന ഈ തച്ചൻ മറിയത്തിന്റെ

മകനല്ലേ"? മൂശയുടെ പിൻഗാമിയായ ഒരു "ഈശോ" ഇസ്രായേൽ ജനത്തിന്റെ നായകത്വം വഹിച്ച് അവരെ വാഗ്ദത്തദേശത്തേയ്ക്കു നയിച്ചു. സൊറൊബാബേലിന്റെ കൂട്ടുകാരനും മഹാപുരോഹിതനുമായ ഒരു "ഈശോ" യഹൂദജനത്തെ ബാബിലോണിയൻ ദാസ്യത്തിൽനിന്നു വിമുക്തരാക്കി. ദൈവനിവേശിതനായ വേറൊരു "ഈശോ" 'പ്രാസംഗികൻ' (Ecclesiasticus) എന്ന തലക്കെട്ടിൽ വേദപുസ്തകത്തിലേ ഏററവും വിശിഷ്ടങ്ങളായ കുറെ പദ്യങ്ങൾ രചിച്ചു. ഈ മഹാപുരുഷന്മാരും നസ്രത്തിലേ ഈശോയും തമ്മിൽ എത്ര ദൂരവ്യത്യാസം! എന്നാൽ മനുഷ്യരക്ഷകനായി തന്നെത്താൻ വെളിപ്പെടുത്തുവാനിരിക്കുന്ന ഈശോയോടു തുലനം ചെയ്യുമ്പോൾ ഈ പ്രഖ്യാതന്മാർ ദൈവത്തിന്റേയും അവിടത്തെ ദൂതന്മാരുടേയും ദൃഷ്ടിയിൽ എത്ര നിസ്സാരന്മാരാണ്? പുതിയ ഉടമ്പടിയുടെ ദൂതനും, നരകത്തിന്റെ തീവ്രശക്തികളെ ജയിച്ചു ലോകാവസാനത്തോളം നിലനില്ക്കാനുള്ള ഒരു സഭയുടെ സ്ഥാപകനും, ലോകത്തിൽ മഹനീയവും പരിശുദ്ധവുമായുള്ള സകലത്തിന്റേയും പ്രബോധകനും, കന്യാത്വത്തിന്റേയും വേദസാക്ഷിത്വത്തിന്റേയും പ്രോത്സാഹകനും ചുരുക്കത്തിൽ, ലോകത്തിലേ സകല പ്രസ്ഥാനങ്ങളേയും പരിവത്തനം ചെയ്തു അതിനെ ആകമാനം നവീകരിക്കേണ്ട ആളുമായ ക്രിസ്തു—ദൈവത്തിന്റെ അഭിഷിക്തൻ—നിശ്ചിതസമയം പാത്തിരിക്കുന്നു. മൗനമായി ധ്യാനിച്ചും പ്രാത്ഥിച്ചും തനിക്കു നിർവഹിക്കേണ്ടതായ മഹനീയ കൃത്യത്തിന്നായി തന്നെത്തന്നെ അദ്ദേഹം ഒരുക്കുന്നു. നസ്രത്തിലേ ഈശോയെ അനുകരിക്കുന്നവർ എത്രയോ ചുരുക്കം! പൊതുഗുണത്തിനായി പ്രവത്തിക്കേണ്ടവർ സ്വകൃത്യനിർവഹണത്തിന്നു ആവശ്യമായവിധം പഠിക്കയൊ, പരിശീലിക്കയൊ ചെയ്യുന്നില്ല എന്നുള്ളതു് ഇന്നത്തെ ഒരു വലിയ ന്യൂനത തന്നെ

യാണ്. അഹങ്കാരവും ഔദ്ധത്യവുംമൂലമാണ് ഇവരിൽ പലക്കും സമുദായത്തിൽ പ്രാമാണ്യം കിട്ടിപ്പോരുന്നത്. തന്നിമിത്തം അവർ പലപ്പോഴും ജനദ്രോഹികളായി പരിണമിക്കയും ഭയങ്കരങ്ങളായ കഷ്ടതകൾകൊണ്ടു ഭൂമുഖത്തെ നിറയ്ക്കയും ചെയ്യുന്നു. എന്നാൽ അധ്വാനിക്കുന്ന മനുഷ്യാ, നീ ദൈവത്തിന്റെ പ്രത്യേക വാത്സല്യത്തിന്നർഹനാണ്. നിന്റെ കണ്ണുകളെ സ്വർഗ്ഗത്തിലേയ്ക്കുയർത്തുക. മനുഷ്യപുത്രൻ നിന്നെപ്പോലെ ആയിരിക്കാൻ മനസ്സായിഎന്നും സ്വദേഷ്ടാന്തത്താൽ വേലയെ വിശുദ്ധീകരിച്ചുഎന്നും ഓർമ്മിക്കുക. നിന്റെ ശക്തിയുള്ള കരങ്ങളെ മിശിഹായുടെ തൃക്കരങ്ങളിൽ അണച്ചുകൊണ്ടു നിന്റെ മെച്ചമുള്ള നിലയെ സമ്മതിക്കുക. ഫലശൂന്യങ്ങളായ ആലോചനകൾകൊണ്ടും അപ്രായോഗികങ്ങളായ മനോരാജ്യങ്ങൾമൂലവും നിന്നെ ദൈവത്തിൽ നിന്നകററുന്നതിന്നും വഞ്ചിക്കുന്നതിന്നും പരിശ്രമിക്കുന്നവർ നിർഭാഗ്യരാണ്. നിന്റെ ക്രിസ്തീയവിശ്വാസത്തിനു പകരമായി എന്താണ് അവർ നിനക്കു തരുന്നത്? ഇഹത്തിൽ കഷ്ടതയും പരത്തിൽ നിത്യമായ നൈരാശ്യവുംമാത്രം. പുണ്യവാനാകുന്നതിന്നും അനശ്വരമായനിന്റെ ആത്മാവിനെ രക്ഷിക്കുന്നതിന്നും ധീരപ്രവൃത്തികളോ കഠിനതപസോ ചെയ്യണമെന്നു നീ വിചാരിച്ചേക്കാം. മൗഢ്യം! നസ്രത്തിലേ പണിപ്പുരയിൽ നോക്കുക. ആധ്യാത്മികപ്രകാശം അവിടെ നീ കണ്ടെത്തും. ദൈവം നിന്റെ പ്രവൃത്തികളുടെ പ്രൗഢിയേയല്ലാ, ഉദ്ദേശശുദ്ധിയേയും ശുഷ്കാന്തിയേയും മാത്രമാണു പരിഗണിക്കുന്നത്. പുണ്യപൂർണ്ണത സമ്പാദിക്കാനുള്ളവഴി സമീപസ്ഥമായിരിക്കുന്നു. നാം പുണ്യവാന്മാരാകുന്നില്ലെങ്കിൽ അതു നമ്മുടെ കുററംതന്നെയായിരിക്കും.

---

## അദ്ധ്യായം ൫.

### ഉപദേഷ്ടാവ്.

---

### I.

## ക്രിസ്തുവിൻെറ വിശിഷ്ടതത്വങ്ങൾ.

പതിനെട്ടാംനൂററാണ്ടിൽ ജീവിച്ചിരുന്ന അവിശ്വാസിയായ റൂസ്സൊ, സുവിശേഷങ്ങൾ വായിച്ചശേഷം പറഞ്ഞ വാക്യങ്ങൾ പ്രത്യേകം പ്രസ്താവ്യമാണ്. അദ്ദേഹം പറയുന്നു: "ദിവ്യ ഗ്രന്ഥങ്ങളുടെ മാഹാത്മ്യം എന്നെ അത്ഭുതപരവശനാക്കി. സുവിശേഷങ്ങളുടെ പവിത്രത എൻെറ ഹൃദയത്തിൽ എപ്പോഴും മന്ത്രിച്ചുകൊണ്ടിരിക്കുന്നു. തത്വജ്ഞാനികളുടെ പ്രൗഢഗ്രന്ഥങ്ങൾ ഈ ദിവ്യഗ്രന്ഥത്തോടു താരതമ്യപ്പെടുത്തിനോക്കുമ്പോൾ എത്ര നിസ്സാരങ്ങൾ! ഇത്ര മഹത്തും എന്നാൽ ലളിതവുമായ ഈ ഗ്രന്ഥങ്ങൾ മനുഷ്യനിർമ്മിതങ്ങളായിരിക്കുവാൻ എങ്ങനെ കഴിയും? ആരുടെ ചരിത്രം ഈ ഗ്രന്ഥങ്ങളിൽ എഴുതപ്പെട്ടിരിക്കുന്നുവൊ ആ ആൾ മനുഷ്യൻ തന്നെയാണോ? അദ്ദേഹത്തിൻെറ വചനങ്ങളും സിദ്ധാന്തങ്ങളും ഒരു മതഭ്രാന്തൻേറതാണോ? അദ്ദേഹത്തിൻെറ സന്മാർഗ്ഗതത്വങ്ങൾ എത്ര സാത്വികവും പരിശുദ്ധവുമായിരിക്കുന്നു. അദ്ദേഹത്തിൻെറ ഉപദേശങ്ങൾ എത്ര വിശിഷ്ടവും ആകർഷണീയവുമാണ്. സിദ്ധാന്തങ്ങൾ എത്ര ശ്രേ

ഷ്ടങ്ങൾ! പ്രസംഗങ്ങൾ എത്ര ജ്ഞാനസമ്പൂൎണ്ണങ്ങൾ! അവിടത്തെ ബുദ്ധി എത്ര പ്രത്യുല്പന്നം! താൻ നൽകുന്ന പ്രത്യുത്തരങ്ങൾ എത്ര ഖണ്ഡിതങ്ങൾ! എത്ര സമുചിതങ്ങൾ! അദ്ദേഹത്തിൻെറ ഹൃദയവികാരങ്ങൾ എത്ര നിയന്ത്രിതങ്ങൾ! സുവിശേഷചരിത്രം വെറും കെട്ടുകഥയോ? കെട്ടുകഥകൾ ഇത്തരത്തിലുള്ളവയല്ല. ആരും സംശയിക്കാത്ത സോക്രട്ടീസിൻെറ പരാക്രമങ്ങൾപോലും ഈശോയുടെ അത്ഭുതപ്രവൃത്തികളോളം അവിതൎക്കിതങ്ങളല്ല. യഹൂദഗ്രന്ഥകൎത്താക്കൾക്കു് ഇത്ര വിശിഷ്ടമായ ഭാഷാരീതിയൊ സന്മാൎഗ്ഗതത്വങ്ങളൊ കണ്ടുപിടിക്കുക സാദ്ധ്യമല്ലായിരുന്നു. സുവിശേഷങ്ങളിൽ ഇത്ര അതുല്യങ്ങളും ആകൎഷണീയങ്ങളുമായ തത്വങ്ങളടങ്ങിയിരിക്കുന്നതിനാൽ ഇതിൻെറ നിൎമ്മാതാവു് അതിലെ കഥാനായകനേക്കാൾ വിസ്മയാവഹനായിരിക്കണം." (Rousseau, "Emile," livre iv).

സുവിശേഷം വായിക്കുന്ന ഏതൊരു അവിശ്വാസിയും താഴെവരുന്ന ചോദ്യങ്ങൾ തന്നോടുതന്നെ ചോദിക്കുവാൻ നിൎബന്ധിതനാകും. "നസ്രത്തിലെ ഈശോയ്ക്കു് ഇത്ര മഹനീയ തത്വങ്ങൾ എങ്ങനെ ലഭിച്ചു?" അദ്ദേഹം പാഠശാലകളിൽ കാൽകുത്തുകയൊ ശാസ്ത്രികളിൽനിന്നു ന്യായപ്രമാണങ്ങൾ പഠിക്കുകയൊ ചെയ്തിട്ടില്ല. അദ്ദേഹം തൻെറ ജീവിതത്തെ ഒരു പണിപ്പുരയിൽ ചെലവഴിച്ചു. എങ്കിലും അദ്ദേഹത്തിൻെറ ഉപദേശങ്ങൾ, ബുദ്ധിമാഹാത്മ്യംകൊണ്ടു ലോകത്തെ വിസ്മയിപ്പിച്ച മഹാന്മാരുടെ ഉപദേശങ്ങളെക്കാൾ അത്യധികം ഉൽകൃഷ്ടങ്ങളാണു്. പരിപാവനവും പരിപൂൎണ്ണവും മനുഷ്യഹൃദയത്തിൻെറ ഉത്തമങ്ങളായ അഭിവാഞ്ഛകൾക്കു് അനുയോജ്യവുമായ ഈ ഉപദേശപരമ്പര അദ്ദേഹത്തിൻെറ ശ്രേഷ്ഠഹൃദയത്തിൽനിന്നു നൈസൎഗ്ഗികമായി നിൎഗ്ഗളിച്ചുകൊണ്ടിരുന്നു.

ഈ ഉപദേശം നരവംശത്തിന്റെ വിവിധാവശ്യങ്ങളേയും, ജീവിതത്തിലെ വിവിധ സാഹചര്യങ്ങളേയും, എല്ലാ ജീവിതാവസ്ഥകളേയും ഒന്നുപോലെ സ്പർശിക്കുന്നതാകയാൽ അതു ധനവാനും ദരിദ്രനും, പണ്ഡിതനും പാമരനും, പരിഷ്കൃതനും അപരിഷ്കൃതനും, പ്രാചീനനും അർവ്വാചീനനും പ്രയോജനകരമാണ്. അനേകായിരം ജനങ്ങൾ സാക്ഷിച്ചിട്ടുള്ളതും സാക്ഷിച്ചുകൊണ്ടിരിക്കുന്നതും നിർവ്വിവാദവും, അസന്നിഗ്ദ്ധവുമായ ഒരു വാസ്തവമാണിതു്. "ഈ ആശാരിപ്പണിക്കാരന്റെ പുത്രന് ഇത്ര മഹത്തായ ഉപദേശം എവിടെനിന്ന് എങ്ങനെ കിട്ടി?" ഈ ചോദ്യത്തിന് ആർ സമാധാനം പറയും? പക്ഷപാതത്താൽ അന്ധനാകാതെ മ്ശിഹായുടെ മഹനീയോപദേശത്തെപ്പററി കാര്യമായി ചിന്തിക്കുന്ന ഓരോരുത്തനും സുവിശേഷത്തിലെ നായകൻ ഒരു മനുഷ്യൻ മാത്രമല്ലെന്നും അദ്ദേഹത്തിന്റെ ഉപദേശങ്ങൾ ദിവ്യങ്ങളാണെന്നും അനുമാനിക്കാൻ നിർബ്ബന്ധിതനാകുന്നു. ക്രിസ്തുവിന്റെ അവതാരഘട്ടത്തിൽ മനുഷ്യകുലമാകമാനം നാശകൂപത്തിലേക്കു പാഞ്ഞുകൊണ്ടിരുന്നു. ബീഭത്സവും ദുർഗ്ഗന്ധവാഹിയുമായ ആ "പഴയലോക"ത്തെക്കുറിച്ചുള്ള ചിന്തപോലും നമുക്ക് എത്ര ദുസ്സഹമായിട്ടാണു തോന്നുക. ദൈവത്തിന്റെ ഏകത്വം, ആത്മാവിന്റെ അനശ്വരത്വം, മനുഷ്യന്റെ ഉല്പത്തി, അവന്റെ അന്ത്യം എന്നിവ ശരിയായ സമാധാനങ്ങളില്ലാത്ത വിവാദവിഷയങ്ങളായിരുന്നു. സത്യം, സന്മാർഗ്ഗം, ധർമ്മം, അധർമ്മം എന്നിവ നിരർത്ഥകങ്ങളായ വാക്കുകൾ മാത്രമായിരുന്നു. നിഷ്കളങ്കതയും മഹത്വവും, ബലഹീനതയും മാഹാത്മ്യവും, നിന്ദ്യമായി പരിഗണിക്കപ്പെട്ടിരുന്നു. ആത്മാഭിമാനം, പരബഹുമാനം എന്നിവ അജ്ഞാതങ്ങളായിരുന്നു. മനുഷ്യസമുദായത്തിൽ കുറെപ്പേർ യജ

മാനന്മാരും മററുള്ളവർ ദാസന്മാരും ആയിത്തീർന്നു. ദാസന്മാർ ചുമടുചുമക്കുന്ന വെറും മൃഗങ്ങളായി ഗണിക്കപ്പെട്ടുപോന്നു. വിജ്ഞന്മാരും തത്വശാസ്ത്രികളും തങ്ങളുടെ വിദ്വൽസഭകളിൽ ദേവന്മാരുടേയും ദേവികളുടേയും വംശാവലിയെപ്പററിയും അവരുടെ അപരാധങ്ങളെപ്പററിയും വിവാദങ്ങൾ നടത്തിക്കൊണ്ടിരുന്നപ്പോൾ മനുഷ്യസമുദായമാകമാനം നിന്ദ്യവും അപമാനഹേതുകവും ആയ പ്രവൃത്തികളിൽ മുഴുകിയിരിക്കയായിരുന്നു. ലോകം മുഴുവൻ നാശോന്മുഖമായി അന്ധകാരത്തിൽ ആണ്ടുപോയി. ഈ അവസരത്തിൽ പരിപൂർണ്ണവും പ്രസ്പഷ്ടവും നിത്യസത്യംപോലെ അഭേദ്യവുമായ ഒരു നൂതനോപദേശം അപ്രശസ്തനായ ഒരാശാരിപ്പണിക്കാരൻെറ അധരങ്ങളിൽനിന്നു പുറപ്പെടുന്നു. ഗലിലേയായിലേ ഒരു കുഗ്രാമത്തിൽ അപ്രതീക്ഷിതമായി ഒരു തേജഃപുഞ്ജം പ്രത്യക്ഷപ്പെടുന്നു. അതിൻെറ പ്രഭ അജ്ഞാനാന്ധകാരത്തെ നിശ്ശേഷം ഉച്ചാടനം ചെയ്യുന്നു. പത്തൊൻപതു നൂററാണ്ടു കഴിഞ്ഞിട്ടും ഈ നിസ്തുലദീപത്തിൻെറ പ്രഭ അതെവിധത്തിൽത്തന്നെ വിശിക്കൊണ്ടിരിക്കുന്നു. ക്രിസ്തുവിൻെറ സുവിശേഷത്തിലേ ഓരോ വാക്കും സ്നേഹിതന്മാരുടേയും എതിരാളികളുടേയും അതികഠിനമായ വിമർശനങ്ങൾക്കു വിഷയമായിട്ടുണ്ടു്. ലോകപ്രസിദ്ധന്മാരായ പല വിദ്വാന്മാരും ഈ സുവിശേഷത്തെ സകല ജാതികളുടെ എന്നല്ല, വ്യക്തികളുടെപോലും ജിവിതഗതിയോടു താരതമ്യപ്പെടുത്തിനോക്കീട്ടുമുണ്ടു്. എന്നിട്ടും യാതൊരു ന്യൂനതയും അതിൽ കണ്ടുപിടിക്കാൻ ഇന്നുവരെ സാധിച്ചിട്ടില്ല. കൂടാതെ ഈ സുവിശേഷം പ്രചരിക്കുന്നിടത്തെല്ലാം അഭിവൃദ്ധിക്കും, പരിഷ്കാരത്തിന്നും, സന്മാൎഗ്ഗനിഷ്ഠയ്ക്കും അതു പ്രേരകമായിത്തീരുന്നു. നേരേ മറിച്ചു് ഈ സുവിശേഷപ്രകാശം കാണുവാൻ ഭാഗ്യം സിദ്ധിച്ചിട്ടില്ലാത്ത ജാതികൾ മൂർഖരും അപരിഷ്കൃതരു

മായി, സാന്മാൎഗ്ഗികവും മാനസ്സികവുമായ അധഃപതനത്തിൽ ഇന്നും നിമഗ്നരായി കിടക്കുന്നു.

നസ്രത്തിലെ ശില്പി, അജ്ഞാനാന്ധകാരത്താൽ ആവൃതമായിരുന്ന സ്വാഭാവികസത്യങ്ങളെ വ്യക്തമാക്കുക മാത്രമല്ല, നമ്മുടെ ബോധത്തെ വിസ്തൃതമാക്കുകയും, അതിസ്വാഭാവികമായ സ്ഥാനത്തേയ്ക്കു നമ്മെ ഉയൎത്തുകയും ചെയ്യുന്നു. ദിവ്യരക്ഷകൻെറ വാക്കുകൾ എത്ര അഗാധവും, ശ്രേഷ്ഠവും, യുക്തിയുക്തവും ആയിരിക്കുന്നു. "ഞാൻ വഴിയും സത്യവും ജീവനും ആകുന്നു." (യോഹ. ൧൪. ൬.) "ഇത്ര മഹത്തായ വാക്കുകൾ ഉച്ചരിച്ച ഈ ആൾ ഒരു വെറും മനുഷ്യനാണോ? പത്തൊൻപതു ശതാബ്ദത്തോളം ഈ വാക്കുകളെ വ്യാഖ്യാനിച്ചിട്ടും അവയുടെ അൎത്ഥവ്യാപ്തി നിൎണ്ണയിക്കുവാൻ ആൎക്കും സാധിച്ചിട്ടില്ല. ഈ വചനങ്ങൾ ഇന്നും എവൎക്കും പ്രകാശം പ്രദാനംചെയ്തുകൊണ്ടും പുനരുദ്ധാരണമാൎഗ്ഗം നിൎദ്ദേശിച്ചുകൊണ്ടും ഭാവിരക്ഷയെ വാഗ്ദാനംചെയ്തുകൊണ്ടും ഇരിക്കുന്നു. ഇരുളടഞ്ഞിരുന്ന അന്നത്തെ ലോകത്തോട് ഇത്ര അന്വൎത്ഥമായി "ഞാൻ ലോകത്തിൻെറ വെളിച്ചമാകുന്നു" എന്നു പറയുകയും "ആകാശവും ഭൂമിയും കടന്നുപോകും, എൻെറ വാക്കുകളോ എന്നാൽ കടന്നുപോകയില്ല" എന്നു പ്രവചനവിധി പ്രസ്താവിക്കുകയും ചെയ്ത ആൾ ഒരു വെറും മനുഷ്യനോ? ഏതു പ്രബോധനങ്ങളുടെ സാന്നിദ്ധ്യത്തിൽ ലോകം പ്രകാശത്തിലേയ്ക്കും, സുകൃതത്തിലേയ്ക്കും, ജീവിതത്തിലേയ്ക്കും ആനയിക്കപ്പെട്ടുന്നുവൊ, ഏതു പ്രബോധനങ്ങളുടെ അഭാവത്തിൽ അതു് അന്ധകാരത്തിലേയ്ക്കും, ദുഷ്കൃതത്തിലേയ്ക്കും, മരണത്തിലേയ്ക്കും പിന്തിരിഞ്ഞുപോകുന്നുവൊ ആ പ്രബോധനങ്ങളുടെ കൎത്താവു് ഒരു വെറും മനുഷ്യനെന്നോ? ഞാൻ വീണ്ടും ന്യായപൂൎവ്വം ചോദിക്കുന്നു.

ഇങ്ങനെയുള്ള ആൾ വെറും മനുഷ്യനോ?" (Nicolas, "Etudes," Vol. iv., Chap. ii).

## II.

## ക്രിസ്തുവിൻെറ പ്രബോധനങ്ങൾ.

ചിന്തയാണ്, അദ്ധ്യയനത്തിനും അദ്ധ്യാപനത്തിനു മുള്ള പ്രകൃതിദത്തമായ മാൎഗ്ഗം. സാധാരണമായി നാം മൂല തത്വങ്ങളിൽനിന്നാണ് ആരംഭിക്കാറുള്ളതെങ്കിലും ഒരു അനുമാനത്തിൽനിന്നു വേറൊരു അനുമാനത്തിലേയ്ക്കു കടക്കു മ്പോൾ അന്ധകാരത്തിൽ പെട്ടുപോകയും അങ്ങനെ ചില പ്പോൾ നേർവഴിയിൽനിന്നു വ്യതിചലിക്കയും ചെയ്യുന്നു. ഏ താൻ തത്വശകലങ്ങൾപോലും ഗ്രഹിക്കുന്നതിനു വളരെ ദിവസത്തെയെന്നല്ല, പലവർഷക്കാലത്തേയ്ക്കുള്ള നിരന്തര മായ അധ്യാനവും ക്ലേശാവഹമായ ശ്രമവും ആവശ്യപ്പെ ടുന്നു. ശിഷ്യന്മാടെ ജ്ഞാനാഭിവൃദ്ധിക്കായി പണിപ്പെടുന്ന ഒരു ഉപാദ്ധ്യായനെ വീക്ഷിക്കുക. എമ്മാത്രം സൂക്ഷ്മതയോടു കൂടിയാണ് അയാൾ പ്രവൎത്തിക്കുന്നത്. അദ്ധ്യേതാവി ൻെറ ക്ഷീണബുദ്ധിയ്ക്കു സുഗ്രഹമാകത്തക്കവണ്ണം സത്യത്തെ അയാൾ എങ്ങനെയെല്ലാം ഉദ്ഗ്രഥിക്കയും അപഗ്രഥി ക്കയും ചെയ്യുന്നു. അദ്ധ്യേതാവിൻെറ മന്ദവും അലസവു മായ മനസ്സിനെക്കൊണ്ടു സത്യത്തെ ആശ്ലേഷിപ്പിക്കത്തക്ക തിന്മണ്ണം അയാൾ ഓരോ തത്വവും വിമർശിക്കുകയും, പരി ശോധിക്കുകയും ചെയ്യുന്നില്ലയോ? എന്നാൽ ക്രിസ്തുവിൻെറ പ്രബോധനരീതി ഇതിൽനിന്നു വ്യത്യസ്തമാണ്. താൻ വാ ഗ്വാദം ചെയ്യുന്നില്ല. പ്രത്യുത ബുദ്ധിയെ പ്രകാശിപ്പിക്കുക യത്രെ ചെയ്യുന്നത്. താൻ സത്യത്തെ വ്യക്തമായി പ്രസ്താ വിക്കുന്നു; സ്ഫുടമാംവണ്ണം സംഭാഷിക്കയും ശ്രമംകൂടാ

തെ പ്രബോധിപ്പിക്കുകയും ചെയ്യുന്നു. താൻ പ്രകാശപൂർണ്ണനാണ്. സൂര്യൻ തൻെറ കിരണങ്ങൾ കൊണ്ടു ഭൂമിയെ എന്നതുപോലെ ക്രിസ്തു തൻെറ ദിവ്യപ്രകാശത്താൽ മനുഷ്യാത്മാവിനേയും പ്രകാശിപ്പിക്കുന്നു. ഗഹനസത്യങ്ങളും, വിശിഷ്ടരഹസ്യങ്ങളും ദൈവത്തിൻെറ അനന്തനന്മയുടെ നിഗൂഢമർമ്മങ്ങളും മൂലതത്വങ്ങൾപോലെ അദ്ദേഹത്തിനു സുവിദിതങ്ങളാണു്. അവയെക്കുറിച്ചുള്ള ആന്തരികജ്ഞാനവും, സൂക്ഷ്മാവബോധവും അവിടുത്തേയ്ക്കുണ്ടു്. അദ്ദേഹം തൻെറ ദിവ്യജീവിതഭത്തേയും സ്വർഗ്ഗീയപിതാവിനേയും ദൈവദൂതന്മാരേയും, അവസാനവിധിയേയും, നിത്യത്വത്തേയും കുറിച്ചു വളരെ പരിചയമുള്ള ഒരുവനെപ്പോലെ സംസാരിക്കുന്നു. വിജ്ഞാനപ്രദങ്ങളായ സിദ്ധാന്തങ്ങളെ അവിടുന്നു നിർവ്വിശങ്കം പ്രസ്താവിക്കുന്നു. യുക്തികൊണ്ടും, വിവാദംകൊണ്ടും, പ്രതിയോഗികളെ വിഷമിപ്പിക്കുന്നില്ല. അവരുടെ ഹൃദയങ്ങളിൽ ദിവ്യപ്രകാശം പൊഴിക്കുന്നു. ദീർഘാലോചനയുടെ ഫലമായ കൗടില്യങ്ങളും, കുതന്ത്രങ്ങളും കുയുക്തികളും പ്രയോഗിച്ചു, ക്രിസ്തുവിൻെറ വചനങ്ങളിൽ അബദ്ധംകണ്ടുപിടിക്കുന്നതിൽ ബദ്ധശ്രദ്ധരായിരുന്ന ഫരിസ്യന്മാരേയും സ്ക്രിബന്മാരേയും ലജ്ജിപ്പിച്ചു മൂകീഭൂതരാക്കുന്നതിന് അവിടുത്തെ ഒററവാക്കു മതിയായിരുന്നു. തൻെറ മറുപടി എല്ലാപ്പോഴും വ്യക്തവും, ക്ലിപ്തവും, സുനിശ്ചിതവുമായിരുന്നു. ഒരു കൊച്ചുകുട്ടിക്കു പോലും മനസ്സിലാകത്തക്കവണ്ണം അത്ര ലളിതകോമളവും അകൃത്രിമമനോഹരവുമായ തൻെറ സിദ്ധാന്തം അതേസമയംതന്നെ മഹാമനസ്വികൾക്കു് ആശ്ചര്യം ജനിപ്പിക്കത്തക്കതിന്മണ്ണം ഗംഭീരവും വിശിഷ്ടവുമാണെന്നുള്ളതു വിസ്മയാവഹംതന്നെ. വിജ്ഞാനപ്രദീപവും അക്ഷയഭണ്ഡാഗാരവുമായിരുന്നു അദ്ദേഹത്തിൻെറ ഓരോ വചനവും. ത

ൻെറ തത്വങ്ങളെ അടിസ്ഥാനമാക്കി അനേകായിരം ഗ്രന്ഥങ്ങൾ വിരചിതങ്ങളായിട്ടുണ്ട്. എങ്കിലും അവയെക്കുറിച്ചുള്ള പ്രതിപാദനം ഇനിയും പൂർണ്ണമായിട്ടില്ല; ഒരിക്കലും പൂർണ്ണമാകുന്നതുമല്ല. "മനുഷ്യഹൃദയത്തെ കൂടുതൽ ആകർഷിക്കുന്ന അന്യാപദേശങ്ങൾ മൂലമാണ് അദ്ദേഹം തൻെറ തത്വങ്ങളെ ലോകത്തിന് ഉപദേശിക്കുന്നതു്. വയലുകളിൽ കൂടി സഞ്ചരിക്കുമ്പോൾ അവിടുന്നു ദിവ്യോപദേശം ചെയ്യുന്നു. മൈതാനങ്ങളെ അലങ്കരിക്കുന്ന കുസുമങ്ങളെ ദർശിക്കുമ്പോൾ ദുർബലങ്ങളായ ചെടികളെ സംരക്ഷിക്കയും, ആകാശത്തിലേ പക്ഷികളെ തീററിപ്പോററുകയും ചെയ്യുന്ന ആ ദിവ്യപരിപാലനത്തിൽ ആശ്രയിക്കുന്നതിനു സ്വശിഷ്യരെ ഉപദേശിക്കുന്നു. ഭൂമിയിലുള്ള ഫലമൂലങ്ങളെ വീക്ഷിക്കുമ്പോൾ, മനുഷ്യരെ വിധിക്കേണ്ടതു് അവരുടെ പ്രവൃത്തി കണ്ടിട്ടാണെന്ന് അവരെ പഠിപ്പിക്കുന്നു. ശിശുവിനെ ചൂണ്ടിക്കാണിച്ചുകൊണ്ട് ആത്മനൈർമ്മല്യത്തെ അദ്ദേഹം പ്രശംസിക്കുന്നു. ഇടയന്മാരുടെ സമൂഹത്തിലായിരിക്കുമ്പോൾ നല്ലിടയൻ എന്ന നാമം സ്വയം വരിക്കയും, കൂട്ടം വിട്ടുപോയ ആടിനെ ആലയിലേക്കു കൂട്ടിക്കൊണ്ടുവരുന്ന നല്ലിടയനാണു താനെന്നു ധരിപ്പിക്കയും ചെയ്യുന്നു. വസന്തകാലത്തിൽ മലമുകളിൽ ആസനസ്ഥനായിക്കൊണ്ടു സമീപസ്ഥരായ ജനങ്ങളോടു സാരോപദേശം ചെയ്യുന്നതിനായി പരിസരവസ്തുക്കളെ അദ്ദേഹം ഉപയോഗപ്പെടുത്തുന്നു. ദരിദ്രരും, നിർഭാഗ്യരും നിറഞ്ഞ ജനക്കൂട്ടത്തെ കണ്ടതോടെ തൻെറ സ്വർഗ്ഗീയസൂക്തി (Beatitudes) കളെ രൂപവൽക്കരിക്കുന്നു."(cf. Chateaubriand, "Genius of Christianity," part. iv., book iii). മലയിലെ പ്രസംഗം സുവിശേഷത്തിൻെറ ഒരു സംഗ്രഹമത്രെ. അതു പുതിയനിയമസം

ക്ഷേപവുമാകുന്നു. "ദരിദ്രർ അനുഗൃഹീതരാകുന്നു; ശാന്തശീലർ അനുഗൃഹീതരാകുന്നു; ദുഃഖിതർ അനുഗൃഹീതരാകുന്നു; കരുണയുള്ളവർ അനുഗൃഹീതരാകുന്നു; ഹൃദയശുദ്ധതയുള്ളവർ അനുഗൃഹീതരാകുന്നു." ഹാ! ഇതു് എന്തൊരു നൂതനസിദ്ധാന്തം! എത്ര അത്ഭുതപൂർവ്വവും ആശ്ചര്യജനകവുമായ സൂക്തികൾ! ലോകം, അതെ, മനുഷ്യപ്രലോഭനങ്ങളെ പ്രശംസിക്കയും, അവയെ ദൈവമായി കരുതുകയും ചെയ്ത ആ ദൗർഭാഗ്യലോകം ഇതഃപര്യന്തം ഈ സംഗതികളെ കേട്ടിട്ടുപോലുമുണ്ടായിരുന്നില്ല. ധനവാന്മാരും, ലോകായതികന്മാരും, ആഡംബരപ്രിയന്മാരും, സുഖഭോഗികളും, ഭൗമികഭാഗ്യേച്ഛുക്കളും ഭാഗ്യവാന്മാരാകുന്നു; പീഡിതർക്കു ദുരിതം, അവർ ലോകത്തിനു ഭ്രഷ്ടരും, തിരസ്കൃതരുമാണു് എന്നെല്ലാം പുറജാതികളും, യഹൂദന്മാരും, സർവ്വദാ കൊട്ടി ഘോഷിച്ചിരുന്നു. ക്രിസ്തു യഥാർത്ഥത്തിൽ ഒരു വിശ്വസംസ്കാരകനെന്നും നിയമദാതാവെന്നും ഗിരിപ്രഭാഷണം സ്പഷ്ടമാക്കി. താത്വികന്മാരുടേയും സിദ്ധന്മാരുടേയും പ്രമാണങ്ങളേയും പ്രബോധനങ്ങളേയും അപേക്ഷിച്ചു ക്രിസ്തുവിൻെറ സൂക്തികൾ നരവംശോദ്ധാരണത്തിനു കൂടുതൽ പ്രയോജകീഭവിച്ചു. തങ്ങളുടെ പ്രലോഭനങ്ങളും സങ്കടങ്ങളും, സന്തോഷമായി പകരുമെന്നും ദൈവംതന്നെ തങ്ങളുടെ അശ്രുകണങ്ങളെ തുടച്ചു കളയുമെന്നും ഓർക്കുന്നതു ദരിദ്രർക്കും ദുർഭഗർക്കും എത്ര ആശ്വാസപ്രദം! ഈ ലോകം ഒരു പ്രവാസദേശം മാത്രമാണെന്നും, ഐഹികജീവിതത്തിലെ സങ്കടങ്ങളും ക്ലേശങ്ങളും വിസ്മൃതിയിൽപെട്ടുപോകുന്ന സൗഭാഗ്യസംപൂർണ്ണമായ ഒരു പാരത്രികജീവിതം ഉണ്ടാകുമെന്നും ഉള്ള ചിന്ത നമുക്കു എത്ര ആഹ്ളാദജനകം! ക്രിസ്തുവിൻെറ ആഗമനത്തിനു മുൻപു പീഡാനുഭവം ശാപത്തിൻെറയും ദൈവശിക്ഷയുടേയും ഫലമായി ഗണിക്കപ്പെ

ട്ടിരുന്നു. ഇപ്പോൾ അതു് ഒരനുഗ്രഹമായും അനേകായിരം ആത്മാവുകളുടെ സുകൃതാഭ്യസനത്തിനുള്ള കളരിയായും പരിണമിച്ചിരിക്കുന്നു. ദൈവപുത്രൻ ദാസരൂപം കൈക്കൊണ്ടു നമ്മുടെ കഷ്ടതകളെ സ്വീകരിക്കയും പ്രവൎത്തികളാലും ആദൎശത്താലും ദുഃഖസങ്കടങ്ങളുടെ അമൂല്യതയെ പഠിപ്പിക്കയും ചെയ്യുന്ന ആ കാഴ്ച എത്ര ഹൃദയാവൎജ്ജകം! "അവിടുന്നു് ആത്മത്യാഗത്തേയും, ലോകാഡംബരം, സുഖതൃഷ്ണ, അധികാരഭ്രമം എന്നിവയുടെ വൎജ്ജനത്തേയുമല്ലാതെ മറ്റൊന്നും പ്രസംഗിക്കുന്നില്ല. അദ്ദേഹം പ്രഭുവിനെ അപേക്ഷിച്ചു ദാസനേയും, ധനവാനെ അപേക്ഷിച്ചു ദരിദ്രനേയും, ദൃഢഗാത്രനെ അപേക്ഷിച്ചു കുഷ്ഠരോഗിയേയും കൂടുതൽ ഇഷ്ടപ്പെടുന്നു. വിലപിക്കുന്നവരേയും, പീഡയനുഭവിക്കുന്നവരേയും, നിഷ്കാസനം ചെയ്യപ്പെട്ടവരേയും അവിടുന്നാദരിച്ചു. അധികാരപ്രമത്തത, ധനാസക്തി, ക്ഷേമോൽകണ്ഠ ആദിയായവ അവിടുത്തേക്കു് എല്ലായ്പോഴും വിദ്വേഷകാരണങ്ങളായിരുന്നു. സ്ഥിരപ്രതിഷ്ഠിതമായിരുന്ന ധാർമ്മികാചാരങ്ങളെ തുരത്തി ജനതയിൽ പുതിയബന്ധങ്ങളും, സാമുദായികനിയമങ്ങളും, പൊതുവിശ്വാസവും അവിടുന്നു് ഏർപ്പെടുത്തി. ഏവംവിധം തന്റെ ദിവ്യത്വത്തെ സ്ഥാപിക്കുകയും, സീസറന്മാരുടെ മതത്തെ വിജയിക്കുകയും സ്വയം സിംഹാസനാരൂഢനായി ഒടുവിൽ ഭൂമിയെ സ്വാധീനമാക്കുകയും ചെയ്തു. ലോകം മുഴുവനും ക്രിസ്തുവിനെതിരായി സ്വരം ഉയൎത്തിയാലും, തത്വശാസ്ത്രികൾ ഒന്നുചേൎന്നു് അദ്ദേഹത്തിന്റെ പ്രബോധനത്തോടു് എതിൎത്താലും ഇത്ര സുസ്ഥിരമായ അടിസ്ഥാനത്തിന്മേൽ ഉറപ്പിക്കപ്പെട്ടിരിക്കുന്ന ഒരുമതം മനുഷ്യനിൎമ്മിതമെന്നു നമ്മെ ധരിപ്പിക്കുവാൻ അവൎക്കു കഴിയുന്നതല്ല. ഒരു കുരിശിനെ വണങ്ങുവാനും മർദ്ദിതജനതയേയും ശ്രമസാദ്ധ്യമായ സുകൃതത്തേയും ആദരിക്കുവാനും ലോകത്തെ പ്രേരി

പ്പിക്കുന്നതിനും കഴിഞ്ഞ ആൾ, ദൈവമല്ലാതെ മററാരുമായിരിപ്പാൻ തരമില്ലെന്നു ഞങ്ങൾ തിത്തുപറയുന്നു." ("Genious of Christianity," part. iv., book iii).

സുവിശേഷത്തിന്റെ പക്ഷങ്ങൾ ഒന്നുകൂടി മറിച്ചുനോക്കാം. "വയലിലേ ലില്ലിപുഷ്പങ്ങൾ എങ്ങനെ വളരുന്നുവെന്നു ചിന്തിപ്പിൻ. അവ അദ്ധ്വാനിക്കുന്നില്ല; നൂലുനൂല്ക്കുന്നുമില്ല. എന്നാൽ സോളമൻപോലും അദ്ദേഹം എത്ര മഹിമപ്രതാപവാൻ ആയിരുന്നിട്ടും ഇവയിൽ ഒന്നിനെപ്പോലെ സുന്ദരവേഷം അണിഞ്ഞിരുന്നില്ല എന്നു ഞാൻ നിങ്ങളോടു പറയുന്നു. ശിശുക്കൾ എന്റെ അടുക്കൽ വരുന്നതിന് അനുവദിക്കുവിൻ. അവരെ തടയരുതു്. എന്നിൽ വിശ്വസിക്കുന്ന ഈ ചെറിയവരിൽ ഒരുവനു പാപകാരണമാകുന്നവൻ ആരോ അവന്നു് തിരികല്ലു കഴുത്തിൽകെട്ടി കടലിൽ എറിയപ്പെടുന്നതായിരിക്കും ഭേദം. നിന്നെപ്പോലെ നിന്റെ അയല്ക്കാരനെയും സ്നേഹിക്ക; നിന്റെ ശത്രുക്കളോടു പ്രിയമായിരിക്ക; നിന്നെ വെറുക്കുന്നവർക്കു നന്മചെയ്യുകയും നിന്നെ പീഡിപ്പിക്കുകയും അപഹസിക്കയും ചെയ്യുന്നവർക്കുവേണ്ടി പ്രാത്ഥിക്കുകയും ചെയ്യുക. സീസറിന്റേതു സീസറിനും, ദൈവത്തിന്റേതു ദൈവത്തിനും കൊടുക്കുക. ശരീരഘാതകന്മാരെ നിങ്ങൾ ഭയപ്പെടേണ്ട. എന്നെക്കാൾ പിതാവിനേയൊ മാതാവിനേയൊ സ്നേഹിക്കുന്നവൻ എനിക്കു യോഗ്യനല്ല. പരിപൂണ്ണനാകാൻ നീ ആഗ്രഹിക്കുന്നെങ്കിൽ നിനക്കുള്ളതെല്ലാംവിററു ദരിദ്രർക്കു് കൊടുത്തിട്ടു വന്നു് എന്നെ അനുഗമിക്കുക." എത്രയോ വിശേഷമായ തത്വശാസ്ത്രം! എത്രയോ അജ്ഞാതമായ സന്മാൎഗ്ഗസംഹിത! വ്യവസ്ഥാപിതമായ മററുതത്വങ്ങളിൽനിന്നു് എത്രയോ വ്യത്യസ്തം!

ഫരിസേയരും യഹൂദന്മാരാൽ വിശുദ്ധരെന്നു പരിഗ ണിക്കപ്പെട്ടുപോന്ന മററുപലരും വെറും കപടഭക്തന്മാരാ യിരുന്നു. ഈശ്വരസന്നിധിയിൽ എല്ലാവരും സമന്മാരാ ണ് എന്നുള്ളതു് അവർ തിരെ വിസ്മരിച്ചിരുന്നു. ധനവാ നും ദരിദ്രനും, പ്രഭുവും ഭൃത്യനും എന്നുള്ള യാതൊരു വ്യത്യാ സവും അവിടെയില്ല. ശത്രുസ്നേഹം, അപരാധസഹിഷ്ണു ത, സ്വയംപരിത്യാഗം, ആത്മസംയമനം, ഹൃദയനൈർമ്മ ല്യം, പരോപകാരതൽപരത, ക്ഷമാശീലം, തപോനിഷ്ഠ ആദിയായ എല്ലാസ്വൎഗ്ഗീയപുണ്യങ്ങളും ദുർഗ്ഗുണങ്ങളുടെ സ്ഥാനത്തു പ്രതിഷ്ഠിതമാകണം. മൃത്യുവിനെ ആശ്ലേഷിച്ചിട്ടു പോലും മനുഷ്യർ കൃത്യബോധമുള്ളവരായിത്തീരട്ടെ. ദൈവ സ്നേഹത്തിലും, സഹോദരസ്നേഹത്തിലും അവർ പുരോഗ മനം ചെയ്യട്ടെ. ഇവയെല്ലാം ശ്മശാനത്തിന്നപ്പുറമുള്ള നിത്യ ജീവൻ ലഭിക്കണമെന്ന ഉദ്ദേശ്യത്തോടുകൂടിയും ആയിരിക്ക ട്ടെ. ഇവയെല്ലാം സൃഷ്ടികർമ്മത്തിൻെറ ഒരു ആവർത്തനമാ ണ് എന്നു തോന്നിപ്പോകുന്നു: പ്രകാശം ഉണ്ടാകട്ടെ എന്നു ദൈവം അരുളിച്ചെയ്തു. പ്രകാശം ഉണ്ടായി. സർവ്വചരാചര ങ്ങളും ശൂന്യാവസ്ഥയിൽനിന്നു് ആവിർഭവിച്ചു യഥാസ്ഥാന ങ്ങളിൽ സംസ്ഥാപിതങ്ങളായി. വെള്ളത്താൽ ആഴങ്ങൾ നിറഞ്ഞു; ഭൂമി പുഷ്പങ്ങൾകൊണ്ടും കനികൾകൊണ്ടും നിബിഡമായി; അഭ്രംകഷങ്ങളായ ഗിരിശൃംഗങ്ങൾ അ ന്തരിക്ഷത്തിൽ പൊങ്ങി ഉയർന്നു. ആകാശമണ്ഡലം ചന്ദ്രി കയാൽ പ്രശോഭിതമാകയും താരഗണങ്ങളാൽ അലംകൃതമാ കയുംചെയ്തു. ഇപ്രകാരം, ക്രിസ്തുവിൻെറ സ്വരത്തിൽ സാന്മാ ൎഗ്ഗികലോകം അജ്ഞതയാകുന്ന സുഷുപ്തിയിൽ നിന്നു് ഉണരുകയും, അഭൂതപൂർവ്വമായ ഒരു പ്രകാശം ദർശിക്കയും ചെയ്തു.

## III.
## സുവിശേഷത്തിലെ അന്യാപദേശങ്ങൾ

ചേതസ്സമാകർഷകങ്ങളായ അന്യാപദേശങ്ങൾ മുഖേന ക്രിസ്തു തൻെറ അധ്യാപനം രസാവഹവും, ഏവർക്കും നിഷ്പ്രയാസം ഗ്രഹിക്കത്തക്കവിധം അത്ര ലളിതവുമാക്കിത്തീൎത്തു. പുനൎജ്ജീവൻ നൽകി മനുഷ്യനെ നന്മയിലേയ്ക്കു് ആനയിക്കുന്നതിനു, പാപംമൂലം അവൻ ചെന്നു പതിച്ച ആ നിഷ്ഠാവസ്ഥ അവനെ ഗ്രഹിപ്പിക്കേണ്ടതുണ്ടായിരുന്നു. മാത്രമല്ല, പ്രസാദവരത്തിൻെറ മാഹാത്മ്യവും, അനൎഘതയും അവനെ ധരിപ്പിക്കേണ്ടതും, ദൈവം സ്നേഹമുള്ള പിതാവാകുന്നുവെന്നും അവിടുത്തെ അനന്ത നന്മയിലും കാരുണ്യത്തിലും നാം ആശ്രയിച്ചിരിക്കണമെന്നും അവനെ ഉദ്ബോധിപ്പിക്കേണ്ടതും ആവശ്യമായിരുന്നു. ക്രിസ്തീയനിയമം ഭീതിയുടെ നിയമത്തേക്കാൾ വിശിഷ്ടമെന്നു കാണിച്ചുകൊടുക്കേണ്ടതും, ഔദ്ധത്യത്തേയും അഹങ്കാരത്തേയും അടിച്ചു തകൎക്കേണ്ടതും, വിനീതരേയും ദരിദ്രരേയും അവരുടെ സ്ഥാനമാഹാത്മ്യത്തെ മനസ്സിലാക്കേണ്ടതും, നിത്യതയെ സമ്പാദിക്കുന്ന ഐഹിക ജീവിതത്തിൻെറ പ്രാധാന്യത്തെ പ്രബോധിപ്പിക്കേണ്ടതും രക്ഷകൻെറ കടമയായിരുന്നു. ക്രിസ്തു ഇവയെല്ലാം തൻെറ അന്യാപദേശങ്ങൾകൊണ്ടു സാധിച്ചു.

### ൧. വിത്തു വിതയ്ക്കുന്നവൻ

ചേതോഹരമായ ഗലീലേയായുടെ പരിസരങ്ങളിൽ വച്ചാണു ദിവ്യരക്ഷകൻ വിത്തുവിതയ്ക്കുന്നവനെക്കുറിച്ചുള്ള അന്യാപദേശം അരുൾചെയ്തതു്. ജനങ്ങൾ കൂട്ടംകൂട്ടമായി ജനാസ്രത്തുതടാകതീരത്തിൽക്കൂടെ രക്ഷകൻെറ പിന്നാലെ പൊയ്ക്കൊണ്ടിരുന്നു. ചിലർ അദ്ദേഹത്തിൻെറ സുന്ദരാകാരത്താൽ ആകൎഷിക്കപ്പെട്ടും ചിലർ അത്ഭുതദൎശനത്തിലുള്ള അഭി

വാഞ്ഛയാലും മററുചിലർ ജിജ്ഞാസമൂലവും, വേറെചിലർ തങ്ങളുടെ ജീവിതസംസ്കരണത്തിലുള്ള നിർവ്യാജമായ ആഗ്രഹത്താലും അദ്ദേഹത്തെ അനുഗമിച്ചു. ക്രിസ്തുവാകട്ടെ ജനങ്ങളെ പഠിപ്പിക്കുന്നതിനായി ഒരു പടവിൽ കയറിനിന്നുകൊണ്ടു തൻെറ മുമ്പിലുള്ള വിസ്തൃതമായ ദിഗ്ഭാഗത്തെ നിരീക്ഷണംചെയ്തു. കുന്നിൻ ചരിവുകളിൽ ധാന്യം വിളഞ്ഞു കിടക്കുന്ന പാടങ്ങൾ അദ്ദേഹത്തിനു ദൃശ്യങ്ങളായിരുന്നു. അവയിലും വളഞ്ഞു പുളഞ്ഞു കിടക്കുന്ന നടവരമ്പുകൾ അദ്ദേഹത്തിൻെറ ദൃഷ്ടിയിൽ പെട്ടു. അങ്ങിങ്ങായി പൊങ്ങിനിന്നിരുന്ന പാറക്കൂട്ടങ്ങളും പടർന്നു പിടിച്ചിരുന്ന മുൾച്ചെടികളും നിമ്നോന്നതങ്ങളായ പ്രദേശങ്ങളും അദ്ദേഹത്തിനു കാണാമായിരുന്നു. തനിക്കഭിമുഖമായി കായലോരത്തു സ്ത്രീപുരുഷന്മാരടങ്ങിയ ഒരു വലിയ ജനക്കൂട്ടം വന്നുകൂടി. യഹൂദരും പുറജാതികളും, ധനവാനും ദരിദ്രനും, മിത്രവും ശത്രുവും, ബാലനും വൃദ്ധനും, സ്ത്രീയും പുരുഷനും, കടുത്തപാപികളും തണുത്തഹൃദയമുള്ളവരും, ധൂർത്തപുത്രരും നിർമ്മല കന്യകകളും ഇവരിൽ ഉൾപ്പെട്ടിരുന്നു. സ്രഷ്ടാവും സൃഷ്ടിയും, ഇടയനും ആടും, നന്മയും തിന്മയും, എന്നിങ്ങനെയുള്ള വിഭിന്നാവസ്ഥകൾ അവിടെ പ്രത്യക്ഷപ്പെട്ടു. ആ കൂട്ടത്തിൽ ഉണ്ടായിരുന്ന ഓരോരുത്തരുടേയും ഇംഗിതങ്ങൾ അവിടുത്തേക്കു ജ്ഞാതമായിരുന്നു. അവരുടെ പൂർവ്വചരിത്രവും ഭാവിജീവിതവും അദ്ദേഹം ഗ്രഹിച്ചിരുന്നു. "കൃഷികൻ വിതെക്കുവാനായി പോയി. അവൻ വിതെക്കുവേ ഏതാനും വിത്തു വഴിയരികേ വീഴുകയും ചവിട്ടപ്പെടുകയും ചെയ്തു. ആകാശത്തിലെ പക്ഷികൾ അവയെ കൊത്തിതിന്നുകളഞ്ഞു. കുറെ, പാറമേൽവീണു......പക്ഷേ വാടിപ്പോയി.... മററുചിലതു മുൾച്ചെടികൾക്കിടയിൽ വീഴുകയും അവയോടൊപ്പം വളർന്നുവന്ന മുൾച്ചെടികൾ അവയെ അമർത്തു

കയും ചെയ്തു. മററുചിലതു നല്ലനിലത്തു വിഴുകയും നൂറുമേനിവിളയുകയും ചെയ്തു." (ലൂക്കാ,൮) സുവിശേഷബീജാവാപം ചെയ്യുന്നതിനും, പ്രസാദവരം മനുഷ്യരുടെ മേൽ വർഷിക്കുന്നതിനുമായി നിതാന്തമഹിമാവിൽനിന്നു് ഇറങ്ങിയ ദൈവസുതൻതന്നെയാണു് ഈ കർഷകൻ. അദ്ദേഹം സുവിശേഷമാകുന്ന വിത്തു് എല്ലായിടത്തും വിതയ്ക്കുന്നുണ്ടു്; എന്നും വിതച്ചുകൊണ്ടിരിക്കയും ചെയ്യും. എന്നാൽ കഷ്ടം! അതു് എല്ലാപ്പോഴും ഒരേ തരത്തിലുള്ള മണ്ണിൽ പതിക്കുന്നില്ല. മനുഷ്യർ പലതരക്കാരാണു്. ഒരു കൂട്ടർ ലോകത്തിൻെറ വശീകരണങ്ങൾക്കും പ്രലോഭനങ്ങൾക്കും തങ്ങളുടെ കണ്ണും കാതും കരളും തുറന്നു കൊടുക്കുന്നു. പിശാചുക്കളാകുന്ന പക്ഷികൾ വന്നു് ഇവരുടെ ആത്മാവുകളിൽ വിഴുന്ന നല്ലവിത്തുകളെ കൊത്തിവിഴുങ്ങിക്കളയുന്നു. രണ്ടാമത്തെക്കൂട്ടർ ചഞ്ചലമാനസരും, മന്ദബുദ്ധികളും, രണ്ടു യജമാനന്മാരെ സേവിക്കുന്നതിനാഗ്രഹിക്കുന്നവരുമാണു്. അവരുടെ ഹൃദയങ്ങളിൽ നല്ലവിത്തു വേരൂന്നുന്നില്ല. എന്തുകൊണ്ടെന്നാൽ ആ ഹൃദയങ്ങൾ വളക്കൂറും നനവും ഇല്ലാത്ത മണ്ണിനു സമമാണു്. ലോകവിചാരങ്ങളിൽ വ്യാപൃതരും ഭൗമികവ്യാപാരങ്ങളിൽ നിരതരുമായിരിക്കുന്ന മൂന്നാമത്തെക്കൂട്ടർ സാഹചാര്യങ്ങൾക്കനുസരണമായി തിന്മകളിലുൾപ്പെടുകയും, തദ്ഭാരാ സർവ്വപ്രധാനമായ സംഗതി വിസ്മരിക്കയും ചെയ്യുന്നു. പണം സമ്പാദിക്കുന്നതിനായും ലോകസുഖങ്ങൾ അനുഭവിക്കുന്നതിനുവേണ്ടിയും അവർ അദ്ധ്വാനിക്കയും ബുദ്ധിമുട്ടുകയും ചെയ്യുന്നു. എന്നാൽ മരണമില്ലാത്ത ആത്മാവിനെക്കുറിച്ചു ഒരിക്കലും ചിന്തിക്കുന്നില്ല. നിർഭാഗ്യർ! ഭോഷന്മാർ! വ്യർത്ഥമായ ഒരു അഭീഷ്ടം സാധിക്കുന്നതിനുവേണ്ടി ആദിമനുഷ്യൻ സ്വാത്മാവിനെ വിററു. ക്ഷണികസുഖത്തെപ്രതി എത്രയോ ആളുകൾ അവരുടെ ആത്മാവുകളെ വില്ക്കുകയും നശിപ്പിക്കയും ചെയ്യുന്നു! നാലാമ

ത്തെക്കൂട്ടർ, ലഭിച്ചിട്ടുള്ള ദൈവദാനത്തെ നിരുപയോഗമാക്കാതെ, നിത്യാനന്ദലബ്ധിക്ക് ആവശ്യമായ പുണ്യഫലം പുറപ്പെടുവിക്കുന്നു. ഇവരെക്കുറിച്ചാണു നൂറുമേനി വിളയുന്ന മണ്ണ് എന്നു ദിവ്യരക്ഷകൻ അരുളിച്ചെയ്തിട്ടുള്ളതു്.

## ൨. നല്ല സമരിയാക്കാരൻ.

നല്ല സമരിയാക്കാരനെക്കുറിച്ചുള്ള അന്യാപദേശം ക്രിസ്തുവിൻെറ ആഗമനത്തിനു മുൻപുണ്ടായിരുന്ന മനുഷ്യജാതിയുടെ ദുരവസ്ഥയെ പ്രകടമായി പ്രദ്യോതിപ്പിക്കുന്നു. ഇതിലേ ആ നിർഭാഗ്യനായ വഴിയാത്രക്കാരനോടു് അധഃപതിച്ച മനുഷ്യനു വളരെ സാമ്യമുണ്ടു്. തസ്കരന്മാർ അവനെ പിടികൂടി അവൻെറ കൈവശമുണ്ടായിരുന്നതെല്ലാം അപഹരിക്കയും കഠിനമായി മുറിവേല്പിക്കയും, അർദ്ധപ്രാണനായി വഴിയിലുപേക്ഷിച്ചുപോകയും ചെയ്തു. ഇപ്രകാരംതന്നെ പിശാചു് ആദിമനുഷ്യനെ വഞ്ചനയിൽ കുടുക്കി അവൻെറ ഹൃദയനൈർമ്മല്യത്തെ കവർന്നെടുക്കുകയും നിഷ്പാപത്വമാകുന്ന ശുഭവസ്ത്രം ഉരിഞ്ഞെടുക്കയും അതിസ്വാഭാവികദാനങ്ങളെ നശിപ്പിക്കയും മുറിവേല്പിച്ചു ശക്തിഹീനനാക്കി വിടുകയും ചെയ്തു. ഈ ശക്തിഹീനത അവൻെറ ബുദ്ധിയേയും മനസ്സിനേയും ഹൃദയത്തേയും ബാധിച്ചു. ബുദ്ധി, അബദ്ധങ്ങൾക്കും ആശങ്കകൾക്കും വിധേയമായി; മനസ്സ്, ദുർവികാരങ്ങൾക്കും പ്രലോഭനങ്ങൾക്കും വശംവദമായി; ഹൃദയം, സകലവിധതിന്മകളേയും സ്വീകരിപ്പാൻ തുടങ്ങി. എത്ര ശോച്യമായ അവസ്ഥ! സൃഷ്ടിയുടെ രാജാവും ദൈവത്തിൻെറ പ്രേമഭാജനവുമായ മനുഷ്യൻ നിരാധാരനായി, നിസ്സഹായനായി, സ്ഥാനഭ്രഷ്ടനായി, വിഗ്രഹാരാധകനായി പരിണമിച്ചിരിക്കുന്നു. ഈ അധഃസ്ഥിതിയിൽനിന്നുയരുന്നതി

ന് അവൻ നിശ്ശേഷം അപ്രാപ്തനാണ്. എന്നാൽ ജീവ
ൻെറ ലക്ഷണങ്ങൾ വീണ്ടും അവനിൽ കണ്ടുതുടങ്ങി. അ
വൻെറ രക്ഷ സുപ്രാപ്യമായിത്തന്നെയിരുന്നു. പക്ഷേ പഴയ
നിയമത്തിലേ വൈദികർക്കും ആചാര്യന്മാർക്കും അവൻെറ
രോഗം ശമിപ്പിക്കുന്നതിനു സാധിച്ചില്ല. നല്ല സമരിയാക്കാ
രനായ ദൈവപുത്രൻതന്നെ സ്വർഗ്ഗത്തിൽനിന്ന് അവരോ
ഹണം ചെയ്തു, നിത്യനാശത്തിൽനിന്ന് അവനെ ഉദ്ധരിക്കേ
ണ്ടതു് ആവശ്യമായിരുന്നു. സമരിയാക്കാരെ യഹൂദന്മാർ വി
ജാതിയരായി പരിഗണിച്ച് അവരെ ദ്വേഷിക്കയും ഉപദ്ര
വിക്കയും ചെയ്തുവന്നു. ഈ യഹൂദന്മാരെപ്പോലെ നാമും
ദൈവപ്രമാണങ്ങളെ ലംഘിച്ചും ദൈവത്തിൻെറ പരിശു
ദ്ധ നാമത്തെ ദൂഷിച്ചും അവിടുത്തെ ശത്രുക്കളായിത്തീർന്നു.
എന്നിട്ടും കാരുണ്യവാനായ ദൈവം, അനുകമ്പയാൽ പ്രേ
രിതനായി മനുഷ്യരക്ഷാർത്ഥം ഭൂമുഖത്തു പ്രത്യക്ഷനായി. ന
മ്മുടെ ദിനാവസ്ഥ കണ്ടു മനസ്സലിഞ്ഞ് അവിടുന്നു നമ്മുടെ
മുറിവുകളെ തൻെറ വിശിഷ്ടരക്തമാകുന്ന ദ്രാക്ഷാരസംകൊണ്ടു
കഴുകുകയും ദിവ്യപ്രസാദംകൊണ്ടു ലേപനം ചെയ്കയും പു
തിയനിയമമാകുന്ന വസ്ത്രംകൊണ്ടു കെട്ടുകയും തൻെറ പരി
ശുദ്ധാലയത്തിലേയ്ക്കു കൂട്ടിക്കൊണ്ടുപോയി പുരോഹിതന്മാരു
ടെ സംരക്ഷണത്തിൽ നമ്മെ ഏല്പിക്കുകയും ചെയ്തു. മനു
ഷ്യരക്ഷ പൂർത്തിയാക്കിയശേഷം ക്രിസ്തു പിതാവിൻെറ പക്ക
ലേയ്ക്കു തിരിച്ചെഴുന്നെള്ളി. എന്നാൽ കാരുണ്യവാന്മാരെ
മുടിചൂടിക്കുന്നതിനും നീതിമാന്മാർക്കു പ്രതിസമ്മാനം നൽകു
ന്നതിനും ലോകാവസാനത്തിൽ അവിടുന്നു വീണ്ടും ആഗ
തനാകും.

## ൩. മുന്തിരിത്തോട്ടത്തിലേ വേലക്കാർ.

നിത്യജീവനു വേണ്ടി പ്രയത്നിക്കുന്ന സത്യക്രിസ്ത്യാനികൾക്കുള്ള പ്രതികൂലസാഹചര്യങ്ങളെ, മുന്തിരിത്തോട്ടത്തിലേ വേലക്കാരുടെ ഈ ഉപമ വഴിയായി ദിവ്യോപദേഷ്ടാവു തന്റെ ശ്രോതാക്കൾക്കു വെളിപ്പെടുത്തിക്കൊടുക്കുന്നു. ഒരു തോട്ടക്കാരൻ തന്റെ മുന്തിരിത്തോട്ടത്തിലേയ്ക്കു വേലക്കാരെ വിളിക്കുവാൻ പുറപ്പെട്ടു. കുറെ പേരെ പ്രഭാതത്തിൽത്തന്നെ ജോലിയിലേർപ്പെടുത്തി. അനന്തരം അയാൾ മൂന്ന്, ആറ്, ഒമ്പതു, പതിനൊന്ന് എന്നീ മണിക്കൂറുകളിലും, ജോലിയില്ലാതെ ചന്തസ്ഥലങ്ങളിലും വഴിയരികുകളിലും അലസന്മാരായി നിന്നിരുന്ന മറ്റുപലരേയും ജോലിക്കായി യഥാക്രമം വിളിച്ചു. വൈകുന്നേരം കൂലികൊടുക്കേണ്ട സമയമായപ്പോൾ അയാൾ കാര്യസ്ഥനെ വിളിച്ച് ഒരുമണിക്കൂർ മാത്രം ജോലിചെയ്തവർക്കും പകൽമുഴുവൻ അദ്ധ്വാനിച്ചവർക്കും ഒരേകൂലി കൊടുക്കുവാൻ ആജ്ഞാപിച്ചു. ദൈവം തന്നെയാണ് ഈ തോട്ടക്കാരൻ. എല്ലാവരുംതന്നെ സേവിച്ചു രക്ഷപ്രാപിക്കണമെന്നാണ് അവിടുത്തെ ആഗ്രഹം. ചന്തസ്ഥലം ലോകവും, മുന്തിരിത്തോട്ടം ക്രിസ്തുവിന്റെ സഭയും, കൂലി നിത്യജീവനുമാകുന്നു. കാര്യസ്ഥൻ ക്രിസ്തുവാണ്. അദ്ദേഹമാണ് അവസാനദിവസം ഓരോരുത്തർക്കും കൂലി കൊടുക്കുന്നയാൾ. പലമണിക്കൂറുകൾ പല കാലഘട്ടങ്ങളും, പതിനൊന്നാമത്തെ അഥവാ അവസാനത്തെ മണിക്കൂർ ക്രിസ്തുവർഷവുമാകുന്നു. പാത്രിയർക്കീസ്സന്മാർ എന്നുപറയുന്ന പൂർവ്വപിതാക്കന്മാരെ ദൈവം ലോകാരംഭത്തിൽത്തന്നെ വിളിച്ചു. എന്നാൽ ഇവർക്ക്, അവസാനം വിളിക്കപ്പെട്ടവർക്കുള്ള ആനുകൂല്യങ്ങൾ—അല്പസമയംകൊണ്ടു പ

ഴയനിയമത്തിലേ വിശുദ്ധന്മാരുടേതിനേക്കാൾ വിലയേറിയ കിരീടങ്ങൾ കരസ്ഥമാക്കുന്നതിനു പര്യാപ്തമായ ദൈവപ്രസാദസ്രോതസ്സുകൾ (Sacraments) ഒന്നും ഉണ്ടായിരുന്നില്ല.

## ൪. ധൂർത്ത പുത്രൻ.

പിശാചിന്റെ അധീനതയിൽപ്പെട്ടിരിക്കുന്ന മനുഷ്യർ ആ ദുഷ്ടാരൂപിയെ ഉപേക്ഷിച്ചു പുണ്യം ചെയ്യേണ്ടതിനു ദൈവത്തിന്റെ നിസ്സീമ നന്മയിലുള്ള വിശ്വാസം അവരിൽ ജനിപ്പിക്കേണ്ടതു് ആവശ്യമായിരുന്നു. ആദത്തിന്റെ പാപംമൂലം അവർ ദൈവത്തിൽനിന്നു് അകലുകയും, ശിക്ഷിക്കുന്നതിനു സദാ തയാറായിരിക്കുന്ന ഒരു വിധികർത്താവായി അദ്ദേഹത്തെ കരുതുകയും ചെയ്തു. അദ്ദേഹത്തിന്റെ നിർവിവാദമായ അവകാശങ്ങളിന്മേലും, അന്തമററ നീതിയിന്മേലുമുള്ള ചിന്ത അവരിൽ ഭയവും ഭീതിയും ഉളവാക്കി. ഈ ഭയത്തെ ദൂരികരിക്കാതെ മനുഷ്യർക്കു രക്ഷ സാധ്യമാകുമായിരുന്നില്ല. വിശ്വാസവും സ്നേഹവും പുനഃസ്ഥാപിക്കുന്നതിനു ധൂർത്ത പുത്രന്റെ ഉപമ, പൂർവ്വപിതാക്കന്മാരുടേയും പ്രവാചകന്മാരുടേയും ദീർഘകാലത്തെ പ്രാർത്ഥനകളെക്കാൾ പ്രയോജകീഭവിച്ചു. ഒരു പിതാവിനു രണ്ടു പുത്രന്മാരുണ്ടായിരുന്നു. അവരിൽ ഇളയവൻ പിതാവിന്റെ നിബന്ധനത്തിലും നിയന്ത്രണത്തിലും അസ്വസ്ഥനായി, പിതൃഗൃഹം വിട്ടു സ്വതന്ത്രനായി ജീവിക്കുവാൻ നിശ്ചയിച്ചു. സ്വഗൃഹത്തിനടുത്തു വാസമുറപ്പിക്കുന്നതായാൽ സ്വാതന്ത്ര്യത്തിനു ഹാനി തട്ടിയേക്കുമെന്നു ഭയന്നു്, സ്വാവകാശം വാങ്ങി വിദൂരസ്ഥമായ ഒരു രാജ്യത്തേക്കു യാത്ര തിരിച്ചു. സാധു! അവന്റെ മൗഢ്യത്തിന്റെ ഫലം അനുഭവിപ്പാൻ അധികകാലം വേണ്ടിവന്നില്ല. കുറെ മാസങ്ങൾകൊണ്ടു കൈവശമുണ്ടായി

രുന്ന സകലവും ചെലവാകയും വലിയ കഷ്ടസ്ഥിതിയിൽ അവൻ ചെന്നെത്തുകയും ചെയ്തു. ഹാ! എന്തുവ്യത്യാസം! ഒരു പ്രഭുകുമാരനായിരുന്ന അവൻ കേവലം ഒരു അടിമയായി ത്തീന്നിരിക്കുന്നു. പന്നികൾക്കു കൊടുക്കുന്ന തവിടു തി ന്നു വിശപ്പടക്കുവാൻ അവൻ നിർബ്ബന്ധിതനായിത്തീർന്നിരി ക്കുന്നു. പിതൃഗൃഹത്തേയും സൌഭാഗ്യപ്രദമായ ബാല്യകാല ത്തേയും അവൻ അനുസ്മരിക്കുന്നു. അവനെപ്രതി വ്യഥയ നുഭവിക്കുന്ന മാതാപിതാക്കളേയും ബന്ധുമിത്രാദികളേയുംപ ററിയുള്ള ചിന്ത അവനിൽ ഉദിക്കുന്നു. സ്വാപരാധം മന സ്സിലാക്കി അവൻ പശ്ചാത്തപിക്കുന്നു. ഒടുവിൽ ഈ ഹീ നാവസ്ഥയെ വിട്ടു പിതാവിന്റെ പക്കലേയ്ക്കു തിരിച്ചുപോകു ന്നതിന് അവൻ തീരുമാനിക്കുന്നു. സ്വഭവനത്തിനു വള രെ അകലെ വച്ചുതന്നെ അവന്റെ പിതാവ് അവനെ കാ ണുകയും അനുകമ്പയോടുകൂടി അവനെതിരെ ഓടിച്ചെന്നു കഴുത്തിൽ കെട്ടിപ്പിടിച്ചു പലവുരു ചുംബിക്കയും ചെയ്തു. കാല്ക്കൽ വന്നു വീണു കരഞ്ഞപേക്ഷിച്ചല്ലാതെ സാധാരണ മായി ഒരു പിതാവും ഈദൃശനായ പുത്രനോടു ക്ഷമിക്കുന്ന തല്ല. എന്നാൽ ഈ അന്യാപദേശത്തിലേ പിതാവിന്റെ പ്രവൃത്തി എത്ര വ്യത്യസ്തം. അദ്ദേഹം അലഞ്ഞുനടന്നവ നെ സ്വീകരിക്കുന്നതിനായി മുന്നോട്ടു ചെല്ലുകയും മാറോ ടു ചേർത്തു് ആശ്ലേഷിക്കയും ചെയ്യുന്നു. ഇതുകൊണ്ടും മതി യാകാഞ്ഞിട്ടു പൂർവ്വസ്വാതന്ത്ര്യങ്ങളെല്ലാം അനുഭവിച്ചുകൊള്ളു ന്നതിന് അവന് അനുമതി നൽകുകയും ചെയ്യുന്നു. അവ ന്റെ അപരാധത്തിന് അവനെ ശാസിക്കുകയാകട്ടെ കഴി ഞ്ഞസംഭവത്തെ സൂചിപ്പിച്ച് ഒന്നും പറയുകയാകട്ടെ ചെ യ്യുന്നില്ല. എല്ലാം അദ്ദേഹം ക്ഷമിച്ചിരിക്കുന്നു; സമസ്തവും അദ്ദേഹം വിസ്മരിച്ചിരിക്കുന്നു. സ്വർഗ്ഗീയപിതാവിന്റെ അ

നന്ദനന്മയും നിർഭാഗ്യപാപിയുടെ ഹീനാവസ്ഥയും എത്ര ഹൃദയാവജ്ജകമായിട്ടാണു ദിവ്യരക്ഷകൻ ഈ അന്യാപദേശത്തിൽ വർണ്ണിച്ചിരിക്കുന്നതു്. സ്വർഗ്ഗീയപിതാവു് അനന്ത കാരുണികനാകകൊണ്ടു പാപി നിരാശപ്പെടുന്നതു വെറും ഭോഷത്തമാണെന്നു സുവിശേഷത്തിലേ ഈ ഭാഗം വായിക്കുന്ന ഏവനും സമ്മതിക്കും.

൭. കൂട്ടം വിട്ടുപോയ ആട്ടിൻകുട്ടി.

വഴിതെററിപ്പോയ ആടിനെ അന്വേഷിച്ചു നടക്കുന്ന നല്ലയിടയൻെറ ഉപമ, ദൈവത്തിൻെറ നിസ്സീമമായ അനുകമ്പയുടേയും, കാരുണ്യത്തിൻേറയും ശ്രദ്ധേയവും മനോഹരവുമായ വേറൊരു ദൃഷ്ടാന്തമാണു്. കാണാതെപോയ ആടു, പാപമൂലം പുണ്യവഴിയിൽനിന്നു് അകന്നു പോകുന്ന മനുഷ്യാത്മാവാകുന്നു. ദിവ്യനായ ഇടയനു് ആത്മാവിൻെറ സാക്ഷാൽ വിലയറിയാം. ഒററ വാക്കാൽ ലോകത്തെ സൃഷ്ടിച്ച അവിടുത്തേയ്ക്കു മനുഷ്യാത്മാവിനെ രക്ഷിക്കുവാനായി തൻെറ അനർഘരക്തത്തിൻെറ സകല തുള്ളികളും ചിന്തേണ്ടതായിവന്നു. ആത്മാവു്, അവിടുത്തേയ്ക്കു പ്രാണതുല്യമാണു്. അതിനുവേണ്ടിയത്രെ തൻെറ സകല പ്രവൃത്തികളും. സ്വർഗ്ഗത്തു് അതു തൻെറ സഹചാരിയുമാണു്. ആകയാൽ അദ്ദേഹം അതിൻെറ പിന്നാലെ ഓടി അതിനെ സ്വന്ത പററത്തിലേയ്ക്കു തിരിച്ചുകൊണ്ടുവരുന്നതിൽ വിസ്മയിപ്പാൻ ആവശ്യമില്ല.

൮. ധനികനും, ലാസറും.

ധനികൻേറയും ലാസറിൻേറയും ഉപമകൊണ്ടു, സ്വമനസ്സാ വരിക്കുന്ന ദാരിദ്ര്യത്തിൻെറ മാഹാത്മ്യത്തേയും ധനത്തിൽ നിന്നുണ്ടാകുന്ന ഭയങ്കര നാശത്തേയും നമ്മെ ഉദ്ബോധിപ്പിക്കുവാനാണു ദിവ്യരക്ഷകൻ ഉദ്ദേശിക്കുന്നതു്. ഈ

വിശിഷ്ട ദൃഷ്ടാന്തത്തിൽ രണ്ടു രംഗങ്ങളാണ് ഉള്ളത്. ഒന്ന് ഇഹലോകവാസത്തേയും, മറേറതു പരലോക ജീവിതത്തേയും സൂചിപ്പിക്കുന്നു. ആദ്യത്തെ രംഗത്തു രാജകീയ വസ്ത്രങ്ങളണിഞ്ഞു, വിവിധ വിഭവങ്ങൾ വിളമ്പിയിട്ടുള്ള മേശയുടെ അടുത്തിരുന്നു തിന്നുകുടിച്ചാനന്ദിക്കുന്ന ധനികനും, അയാളുടെ പടിവാതുക്കൽ കിടന്നു ഭക്ഷണമേശയിൽനിന്നു ലഭിക്കുന്ന ഉച്ഛിഷ്ടംകൊണ്ടു വിശപ്പടക്കുവാനിച്ഛിക്കുന്ന വ്രണാങ്കിതനായ ലാസറും പ്രത്യക്ഷപ്പെടുന്നു. ലാസറിന് ആരും ഒന്നും കൊടുക്കുന്നില്ല. നായ്ക്കൾ വന്ന് അയാളുടെ വ്രണങ്ങൾ നക്കുന്നു. രണ്ടാമത്തെ രംഗം ഇതിൽനിന്നു വളരെ വ്യത്യസ്തമാണ്. മഹിമാപൂരത്താൽ ആവൃതനായും നിത്യസൗഭാഗ്യം അനുഭവിച്ചും ലാസർ സ്വർഗ്ഗത്തിൽ മരുവുന്നു. ധനവാനൊ എന്നാൽ ദൗർഭാഗ്യപൂർണ്ണമായ നരക പാതാളത്തിൽ നിഷ്ഠുര പീഡകൾ സഹിക്കുന്നു. അഗ്നിയാൽ വരണ്ട തന്റെ നാവു നനയ്ക്കുന്നതിന് ഒരുതുള്ളിവെള്ളം കിട്ടേണമെന്നു വളരെ പാരവശ്യത്തോടെ ധനവാൻ യാചിക്കുന്നു. എങ്കിലും അവന്റെ അപേക്ഷ സാധിപ്പാൻ ആളില്ല. ഇതിൽനിന്നു ദൈവം പുറമെ കാണുന്നതനുസരിച്ചല്ല; പ്രത്യുത ഹൃദയം പരിശോധിച്ചാണു വിധി പ്രസ്താവിക്കുന്നതെന്നും, മിന്നുന്നതും തിളങ്ങുന്നതുമായ വസ്തുക്കൾ കണ്ടു നമ്മെപ്പോലെ വഞ്ചിക്കപ്പെടാതെ സത്യവും നീതിയുമനുസരിച്ചാണ് അവിടുന്ന് ഗുണദോഷനിർണ്ണയം ചെയ്യുന്നതെന്നും സ്പഷ്ടമാകുന്നു. ലോകദൃഷ്ടിയിൽ നിസ്സാരനും വെറുംകൂലിവേലക്കാരനും നിരാധാരനും ഭിക്ഷുവുമായ ഒരുവൻ, പട്ടുവസ്ത്രവും സ്വർണ്ണാഭരണങ്ങളും അണിഞ്ഞിരിക്കുന്നവനും ഭോഗപ്രിയനുമായ ഒരു ധനവാനെക്കാൾ ആയിരം മടങ്ങു ദൈവത്തിനു പ്രീതിയുള്ളവനായേക്കാം. അഗതികളും ദരിദ്രരും

അടിമകളും ഭൃത്യന്മാരും ദൈവത്തിൻെറ വിശേഷ സ്നേഹത്തിനു പാത്രീഭൂതരെന്നു യഹൂദന്മാരേയും വിജാതികളേയും ഉദ്ബോധിപ്പിക്കേണ്ടതു് അത്യന്താപേക്ഷിതമായി ക്രിസ്തുവിനു തോന്നി. ലാസറിനെ ലോകം നിന്ദിക്കുകയും അവഗണിക്കുകയും ചെയ്തു. അയാൾ കീറത്തുണികൾകൊണ്ടു ശരീരം മറച്ചു. വിശപ്പിനാലും ദാഹത്താലും വലഞ്ഞു. ധനവാനെ എല്ലാവരും വിലമതിക്കയും ബഹുമാനിക്കയും സ്തുതിക്കയും പുകഴ്ത്തുകയുംചെയ്തു. അവൻെറ സകല അഭിലാഷങ്ങളും ആഗ്രഹങ്ങളും പരിപൂർണ്ണമായി നിറവേറിയിരുന്നു. അവൻ ഒരു ഭോഗാസക്തനുമായിരുന്നു. സന്തോഷാവഹവും സുഖഭൂയിഷ്ഠവുമായ ഒരു ജീവിതമാണു് അവൻ നയിച്ചതു്. എന്നാൽ ദരിദ്രരോടു് ഒരനുകമ്പയും അവനുണ്ടായിരുന്നില്ല. മതത്തെ പ്രതിയൊ ഭാവിജീവിതത്തിനുവേണ്ടിയൊ യാതൊരു ക്ലേശവും അവൻ സഹിച്ചില്ല. ഇങ്ങനെ കാലംകഴിഞ്ഞുപോയി. ധനവാനും ദരിദ്രനും മൃത്യുവടഞ്ഞു. ഇരുവരേയും ദൈവം വിധിച്ചു. ഭോഗപ്രിയനായ ധനവാൻ ശപിക്കപ്പെട്ടവരുടെ വാസസ്ഥലമായ നരകത്തിൽ നിപതിച്ചു. അവിടെ ഉല്ലേഖനം ചെയ്യപ്പെട്ടിരുന്ന ഒരു പ്രശസ്തലിഖിതം അയാൾ കണ്ടു. "ഇവിടെ പ്രവേശിക്കുന്ന നിങ്ങൾ പ്രത്യാശകളെല്ലാം ഉപേക്ഷിക്കുവിൻ. എന്നിൽക്കൂടെ നിങ്ങൾ ശോകപുരയിലേയ്ക്കു കടക്കുന്നു. എന്നിൽക്കൂടെ നിങ്ങൾ നിത്യഭീതിയിലേയ്ക്കു പോകുന്നു." (Dante). എന്നാൽ ലാസർ ഇപ്പോൾ എവിടെയാണു്? അയാൾ ദൈവത്തിൻെറ സുതനും സ്വർഗ്ഗത്തിലെ പ്രഭുവും ആയിത്തീർന്നിരിക്കുന്നു. അവർണ്ണനീയ ശോഭയുള്ള ഒരു കിരീടം അവൻ ചൂടിയിരിക്കുന്നു. അവൻെറ മാഹാത്മ്യത്തിനും സൗഭാഗ്യത്തിനും അന്തമുണ്ടാകയില്ല.

## ൬. ഫരീസ്യനും ചുങ്കക്കാരനും.

അഹങ്കാരത്തെപ്പോലെ ദൈവം വെറുക്കുന്ന ദുർഗ്ഗുണം മറ്റൊന്നില്ല. അതു് ആത്മാവിൽ നുഴഞ്ഞു കയറി അതിലുള്ള സൽപ്രവൃത്തികളെ ദൂഷിപ്പിക്കുന്ന ഒരു വിഷമാകുന്നു. ദൈവത്തിന്റെ പ്രതാപത്തെ അപഹരിച്ച് അദ്ദേഹത്തെ സിംഹാസനഭ്രഷ്ടനാക്കുന്നതിന് ഉദ്യമിക്കുന്ന ഒരു മഹാ രാക്ഷസനാണു് അഹങ്കാരം. ദുഷ്ടാത്മപിശാചുകളുടെ നാശത്തിനും ആദിമാതാപിതാക്കളുടേയും മനുഷ്യജാതി മുഴുവന്റേയും വീഴ്ചക്കും അതു ഹേതുവായി. പ്രാചീനലോകത്തിലേ ഒരു വലിയ തിന്മയായിരുന്ന അതിനോടു ക്രിസ്തു സർവ്വശക്തിയോടുംകൂടി എതിർത്തു. ഫരീസ്യർ ഈ അഹങ്കാരത്തിന്റെ അവതാരമൂർത്തികളായിരുന്നു. മതാചാരങ്ങളിൽ ബാഹ്യമായിമാത്രം നിഷ്ഠയുണ്ടായിരുന്ന അവർ നരകുലത്തിന്റെ ഉത്തമാദർശങ്ങളെന്നു സ്വയം അഭിമാനിച്ചു. ചുങ്കക്കാരെ അഥവാ കരം പിരിക്കുന്നവരെ അവർ വെറുക്കുകയും നികൃഷ്ടന്മാരും അശുദ്ധന്മാരും ജാതിഭ്രഷ്ടന്മാരുമായി തള്ളുകയും ചെയ്തു. ജനതാമദ്ധ്യത്തിൽ അവർ സ്വയം പ്രശംസിക്കയും പ്രവൃത്തികളെല്ലാം മുഖസ്തുതിയെമാത്രം ലാക്കാക്കി നിർദ്ദേശിക്കപ്പെടുകയും ചെയ്തിരുന്നു. അവർ ചന്തകളിൽപോയി അവരുടെ യോഗ്യതകളെക്കുറിച്ചു പ്രസംഗിക്കുകയും മോടിയായി വസ്ത്രം അണിഞ്ഞു ഗംഭീരഭാവത്തിൽ ഞെളിഞ്ഞു നടക്കുകയും പതിവായിരുന്നു. തെരുവീഥികളെ അവർ പ്രാർത്ഥനാലയങ്ങളാക്കി. ഭിക്ഷ കൊടുക്കുന്നതിനെ കാഹളം ഊതി പ്രസിദ്ധപ്പെടുത്തി. അവരുടെ ദുരഭിമാനവും, ഔദ്ധത്യവും, ആഡംബരേച്ഛയും എല്ലാം ക്രിസ്തുവിന് എത്രകണ്ടു നീരസപ്രദമായിരുന്നുവെന്നുള്ളതു് അവിടുത്തെ വാക്കുകളിൽ നിന്നുതന്നെ സ്പഷ്ടമാണു്. "മരിച്ചവരുടെ അസ്ഥികൾകൊണ്ടും, അശുദ്ധികൊണ്ടും

നിറഞ്ഞ വെള്ളയടിക്കപ്പെട്ട ശവകുടീരങ്ങളേ, അണലിസന്തതികളേ, കൊതുകിനെ ഭദ്രമായി അരിച്ചുകളയുകയും, ഒട്ടകത്തെ മുഴുവനായി വിഴുങ്ങുകയും ചെയ്യുന്ന കപടഭക്തരേ," എന്നിപ്രകാരം അവിടുന്നു് അവരെ അഭിസംബോധനം ചെയ്യുന്നു. ദാംഭികരായ ഈ ഫരിസ്യരെ വിനയത്തിന്റെ ഒരു പാഠം പഠിപ്പിക്കേണ്ടതു് അനുപേക്ഷണീയമായിരുന്നു. തദർത്ഥം ഫരിസ്യനേയും ചുങ്കക്കാരനേയുംകുറിച്ചുള്ള അന്യാപദേശം ക്രിസ്തു അരുളിച്ചെയ്തു: ഒരു ഫരിസ്യനും ചുങ്കക്കാരനുംകൂടി പ്രാർത്ഥിക്കുന്നതിനായി ദേവാലയത്തിൽ പോയി. ഫരിസ്യൻ ദേവാലയത്തിന്റെ ഉള്ളിൽ പ്രവേശിച്ചു മാർബിൾ തറമേൽക്കൂടെ മുന്നോട്ടു നടന്നു ചെന്നു, "പരിശുദ്ധതയുടെ പരിശുദ്ധത"യ്ക്കു മുമ്പാകെ നിലകൊണ്ടു. അവിടെ ഗർവ്വത്തോടുകൂടി തല നിവർത്തിനിന്നു സ്വരം ഉയർത്തിപറയുന്നു "എന്റെ ദൈവമേ, ഞാൻ അക്രമികളും, നീതികെട്ടവരും വൃത്തിഹീനരുമായ മററു മനുഷ്യരെപ്പോലെ അല്ലാത്തതിനു ഞാൻ അങ്ങയോടു കൃതജ്ഞനായിരിക്കുന്നു. ആ നില്ക്കുന്ന ചുങ്കക്കാരൻ അങ്ങനെയുള്ളവനാകുന്നു. ഞാൻ ആഴ്ചയിൽ രണ്ടുപ്രാവശ്യം ഉപവസിക്കുന്നു; എന്റെ സ്വത്തിൽ ദശാംശം ഞാൻ ദാനംചെയ്യുന്നു. എന്നാൽ ചുങ്കക്കാരൻ ബലിപീഠത്തിനു വളരെ അകലെ പുറജാതിക്കാർക്കുള്ള സ്ഥലത്തു മററാരാധകന്മാരുടെ പിമ്പിൽ നിന്നുകൊണ്ടു, സ്വർഗ്ഗത്തേയ്ക്കു തന്റെ കണ്ണുകളെ ഉയർത്താൻതന്നെയും ധൈര്യപ്പെടാതെ നില്ക്കുന്നു. തല നന്നാ കുനിച്ചു, നെഞ്ചത്തടിച്ചുംകൊണ്ടു പതിഞ്ഞ സ്വരത്തിൽ അവൻ ഇങ്ങനെ പ്രാർത്ഥിക്കുന്നു, "ഓ! ദൈവമേ, പാപിയായ എന്നിൽ കരുണയുണ്ടാകണേ!" ഈ ചുങ്കക്കാരനാണു ദൈവാനുഗ്രഹം പ്രാപിച്ചു സ്വഭവനത്തിലേയ്ക്കു മടങ്ങിയതെന്നു ദിവ്യരക്ഷകൻ അരുളിച്ചെയ്യുന്നു. നേരെമറിച്ചു ഫരിസ്യനു യാതൊരു അനു

ഗ്രഹവും ലഭിച്ചില്ലെന്നു മാത്രമല്ല ഒരു പുതിയ പാപത്തിൽ പതിക്കക്കൂടി ചെയ്തു. അവൻെറ പ്രാത്ഥന വ്യത്ഥവും ദൈവത്തിന് അനിഷ്ടകരവുമായിരുന്നു.

•

## ൩. തലേന്തുകളും പത്തു കന്യകകളും.

ദൈവത്തിൻെറ കൃപാവരത്തെ നന്നായി വിനിയോഗിക്കുന്നതിൻെറ വൈശിഷ്ട്യം എല്ലാ മനുഷ്യരേയും നന്നായി ഗ്രഹിപ്പിക്കുന്നതിനും അവരുടെ ഇഹലോകജീവിതം നിത്യരക്ഷയുടെ സമ്പാദനമാഗ്ഗമാക്കിത്തീർക്കുന്നതിനും വേണ്ടി ദിവ്യോപദേഷ്ടാവു തലേന്തിൻേറയും പത്തുകന്യകകളുടേയും അന്യാപദേശം നൽകി. വിദൂരസ്ഥലത്തേയ്ക്കു യാത്രപോകേണ്ടിയിരുന്ന ഒരു പ്രഭു സ്വഭൃത്യന്മാരെ വിളിച്ചു തൻെറ സ്വത്തുക്കൾ സൂക്ഷിക്കുവാനായി ഏല്പിച്ചു. അയാൾ ഒരുത്തന് അഞ്ചും മറെറാരുത്തനു രണ്ടും വേറൊരുവന് ഒന്നും തലേന്തു നൽകി. പിന്നീട് അയാൾ തിരിച്ചുവന്നപ്പോൾ അവർ ഓരോരുത്തരോടും അവരവരുടെ വ്യാപാരത്തിൻെറ ശരിയായ ഒരു കണക്കു ആവശ്യപ്പെട്ടു. ആദ്യത്തെ രണ്ടാളുകളും അവർക്കു കിട്ടിയ ധനത്തെ നന്നായി വിനിയോഗിച്ച് അവയെ ഇരട്ടിയാക്കി വദ്ധിപ്പിച്ചു. മൂന്നാമനോ എന്നാൽ അവനു കിട്ടിയ ധനം മണ്ണിൽ കുഴിച്ചിടുകയും അവൻെറ സമയം നിരുപയോഗമാക്കിത്തീക്കയും ചെയ്തു. ഇക്കാരണത്താൽ അവനു കൊടുത്തിരുന്ന തലേന്തു തിരിച്ചു വാങ്ങുകയും പല്ലുകടിയുടേയും കരച്ചിലിൻേറയും സ്ഥലമായ അന്ധകാരകൂപത്തിലേയ്ക്ക് അവനെ തള്ളിയിടുകയും ചെയ്തു. ഈ പ്രഭു ക്രിസ്തു തന്നെയാണ്. പിതാവിൻ പക്കലേയ്ക്കു പോകുന്നതിനു മുമ്പായി, നമ്മോടുള്ള കരുണയും സ്നേഹവുംമൂലം അവിടുന്നു നമുക്കു നൽകിയ ദാനങ്ങളും അനുഗ്രഹങ്ങളുമാണു തലേ

ന്നുകൾ. ജീവൻ, ആരോഗ്യം, സമ്പത്തു, ബുദ്ധിവൈഭവം, മാനസികശക്തി, വിശ്വാസം, ദിവ്യവരപ്രസാദം, ദിവ്യപ്രസാദസ്രോതസ്സുകൾ ഇവയെല്ലാം, സ്വർഗ്ഗത്തിൽ നിക്ഷേപം സംഭരിക്കുന്നതിനായി നമുക്കു നൽകിയിരിക്കുന്നു. ഇവ എല്ലാവർക്കും ഒന്നുപോലെ ലഭിച്ചിട്ടില്ല. ഇഷ്ടാനുസാരം ഒരുത്തനു കൂടുതലും മററൊരുത്തനു കുറവും കൊടുപ്പാൻ ദൈവത്തിനു പൂർണ്ണസ്വാതന്ത്ര്യം ഉണ്ടല്ലൊ. എന്നാൽ ആർക്കു് അധികമായി നൽകുന്നുവൊ അവനിൽ നിന്നു കൂടുതലായി കണക്കും ചോദിക്കും. തന്റെ പ്രത്യാഗമനത്തിൽ—അതെ, വിധിദിവസത്തിൽ— നമ്മുടെ ജീവിതത്തിന്റെ കണക്കു കൊടുക്കുവാനായി അവിടുന്നു നാം ഓരോരുത്തരേയും വിളിക്കും. വിശ്വസ്തരും സ്വാമിഭക്തരുമായ സേവകർക്കു തൃപ്തിയടയെ സമ്മാനം ലഭിക്കും. എന്നാൽ ഉദാസീനരും ഭക്തിഹീനരുമായ ഭൃത്യന്മാർ അന്ധകാരത്തിലേക്കു തള്ളപ്പെടും.

ഈ തത്വം തന്നെ പത്തു കന്യകകളെകുറിച്ചുള്ള അന്യാപദേശത്തിൽ വിശദമായി പ്രതിപാദിക്കപ്പെട്ടിരിക്കുന്നു. യഹൂദന്മാരുടെയിടയിൽ സാധാരണമായി വിവാഹഘോഷയാത്ര നടത്തുന്നതു രാത്രികാലത്താണു്. ഈ പ്രദക്ഷിണത്തിനു വിളക്കുകളും പന്തങ്ങളും കത്തിച്ചു പിടിച്ചിരിക്കും. ഈദൃശമായ ഒരു ഘോഷയാത്രയിൽ സംബന്ധിക്കേണ്ടവരായ പത്തുകന്യകകൾ അവരുടെ വിളക്കുകളുമായി എത്തി. അഞ്ചുപേർ ആവശ്യമുള്ള എണ്ണയും എടുത്തിരുന്നു; മററുള്ളവർ അക്കാര്യം അത്ര ഗൗനിച്ചില്ല. വരൻ വരുന്നതിനു കാലവിളംബം കണ്ടതുകൊണ്ടു് അവരെല്ലാവരും ഉറങ്ങുവാൻ പോയി. ഏകദേശം പാതിരാത്രിയോടുകൂടിയേ വരൻ ആഗതനായുള്ളു. അദ്ദേഹത്തെ എതിരേല്ക്കുന്നതിനായി കന്യകകൾ ധൃതിപ്പെട്ടു. എന്നാൽ ബുദ്ധിഹീനകളായ കന്യകകൾക്കു

വിളക്കു തെളിക്കുവാൻ എണ്ണയുണ്ടായിരുന്നില്ല. എണ്ണ വാങ്ങുവാനായി അവർ കടയിൽ പോയി തിരിച്ചുവന്നപ്പോൾ വരനും മററുകന്യകകളും അതിഥികളും വിവാഹമന്ദിരത്തിൽ പ്രവേശിക്കുകയും വാതലുകൾ അടച്ചു പൂട്ടപ്പെടുകയും ചെയ്തിരുന്നു. അവർക്കു പ്രവേശനം അനുവദിക്കപ്പെട്ടില്ല. ഞാൻ നിങ്ങളെ അറിയുകയില്ല എന്നു വരൻ അവരോടു പറഞ്ഞു.

കല്ല്യാണവിരുന്നു സ്വർഗ്ഗഭാഗ്യവും വരൻെറ ആഗമനം പൊതുവിധിയുമാകുന്നു. ബുദ്ധിമതികളായ കന്യകകൾ, വിധിയാളനെ സദാ പ്രതീക്ഷിച്ചു ജാഗരൂകരായി പ്രാർത്ഥിക്കുന്ന മനുഷ്യരാണ്; ബുദ്ധിഹീനകളായ കന്യക്കകൾ, നിർജ്ജീവവിശ്വാസികളായി, ധർമ്മവിമുഖരായി ജീവിതം നയിക്കുന്നവരാണ്. മരണം അവിചാരിതമായി വരും. കഴിഞ്ഞ കാലത്തിലേ ഉപേക്ഷകൾക്കു പരിഹാരം ചെയ്യുന്നതിന് അവർക്കു സമയം ലഭിക്കയില്ല. സ്വർഗ്ഗരാജ്യത്തുനിന്ന് അവർ എന്നേക്കും ബഹിഷ്കരിക്കപ്പെട്ടും.

# അദ്ധ്യായം ൩.

## അത്ഭുതപ്രവൎത്തകൻ.

### I.

### സുവിശേഷങ്ങളിലെ അത്ഭുതങ്ങളുടെ സാമാന്യവിവരണം.

ക്രിസ്തു പ്രവൎത്തിച്ച അത്ഭുതങ്ങളുടെ യാഥാൎത്ഥ്യം നിഷേധിക്കുവാനൊ, അതു സാദ്ധ്യമല്ലെങ്കിൽ അവ പ്രകൃത്യതീതങ്ങളല്ലെന്നു, സമൎത്ഥിക്കുവാനൊ ആണു കത്തോലിക്കസഭാവിദ്വേഷികളായ 'അഭിനവചിന്തകന്മാർ' (Modernists) ഇന്നു പ്രധാനമായി പരിശ്രമിക്കുന്നതു്. സുവിശേഷങ്ങളിൽ പ്രസ്താവിക്കപ്പെട്ടിരിക്കുന്ന അത്ഭുതങ്ങൾ യഥാൎത്ഥത്തിൽ സംഭവിച്ചവയല്ലെന്നും അഥവാ സംഭവിച്ചവയാണെങ്കിൽത്തന്നെ പ്രകൃതിനിയമങ്ങളെ അതിലംഘിക്കുന്നതായി ഒന്നുംതന്നെ അവയിൽ കാണുന്നില്ലെന്നും അവർ പ്രഘോഷിക്കുന്നു. ഇത്തരത്തിലുള്ള പ്രതിയോഗികളുമായി വാദം നടത്തി സത്യം ഗ്രഹിപ്പിക്കുക വളരെ വിഷമകരമായ ഒരു കൃത്യമാണു്; എന്തുകൊണ്ടെന്നാൽ ചഞ്ചലമാനസരും വ്യവസ്ഥാരഹിതരുമായ അവർ എവിടെ നിന്നുകൊണ്ടാണു നമ്മെ വാദത്തിനു ക്ഷണിക്കുന്നതെന്നൊ അവരുടെ സങ്കേ

തസ്ഥാനങ്ങൾ ഏവയെന്നൊ ഗ്രഹിക്കുക അത്രയെളുപ്പമല്ല. പരസ്പരബന്ധമില്ലാത്ത വാദരംഗങ്ങളിലേയ്ക്കു് അവർ പ്രതിനിമിഷം മാറിക്കൊണ്ടിരിക്കും. അവരെ സംബന്ധിച്ചേടത്തോളം സത്യം വ്യക്തിപരവും, വിശ്വാസം വികാരത്തിൻെറയും അനുഭവത്തിൻെറയും ഫലവുമാണത്രെ. തന്നിമിത്തം അസ്ഥിരത, വൈപരീത്യം, അവ്യക്തത എന്നിവ അവരുടെ പ്രത്യേക ലക്ഷണങ്ങളായിപരിഗണിക്കപ്പെടാവുന്നതാണു്. മരണഹേതുകമായ നമ്മുടെ ആയോധനങ്ങളിൽനിന്നു രക്ഷപെടുന്നതിനു, പ്രാചീനകാലത്തെ പ്രൊത്തേവുസിനെപ്പോലെ അവർ എപ്പോഴും വ്യത്യസ്തമായ ആകൃതി സ്വീകരിക്കുന്നു.

സുവിശേഷങ്ങളിൽ വിവരിച്ചിട്ടുള്ള അത്ഭുതങ്ങളുടെ യാഥാർത്ഥ്യം നിഷേധിക്കുവാൻ സ്വബുദ്ധിയെ വ്യഭിചരിപ്പിക്കാതെ ആർക്കും സാധിക്കുന്നതല്ല; അവ അത്രയ്ക്കു സ്പഷ്ടങ്ങളാണു്. ചരിത്രദൃഷ്ട്യാ അവയ്ക്കുള്ള പ്രാമാണ്യം, സയുക്തികം സ്ഥാപിക്കപ്പെട്ടിട്ടുള്ളതാകയാൽ അതേക്കുറിച്ച് ഇവിടെ ഒന്നും പറയണമെന്നു വിചാരിക്കുന്നില്ല. അത്ഭുതം എന്നൊന്നു സംഭാവ്യമാണോ എന്ന ചോദ്യത്തിനും സമാധാനം നൽകേണ്ട ആവശ്യമില്ല. ബുദ്ധിയെ ശരിയായ മാർഗ്ഗത്തിലൂടെ നയിക്കുന്ന ഏവനും നിഷ്പ്രയാസം ഗ്രഹിക്കാവുന്ന ഒന്നാണതു്. ഈ വിഷയത്തെ സംബന്ധിച്ച് റൂസ്സോ പറയുന്നതു ശ്രദ്ധേയമാണു്: "ദൈവത്തിനു് അത്ഭുതങ്ങൾ പ്രവർത്തിക്കാമോ, അതായതു, നിയമദാതാവിനു തൻെറ നിയമങ്ങളിൽ വല്ല വ്യത്യാസവും വരുത്താമോ? ഈ പ്രശ്നം പരമാർത്ഥബുദ്ധ്യാ ചെയ്യുന്നതാണെങ്കിൽ അതു് അസംബന്ധമല്ലെങ്കിലും ഭക്തിഹീനമായിരിക്കും. ഇല്ല, എന്നു മറുപടി

പറയുന്നവന്ന് ഏതു ശിക്ഷയും മതിയാകുന്നതല്ല. ഭ്രാന്താശുപത്രിതന്നെയാണ അവനു പററിയസ്ഥലം.''

സൃഷ്ടിയൊക്കയുടേയും അധിനാഥനും യജമാനനുമാണ താൻ എന്നു ക്രിസ്തു തൻെറ ചുരുങ്ങിയ കാലത്തെ ഐഹികജീവിതത്തിൽ പ്രത്യക്ഷമാക്കി. അതെ, പ്രകൃതിനിയമങ്ങളുടെമേൽ തനിക്കു പൂൎണ്ണമായ കർത്തൃത്വമുണ്ടെന്ന് അവിടുന്നു സ്പഷ്ടമാക്കുകതന്നെ ചെയ്തു. യൂദയാ രാജ്യത്തിൻെറ നാനാഭാഗങ്ങളിൽനിന്നു രോഗാതുരന്മാർ അദ്ദേഹത്തിൻെറപക്കൽ വന്നു സുഖപ്രാപ്തരായി തിരിച്ചുപോയി. ഏതുവ്യാധിയും സുഖപ്പെടുന്നതിന്ന് അദ്ദേഹത്തിൻെറ അധരങ്ങളിൽനിന്നു പൊഴിയുന്ന ഒരു വാക്കൊ, കരങ്ങളുടെ സ്പൎശനമൊ, മതിയായിരുന്നു. മുടന്തനും, കുരുടനും, ചെകിടനും, മൂകനും, തളൎവ്വാതക്കാരനും, കുഷ്ഠരോഗിയും അവരവരുടെ അവശതകളിൽനിന്നു വിമുക്തരായി. മരിച്ചു മണ്ണിനടിയിലായവർപോലും ഭൗമികജീവിതത്തെ തുടരുവാനായി ലോകത്തിലേയ്ക്കു തിരിച്ചുവന്നു. ക്രിസ്തു, ഇങ്ങനെ അസംഖ്യം അത്ഭുതങ്ങൾ പ്രവൎത്തിച്ചിട്ടുണ്ട്. അവയെല്ലാം ഓരോന്നായി വിവരിക്കുക അസാദ്ധ്യമാണ്. സുവിശേഷകനായ വി. യോഹന്നാൻ ക്രിസ്തുവിൻെറ അത്ഭുതങ്ങളെക്കുറിച്ചുള്ള വിവരണം സമാപിക്കുന്നതിപ്രകാരമാണ്: "യേശു പ്രവൎത്തിച്ചതായി വേറെ പലസംഗതികളുമുണ്ട്; അവയെല്ലാം എഴുതുകയെന്നുവച്ചാൽ, എഴുതപ്പെടേണ്ട പുസ്തകങ്ങൾ സൂക്ഷിക്കുവാൻ ലോകംതന്നെ മതിയാകുകയില്ലെന്ന് എനിക്കു തോന്നുന്നു." (യോഹ. ൨൧. ൨൫) ക്രിസ്തു ഈ അത്ഭുതകൃത്യങ്ങൾ ഓരോന്നും പ്രവൎത്തിച്ചിട്ടുള്ളതു പലവിധത്തിലും വിഭിന്നങ്ങളായ സാഹചൎയ്യങ്ങളിലും ആണെന്നുള്ളതു പ്രത്യേകം നാം ഓൎത്തിരിക്കേണ്ടതാണ്. ക്രിസ്തുവിൻെറ അനുഗ്രഹീതമായ

അധരങ്ങളിൽനിന്നു നിർഗ്ഗമിച്ച ഒരൊററവാക്കു്, അദ്ദേഹത്തിൽനിന്നു പുറപ്പെട്ട ഏതോ രഹസ്യശക്തി, ദിവ്യകരങ്ങളുടെ സ്പർശനം, വസ്ത്രാഗ്രവുമായുള്ള സമ്പർക്കം, മനസ്സിൻെറ ഒരു നിശ്ചയം ഇവ ഓരോന്നും ലോകശ്രദ്ധയെ സവിശേഷം ആകർഷിക്കുന്ന മഹാത്ഭുതങ്ങളെ ചെയ്യുന്നതിന്നു ശക്തിയുള്ളതായിരുന്നു. മനുഷ്യരുടെമേൽ മാത്രമല്ല നിർജ്ജീവമായ ഭൗതിക വസ്തുക്കളുടെമേലും താൻ സ്വാധികാരം പ്രയോഗിച്ചു. ഏതാനും അപ്പവും ഒന്നൊ രണ്ടൊ മത്സ്യവും കൊണ്ടു ക്ഷുധാർത്തരായ അനേകായിരം ജനങ്ങളെ തൃപ്തിപ്പെടുത്തിയതും, ഭയാനകമായി ക്ഷോഭിച്ചിരുന്ന ഗലിലേയായിലേ കടലിനെ പ്രശാന്തമാക്കിയതും ഇതിന്നുദാഹരണങ്ങളാണു്. പലരിലും ആവേശിച്ചിരുന്ന പിശാചുക്കളെ ആട്ടിപ്പായിച്ചു് ആ ദുഷ്ടാരൂപികളുടെമേൽ തനിക്കുണ്ടായിരുന്ന അധികാരവും അദ്ദേഹം പ്രത്യക്ഷപ്പെടുത്തിയില്ലയോ? ക്രിസ്തുതൻെറ അത്ഭുതങ്ങളിൽ അധികഭാഗവും പ്രവർത്തിച്ചിട്ടുള്ളതു പകൽസമയത്തും വമ്പിച്ച ജനക്കൂട്ടത്തിൻെറ മുമ്പാകെയും, തന്നെ വധിക്കുന്നതിനു് അവസരം പാർത്തിരുന്ന ശത്രുസംഘത്തിൻെറ സാന്നിദ്ധ്യത്തിലുമാണെന്നുള്ളതു പ്രത്യേകം സ്മർത്തവ്യമാണു്.

## II.

## ക്രിസ്തുവിൻെറ അത്ഭുതങ്ങളെക്കുറിച്ചുള്ള ഒരു നവീനാഭിപ്രായം.

ക്രിസ്തുവിൻെറ അത്ഭുതങ്ങളുടെ ദൈവികത്വം നിഷേധിക്കുവാൻ അവിശ്വാസികൾ അപ്പോളപ്പോളായി പലേ ഉപായങ്ങളും പ്രയോഗിച്ചുനോക്കി. യഹൂദന്മാരിൽ ചിലർ ക്രിസ്തുവിനെ ബീൽസബുബിൻെറ സഹപ്രവർത്തകനായി സങ്കല്പിച്ചു. അവിടുന്നു വിസ്മാപകമായ കൃത്യങ്ങൾ ചെയ്തിട്ടുള്ളതു

മന്ത്രശക്തിയാലാണെന്നത്രെ സേൽസൂസ്, പൊർഫിറി, ജൂലിയൻ എന്നിവരുടെ അഭിപ്രായം. ഈജിപ്തിൽ നിവസിച്ചിരുന്ന കാലത്തു് ഈ വിദ്യ അദ്ദേഹം കരസ്ഥമാക്കിപോൽ. ആധുനികകാലത്തെ അവിശ്വാസികളാകട്ടെ, ക്രിസ്തുവിൻെറ അത്ഭുതങ്ങളെ സംബന്ധിച്ച സുവിശേഷപ്രസ്താവങ്ങൾ അതേവിധം സമ്മതിക്കുന്നുവെങ്കിലും ആ കൃത്യങ്ങൾ മെസ്മരവിദ്യ (Hypnotism) യുടെ സഹായത്താൽ സാധിച്ചിട്ടുള്ളതാണെന്നു വാദിക്കുന്നു. "ആ യുവ ഗലീലിയെൻെറ ശബ്ദം ശ്രവിച്ചമാത്രയിൽ മുടന്തർ നടക്കുകയും, കുരുടർ കാണുകയും ചെകിടർ കേൾക്കയും, മൂകർ സംസാരിക്കയും ചെയ്തു. എന്നാൽ ഇവരെല്ലാം മെസ്മരവിദ്യക്കു വിധേയരായിരുന്നു. അവരുടെ രോഗങ്ങൾ ശരീരാവയവങ്ങളിൽ എന്നതിനെക്കാൾ മനസ്സിലും സങ്കല്പത്തിലും മാത്രമേ സ്ഥിതി ചെയ്തിരുന്നുള്ളൂ. 'മെസ്മരവിദ്യ' എന്നു നാം പറയുന്ന ആ അയസ്കാന്തശക്തി ക്രിസ്തുവിനുണ്ടായിരുന്നു. തൻമൂലം അദ്ദേഹത്തിൻെറ ഓരോ നോട്ടവും ഓരോ ആംഗ്യവും ഓരോ ശബ്ദവും രോഗബാധിതരുടെ സങ്കല്പനാശക്തിയിലും സിരാസഞ്ചയത്തിലും പ്രവൎത്തിക്കയും തദ്വാരാ അവർ സുഖപ്രാപ്തരാകയും ചെയ്തു". ഏതാണ്ടിപ്രകാരമാണു ക്രിസ്തുവിൻെറ അത്ഭുതങ്ങൾക്കു് അവർ നൽകുന്ന വ്യാഖ്യാനം.

അബദ്ധസമ്പൂൎണ്ണവും യുക്തിഹീനവുമായ ഈ സിദ്ധാന്തത്തിൽ നിന്നു നമുക്കു പഠിക്കാവുന്ന ആദ്യ പാഠം, പ്രലോഭനത്തിനൊ ആത്മാഭിമാനത്തിനൊ വിധേയരാകുമ്പോൾ മനുഷ്യർ കേവലം അന്തസ്സാരവിഹീനരെപ്പോലെ പ്രവൎത്തിക്കുന്നുവെന്നത്രെ. ക്രിസ്തു ഈ വിദ്യകളും തന്ത്രങ്ങളും എവിടെനിന്നു കരസ്ഥമാക്കി? ആരിൽ നിന്നു ഗ്രഹിച്ചു? എപ്പോൾ പഠിച്ചു? ഈ ചോദ്യങ്ങൾക്കു പ്രതിയോഗികൾ മറുപടി

നൽകുവാൻ തുനിയുമൊ എന്നുപോലും സംശയിക്കേണ്ടിയിരിക്കുന്നു. പത്തൊൻപതു ശതാബ്ദങ്ങൾക്കുമുമ്പു, വൈദ്യശാസ്ത്രം ഒട്ടും അഭിവൃദ്ധി പ്രാപിച്ചിട്ടില്ലാത്ത ഒരു കാലത്താണു യേശു ജീവിച്ചിരുന്നതു്. മാത്രമൊ, ഒരാശാരിയുടെ പണിപ്പുരയിലാണു അവിടുന്നു ജീവിതകാലം മുഴുവനുംതന്നെ ചെലവഴിച്ചതു്. മൂന്നുവത്സരമേ പരസ്യ ജീവിതത്തിനായിവിനിയോഗിച്ചുള്ളു. അങ്ങിനെയെങ്കിൽ മെസ്മരവിദ്യ, ഭേഷജശാസ്ത്രം മുതലായ നൂതന വിദ്യകളുടെ ഗൂഢതത്വങ്ങളെ ഹൃദിസ്ഥമാക്കാൻ അദ്ദേഹത്തിനു് എങ്ങനെ സാധിച്ചുവെന്നു മനസ്സിലാകുന്നില്ല. ഈ വിദ്യകൾ കൊണ്ടു സുഖപ്പെടുത്താവുന്ന രോഗങ്ങളെ തരം തിരിക്കുവാനും, ശാസ്ത്രരീത്യാ താരതമ്യവിവേചനം ചെയ്യുവാനും, അവിടുന്നു് ഏതുവിധം പ്രാപ്തനായി? ആധുനിക ശാസ്ത്രജ്ഞന്മാർ, പരിഷ്കൃതരീത്യാ നിർമ്മിതങ്ങളായ അനവധി യന്ത്രസാമഗ്രികൾ ഉപയോഗിച്ചു ദീർഘകാലം നിസ്തന്ദ്രമായി പരിശ്രമിക്കയും നിരീക്ഷണപരീക്ഷണങ്ങൾ നടത്തുകയും ചെയ്തിട്ടും അനിശ്ചിതമാർഗ്ഗങ്ങളെ അല്ലയോ ഇന്നും അവലംബിക്കുന്നതു്? ക്രിസ്തു അദ്ധ്യാപകന്മാരെ ആശ്രയിക്കാതെയും അദ്ധ്യയനം ചെയ്യാതെയും വിസ്മയാവഹമായ ശാസ്ത്രജ്ഞാനം സമ്പാദിച്ചുവെങ്കിൽ, അതു സുവിശേഷങ്ങളിലേ അത്ഭുതങ്ങളെക്കാൾ വലിയ അത്ഭുതമല്ലയോ? ക്രിസ്തുവിനു മെസ്മരവിദ്യ അറിയാമായിരുന്നുവെന്നു നാം സമ്മതിക്കുന്നതായാൽതന്നെയും, സുവിശേഷങ്ങളിൽ നാം വായിക്കുന്ന അത്ഭുതകൃത്യങ്ങൾ ആ കൗശലത്താൽ സാദ്ധ്യമോ എന്നാണു് ഇനി പരിശോധിക്കേണ്ടതു്. മെസ്മരവിദ്യയുടെ സഹായത്താൽ ചില പ്രത്യേകതരം രോഗങ്ങൾക്കേ ശമനമുണ്ടാകയുള്ളു. അവയിൽ പ്രധാനപ്പെട്ടതു ഒരുമാതിരി അപസ്മാരമാണു് (Hysteria). ഈരോഗം ബാധി

ച്ചിരിക്കുന്നവരിൽ ശ്വാസബന്ധം, വിലക്ഷണചേഷ്ടകൾ മുതലായവ പ്രത്യക്ഷമായി കാണാം; ആത്മനിയന്ത്രണം നന്നാ കുറഞ്ഞിരിക്കും. ചിലപ്പോൾ അത്യധികമായ സന്തോഷത്തിനും മററു ചിലപ്പോൾ ക്രമാതീതമായ സന്താപത്തിനും അവർ വിധേയരാണ്. ഇങ്ങനെ സന്തോഷസന്താപങ്ങളുടെ സ്ഥിതിവൈപരീത്യങ്ങൾ ഈ രോഗത്തിന്റെ ഒരു പ്രത്യേകതയാണ്. ക്രിസ്തു സുഖപ്പെടുത്തിയവരുടെ ഗണത്തിൽ ഇത്തരം രോഗികളെ നാം കാണുന്നില്ല. മാത്രമല്ല, മെസ്മര വിദ്യകൊണ്ടുള്ള രോഗശമനത്തിനു പ്രത്യേകമായ ചില മുന്നൊരുക്കങ്ങൾ ആവശ്യമാണ്. രോഗികളിൽ ചില നിശ്ചിതലക്ഷണങ്ങൾ ഉണ്ടായിരിക്കണം. അവർ ചില വ്യവസ്ഥകളും നിയമങ്ങളും അനുസരിക്കേണ്ടതുണ്ട്. ആരംഭാവസരങ്ങളിലെങ്കിലും മെസ്മരവിദ്യക്കാരൻ രോഗിയുടെ സമീപത്തുതന്നെ വേണം. സുഖപ്രാപ്തി കാലവിളംബംകൊണ്ടേ സാധിതമാകയുള്ളുതാനും. സുസ്ഥിരമായ സുഖം കിട്ടുകയുമില്ല. എന്നാൽ ഇപ്രകാരമൊന്നുമല്ല സുവിശേഷങ്ങളിൽ വിവരിക്കപ്പെട്ടിരിക്കുന്ന രോഗശമനങ്ങൾ നടന്നിട്ടുള്ളതു്. അവ നിമിഷമാത്രകൊണ്ടു സാധിച്ചിട്ടുള്ളവയും പരിപൂർണ്ണങ്ങളുമാണ്. സ്ഥലകാലവ്യത്യാസങ്ങൾക്കൊ, സ്ഥിതിഭേദാദി സാഹചര്യങ്ങൾക്കൊ അവ വിധേയമായിരുന്നില്ല. ബെത്സെയിദാ ജലാശയത്തിന്റെ കരയ്ക്കു കിടന്നിരുന്ന തളർവാതരോഗിയുടെ സുഖപ്രാപ്തി ഒരു ഉദാഹരണമായി എടുക്കാം. അവയവങ്ങളുടെ സ്വാധീനത പൂർണ്ണമായി നശിച്ചും ശരീരശക്തി തീർത്തു ക്ഷയിച്ചും അവിടെ അയാൾ കിടക്കയെ അഭയം പ്രാപിച്ചിട്ടു സംവത്സരങ്ങൾ മുപ്പത്തെട്ടു കഴിഞ്ഞിരിക്കുന്നു. ക്രിസ്തു അവന്റെ അടുത്തു വന്നുകൊണ്ടു പറയുന്നു: "എഴുന്നേററു നിന്റെ കിടക്കയുമെടുത്തു നടക്കുക". ഉത്തര

ക്ഷണത്തിൽ അവൻ എഴുന്നേററു കിടക്കയുമെടുത്തുകൊണ്ടു യാത്രയായി. ഈ അവസരത്തിൽ ക്രിസ്തു ഒരു മെസ്മരവിദ്യക്കാരന്റെ ഭാഗം അഭിനയിക്കുകയാണു ചെയ്തതെന്നു പറഞ്ഞാൽ സുബുദ്ധിയുള്ള ആരെങ്കിലും വിശ്വസിക്കുമോ? സ്പഷ്ടമായും അതൊരു അബദ്ധപ്രസ്താവനയെന്നേ ആരും ഗണിക്കുകയുള്ളൂ. ഈ തളർവാതരോഗി രക്ഷകനെ മുമ്പെങ്ങും കണ്ടിട്ടില്ല. അദ്ദേഹത്തിനു രോഗികളെ ഇപ്രകാരം സുഖമാക്കുവാൻ ശക്തിയുണ്ടെന്നു് അയാൾ സ്വപ്നേപി വിശ്വസിച്ചിരുന്നില്ല. സുഖപ്രാപ്തിയുണ്ടായതിനുശേഷവും തന്റെ ഉപകർത്താവു് ആരാണെന്നു് അവൻ അറിയാതിരുന്നതിൽനിന്നുതന്നെ ഈ സംഗതികൾ വ്യക്തമാകുന്നുണ്ടു്.

ഇങ്ങനെ ഒരു സംഭവം മാത്രമല്ല. മൂകനേയും ചെകിടനേയും ജാത്യാന്ധനേയും കുഷ്ഠരോഗിയേയും ആദിവ്യ ഭിഷഗ്വരൻ സുഖപ്പെടുത്തി. ഈ സംഭവങ്ങൾ ഓരോന്നിനും പ്രതിയോഗികൾ എന്തു വ്യാഖ്യാനമാണാവോ നൽകുക? മനുഷ്യശരീരത്തെ ബാധിക്കാവുന്നതിൽ ഏററം നികൃഷ്ടവും അതിഭയങ്കരവുമായ ഒരു മഹാവ്യാധിയാണു കുഷ്ഠരോഗം. ഇതു രക്തത്തെ ദൂഷിപ്പിച്ചു ശരീരത്തെ ദുർബലവും ശൂന്യപ്രായവുമാക്കിത്തീർക്കുന്നു. ശരീരത്തിന്റെ എല്ലാഭാഗങ്ങളിലും സിരാസഞ്ചയം മുഴുവനിലും അതിന്റെ വിഷബീജങ്ങൾ വ്യാപിക്കുന്നു. ഒരൊററവാക്കുകൊണ്ടു ബീഭത്സമായ ഈ രോഗത്തെ നിശ്ശേഷം ശമിപ്പിക്കുവാനും നഷ്ടപ്രായമായ ശരീരത്തിനു പൂർവ്വസ്വസ്ഥത നൽകുവാനും സാധിക്കുകയെന്നതു മനുഷ്യശക്തിയെ ഉല്ലംഘിക്കുന്ന ഒന്നാണെന്നു മനസ്സിലാക്കുവാൻ വലിയ പാണ്ഡിത്യം ഒന്നും ആവശ്യമില്ല. മെസ്മരവിദ്യയ്ക്കു് ഇത്രമാത്രം ശക്തിയുണ്ടെന്നു് ആരുംതന്നെ വാദിക്കുകയില്ല. കുഷ്ഠരോഗിയെ സുഖമാക്കുന്നതിലും വിസ്മയകരമായ

പ്രവൃത്തിയല്ലയോ മരിച്ചവരെ ഉയൎപ്പിക്കുകയെന്നതു്? ജായിരസ്സിൻെറ പുത്രിയും, നായിമിലേ വിധവയുടെ പുത്രനും, ബഥനിയിലേ ലാസറും ജീവല്ലോകത്തിലേക്കു പ്രത്യാഗമിച്ചില്ലയോ? മെസ്മരവിദ്യയൊ മററതെങ്കിലും കൗശലമൊ കൊണ്ടു മൃതമായ ശരീരത്തിനു ജീവചൈതന്യം പ്രദാനം ചെയ്യുവാൻ ആൎക്കാണു സാധിക്കുക?

ഇത്രയുമല്ല, രക്ഷകൻ നിൎജ്ജീവമായ വസ്തുക്കളിൽക്കൂടി അത്ഭുതങ്ങൾ പ്രവൎത്തിച്ചു. മെസ്മരവിദ്യകൊണ്ടു് ഇതു സാധിക്കാമെന്നു ശാസ്ത്രവിദഗ്ദ്ധന്മാർ ഊഹിക്കുകകൂടി ചെയ്തിട്ടില്ല. നിൎജ്ജീവവസ്തുക്കളിൽ മെസ്മര വിദ്യയുടെ ശക്തി ഒരിക്കലും പ്രവേശിക്കുകയില്ല. ക്രിസ്തു കാനായിലേ കല്ല്യാണ വിരുന്നിൽ വച്ചു വെള്ളം വീഞ്ഞാക്കുകയും വനാന്തരത്തിലേ വിജനപ്രദേശത്തു് അപ്പം വിസ്മയകരമായി വൎദ്ധിപ്പിക്കുകയും, പ്രക്ഷുബ്ധമായിരുന്ന കടലിനെ ഒററനിമഷം കൊണ്ടു പ്രശാന്തമാക്കുകയും, തിരമാലകളുടെ മീതെക്കൂടി അനായാസേന നടക്കുകയും ചെയ്തു. ഇന്നത്തെ വിശ്വവിഖ്യാതന്മാരായ ശാസ്ത്രജ്ഞന്മാർ അവരുടെ സൎവ്വ ശക്തികളും പ്രയോഗിച്ചു് ഒന്നു പരീക്ഷിച്ചു നോക്കട്ടെ. ക്രിസ്തുവിൻെറ ഈ പ്രവൃത്തികൾ സ്വഭാവാതിതങ്ങളായ അത്ഭുതങ്ങളാണോ എന്നു് അപ്പോൾ വിശദമാകും.

## III.
## വേറൊരു സങ്കല്പം.

ക്രിസ്തുമതവൈരികളുടെ ഗണത്തിൽ ഗാഢമായി ചിന്തിക്കുകയും അവധാനപൂൎവ്വം പൎയ്യാലോചിക്കുകയും ചെയ്യുന്നവർ മേൽപ്രസ്താവിച്ചു കഴിഞ്ഞ അഭിമതത്തിൻെറ ദുൎബ്ബലതയേയും യുക്തിഹീനതയേയും യഥായോഗ്യം ഗ്രഹിച്ചു

തിനാൽ അതിനെ പരിത്യജിച്ചു; നൂതനമായ ഒരു സങ്കല്പം സംസ്ഥാപിപ്പാൻ ഉദ്യമിച്ചു. ഈ പുതിയ സങ്കല്പം കുറെക്കൂടി ബുദ്ധിപൂർവ്വകമെങ്കിലും സൂക്ഷ്മ പരിശോധനയിൽ അതും വൃഥാ ജല്പനമാണെന്നു സ്പഷ്ടമാകുന്നതാണ്. സുവിശേഷങ്ങളിലേ അത്ഭുതങ്ങളെ സംബന്ധിച്ച തെളിവിനെക്കുറിച്ചാണ് ഇക്കൂട്ടരുടെ വാദം. ഈ അത്ഭുതങ്ങളെപ്പററി ശാസ്ത്രീയമായ പര്യന്വേഷണങ്ങളൊ സൂക്ഷ്മമായ പരിശോധനകളൊ ഒന്നും തന്നെ നടത്തീട്ടില്ലത്രെ. വിദഗ്ദ്ധന്മാരുടെ സർട്ടിഫിക്കററുകൾ ഇല്ലപോലും. രേഖാമൂലമായ തെളിവുകൾ എവിടെ? വിശ്വാസയോഗ്യമായ സാക്ഷ്യങ്ങൾ എവിടെ? ഇവയൊന്നും കൂടാതെ എങ്ങനെ അവ വിശ്വാസയോഗ്യമാകും? ആരുടേയും ശ്രദ്ധ അർഹിക്കാത്ത ഈ അത്ഭുതങ്ങളെ അഗണ്യങ്ങളും അവിശ്വസനീയങ്ങളുമായി തള്ളിക്കളയേണ്ടതാണ്; ഇപ്രകാരമെല്ലാമത്രെ അവർ പറയുന്നതു്.

ഇത്രമൂഢമായ ഒരു സങ്കല്പം കണ്ടുപിടിക്കുന്നതിന്നു നാം പത്തൊമ്പതു ശതാബ്ദങ്ങളോളം കാത്തിരിക്കേണ്ടിവന്നു. ആധുനികകാലം ബുദ്ധിപ്രകാശത്തിൻെറയും പരിഷ്കാരത്തിൻെറയും ഒരു കാലമാണ്. സകല സംഗതികൾക്കും സാക്ഷിപത്രങ്ങൾ ആവശ്യമായിത്തീർന്നിരിക്കുന്നു. പരസ്പരവിശ്വാസം അത്ര കുറഞ്ഞുപോയി. ലോകരക്ഷകനും അതെ, ദൈവപുത്രനായ മിശിഹായും സാക്ഷികളെ ഹാജരാക്കണംപോൽ! അത്ഭുതങ്ങൾ പ്രവർത്തിക്കണമെങ്കിൽ ശാസ്ത്രജ്ഞന്മാരോടും വൈദ്യവിദഗ്ദ്ധന്മാരോടുമൊക്കെ വേണ്ടത്ര ആലോചിച്ചിട്ടുവേണം. പരിശോധിക്കുന്നതിന്നും വിധി പ്രസ്താവിക്കുന്നതിന്നും അധികാരമുള്ള ഒരു കമ്മററി വിളിച്ചുകൂട്ടി അതിൻെറ തീരുമാനങ്ങൾക്കു് അവിടുന്നു വഴങ്ങിക്കൊള്ളണം!! ഇത്ര അബദ്ധസമ്പൂർണ്ണമായ ഒരു സങ്കല്പത്തെ മുറുകെപ്പിടി

ച്ചിരിക്കുന്നവരുടെ നേരെ അനുകമ്പ പ്രദർശിപ്പിക്കു വാൻ സഹോദരസ്നേഹം നമ്മെ പ്രേരിപ്പിച്ചില്ലായെങ്കിൽ, അവരുടെ മൗഢ്യം കണ്ടാനന്ദിക്കാമായിരുന്നു. എന്നാൽ ഇവരുടെ അഭിപ്രായത്തെ ക്ഷമാപൂർവ്വം ഒന്നു പരിശോധി ക്കാം. പ്രകൃതിനിയമങ്ങളെപ്പററി ഒരു ഏകദേശജ്ഞാനം പോലുമില്ലാത്തവരും, വൈദ്യശാസ്ത്രത്തിൻെറ മൂലതത്വങ്ങൾ കൂടി അറിയാത്തവരും, അസമത്ഥന്മാരും തൻമൂലം അത്ഭുത ങ്ങളുടെ അതിസ്വാഭാവികതയെപ്പററി വിധി പ്രസ്താവിക്കു വാൻ അപ്രാപ്തരുമായ ആളുകളുടെ മുമ്പാകെ വച്ചാണു ക്രിസ്തു അത്ഭുതങ്ങൾ പ്രവത്തിച്ചിട്ടുള്ളതെന്നും, തന്നിമിത്തം സുവിശേഷ സാക്ഷ്യങ്ങൾ വിശ്വാസയോഗ്യങ്ങളല്ലെന്നു മാണ് അവർ വാദിക്കുന്നതു്. ഈ വാദം എത്ര അത്ഥശൂന്യ മാണെന്നു സാധാരണ ബുദ്ധിയുള്ള ഏവനും നിഷ്പ്ര യാസം ഗ്രഹിക്കാവുന്നതാണു്. ഒരു സംഭവം അത്ഭുതമോ അല്ലയോ എന്നു വിവേചിക്കുന്നതിനു് ആർക്കും, അക്ഷര ജ്ഞാനമില്ലാത്ത മീൻപിടുത്തക്കാരനൊ വേലക്കാരനൊ പോലും സാധിക്കും; കണ്ണുതുറന്നു നോക്കുകയൊ ചെവി കൊടുത്തു കേൾക്കുകയൊ ചെയ്താൽമതി. ഇനി നമുക്കു സം ഭവങ്ങളെ യുക്തിപൂർവ്വം പരിശോധിക്കാം. ദുർഗ്ഗന്ധം വീശു ന്നതും, മാംസം തുണ്ടുതുണ്ടായി അററു നിലത്തു വീഴുന്നതു മായ ശരീരത്തോടുകൂടിയ ഒരു കുഷ്ഠരോഗി; ദർശനേന്ദ്രിയ ത്തിൻെറ അഭാവത്താൽ സൂര്യപ്രകാശം ഒരിക്കലും കണ്ടിട്ടി ല്ലാത്ത ഒരു ജാത്യാന്ധൻ; പാദങ്ങളുടെ ശക്തി തീർത്തും ക്ഷയിച്ചു കിടക്കയെ അഭയം പ്രാപിച്ച ഒരു തളർവാത കാരൻ; ഇവരുടെ ദൗർഭാഗ്യാവസ്ഥ കാണുന്നതിനും ദയനീയ മായ വിലാപങ്ങൾ കേൾക്കുന്നതിനും ആർക്കാണു സാധി ക്കാത്തതു്? ക്രിസ്തു ഒരു വചനം മാത്രം ഉച്ചരിക്കുന്നു. തൽ ക്ഷണം കുഷ്ഠരോഗി സുഖം പ്രാപിക്കുന്നു; കുരുടൻ സൂര്യ

പ്രകാശം കണ്ടാനന്ദിക്കുന്നു; തളർവാതം ബാധിച്ചവൻ സോല്ലാസം കുതിച്ചു ചാടുന്നു. ഈ സംഗതികൾ ദൃശ്യവും സ്പഷ്ടവുമാണ്. വൈദ്യവിദഗ്ദ്ധന്മാരുടേയും ശാസ്ത്രകോവിദന്മാരുടേയും സാന്നിദ്ധ്യവും സാക്ഷ്യവും കൂടാതെ ഈ സംഭവങ്ങളുടെ യാഥാർത്ഥ്യം ഗ്രഹിക്കുവാൻ സാധിക്കുകയില്ലെന്നു പറയുന്നതെങ്ങനെയാണു വകവച്ചു കൊടുക്കുക.

നമുക്കു തുടരാം. പരിചിതനായ ഒരാൾക്കു് ആപൽക്കരമായ ഒരു രോഗം പിടിപെട്ടുവെന്നിരിക്കട്ടെ. ചികിത്സകളെല്ലാം ഫലശൂന്യമായിത്തീന്നു. കുറെനാൾ കഴിഞ്ഞു് അയാൾ മൃത്യുവിനു വശഗനായി. പ്രേതം സംസ്കരിക്കപ്പെട്ടു. ഐഹികജീവിതത്തിനു നിദാനമായ ശരീരം ഭൂഗർഭത്തിൽ നിക്ഷിപ്തമായിട്ടു ദിവസം നാലുകഴിഞ്ഞിരിക്കുന്നു. അതു കൃമികൾക്കു് ആഹാരമായിത്തുടങ്ങി. അതിൽനിന്നു ബഹിർഗ്ഗമിക്കുന്ന ദുർഗ്ഗന്ധം അതിദുസ്സഹം തന്നെ. നാം പക്ഷേ പേരുകേട്ട ശാസ്ത്രജ്ഞന്മാരല്ലായിരിക്കാം. എങ്കിലും ആ മനുഷ്യൻ മരണമടഞ്ഞുവെന്നതിനെപ്പററി വല്ല സംശയവും നമുക്കുണ്ടാകുമോ? മൃതനായ മിത്രത്തിൻെറ സഹോദരികളേയും ചാർച്ചക്കാരേയും ആശ്വസിപ്പിക്കുന്നതിനു സമീപവാസികളായ ഏതാനും പേർ കൂടിയിട്ടുണ്ട്. കരച്ചിലിൻെറയും കണ്ണീരിൻെറയും സമയത്തു് ഇതാ, ഒരു സ്വരം കേൾക്കുന്നു. "ലാസറേ, നീ പുറത്തുവരിക". ആശ്ചര്യം! നാലുദിവസം മുമ്പുമരിച്ച ആൾ ഇതാ എഴുന്നേല്ക്കുന്നു; ജീവചൈതന്യവും ആകാരസുഷമയും കൈക്കൊള്ളുന്നു. ആയാൾ നടക്കയും സംഭാഷിക്കയും ഭക്ഷ്യപേയങ്ങൾ ഉപയോഗിക്കയും ചെയ്യുന്നു. ഈ സംഭവം ഒരത്ഭുതംതന്നെ; സംശയമില്ല. എന്നാൽ അതെ സമയംതന്നെ ഇതു സ്പഷ്ടവും പ്രത്യക്ഷവും സുഗ്രാഹ്യവുമാണ്. ഇതൊരത്ഭുതമാണെന്നു സമ്മതിക്കുവാൻ സുബുദ്ധിയുടെ ഒരു കണികമാത്രമേ വേണ്ടതുള്ളു.

ഇനി നമുക്കു വേറൊരു രംഗത്തേയ്ക്കു കടക്കാം. കൊടുങ്കാററിനാൽ പ്രക്ഷുബ്ധമായ ഒരു കടലിൽക്കൂടി ഒരു ചെറുവഞ്ചിയിൽ നാം യാത്രചെയ്യുന്നുവെന്നു സങ്കല്പിക്കുക. വല്ലവിധവും കരയ്ക്കടുത്തു് അഭയം നേടാൻ ചെയ്യുന്ന ശ്രമമെല്ലാം, ഭയാനകമായി അടിച്ചുകയറുന്ന തിരമാലകളുടെ ശക്തിയാൽ വിഫലമായിത്തീരുന്നു. കൊടുങ്കാററിൻെറ ശക്തിയും ഭയങ്കരതയും ഒന്നിനൊന്നു വർദ്ധിച്ചു് ആ ചെറുവഞ്ചി നിശ്ചയമായും മുങ്ങും എന്ന നിലയിലായി. അപ്പോളിതാ ഒരു ദിവ്യസ്വരം കാററിനോടും കടലിനോടും ആജ്ഞാപിക്കുന്നു. ഒരു നിമിഷത്തിൽ പ്രശാന്തത സർവ്വത്ര വ്യാപിക്കുന്നു. ക്ഷോഭിച്ചു് അലറിയിരുന്ന കടൽ ശാന്തമാകുന്നു. ഈ സംഭവത്തിൻെറ യാഥാർത്ഥ്യത്തെപ്പററി ഒരു വിധി പ്രസ്താവിക്കുവാൻ വലിയ പാണ്ഡിത്യമൊന്നും വേണ്ടെന്നുള്ളതു വ്യക്തമല്ലയോ?

അവസാനമായി ഒരു സംഭവംകൂടി പരിശോധിക്കാം. അയ്യായിരത്തിൽപരം ജനങ്ങൾ ഒരു മരുഭൂമിയിൽ കൂടിയിരിക്കുന്നു. സന്ധ്യാസമയം ആസന്നമായി. വിശപ്പുകൊണ്ടു വലയുന്ന ആ ജനത്തിനു ഭക്ഷണത്തിനായി അഞ്ചപ്പവും രണ്ടുമത്സ്യവുമേയുള്ളു. എന്തു ചെയ്യും! ഈ വിഷമഘട്ടത്തിൽ ഒരാൾ കരമുയർത്തി തുച്ഛമായ ആ ഭക്ഷണസാധനത്തെ ആശീർവദിക്കുന്നു. അനന്തരം അതെടുത്തു് ആ വമ്പിച്ച ജനാവലിക്കു ഭാഗിച്ചുകൊടുക്കുന്നു. എല്ലാവരും തൃപ്തിയാംവണ്ണം ഭക്ഷിച്ചു കഴിഞ്ഞിട്ടും ഉച്ഛിഷ്ടങ്ങൾ പന്ത്രണ്ടു കൊട്ട നിറച്ചുണ്ടു്. ഈ സംഭവത്തെക്കുറിച്ചു് അഭിപ്രായം പറയുവാൻ ശാസ്ത്രജ്ഞന്മാരെപ്പോലെ തന്നെ നമുക്കോരോരുത്തർക്കും സ്വാതന്ത്ര്യമുണ്ടു്. ആകയാൽ ഇതു പ്രകൃതിശക്തികളെ അതിലംഘിക്കുന്ന ഒന്നാണെന്നു നമുക്കും സധൈര്യം അഭിപ്രായപ്പെടാം.

## IV.

## മറെറാരു വാദം.

പ്രതിയോഗികളുടെ മറെറാരുആക്ഷേപം ക്രിസ്തു അത്ഭുതങ്ങൾ പ്രവൎത്തിച്ചതു പരസ്യമായിട്ടല്ല, പ്രത്യേകം തിരഞ്ഞെടുത്ത ഏതാനും ചിലരുടെ മുമ്പാകെ വെച്ചു മാത്രമാണെന്നുള്ളതാണു്. ഇവരുടെ ഈ ജല്പനം വാസ്തവമാണെന്നും ക്രിസ്തു അത്ഭുതങ്ങൾ പ്രവൎത്തിച്ചതു രഹസ്യമായിട്ടാണെന്നും വാദത്തിനുവേണ്ടി സമ്മതിക്കാം. എന്നാൽ തന്നെയും അവയെ നിഷേധിക്കണമെന്നുണ്ടോ? ദൃക്സാക്ഷികൾ വിശ്വാസയോഗ്യരാണെങ്കിൽ എന്തിനു നാം അവരുടെ സാക്ഷ്യങ്ങളെ നിരാകരിക്കുന്നു? അപ്പസ്തോലന്മാർ തങ്ങളുടെ ഗുരു പ്രവൎത്തിച്ച അത്ഭുതങ്ങളെ അദ്ദേഹത്തിൻെറ മരണാനന്തരം ലോകത്തിൻെറ നാനാഭാഗങ്ങളിലും പ്രസിദ്ധം ചെയ്തു. അവരുടെ ഈ പ്രവൃത്തിക്കു ഫലമായി വിവിധങ്ങളായ പീഡനങ്ങളും, ദുസ്സഹമായ കാരാഗൃഹവാസവും നിഷ്ഠുരമായ മരണവുമല്ലാതെ മറെറാന്നും പ്രതീക്ഷിക്കാനില്ലായിരുന്നു. "സ്വപ്രസ്താവനകളെ സ്ഥിരീകരിക്കുന്നതിനു മരണത്തെ സ്വമനസ്സാ കൈവരിക്കുന്നവരുടെ സാക്ഷ്യം വിശ്വസിക്കുന്നതിന് എനിക്കൊരു വിഷമവുമില്ല" എന്നാണു പാസ്കൽ പറയുന്നതു്.

എന്നാൽ പരസ്യമായി അത്ഭുതം പ്രവൎത്തിക്കുന്നതിൽ ക്രിസ്തു വിമുഖനായിരുന്നോ? സുവിശേഷങ്ങളെ ഒരാവൃത്തി വായിക്കുന്ന ഏവനും ഈ സന്ദേഹം ഉണ്ടാകുന്നതല്ല. ഉദാഹരണത്തിനായി ഒന്നുരണ്ടു സംഭവങ്ങൾ മാത്രമെടുക്കാം. സുപ്രസിദ്ധമായ 'മലയിലെ പ്രസംഗ'ത്തിനുശേഷം അവിടെ സന്നിഹിതരായിരുന്ന വമ്പിച്ച പുരുഷാരത്തി

ന്റെ സമക്ഷമാണ ക്രിസ്തു ഒരു കുഷ്ഠരോഗിയെ സുഖപ്പെടുത്തിയതു്. ക്രിസ്തു മലയിൽനിന്നു താഴെ ഇറങ്ങിയപ്പോൾ വലുതായ ഒരു ജനസമൂഹം അദ്ദേഹത്തെ അനുഗമിച്ചു. അപ്പോൾ അതാ ഒരു കുഷ്ഠരോഗിവന്നു് അദ്ദേഹത്തെ ആരാധിച്ചുകൊണ്ടു പറഞ്ഞു: "കത്താവേ! അവിടുത്തേക്കു മനസ്സുള്ളപക്ഷം എന്നെ സുഖപ്പെടുത്താൻ അങ്ങേയ്ക്കു കഴിയും" ക്രിസ്തു കൈനീട്ടി അവനെ തൊട്ടുകൊണ്ടു പറഞ്ഞു: "എനിക്കു മനസ്സുണ്ടു്; നീ സുഖം പ്രാപിക്കുക". ഉടനെ കുഷ്ഠരോഗത്തിൽനിന്നു് അവൻ വിമുക്തനായി. (മത്തായി. വ്വ.) മറെറാരവസരത്തിൽ നിരവധി ജനങ്ങളുടെ മുമ്പാകെ വച്ചാണ ക്രിസ്തു ജറിക്കോവിലെ കുരുടനായ ഭിക്ഷുവിനു കാഴ്ച നൽകിയതു്. രക്ഷകന്റെ പിന്നാലെ തിങ്ങിക്കൂടിയ ജനങ്ങളുടെ ബഹളം കേട്ടു് ആ ദുർഭഗൻ വിളിച്ചു പറഞ്ഞു: "ദാവിദിന്റെ പുത്രനായ യേശുവേ! എന്നിൽ കൃപയുണ്ടാകണമേ!" ക്രിസ്തുവിനു മുൻപു പോയിരുന്നവരിൽ ചിലർ ഇവന്റെ അടുത്തുവന്നു് ഇവനെ ശാസിക്കുകയും, മുറവിളികൊണ്ടു ഗുരുവിനെ അസഹ്യപ്പെടുത്തരുതെന്നു് ആജ്ഞാപിക്കുകയും ചെയ്തു. എന്നാൽ ആ കുരുടൻ അടങ്ങിയില്ല. ഇതുപോലൊരവസരം ഇനി കിട്ടുമോ എന്നാരറിഞ്ഞു! ക്രിസ്തു വീണ്ടും ആ വഴിയെ വരുമെന്നും എന്തുറപ്പാണുള്ളതു്! ആകയാൽ അവൻ കൂടുതൽ ഉച്ചത്തിൽ വിളിച്ചു പറഞ്ഞു: "ദാവീദിന്റെ പുത്രാ! എന്നിൽ ദയതോന്നണമേ!" ക്രിസ്തു അവന്റെ പ്രാത്ഥന കേട്ടു് അവനു കാഴ്ച നൽകി. (ലൂക്കാ. ൧൮.) നായിമിലെ വിധവയുടെ പുത്രനു ക്രിസ്തു ജീവൻ കൊടുത്തപ്പോൾ വളരെ ആളുകൾ അവിടെ ദൃക്സാക്ഷികളായിട്ടുണ്ടായിരുന്നു. ഈ അത്ഭുതകൃത്യം കണ്ടിട്ടു്, "ഒരു മഹാദീർഘദർശി നമ്മുടെയിടയിൽ ഉണ്ടായിരിക്കുന്നു; ദൈവം തന്റെ ജനത്തെ സന്ദർശിച്ചിരിക്കുന്നു," എന്നവർ ആനന്ദ

ഭരിതരായി ആർത്തുവിളിച്ചു. (ലൂക്കാ. ൭.) ക്രിസ്തു അഞ്ചപ്പം അത്ഭുതകരമാംവണ്ണം വർദ്ധിപ്പിച്ചതു് അയ്യായിരത്തിലധികം വരുന്ന ഒരു ജനൗഘത്താൽ സമാവൃതനായിട്ടാണു്. ഈ സംഭവത്തെ സുവിശേഷകൻ ഇപ്രകാരം വിവരിക്കുന്നു: "ജനസമൂഹങ്ങൾ മൂകരേയും, കുരുടരേയും, മുടന്തരേയും, ഊനരേയും, മററനേകരേയും കൊണ്ടു് അദ്ദേഹത്തെ സമീപിച്ച്, അവരെ അദ്ദേഹത്തിൻെറ പാദത്തിങ്കൽ കിടത്തി. അദ്ദേഹം അവരെ സുഖപ്പെടുത്തി. കുരുടർ കാണുന്നതും മൂകർ സംസാരിക്കുന്നതും മുടന്തർ നടക്കുന്നതും കണ്ടപ്പോൾ ജനങ്ങൾ വിസ്മയവിവശരാകയും, ഇസ്രായേലിൻെറ ദൈവത്തെ മഹത്വപ്പെടുത്തുകയും ചെയ്തു." (മത്തായി. ൧൫. ൩൧.) ലാസർ ശവകുടീരത്തിൽ നിന്നു ജീവചൈതന്യത്തോടെ ഉത്ഥാനം ചെയ്യുന്നതു കണ്ടു കൊണ്ടു എത്രയധികം ആളുകൾ ചുററും നിന്നിരുന്നു! ഈ അസാധാരണ സംഭവം സ്ക്രീബന്മാരേയും ഫരീസ്യരേയും പരിഭ്രാന്തചിത്തരാക്കത്തക്കവണ്ണം അതു് അത്ര പ്രസിദ്ധവും അസന്ദിഗ്ദ്ധവും ആശ്ചര്യാവഹവുമായിരുന്നു. ക്രിസ്തുവിനു ജനങ്ങളുടെയിടയിൽ വർദ്ധിച്ചുവന്ന സ്വാധീനശക്തിയേയും ഖ്യാതിയേയും തടയുവാൻ വേണ്ടി അവർ ജാതിയസഭയുടെ ഒരു മഹായോഗം ഉടൻ തന്നെ വിളിച്ചുകൂട്ടി. "നാം എന്തുചെയ്യുകയാണു്! ഈ മനുഷ്യൻ അനവധി അത്ഭുതങ്ങൾ പ്രവർത്തിക്കുന്നു. അങ്ങനെ തുടരുന്നതിനു നാം അനുവദിക്കുന്നതായാൽ എല്ലാവരും അവനിൽ വിശ്വസിക്കും." (യോഹ. ൧൧.) എന്നവർ പറഞ്ഞു.

ഇവയും ഇവയെപ്പോലുള്ള മററനേക സംഭവങ്ങളും പ്രസ്പഷ്ടമാക്കുന്നതു, ക്രിസ്തു തൻെറ വിളക്കിനെ പറയുടെ കീഴെ ഒളിച്ചുവയ്ക്കാതെ എല്ലാവർക്കും ഉപകാരപ്രദമാകുത്ത

ക്കതിന്നുമല്ലം പരസ്യമായി ജനതാമദ്ധ്യത്തിൽ വിളക്കുതണ്ടിന്മേൽ കൊളുത്തിവച്ചുവെന്നും, സ്വന്ത പ്രവൃത്തികളെ ഏവരുടേയും നിരീക്ഷണപരീക്ഷണങ്ങൾക്കു വിധേയമാക്കിയെന്നുമാണു്. ചില സന്ദർഭങ്ങളിൽ ക്രിസ്തു അത്ഭുതം പ്രവൎത്തിച്ചതിന്റെ ശേഷം, അതിനെപ്പററി മൗനം അവലംബിക്കണമെന്നു ജനങ്ങളോടു ആജ്ഞാപിച്ചിട്ടുണ്ടെങ്കിൽ അതു, പ്രധാനമായി രണ്ടു് ഉദ്ദേശ്യത്തോടുകൂടിയാണു്. ഒന്നാമത്തേതു രാഷ്ട്രീയോന്നമനത്തിനായി ക്രിസ്തുവിനെ ഒരു ഉപകരണമാക്കണമെന്നു് അതിയായി മോഹിച്ചിരുന്ന അവിവേകികളായ യഹൂദരിൽനിന്നു രക്ഷപെടണമെന്നുള്ളതായിരുന്നു. ഐഹികമാത്രപ്രധാനമായ ഐശ്വര്യത്തെ കാംക്ഷിച്ചിരുന്ന യഹൂദരിൽ ക്രിസ്തുവിനെക്കുറിച്ചു് അബദ്ധസംപൂൎണ്ണമായ പല ധാരണകളും ദൃഢമായി വേരൂന്നിയിരുന്നു. ക്രിസ്തു, വിജാതീയരായ റോമ്മാക്കാരുടെ ആധിപത്യത്തിൽ നിന്നും തങ്ങളുടെ വംശത്തെ വിമോചിച്ചു, നവമായ ഒരു സാമ്രാജ്യം സംസ്ഥാപിച്ചു വാഴുവാനിരിക്കുന്ന ലൗകിക സമ്രാട്ടാണെന്നു് അവർ വിചാരിച്ചു. നഷ്ടീഭവിച്ച അവകാശങ്ങളും വിഗതമായ സ്വാതന്ത്ര്യവും വീണ്ടും കൈവശമാക്കുവാൻ അവർ ശ്രമിച്ചു. ഛിദ്രങ്ങളും പ്രക്ഷോഭങ്ങളും ഉണ്ടാക്കുവാൻ അവർ സന്നദ്ധരായി. ഇപ്രകാരമൊരു മനഃസ്ഥിതി യഹൂദ ജനങ്ങളുടെയിടയിൽ സൎവ്വത്ര വ്യാപിച്ചിരുന്നുവെന്നുള്ളതു നിസ്തൎക്കമാണു്. അത്യുച്ചിയിലെത്തിയിരുന്ന രാഷ്ട്രീയവൈരം ഒരു ആഭ്യന്തരകലഹമായി പരിണമിക്കുന്നതിനുള്ള ലക്ഷണങ്ങൾ കണ്ടുതുടങ്ങിയിരുന്ന ഈ അവസരത്തിൽ ക്രിസ്തു വളരെ വിവേകപൂൎവ്വം പ്രവൎത്തിക്കേണ്ടിയിരുന്നു. ക്രിസ്തുവിന്റെ ഭാഗത്തുനിന്നുള്ള അവിവേകപൂൎവ്വമായ ഏതു പ്രവൃത്തിയും, നിലവിലിരുന്ന ഭരണരീതിയെ ആകപ്പാടെ ഉടച്ചുവാൎക്കുന്നതിന്നുള്ള ഒരു ഉദ്യമമായി വിജാതീയരും, സ്വാതന്ത്ര്യലബ്ധിക്കുള്ള പ്രാ

രംഭത്തമായി സ്വജാതിയരും പരിഗണിക്കുമായിരുന്നു. ക്രിസ്തു ഇവരുടെ ദിവാസ്വപ്നങ്ങൾക്കനുസരണമായി പ്രവത്തിച്ചില്ല. അദ്ദേഹത്തിൻെറ ദൗത്യം സമാധാനപരമായ ഒന്നായിരുന്നു. ക്രിസ്തു തൻെറ അത്ഭുതങ്ങളെപ്പററി മൗനം അവലംബിക്കണമെന്നു് ആജ്ഞാപിച്ചതിൻെറ രണ്ടാമത്തെ ഉദ്ദേശ്യം ആൾക്കൂട്ടത്തിൽനിന്നു് അകന്നു് അല്പം വിശ്രമിക്കണമെന്നുള്ളതായിരുന്നു. ക്രിസ്തുവിൽനിന്നു് ആരോഗ്യം പ്രാപിച്ചവരും മററും തങ്ങളുടെ ഉപകത്താവിൻെറ ഗുണഗണങ്ങളെ പ്രസിദ്ധം ചെയ്തിരുന്ന അവസരങ്ങളിലെല്ലാം അനവധി ആളുകൾ കൂട്ടംകൂട്ടമായി അദ്ദേഹത്തിൻെറ പിന്നാലെ തിങ്ങിക്കൂടുകയും, ഭക്ഷണാദികാര്യങ്ങൾകൂടി വിസ്മരിച്ചു, വിജനപ്രദേശങ്ങളിലേക്കുപോലും അവിടത്തെ അനുഗമിക്കുകയും ചെയ്തിരുന്നു. ക്രിസ്തുവിനാകട്ടെ, ഏകാന്തതയുടെ സ്വാരസ്യം ആസ്വദിക്കുന്നതിൽ അതിമാത്രമായ ആഗ്രഹമുണ്ടായിരുന്നു. പകലത്തെ അദ്ധ്വാനം കഴിഞ്ഞു രാത്രിയിൽ ജനങ്ങളെല്ലാം സുഖമായി വിശ്രമിക്കുന്ന നേരത്തു്, അവിടുന്നുമാത്രം കായക്ലേശങ്ങളെല്ലാം വിഗണിച്ചു, വിജനമായ മലഞ്ചരിവുകളിൽ ധ്യാനനിരതനായി, പ്രാത്ഥനയിലും സ്വഗ്ഗീയ പിതാവുമായുള്ള സംഭാഷണത്തിലും മണിക്കൂറുകൾ കഴിച്ചുകൂട്ടുന്നു. ഇക്കാരണങ്ങളാൽ, അത്ഭുതകൃത്യങ്ങളെക്കുറിച്ചു മൗനമായിരിക്കണമെന്നു ക്രിസ്തു ജനങ്ങളോടു ചിലപ്പോഴൊക്കെ ആജ്ഞാപിച്ചുവെങ്കിൽ വിസ്മയത്തിനെന്തവകാശമാണുള്ളതു്?

പ്രതിയോഗികൾ, ക്രിസ്തുവിൻെറ അത്ഭുതങ്ങളുടെ പര്യന്വേഷണ റിപ്പോർട്ടുകളും സാക്ഷിപത്രങ്ങളും ആവശ്യപ്പെടുന്നു. അനേകായിരം ജനങ്ങളുടെയും യഹൂദജാതിമുഴുവൻെറയും സാക്ഷ്യം ഇവരുടെ ഈ ജല്പനങ്ങൾക്കു മതി

യായ പ്രത്യുത്തരമല്ലേ? സുവിശേഷങ്ങളിലെ അത്ഭുതങ്ങളെ നിഷേധിക്കുന്നുവെങ്കിൽ സ്ക്രൈബന്മാരും, ഫരിസ്യന്മാരും, പണ്ഡിതശ്രേഷ്ഠന്മാരും, സാധാരണ ജനങ്ങളും, എന്നു വേണ്ട, ക്രിസ്തുവിൻെറ മിത്രങ്ങളും ശത്രുക്കളുമായ യഹൂദജനം മുഴുവനും ബുദ്ധിഹീനരും വ്യാമോഹിതരുമായിരുന്നുവെന്നു സമ്മതിക്കേണ്ടിവരും. ഇതു കേവലം അസംഗതമാണു്. ക്രിസ്തുവിൻെറ അത്ഭുതങ്ങൾ ചരിത്രസംഭവങ്ങളായി എണ്ണുവാൻ പാടില്ലെങ്കിൽ, ചരിത്രസംഭവമെന്നു പറയത്തക്കതായി ഇന്നുവരെ ഒന്നും സംഭവിച്ചിട്ടില്ലെന്നും ലോകം മുഴുവൻ മായയും അതിൽ സംഭവിക്കുന്നതെല്ലാം സംശയാസ്പദവുമാണെന്നു പറയുവാൻ നാം നിർബ്ബന്ധിതരാകും.

അവിശ്വാസികൾക്കു പര്യന്വേഷണറിപ്പോർട്ടുകളും സാക്ഷിപത്രങ്ങളും വേണംപോൽ! ഇതാ സുവിശേഷങ്ങൾതന്നെ അവയെ അവർക്കു പ്രദാനം ചെയ്യുന്നു. ആ ദിവ്യഗ്രന്ഥം തുറന്നു, വി. യോഹന്നാൻ, ജാത്യാന്ധൻെറ ചരിത്രം വിവരിച്ചിരിക്കുന്ന ഭാഗം ഒരാവൃത്തി വായിക്കട്ടെ. ഒരേ സംഭവത്തെക്കുറിച്ചു സാധാരണ ജനങ്ങളും ഫരിസേയപ്രമുഖന്മാരും നിഷ്കർഷാപൂർവ്വം നടത്തിയ രണ്ടു പരിശോധന അവിടെ കാണാം. ആദ്യത്തേതു് സാമാന്യരീതിയിലെങ്കിൽ, രണ്ടാമത്തേതു പ്രമാണവിധികൾ അനുസരിച്ചുള്ളതാതാണു്. സമീപസ്ഥരും അവനെ അറിഞ്ഞിരുന്നവരുമായ ആളുകൾ പരസ്പരം ചോദിക്കുന്നു. "ഇയാൾ അവിടെയിരുന്നു ഭിക്ഷയാചിച്ച മനുഷ്യനല്ലയോ?" "അതെ, അതു അവൻ തന്നെ" എന്നു ചിലർ പറഞ്ഞു. "അല്ല അതു് അവനോടു സാമ്യമുള്ള ഒരുവനാകുന്നു." എന്നു മററുള്ളവർ ശഠിച്ചു. "അതു ഞാൻ തന്നെയാണു് എന്നു അവൻ അവരോടു പറഞ്ഞു." "കണ്ണുകൾക്കു കാഴ്ചയുണ്ടായതെങ്ങനെയെന്നു അവൻ പറ

ഞ്ഞു കേൾപ്പിച്ചു. "യേശുവെന്നു വിളിക്കപ്പെടുന്ന ആ മനുഷ്യൻ ചെളിയുണ്ടാക്കി എന്റെ കണ്ണിൽ പുരട്ടിക്കൊണ്ടു പറഞ്ഞു: 'സിലോ എന്ന കുളത്തിൽ പോയി കഴുകുക.' ഞാൻ പോയി കഴുകി; ഇപ്പോൾ ഞാൻ കാണുന്നു." ഇതു കേട്ട് അവർ അവനെ സെൻഹെദ്രിൻ സഭാംഗങ്ങളുടെ മുമ്പാകെ ഹാജരാക്കി. ആ ന്യായവിദഗ്ധന്മാർ അവനോടു നിയമാനുസൃതം ചോദിച്ചുതുടങ്ങി. സ്വചരിത്രം മുഴുവൻ വിവരിക്കുവാൻ ആ സാധു നിർബ്ബന്ധിതനായി. സംഭവത്തിന്റെ നിസ്സാര സാഹചര്യങ്ങളെക്കുറിച്ചുകൂടി അവർ സവിസ്തരം അനുസന്ധാനം ചെയ്തുനോക്കി. അവന്റെ പ്രസ്താവനകൾകൊണ്ടു മാത്രം തൃപ്തിപ്പെടാതെ അവർ സാക്ഷികളെ വിളിച്ചു. അവന്റെ മാതാപിതാക്കന്മാരേയും വിളിച്ചുവരുത്തി. ആ നിയമകോവിദന്മാർ അവരെ വളരെ നിഷ്കർഷയോടെ വിചാരണചെയ്തു. "ഇവൻ നിങ്ങളുടെ മകനാണോ? അവൻ ജനിച്ചപ്പോഴേ അന്ധനായിരുന്നു വെന്നു നിങ്ങൾ പറയുന്നു. അങ്ങനെയെങ്കിൽ അവനിപ്പോൾ കാണുന്നതെങ്ങനെ?" നീതിന്യായക്കോടതിയുടെ മുമ്പിൽ ഭയവിവശരായി നില്ക്കുന്ന ആ പാവപ്പെട്ട ഭാര്യാഭർത്താക്കന്മാർ അഗതികളായിരുന്നെങ്കിലും തങ്ങളുടെ ജാതിക്കു സഹജമായ ബുദ്ധിക്കൂർമ്മതയുള്ളവരായിരുന്നു. അവർ ഇപ്രകാരം ഉത്തരം നൽകി. "ഇവൻ ഞങ്ങളുടെ മകനാണെന്നും കുരുടനായി ജനിച്ചുവെന്നും ഞങ്ങൾക്കറിയാം. എന്നാൽ ഇപ്പോൾ അവന് എങ്ങനെ കാഴ്ചയുണ്ടായെന്നു ഞങ്ങൾ അറിയുന്നില്ല. അവനോടു ചോദിക്കുവിൻ; അവനു പ്രായപൂർത്തിയുണ്ട്. അവനുവേണ്ടി അവൻതന്നെ സംസാരിക്കട്ടെ." ബുദ്ധിപൂർവ്വകമായ ഈ പ്രത്യുത്തരം കേട്ട നിയമപണ്ഡിതന്മാർ ആ ജാത്യാന്ധനെ വീണ്ടും വിളിച്ചു, യേശുവിന്റെ സ്വഭാവത്തേയും, ധർമ്മതല്പരതയേയും കുറിച്ചു ചോദ്യം

ചെയ്തു. അനന്തരം അവർ പറഞ്ഞു: "ദൈവത്തെ വാഴ്ത്തുക; ഈ മനുഷ്യൻ ഒരു പാപിഷ്ഠനാണെന്നു ഞങ്ങൾ അറിയുന്നു." അവൻ ഉത്തരം പറഞ്ഞു: "അയാൾ ഒരു പാപിഷ്ഠനാണെന്നതിനെപ്പററി എനിക്കൊന്നും അറിഞ്ഞുകൂടാ. ഞാൻ ഒരു കുരുടനായിരുന്നു; ഇപ്പോൾ എനിക്കു കാഴ്ചയുണ്ടു്; ഇതുമാത്രം എനിക്കറിയാം. . . . . . ആകയാൽ ഈ മനുഷ്യൻ ദൈവത്തിൽ നിന്നല്ലായിരുന്നുവെങ്കിൽ അവന്നു് ഒന്നും ചെയ്യുവാൻ കഴിയുമായിരുന്നില്ല." ഇത്തരം യുക്തിവാദത്തോടു് എതിർക്കുവാൻ പണ്ഡിതന്മാരായ ഫരിസ്യന്മാൎക്കു സാധിക്കാതെവന്നു. തൻമൂലം പ്രതികാരേച്ഛുക്കളായി അവർ സെൻഹെഡ്രിൻസഭയിൽനിന്നു് അവനെ ബഹിഷ്കരിച്ചു. ആ നിമിഷംമുതൽ അവൻ സമുദായഭ്രഷ്ടനായി പരിഗണിക്കപ്പെട്ടു കേസുവിസ്താരം ഇപ്രകാരം അവസാനിക്കുകയും ചെയ്തു. മനോഹരമായ ഈ സുവിശേഷവിവരണത്തിൽ തികച്ചും സ്വഭാവാതീതമായ ഒരു അത്ഭുതം, വേണ്ട സാക്ഷ്യങ്ങളോടും തെളിവുകളോടും കൂടി വിവരിക്കപ്പെട്ടിരിക്കുന്നു. ഈ റിപ്പോർട്ടിൽ ന്യൂനത കണ്ടുപിടിക്കുന്നതിനായി ആധുനികവിമർശകന്മാർ സങ്കല്പനാസാമൎത്ഥ്യവും വിഭാവനാവൈഭവവും ധാരാളം പ്രയോഗിച്ചേക്കാം. ഇപ്രകാരം പ്രവൎത്തിക്കുന്നതുകൊണ്ടു് അവർ തങ്ങളുടെ ഇടുങ്ങിയ മനഃസ്ഥിതിയെ ലോകത്തിനു പ്രത്യക്ഷമാക്കുക മാത്രമാണു ചെയ്യുന്നതു്. സുവിശേഷവിവരണത്തിന്റെ സുവ്യക്തതയും അകൃത്രിമമനോഹരതയും അനിഷേധ്യമത്രെ. ക്രിസ്തുവിന്റെ അത്ഭുതങ്ങളെ വിവരിക്കുന്ന സുവിശേഷകന്മാർ ഓരോ സംഭവത്തിന്റെയും സ്ഥലകാലാദി സാഹചര്യങ്ങളെ സൂക്ഷ്മമായി വൎണ്ണിക്കുന്നു. സംഭവങ്ങളുടെ യാഥാൎത്ഥ്യം പരിശോധിച്ചു തിട്ടപ്പെടുത്തുന്നതിനു് ആവശ്യമായ എല്ലാ സംഗതികളും വിശദമായി വിവരിച്ചിരിക്കുന്നു.

## V.

## ക്രിസ്തുവിൻെറ അത്ഭുതപ്രവൃത്തികൾ തൻെറ ദിവ്യത്വത്തെ സ്ഥാപിക്കുന്നു.

ക്രിസ്തുവിൻെറ അത്ഭുതങ്ങളെപ്പററി പ്രതിപാദിക്കുന്നതിനുമുമ്പായി അത്ഭുതം എന്നാൽ എന്തു് എന്നതിനെക്കുറിച്ചു തന്നെ അല്പം പര്യാലോചിക്കാം. അത്ഭുതം പ്രവൎത്തിക്കുന്നതിനു ദൈവത്തിനു മാത്രമേ സാധിക്കൂ. എന്തുകൊണ്ടെന്നാൽ പ്രകൃതിനിയമങ്ങളെ അതിലംഘിക്കുന്നതിനു് അവയുടെ സംസ്ഥാപകനായ ദൈവത്തിനുമാത്രമേ അവകാശവും അധികാരവുമുള്ളൂ. എന്നാൽ ദൈവത്തിനു അത്ഭുതപ്രവൃത്തികളിൽ ഉപകരണങ്ങളെ ഉപയോഗിക്കാവുന്നതാണു്. പലപ്പോഴും ഉപയോഗിച്ചിട്ടുമുണ്ടു്. മോസസ്, എലിയാസ്, എലിസേവൂസ്, പ്രവാചകന്മാർ, പ്രേഷിതന്മാർ, മാത്രമല്ല മററനേകരും അത്ഭുതപ്രവൃത്തിയിൽ സൎവ്വശക്തനായ ദൈവത്തിൻെറ ഉപകരണങ്ങളായിരുന്നു. എന്നിരുന്നാലും ഇവരുടെ വിസ്മയനീയകൃത്യങ്ങളെ ക്രിസ്തുവിൻെറതിനോടു തുലനം ചെയ്യുമ്പോൾ അവതമ്മിലുള്ള വ്യത്യാസം വളരെ വലുതാണെന്നു കാണാവുന്നതാണു്. മററുള്ള അത്ഭുതപ്രവൎത്തകന്മാർ, തങ്ങൾ ദൈവത്തിൻെറ ദാസന്മാരും ദൗത്യവാഹികളും മാത്രമാണെന്നു സവിനയം സമ്മതിക്കുന്നു. ക്രിസ്തുവാകട്ടെ തൻെറ ദിവ്യത്വത്തെ സമൎത്ഥിക്കുകയും, നിത്യദൈവത്തിൻെറ സുതൻ എന്നു സ്വയം അഭിസംബോധനം ചെയ്യുകയും ദൈവികമായ ഉത്ഭവത്തെ അന്യൎക്കു സുവ്യക്തമാക്കുകയും ചെയ്യുന്നു. ദൈവത്തിനു സമനായി പ്രത്യക്ഷപ്പെടുന്നതു ന്യായവിരുദ്ധമായി അവിടുന്നു വിചാരിക്കുന്നുമില്ല. അദ്ദേഹം അത്ഭുതങ്ങൾ പ്രവൎത്തിച്ചതു തൻെറ ദിവ്യ

ദൗത്യത്തേയും ദൈവസ്വഭാവത്തേയും പ്രഖ്യാപനം ചെയ്യു വാനായിരുന്നു. "ഞാൻ ചെയ്യുന്ന പ്രവൃത്തികൾ എന്നെക്കു റിച്ചു സാക്ഷ്യം നൽകുന്നു" (യോഹന്നാൻ ൧൦. ൨൫) തന്നി മിത്തം, ക്രിസ്തു തന്നെക്കുറിച്ചുതന്നെ നൽകുന്ന സാക്ഷ്യം യഥാർത്ഥമാകുന്നു. എന്തുകൊണ്ടെന്നാൽ അത്ഭുതപ്രവൃത്തി കൾ കൊണ്ടു് ഒരു വഞ്ചകന്റെയൊ അസത്യവാദിയുടെയൊ ദൗത്യത്തെ ദൈവം സ്ഥിരീകരിക്കുകയെന്നതു സംഭാവ്യമല്ല.

മാത്രമോ, ക്രിസ്തു ഒഴികെയുള്ള എല്ലാ അത്ഭുതപ്രവ ൎത്തകന്മാരും സ്വനാമത്തിലല്ല, ദൈവത്തിന്റെയൊ ക്രിസ്തു വിന്റെയൊ നാമത്തിലാണു് അത്ഭുതങ്ങൾ പ്രവൎത്തിച്ചിട്ടു ള്ളതു്. അവർ ദൈവത്തിന്റെ കൃപയെ യാചിക്കുകയും, സഹായത്തെ അൎത്ഥിക്കുകയും, തദ്വാരാ തങ്ങളിൽ ദൃശ്യമാ കുന്ന അത്ഭുതാവഹമായ ശക്തി സ്വകീയമല്ല, കാരുണ്യവാ നായ ദൈവത്തിൽനിന്നു ലഭിച്ചിട്ടുള്ളതാണെന്നു് ഉച്ചൈ സ്തരംവിളിച്ചു പറയുകയും ചെയ്യുന്നു. പ്രേഷിതന്മാർ ക്രിസ്തു വിന്റെ നാമം വിളിച്ചപേക്ഷിക്കയും അത്ഭുതപ്രവൃത്തിയിൽ നിന്നുൽഭൂതമായ ബഹുമാനവും പ്രശംസയും അദ്ദേഹത്തി നുതന്നെ സമർപ്പിക്കയും ചെയ്യുന്നു: "നസ്രായക്കാരനായ യേശുക്രിസ്തുവിന്റെ നാമത്തിൽ എഴുന്നേററു നടക്കുക." (ന ടപടി ൩. ൬) ദിവ്യരക്ഷകനൊ എന്നാൽ പ്രതിപുരുഷന്റെ നിലയിലല്ല, പ്രത്യുത അഖിലസൃഷ്ടിയുടേയും നാഥൻ എന്ന നിലയിലാണു പ്രവൎത്തിക്കുന്നതു്. ക്രിസ്തുവിന്റെ അത്ഭുത പ്രവൎത്തനശക്തി അന്യരിൽനിന്നു കടംവാങ്ങിയതല്ല; അതു തീർത്തും സ്വന്തമാണു്. അദ്ദേഹം കുഷ്ഠരോഗിയോടു പറ യുന്നു. "എനിക്കു മനസ്സുണ്ടു്; നീ സുഖംപ്രാപിക്കുക" (മത്താ യി ൮. ൩). രണ്ടു കുരുടന്മാരോടായി ക്രിസ്തു പറയുന്നു. "ഇതു നിങ്ങൾക്കു ചെയ്തു തരാൻ എനിക്കു സാധിക്കുമെന്നു നിങ്ങൾ വിശ്വസിക്കുന്നോ?" (മത്തായി ൯. ൨൮). നായിമി

ലേ വിധവയുടെ പുത്രനോട്ട് ആജ്ഞാപിക്കുന്നു. "യുവാവേ! നിന്നോടു ഞാൻ പറയുന്നു, എഴുന്നേൽക്കുക" (ലൂക്കാ ൭. ൧൪). ഈ സന്ദർഭങ്ങളിലൊന്നിലും, സന്ദേഹമൊ, ആശ്ചര്യമൊ വിസ്മയമൊ യാതൊന്നും പ്രത്യക്ഷപ്പെടുന്നില്ല. എല്ലാം സുവ്യക്തവും സ്പഷ്ടവും സ്വാഭാവികവുമാണ്.

സുവിശേഷങ്ങളിലേ അത്ഭുതങ്ങളിൽ വെച്ച നമ്മുടെ വിശേഷമായ ശ്രദ്ധയെ അർഹിക്കുന്നതു ക്രിസ്തുവിൻെറ പുനരുത്ഥാനമെന്ന ആ മഹാ വിസ്മയനീയ സംഭവമാകുന്നു. ക്രൈസ്തവസഭയാകുന്ന ഗോളം ഈ അത്ഭുതമാകുന്ന അച്ചുതണ്ടിൽ ആണ ചുററിത്തിരിഞ്ഞുകൊണ്ടിരിക്കുന്നതു് എന്നു പറയത്തക്കവിധം ഈ അത്ഭുതം അത്രയ്ക്കു പ്രാധാന്യമുള്ളതാകുന്നു. ദിവ്യരക്ഷകൻെറ ശവകുടീരം വിശ്വവിഖ്യാതന്മാരായ മഹാന്മാരുടേതിൽനിന്നു തുലോം വ്യത്യസ്തമായ ഒന്നാണു്. ലോകവിസ്മയത്തിനു പാത്രീഭൂതരായ ആ പരാക്രമശാലികളുടെ കല്ലറകളിന്മേൽ എഴുതപ്പെട്ടിരിക്കുന്നതു് ഇപ്രകാരമാണ്. "ഇന്നയാൾ ഇവിടെ ശയിക്കുന്നു." ഈ സ്മാരകശിലയുടെ കീഴിൽ ശയിക്കുന്നയാൾ ഒരിക്കൽ ഒരു മനുഷ്യനായിരുന്നു. എന്നാൽ ക്രിസ്തുവിൻെറ ചൈത്യലിഖിതം എത്ര വ്യത്യസ്തം! "അദ്ദേഹം ഉത്ഥാനം ചെയ്തിരിക്കുന്നു. ഇവിടെയില്ല"!!

ശ്രീയേശുക്രിസ്തുവിൻെറ ഉത്ഥാനം തൻെറ ദൈവികപ്രേഷിതത്വത്തിൻെറ ഒരു അനിഷേധ്യമായ തെളിവാകുന്നു. ഇതു വിദ്വാന്മാർക്കും വിദ്യാവിഹീനർക്കും ഒരുപോലെ അനുയോജ്യമായിരിക്കുന്നതിനാൽ നിഷ്പ്രയാസം ഗ്രഹിക്കാവുന്ന ഒന്നാണ്. നമ്മുടെ ദിവ്യരക്ഷകൻ യഹൂദജനതയോടു പറയുന്നു: "എൻെറ ജീവനെ ബലികഴിക്കുന്നതിന്നും അതിനെ വീണ്ടും എടുക്കുന്നതിന്നും എനിക്കു ശക്തിയുണ്ടു്." (യോഹ. ൧൦-൧൮) ആകയാൽ മരിച്ചവരിൽനിന്നും സ്വയമേവ ഉയിർക്കു

ന്നതിനുള്ള ഈ ശക്തി അദ്ദേഹത്തിനുണ്ടെങ്കിൽ സാക്ഷാൽ ജീവന്റെയും മരണത്തിന്റെയും നാഥനായ ദൈവം അദ്ദേഹമാണെന്ന് എന്നുള്ളതു് നിസ്തർക്കമല്ലയോ? മൂന്നു വർഷക്കാലം അവിടുന്നു തന്റെ ദിവ്യത്വത്തെ പ്രസംഗിക്കുകയും അമാനുഷികങ്ങളായ അത്ഭുതങ്ങളാൽ അതിനെ തെളിയിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ യഹൂദന്മാർ അതിനെ വിശ്വസിക്കുന്നതിനു വൈമുഖ്യം പ്രദർശിപ്പിച്ചു. അദ്ദേഹം തന്റെ ഉയിർപ്പിനെ വിശദീകരിക്കുന്നതിനായി, "ഈ ആലയത്തെ നശിപ്പിക്കുക, മൂന്നു ദിവസത്തിനകം ഞാൻ അതിനെ ഉയർത്തും." (യോഹ. ൨. ൧൯). എന്നു് ഒന്നുകൂടി തുറന്നു പ്രസ്താവിച്ചു. അവിടുന്നു ദൈവമാണെന്നുള്ളതിനു യഹൂദർക്കുനൽകിയ ലക്ഷ്യങ്ങളിൽ ഏററം പ്രധാനമായതു് ഇതുതന്നെയായിരുന്നു. യഹൂദന്മാർ ക്രിസ്തുവിനെ അപമാനകരമായ മരണത്തിനു കൈയാളിച്ചു. അദ്ദേഹത്തിന്റെ ശവകുടീരത്തെ മൂടിയിരുന്ന കല്ലിനു മുദ്രവെച്ചപ്പോൾ ആ മനുഷ്യനും അയാളുടെ അനുയായികളും നാമാവശേഷരായി എന്നു് അവർ സ്വയം പ്രശംസിച്ചു. എന്നാൽ ഉത്ഥാന ദിനത്തിൽ തങ്ങളുടെ ശ്രമങ്ങൾ വിഫലമായെന്നു കണ്ടപ്പോൾ എത്ര ലജ്ജയും ഇച്ഛാഭംഗവുമാണു് അവർക്കുണ്ടായതു്! അവർ തങ്ങളുടെ നാരകീയ വിജയത്തിൽ അത്യാഹ്ളാദഭരിതരായിരിക്കുമ്പോൾ ഇതാ ദൈവപുത്രൻ ശവകുടീരത്തിൽ നിന്നു മരണത്തെ ജയിച്ചു, പ്രതാപവാനായി ഉയിർത്തെഴുന്നേല്ക്കുന്നു. അനന്യസാധാരണമായ ഈ സംഭവം അതിവിസ്മയകരവും അത്ഭുതാവഹവുമാകയാൽ ഇതു ക്രിസ്തീയ വിശ്വാസത്തിന്റെ അഭേദ്യമുദ്രയത്രെ. തന്നിമിത്തം ക്രിസ്തുമതത്തിന്റെ ബദ്ധവൈരികൾ ഈ സംഭവത്തിന്റെ അനുപമമായ പ്രഭാപൂരത്തെ മറയ്ക്കുന്നതിനും, അതു സാധിക്കാത്തപക്ഷം അതുല്യമായ അതിന്റെ കാന്തി

യെ കുറെയെങ്കിലും കുറയ്ക്കുന്നതിനും ഭഗീരഥപ്രയത്നം ചെയ്തു വരുന്നു. എന്നാൽ ആ ശ്രമങ്ങളെല്ലാം വ്യർത്ഥംതന്നെ. ഉയിർപ്പിനെ സംബന്ധിച്ചുള്ള തെളിവുകളും സാക്ഷ്യങ്ങളും അതിപ്രബലങ്ങളും അപ്രതിഹതങ്ങളുമാകയാൽ അതിനെ അവിശ്വസിക്കുന്നതിനു യാതൊരു ഒഴിവുകഴിവുമില്ല. വിവാദഭാഗം മുഴുവനും മദ്ധ്യാഹ്നസൂര്യനേക്കാൾ പ്രസ്പഷ്ടമായ രണ്ടു മഹാസംഭവങ്ങളിൽ സ്ഥിതിചെയ്യുന്നു. ഈ സംഭവങ്ങൾ, വെള്ളിയാഴ്ച ക്രിസ്തു മരിച്ചു എന്നതും ഞായറാഴ്ച അദ്ദേഹം ജീവനുള്ളവനായി കാണപ്പെട്ടു എന്നതും അത്രെ.

വെള്ളിയാഴ്ച ക്രിസ്തു മൃതനായി. പ്രസ്തുത സംഭവത്തെപ്പററി അദ്ദേഹത്തിൻെറ സമകാലീനരായ യൂദന്മാൎക്കൊ, റോമാക്കാൎക്കൊ, ഫരിസേയൎക്കൊ, സദ്ദൂച്ചിയൎക്കൊ, മിത്രങ്ങൾക്കൊ, ശത്രുക്കൾക്കൊ മററാൎക്കെങ്കിലുമൊ അല്പ സംശയംപോലും ഉണ്ടായിട്ടില്ല എന്നുള്ളതു് അവിതൎക്കിതമാകുന്നു. മരിച്ചു എന്നു നിശ്ചയമായി ഗ്രഹിച്ചതിനാൽ അദ്ദേഹത്തിൻെറ അസ്ഥികളെ തല്ലിയൊടിക്കാതെ ഉപേക്ഷിച്ചുപോയ റോമാപ്പടയാളികളും, അദ്ദേഹത്തിൻെറ മരണം കണ്ടശേഷം പീലാത്തോസിനെ ഔദ്യോഗികമായി വിവരമറിയിച്ച ശതാധിപനും തൻെറ മരണത്തെ പ്രഖ്യാപനം ചെയ്കയും സ്ഥിരീകരിക്കയും ചെയ്യുന്നു. മാത്രമല്ല, ഭടന്മാരിൽ ഒരാൾ പൂൎണ്ണമായ സംശയനിവൃത്തിക്കുവേണ്ടി അവിടത്തെ ഹൃദയം കുന്തംകൊണ്ടു കുത്തിപ്പിളൎക്കുകകൂടെയും ചെയ്തു. അവസാനമായി, നിക്കൊദേമൂസ്, അദ്ദേഹത്തിൻെറ ദേഹത്തിൽ പൂശിയ നൂറു റാത്തലോളം വരുന്ന പരിമളതൈലങ്ങളും സുഗന്ധദ്രവ്യങ്ങളും അദ്ദേഹത്തെ ശ്വാസംമുട്ടിച്ചു കൊല്ലുന്നതിനു ധാരാളം മതിയായിരുന്നു. തുണികൾകൊണ്ടു ദേഹവും കൈകാലുകളും തലയും എല്ലാം പൊതിഞ്ഞു ശ്വാസോച്ഛ്വാസത്തിനു

വിഘാതമാകത്തക്കവിധം ചരടുകൊണ്ടു വരിഞ്ഞുകെട്ടുകയും ചെയ്തിരുന്നു. ആകയാൽ ക്രിസ്തുവിന്റെ മരണം സർവ്വപ്രകാരേണയും സംശയ രഹിതമായ വാസ്തവമത്രെ.

ക്രിസ്തു ഞായറാഴ്ച ഉയിർത്തു; ഇതു് അദ്ദേഹത്തിന്റെ മരണംപോലെ തന്നെ സംശയരഹിതമായ ഒരു വസ്തുതയാണു്. ഉയിർപ്പുഞായറാഴ്ച അതിരാവിലെ ഉണ്ടായ ഭയങ്കരമായ ഒരു ഭൂകമ്പം ഈ മഹാ സംഭവത്തെ ലോകസമക്ഷം വിളംബരംചെയ്തു. ശവകുടീരങ്ങൾ തുറക്കപ്പെട്ടുകയും മരിച്ചുപോയ അനവധി പുണ്യാത്മാക്കൾ ശരീരത്തോടുകൂടി ജെറുസലേമിൽ പലർക്കും കാണപ്പെട്ടുകയും ചെയ്തു. (മത്തായി ൨൭-൫൩) സ്വർഗ്ഗത്തിൽ നിന്നു് ഇറങ്ങിയ ഒരു ദൈവദൂതൻ ശവകുടീരം മൂടിയിരുന്ന കല്ലു തട്ടിമാററി. എന്നാൽ ക്രിസ്തു കല്ലറയിൽ നിന്നും നേരത്തെ ഉയിർത്തുകഴിഞ്ഞു. ശവകുടീരം സൂക്ഷിച്ചിരുന്ന സേവകന്മാർ ഭയവിഹ്വലരും ജീവച്ഛവങ്ങളുമായിത്തീർന്നു. സംഭ്രമത്തിൽ നിന്നു വിമുക്തരായപ്പോൾ ജെറുസലേമിലേയ്ക്കു് അവർ ഓടി.

അനന്തരകാലത്തു് ഉയിർപ്പിനു സാക്ഷ്യം വഹിക്കയും, സ്വന്തരക്തം ചൊരിഞ്ഞു് അതിന്റെ യാഥാർത്ഥ്യത്തെ സ്ഥിരീകരിക്കയുംചെയ്ത ശിഷ്യന്മാർപോലും ഉത്ഥാനം ചെയ്ത ക്രിസ്തുവിനെ കാണുന്നതുവരെ അതിൽ വിശ്വസിച്ചില്ല. വി. തോമസ് രക്ഷകന്റെ മുറിവുകളിൽ തന്റെ കൈവിരലുകൾകൊണ്ടു തൊട്ടല്ലാതെ വിശ്വസിക്കയില്ലെന്നു പ്രസ്താവിച്ചുതന്നെ, ശിഷ്യന്മാർ എല്ലാ സംഗതികളേയും ഉടനടി വിശ്വസിക്കുന്ന കൂട്ടത്തിലല്ലായിരുന്നുവെന്നു സ്പഷ്ടമാകുന്നു. തന്നിമിത്തം, അവരാരും ഉയിർപ്പുകഥയെ കെട്ടിച്ചമച്ചു മനുഷ്യജാതിയെ കബളിപ്പിക്കുമെന്നു സാമാന്യബുദ്ധിയുള്ള യാതൊരു മനുഷ്യനും വിചാരിക്കുവാൻ നിവൃത്തിയില്ല. പന്ത്രണ്ടു

മീൻപിടുത്തക്കാർക്ക് എതാദൃശമായ ഒരു മഹോപായം കണ്ടുപിടിക്കുന്നതിനൊ, പ്രവൃത്തിരൂപത്തിൽ വരുത്തുന്നതിനൊ കഴിയുമെന്നു് ഊഹിക്കുവാൻപോലും വഹിയാ. അവർ ദാംഭികന്മാരൊ അവിശ്വാസികളൊ, തത്വശാസ്ത്രികളൊ ആയിരുന്നില്ല. കൂടാതെയും ഈ മാതിരി ഗർഹണീയമായ ഒരു വഞ്ചനമൂലം അവർക്കു് എന്താണു പ്രത്യാശിക്കുവാനുണ്ടായിരുന്നതു്? ഈ ലോകത്തിൽ അരിഷ്ടതയും പീഡകളും തടവും മരണവും, പരലോകത്തിൽ നിത്യശിക്ഷയും മാത്രം. എന്തുകൊണ്ടെന്നാൽ ദൈവം നീതിമാനാകകൊണ്ടു തീർച്ചയായും ഇങ്ങനെയുള്ള വഞ്ചകന്മാർക്കു് ഇഹത്തിലും പരത്തിലും തക്കശിക്ഷ നൽകാതെ നിവൃത്തിയില്ല.

ആകയാൽ ഉത്ഥാനത്തെപ്പോലെ, ഇത്രയധികം തെളിവുകളുള്ള ഒരു സംഭവം മറേറതാണുള്ളതു്? സത്യസന്ധന്മാരിൽ അഗ്രഗണ്യന്മാരായ പലരും ഈ അത്ഭുതത്തിനു സാക്ഷ്യം വഹിച്ചിട്ടുണ്ടു്. എക്കാലത്തും എവിടെയും ഉണ്ടായിട്ടുള്ള അതിബുദ്ധിമാന്മാർ ഐകകണ്ഠ്യേന ഇതിനെ അംഗീകരിച്ചു പ്രസ്താവിച്ചിരിക്കുന്നു. ലക്ഷോപിലക്ഷം വേദസാക്ഷികൾ തങ്ങളുടെ പരിപാവനമായ രക്തത്താൽ അതിനെ മുദ്രണം ചെയ്തിരിക്കുന്നു. ക്രിസ്തു മരിച്ചവരിൽനിന്നും ഉയിത്തെഴുന്നേററു. തന്നിമിത്തം അദ്ദേഹം ജീവനുള്ള ദൈവത്തിൻെറ പുത്രൻതന്നെ. അദ്ദേഹത്തിൽ നാം വിശ്വസിച്ചേമതിയാവൂ.

ഫ്രഞ്ചുവിപ്ലവത്തിൻെറ മൂർദ്ധന്യദശയിൽ അവിശ്വാസികളായ രാജ്യഭരണധുരന്ധരന്മാർ പ്രാചീനമതത്തെ നിഷ്കാസനംചെയ്തു തൽസ്ഥാനത്തു പരിഷ്കൃതവും അധുനാതനവുമായ ഒരു മതത്തെ സ്ഥാപിക്കുന്നതിനു് അശ്രാ

ന്തയത്നം ചെയ്യെങ്കിലും; താമസംവിനാ അതു തങ്ങളുടെ ശക്തിക്കു മേല്പെട്ടതെന്നു് അവക്കു മനസ്സിലായി. ഈ പരാജയംമൂലം ഭഗ്നാശരായ വിപ്ലവകാരികളോടു് അവരുടെ നേതാക്കന്മാരിൽ ഒരുവൻ പറഞ്ഞതു ശ്രദ്ധേയമാണു്: "കൊള്ളാം, ഇതിനു ഞാൻ ഒരു തക്ക ഉപായം പറഞ്ഞുതരാം. നിങ്ങൾ ഒരു വെള്ളിയാഴ്ച കൊല്ലപ്പെടുന്നതിനു സമ്മതിക്കുക; ശനിയാഴ്ച അവർ നിങ്ങളെ അടക്കട്ടെ; ഞായറാഴ്ച വീണ്ടും ഉയിർക്കുക. അപ്പോൾ ജനങ്ങൾ നിശ്ചയമായും നിങ്ങളുടെ മതത്തിൽ വിശ്വസിക്കുമെന്നു ഞാൻ ഉറപ്പു പറയുന്നു."

# അദ്ധ്യായം ൪.

## പ്രവാചകൻ.

### I

### പ്രവചനവരം.

സ്വാഭാവിക കാരണങ്ങൾ കൊണ്ട് അറിയുവാൻ നിവൃത്തിയില്ലാത്ത ഭവിഷ്യത്തുകളെപ്പററി മുൻകൂട്ടി പ്രസ്താവിക്കുക എന്നതാകുന്നു പ്രവചനം. ഇപ്പോൾ സ്ഥിതി ചെയ്യുന്നതായ യാതൊന്നിനോടും അവശ്യബന്ധം ഇല്ലാത്തതിനാലാണ് അതു് ഇപ്രകാരം നിർവ്വചിക്കപ്പെടുന്നതു്. ആകാശമണ്ഡലത്തിൽ സ്ഥിതി ചെയ്യുന്ന നിരവധി ഗ്രഹങ്ങളുടെ ഭ്രമണങ്ങളും പരിവർത്തനങ്ങളും പ്രകൃതിയിലെ ഒട്ടനവധി വ്യതിയാനങ്ങളും സംബന്ധിച്ച ജ്യോതിശ്ശാസ്ത്രജ്ഞന്മാർ ഗണിച്ചു പറയാറുണ്ട്. രാജ്യതന്ത്രവിദഗ്ദ്ധന്മാർ രാഷ്ട്രീയ പരിവർത്തനങ്ങളെപ്പററി മുൻകൂട്ടിപ്പറയുന്നു. എന്നാൽ ഇവയൊന്നും യഥാർത്ഥ പ്രവചനങ്ങളായി എണ്ണപ്പെടുവാൻ പാടില്ല. ഏതാദൃശസംഭവങ്ങൾ സാഹചര്യങ്ങളിൽനിന്നു കാര്യകാരണസഹിതം ഗ്രഹിക്കാവുന്നതുകൊണ്ടു യാതൊരു അത്ഭുതത്തിനും വകയില്ല. എന്നാൽ, പ്രവചനം ഇവയിൽനിന്നു വളരെ വ്യത്യസ്തമാണ്. അതിൽ വിവരിക്കപ്പെടുന്ന സംഭവങ്ങളുടെ ഹേതുക്കളും സാഹചര്യങ്ങളും നിശ്ചിതങ്ങളല്ല. അചഞ്ചലവും അഭേദ്യവുമായ പ്രകൃതിനിയമങ്ങൾ

ഈ സംഭവങ്ങൾക്കു് അധീനങ്ങളുമല്ല. തൻമൂലം യാതൊരു ഭൗമികസൃഷ്ടിക്കാകട്ടേ അതിബുദ്ധിയുള്ള വനാരൂപിക്കാകട്ടേ അവയെ അറിയുന്നതിനു കഴിയുന്നില്ല. അവയെ അറിഞ്ഞു വെളിപ്പെടുത്തുന്നതിനു് അനന്തമായ ഭവിഷ്യജ് ജ്ഞാനമുള്ള ദൈവത്തിനു മാത്രമേ ശക്യമാകയുള്ളൂ. ഇത്രയും പ്രസ്താവിച്ചതിൽ നിന്നു് അത്ഭുതങ്ങളെപ്പോലെതന്നെ പ്രവചനവും ദൈവത്തിൻെറ പ്രവൃത്തിയാണെന്നു് അനുക്തസിദ്ധമത്രെ. സ്വയം സ്പഷ്ടമായ ഒരു ആവിഷ്കരണമാകുന്നു അതു്. അതെ, അതൊരു ആവിഷ്കരണം തന്നെ. എന്തുകൊണ്ടെന്നാൽ ദൈവത്തിനു മാത്രം ജ്ഞേയങ്ങളായ സംഗതികൾ അതിലടങ്ങിയിരിക്കുന്നു. കൂടാതെ അതു് അത്ഭുതപരമായിരിക്കുന്നതിനാൽ അതിൻെറ പ്രസ്പഷ്ടതയ്ക്കു് ഇതരസഹായം ആവശ്യവുമില്ല. ആകയാൽ ഒരു പ്രവാചകൻ ദൈവത്തിൻെറ പ്രതിപുരുഷനും ദൗത്യവാഹിയുമാകുന്നു. ക്രിസ്ത്യേതരന്മാർ പോലും ഈ വാസ്തവം സശിരഃകമ്പം സമ്മതിക്കുന്നു. ഭവിഷ്യത്തുകളെക്കുറിച്ചു പറയുന്നതു ദൈവികശക്തിയാലാകുന്നുവെന്നാണു് അവരുടെ അഭിപ്രായം. "പ്രവചനം എവിടെയുണ്ടോ അവിടെ ദേവന്മാരും, ദേവന്മാർ എവിടെയുണ്ടോ അവിടെ പ്രവചനവുമുണ്ടെ"ന്നു പ്രസിദ്ധവാഗ്മിയായ സിസറോ ഘോഷിക്കുന്നു. "ഭാവിയിൽ സംഭവിപ്പാനിരിക്കുന്നവയെ അറിയിപ്പിൻ; നിങ്ങൾ ദേവന്മാരാണെന്നു് അപ്പോൾ ഞങ്ങൾ അറിയും" (ഇസയാസ്. ൪൧. ൨൩) എന്നുള്ള ഇസയാസ് ദീർഘദർശിയുടെ വചനങ്ങൾ ഈ ഘട്ടത്തിൽ സുസ്മരണീയങ്ങളാണു്.

മനുഷ്യൻ എന്ന നിലയിൽ ക്രിസ്തു സംഭാവ്യങ്ങളായ എല്ലാ സംഗതികളേയും അറിഞ്ഞിരുന്നില്ല; അറിയുന്നതിനു് അദ്ദേഹത്തിനു നിവൃത്തിയുണ്ടായിരുന്നുമില്ല. എന്നാൽ ഭൂതം, വർത്തമാനം, ഭാവി എന്നീ ത്രിവിധകാലങ്ങളിലേ സകല

സംഭവങ്ങളും, സത്യങ്ങളും അദ്ദേഹത്തിനു സുവിദിതമായിരുന്നു. മാത്രമല്ല, ഇതഃപര്യന്തം ജീവിച്ചിട്ടുള്ളവരും ഇപ്പോൾ ജീവിക്കുന്നവരും ഇനിജീവിക്കുവാനിരിക്കുന്നവരുമായ കോടാകോടി മനുഷ്യരുടെ വ്യക്തിപരമായ രഹസ്യചരിത്രവും അവിടുന്നു സ്പഷ്ടമായി ഗ്രഹിച്ചിരുന്നു. ദീർഘദർശനവരം അദ്ദേഹത്തിനു സഹജവും അനുയോജ്യവുമായിരുന്നു. അതു, ദൈവസ്വഭാവവും മനുഷ്യസ്വഭാവവും തമ്മിലുള്ള സംയോഗത്തിന്റെ ഫലവും ഉയൎത്തപ്പെട്ട മാനുഷത്വത്തിന്റെ ന്യായാവകാശവുമായിരുന്നു. ഭാവിരഹസ്യങ്ങൾ ക്രിസ്തു അറിഞ്ഞിരുന്നുവെന്നു സുവിശേഷങ്ങളിൽനിന്നു തെളിയുന്നുണ്ടു്. സംഭാഷണങ്ങളിലും അന്യാപദേശങ്ങളിലും വിദൂരഭാവിയിൽ നടക്കുവാനിരുന്ന സംഭവങ്ങളെപ്പററി അവിടുന്നു കൂടെക്കൂടെ സൂചിപ്പിക്കയും പ്രവചിക്കയും പതിവായിരുന്നു. ഭാവിയുഗങ്ങളിലേ സകല സംഭവങ്ങളും, സാമ്രാജ്യങ്ങളുടെ അധഃപതനവും ജനിക്കുവാനിരിക്കുന്ന എല്ലാ മനുഷ്യരുടേയും അതിനിഗൂഢങ്ങളായ വിചാരപരമ്പരകളും പ്രവൃത്തികളും, പ്രകാശത്താൽ സദാ ഉജ്ജ്വലിച്ചുകൊണ്ടിരുന്ന അദ്ദേഹത്തിന്റെ അനന്യസാധാരണമായ ബുദ്ധിക്കു ഗോചരമായിരുന്നു. മററു ദീർഘദർശികളുടെ ദർശനങ്ങൾ ക്ഷണികങ്ങളും ഹ്രസ്വങ്ങളും ദുർഗ്രഹങ്ങളും അസ്പഷ്ടങ്ങളും നിഗൂഢങ്ങളും ആയിരുന്നു. ദീർഘദർശനത്തിനുള്ള ധീപ്രകാശം സഹജമല്ലായിരുന്നതിനാൽ അതു് അപ്പഴപ്പോൾ ദൈവത്തിൽനിന്നു സ്വീകരിക്കേണ്ടിയിരുന്നു. ഈ പ്രകാശം ഇല്ലാതിരിക്കുമ്പോഴെല്ലാം അവർ വെറും സാധാരണന്മാരെപ്പോലെയായിരുന്നു. എന്നാൽ ക്രിസ്തുവിന്റെ ദർശനങ്ങൾ അപ്രകാരമുള്ളവയല്ല. അദ്ദേഹം പ്രഭാപൂരമാകുന്ന മഹാൎണ്ണവത്തിൽ അപ്രതിഹതനായി ദോസ്സാസം വൎത്തിച്ചിരുന്നു.

സ്ഥലകാലങ്ങൾക്കധീനമാകാതെ അദ്ദേഹത്തിൻെറ ബുദ്ധി പരിമിതമായ തൻെറ ജീവിതകാലത്തെ ഉല്ലംഘിച്ചു ലോകത്തിൻെറ ഉൽപത്തിമുതൽ നിഷ്പത്തിവരെ നിർബാധം സഞ്ചരിച്ചിരുന്നു. ദിവ്യാത്മാവു സദാ അദ്ദേഹത്തോടുകൂടെയുണ്ടായിരുന്നു. ഓരോ സംഭവങ്ങളുടേയും കാരണവും ഗതിയും അവസാനവും ഫലങ്ങളും എല്ലാം അദ്ദേഹം യഥാൎത്ഥരൂപത്തിൽ കണ്ടു. നിസ്സാരസൃഷ്ടികളായ നമ്മുടെ ശക്തികളെല്ലാം പരിമിതമാണ്. നാം ഹ്റസ്വദൃഷ്ടികളും അല്പബുദ്ധികളുമാണ്. ഇതു നമ്മുടെ ഒരു പ്രത്യേകതയത്രെ. നാം അല്പകാലത്തേയ്ക്കുമാത്രം ജീവിക്കുകയും വിസ്തൃതമല്ലാത്ത പരിസരങ്ങളിൽ കഴിച്ചുകൂട്ടുകയും ചെയ്യുന്നതിനാൽ നമ്മുടെ ജ്ഞാനം കേവലം പരിമിതമാണ്. സ്വഭാവത്താലെതന്നെ അപൂൎണ്ണമായ നമ്മുടെ ഗ്രഹണശക്തി, വ്യാമോഹവും പൂൎവ്വനിൎണ്ണയവുംമൂലം കൂടുതൽ അന്ധീകൃതമായിത്തീരുന്നു. അപ്പോൾ നാം പ്രകാശം കാണാതെ ശരീരേച്ഛകൾക്കനുസൃതമായി അന്ധകാരത്തിൽ പായുന്നു. കാലശൃംഖലയുടെ ഒരു കണ്ണിയോടു മാത്രമേ നമുക്കു ബന്ധമുള്ളു. നാടകരംഗത്തിലേ നടന്മാരെപ്പോലെ സ്വന്തഭാഗം അഭിനയിച്ചിട്ടു നാം തിരോധാനം ചെയ്യുന്നു. അനേകം പുരുഷകേസരികൾ നമുക്കു മുമ്പായി ഇപ്രകാരം അഭിനയിച്ചിട്ടുണ്ട്. ഇനി അസംഖ്യം ആളുകൾ അഭിനയിക്കയും ചെയ്യും. നമ്മുടെ ഹ്റസ്വമായ ജീവിതദശയിൽ കണ്ടുമുട്ടുന്നതെല്ലാം നമ്മെ ഹഠാദാകർഷിക്കുന്നു. എന്നാൽ അവയ്ക്കു ഭാവിയോടും ഭൂതത്തോടുമുള്ള സംബന്ധം നാം ഗ്രഹിക്കുന്നില്ല. നമ്മുടെ ഇച്ഛാനുസാരമായ ഗതിക്കു ദൈവം പ്രതിബന്ധമായിത്തീരുന്നതിനാൽ നാം പലപ്പോഴും അദ്ദേഹത്തോടെതിർക്കുന്നു. ഒന്നുരണ്ടു മഴത്തുള്ളി പാർപ്പിടത്തിൽ വീണതു നിമിത്തം ലോകമാസകലം അവസനിക്കാറായി എന്നു വിചാരിച്ചു ബദ്ധ

പ്പെട്ടു അണിമുറിഞ്ഞു പായുന്ന എറുമ്പുകളോടു നാം സദൃശരത്രെ. ക്രിസ്തുവാകട്ടെ, സർവ്വജ്ഞനാകയാൽ, മനുഷ്യനെ പരിഭ്രമിപ്പിക്കുമാറുള്ള സംഭവങ്ങൾകൊണ്ടു ഭയപ്പെടാതെ സമാധാനപൂരിതനായും, പ്രശാന്തനായും വ്യാമോഹരഹിതനായും സ്ഥിതിചെയ്യുന്നു. വിതയ്ക്കുകയും നടുകയും ചെയ്യുന്ന കാലത്തു തന്നെ അവ പുറപ്പെടുവിക്കുവാനിരിക്കുന്ന വിളവിൻെറ അളവും അദ്ദേഹം സൂക്ഷ്മമായി നിർണ്ണയിക്കുന്നു.

നമ്മുടെ രക്ഷകൻെറ ദീർഘദർശനങ്ങൾ അസംഖ്യങ്ങളും അവിടുത്തെ ദിവ്യത്വം സ്ഥാപിക്കുന്നതിന് അവയ്ക്കുള്ള ശക്തി നിസ്സീമവുമാണ്.

## II.

## ദിവ്യരക്ഷകനേയും അദ്ദേഹത്തിൻെറ ശ്ലീഹന്മാരേയും സഭയേയും സംബന്ധിച്ചുള്ള പ്രവചനങ്ങൾ.

ക്രിസ്തു, തൻെറ പീഡാനുഭവത്തേയും ഉയിർപ്പിനേയും പററി മുൻകൂട്ടി പ്രവചിച്ചിരുന്നു. "നാം ജെറൂസലേമിലേക്കു പോകുന്നു. അവിടെ മനുഷ്യപുത്രൻ പ്രധാനാചാര്യന്മാരുടേയും സ്ക്രീബന്മാരുടേയും പക്കൽ ഏല്പിക്കപ്പെടും. അവർ അയാളെ മരണത്തിനു വിധിച്ചു പരിഹസിപ്പാനും ചമ്മട്ടികൊണ്ടടിപ്പാനും കുരിശിന്മേൽ തറപ്പാനുമായി പുറജാതികൾക്കു ഏല്പിക്കും. അയാൾ മൂന്നാംനാൾ ഉയിർത്തെഴുന്നേല്ക്കുകയും ചെയ്യും." (മത്തായി ൨൦. ൧൮-൧൯) "യോനാസ്, തിമിംഗിലത്തിൻെറ വയററിൽ മൂന്നു രാവും മൂന്നുപകലും ഇരുന്ന പ്രകാരം മനുഷ്യപുത്രനും മൂന്നു പകലും മൂന്നു രാവും ഭൂമിയ്ക്കുള്ളിൽ ഇരിക്കും." (മത്തായി. ൧൨. ൪൦) ഈ പ്ര

വചനങ്ങൾ നന്നായി അറിഞ്ഞിരുന്ന യഹൂദന്മാർ രക്ഷകന്റെ മരണശേഷം പീലാത്തോസിന്റെ പക്കൽവന്നു പറഞ്ഞു: "പ്രഭോ, ആവഞ്ചകൻ ജിവിച്ചിരുന്നപ്പോൾ, 'മൂന്നു ദിവസത്തിനു ശേഷം ഞാൻ ഉയിക്കും' എന്നു പറഞ്ഞിരുന്നതിനെ ഞങ്ങൾ ഓത്തു." (മത്തായി. ൨൭. ൬൩)

സ്വശിഷ്യന്മാരെക്കുറിച്ച് യേശു പലസംഗതിളും പ്രവചിച്ചിരുന്നു. അവയിൽ വി. പത്രോസ്, അദ്ദേഹത്തെ മൂന്നുപ്രാവശ്യം നിഷേധിക്കുമെന്നുള്ളതും അടങ്ങിയിരുന്നു. "ഞാൻ സത്യമായി നിന്നോടുപറയുന്നു: ഇന്നു ഈ രാത്രിയിൽതന്നെ കോഴി രണ്ടുപ്രാവശ്യം കൂവുന്നതിനുമുമ്പു മൂന്നുപ്രാവശ്യം എന്നെ നീ ഉപേക്ഷിക്കും". (മാക്കു ൧൪. ൩൦) യൂദാസിന്റെ സ്വാമിദ്രോഹത്തെപ്പററിയും അവിടുന്നു പ്രവചിക്കാതിരുന്നില്ല. "നിങ്ങളിൽ ഒരുവൻ എന്നെ ഒററിക്കൊടുക്കുമെന്നു സത്യം സത്യമായി നിങ്ങളോടു ഞാൻ പറയുന്നു." (യോഹ. ൧൩. ൨൧) പരിശുദ്ധാത്മാവിന്റെ വരവിനെപ്പററിയും, തന്റെ അനുയായികൾക്കനുഭവപ്പെടാനിരുന്ന ഞെരുക്കങ്ങളെപ്പററിയും അദ്ദേഹം പ്രവചിക്കുന്നു: "നിങ്ങൾ ഇനി ഏറെനാൾ കഴിയുന്നതിനുമുമ്പു പരിശുദ്ധാത്മാവിനാൽ ജ്ഞാനസ്നാനപ്പെടുത്തപ്പെടും." (നടപടി ൧. ൫) "അവർ നിങ്ങളെ ന്യായാധിപസംഘങ്ങൾക്കു ഏല്പിക്കയും, പ്രാത്ഥനാലയങ്ങളിൽവച്ചു നിങ്ങളെ ചമ്മട്ടികൊണ്ടടിക്കയും ചെയ്യും. ഞാൻ നിമിത്തം, നാടുവാഴികളുടേയും, രാജാക്കന്മാരുടേയും മുമ്പാകെ കൊണ്ടുപോകപ്പെടുകയും ചെയ്യും. സഹോദരൻ സഹോദരനേയും പിതാവു പുത്രനേയും മരണത്തിന്നേല്പിക്കും; മക്കൾ മാതാപിതാക്കന്മാരോടെതിക്കയും അവരെ കൊല്ലുകയും ചെയ്യും. നിങ്ങൾ എന്റെ നാമത്തെപ്രതി സകലരാലും ദ്വേഷിക്കപ്പെടും". (മത്തായി ൧൦. ൧൭....) ശിഷ്യർ വഴിയായി അവിടുന്നു ചെയ്യുവാനി

തന്ന അനന്യസാധാരണമായ അടയാളങ്ങളേയും അത്ഭുതങ്ങളേയുംപ്പററി ദിർഘദർശനം ചെയ്തു. "വിശ്വസിക്കുന്നവരെ ഈ അടയാളങ്ങൾ അനുഗമിക്കും; എൻെറ നാമത്തിൽ അവർ പിശാചുക്കളെ പുറത്താക്കും. അവർ പുതിയ ഭാഷകൾ സംസാരിക്കും. അവർ രോഗികളുടെ മേൽ കരങ്ങൾ വയ്ക്കുകയും അവർ (രോഗികൾ) സുഖം പ്രാപിക്കുകയും ചെയ്യും." സഭ, അചഞ്ചലമായ പാറമേൽ എന്നപോലെ വി. പത്രോസിന്മേൽ സ്ഥാപിക്കപ്പെട്ടമെന്നും, നരകവാതിലുകൾ അതിനെ ഒരിക്കലും ജയിക്കയില്ലെന്നും തൻമൂലം, സത്യത്തിൽനിന്നു വ്യതിചലിക്കയില്ലെന്നും, തത്വങ്ങളെ നവീകരിക്കുന്നതിന് ആവശ്യമുണ്ടാകയില്ലെന്നും ദിവ്യരക്ഷകൻ പ്രസ്താവിച്ചിരുന്നു. "കണ്ടാലും, ലോകാവസാനംവരെ എല്ലാ നാളുകളിലും ഞാൻ നിങ്ങളോടുകൂടിയുണ്ട്" (മത്തായി. ൨൮. ൨൦) എന്ന അക്ഷയമായ വചനങ്ങളാൽ സഭയെ ഒരു ദിവസത്തേയ്ക്കുന്നല്ല, കാലാവസാനത്തോളം കൈവിടുകയില്ലെന്നും പ്രഖ്യാപനം ചെയ്തു. "സൈമൺ, നിൻെറ വിശ്വാസം ക്ഷയിക്കാതിരിക്കുന്നതിനായി നിനക്കുവേണ്ടി ഞാൻ പ്രാത്ഥിച്ചിട്ടുണ്ട്." (ലൂക്കാ. ൨൨. ൩൨) എന്ന വാക്യം അജപാലകനായ സൈമൻെറ വിശ്വാസം എന്നും നിർമ്മലവും സുസ്ഥിരവുമായിരിക്കുന്നതിനായി അദ്ദേഹം പ്രാർത്ഥിച്ചതിനെ സൂചിപ്പിക്കുന്നു. ലോകത്തിൽ, ദൈവത്തിൻെറ പ്രതിപുരുഷനായ സഭയുടെ പരമാധികാരി ചെയ്യുന്ന തീരുമാനങ്ങൾ സ്വർഗ്ഗത്തിലും സ്ഥിരീകരിക്കപ്പെട്ടമെന്നും, ("നീ ഭൂമിയിൽ കെട്ടുന്നതെന്തോ, അതു സ്വർഗ്ഗത്തിലും കെട്ടപ്പെട്ടിരിക്കും." മത്തായി. ൧൬. ൧൯) സഭ എല്ലാ ജാതികളുടേയും ജനങ്ങളുടേയും ഇടയിൽ പ്രചരിക്കുമെന്നും ("യൂദയായിൽ എല്ലായിടത്തും സമരിയായിലും ഭൂമിയുടെ വിദൂരസ്ഥങ്ങളായ പ്രാന്ത

ങ്ങൾവരെയും എനിക്കു സാക്ഷി ആകുകയും ചെയ്യും". നട പടി. ൧. വ്യ. "ആകയാൽ നിങ്ങൾ പോയി സകല ജാതി കളേയും പഠിപ്പിക്കുവിൻ" മത്തായി. ൨൮. ൧൯) ക്രിസ്തു പ്ര വചിച്ചിട്ടുണ്ടായിരുന്നു.

സുവിശേഷത്തിലേ അന്യാപദേശങ്ങളിൽ ഭൂരിപക്ഷ വും, ക്രിസ്തുവിന്റെ സഭയെ പരാമർശിക്കുന്നവയാണു്. അവ, ദിവ്യരക്ഷകൻ സഭയുടെ ഭാവിയെ ദീർഘദൃഷ്ട്യാ സൂക്ഷ്മമായി കണ്ടുകൊണ്ടു് അരുളിച്ചെയ്തിട്ടുള്ളവയാണെന്നു നമുക്കു അനാ യാസേന ഗ്രഹിക്കാം. ഉദാഹരണമായി, കടുകുമണിയുടെ ഉപമതന്നെയെടുക്കാം. സഭയുടെ ഉത്ഭവവും വളർച്ചയും എത്ര മനോഹരമാംവണ്ണം ഇതിൽ ചിത്രിച്ചിരിക്കുന്നു! "സ്വർഗ്ഗരാജ്യം, ഒരു മനുഷ്യൻ തന്റെ വയലിൽ വിതച്ചതും, വിത്തുകളിൽ ഏററം ചെറുതും ആയ കടുകുമണിക്കു സദൃ ശമാകുന്നു; എന്നാൽ അതു വളരുമ്പോൾ എല്ലാ ചെടിക ളെക്കാൾ വലുതാകയും, ആകാശപ്പറവകൾ വന്നു കൊമ്പു കളിൽ വസിപ്പാൻ തക്കതിന്മണ്ണം ഒരു വൃക്ഷമായിത്തീരുക യും ചെയ്യുന്നു." (മത്തായി. ൧൩. ൩൧) പുൽത്തൊട്ടിയിൽ ശയിക്കുന്ന ശിശു നായകനും, നിരക്ഷരകുക്ഷികളായ പ ന്ത്രണ്ടു മീൻപിടുത്തക്കാർ അംഗങ്ങളും ആയിരുന്ന ആ പ്രാഥമികദശയിൽ സഭ, വാസ്തവത്തിൽ ഒരു കടുകുമണിക്കു തുല്യമായിരുന്നു. അതിന്റെ ആരംഭം മനുഷ്യദൃഷ്ട്യാ നിസ്സാ രവും നിന്ദാർഹവുമായിരുന്നു. എന്നാൽ അതിവേഗത്തിൽ അതു മുളയ്ക്കുകയും, തായ്‌വേരു ദൃഢമായി മണ്ണിൽ ഊന്നുകയും ക്രമേണ ലോകം മുഴുവനും വ്യാപിക്കുകയും ചെയ്തു. സമസ്ത ശ ക്തികളും, സകല വർഗ്ഗങ്ങളും, അഖില ജനങ്ങളും, സകലത്ര പടർന്നു കിടക്കുന്ന അതിന്റെ ശാഖോപശാഖകളെ അ ഭയം പ്രാപിച്ചു സസുഖം മരുവുന്നു

പുളിച്ച അപ്പത്തിൻെറ ഉപമ, സുവിശേഷപ്രകീൎത്തിതമായ സുകൃതത്തിൻെറ ഒരു മനോഹരചിത്രമാകുന്നു. പുതിയനിയമത്തിലേ തത്വശകലങ്ങൾ, ഏതുവിധം മനുഷ്യരെ സ്പൎശിക്കുന്നുവെന്നും, മനുഷ്യഹൃദയങ്ങളെ എങ്ങനെ രൂപാന്തരപ്പെടുത്തുന്നുവെന്നും അതു കാണിച്ചുതരുന്നു. പുളി, ഭക്ഷ്യപദാൎത്ഥങ്ങളുടെ ഓരോ ഭാഗങ്ങളിലും ഉൾപ്രവേശിച്ച് അതിനെ രുചികരമാക്കുകയത്രെ ചെയ്യുന്നതു്. ഇപ്രകാരം തന്നെ സുവിശേഷം മനുഷ്യവൎഗ്ഗത്തിൻെറ നാരായവേരിനെ സ്പൎശിക്കയും, വ്യക്തികളിലും ജാതികളിലും അതിൻെറ സനാതനശക്തി ഉൾപ്രവേശിപ്പിച്ചു ലോകത്തെ മുഴുവൻ ദൈവത്തിനു പ്രീതിദമാകത്തക്കതിമ്മണ്ണം ഭാസുരവും നിൎമ്മലവും ആക്കിച്ചമയ്ക്കുകയും ചെയ്യുന്നു.

നല്ല വിത്തിനേയും, കളകളേയും സംബന്ധിച്ചുള്ള അന്യാപദേശം, സഭയുടെ ഭാവിസ്ഥിതിയെക്കുറിച്ചു സമ്യക്കായ ജ്ഞാനം നമുക്കു പ്രദാനംചെയ്യുന്നു. കൃഷിക്കാരനും, അയാളുടെ ഭൃത്യന്മാരും ഫലഭൂയിഷ്ഠമായ വയലിൽ നല്ല വിത്തു വിതച്ചുവെങ്കിലും, രാത്രിയിൽ ഭൃത്യന്മാർ ഉറങ്ങിക്കിടക്കുമ്പോൾ ശത്രുക്കൾ വന്നു കള വിതച്ചു. ഇവിടെ രണ്ടു സൈന്യങ്ങളെയാണു നാം ദൎശിക്കുന്നതു്. ഒന്നു ക്രിസ്തുവിൻെറതു്; മററതു പിശാചിൻെറതു്. ഒരു ഭാഗത്തു നമ്മുടെ ദിവ്യരക്ഷകനും അദ്ദേഹത്തിൻെറ അനുയായികളായ അപ്പസ്തോലന്മാർ, പുണ്യവാന്മാർ, രക്തസാക്ഷികൾ, വി. കന്യകകൾ മുതലായവരും നല്ല വിത്തു വിതച്ചുകൊണ്ടിരിക്കുന്നു. മറുഭാഗത്തു ലൂസിഫെറും അവൻെറ അനുചരന്മാരായ പിശാചങ്ങൾ, ദാംഭികപ്രവാചകർ, നവീനമതസ്ഥാപകർ, സഭാസംസ്കാരകരെന്നു സ്വയം ഉദ്ഘോഷിക്കുന്ന പാഷണ്ഡികൾ, ദുഷ്ടത പ്രചരിപ്പിക്കുന്ന ദുൎബ്ബുദ്ധികൾ ആദിയായവരും

പാപമാകുന്ന കള വിതയ്ക്കുന്നതിൽ വ്യാപൃതരായിരിക്കുന്നു. കൊയിത്തിനു മുമ്പു ക്രിസ്തു കളകളെ നശിപ്പിക്കുന്നില്ല. നല്ല വിത്തുകളോടുകൂടി വളരുവാൻ സമ്മതിക്കയാണു ചെയ്യുന്നതു്. സഭയിൽ എന്നും ശിഷ്ടന്മാരും, ദുഷ്ടന്മാരും ഉണ്ടായിരിക്കും. ജീവിതമാകുന്ന പന്ഥാവിൽവച്ചു നിതിമാന്മാരും ദുഷ്ടന്മാരും തമ്മിൽ പലപ്പോഴും കണ്ടുമുട്ടി എന്നു വരാം. എന്നാൽ അവസാനദിവസം—ആ കൊയിത്തു ദിവസം—ദൈവദൂതന്മാർ ഇവരെ നിശ്ചയമായും വേർതിരിക്കും. ശിഷ്ടന്മാർ ദൈവത്തിൻെറ അറപ്പുരകളിൽ സൂക്ഷിക്കപ്പെടുകയും, ദുഷ്ടന്മാർ നിത്യാഗ്നിയിലേയ്ക്കു തള്ളപ്പെടുകയും ചെയ്യും.

വിസ്മയാവഹമായ മീൻപിടുത്തവും സഭയെ പുരസ്കരിച്ചുള്ള മറെറാരു പ്രവചനമത്രെ. ദിവ്യരക്ഷകൻ ഒരു ദിവസം, ജനാസറേത്തു തടാകത്തിൽ പത്രോസിൻെറ പടവിൽ ഇരുന്നുകൊണ്ടു കരയിൽ നിന്നിരുന്ന അനേകായിരം ജനങ്ങൾക്കു ദിവ്യപ്രബോധനം നൽകുകയായിരുന്നു. തൽസമയം, ഭാവിയിൽ അദ്ദേഹത്തിൻെറ പ്രതിപുരുഷനാകുവാനിരുന്ന പത്രോസിനോടു്, ആഴത്തിലേയ്ക്കു പടവു നീക്കി വലയിട്ടു മീൻപിടിക്കുവാൻ കല്പിച്ചു. പത്രോസ് കർത്താവിൻെറ നിർദ്ദേശാനുസരണം പ്രവൎത്തിക്കയും അനവധി മത്സ്യങ്ങൾ പിടിക്കയുംചെയ്തു. മത്സ്യങ്ങളുടെ സംഖ്യാധിക്യത്താൽ വല പൊട്ടുകയും, പടവു മുങ്ങിപ്പോകുമെന്ന പതനത്തിലെത്തുകയും ചെയ്തു. ഈ മനോഹരരംഗത്തിലേ ഓരോഭാഗവും സുവിശേഷംവഴിയുള്ള ആത്മാവുകളുടെ മാനസാന്തരത്തെയത്രെ സൂചിപ്പിക്കുന്നതു്. ജനാസറേത്തു തടാകം ലോകവും, ക്രിസ്തു കയറിയിരുന്നുകൊണ്ടു് ഉപദേശം ചെയ്യുന്നതായ പത്രോസിൻെറ പടവു സഭയുമാകുന്നു. പടവിലേ മാലുമി, പ്രേഷിതപ്രമുഖനായ പത്രോസിൻേറയും പിൻഗാമികളു

ടേയും പ്രാതിനിധ്യം വഹിക്കുന്നു. വലയിൽ പിടിച്ച മത്സ്യങ്ങൾ, മാനസാന്തരപ്പെടുന്ന ജനങ്ങളെ സൂചിപ്പിക്കുന്നു. പടവു മുങ്ങുവാൻ തുടങ്ങുന്നതു സഭയ്ക്കു നേരിടുന്ന പീഡനങ്ങളേയും അത്യാഹിതങ്ങളേയും കുറിക്കുന്നു. വലകീറുന്നതും, മത്സ്യങ്ങൾ നഷ്ടപ്പെടുന്നതും, ഇടത്തൂട്ടം ശീശ്മയുംവഴി സത്യവിശ്വാസികൾ മതത്യാഗികളാകുന്നതിനെ വിശദീകരിക്കുന്നു.

ക്രിസ്തുവിൻെറ അത്ഭുതങ്ങളും മററു പ്രവൃത്തികളും സഭയുടെ ഒരു പ്രതിബിംബനമാകുന്നു. ഗലിലേയാതടാകത്തിലുണ്ടായ കൊടുങ്കാററു തന്നെ ഉദാഹരണമായി എടുക്കാം. യേശു വേറൊരവസരത്തിൽ ശിഷ്യന്മാരോടുകൂടെ പത്രോസിൻെറ തോണിയിൽ കയറി ആ കടലിലൂടെ യാത്ര ചെയ്തു. അപ്പോൾ ഒരു വലിയ കൊടുങ്കാററുണ്ടാകയും, ക്ഷോഭിച്ച കടൽ അവരെ വിഴുങ്ങിക്കളയുമെന്നു ഭയപ്പെടുകയും ചെയ്തു. ദിവ്യരക്ഷകൻ ഗാഢനിദ്രയിൽ ലയിച്ചിരുന്നു. ശിഷ്യന്മാർ അദ്ദേഹത്തെ ഉണർത്തുവാൻ തുനിയാതെ, വളരെനേരം പ്രകൃതിയുടെ ഉഗ്രതയോടു മല്ലിട്ടുനിന്നു. ചിലപ്പോൾ ആ ചെറുവഞ്ചി തിരമാലകളിലകപ്പെട്ടു പൊങ്ങിയും താഴ്ന്നും, തേങ്ങിയും മറിഞ്ഞും ചുററിക്കറങ്ങി. ഓടുപായ് മുഴുവൻ കീറിപ്പറിഞ്ഞു കാററിൽ പറന്നു. വഞ്ചിതന്നെ പൊളിഞ്ഞു വെള്ളത്തിൽ താണുപോകുമെന്നു കണ്ടു് അവർ ഉടനെ രക്ഷകനെ വിളിച്ചുണർത്തി "കർത്താവേ, ഞങ്ങളെ രക്ഷിക്ക; ഞങ്ങൾ നശിച്ചുപോകുന്നു." എന്നു ഭയവിഹ്വലരായി കേണുവീണപേക്ഷിച്ചു.

## III.

## യഹൂദമതത്തെ സംബന്ധിച്ചുള്ള പ്രവചനങ്ങൾ

പഴയ നിയമത്തിന്റെ തിരസ്കാരത്തേയും യഹൂദന്മാരുടെ നിഷ്കാസനത്തേയും കുറിച്ചു ദിവ്യരക്ഷകൻ പല സന്ദർഭങ്ങളിലും പ്രത്യേകിച്ചു തന്റെ ജീവിതാവസാനത്തിലും പ്രസ്പഷ്ടമായി പ്രസ്താവിച്ചിട്ടുണ്ട്. ക്രിസ്തുവിനാൽ ശപിക്കപ്പെട്ട ഫലശൂന്യമായ അത്തിവൃക്ഷം നാശോന്മുഖമായ യഹൂദാചാര്യസഭയുടെ (Synagogue) ഒരു ഭയാനക ചിത്രം തന്നെ. ദിവ്യരക്ഷകൻ തന്റെ മരണത്തിന്നു കുറേ ദിവസം മുമ്പ് ശിഷ്യരൊന്നിച്ചു ബത്താനിയായിൽ നിന്നും ഏകദേശം മൂന്നു മൈൽ ദൂരെ സ്ഥിതിചെയ്യുന്ന ജറൂസലമിലേയ്ക്കു യാത്രയായി. അതിരാവിലെ ഭക്ഷണം ഒന്നും കഴിക്കാതെ പുറപ്പെട്ടതുകൊണ്ടു മാർഗ്ഗമദ്ധ്യേ അദ്ദേഹത്തിനു ദുസ്സഹമായ വിശപ്പു തോന്നി. വഴിയരികിൽ തഴച്ചു വളർന്നു നിന്നിരുന്ന ഒരു അത്തിവൃക്ഷം കണ്ടു് അതിൽ നിന്നും കുറേ പഴം പറിച്ചു ഭക്ഷിക്കാമെന്നുള്ള ആശയോടുകൂടി അടുത്തുചെന്നു. എന്നാൽ അതിൽ ഒരുപഴംപോലും ഉണ്ടായിരുന്നില്ല. തന്നിമിത്തം അദ്ദേഹം, "മേലിൽ ഒരിക്കലും നിന്നിൽ ഫലമുണ്ടാകാതിരിക്കട്ടെ" എന്നു ശപിച്ചു. ആ നിമിഷംമുതൽ ആ വൃക്ഷം വാടുവാൻതുടങ്ങി. അടുത്തദിവസവും അദ്ദേഹം ശിഷ്യന്മാരോടുകൂടി ആ വഴിയെ യാത്ര ചെയ്യുവാൻ ഇടയായി. അപ്പോൾ ആ വൃക്ഷം തീരെ ഉണങ്ങി നില്ക്കുന്നതായി കാണപ്പെട്ടു: ഇതു് ആദ്യമായി കണ്ടതു പത്രോസാണ്. ഉടനെ അയാൾ ഗുരുവിനെ നോക്കി ഇപ്രകാരം പറഞ്ഞു: "അതാ നോക്കു; അങ്ങു ശപിച്ച അത്തിവൃക്ഷം ഉണങ്ങിപ്പോയിരിക്കുന്നു."

ദൈവശാപമേററ് ഉണങ്ങിയ ഈ വൃക്ഷം, ക്രിസ്തുവിനാൽ തിരസ്കരിക്കപ്പെട്ട 'യഹൂദാചാര്യസഭ'യുടെ ഒരു ഛായയായിട്ടാണു പ്രായേണ കരുതിപ്പോരുന്നത്. മൂന്നു വർഷം മുഴുവനും ക്രിസ്തു, നഷ്ടപ്പെട്ട ആടുകളെ അന്വേഷിക്കുന്ന ഇടയനെപ്പോലെ പാപികളെ തേടി യൂദയാരാജ്യമെങ്ങും ചുററിസഞ്ചരിച്ചു. അവരുടെ രക്ഷയ്ക്കായി പാടുള്ളതെല്ലാം അദ്ദേഹം ചെയ്തു. എന്നിട്ടും ഫലശൂന്യമായ ആ അത്തിവൃക്ഷംപോലെ യഹൂദസഭ പ്രത്യക്ഷപ്പെട്ടതിനാൽ അദ്ദേഹം അതിനെ എന്നേയ്ക്കുമായി ശപിച്ചുകളഞ്ഞു. ഈ ശാപമേററതോടെ യഹൂദമതം നാമാവശേഷമായി.

പ്രസ്തുത ചിത്രത്തെ പൂർണ്ണമാക്കുന്നതിനു് അവിടുന്നു ഭയാനകമായ ഒരു അന്യാപദേശം കൂടെ അരുളിച്ചെയ്തു. ജറൂസലേം പട്ടണത്തിനു സമീപെ ഉണ്ടായിരുന്ന മനോഹരമായ ഒരു മുന്തിരിത്തോട്ടത്തെ അദ്ദേഹം ഹൃദയാവർജ്ജകമായ രീതിയിൽ വർണ്ണിക്കുന്നു. യജമാനൻ സ്വകരങ്ങളാൽത്തന്നെ ചെടികൾ നടുകയും, വേലികെട്ടി സൂക്ഷിക്കയും, മോഷ്ടാക്കളും, വന്യമൃഗങ്ങളും അതിനെ ആക്രമിക്കാതിരിപ്പാൻ ഒരു ഗോപുരം പണിതു് ഒരു കാവൽക്കാരനെ നിശ്ചയിക്കുകയും ചെയ്തു. മുന്തിരിങ്ങാ ആട്ടുന്നതിനു് ഒരു ചക്കും സ്ഥാപിച്ചു. ഇപ്രകാരം അയാൾ ആ തോട്ടത്തെ മനോഹരവും പരിപൂർണ്ണവുമാക്കിച്ചെയ്തു. "ഞാൻ എന്റെ മുന്തിരിത്തോട്ടത്തിൽ ചെയ്യേണ്ടവയും, എന്നാൽ ചെയ്യാത്തവയുമായി ഇനി എന്തു തന്നെയുണ്ടു്?" (ഇസ. ൫. ൪.) എന്നു് ആ തോട്ടത്തെപ്പററി യജമാനനു ന്യായമായി പറയാമായിരുന്നു.

ദൈവത്തിന്റെ അതീവസ്നേഹത്തിനു പാത്രീഭവിച്ചതും, ലോകത്തെ ആകമാനം വശളാക്കിയിരുന്ന വിഗ്രഹാരാധന തുടങ്ങിയ ദുരാചാരങ്ങളിൽനിന്നു സംരക്ഷിക്കപ്പെട്ടതുമായ യഹൂദജനം തന്നെയാണു് ഈ മുന്തിരിത്തോട്ടം. ഫലം ശേഖ

രിക്കുന്നതിനുള്ള കാലമായപ്പോൾ യജമാനൻ വേലക്കാരെ—ദീർഘദർശികളെ—ആ ജോലിക്കു നിയോഗിച്ചയച്ചു. എന്നാൽ തോട്ടംസൂക്ഷിപ്പുകാർ അവരിൽ ചിലരെ പ്രഹരിക്കയും, മററു ചിലരെ വധിക്കുകയുംചെയ്തു. ഒടുവിൽ യജമാനൻ തൻെറ ഏകപുത്രനെ ആ തോട്ടത്തിലേയ്ക്കയച്ചു. പക്ഷേ അവർ ഇവനെ കാണുമ്പോൾ ആദരപൂർവ്വം പെരുമാറും എന്നായിരുന്നു അദ്ദേഹത്തിൻെറ വിചാരം. എന്നാൽ ദുഷ്ടന്മാരായ കൃഷിക്കാർ അവനെ മുന്തിരിത്തോട്ടത്തിൽനിന്നു വലിച്ചിഴച്ചു പുറത്തു കൊണ്ടുവന്നു നിഷ്കരുണം വധിച്ചുകളഞ്ഞു. മൂന്നുദിവസത്തിനുശേഷം ഗാഗുൽത്താ മലയിൽ വച്ചു നടക്കുവാനിരുന്ന ആ ദയനീയ സംഭവത്തെപ്പററിയുള്ള പ്രസ്പഷ്ടവും സംഗ്രഹവുമായ ഒരു പ്രവചനമല്ലയോ ഇതു്? ക്രിസ്തു തുടർന്നു പറയുന്നു: "മുന്തിരിത്തോട്ടത്തിൻെറ ഉടമസ്ഥൻ വരുമ്പോൾ കൃഷിക്കാരോട് അദ്ദേഹം എങ്ങനെ പെരുമാറുമെന്നാണു നിങ്ങൾ വിചാരിക്കുന്നതു്" "അദ്ദേഹം ആ ദുഷ്ടന്മാരെ കഠിനമായി മർദ്ദിച്ചു വധിക്കയും, വിളവുതക്ക സമയത്തു കൊടുത്തു യജമാനനെ ഏല്പിക്കുന്ന വിശ്വസ്തരായ കൃഷിക്കാർക്കു തോട്ടം ഏല്പിച്ചുകൊടുക്കയും ചെയ്യും" എന്നു് അവർ ഉത്തരിച്ചു. ഈ മറുപടി അവരുടെമേൽ പ്രസ്താവിക്കപ്പെടുവാനിരുന്ന ശിക്ഷാവിധിതന്നെ ആയിരുന്നു. റോമാക്കാർ ജറൂസലേം പട്ടണത്തെ പാടെ നശിപ്പിക്കയും വിജാതീയർ വിശുദ്ധസഭയിൽ പ്രവേശിക്കയും ചെയ്തപ്പോൾ ഈ പ്രവചനം അക്ഷരശഃ നിറവേറി. താഴെ പറയുന്ന വാക്യത്താൽ ദിവ്യരക്ഷകൻ ഇതിനെ സ്ഥിരീകരിച്ചിട്ടുമുണ്ട്. "സ്വർഗ്ഗരാജ്യം നിങ്ങളിൽനിന്നും എടുക്കപ്പെടുകയും, അതിൻെറ ഫലങ്ങളെ തരുന്ന ജനത്തിനു കൊടുക്കപ്പെടുകയും ചെയ്യും." ഇരുപതു നൂററാണ്ടുകൾക്കുശേഷം ജീവിക്കുന്ന നാം

ഈ പ്രവചനം പൂർത്തിയായി എന്നുള്ളതിനു ദൃക്സാക്ഷികളാണ്. യഹൂദന്മാർ തിരസ്കരിക്കപ്പെട്ട ഭൂമിയുടെ നാനാഭാഗങ്ങളിലേക്കും ചിതറിക്കഴിഞ്ഞിരിക്കുന്നു. വിജാതീയർ സുവിശേഷമാകുന്ന വെളിച്ചത്താൽ അജ്ഞാനാന്ധകാരത്തിൽനിന്നു ദൈവരാജ്യമാകുന്ന പ്രകാശത്തിലേക്കു ആനീതരുമായിരിക്കുന്നു.

മൂന്നു ദിവസത്തിനുശേഷം, തന്നെ കുരിശിൽ തറയ്ക്കുവാൻ ഒരുങ്ങിയിരുന്ന ഫരിസ്യന്മാരേയും, സ്ക്രീബന്മാരേയും എത്ര സൗമ്യമായും ശാന്തമായും ആണു ക്രിസ്തു ഈ സംഭവങ്ങൾ അറിയിക്കുന്നതു്. "ലോകത്തേയും, സകല ചരിത്ര സംഭവങ്ങളേയും, പ്രതിബന്ധങ്ങളേയും, മത്സരങ്ങളേയും അദ്ദേഹം നന്നായി ഗ്രഹിക്കുന്നു. നടക്കുന്നവയും, നടക്കുവാനിരിക്കുന്നവയും ആയ സകലത്തേയും അവിടുന്നു പ്രത്യക്ഷമായും ദൈവികമായ പ്രശാന്തതയോടുകൂടിയും കാണുന്നു. ക്രിസ്തു, ലോകത്തേയും അതിൽ തൻെറ ശക്തികളുടെ മാത്സര്യത്തേയും ദർശിച്ചതുപോലെ അത്ര സൂക്ഷ്മമായി ഒരു രാജാവു തൻെറ രാജ്യത്തേയൊ, ഒരു സേനാധിപൻ രണഭൂമിയേയൊ, ഒരു വേലക്കാരൻ തൻെറ വയലിനേയൊ ഒരിക്കലും ദർശിച്ചിട്ടില്ല. അദ്ദേഹത്തിൻെറ ആഗ്രഹങ്ങൾ സാധിക്കുമെന്നു് അദ്ദേഹത്തിനു നിശ്ചയമുണ്ടു്. തനിക്കു എന്തെല്ലാം ചെയ്യുവാൻ കഴിയുമെന്നും, താൻ എന്തെല്ലാം ചെയ്യുമെന്നും അദ്ദേഹത്തിന്നറിയാം. അദ്ദേഹം അവയെ കാണുന്നു, പ്രസ്താവിക്കുന്നു, പ്രവൃത്തിയിൽ വരുത്തുന്നു." (Gratry, "Les Sophistes").

22

# IV.

## ജറൂസലേമിന്റെ നാശത്തേയും ലോകാവസാനത്തേയും പററിയുള്ള പ്രവചനങ്ങൾ.

ഓശാന ഞായറാഴ്ച നിരവധി ജനങ്ങളുടെ കൃതജ്ഞതാദ്യോതകമായ അട്ടഹാസധ്വനികൾക്കിടയിൽ ക്രിസ്തു ജറൂസലേമിലേയ്ക്കു പോകുമ്പോൾ ഒലിവേത്തുപർവ്വതത്തിൽ അല്പം വിശ്രമിക്കയുണ്ടായി. അവിടെ നിന്നുകൊണ്ടു, പൗരസ്ത്യരുടെ ആശ്ചര്യവിഷയമായ വിശുദ്ധ നഗരത്തെ ആകമാനം വീക്ഷിക്കുവാൻ അദ്ദേഹത്തിനു കഴിയുമായിരുന്നു. "പ്രാസാദങ്ങളും, പ്രാകാരങ്ങളുംകൊണ്ടു സമാവൃതമായി, രമ്യഹർമ്മ്യങ്ങളാൽ അലംകൃതമായി പരിലസിച്ച ഈ നഗരം, അതിന്റെ മഹിമാവിശേഷത്തെ പ്രദർശിപ്പിക്കുവാനെന്നവണ്ണം കിഴക്കുപടിഞ്ഞാറു നീണ്ടുകിടന്നിരുന്നു. ദേവാലയത്തിന്റെ വെളുത്ത മാർബിൾകല്ലുകളിലും, മേൽപുരയിലുള്ള പൊൻതകിടുകളിലും സൂര്യരശ്മിതട്ടി പ്രതിഫലിക്കുമ്പോൾ ഉൽഭൂതമാകുന്ന ജാജ്ജ്വല്യതയിൽ ദക്ഷിണഭാഗത്തുനിന്നു നോക്കുന്നവന്റെ കണ്ണുകൾ അഞ്ചിപ്പോകുമായിരുന്നു." ക്രിസ്തു, തന്റെ പീഡകളേയും മരണത്തേയും ദർശിക്കുവാനിരുന്ന ആ മനോഹര നഗരത്തെ വീക്ഷിച്ച മാത്രയിൽ കരഞ്ഞുകൊണ്ടു പറഞ്ഞു: "ശത്രുക്കൾ നിന്റെ ചുററും കിടങ്ങുകൾ കുഴിക്കുകയും നിന്നെ ചുററിവളയുകയും എല്ലാഭാഗത്തുനിന്നും മർദ്ദിക്കുകയും, നിന്നെയും നിന്റെ സന്തതികളേയും തറയിലിട്ടു ചവിട്ടിമെതിക്കുകയും ചെയ്യുന്ന ദിവസങ്ങൾവരും. അപ്പോൾ അവർ നിന്നിൽ കല്ലിന്മേൽ കല്ലു ശേഷിക്കുവാൻ അനുവദിക്കയില്ല. എന്തുകൊണ്ടെന്നാൽ

എന്റെ സന്ദർശനസമയം നീ അറിഞ്ഞില്ല. (ലൂക്കാ, ൧൯. ൪൩)

രണ്ടുദിവസം കഴിഞ്ഞു ക്രിസ്തു ജറൂസലേം ദേവാലയത്തോടു് അവസാനയാത്ര ചൊല്ലിയ അവസരത്തിൽ അദ്ദേഹത്തിന്റെ ശിഷ്യന്മാർ, ബ്രഹ്മാണ്ഡമായ ആ ദേവാലയത്തിന്റെ ഭീമങ്ങളായ സ്തംഭങ്ങളേയും, ഉന്നതങ്ങളായ ഗോപുരങ്ങളേയും നോക്കി അത്ഭുതപ്പെട്ടു നില്ക്കയായിരുന്നു. ശിഷ്യരിലൊരാൾ രക്ഷകന്റെനേരെ തിരിഞ്ഞു ഇപ്രകാരം പറഞ്ഞു: "ഗുരോ, അതാ ആ കല്ലുകളെ നോക്കുക; എത്ര വിശേഷമായപണി!" ക്രിസ്തു ഉത്തരമായി പറഞ്ഞു: "ആ വലിയകെട്ടിടങ്ങളെല്ലാം നീ കാണുന്നില്ലേ? ഇടിച്ചു തകർക്കപ്പെടാത്തതായി ഒരു കല്ലിന്മേൽ വേറൊന്നു ശേഷിക്കയില്ല." (മാർക്ക്, ൧൩, ൨) ഇതായിരുന്നു ഈ ദേവാലയത്തോടുള്ള അന്ത്യയാത്രാവചനം. അനന്തരം അദ്ദേഹം നാശക്കുപത്തിൽ നിപതിച്ച ആ നഗരത്തിൽ നിന്നു ജോസഫാത്തു് എന്ന താഴ്വരകടന്നു് ഒലിവേററുഗിരിയുടെ മുകളിലേയ്ക്കു നടന്നു. പർവ്വതാഗ്രത്തിൽ എത്തി അപ്പസ്തോലന്മാരോടൊരുമിച്ച് അദ്ദേഹം ഉപവിഷ്ടനായി. പർവ്വത ശിഖരങ്ങളുടെ ഇടയിൽ കൂടി ജറൂസലേം പട്ടണവും, അതിനു ചുററുമുള്ള കോട്ടകളും അദ്ദേഹത്തിനു നന്നായി കാണാമായിരുന്നു. പ്രധാനാചാര്യന്റെ മന്ദിരവും, ഹേറോദേസിന്റെ അരമനയും, പീലാത്തോസിന്റെ കച്ചേരിയും, ദൂരസ്ഥമായ ഗാഗുൽത്തായും അദ്ദേഹം കണ്ടു. ഈ നഗരിയുടെ നാശം എപ്പോൾ സംഭവിക്കുമെന്നു ശിഷ്യർ ചോദിച്ചപ്പോൾ, അവസാനനാശത്തേയും, അതിനുമുമ്പു നടക്കുവാനിരിക്കുന്ന ചില സംഭവങ്ങളേയും കുറിച്ച് അദ്ദേഹം പ്രസ്താവിക്കയുണ്ടായി. വഞ്ചകന്മാരായ ദീർഘദർശികൾ ആവിർഭവിക്കുകയും, പലരേയും വഴിതെററിക്കുകയും ചെയ്യും. യുദ്ധങ്ങൾ,

യുദ്ധത്തെക്കുറിച്ചുള്ള കിംവദന്തികൾ, സാംക്രമികരോഗങ്ങൾ, ഭൂകമ്പങ്ങൾ, ക്ഷാമം മുതലായ നിരവധി വിപത്തുകൾ നേരിടും. സഭയ്ക്കെതിരായി അനവധി പീഡനങ്ങൾ ഉണ്ടാകുകയും സഭയെ നിർമ്മൂലമാക്കുമെന്നു ഭയപ്പെടുത്തുകയും ചെയ്യും. പിന്നെയും അദ്ദേഹം തുടൎന്നുപറയുന്നു: "പുണ്യനഗരിയിലെ ശൂന്യതയും അഴിമതിയും നിങ്ങൾ കാണുമ്പോൾ—ജരൂസലേം സൈന്യങ്ങളാൽ ചുററപ്പെട്ടതായി കാണുമ്പോൾ—അതിൻെറ നാശം അടുത്തിരിക്കുന്നുവെന്നു നിങ്ങൾ അറിഞ്ഞുകൊള്ളുവിൻ. അപ്പോൾ യൂദയായിലുള്ളവർ മലകളിലേയ്ക്കു ഓടിപ്പോകട്ടെ; ഇവയെല്ലാം സംഭവിച്ചല്ലാതെ ഈ തലമുറ കടന്നുപോകയില്ല എന്നും സത്യമായിട്ടു നിങ്ങളോടു ഞാൻ പറയുന്നു. (മത്തായി, മാർക്കോസ്, ലൂക്കാ).

ഈ പ്രവചനങ്ങൾ എല്ലാം മുപ്പത്തഞ്ചു വർഷത്തിനു ശേഷം അക്ഷരംപ്രതി നിറവേറി എന്നുള്ളതിനു ചരിത്രം മതിയായ സാക്ഷ്യം നൽകുന്നുണ്ടു്. (Josephus, "Ant." xx. 5, 1; "De Bello Judaico," ii. 13, 5).

ജരൂസലേമിൻെറ നാശം ആസന്നമായപ്പോഴത്തെപ്പോലെ മുമ്പൊരിക്കലും, അസത്യം അത്ര പ്രബലപ്പെടുകയൊ, വഞ്ചകന്മാരുടേയും കള്ളദീർഘദർശികളുടേയും സംഖ്യ അത്ര വർദ്ധിക്കുകയൊ ചെയ്തിട്ടില്ല. ജനസാമാന്യം അജ്ഞന്മാരും വഞ്ചകന്മാരുമായ ഈ നേതാക്കന്മാരെ അനുഗമിക്കുകയും, അവരുടെ നാശകരമായ ഉപദേശങ്ങൾ അനുസരിച്ചു ജീവിക്കുകയും ചെയ്തിരുന്നു. യോർദനാൻ നദിയിലെ വെള്ളം തടുത്തുനിറുത്തി വഴിതുറന്നു കൊടുക്കുമെന്ന വിശ്വാസത്തോടെ ഒരിക്കൽ ഒരു വമ്പിച്ച ജനക്കൂട്ടം, തങ്ങൾക്കുള്ള സമസ്തവും എടുത്തുകൊണ്ടു, പ്രവാചകനെന്നു സ്വയം അഭി

മാനിച്ചിരുന്ന ഒരുഭ്രാന്തനെ അനുഗമിക്കയുണ്ടായി. മറെറാരു വഞ്ചകൻെറ വാക്കുകേട്ട മുപ്പതിനായിരം ജനങ്ങൾ, ജറൂസലേം നഗരത്തിൻെറ ഭിത്തികൾ നിലം പതിക്കുമെന്ന പ്രതിക്ഷയോടെ വളരെ ദിവസങ്ങൾ ഒലിവേററു മലയിൽ കഴിച്ചുകൂട്ടി. മതഭ്രാന്തന്മാരുടെ ജല്പനങ്ങൾ പലപ്പോഴും കലഹങ്ങൾക്കും, മരണത്തിനുംകൂടി കാരണമായിട്ടുണ്ട്. ഇപ്രകാരം ബുദ്ധിശൂന്യമായി പ്രവൎത്തിക്കത്തക്കവിധം അന്നത്തെ ജനങ്ങൾ അത്രയ്ക്കു് അന്ധന്മാരായിരുന്നു. അക്കാലത്തു യൂപ്രട്ടീസു നദിയും കാസ്പിയൻതടാകവും മുതൽ 'ഗാളി'ലുള്ള ബ്രിട്ടനിവരെയും യുദ്ധങ്ങളും, കലഹങ്ങളും നടന്നുകൊണ്ടിരുന്നു. ഭൂമികുലുക്കം മൂലം ചില പട്ടണങ്ങൾ നാമാവശേഷമാകയും ലോകം മുഴുവൻ ഭയന്നു വിറയ്ക്കുകയും ചെയ്തു. ഭയാനകങ്ങളായ ഈ സംഭവങ്ങളെ പുരസ്കരിച്ചു സെനെക്കാ ഇപ്രകാരം എഴുതിയിരിക്കുന്നു. "ഏഷ്യായിലും, അക്കായിയായിലും എത്ര പട്ടണങ്ങൾ നിലംപതിച്ചിരിക്കുന്നു! എത്ര നഗരങ്ങൾ സിറിയായിലും, മാസിഡോനിയായിലും നാമാവശേഷമായിരിക്കുന്നു. സൈപ്രസുദ്വീപിൽ എത്ര വിനാശലക്ഷണങ്ങൾ ആണു പ്രത്യക്ഷപ്പെട്ടു തുടങ്ങീട്ടുള്ളതു്! എത്ര പ്രാവശ്യം പാഫോസുപട്ടണം ആപൽഛക്തികൾക്കധീനമായിത്തീർന്നു! പല പട്ടണങ്ങളും നിശ്ശേഷം നിപതിച്ചിരിക്കുന്നുവെന്നു പലപ്പോഴും നാം കേൾക്കുന്നില്ലേ?" ഈ അവസരത്തിൽ ക്ഷാമവും സാംക്രമികരോഗങ്ങളും റോമാസാമ്രാജ്യത്തിൽ സൎവ്വത്ര വ്യാപിക്കയും മുപ്പതിനായിരം റോമാക്കാർ മൂന്നു മാസങ്ങൾക്കിടയിൽ മൃത്യു അടയുകയും ചെയ്തു.

ക്രിസ്തീയമതപീഡനം അത്യധികം ഭയങ്കരവും നിഷ്ഠുരവും ആയിരുന്നു. വി. പത്രോസിൻേറയും പൗലോസിൻേറയും വേദസാക്ഷിത്വത്തിനു കാരണഭൂതനായ നീറോയുടെ

ഭരണകാലത്തു് അതു കൂടുതൽഭയാനകം തന്നെയായിരുന്നു. ക്രിസ്തുവിൻെറ അനുയായികൾ ക്രൂരതരങ്ങളായ പീഡനങ്ങൾക്കു വിധേയരായി. ചിലരെ കുരിശിൽ തറച്ചു; മററു ചിലരെ വന്യമൃഗങ്ങൾക്കു് എറിഞ്ഞുകൊടുത്തു; വേറെ ചിലരെ കീലും ഗന്ധകവും കൊണ്ടുണ്ടാക്കിയ ദ്രാവകത്തിൽ മുക്കി പന്തങ്ങൾക്കുപകരം രാജവീഥികളിൽ കത്തിച്ചു നിറുത്തി.

സെസ്റ്റിയസ് എന്ന സേനാനായകൻ ജറൂസലേം പട്ടണം നിരോധിക്കയും അയാളുടെ അനുചരന്മാരിൽ ചിലർ ദേവാലയത്തിൽ പ്രവേശിച്ചു് അവിടെ പല അഴിമതികൾ പ്രവത്തിക്കയും ചെയ്തു. അവർ കൂട്ടക്കൊല നടത്തി മൃതശരീരങ്ങൾകൊണ്ടു വിശുദ്ധസ്ഥലത്തെ നിറച്ചു. ബലിപീഠങ്ങൾ അശുദ്ധമാക്കുകയും ഹാസ്യഭാവത്തിൽ വിശുദ്ധകമ്മങ്ങൾ അനുഷ്ഠിക്കയും ചെയ്തു. ജറൂസലേം റോമാക്കാരാൽ നശിപ്പിക്കപ്പെട്ടില്ലായിരുന്നുവെങ്കിൽ ഒരു ജലപ്രളയത്താലൊ, ആകാശത്തിൽനിന്നുള്ള അഗ്നിയാലൊ അതു നശിപ്പിക്കപ്പെടുമായിരുന്നുവെന്നു വിചാരിക്കുവാൻ തക്കവണ്ണം അത്ര ഭയങ്കരതരങ്ങളായിരുന്നു അവിടെ നടന്ന ദുഷ്കൃത്യങ്ങൾ എന്നു ജൊസേഫൂസു തന്നെ പ്രസ്താവിക്കുന്നു. ജറൂസലേമിൻെറ നാശത്തെക്കുറിച്ചു ക്രിസ്തു ചെയ്ത പ്രവചനങ്ങൾ ഓമ്മയുണ്ടായിരുന്നതുകൊണ്ടു പട്ടണത്തിലുണ്ടായിരുന്ന ക്രിസ്ത്യാനികൾ എല്ലാവരും യോർദനാൻ നദിയുടെ മറുകരയിലേക്കു പലായനം ചെയ്തു. മാർഗ്ഗമദ്ധ്യേ നിന്നുകൊണ്ടു ദൗർഭാഗ്യ പൂർണ്ണമായ തങ്ങളുടെ പട്ടണത്തിൻെറ ഭയങ്കരമായ വിനാശത്തെ അവർ സവ്യസനം വീക്ഷിച്ചു. ഈ നാശത്തെ പൂത്തിയാക്കിയതു ടൈററസ്സു് ആണു്. അയാൾ ആ പട്ടണത്തിൻെറ ചുററും കോട്ടകെട്ടി ഹതഭാഗ്യരായ പതിനൊന്നു

ലക്ഷം യഹൂദജനങ്ങളെ അതിലിട്ട നിർദ്ദയം വധിച്ചു. വിശുദ്ധ ദേവാലയം പോലും അഗ്നിക്കു ഇരയായി.

കുറെ കൊല്ലങ്ങൾക്കുശേഷം ഹഡ്റിയൻ ചക്രവർത്തിയുടെ ഭരണകാലത്തു യഹൂദന്മാർ, നഷ്ടീഭവിച്ച സ്വാതന്ത്ര്യത്തെ പുനസ്ഥാപിക്കുന്നതിനായി പ്രയത്നിച്ചെങ്കിലും, ആറു ലക്ഷം പേർ വാളിനിരയാകുകയും, ശേഷിച്ചവർ ശത്രുക്കളാൽ തടവുകാരായി പിടിക്കപ്പെട്ടുകയും ആണുണ്ടായതു്. ഇപ്രകാരം ഇവർ അടിമകളായതും അനന്തരം പല ദേശങ്ങളിലേക്കു ചിന്നിച്ചിതറിപ്പോയതും ദിവ്യരക്ഷകൻെറ പ്രവചനങ്ങളെയാണു നമ്മെ അനുസ്മരിപ്പിക്കുന്നതു്. "അവർ എല്ലാജാതികളിലേക്കും അടിമകളായി കൊണ്ടുപോകപ്പെട്ടുകയും പുറജാതികളുടെ കാലങ്ങൾ പൂർത്തിയാവോളം ജറുസലേം പുറജാതികളാൽ ചവിട്ടപ്പെട്ടുകയും ചെയ്യും." (ലൂക്കാ, ൨൧. ൨൪) ഇപ്രകാരം യഹൂദജനം മുഴുവനും എല്ലാ ജതികളിലേക്കും ചിന്നിച്ചിതറിപ്പോയി എന്നുള്ളതു് അന്യാദൃശവും തുലാരഹിതവുമായ ഒരു ചരിത്രസംഭവമാണു്. മനുഷ്യൻ സ്വന്തദേശം വിട്ടു് അന്യനാട്ടിൽ വാസം ഉറപ്പിക്കുമ്പോൾ തദ്ദേശീയരുമായുള്ള സമ്പർക്കംമൂലം താമസംവിനാ അവരുടെ പഴയ ആചാരങ്ങളെല്ലാം നാമാവശേഷമായിത്തീരുന്നതു സാധാരണമാണല്ലോ. സ്പെയിനിലെ മൂർജാതിക്കാരും, ഫ്റാൻസിലെ ഫ്റാങ്കുകാരും, ബ്രിട്ടനിലെ സാക്സന്മാരും ഇതിനു് ഉദാഹരണമാണു്. എന്നാൽ യഹൂദർ ഈ നിയമത്തിനു വിധേയരല്ലാത്ത മട്ടിൽ പ്രത്യക്ഷപ്പെടുന്നു. പത്തൊൻപതു ശതവർഷങ്ങളോളം പല രാജ്യങ്ങളിൽ കുടിയേറിത്താമസിച്ചുവെങ്കിലും അവർ ഇതരന്മാരുടെ ആചാരമര്യാദകളെ സ്വീകരിക്കാത്തതിൻെറ കാരണം എന്തായിരിക്കാം? ബഹുവിധ കഷ്ടതകൾ അവരെ ബാധിച്ചെങ്കിലും ഇന്നും അവരുടെ

സാമുദായികവും, വ്യക്തിപരവുമായ പ്രത്യേക ജീവിതസമ്പ്രദായത്തെ നിലനിൎത്തിക്കൊണ്ടു പോരുവാൻ അവൎക്കു സാധിച്ചിട്ടുണ്ട്. അവർ അന്യജാതികളുമായി കലൎന്നുപോകാതെ സംരക്ഷിക്കപ്പെട്ടിരിക്കുന്നതു, ദൈവം ഇനിയും ഭാഗ്യഹീനരായ ആ ജനത്തിനുവേണ്ടി എന്തൊക്കയൊ ചെയ്വാനിരിക്കുന്നുവെന്നതിനെയാണു സൂചിപ്പിക്കുന്നതു് എന്നു ബോസ്വെ പ്രസ്താവിക്കുന്നു ("Discours Sur l'Histoire universalle," Part ii, Chap. xx).

ജറൂസലേമിന്റെയും ലോകംമുഴുവന്റെയും നാശത്തെപ്പററിയുള്ള പ്രവചനങ്ങളെ സുവിശേഷകന്മാർ വിവരിക്കുന്നതു, തമ്മിൽതിരിച്ചറിവാൻ വഹിയാത്തവിധം അത്രയ്ക്കു ഐകരൂപ്യത്തോടു കൂടിയാണ്. ജറൂസലേമിന്റെ അധഃപതനം ലോകത്തിനു നേരിടുവാനിരിക്കുന്ന നാശത്തിന്റെ ഒരു ചെറിയ ചിത്രമായിട്ടു നമുക്കു കരുതാം. സൃഷ്ടവസ്തുക്കൾ എല്ലാം പ്രകൃതിനിയമത്തിനൊന്നിനും കീഴ്പ്പെടാതെ വൎത്തിപ്പാൻ തുടങ്ങും. ആകാശമണ്ഡലത്തിലും, അന്തരിക്ഷത്തിലും, ഭൂമുഖത്തും, സമുദ്രമദ്ധ്യത്തിലും ഭയങ്കരങ്ങളായ പരിവൎത്തനങ്ങൾ ഉണ്ടാകും. വായുവിൽ ഇടിനാദം മുഴങ്ങും. സമുദ്രത്തിൽ അത്ഭുതപൂൎവ്വമായ കൊടുങ്കാററു് ഉൽഭവിക്കും. ക്ഷാമം സൎവ്വത്ര വ്യാപിക്കും. ജനതതി ക്ലേശങ്ങൾക്കു വിധേയമാകും. ഭൂകമ്പം, അഗ്നിവൎഷം ഇവയാൽ നിരവധി നഗരങ്ങൾ നശിച്ചു വെണ്ണീറാകും. മനുഷ്യർ കണക്കില്ലാതെ തീയിൽ ഈയൽ എന്നവിധം ചത്തൊടുങ്ങും. എന്നുവേണ്ട, പ്രകൃതി മുഴുവനും, ഇന്നുവരെ അറിയപ്പെട്ടിട്ടില്ലാത്തവിധം ക്ഷോഭിച്ചു വശാവും. സൂൎയ്യഗോളത്തിലും, ചന്ദ്രബിംബത്തിലും, നക്ഷത്രസമൂഹങ്ങളിലും ഭാവഭേദങ്ങൾ പ്രത്യക്ഷമാകും. സൂൎയ്യൻ ഇരുളുകയും, ചന്ദ്രൻ മങ്ങുകയും, നക്ഷത്ര

ങ്ങൾ സ്വസ്ഥാനങ്ങൾ ഉപേക്ഷിച്ചു ഭൂമിയിൽ നിപതിക്കു കയും ചെയ്യും. വി. യോഹന്നാൻ അദ്ദേഹത്തിൻെറ വെളി പാടിൽ സൂര്യൻ രട്ടശീല (Sack-cloth) പോലെ ഇരുളുകയും, ചന്ദ്രൻ രക്തതുല്യം നിറം പകരുകയും ചെയ്യുമെന്ന് എഴു തിയിരിക്കുന്നു. ജാതി ജാതിക്കെതിരായിട്ടും, രാജ്യം രാജ്യത്തി നെതിരായിട്ടും പൊരുതു തുടങ്ങും. ഇങ്ങനെ മനുഷ്യർ തന്നെയും ക്ഷോഭത്തെ പൂർവ്വാധികം വർദ്ധിപ്പിക്കും. ലോകാവ സാനത്തിൽ ഉണ്ടാകുവാൻ പോകുന്ന കലഹത്തിൻെറ ഭയങ്ക രതയെ ആക്കു വർണ്ണിക്കുവാൻ സാധിക്കും? ലക്ഷങ്ങൾ ലക്ഷ ങ്ങളെ എതിർക്കുകയും, പീരങ്കിധ്വനികൾ ഒരു ധ്രുവംമുതൽ മറേറ ധ്രുവംവരെ എത്തുകയും, മരണവും നാശവും അരാ ജകത്വവും എല്ലായിടത്തും വ്യാപിക്കുകയും ചെയ്യും!!

എന്നാൽ ഈ നാശങ്ങളും, ബഹളങ്ങളും വിശുദ്ധ സഭയ്ക്കു നേരിടുവാനിരിക്കുന്ന മർദ്ദനങ്ങളോടു തുലനം ചെയ്യു മ്പോൾ കേവലം നിസ്സാരങ്ങളാകുന്നു. പാപത്തിൻെറയും, നാശത്തിൻെറയും മൂർത്തിയായ 'അന്തിക്രിസ്തു' അപ്പോൾ "സ കല ശക്തികളോടും, അടയാളങ്ങളോടും, കുതന്ത്രങ്ങളോടും" കൂടി പ്രത്യക്ഷനാകും. പൈശാചികശക്തിയാൽ അവൻ മന്ത്രവാദിയായ സൈമനെപ്പോലെ ക്രിസ്തു ചെയ്ത സകല അത്ഭുതപ്രവൃത്തികളേയും അനുകരിച്ചുകൊണ്ടു പലരേയും വഞ്ചിക്കും. എന്നാൽ അവസാനം അവൻതന്നെ വഞ്ചിത നാകും. വി. യോഹന്നാൻ അവനെ മൃഗമെന്നു വിളിക്കയും, ഏററം അധമനും, ക്രൂരനും, ദുഷ്ടനും, ചഞ്ചലഹൃദയനുമാ യി വർണ്ണിക്കുകയും ചെയ്യുന്നു. മുമ്പൊരിക്കലും ഉണ്ടായിട്ടില്ലാ ത്തവിധം അത്ര ഉഗ്രമായ പീഡകൾ അവൻ നിമിത്തം ഉ ണ്ടാകും. "ലോകാരംഭംമുതൽ ഇതുവരെയും സംഭവിച്ചിട്ടില്ലാ ത്തതും, ഭാവിയിൽ സംഭവിക്കയില്ലാത്തതുമായ മഹാ പീഡ

അപ്പോൾ ഉണ്ടാകും. ആ ദിവസങ്ങൾ ചുരുക്കപ്പെട്ടില്ലായിരുന്നെങ്കിൽ യാതൊരു ജനവും രക്ഷപെടുകയില്ലായിരുന്നു." (മത്താ. ൨൪. ൨൧) അപ്പോൾ ലോകത്തിൻെറ അവസാനം അത്യാസന്നമായി എന്നു നിങ്ങൾ അറിയും. മരിച്ചവരേയും, ജീവിക്കുന്നവരേയും വിധിക്കുന്നതിനായി "മനുഷ്യപുത്രൻ വാനമേഘങ്ങളിൽ ബഹു ശക്തിയോടും മഹത്വത്തോടും കൂടെ വരുന്നതു കാണുകയും ചെയ്യും." (മത്താ. ൨൪. ൩൦)

# അദ്ധ്യായം ൭.

## മിശിഹായുടെ സ്വഭാവം.

### I.

### വിശുദ്ധ ലിഖിതങ്ങളും മിശിഹായുടെ സ്വഭാവവും.

ക്രിസ്തുവിനെ അറിയുന്നതിനും, അദ്ദേഹത്തിന്റെ സ്വഭാവം ഗ്രഹിക്കുന്നതിനും വിശുദ്ധ ലിഖിതങ്ങളെയാണു നാം പരിശോധിക്കേണ്ടതു്. ഈ ലിഖിതങ്ങൾ അദ്ദേഹത്തെ ശ്രേഷ്ഠവും, പരിപാവനവും `മനുഷ്യബുദ്ധിക്കു് അതീതവുമായ ഒരാദർശമായി ചിത്രിക്കുന്നു. അദ്ദേഹത്തിൽ കാണുന്ന അനിതരസാധാരണമായ ഗുണവിശേഷങ്ങൾക്കു പ്രകൃതിയിൽത്തന്നെ കാരണങ്ങൾ അന്വേഷിച്ചതുകൊണ്ടു് അവിശ്വാസികൾ പല അബദ്ധങ്ങളിലും ചെന്നു കുടുങ്ങിയിട്ടുണ്ടു്. എങ്കിലും അവരിൽ ആരുംതന്നെ പ്രസ്തുത ഗുണവിശേഷങ്ങളെ നിഷേധിക്കുവാൻ മുതിർന്നിട്ടില്ല. മനുഷ്യപരിപൂർണ്ണതയുടെ തികഞ്ഞ ഒരു മാതൃകയാണു് അദ്ദേഹമെന്നു് അവർ സമ്മതിക്കുക്കൂടിച്ചെയ്യുന്നു. "ഏതെങ്കിലും വിധത്തിൽ ആക്ഷേപാർഹനാകാത്ത ഒരു തത്വശാസ്ത്രിയും പ്രാചീന

കാലത്തിൽ ജീവിച്ചിരുന്നില്ല. പഴയനിയമത്തിലെ 'പിതാക്കന്മാ'ക്കു (Patriarchs) പോലും ഓരോ ന്യൂനതകൾ ഉണ്ടായിരുന്നു. മിശിഹാ മാത്രമേ കളങ്കരഹിതനായുള്ളൂ. സ്വർഗ്ഗീയ സിംഹാസനത്തിൽ ഉപവിഷ്ടനായിരിക്കുന്ന പരമസൗന്ദര്യമൂർത്തിയുടെ ഒരു തെളിഞ്ഞ രൂപമാണ് അദ്ദേഹം. ക്രിസ്തു ദൈവത്തിൻെറ വിശുദ്ധക്കൂടാരം പോലെ നിർമ്മലനും പരിശുദ്ധനുമായി, ദൈവത്തോടും മനുഷ്യനോടും ഉള്ള സ്നേഹത്തിൽമാത്രം വളർന്നു, ലോകത്തിൻെറ വ്യർത്ഥാഭിമാനങ്ങളിൽനിന്ന് ആത്മാവിനെ അനന്തമായി ഉയർത്തി, നാനാവിധ മർദ്ദനങ്ങളെ സഹിച്ച്, അന്യാദൃശമായ ഗുണപൗഷ്കല്യത്താൽ മനുഷ്യനെ ബലാദാകർഷിച്ച്, ആരേയും അത്ഭുതപരതന്ത്രരാക്കത്തക്കതും, തൻെറ തത്വങ്ങളെ സ്വീകരിക്കുന്നതിനും തന്നെ അനുകരിക്കുന്നതിനും അവരെ പ്രേരിപ്പിക്കുവാൻ പര്യാപ്തവും ആയ ഒരു ജീവിതം നയിക്കുകയും, മനുഷ്യപരിത്രാണനം എന്ന മഹാകൃത്യം സ്തുത്യർഹമാംവണ്ണം നിർവ്വഹിക്കുകയും ചെയ്തു. അദ്ദേഹം സൗമ്യനും നിഷ്കപടനും, ദയാലുവുമായിരുന്നു; അദ്ദേഹത്തിൻെറ പരസ്നേഹത്തിന് അതിരുണ്ടായിരുന്നില്ല. ഇതെക്കുറിച്ച സുവിശേഷകൻ പറയുന്നത് ഇപ്രകാരമാണ്: 'അദ്ദേഹം നന്മചെയ്തുകൊണ്ടു ചുററി സഞ്ചരിച്ചു.' ദൈവതിരുമനസ്സിനോടുള്ള അനുസരണം അദ്ദേഹത്തിൻെറ ജീവിതത്തിലെ ഓരോ നിമിഷത്തിലും തെളിഞ്ഞുകാണുന്നുണ്ട്. അദ്ദേഹം ഇതരന്മാരെ സ്നേഹിക്കുകയും, സ്നേഹത്തിൻെറ മാധുര്യത്തെ ആസ്വദിക്കുകയും ചെയ്തിരുന്നു. ശവകുടീരത്തിൽനിന്നു പുനർജീവിപ്പിക്കപ്പെട്ട ലാസർ ആ ലോകഗുരുവിൻെറ സ്നേഹിതനായിരുന്നു. ഒരുവന്ന് ഉണ്ടാകുവാൻ പാടുള്ളതിൽ ഏററം ഉൽകൃഷ്ടമായ മനോവികാരത്താൽ (സ്നേഹം) പ്രേരിതനായിട്ടാണ് അദ്ദേഹം

വലിയ അത്ഭുതങ്ങൾ ചെയ്തതു്. സ്വരാജ്യസ്നേഹികൾക്കു് അദ്ദേഹം ഒരു ആദർശമാണു്. ജറൂസലേമിൻെറ ഭാവി വിനാശത്തെ ചിന്തിക്കയിൽ അദ്ദേഹം വിലപിക്കുന്നു:—'ജറൂസലേമേ, ജറൂസലേമേ, പിടക്കോഴി കുഞ്ഞുങ്ങളെ ചിറകുകൾക്ക കിഴെ കൂട്ടിച്ചേക്കുന്നതുപോലെ നിൻെറ സന്തതികളെ കൂട്ടിച്ചേർക്കുവാൻ ഞാൻ എത്രപ്രാവശ്യം ആഗ്രഹിച്ചു; എന്നാൽ നീ അതിനു വഴിപ്പെട്ടില്ല.' പർവ്വതശൃംഗത്തിൽനിന്നുകൊണ്ടു്, അക്രമങ്ങൾക്ക ശിക്ഷയായി നശിപ്പിക്കപ്പെടുവാനിരിക്കുന്ന ആ പട്ടണത്തെ വിക്ഷിച്ചയവസരത്തിൽ സന്താപാശ്രുക്കൾ പൊഴിക്കാതിരിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല." (Chateaubriand, "Genius of Christianity").

ക്രിസ്തുവിൻെറ ജീവിതംമുഴുവനും ദുഃഖിതരുടെ നേരെയുള്ള കരുണയും സ്നേഹവും പ്രദർശിപ്പിക്കുന്ന പ്രവൃത്തികൾകൊണ്ടു നിറഞ്ഞിരുന്നു. ജനിച്ച നാൾമുതൽ മരണംവരെയും അദ്ദേഹം വിചാരിച്ചിട്ടുള്ളതും പ്രവത്തിച്ചിട്ടുള്ളതുമെല്ലാം മനുഷ്യവർഗ്ഗത്തിൻെറ ക്ലേശങ്ങളെ നിവാരണംചെയ്യണമെന്നുള്ള ഏകോദ്ദേശ്യത്തോടു കൂടിയായിരുന്നു. അദ്ദേഹം ആകുലചിത്തരോടു സഹതാപം പ്രദർശിപ്പിക്കുകയും പലയവസരങ്ങളിലും കണ്ണുനീർ പൊഴിക്കുകയും ചെയ്തിട്ടുണ്ടു്. ആ കാരുണ്യമൂർത്തിയുടെ സ്നേഹസമ്പുഷ്ടമായ ഹൃദയം സ്വാപരാധങ്ങളെക്കുറിച്ചു പശ്ചാത്തപിക്കുന്ന പാപിഷ്ഠക്കു് അഭയസ്ഥാനമായിരുന്നു. ഇടയനെന്നു സ്വയം സംബോധനം ചെയ്തുകൊണ്ടും, ധൂത്തപുത്രൻെറ പ്രത്യാഗമനം അക്ഷമനായി പ്രതീക്ഷിച്ചുകൊണ്ടിരിക്കുന്ന ഒരു നല്ല പിതാവായി ദൈവത്തെ ചിത്രിച്ചുകൊണ്ടും, സൗമ്യതയോടുകൂടി ആ സ്നേഹസ്വരൂപൻ പാപികളെ സ്വപാർശ്വ

ത്തിലേക്ക് ആകർഷിച്ചു. പല സന്ദർഭങ്ങളിലും ജനതതി ഏതോ ഒരു മഹാശക്തിയാൽ ഹഠാദാകർഷിക്കപ്പെട്ടാലെ ന്നപോലെ ജീവസന്ധാരണത്തിന് അവശ്യാവശ്യമായ ഭക്ഷ ണംപോലും അവഗണിച്ചു, വിജനപ്രദേശങ്ങളിലേയ്ക്കു യേശുവിനെ അനുഗമിച്ചതിൽനിന്നും ദിവ്യമായ ഏതോ ഒരു ശക്തി അദ്ദേഹത്തിനുണ്ടായിരുന്നുവെന്നു സ്പഷ്ടമാണ്. ഗലി ലേയക്കാരായ മീൻപിടുത്തക്കാർ, "എന്നെ അനുഗമിക്കുക" എന്ന വാക്യം ശ്രവിച്ചമാത്രയിൽ സമസ്തവും പരിത്യജിച്ചു, വിഷമതകളും പരിഹാസങ്ങളും അവഗണിച്ചു, ക്രിസ്തുവി നെ പിന്തുടരുകയും, അദ്ദേഹത്തിന്റെ സന്തോഷത്തിലും സ ന്താപത്തിലും ഒന്നുപോലെ ഭാഗഭാക്കുകളായി അദ്ദേഹത്തോ ടൊരുമിച്ചു ജീവിക്കുകയുംചെയ്തു. അദ്ദേഹത്തിന്റെ പ്രശാ ന്തഗംഭീരമായനോട്ടം, ആത്മനൈർമ്മല്യത്തെ പ്രദ്യോതിപ്പി ക്കുന്ന മുഖഭാവം, അധരപുടങ്ങളിൽനിന്നു നിർഗ്ഗമിക്കുന്ന സ്നേഹമസൃണമായ വചനങ്ങൾ, ഏന്നുവേണ്ട സകലതും കരുണയും, സ്നേഹവും, പ്രശാന്തതയും വഴിഞ്ഞൊഴുകുന്നവ ആയിരുന്നു. പീഡാനുഭവരാത്രിയിൽ ക്രിസ്തു, തന്നെ ഉപേ ക്ഷിച്ചുപറഞ്ഞ നിർഭാഗ്യവാനായ പത്രോസിനെ ഒന്നു നോക്കുകമാത്രമേ ചെയ്തുള്ളു. തൽക്ഷണം അയാൾ സ്വാപ രാധം ഗ്രഹിക്കുകയും കണ്ണുനീർ പൊഴിക്കുകയും ചെയ്തു. അ ത്ഭുതം പ്രവർത്തിക്കുന്നതിനുള്ള അദ്ദേഹത്തിന്റെ ശക്തി എ ത്ര പരിമിതമായിട്ടുമാത്രമാണ് അദ്ദേഹം പ്രയോഗിക്കുന്നതു്. ഫറവോന്റെ രഥങ്ങളേയും, സൈന്യസഹസ്രങ്ങളേയും ചെ ങ്കടലിൽ താഴ്ത്തിയ അവിടുത്തേയ്ക്കു സ്വശത്രുക്കളെ സംഹരി ക്കുന്നതിനൊ, ഭൂമിപിളൎന്നു് അത്യഗാധത്തിലേയ്ക്കു് അവരെ തള്ളിയിടുന്നതിനൊ ഒററവാക്കുമാത്രമെ ഉച്ചരിക്കേണ്ടതു ണ്ടായിരുന്നുള്ളു. എന്നാൽ അപ്രകാരം ചെയ്യുവാൻ അദ്ദേഹം തിരുമനസ്സായില്ല. ക്രിസ്തുവിനെഅവഗണിച്ച സമരിയാക്കാരെ

ദഹിപ്പിക്കുന്നതിന് ആകാശത്തിൽനിന്നും അഗ്നിയിറക്കുവാൻ സെബദിയുടെ പുത്രന്മാർ അപേക്ഷിച്ചപ്പോൾ "എന്തു അരൂപിയോടുകൂടി നിങ്ങൾ ഇതു പറയുന്നുവെന്നു നിങ്ങൾ അറിയുന്നില്ല" എന്നത്രെ അദ്ദേഹം അരുളിച്ചെയ്തതു്. ഇത്രകാരുണ്യമുള്ള അദ്ദേഹം തങ്ങളെ യാതൊരു വിധത്തിലും ഉപദ്രവിക്കയില്ലെന്നു പൂർണ്ണനിശ്ചയമുണ്ടായിരുന്നതിനാൽ സ്ക്രീബന്മാരും ഫരിസ്യന്മാരും അദ്ദേഹത്തെ അധിക്ഷേപിക്കയും, ധിക്കരിക്കയും ചെയ്യുവാൻ മടിച്ചില്ല. "അദ്ദേഹത്തിൻെറ ഓരോ പ്രവൃത്തിയിലും എത്രമാത്രം നന്മയും, നീതിയും, ജ്ഞാനവും, മിതതപവും, ബുദ്ധികൂർമ്മതയും, പരിപൂർണ്ണതയും, പ്രഭാവവുമാണു നാം കാണുന്നതു്! മന്ദബുദ്ധികളായ ജനങ്ങളുടേയും, ദാംഭികരായ പണ്ഡിതന്മാരുടേയും, വഞ്ചകന്മാരായ സ്ക്രീബന്മാരുടേയും, അഹങ്കാരികളായ ഫരിസ്യരുടേയും, അല്പജ്ഞന്മാരായ ശിഷ്യരുടേയും ഇടയിൽ അദ്ദേഹം എത്ര ദിവ്യനും, ശ്രേഷ്ഠനുമായിട്ടാണു പ്രത്യക്ഷപ്പെടുന്നതു്!! ധീപ്രകാശത്താൽ അദ്ദേഹം എപ്രകാരം അജ്ഞാനാന്ധകാരത്തെ ദൂരീകരിക്കുന്നു! ബുദ്ധികൂർമ്മതയാൽ സകല തന്ത്രങ്ങളേയും ഫലശൂന്യമാക്കുന്നു! പുണ്യപൂർണ്ണതയാൽ ദുർഗ്ഗുണങ്ങളെ എവ്വിധം പ്രമാർജ്ജനം ചെയ്യുന്നു! ബലഹീനന്മാക്കു പ്രശാന്തതയിൽ എങ്ങനെ ശക്തിയും പ്രതീക്ഷയും നൽകുന്നു! അന്യരുടെ ക്രോധത്തെ ക്ഷമയാൽ എപ്രകാരം ജയിക്കുന്നു! നന്മ ചെയ്തുകൊണ്ടു് അദ്ദേഹം എപ്രകാരം ഖേദങ്ങളെ അകററുന്നു! അവിടുന്നു് യഥാർത്ഥത്തിൽ ദൈവമായ പരിത്രാണകനും, നല്ലവനായ ദൈവവുംതന്നെ" (Nicolas, "Etudes philosophiques," tome iv., chap. ii). അദ്ദേഹത്തിൻെറ ഹൃദയാന്തർഭാഗത്തുനിന്നും പ്രവഹിച്ച അർത്ഥസംപുഷ്ടങ്ങളും, പ്രോജ്ജ്വലങ്ങളുമായ ചില വാക്യങ്ങളെപ്പററി അല്പം

ചിന്തിക്കാം. എത്ര സ്നേഹപരിപൂർണ്ണതയാണ് ഇവയിൽ പ്രദ്യോതിക്കുന്നതു്!

"വിശിഷ്യ, ഞാൻ കൈക്കൊള്ളേണ്ടതായ ഒരു സ്നാനമുണ്ട്; അതു നിവൃത്തിയാകുവോളം ഞാൻ എങ്ങനെ ഞെരുങ്ങുന്നു." "സ്നേഹിതന്മാർക്കുവേണ്ടി സ്വജീവനെ ബലികഴിക്കുക എന്നതിനെക്കാൾ വലിയ സ്നേഹം ആർക്കും ഇല്ല." എത്ര അനിതരസാധാരണമായ സ്നേഹം! "അദ്ധ്വാനിക്കുന്നവരും ഭാരം വഹിക്കുന്നവരുമായ നിങ്ങളെല്ലാവരും എന്റെ പക്കൽ വരുവിൻ. ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം." ആർക്കെങ്കിലും ദാഹിക്കുന്നുവെങ്കിൽ അവൻ എന്നെ അഭയം പ്രാപിക്കട്ടെ. ആരെങ്കിലും സൗഭാഗ്യത്തെയൊ, സമാധാനത്തെയൊ, സാന്ത്വനത്തെയൊ, പശ്ചാത്താപത്തെയൊ ആഗ്രഹിക്കുന്നുവെങ്കിൽ അവൻ എന്റെ അടുക്കൽ വരട്ടെ. എത്ര സ്നേഹപൂർണ്ണവും ആകർഷണീയവുമായ ക്ഷണം! "ചെറുപൈതങ്ങൾ എന്റെ അടുക്കൽ വന്നുകൊള്ളട്ടെ, അവരെ തടയണ്ട. ഞാൻ വിനീതനും, ശാന്തഹൃദയനും എന്നു നിങ്ങൾ എന്നിൽനിന്നു പഠിപ്പിൻ." അദ്ദേഹത്തിന്റെ ആഗമനത്തിനു മുമ്പു ലോകമെങ്ങും, നിർദ്ദയമായ മർദ്ദനമേററു മരണമടയുന്ന അടിമകളുടെ പ്രരോദനമല്ലാതെ മററൊന്നും കേൾക്കപ്പെട്ടിരുന്നില്ല. എന്നാൽ "കരയുന്നവർ ഭാഗ്യവാന്മാരാകുന്നു; പീഡ അനുഭവിക്കുന്നവർ ഭാഗ്യവാന്മാരാകുന്നു" എന്ന വചനങ്ങൾ ക്രിസ്തുവിന്റെ അധരങ്ങളിൽനിന്നു നിർഗ്ഗമിച്ച ആ ക്ഷണം മുതൽ ഒരു വലിയ മാററം ലോകത്തിൽ പ്രത്യക്ഷപ്പെട്ടുതുടങ്ങി. അവ സമുദായത്തെ ആകമാനം രൂപാന്തരപ്പെടുത്തി; അനേകം ധീരപുരുഷന്മാരേയും, രക്തസാക്ഷികളേയും, കന്യകകളേയും ലോകത്തിനു പ്രദാനം ചെയ്തു.

## II.

## നിസ്തുലനായ ക്രിസ്തു.

ധാർമ്മികലോകത്തിൽ ക്രിസ്തു അദ്വിതീയനാണ്. അദ്ദേഹത്തെപ്പോലെ പുണ്യപൂർണ്ണനും ഉത്തമനുമായ ഒരുവനെ ലോകം ഇന്നുവരെ ദർശിച്ചിട്ടില്ല. മനുഷ്യരുടെ ഇടയിൽ വിസ്മയാവഹമായ സ്വഭാവവൈവിധ്യം നാം കാണുന്നു. ഒരേ സ്വഭാവമുള്ളവരും, ഒരേവിധം വർത്തിക്കുന്നവരും, ഒരേ ആഗ്രഹത്തോടുകൂടിയവരുമായ രണ്ടുപേരെ കാണുക സാദ്ധ്യമല്ല. ഇപ്രകാരമുള്ള നാനാത്വം തന്നെയാണു മനുഷ്യരുടെ പുണ്യപൂർണ്ണതകളിലും സദ്ഗുണങ്ങളിലും ഉള്ളത്. ഓരോരുത്തർക്കും ഓരോരോ തരത്തിലുള്ള സ്വഭാവവിശേഷങ്ങളും പ്രവർത്തനരീതികളുമാണ്. സാഹചര്യങ്ങൾക്കനുസൃതമായി ഓരോരുത്തരുടെ പുണ്യപൂർണ്ണതയും വ്യത്യസ്തമായിരിക്കും. ഇങ്ങനെ അവധിയില്ലാത്തവണ്ണം വിവിധമായ മനുഷ്യസ്വഭാവത്തിലും പുണ്യപൂർണ്ണതയിലും സദ്ഗുണസഞ്ചയത്തിലും, ഉൽകൃഷ്ടവും ആകർഷണീയവും പരിപാവനവുമായിട്ടുള്ളവ എല്ലാം ഒരാളിൽ സങ്കല്പിക്കുക. ഈ കല്പിതപുരുഷൻ പോലും സകല സദ്ഗുണങ്ങളാലും പ്രശോഭിതനായ ക്രിസ്തുവിൻെറ മുമ്പിൽ കേവലം നിഷ്പ്രഭനായിട്ടേ പ്രത്യക്ഷപ്പെടുകയുള്ളു. എല്ലാ ജീവിതനിലയിലുമുള്ള മഹാന്മാരെക്കുറിച്ചു ചിന്തിക്കുക. തപോനിഷ്ഠരായ സന്ന്യാസശ്രേഷ്ഠന്മാർ, അഭ്യസ്തവിദ്യരായ തത്വശാസ്ത്രികൾ, മഹാ പരാക്രമികളായ വീരയോദ്ധാക്കൾ, വിശ്വവിശ്രുതരായ നിയമനിർമ്മാതാക്കൾ ഇത്യാദി പുരുഷപുംഗവന്മാരെ സംവീക്ഷിക്കുക. ദമോസ്തനസ്, പ്ലേറേറാ, സോക്രട്ടീസ്, സീസർ, കാർളമാൻ, അക്വിനാസ്, ബോസ്വേ, നെപ്പോളിയൻ ആദിയായ മഹാരഥ

ന്മാരും അവരെ അനുഗമിക്കുന്ന അസംഖ്യം മഹതിമഹാ ന്മാരും സാധാരണന്മാരെ അപേക്ഷിച്ച് എത്ര ഉൽകൃഷ്ടമായ ഒരു നിലയിലാണു സ്ഥിതിചെയ്യുന്നതെന്നും അവർ എത്ര കളങ്കമററ കീർത്തിധാവള്യത്തിനാണു പാത്രീഭൂതരായിരിക്കുന്ന തെന്നും നാം അറിയുന്നുണ്ടല്ലോ. എന്നാൽ ക്രിസ്തുവിനോടു തുലനം ചെയ്യുമ്പോൾ അവരെല്ലാം എത്രയോ നിസ്സാരർ. സൂര്യപ്രകാശത്തിൽ അന്ധകാരം എപ്രകാരം തിരോധാനം ചെയ്യുന്നുവൊ അപ്രകാരം അവരെല്ലാവരും ക്രിസ്തുവിൻെറ സാന്നിദ്ധ്യത്തിൽ ശൂന്യപ്രായരായിപ്പരിണമിക്കുന്നു. യാതൊരു മഹാ പുരുഷനോടും അദ്ദേഹത്തെ താരതമ്യപ്പെടുത്തു വാൻ നമുക്കു സാധിക്കുകയില്ല. അദ്ദേഹം എല്ലാവരേയും അനന്തമാംവണ്ണം അതിശയിക്കുന്നു. എങ്കിലും യാതൊരു വനും അസൂയാലുവായിത്തീരുന്നില്ല; കാരണം, ആർക്കും യാതൊരു പ്രകാരത്തിലും അദ്ദേഹത്തോടു കിടപിടിക്കുവാൻ സാധിക്കയില്ലെന്നു് എല്ലാവർക്കുമറിയാം. പരാക്രമശാലിക ളായ രണ്ടു യോദ്ധാക്കൾ തമ്മിലൊ, താപസവര്യരായ രണ്ടു മഹർഷിമാർ തമ്മിലൊ, പുണ്യപൂർണ്ണതയുടെ അത്യുച്ചിയിൽ പരിലസിക്കുന്ന രണ്ടു പുണ്യവാന്മാർ തമ്മിലൊ ഏതാനും ചില സാമ്യങ്ങൾ കണ്ടെന്നുവരാം. എന്നാൽ മിശിഹായും മനുഷ്യവർഗ്ഗത്തിൽ പ്രശോഭിക്കുന്ന ഏതു പുണ്യാത്മാവും തമ്മിൽ ഒരു സാമ്യവും ഇല്ല. അദ്ദേഹത്തിനു തുല്യനായി ഇന്നു വരെ ആരും ഉണ്ടായിട്ടില്ല. ഇനി ഉണ്ടാകുകയുമില്ല. സാ മാന്യനിയമത്തിനു് അദ്ദേഹം ഒരു അപവാദമാണു്. ഒരേനി ലയിൽത്തന്നെയുള്ള വ്യത്യാസം കൊണ്ടല്ല, പാടേ വ്യത്യസ്ത ങ്ങളായ രണ്ടു നിലകളിൽ സ്ഥിതിചെയ്യുന്നതുകൊണ്ടാണു ക്രിസ്തുവും മനുഷ്യനും തമ്മിൽ താരതമ്യമില്ലാത്തതു്. ഇതു ഗ്ര ഹിച്ചുകൊണ്ടായിരിക്കണം ഒരു താത്വികൻ ഇപ്രകാരം പറ ഞ്ഞിരിക്കുന്നതു്. "സോക്രട്ടീസിൻെറ ജീവിതവും മരണവും

ഒരു സന്ന്യാസിവര്യൻേറതാണെങ്കിൽ, ക്രിസ്തുവിൻേറ ജീവിതവും മരണവും ഒരു ദൈവത്തിൻേറതാകുന്നു.” ക്രിസ്തുവിൻേറ കാലത്തു പുണ്യപൂൎണ്ണരെന്നു ഗണിക്കപ്പെട്ടിരുന്നവരോട് ഇനി അദ്ദേഹത്തെ ഒന്നു തുലനം ചെയ്യാം. ഹാ! എത്ര ദൂരവ്യത്യാസം! അദ്ദേഹത്തിൻേറ സ്വഭാവം യഹൂദന്മാരുടേതിൽനിന്നു വ്യത്യസ്തമെന്നു മാത്രമല്ല നേരെ വിപരീതവുമാണ്. ഫരിസ്യരുടേയും, സ്ക്രീബന്മാരുടേയും, “റാബി” എന്നറിയപ്പെട്ടുന്ന ഉപാദ്ധ്യായന്മാരുടേയും, നിയമങ്ങൾ വ്യാഖ്യാനിക്കുന്ന പണ്ഡിതന്മാരുടേയും ഔദ്ധത്യവും ക്രിസ്തുവിൻേറ പുണ്യപൂൎണ്ണതയും തമ്മിൽ വല്ല സാമ്യവുമുണ്ടോ? പഴയ നിയമത്തിലേ പുണ്യാത്മാക്കളായ അബ്രാഹം, ഇസഹാക്ക്, യാക്കോബ്, സാമുവേൽ, മോസസ്, ദാവീദ് ആദിയായവരുടെ നേക്കു നമ്മുടെ ദൃഷ്ടിയെ തിരിക്കാം. നമ്മുടെ ആദർശപുരുഷനായ ക്രിസ്തുവിനെ ഇവർ എതെങ്കിലും വിധത്തിൽ സമീപിക്കയൊ അദ്ദേഹത്തോടു കിടപിടിക്കയൊ ചെയ്യുന്നുണ്ടോ? ഈ സ്ഥിതിക്കു ക്രിസ്തു, അല്പജ്ഞന്മാരായ അപ്പസ്തോലന്മാരുടെ വെറും സങ്കല്പസൃഷ്ടിയാണെന്നുള്ള സിദ്ധാന്തം അടിസ്ഥാനരഹിതവും അൎത്ഥശൂന്യവുമാണെന്നു വിശേഷാൽ പറയേണ്ടതില്ല. ക്രിസ്തു ഒരു യഹൂദമാതൃകയല്ല; പ്രത്യുത, അദ്ദേഹം ഒരു വിശേഷസൃഷ്ടി, അതെ ഒരു ദിവ്യസൃഷ്ടി തന്നെ. കേവലം നിരക്ഷരകുക്ഷികളായ ഗലിലേയായിലെ മുക്കവന്മാർക്ക് ഇപ്രകാരമുള്ള ഒരു ആദർശം സങ്കല്പിച്ചുണ്ടാക്കുന്നതിനും, അതിന്ന് ഇത്ര വിസ്മാപകമായ ആകൃതിയും പ്രകൃതിയും സംപ്രദാനം ചെയ്യുന്നതിനും എങ്ങനെ സാധിച്ചു? ഒരിക്കൽപോലും കാണുകയൊ കേൾക്കുകയൊ അറിയുകയൊ ചെയ്തിട്ടില്ലാത്തതും, സ്വരാജ്യസ്നേഹികളും സദാചാരനിരതന്മാരും മതനിഷ്ഠയുള്ളവരും ശ്രേഷ്ഠമായി കരുതിപ്പോന്ന ആദർശങ്ങൾക്കു നേരെ വിപരീതവുമായ

ഈ മഹത്തായ ആദർശത്തെ കണ്ടുപിടിക്കുവാൻ അവൎക്കെങ്ങനെ കഴിയും. അപ്പസ്തോലന്മാരുടെ സങ്കല്പപുരുഷനായിരുന്നു ക്രിസ്തുവെങ്കിൽ, നിശ്ചയമായും അന്നു പുണ്യവാന്മാരായി ഗണിക്കപ്പെട്ടുപോന്ന സ്ക്രീബന്മാരുടേയും ഫരിസ്യന്മാരുടേയും ഛായയിൽ അദ്ദേഹത്തെ അവർ ചിത്രിക്കുമായിരുന്നു. അല്ലെങ്കിൽ യഹൂദന്മാർ പ്രതീക്ഷിച്ചിരുന്നതുപോലെ ഒരു പരിത്രാണകനായി—അതിപരാക്രമശാലിയായ ഒരു രാജാവും, ഇസ്രായേൽ ജനത്തിനു നഷ്ടീഭവിച്ച രാജ്യത്തെ പുനസ്ഥാപിക്കുന്നതിനു പ്രാപ്തനായ ഒരു ജേതാവും ആയി—വൎണ്ണിക്കുമായിരുന്നു. അദ്ദേഹം സുവിശേഷകന്മാരുടെ സങ്കല്പസൃഷ്ടിയാണെന്നു സമ്മതിച്ചാൽതന്നെയും നാലുപേർ അദ്ദേഹത്തെ ഒരേവിധം ചിത്രിക്കുന്നതെങ്ങനെയെന്നു മനസ്സിലാകുന്നില്ല. ഈ നാലുപേരും പരസ്പരം ആലോചിക്കുന്നതിനു നിൎവ്വാഹമില്ലാത്തവിധം അത്ര വിദൂരസ്ഥലങ്ങളായ ദേശങ്ങളിൽ വെച്ചാണു സുവിശേഷം എഴുതീട്ടുള്ളതു്. എന്നിട്ടും അവർ എല്ലാവരും മിശിഹായെ ഒരേവിധത്തിൽത്തന്നെ വൎണ്ണിക്കുന്നു. അദ്ദേഹം ഒരു ചരിത്രപുരുഷനല്ലായിരുന്നെങ്കിൽ സുവിശേഷങ്ങളിൽ ഇപ്രകാരം ഒരു ഐകരൂപ്യം കാണുക കേവലം അസാദ്ധ്യംതന്നെ.

എന്നെ പല പ്രാവശ്യം ഹഠാദാകൎഷിച്ചിട്ടുള്ള വേറൊരു സംഗതി ഇവിടെ പ്രസ്താവ്യമാണു്. പാപങ്ങളെക്കുറിച്ചുള്ള പശ്ചാത്താപവും പുണ്യജീവിതം നയിക്കുന്നതിനുള്ള ആഗ്രഹവും സ്ഥിരപ്രതിജ്ഞയും മൂലമാണു് ഇതരമനുഷ്യർ പുണ്യപൂൎണ്ണതയിൽ എത്തിയിട്ടുള്ളതു്. എന്നാൽ ക്രിസ്തുവിനെ സംബന്ധിച്ചേടത്തോളം അപ്രകാരമല്ല. അദ്ദേഹത്തിൽ സങ്കടത്തിനൊ, മനശ്ശല്യത്തിനൊ ഭയത്തിനൊ സ്ഥാനമില്ല. അദ്ദേഹത്തിൻെറ മനഃസാക്ഷി നിഷ്കളങ്ക

വും സമാധാനപൂൎണ്ണവുമായിരുന്നു. "ഞങ്ങളുടെ കടങ്ങൾ ഞങ്ങളോടു പൊറുക്കുക" എന്നു പ്രാൎത്ഥിക്കുവാൻ അവിടുന്നു തൻെറ ശിഷ്യരോടു് ഉപദേശിച്ചു. എന്നാൽ അദ്ദേഹം ഒരിക്കലും അപ്രകാരം പ്രാൎത്ഥിക്കുന്നതായി നാം കാണുന്നില്ല. നിസ്സാരമായ ഒരപരാധമെങ്കിലും തന്നിൽ ചൂണ്ടിക്കാണിക്കുന്നതിനു തൻെറ ബദ്ധവൈരികളോടുപോലും ആവശ്യപ്പെടുവാൻ അദ്ദേഹം മടിക്കുന്നില്ല. "എന്നിൽ പാപം ആരോപിക്കുവാൻ നിങ്ങളിൽ ആൎക്കു സാധിക്കും?" വേറെ ആരെങ്കിലും, അവൻ എത്ര പുണ്യപൂൎണ്ണതയുള്ളവനായിരുന്നാൽ തന്നെയും, ഇപ്രകാരം പറഞ്ഞിരുന്നുവെങ്കിൽ വലിയ അഹംഭാവിയും ദുരഭിമാനിയുമായി ലോകം അവനെ ഗണിക്കുമായിരുന്നു. എന്നാൽ ക്രിസ്തുവിനെ സംബന്ധിച്ചേടത്തോളം ഈ വാക്കുകൾ അന്വൎത്ഥമായിരുന്നതിനാൽ അവ അദ്ദേഹത്തിൻെറ ശത്രുക്കളായ ഫരിസ്യന്മാരിൽപ്പോലും ആശ്ചൎയ്യം ജനിപ്പിക്കുന്നില്ല. മറുപടിപറയുവാൻ അവരാരും ധൈൎയ്യപ്പെടുന്നുമില്ല. ക്രിസ്തുവിൽ എന്തെങ്കിലും അപരാധം കണ്ടുപിടിക്കുന്നതിനു ബദ്ധശ്രദ്ധരായിരുന്നവരാണു് ഈ യഹൂദപ്രമാണികൾ. ഈ ഉദ്ദേശ്യത്തോടെ അവർ അദ്ദേഹത്തിൻെറ വാക്കുകളും പ്രവൃത്തികളും എല്ലാം സൂക്ഷ്മമായി പരിശോധിച്ചുകൊണ്ടിരുന്നു. എന്നാൽ അവരുടെ ഉദ്യമങ്ങളെല്ലാം നിരാശയിലും പരാജയത്തിലും പൎയ്യവസാനിച്ചതേയുള്ളു. ഒടുവിൽ, അന്യായമായി ബലം പ്രയോഗിച്ചു് അദ്ദേഹത്തെ പിടിക്കുന്നതിനു് അവർ നിൎബന്ധിതരായതു തന്നെ അദ്ദേഹത്തിൻെറ നിരപരാധിത്വത്തിനു് ഉത്തമ ലക്ഷ്യമാണു്. "നിങ്ങളിൽ ആൎക്കു് എന്നിൽ കുററം ആരോപിക്കുവാൻ സാധിക്കും?" എന്ന നമ്മുടെ ദിവ്യരക്ഷകൻെറ വചനങ്ങളിൽ ആണു തിരുസഭയുടെ അടിസ്ഥാനമുറപ്പിച്ചിരിക്കുന്നതു്. ആകയാൽ മനുഷ്യസഹജമായ ഏതെങ്കിലും ന്യൂനത

ക്രിസ്തുവിൽ കാണുന്നതിനു സാധിക്കുന്ന പക്ഷം അദ്ദേഹത്തിൻെറ സഭ തൽക്ഷണം തകർന്നു പോകും. സമസ്ത പൂൎണ്ണതകളും ക്രിസ്തുവിൻെറ മനോഹരമായ ആത്മാവിനെ അലങ്കരിച്ചിരുന്നു. മാത്രമല്ല പരസ്പരവിരുദ്ധങ്ങളെന്നു തോന്നാവുന്ന ഗുണങ്ങൾപോലും അദ്ദേഹത്തിൽ സമ്മിളിതമായിരുന്നു. അദ്ദേഹത്തിൻെറ മഹിമപ്രതാപം അദ്ദേഹത്തേക്കാൾ കൂടുതലായി ആരാണു ഗ്രഹിച്ചിരുന്നതു്? എങ്കിലും അദ്ദേഹത്തെപ്പോലെ വിനയമുള്ളവനായി ആരുണ്ടു്? ഗംഭീരപുരുഷനായിരുന്നെങ്കിലും അദ്ദേഹത്തെപ്പോലെ ആർദ്രചിത്തനായി ആരെ കാണുവാൻ കഴിയും? മനുഷ്യരുടെ ജുഗുപ്സാവഹമായ സ്ഥിതി അദ്ദേഹത്തെപ്പോലെ സൂക്ഷ്മമായി അറിഞ്ഞവരാരുണ്ടു്? എങ്കിലും നിസ്തുലവും, പരിപാവനവുമായ സ്നേഹത്താൽ അവിടുന്നു നമ്മെ സ്നേഹിക്കുന്നു. അദ്ദേഹത്തെപ്പോലെ കളങ്കരഹിതനും, പുണ്യപൂൎണ്ണനുമായി മററാരും ഉണ്ടായിരുന്നില്ല; എങ്കിലും അദ്ദേഹം നിരന്തരം ആത്മപരിത്യാഗത്തോടെ ജീവിതം നയിച്ചു. പാപത്തോടു് അത്യധികമായ വിദ്വേഷമാണു തനിക്കുണ്ടായിരുന്നതെങ്കിലും പാപികളോടു് അദ്ദേഹത്തെപ്പോലെ അത്ര കരുണാപുരസ്സരം പ്രവൎത്തിച്ചവർ മററാരുമില്ല. എത്ര നിന്ദ്യവും, ദുസ്സഹവുമായ പീഡകളാണു് അദ്ദേഹത്തിനു് ഏൽക്കേണ്ടിവന്നതു്? എങ്കിലും എത്ര ക്ഷമയോടും, ശാന്തതയോടും പ്രതികാരേച്ഛ കൂടാതെയും അദ്ദേഹം അവ സഹിക്കുന്നു.

## III.
## മിശിഹായുടെ സ്വഭാവത്തിൻെറ മറവചില വശങ്ങൾ.

ക്രിസ്തു, പുണ്യപൂൎണ്ണതയിൽ സകല മനുഷ്യരേയും അനുപമമായി അതിശയിക്കുന്നുണ്ടെങ്കിലും അദ്ദേഹത്തെ അനുകരിക്കുക നമുക്ക് അസാദ്ധ്യമല്ല. അദ്ദേഹത്തെ പിഞ്ചെല്ലുവാൻ ആർക്കും കഴിയും. ബാലനും വൃദ്ധനും, ധനവാനും ദരിദ്രനും, പണ്ഡിതനും പാമരനും അദ്ദേഹത്തെ കണ്ടു പഠിക്കാം. വിശുദ്ധന്മാരുടെ പുണ്യസമ്പാദനമാൎഗ്ഗങ്ങളെക്കുറിച്ചു ചിന്തിക്കുമ്പോൾ നാം ഭയവിഹ്വലരായിപ്പോകുന്നു. അവരുടെ ഉഗ്രമായ തപസ്സും ദീർഘമായ ഉപവാസവും അനുകരിക്കുക നമ്മുടെ ശക്തിയെ കവിഞ്ഞതാണെന്നു നമുക്കു തോന്നിപ്പോകുന്നു. സ്വന്തം പ്രകൃതിയോടുതന്നെ അവർ സദാ മല്ലിട്ടുകൊണ്ടിരിക്കുന്നു. അവർ ദുരിച്ഛകളെ നിഗ്രഹിക്കുന്നു; ഇംഗിതങ്ങളെ സംയമനം ചെയ്യുന്നു. അവരെ സംബന്ധിച്ചേടത്തോളം, പുണ്യപൂൎണ്ണത നിരന്തരമായ പോരാട്ടത്തെ ആണ് ആശ്രയിച്ചിരിക്കുന്നതു്. ശത്രുക്കളുടെ കണിയിൽ പെടാതിരിക്കുന്നതിന് അവർ സദാ ജാഗരൂകരായിരിക്കണം. പാപത്തിലേയ്ക്കു് ആകർഷിക്കുന്ന അനവധി പ്രലോഭനങ്ങളെ നിരോധിക്കയുംവേണം. ഇവ ഓരോന്നിലും മനുഷ്യസഹജമായ ദൗർബല്യം പ്രത്യക്ഷപ്പെടുന്നു. എന്നാൽ ക്രിസ്തുവിൻെറ സ്ഥിതി ഇതല്ല. പുണ്യത്തിൽ അഭിവൃദ്ധിപ്പെടുന്നതിന് അദ്ദേഹം തപസ്സു ചെയ്യുകയൊ ഉപവാസം അനുഷ്ഠിക്കുകയൊ ചെയ്യുന്നതായി നാം കാണുന്നില്ല. അദ്ദേഹത്തിൻെറ ആത്മാവു് എപ്പോഴും സമാധാനപൂൎണ്ണമാണു. അദ്ദേഹത്തിൻെറ ആത്മസമാധാനത്തെ നശിപ്പിക്കുന്ന

തിന്ന് ഭയാനകമായ പ്രലോഭനങ്ങൾക്കുപോലും ശക്തിയില്ല. സകല സദ്ഗുണങ്ങളും അദ്ദേഹത്തിൽ പരിപൂൎണ്ണങ്ങളായിരുന്നു. എങ്കിലും അദ്ദേഹം ഒരു മാതൃകതന്നെ. മാത്രമല്ല തന്നെ അനുകരിക്കുന്നതിനു അദ്ദേഹം നമ്മെ ക്ഷണിക്കുയും ചെയ്യുന്നു. റൂസ്സോ ഇപ്രകാരം പറയുന്നു. "യേശുവിന്റെ സ്വഭാവത്തിൽ കാണുന്ന ശാന്തതയേയും നിഷ്കന്മഷതയേയുംകാൾ കൂടുതൽ ആകർഷണീയമായി എനിക്കു തോന്നിയിട്ടുള്ളത് അദ്ദേഹത്തിന്റെ സാധാരണരീതിയിലുള്ള വ്യാപാരവും ദിവ്യചൈതന്യവുമാണ്. വിനോദങ്ങളിലും സൽക്കാരങ്ങളിലും പങ്കു കൊള്ളുന്നതിന് അദ്ദേഹം വൈമുഖ്യം പ്രദർശിപ്പിക്കുന്നില്ല; കല്യാണവിരുന്നുകളിൽ അദ്ദേഹം സംബന്ധിച്ചു; സ്ത്രീകളോടു സംഭാഷണം ചെയ്തു; കുട്ടികളെ ലാളിച്ചു. സുഗന്ധദ്രവ്യങ്ങൾ ഉപയോഗിക്കുന്നതിനും ധനികരോടൊന്നിച്ചു ഭക്ഷണം കഴിക്കുന്നതിനും വിസമ്മതം അദ്ദേഹം പ്രദർശിപ്പിച്ചില്ല. എല്ലാവരേയും അദ്ദേഹം നിയന്ത്രിച്ചു. എന്നാൽ ആൎക്കും അപ്രീതി നൽകിയില്ല. ഒരേസമയത്തുതന്നെ ദീനവത്സലനും, നീതിമാനും ആയിരിക്കേണ്ടതെങ്ങനെയെന്ന് അദ്ദേഹത്തിനറിയാമായിരുന്നു. വിനീതരോടു ശാന്തമായും അഹംഭാവികളോടു നിർദ്ദാക്ഷിണ്യമായും വൎത്തിക്കുന്നതിന് അദ്ദേഹത്തിന് പ്രയാസമുണ്ടായിരുന്നില്ല. അദ്ദേഹത്തിന്റെ ധാൎമ്മികോപദേശം ആകർഷണീയവും ഫലപ്രദവും ലളിതവുമായിരുന്നു. അദ്ദേഹത്തിന്റെ ഹൃദയം മൃദുലമായിരുന്നു. അദ്ദേഹം എല്ലാവരോടും സൌഹാർദ്ദമായി പെരുമാറി" ("Lettres de la Montagne," No. 3). എന്നാൽ യേശുവിന്റെ ധാൎമ്മികസൌന്ദൎയ്യത്തിൽ ആകർഷണീയതമമായിരിക്കുന്നത് അതിന്റെ സാൎവ്വത്രികത്വമാണ്. മഹാന്മാരുടെ സ്വഭാവം സ്ഥലകാലസാഹചൎയ്യങ്ങളെ ആശ്രയിച്ചിരിക്കുന്നു. അവർ ജീവിച്ചിരുന്ന കാലത്തെ ധാൎമ്മികസ്ഥിതി

എപ്രകാരമായിരുന്നുവെന്നു് അവരുടെ ജീവചരിത്രത്തിൽ നിന്നും ഏകദേശം മനസ്സിലാക്കാം. മററൊരു കാലഘട്ടത്തിലേ മഹാന്മാരുമായി തുലനം ചെയ്യുമ്പോൾ അവരുടെ ഇടയിൽ ഇവർക്കു യാതൊരു സ്ഥാനവുമില്ലെന്നു കാണാം. ഇനി ഇവരുടെ ഗുണങ്ങളും സ്വഭാവവൈശിഷ്ട്യങ്ങളും പരിശോധിക്കുകതന്നെ. അവരുടെ പൂർവ്വന്മാരിൽ നിന്നും ഗുരുഭൃതന്മാരിൽനിന്നും സമുദായത്തിൽനിന്നും ലഭിക്കാത്തതായി ഒന്നും അവരിൽ കാണുകയില്ല. എന്നാൽ ക്രിസ്തുവിൽ ഇപ്രകാരമല്ല നാം കാണുന്നതു്. അദ്ദേഹം അന്യർക്കു പ്രകാശത്തെ പ്രദാനം ചെയ്യുന്നു. അവരിൽ നിന്നും അതിനെ സ്വീകരിക്കുന്നില്ല. അദ്ദേഹത്തിനു മാതൃകയായി മുൻപു ജീവിച്ചിരുന്നവരിൽ ആരും ഉണ്ടായിരുന്നില്ല. ദീപ്തിമത്തായ ഒരു ഗോളം പോലെ അദ്ദേഹം അന്ധകാരമയമായ കാവ്യലോകത്തിൽ പൊടുന്നനവെ ആവിർഭവിച്ചു തൻെറ പ്രഭാപൂരത്താൽ ലോകത്തെ ആകമാനം പ്രകാശിപ്പിക്കുന്നു. അദ്ദേഹത്തിൻെറ പ്രകാശം ഏതു കാലത്തിനും ഏതു സ്ഥലത്തിനും പര്യാപ്തമാണു്. അതു് ഒരിക്കലും അണഞ്ഞു പോകുകയുമില്ല. ഇരുപതു ശതകങ്ങൾക്കപ്പുറം എന്നപോലെതന്നെ ഇന്നും അതു തേജോമയവും പരിപാവനവുമായി കാണപ്പെടുന്നു. ഓരോ മനുഷ്യനും അവനവൻെറ കൃത്യം നിർവഹിച്ചശേഷം ലോകരംഗത്തുനിന്നും അന്തർധാനം ചെയ്യുന്നു. അതോടെ ലോകം അവനെ വിസ്മരിക്കുകയുംചെയ്യുന്നു. ചിലർ ലോകത്തിനു വിസ്മയവിഷയമായിത്തീർന്നെന്നുവരാം. പക്ഷെ അതു് അല്പകാലത്തേയ്ക്കു മാത്രമായിരിക്കും. അന്ധകാരമയമായ അന്തരീക്ഷത്തിൽ ക്ഷണനേരത്തേയ്ക്കുമാത്രം തിളങ്ങിപ്രകാശിച്ചു് അനന്തരക്ഷണത്തിൽ അപ്രത്യക്ഷമാകുന്ന ചില നക്ഷത്രങ്ങളെപ്പോലെ ഇവർ കുറേക്കാലത്തേയ്ക്കുമാത്രം ലോകത്തിൻെറ ശ്രദ്ധയെ സമാകർഷിച്ചശേഷം തിരോധാനം

ചെയ്യുന്നു; അവരുടെ സ്മരണ നിലനിൽക്കുന്നുമില്ല. ക്രിസ്തുവോ എന്നാൽ ലോകത്തിലേ എല്ലാ സംഭവങ്ങളേയും പരിവത്തനങ്ങളേയും അതിജീവിച്ചു സകലരുടേയും വിസ്മയത്തിനു പാത്രമായി പരിലസിക്കുന്നു. രണ്ടായിരം കൊല്ലങ്ങൾക്കു ശേഷവും അദ്ദേഹത്തിൻെറ സ്മരണ അഭിനവംതന്നെ. അദ്ദേഹം സകലരുടേയും സ്നേഹബഹുമാനാദരങ്ങളെ സവിശേഷം അർഹിക്കുന്നു. മഹത്തായ എല്ലാ സംഭവങ്ങളുടേയും കേന്ദ്രസ്ഥാനം അദ്ദേഹമാണു്. ക്രൈസ്തവമതം അദ്ദേഹത്തിൻെറ അധ്യാപനമന്ദിരമാണു്. അതു നാനാപ്രകാരേണ ലോകത്തെ ഉപദേശിക്കുന്നു. ലോകത്തിൻെറ സാക്ഷാത്തായ ജീവചൈതന്യം ക്രിസ്തുവാകുന്നു. മഹനീയവും, പരിപാവനവും ഉൽകൃഷ്ടവുമായ സകലത്തിൻെറയും ആദികാരണവും പരമാന്ത്യവും അവിടുന്നുതന്നെ. അദ്ദേഹത്തോടു മത്സരിക്കുന്നവർക്കു നാശം നിശ്ചയമാണു്. അദ്ദേഹത്തെ അനുകരിക്കുന്നവർക്കോ എന്നാൽ സർവ്വവിജയവും കൈവരുകയും ചെയ്യും. സകല ജാതികളുടേയും, എല്ലാതലമുറകളുടേയും ഹൃദയഫലകത്തിൽ അവിടുത്തെ പാവനനാമം മുദ്രിതമായിരിക്കുന്നു. അവിടുന്നുമാത്രം നിത്യം ജീവിക്കുകയും നിലനില്ക്കുകയും ചെയ്യും. ഇതിനു് അവിശ്വാസികൾപോലും സാക്ഷ്യം വഹിക്കുന്നു. മതവിദ്വേഷിയായ റെനാൻ ക്രിസ്തുവിൻെറ സാർവ്വത്രികമായ ശക്തിയെക്കുറിച്ചു് ആകർഷണീയമായ രീതിയിൽ പ്രസ്താവിക്കുന്നതു് ഇപ്രകാരമാണു്. "അല്ലയോ ശ്രേഷ്ഠനായ ഉപദേഷ്ടാവേ, അങ്ങയുടെ മഹത്വത്തിൽ വിശ്രമിച്ചാലും. അവിടുത്തേ ജോലി നിർവഹിക്കപ്പെട്ടുകഴിഞ്ഞു. അവിടുത്തെ ദൈവത്വം സംസ്ഥാപിതവുമായി. അങ്ങയുടെ പരിശ്രമത്താൽ നിർമ്മിതമായ ആ മനോഹരമന്ദിരം ഇന്നും സുസ്ഥിരമായിത്തന്നെ നിലകൊള്ളുന്നു. നാശത്തിനു് അതു് ഒരിക്കലും വിധേയമാകുമെന്നു ഭയപ്പെടുവാനില്ല. ഇനിമേൽ

അത്യുന്നതമായ വിശ്രമസ്ഥാനത്തു നിന്നുകൊണ്ടു മനുഷ്യശക്തിക്കതീതമായ അവിടത്തെ പ്രവൃത്തികളുടെ അനന്തഫലങ്ങളെ അവിടുന്നു ദർശിക്കും. മഹത്തായ അങ്ങയുടെ ആത്മാവിനെ സ്പർശിക്കപോലും ചെയ്യാതെ ഏതാനും മണിക്കൂർമാത്രം ദീർഘിച്ച പീഡകൾ മൂലം അമർത്ത്യതയെ അവിടുന്നു കരസ്ഥമാക്കിയിരിക്കുന്നു. ഇനിയും കല്പാന്തം വരെ ലോകം അങ്ങയിൽ വിശ്രമിക്കയും അങ്ങയോടൊന്നിച്ചു ജീവിക്കയും ചെയ്യും. ഇഹത്തിൽ ജീവിച്ചിരുന്നപ്പോൾ എന്നതിനെക്കാൾ ആയിരംമടങ്ങു കൂടുതലായി അങ്ങയുടെ മരണശേഷം ലോകം അങ്ങേ സ്നേഹിക്കയും സ്മരിക്കയും ചെയ്യുന്നു. അവിടുന്നു മനുഷ്യവർഗ്ഗത്തിൻെറ അനപേക്ഷണീയമായ അസ്ഥിവാരമായി പരിണമിക്കും. തൻമൂലം അങ്ങയുടെ മഹനീയ നാമത്തെ ഭൂമുഖത്തുനിന്ന് എടുത്തു കളയുന്നതു ലോകത്തെ കീഴ്മേൽ മറിക്കുന്നതിനു തുല്യമായിരിക്കും. അങ്ങ്, ദൈവത്തിൽനിന്നു വ്യത്യസ്തനാണെന്ന് ആരും കരുതുകയില്ല. മൃത്യുവിൻെറമേൽ പൂർണ്ണവിജയം പ്രാപിച്ച അങ്ങ് അവിടത്തെ സാമ്രാജ്യത്തിലേയ്ക്കു മഹിമശ്രീയോടെ പ്രവേശിച്ചാലും. അവിടുന്നു പ്രയാണംചെയ്ത ആ രാജപാതയിലൂടെ അനവധി ആരാധകന്മാർ യുഗംതോറും അങ്ങേ അനുഗമിക്കും" ("Vie de Jesus"). ക്രിസ്തുവിൻെറ സാർവ്വത്രികമായ ഈ വിജയവും ലോകത്തിലെ സുപ്രസിദ്ധ വീരയോദ്ധാക്കളുടെ ദിഗ്വിജയങ്ങളും തമ്മിൽ എത്ര ദൂരവ്യത്യാസം! ലോകചരിത്രത്തിൽ പ്രഖ്യാതന്മാരായ ഹാനിബാൾ, അലക്സാണ്ടർ, അഗസ്റ്റസ്, സീസർ, നെപ്പോളിയൻ ആദിയായ ലോകജേതാക്കളെ ഇന്ന് ആർ സ്മരിക്കുന്നു? അവരെ ആർ ആദരിക്കുന്നു? ക്രിസ്തുവിൻെറ സ്ഥിതി എത്ര വ്യത്യസ്തം? അവിടുന്നു മനുഷ്യരുടെ മനോദർപ്പണത്തിൽ മാത്രല്ല, ഓരോവ്യക്തിയുടേയും ഓരോജാതിയുടേയും

ജീവിതത്തിലും പ്രതിബിംബിക്കുന്നു. അദ്ദേഹത്തിൻെറ ഓരോ അഭീഷ്ടവും നിർവഹിക്കുന്നതിനുവേണ്ടി സ്വജീവനെപ്പോലും ബലികഴിക്കുന്നതിനു് അനേകായിരമാളുകൾ സദാ സന്നദ്ധരായിരിക്കുന്നു. അദ്ദേഹത്തിൻെറ ജീവിതരീതിയേയും സുകൃതങ്ങളേയും അനുകരിക്കുന്നതിനായി നിസ്തന്ദ്ര പരിശ്രമം ചെയ്യുന്നവരുടെ സംഖ്യയും ഒട്ടുംകുറവല്ല. അവർ അദ്ദേഹത്തിൽ അഭയം തേടുന്നു; അദ്ദേഹത്തെ സ്നേഹിക്കുന്നു; അദ്ദേഹത്തെ ആരാധിക്കയും ചെയ്യുന്നു. ചരിത്രരേഖകളെല്ലാം നഷ്ടപ്പെട്ടാലും, പ്രാചീന സ്മാരകസംഭവങ്ങളത്രയും നശിപ്പിക്കപ്പെട്ടാലും, അതീതകാലങ്ങളെപ്പററി അറിയുന്നതിനു് ഒരു മാർഗ്ഗവുമില്ലാതെവന്നാലും ക്രിസ്തുവിൻെറ സ്മരണ സുസ്ഥിരമായിത്തന്നെ സ്ഥിതിചെയ്യും. കാരണം, അനേകരുടെ ഹൃദയത്തിലും രക്തനാഡികളിലും അവിടുന്നു ജീവിക്കുന്നു; എന്നുംജീവിക്കയുംചെയ്യും. വിവിധസമുദായങ്ങളുടെ എന്നുവേണ്ട, അനേകരാജ്യങ്ങളുടേയും നിയമസംഹിതകളിലും ആചാരാനുഷ്ഠാനങ്ങളിലും പൊതുസ്ഥാപനങ്ങളിലും ക്രിസ്തുവിൻെറ ദിവ്യചൈതന്യം സർവ്വത്ര പ്രത്യക്ഷപ്പെടുന്നു. അവിടുന്നു ലോകത്തിനു പ്രദാനംചെയ്ത ദൃഷ്ടാന്തത്തിൻെറ ശക്തി അന്യാദൃശമത്രെ. ഈ ദൃഷ്ടാന്തമാണു യഥാർത്ഥമായ ക്രൈസ്തവാദർശത്തെ ലോകർക്കു നൽകിയതു്. നിരവധി വീരകൃത്യങ്ങൾ പ്രവർത്തിക്കുന്നതിനു പലർക്കും പ്രേരകമായി ഭവിച്ചിട്ടുള്ളതും ഇതുതന്നെ. ശ്രേയോൻമുഖങ്ങളായ സകല ലോകപരിവർത്തനങ്ങളിലും ഇതു സർവ്വപ്രധാനമായ ഒരുഭാഗം വഹിക്കുന്നുമുണ്ടു്. അദ്ദേഹത്തിൻെറ വചനങ്ങളും പ്രവൃത്തികളും അറുപതിൽപരം തലമുറകളുടെ നിരന്തരമായ ധ്യാനത്തിനും സൂക്ഷ്മമായ പരീക്ഷണത്തിനും വിഷയമായി. പരിശുദ്ധിയുടേയും പുണ്യത്തിൻേറയും വററാത്ത ഉറവയാണു് അവയിൽ എല്ലാവരും കണ്ടിട്ടുള്ളതു്. അദ്ദേഹത്തിൻെറ അനുയാ

യികളിൽ കാണുന്ന ശുദ്ധതയും പുണ്യപൂൎണ്ണതയും എത്ര മഹനീയം! അവരുടെസംഖ്യ എത്രവിപുലം! എങ്കിലും അവരുടെ ആദർശമായ ക്രിസ്തുവും അവരും തമ്മിൽ എത്രയോവലിയ അന്തരം! സംഗീതസാഹിത്യാദി സുകുമാരകലകളിലും, തത്വം വൈദ്യം മുതലായ ശാസ്ത്രങ്ങളിലും, എന്നുവേണ്ട സ്വഭാവവൈശിഷ്ട്യത്തിൽപോലും ശിഷ്യൻ ഗുരുവിനെ അതിശയിക്കുക എന്നതു് അത്ര അപൂൎവ്വമല്ല. എന്നാൽ ക്രിസ്തുവിന്റെ പുണ്യപൂൎണ്ണത അനന്തമാകയാൽ അദ്ദേഹത്തിന്റെ അനുയായികളിൽ ഏററം വലിയ വിശുദ്ധനെപ്പോലും അദ്ദേഹത്തോടു തുലനംചെയ്യുക എന്നതുതന്നെ ദൈവദൂഷണമായിരിക്കും. ക്രിസ്തുവിന്റെ സ്വഭാവവൈശിഷ്ട്യത്തെപ്പററി എത്രതന്നെ പ്രശംസിച്ചാലും അധികമായിപ്പോയി എന്നു വരുന്നതല്ല. അദ്ദേഹത്തിന്റെ സ്തുതികളെ യഥാർത്ഥം പ്രകീൎത്തിക്കുക മനുഷ്യൎക്കു അസാദ്ധ്യമത്രെ.

## IV.

## ക്രിസ്തു തന്നെക്കുറിച്ചു പറയുന്നതു്.

അഭിഷിക്തനും ജീവനുള്ള ദൈവത്തിന്റെ പുത്രനും ലോകത്തിന്റെ പ്രകാശവും നിത്യജീവനും താൻതന്നെയാണെന്നു ക്രിസ്തു പരസ്യമായി പ്രഖ്യാപനം ചെയ്യുന്നു. മനുഷ്യനു ലോകത്തിൽ സംഭവിക്കാവുന്നതിൽ ഏററം വലിയ വിപത്തു തനിക്കു് നേരിടുമെന്നു കണ്ടിട്ടും തന്റെ ദിവ്യത്വത്തെ പരസ്യമായി പ്രഖ്യാപനം ചെയ്യുന്നതിനു ക്രിസ്തു മടിക്കുന്നില്ല. "പ്രധാനാചാൎയ്യൻ അദ്ദേഹത്തോടു കല്പിച്ചു: നീ ദൈവപുത്രനായ ക്രിസ്തുവാണോ എന്നു ഞങ്ങളോടു പറയുവാൻ സജീവദൈവത്തിന്റെ നാമത്തിൽ ഞാൻ നിന്നോടു സത്യം ചെയ്തു പറയുന്നു. ക്രിസ്തു അയാളോടു് ഉത്തരിച്ചു: നീ അതു

പറഞ്ഞു കഴിഞ്ഞിരിക്കുന്നു." (മത്തായി. ൨൬. ൬൪) ശത്രുക്കൾ അദ്ദേഹത്തെ നാനാപ്രകാരത്തിൽ നിന്ദിക്കുകയും അപഹസിക്കുകയും ചെയ്തിരുന്ന ആ പീഡാനുഭവസമയം മുഴുവൻ ക്രിസ്തു കൊലയ്ക്കു കൊണ്ടുപോകപ്പെടുന്ന കുഞ്ഞാടിനെപ്പോലെ മൗനം ദീക്ഷിക്കുകയാണു ചെയ്തതു്. "ക്രിസ്തുവൊ എന്നാൽ മൗനം അവലംബിച്ചു." (മത്തായി, ൨൬. ൬൩) എന്നാൽ തന്റെ ദിവ്യത്വത്തെപ്പററി ചോദിച്ചയവസരത്തിൽ, കോപവെറിപൂണ്ട ഘാതകന്മാരുടെ മുൻപിൻ വച്ചുപോലും താൻ ദൈവപുത്രനാണെന്നു സമർത്ഥിക്കുന്നതു കർത്തവ്യമാണെന്നു ക്രിസ്തു കരുതുന്നു. അവിടുത്തെ പ്രസ്താവം പ്രസ്പഷ്ടവും അധികാരദ്യോതകവും ഖണ്ഡിതവുമത്രെ. ദ്വയാർത്ഥം അതിൽ ഒട്ടുംതന്നെ സ്ഫുരിക്കുന്നില്ല. ദൈവത്തോടു താൻ സമനാണെന്നു പ്രസ്താവിക്കുന്നതു് ഒരു വഞ്ചനയായി അദ്ദേഹം കരുതുന്നില്ല. ആകയാൽ അവിടുന്നു സമർത്ഥിച്ചതുപോലെതന്നെ ദൈവമായിരിക്കണം. ദൈവമല്ലാത്തപക്ഷം അവിടുന്നു നമ്മെ വഞ്ചിക്കുന്നു. ക്രിസ്തു നമ്മെ വഞ്ചിച്ചു എന്നു പറയുന്നതു തന്നെ പരമാബദ്ധമാണു്. എന്തു്! ക്രിസ്തു ഒരു വഞ്ചകനാണോ? മനുഷ്യവംശമാകുന്ന വിസ്തൃതാരാമത്തിലേ ഏററം വിശിഷ്ടകുസുമവും, സകല പരിശുദ്ധതയുടേയും ഭണ്ഡാഗാരവും, നമ്മുടെ സാക്ഷാൽ അവതാരം തന്നെയുമായ ക്രിസ്തു ഒരു വഞ്ചകനോ! അധഃപതിച്ച മനുഷ്യകുലത്തിന്റെ പരിത്രാതാവും ദുഃഖിതർക്കു് ആശ്വാസപ്രദനും, ദരിദ്രരുടെ ഉററ ബന്ധുവും ആയ ക്രിസ്തുനാഥൻ ഒരു വഞ്ചകനെന്നോ! ഹാ ദൈവമേ! ഇതു് എത്ര ഭയങ്കരം! ഇതു കേൾക്കുവാൻ സുബുദ്ധിയുള്ള വല്ലവർക്കും സാധിക്കുമോ! ഇതു് ഏററം ഗൗരവാവഹമായ ഒരു സംഗതിയാണു്. ആകയാൽ ഇതിനെക്കുറിച്ചു് അവധാനപൂർവ്വം ചി

ന്തിക്കേണ്ടിയിരിക്കുന്നു. ക്രിസ്തു ദൈവമല്ലെന്നുവന്നാൽ അദ്ദേഹത്തിൻെറ ജീവിതം തന്നെ ദുർഗ്രഹമായ ഒരു രഹസ്യമായി പരിണമിക്കും. പരസ്പരവിരുദ്ധങ്ങളായ അനേകം പ്രവൃത്തികൾ അദ്ദേഹം ചെയ്തിട്ടുണ്ടെന്നു സമ്മതിക്കേണ്ടിയും വരും. എന്തുകൊണ്ടെന്നാൽ ദൈവപുത്രനെന്നോണമാണ് അദ്ദേഹം എല്ലായ്പോഴും സംസാരിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നത്. ക്രിസ്തുവിൻെറ ദിവ്യത്വം നിഷേധിക്കുന്നതായാൽ ലോകചരിത്രം വെറും കെട്ടുകഥയായി പരിണമിക്കുന്നതാണ്. കാരണം ഇക്കഴിഞ്ഞ പത്തൊൻപതിൽപരം നൂററാണ്ടുകൾക്കുള്ളിൽ ജീവിച്ചിരുന്ന സത്തമന്മാരും ബുദ്ധിമാന്മാരും ഉത്തമന്മാരും ആയ എല്ലാവരും തന്നെ ക്രിസ്തുവിൻെറ ദൈവത്വത്തിൽ വിശ്വസിക്കുകയും അദ്ദേഹത്തെ അനുകരിക്കുകയും ചെയ്തു. അദ്ദേഹം ദൈവമല്ലാത്ത പക്ഷം പുണ്യം, പാപം എന്നിവ വെറും നിരർത്ഥകങ്ങളായ പദങ്ങളായിരിക്കും. ദൈവം ദൈവമല്ലെന്നും വരും. കേവലം ഒരു വഞ്ചകന് ഈ വിധം ദൈവത്തേയും മനുഷ്യനേയും വഞ്ചിക്കുന്നതിനു സാധിച്ചെങ്കിൽ, ദൈവത്തിനുമാത്രമുള്ള അധികാരാവകാശങ്ങളെ അപഹരിക്കുന്നതിനും സകല സൃഷ്ടിയുടേയും പരമനാഥനും ജീവിക്കുന്നവരുടേയും മരിച്ചവരുടേയും വിധികർത്താവുമായി സ്വയം പ്രഖ്യാപനം ചെയ്യുന്നതിനും കഴിഞ്ഞെങ്കിൽ, അതെ, നീതിമാനായ ദൈവത്തിൻെറ ഉഗ്രകോപത്തിന്നിരയാകാതെ ഇപ്രകാരം ദൈവത്തിനും മനുഷ്യനും എതിരായി ഇത്ര വലിയ കാര്യങ്ങൾ നിർവഹിക്കുന്നതിന് ഒരു വഞ്ചകനു സാധിച്ചെങ്കിൽ ദൈവമില്ലെന്നു പറയുവാൻ എനിക്കു ഒട്ടും ശങ്കയില്ല! ആകയാൽ ക്രിസ്തു ഒന്നുകിൽ ദൈവമായിരിക്കണം; അല്ലെങ്കിൽ മനുഷ്യരിൽ വച്ചു പരമദുഷ്ടനായിരിക്കണം. ഏതു് അവിശ്വാസിക്കും ഇതിലൊന്നു സമ്മതിക്കാതെ ഗത്യന്തരമില്ല. ക്രിസ്തു ഒരു വലിയ ലോകോപകാ

രിയും ധീവിലാസത്തിൽ അതുലനും ആണെന്നു് അവർ സമ്മതിക്കുന്നു. അദ്ദേഹത്തിന്റെ പ്രവൃത്തികളെ അവർ പ്രശംസിക്കുന്നു. ലോകരുടെമേൽ അദ്ദേഹത്തിനുണ്ടായിരുന്ന അന്യാദൃശമായ പ്രാബല്യത്തെക്കുറിച്ചു് അവർ വിസ്മയിക്കുന്നു. അദ്ദേഹം കാവ്യരുടെ ഇടയിൽ പ്രചാരത്തിൽ ഇരുന്ന ജുഗുപ്സാവഹങ്ങളായ ദുരാചാരങ്ങളെ ഭ്രമപെത്തുന്നു പ്രമാർജ്ജനം ചെയ്തു വെന്നും, അനേകം ആളുകളുടെ ജീവനാശത്തിനു ഹേതുഭൂതമായ മല്ലരംഗങ്ങളിലേ മൃഗീയവിനോദങ്ങളെ നിറുത്തൽ ചെയ്തുവെന്നും, നീചമായ അടിമവ്യാപാരത്തെ ലോകത്തിൽനിന്നു ബഹിഷ്കരിച്ചുവെന്നും, മനുഷ്യഹൃദയത്തെ സംശുദ്ധമാക്കുകയും മനുഷ്യരുടെ യഥാത്ഥമാഹാത്മ്യം അവരെ ധരിപ്പിക്കുകയും സ്നേഹം വിനയം ദാരിദ്ര്യം എന്നീ വിശിഷ്ടഗുണങ്ങളെ ലോകത്തിൽ ഉല്പാദിപ്പിക്കുകയും ചെയ്തുവെന്നും അവർ തലകുലുക്കി സമ്മതിക്കുന്നു. എന്നാലും, ക്രിസ്തു ഒന്നുകിൽ ദൈവം അല്ലെങ്കിൽ പരമദുഷ്ടനായ ദൈവദൂഷകൻ; ഇവയിലൊന്നു സമ്മതിക്കാതെ നിവൃത്തിയില്ല. ക്രിസ്തു ഒരു ദൈവദൂഷകനോ! സുകൃതത്തിനും പരിത്യാഗത്തിനും നിങ്ങൾ വല്ല പ്രാധാന്യവും കല്പിക്കുന്നുവോ? ക്രിസ്തുവിന്റെ ദിവ്യത്വത്തിലുള്ള ദൃഢവിശ്വാസത്താൽ പ്രേരിതരായി അവിടുത്തെ അനുയായികൾ അനുഷ്ഠിച്ചിട്ടുള്ള ത്യാഗങ്ങളും പ്രവത്തിച്ചിട്ടുള്ള ധീരകൃത്യങ്ങളും എത്ര ബഹുലം! എത്ര ആയിരം രക്തസാക്ഷികളാണു ക്രിസ്തുവിനെപ്രതി സ്വജീവനെപ്പോലും ബലികഴിച്ചിട്ടുള്ളതു്! ഇവരെല്ലാം കേവലം ഭോഷന്മാരെന്നോ? മനുഷ്യർ എത്ര മഹനീയവും ആദർശപരവുമായ ഒരവസ്ഥയിൽ വന്നെത്തിയെന്നും അറുപതോളം തലമുറകളിലായി ജീവിച്ചിരുന്ന പുണ്യാത്മാക്കൾ എത്ര ഉൽകൃഷ്ടങ്ങളായ സുകൃതങ്ങളെ അഭ്യസിച്ചിരുന്നെന്നും ചിന്തിക്കുമ്പോൾ അവരുടെ സ്വാത്മപരിത്യാഗങ്ങളും വീരോചിതകൃത്യങ്ങളും

വെറും വഞ്ചനയിൽനിന്നും ദോഷത്വത്തിൽനിന്നും ഉൽഭൂതമായിട്ടുള്ളതാണെന്നു സുബുദ്ധിയുള്ളവരാരെങ്കിലും പറയുമോ? ഒരിക്കൽ യൂറോപ്പുഖണ്ഡം മുഴുവനേയും കിടുകിടെ വിറപ്പിക്കയും, മാനുഷികജ്ഞാനത്തിൽ അതുല്യസ്ഥാനം കരസ്ഥമാക്കുകയും; തന്റെ സമകാലീനരെക്കാൾ അതിബുദ്ധിമാനായി പരിലസിക്കയും ചെയ്ത വിശ്വവിഖ്യാതനായ നെപ്പോളിയൻ ചക്രവർത്തി, സെൻറ് ഹെലേനാ ദ്വീപിൽ വെറും ഒരു തടവുകാരനായി വസിക്കുമ്പോൾ ശ്രീയേശുക്രിസ്തുവിന്റെ ദൈവികത്വത്തെപ്പററി, തന്റെ വിദേശവാസത്തിലെ സഹചാരനായ ജനറൽ ബെർട്രാൻഡിനോടു താഴെ വിവരിക്കുന്നവിധം പ്രസ്താവിക്കയുണ്ടായി: "എനിക്കു മനുഷ്യരുമായി നന്നായി ഇടപെടുന്നതിനു സംഗതി വന്നിട്ടുണ്ടു്. എന്നാൽ യേശു മനുഷ്യനേക്കാൾ വലിയവനാണെന്നു ഞാൻ നിങ്ങളോടു് ഉറപ്പു പറഞ്ഞുകൊള്ളുന്നു..... ഏതാനും രാജ്യങ്ങൾ പിടിച്ചടക്കിയ ഒരു അലക്സാണ്ടറിന്റെ വിജയങ്ങളിൽ നാം അത്ഭുതപരതന്ത്രരാകുന്നു! എന്നാൽ ക്രിസ്തുവിന്റെ വിജയങ്ങളിൽ നമുക്കു് എന്തുമാത്രം വിസ്മയം ഉണ്ടാകണം! അദ്ദേഹം കുറേ രാജ്യങ്ങളെയല്ല, ലോകം മുഴുവനേയും തനിക്കധീനമാക്കുന്നു. എന്തൊരത്ഭുതം! ഒരു യോഗി തന്റെ സുഹൃത്തുക്കളിൽനിന്നും, ഒരു പിതാവു തന്റെ പുത്രന്മാരിൽനിന്നും, ഒരു സഹോദരൻ തന്റെ സഹോദരരിൽനിന്നും ആവശ്യപ്പെട്ടിട്ടു ലഭിക്കാത്ത സ്നേഹമാണു്, അല്ല, സ്നേഹാസ്പദമായ ഹൃദയം തന്നെയാണു ക്രിസ്തു സന്ന്യായം അവകാശപ്പെടുന്നതു്. മുഴുവനായി അദ്ദേഹം അതിനെ ആവശ്യപ്പെടുകയും അദ്ദേഹത്തിനു ലഭിക്കയും ചെയ്യുന്നു. ഞാൻ അദ്ദേഹത്തിന്റെ ദിവ്യത്വത്തിൽ വിശ്വസിക്കുന്നു. അതിബുദ്ധിമാന്മാരും മഹാ പ്രബലന്മാരുമായ അലക്സാണ്ടർ, സീസർ, ഹാനിബാൾ, ലൂയി

പതിന്നാലാമൻ എന്നിവർക്കു സാധിക്കാതിരുന്ന ഒരു കാര്യ മാണിതു്. അനേകരാജ്യങ്ങൾ അവർ പിടിച്ചടക്കി. എന്നാൽ ഒരു സ്നേഹിതനെ ലഭിക്കുന്നതിനു് അവർക്കു സാധിച്ചില്ല. ക്രിസ്തു അവിടത്തെ പ്രസംഗം ആരംഭിച്ചതോടേ എല്ലാ ജനങ്ങളും അന്ത്യാദരമായി അദ്ദേഹത്തെ സ്നേഹിപ്പാനും അദ്ദേഹത്തോടു ഗാഢമായ ഒരു ബന്ധത്തിൽ വർത്തിപ്പാനും തുടങ്ങി. ഈ ബന്ധം, രക്തബന്ധത്തേക്കാളെന്നല്ല, മററു ഏതെല്ലാം വിധത്തിൽ ബന്ധങ്ങൾ ഉണ്ടാകാമോ അവ യെല്ലാററേക്കാൾ ഉപരിസുദൃഢവും സ്നേഹയോഗ്യവും, പരി ശുദ്ധവുമാണെന്നുള്ളതു് അവിതർക്കിതംതന്നെ. അവിടുന്നു, മററു സ്നേഹങ്ങളെയെല്ലാം വെല്ലുന്നതും, സ്വാൎത്ഥം ലേശം പോലും ഇല്ലാത്തതുമായ ഒരു സ്നേഹജ്വാലയെ നമ്മുടെ ഹൃദ യങ്ങളിൽ കത്തിക്കുന്നു. ഈ മഹാത്ഭുതം കാണുമ്പോൾ നാം എങ്ങനെയാണു് അദ്ദേഹം സ്രഷ്ടാവല്ലെന്നു പറയുക! ഇതെ കുറിച്ചാണു ഞാൻ, അതെ, നെപ്പോളിയൻ അത്യധികമായി വിസ്മയിക്കയും അതിഗാഢമായി ചിന്തിക്കയും ചെയ്യുന്നതു്. ക്രിസ്തുവിൻെറ ദൈവികത്വത്തെ ഇതു വേണ്ടുവോളം തെളിയി ക്കുന്നുണ്ടെന്നാണു് എൻെറ അഭിപ്രായം. എനിക്കുവേണ്ടി ജിവനെ ബലികഴിക്കുന്നതിനു് അനേകശതം ആളുകളെ ഞാൻ പ്രോത്സാഹിപ്പിക്കയും, വശീകരിക്കയും ചെയ്തിട്ടുണ്ടു്. എന്നാൽ അതിനു എൻെറ സാന്നിദ്ധ്യവും, വശീകരണ വീക്ഷണവും, സ്വരവും, വാക്കും, ആവശ്യമായിരുന്നു. മനുഷ്യ മനസ്സിനെ ബലാദാകർഷിക്കത്തക്ക ഈ ശക്തി എനിക്കുള്ള തായി ഞാൻ അറിയുന്നു. എന്നാൽ, മററാർക്കെങ്കിലും അതു കൊടുക്കുന്നതിനു് എനിക്കു സാധിക്കയില്ല. എൻെറ സേനാ നായകന്മാരിൽ ഒരാളെങ്കിലും അതു് എന്നിൽനിന്നു സ്വീകരി ച്ചിട്ടില്ല. എൻെറ നാമമൊ, എന്നെക്കുറിച്ചുള്ള സ്നേഹമൊ

അന്യരിൽ നിലനിറുത്തുന്നതിന് എനിക്കു ശക്തിയില്ല. ഞാൻ വിജനമായ ഈ ഹെലേനാ ദ്വീപിൽ ആയിരിക്കുമ്പോൾ- ഇവിടെ കാരാഗൃഹവാസം അനുഭവിക്കുമ്പോൾ- എനിക്കുവേണ്ടി യുദ്ധം ചെയ്യുവാൻ ആരാണുള്ളത്? ആരാണ് എനിക്കുവേണ്ടി സാമ്രാജ്യങ്ങൾ സമ്പാദിക്കുന്നത്? എൻെറ മന്ത്രിസഭ ഇപ്പോൾ എവിടെ? ആരെങ്കിലും എന്നെപ്പററി വിചാരിക്കുന്നുണ്ടോ? യൂറോപ്പിൽ ആരെങ്കിലും ഇപ്പോൾ നെപ്പോളിയനെ ഗണിക്കുന്നുണ്ടോ? എനിക്കു വിശ്വസ്തരായി ആരുണ്ട്? എൻെറ സ്നേഹിതന്മാർ എവിടെ? എൻെറ ലജ്ജാവഹമായ ദുരവസ്ഥയും, ലോകം മുഴുവനിലും സ്നേഹിക്കപ്പെടുകയും പ്രസംഗിക്കപ്പെടുകയും ആരാധിക്കപ്പെടുകയും ചെയ്യുന്ന ക്രിസ്തുവിൻെറ നിത്യ ഭരണവുംതമ്മിൽ എന്തു ദൂരവ്യത്യാസം!" ("Memoires du General Bertrand").

## അദ്ധ്യായം ൩.

### ദൈവപുത്രൻ.

### I

### ഒരാളിൽ രണ്ടു സ്വഭാവം.

"ദൈവപുത്രനായ നമ്മുടെ കത്താവീശോമിശി ഹാ ദൈവവും മനുഷ്യനും ആകുന്നുവെന്നു വിശ്വസിക്കുകയും ഏററുപറയുകയും ചെയ്യുന്നതിലാണു സത്യവിശ്വാസം അടങ്ങിയിരിക്കുന്നതു്. അദ്ദേഹം പിതാവിൽനിന്നു് അനാദിയിലേ ഉള്ള ദൈവവും മാതാവിൽനിന്നു സമയത്തിൻെറ പൂണ്ണതയിൽ ജനിച്ച മനുഷ്യനും ആകുന്നു. അവിടുന്നു വിവേചനാശക്തിയുള്ള ഒരാത്മാവോടും, മനുഷ്യശരീരത്തോടും കൂടിയ പരിപൂണ്ണദൈവവും പരിപൂണ്ണമനുഷ്യനും ആകുന്നു. അദ്ദേഹം ദൈവത്വംമൂലം പിതാവിനു സമനും മനുഷ്യത്വംമൂലം പിതാവിനെക്കാൾ താണവനുമത്രെ. ഒരേസമയത്തു് അദ്ദേഹം ദൈവവും മനുഷ്യനും ആകുന്നെങ്കിലും അദ്ദേഹത്തിൽ 'ആളുകൾ' (Persona) രണ്ടില്ല; ക്രിസ്തുവായ ഒരാൾ മാത്രമേയുള്ളു. ദൈവത്വം മാംസമാക്കി തീത്തുകൊണ്ടല്ല, പിന്നെയോ മനുഷ്യത്വത്തെ ദൈവത്തിലേയ്ക്കു സ്വീകരിച്ചുകൊണ്ടാണു് അദ്ദേഹം ഏകനായിരിക്കുന്നതു്. കാതലിൻെറ ഏതെങ്കിലും കലപ്പ

കൊണ്ടല്ല, ആളിൻെറ ഏകത്വം കൊണ്ടാണ് അവിടുന്നു പരിപൂർണ്ണമായി ഏകനായിരിക്കുന്നതു്. എന്തുകൊണ്ടെന്നാൽ വിവേചനാശക്തിയുള്ള ആത്മാവും ശരീരവും കൂടി ഒരു മനുഷ്യൻ മാത്രമായിരിക്കുന്നതുപോലെ ദൈവവും മനുഷ്യനും കൂടി ഒരു ക്രിസ്തുമാത്രമായിരിക്കുന്നു.'' മനുഷ്യാവതാരമെന്ന മഹാ രഹസ്യത്തെ സംബന്ധിച്ച് അപ്പസ്തോലന്മാർ പഠിപ്പിച്ചിരുന്നതാണ്, അത്തനേസിയൂസിൻെറ വിശ്വാസപ്രമാണത്തിലെ മേലുദ്ധരിച്ച ഭാഗം. ക്രിസ്തു ദൈവവും മനുഷ്യനുമാകുന്നുവെങ്കിലും അദ്ദേഹത്തിൽ ആൾ ഒന്നുമാത്രമേയുള്ളു. സഭയുടെ ഈ വിശ്വാസത്തിനെതിരായി പല പാഷണ്ഡികളും മതഭ്രാന്തന്മാരും പല അബദ്ധങ്ങളും പഠിപ്പിച്ചിട്ടുണ്ട്. ക്രിസ്തു ഒരു വെറും മനുഷ്യൻ മാത്രമാണെന്നു സെറിന്തിയൻസ് എന്ന പാഷണ്ഡികൾ പഠിപ്പിച്ചു. യോർദ്ദനാൻ നദിയിൽവച്ച് അദ്ദേഹം ജ്ഞാനസ്നാനം സ്വീകരിച്ചപ്പോൾ പരിശുദ്ധാരൂപി അദ്ദേഹത്തിൻെറമേൽ ഇറങ്ങിയെന്നും പീഡാനുഭവസമയത്തു് അദ്ദേഹത്തെ വിട്ടുപോയി എന്നുമാണ് അവർ പറയുന്നതു്. ആരിയൂസ്മതാനുസാരികൾ ക്രിസ്തുവിൻെറ ദിവ്യത്വത്തെ മുഴുവനായി നിഷേധിച്ചു. രക്ഷകൻെറ ശരീരം വെറും ഛായയൊ മായാരൂപമൊ ആണെന്നു ഡൊസേത്തെ വാദിച്ചു. എന്നാൽ ക്രിസ്തുവിൻെറ അവതാരം സംബന്ധിച്ചുണ്ടായിട്ടുള്ള എല്ലാ അബദ്ധങ്ങളും നെസ്തോറീസിൻെറയും എവുത്തിക്കസിൻെറയും സിദ്ധാന്തങ്ങളിൽ അന്തർഭവിച്ചിട്ടുണ്ട്. ക്രിസ്തുവിൽ രണ്ടു് ആളുകളും രണ്ട് സ്വഭാവവും ഉണ്ടെന്നും, ഈ രണ്ടു് ആളുകളും സംയോജിച്ചും സഹകരിച്ചും വർത്തിക്കുന്നുവെങ്കിലും പരസ്പരാശ്രയംകൂടാതെ ഇരിക്കുന്നു എന്നും ആയിരുന്നു നെസ്തോറീസിൻെറ അഭിപ്രായം. എന്നാൽ എവുത്തിക്കൂസു പഠിപ്പിച്ചിരുന്നതു മനുഷ്യസ്വഭാവവും ദൈവസ്വഭാവവും കൂടിക്കലർന്ന ഒരൊററ

സ്വഭാവം മാത്രമേ ക്രിസ്തുവിലുണ്ടായിരുന്നുള്ളുവെന്നാണ്. എന്നാൽ യാഥാർത്ഥ്യം ഇതൊന്നുമല്ല. ഒരേ ഒരു ദൈവിക ആളിൽ ദൈവസ്വഭാവവും മനുഷ്യസ്വഭാവവും പരിപൂർണ്ണമായും കലച്ചുക്കൂടാതെയും സ്ഥിതിചെയ്യുന്നു. ഈ സ്വഭാവങ്ങൾ രണ്ടും തമ്മിൽ യാതൊരു സംയോഗമാകട്ടെ, സംമിശ്രമാകട്ടെ; കലർപ്പാകട്ടെ ഇല്ല. ഒന്നു മററതിൽ ലയിച്ചു പോകുന്നുമില്ല. എന്നാൽ ഒരേ ദൈവിക ആൾതന്നെ അവയെ ഭരിക്കുകയും നയിക്കുകയും ചെയ്യുന്നതിനാൽ അവ പരസ്പരവൈരുദ്ധ്യം കൂടാതെ വർത്തിക്കുന്നു. ക്രിസ്തുവിനു രണ്ടു സ്വഭാവം ഉള്ളതിനാൽ അദ്ദേഹത്തിനു രണ്ടു മനസ്സും രണ്ടു ബുദ്ധിയും ഉണ്ട്. ഒരു മനസ്സും ഒരു ബുദ്ധിയും ദൈവികവും ഒരു മനസ്സും ഒരു ബുദ്ധിയും മാനുഷികവുമാകുന്നു. ഇവയിൽ ദൈവികമനസ്സു തന്നെത്താനുണ്ടായതും മാററമില്ലാത്തതും സർവ്വശക്തിയുള്ളതും എല്ലാം ഭരിക്കുന്നതുമാകുന്നു. മാനുഷികമനസ്സു സൃഷ്ടിക്കപ്പെട്ടതും പ്രസാദവരത്തിൻെറ സഹായസഹകരണമാവശ്യമുള്ളതുമത്രെ. അനന്തവും, ഗ്രഹിക്കാവുന്ന സകലത്തേയും സംപൂർണ്ണമായി മനസ്സിലാക്കുന്നതുമാണു ദൈവിക ബുദ്ധി. പരിമിതവും, തന്നിമിത്തം പരിമിതമായ ഗ്രഹണശക്തിയുള്ളതുമാണ് മാനുഷികബുദ്ധി. എന്നാൽ ക്രിസ്തുവിൽ വ്യത്യസ്തങ്ങളായ രണ്ടു ശക്തികളും പ്രവൃത്തികളും ഉണ്ടെങ്കിലും ഒരേ ഒരു പ്രവർത്തകൻ മാത്രമെയുള്ളു. ഈ ദൈവ ആൾതന്നെ വ്യത്യസ്തവും പരസ്പരവിരുദ്ധവുമായ രണ്ടു സ്വഭാവങ്ങളേയും നിയന്ത്രിക്കുന്നു. പുരുഷവ്യക്തിത്വം (Personality) സ്വഭാവത്തിൻെറ ഭാഗമൊ അംശമൊ അല്ല. എന്നാൽ അതു സ്വഭാവത്തെ പൂർണ്ണമായ വ്യക്തിയാക്കിച്ചെയ്യുന്നു. ത്രിത്വത്തിൽ ഒരു സ്വഭാവം മാത്രമേയുള്ളുവെങ്കിലും വ്യത്യസ്തരായ മൂന്നാളുകളുണ്ട്. നേരെമറിച്ചു നമ്മുടെ ദിവ്യരക്ഷകനിൽ രണ്ടു സ്വഭാവങ്ങളുണ്ടെങ്കിലും ആൾ ഒന്നു മാത്രമേ

യുള്ളു. അതിനാൽ ഒരു മനുഷ്യനായിരിക്കുന്നതിനു മാനുഷികമായ പുരുഷവ്യക്തിത്വം അവശ്യം വേണമെന്നില്ല. ക്രിസ്തു നമ്മെപ്പോലെ ഒരു മനുഷ്യനാണെങ്കിലും, അദ്ദേഹം 'മനുഷ്യ ആൾ' അല്ല. സ്വഭാവത്തിൽനിന്നു പുറപ്പെടുന്ന പ്രവൃത്തികളുടെ കർത്താവും, നിയന്താവും, അവയുടെ ഉൽകൃഷ്ടതയ്ക്കും, മേന്മയ്ക്കും, യോഗ്യതയ്ക്കും നിദാനവും 'ആൾ' ആകുന്നു. തന്നിമിത്തം, "ഞാൻ സൃഷ്ടിക്കപ്പെടാത്തവനും, ആദ്യന്തവിഹീനനും, അമേയനും, സഹനത്തിനു വിധേയനല്ലാത്തവനും, ജീവദാതാവും ആകുന്നു" എന്നും "ഞാൻ ഒരു സൃഷ്ടിയാകുന്നു; ഞാൻ സമയത്തിൽ ജനിച്ചു; ഞാൻ പരിമിതനും, സുഖദുഃഖങ്ങൾക്കും മരണത്തിനും അധീനനും, ആകുന്നു" എന്നും ക്രിസ്തുവിനു യഥാർത്ഥമായി പറയാമായിരുന്നു. ആകയാൽ വി. പത്രോസു യഹൂദന്മാരോടു പറയുന്നു "ജീവൻെറ കർത്താവിനെ നിങ്ങൾ കൊന്നുകളഞ്ഞു." (നട്പടി, ൩, ൧൫) മനുഷ്യനെന്ന നിലയിൽ പരിമിതനെങ്കിലും ദൈവ ആൾ ആയിരുന്നതുകൊണ്ടു ദിവ്യരക്ഷകൻെറ പ്രവൃത്തികളെല്ലാം വിലയിലും യോഗ്യതയിലും അപരിമിതങ്ങളും നിസ്സീമങ്ങളും ആയിരുന്നു. പാപം അനന്തമാലിന്യമുള്ള ദ്രോഹമാകകൊണ്ടു അതിനു് അനന്തപരിഹാരവും ആവശ്യമാണു്. ക്രിസ്തുവിൽ ദൈവ ആളും മനുഷ്യ ആളും പ്രത്യേകം ഉണ്ടായിരുന്നെങ്കിൽ ഈ പാപപരിഹാരവും തൻമൂലമുള്ള നമ്മുടെ പരിത്രാണവും അസംഭാവ്യമാകുമായിരുന്നു. എന്തുകൊണ്ടെന്നാൽ പാപപരിഹാരത്തിനാവശ്യമായ പീഡയൊ അപമാനമൊ സഹിക്കുവാൻ ദൈവത്തിനു സാധ്യമല്ല. ഒരു വെറും മനുഷ്യ ആളിൻെറ പ്രായശ്ചിത്ത പ്രവൃത്തികൾ പരിമിതങ്ങളാകയാൽ അനന്തമായ പരിഹാരം ചെയ്യുന്നതിനു മനുഷ്യനും പ്രാപ്തിയില്ല. ഈ സ്ഥിതിക്കു പാപത്തിനു പൂർണ്ണപരിഹാരം വേണമെന്നു ദൈവം ആഗ്രഹിക്കുന്നെങ്കിൽ

അവിടുന്നു മനുഷ്യസ്വഭാവം സ്വീകരിച്ചു, തൻെറ ദിവ്യമായ പുരുഷവ്യക്തിത്വം വഴിയായി, അതിന്ന് അനന്തമായ പരിഹാരം ചെയ്യുന്നതിന്നു തക്ക ഒരു ശക്തി പ്രദാനം ചെയ്യേണ്ടിയിരുന്നു.

## II.

## ദൈവമായ ക്രിസ്തു.

ദൈവമെന്ന നിലയിൽ ക്രിസ്തു സകലത്തിൻെറയും സ്രഷ്ടാവാണ്. ശക്തിമാനും, ഭയങ്കരനും, സൈന്യങ്ങളുടെ ദൈവവും ആയ യഹോവ എന്നാകുന്നു അവിട്ടത്തെ നാമം. അവിട്ടന്നു കരയ്ക്കും കടലിന്നും, അവയുടെ സമൃദ്ധിയെ നൽകുകയും ആകാശത്തെ നക്ഷത്രങ്ങൾകൊണ്ട്, അലങ്കരിക്കുകയും ചെയ്തു. അദ്ദേഹത്തിൻെറ ദൃഷ്ടിയിൽ ഭൂമണ്ഡലങ്ങളെല്ലാം നിസ്സാരങ്ങൾതന്നെ. "ഇവിടംവരെ വരാം; ഇതിനപ്പുറം കടന്നുകൂടാ" എന്ന് അവിട്ടന്നു കടലിനോടു കല്പിക്കുന്നു. സകലത്തേയും ദിവ്യപരിപാലനം വഴിയായി അദ്ദേഹം ഭരിക്കുന്നു. ആകാശ ഗോളങ്ങളെ നിയന്ത്രിക്കുകയും, സീമയററ അന്തരീക്ഷത്തിലുള്ള പരമാണുക്കളെപ്പോലും സംരക്ഷിക്കയും ചെയ്യുന്നു. നീലനിറമുള്ള തെളിഞ്ഞ ആകാശത്തിൽ മിന്നിത്തിളങ്ങുന്ന മനോഹര നക്ഷത്രങ്ങളെ നോക്കുക. അവയിൽ പലതും, നാം അധിവസിക്കുന്ന ഭൂഗോളത്തെക്കാൾ വളരെ വളരെ മടങ്ങു് വലിപ്പമുള്ളവയും, അതി വിദൂരത്തിൽ സ്ഥിതിചെയ്യുന്നവയും ആകുന്നു. നമുക്ക് ഏററം അടുത്ത നക്ഷത്രംപോലും ൨൦,൨൫൯,൯൦൦,൦൦൦,൦൦൦,൦൦൦, മൈൽ അകലെയാകുന്നു സ്ഥിതിചെയ്യുന്നതു്. ഇതിനപ്പുറവും അനേകായിരം നാഴിക അകലെയായി, വളരെ ശക്തിയുള്ള ദൂരദർശിനികളാൽപോലും തിരിച്ചറിവാൻ പാടില്ലാത്ത അനവധിനക്ഷത്രങ്ങൾ ഇനിയുമുണ്ടു്. ബ്രഹ്മാണ്ഡമായ നഭോമണ്ഡലവും,

വിസ്തൃതമായ അന്തരിക്ഷവും യഥാൎത്ഥത്തിൽ ദൈവത്തിന്റെ മാഹാത്മ്യമാകുന്ന മഹാസമുദ്രത്തിൽ ഒരു ചെറുകുമിളമാത്രമാകുന്നു. ഇവയെല്ലാററിന്റെയും സ്രഷ്ടാവായ യേശുക്രിസ്തു എത്രയൊ മഹനിയനും ശക്തിമാനും ആകുന്നു! "എല്ലാ വസ്തുക്കളും അവനാൽ ഉണ്ടാക്കപ്പെട്ടു; അവനെക്കൂടാതെ, സൃഷ്ടിക്കപ്പെട്ട യാതൊന്നും ഉണ്ടാക്കപ്പെട്ടിട്ടില്ല." (യോഹ. ൧, ൩) "സ്വൎഗ്ഗം എന്റെ സിംഹാസനവും ഭൂമി എന്റെ പാദപീഠവുമാകുന്നു." (ഇസ., ൬൬, ൧) "അദ്ദേഹത്തിന്റെ മഹത്വത്തിന്ന് അതിരില്ല." (സങ്കീ., ൧൪൪,൩). ആകയാൽ സൃഷ്ടിയിൽ വെറും അണുപ്രായനായ മനുഷ്യൻ ദൈവതിരുമുമ്പിൽ തന്റെ അവകാശങ്ങളെപ്പററി വാദിക്കയും യജമാനത്വം നടിക്കയും ചെയ്യുന്നതിനെക്കാൾ കൂടുതൽ പരിഹാസ്യമായി എന്താണുള്ളതു്? മഹാനായ ന്യൂട്ടൻ ദൈവനാമം ഉച്ചരിക്കുമ്പോളെല്ലാം തല കുനിച്ചിരുന്നു. സ്രഷ്ടാവിനെപ്പററി കേവലം അജ്ഞന്മാരായിരിക്കേ മഹാജ്ഞാനികളായി പ്രത്യക്ഷപ്പെടുവാൻ പ്രയത്നിക്കുന്ന ഇക്കാലത്തെ ചില പണ്ഡിതമ്മന്യന്മാരും ഇദ്ദേഹവും തമ്മിൽ എത്രയൊ വലിയഅന്തരം. അടുത്ത കാലത്തു്, വിശ്വവിശ്രുതനായ ഒരു ജ്യോതിശ്ശാസ്ത്രജ്ഞൻ മരിക്കാറായപ്പോൾ ഒരു പുരോഹിതനെ ക്ഷണിച്ചുവരുത്തുകയുണ്ടായി. ആ പുരോഹിതൻ ദൈവകാരുണ്യത്തേയും നിത്യജീവനേയും കുറിച്ചു ചില സദുപദേശങ്ങൾ അയാൾക്കു നൽകി. "ദൈവം! നിത്യത! കൊള്ളാം; വിഷയങ്ങൾ അതിവിശേഷംതന്നെ! എന്നാൽ ജീവിതകാലം എത്രയൊ പരിമിതം. ഇവയെപ്പററിയെല്ലാം ചിന്തിക്കുന്നതിന്ന് എനിക്കു സമയമില്ലായിരുന്നു" എന്നത്രെ അവസ്ഥക്കു് അയാൾ കൊടുത്ത മറുപടി. ഹാ! ഇവയെപ്പററി ചിന്തിക്കുന്നതിന്ന് അയാൾക്കു സമയമില്ലായിരുന്നു

പോലും! നക്ഷത്രങ്ങളുടെ ചലനം അവയുടെ ഭ്രമണവൃത്തത്തിൻെറ അളവു മുതലായവ പഠിക്കുന്നതിനും, സൃഷ്ടലോകത്തിൻെറ ആശ്ചര്യകരമായക്രമം വൈശിഷ്ട്യം ഇവയെ പ്രശംസിക്കുന്നതിനും അയാൾക്കു സമയമുണ്ടായിരുന്നു. എന്നാൽ വിസ്മയാവഹമായ ഈ പ്രപഞ്ചത്തിൻെറ നാഥനെപ്പററി ചിന്തിക്കുന്നതിന് അയാൾക്ക് സമയം കിട്ടിയില്ലത്രെ.

ക്രിസ്തുവിൻെറ ദിവ്യജീവിതം നിത്യമാകുന്നു. പിതാവിൻെറ 'വചനം' അഥവാ 'ചിന്ത' ആയ അദ്ദേഹത്തിന് ഇപ്രകാരം പ്രസ്താവിക്കാം: "ഭൂമി സൃഷ്ടിക്കപ്പെടുന്നതിനുമുൻപു, പണ്ടേ അനാദിയിൽത്തന്നെ ഞാൻ സ്ഥാപിതനായി. അഗാധതലങ്ങൾ ഇല്ലാതിരിക്കെ .... ഞാൻ ഗർഭത്തിൽ വഹിക്കപ്പെട്ടു .... കുന്നുകൾ ഉണ്ടാകുകയും ഭീമാകാരങ്ങളായ പർവ്വതങ്ങൾ സൃഷ്ടിക്കപ്പെടുകയും ചെയ്തതിനു മുമ്പായി ഞാൻ ജനിപ്പിക്കപ്പെട്ടിരുന്നു." (ഉപമ., ൮, ൨൨) നിത്യത്വത്തെക്കുറിച്ച് അല്പമായ ജ്ഞാനമെങ്കിലും നമുക്കു നൽകുന്നതിനു പര്യാപ്തമായിട്ടുള്ളതു 'സന്തതം' 'അനവരതം' എന്ന രണ്ടു പദങ്ങൾ മാത്രമാണ്. നിത്യത്വം എല്ലായ്പോഴും ഉണ്ടായിരുന്നതും ഇപ്പോളുള്ളതും ഇനി ഉണ്ടാകുവാൻനിരിക്കുന്നതും ആയ ഒരു അവസ്ഥയാകുന്നു. അതിനാൽ അതു് ഒരിക്കലും ഇല്ലാതാകയില്ല. ആരംഭമൊ, അവസാനമൊ, ഭൂതമൊ, ഭാവിയൊ ഇല്ലാത്ത ഒരു സ്ഥിതിയാകുന്നു നിത്യത്വം; അതു സമയത്തിൻെറ മാററമോ ഏററക്കുറച്ചിലൊ ബാധിക്കാത്ത വർത്തമാനകാലമാകുന്നു: "ഞാൻ നാഥനാകുന്നു; എനിക്കു മാററമില്ല." (മലാ., ൩. ൬) നമ്മുടെ ഐഹികജീവിതവും നിത്യത്വവും തമ്മിൽ എത്ര വ്യത്യാസം! നമ്മുടെ ജീവിതം എത്ര പെട്ടെന്ന് അവസാനിക്കുന്നു! "ജഡമെല്ലാം പുല്ലും അതിൻെറ മഹത്വം

വയലിലേ പുഷ്പം പോലെയും ആകുന്നു. പുല്ല് ഉണങ്ങിപ്പോയി; പൂവു വീണുംപോയി." (ഇസ., ൧൧, ൩) അല്പകാലം ജീവിച്ചു നശിച്ചുപോകുന്ന വസ്തുക്കൾമാത്രം കണ്ടു പരിചയമുള്ള നമുക്കു നിത്യതത്വത്തെക്കുറിച്ചു ചിന്തിക്കപോലും പ്രയാസമായി തോന്നുന്നു. ക്രിസ്തു ദൈവമാകയാൽ നിത്യനാണ്. "യേശുക്രിസ്തു ഇന്നലെയും, ഇന്നും, എന്നേയ്ക്കും (അതെ ആൾതന്നെ)." (എബ്ര., ൧൩, ൮) ലോകത്തിൽ അല്പകാലത്തേയ്ക്കു മാത്രം ജീവിക്കുന്ന നമ്മെ ഈ സർവ്വശക്തൻ ഇല്ലായ്മയെന്ന ആഴത്തിന്റെ മുകളിൽ ദുർബലമായ ഒരു ചരടിൽ തൂക്കിനിർത്തുന്നു. അവിടുത്തെ മുമ്പിൽ നമ്മൾ അശക്തരും ദരിദ്രരും ആകുന്നു. അവിടുന്നു നമ്മെ സർവ്വത്ര ചുററിയിരിക്കുന്നു. നാം നമുക്കുതന്നെ എന്നതിനെക്കാൾ കൂടുതൽ അവിടുന്നു നമുക്കു പ്രത്യക്ഷമായിരിക്കയും ചെയ്യുന്നു. അദ്ദേഹത്തിൽ നാം ചരിക്കയും, ജീവിക്കയും, സ്ഥിതി ചെയ്കയും ചെയ്യുന്നു. അവിടുത്തെ സൂക്ഷ്മദൃഷ്ടി നമ്മുടെ അന്തരേന്ദ്രിയങ്ങളിൽപോലും എത്തുന്നു. നമ്മുടെ ഏററവും നിഗൂഢമായ ചിന്തപോലും അവിടുത്തെ ദൃഷ്ടിയിൽ നിന്നു മറയ്ക്കുന്നതിനു നമുക്കു സാധിക്കുകയില്ല. "കർത്താവേ, ഞാൻ സ്വർഗ്ഗത്തിലേക്കു കയറിയാൽ നീ അവിടെയുണ്ട്; ഞാൻ പാതാളത്തിലേക്ക് ഇറങ്ങിയാൽ നീ അവിടെയുമുണ്ട്. ഞാൻ ഉഷസ്സിൽ ചിറകു ധരിച്ചു സമുദ്രത്തിന്റെ അതിവിദൂരഭാഗങ്ങളിൽ വസിച്ചാൽ അവിടെയും നിന്റെ കരം എന്നെ നയിക്കും." (സങ്കീ. ൧൩൮)

## III.

## മനുഷ്യനായ ക്രിസ്തു.

ദൈവമായ ക്രിസ്തു മനുഷ്യനും ആകുന്നു. മനുഷ്യപുത്രനെന്നു സ്വയം അഭിസംബോധനം ചെയ്യുന്നതിന് അവി

ടുന്നു ഇഷ്ടപ്പെട്ടുന്നു. എന്തുകൊണ്ടെന്നാൽ മനുഷ്യനെന്ന നിലയിലാണ് അദ്ദേഹം ലോകത്തോടു യുദ്ധം ചെയ്തതു്. അവസാനവിധിക്കു മുമ്പു സംഭവിപ്പാനിരിക്കുന്ന സംഗതികളെ വിവരിക്കയും, ജീവിക്കുന്നവരുടേയും മരിച്ചവരുടേയും പരമവിധികർത്താവു താനാണെന്നു പ്രസ്താവിക്കയും ചെയ്യുന്ന അവസരത്തിൽ അവിടുന്ന് ഇപ്രകാരം പറയുന്നു. "അപ്പോൾ മനുഷ്യപുത്രൻെറ അടയാളം ആകാശത്തിൽ പ്രത്യക്ഷപ്പെടും. അപ്പോൾ ഭൂമിയിലെ സകല ഗോത്രങ്ങളും വിലപിക്കയും, മനുഷ്യപുത്രൻ ആകാശമേഘങ്ങളിൽ മഹാപ്രഭാവത്തോടും പ്രതാപത്തോടുംകൂടെ വരുന്നതു കാണുകയും ചെയ്യും.". (മത്താ, ൨൪. ൩൦) അതെ, അവിടുന്നു മനുഷ്യപുത്രൻതന്നെ. എന്തുകൊണ്ടെന്നാൽ പരിശുദ്ധയും നിഷ്കളങ്കയും, സ്ത്രീകളുടെ മാതൃകയും, മനുഷ്യപരിപൂർണ്ണതയുടെ ആദർശവും ആയ അമലോൽഭവമറിയം പരിശുദ്ധാത്മാവിൻെറ അനന്തശക്തിയാൽ അദ്ദേഹത്തെ ഗർഭം ധരിച്ചു. ഈ പരിശുദ്ധമാതാവു സർവ്വസുകൃതങ്ങളാലും അലംകൃതയും ഏററവും ദീപ്തിമത്തുക്കളായ വാനാരൂപികളേക്കാൾ പരിശുദ്ധയും ആയിരുന്നു. നമ്മുടെ രക്ഷാനാഥന് ഈലോകത്തിൽ പിതാവു് ഇല്ലാതിരുന്നതിനാൽ അദ്ദേഹം തൻെറ മനുഷ്യത്വം മുഴുവൻ മറിയത്തിൽനിന്നാണു സ്വീകരിച്ചതു്. അതിനാൽ അവർ തമ്മിൽ ധാർമ്മികവും ശാരീരികവും ആയ തുല്യത ഉണ്ടായിരുന്നു. അവർക്കു് ഒരേ ആകൃതിയും ഒരേ പ്രകൃതിയും, ഒരേ വാസനയും ആണു് ഉണ്ടായിരുന്നതു്. അന്യൂനമായ ഒരു മനുഷ്യസ്വഭാവവും, എല്ലാ ഇന്ദ്രിയങ്ങളോടുംകൂടിയ ഒരു ശരീരവും, സകല ശക്തികളോടുംകൂടിയ ഒരാത്മാവും ക്രിസ്തു സ്വീകരിച്ചു. തന്നിമിത്തം മനുഷ്യനെന്ന നിലയിൽ അവിടുന്നും മററു മനുഷ്യരുംതമ്മിൽ യാതൊരു വ്യത്യാസവുമില്ല. എന്നാൽ അവിടുത്തെ സ്വഭാവത്തിൻെറ പരിപൂർണ്ണ

ത കേവലം വാചാമഗോചരമായിരുന്നു. മനുഷ്യൎക്കെന്നല്ല വാനാരൂപികൾക്കുപോലും അതു നിശ്ശേഷം ഗ്രഹിക്കുവാൻ സാധിക്കുന്നതല്ല. നമ്മുടെ രക്ഷാനാഥൻ സൃഷ്ടവസ്തുക്കളെയെല്ലാം സൎവ്വപ്രകാരേണയും അതിശയിച്ചിരുന്നു. ഒരുവന്റെ മാഹാത്മ്യവും ഗുണവിശേഷങ്ങളും അവന്റെ ജീവിതനിലയും ഉദ്യോഗവുമനുസരിച്ചിരിക്കും. ദൈവം ഒരുവനെ ഉന്നതസ്ഥാനത്തിലേയ്ക്കു് ഉയൎത്തുമ്പോൾ ആ സ്ഥാനത്തിനു് ആവശ്യമുള്ള എല്ലാ യോഗ്യതകളും അവനു നൽകുന്നു. അങ്ങനെയെങ്കിൽ ദൈവപുത്രന്റെ മനുഷ്യത്വം എത്ര മാഹാത്മ്യമുള്ളതായിരിക്കണം. അതിന്റെ ശ്രേഷ്ഠത ഗ്രഹിക്കുവാൻ ആൎക്കാണു സാധിക്കുക. അദ്ദേഹമല്ലയോ സകലത്തിന്റെയും ആരംഭവും അവസാനവും? അദ്ദേഹമല്ലയോ രാജാക്കളുടെ രാജാവും, കൎത്താക്കളുടെ കൎത്താവും? ദൈവം സകലവസ്തുക്കളുടേയും അവകാശിയായി അദ്ദേഹത്തെ നിയമിച്ചിരിക്കുന്നു എന്നു വി. പൗലോസ് പറയുന്നു: (എബ്രാ, ൧, ൨.) "അയാളെ സ്വൎഗ്ഗീയസ്ഥലങ്ങളിൽ തന്റെ വലത്തുഭാഗത്തു പ്രതിഷ്ഠിച്ചുകൊണ്ടു......എല്ലാ പ്രഭുത്വത്തിനും, അധികാരത്തിനും, ശക്തിക്കും, ആധിപത്യത്തിനും, ഈ ലോകത്തിൽ മാത്രമല്ല, ഭാവിലോകത്തിലും വിളിക്കപ്പെടുന്ന എല്ലാ നാമത്തിനും മേൽ സ്ഥാപിക്കുകയും എല്ലാററിനേയും അയാളുടെ പാദങ്ങൾക്കു് അധീനപ്പെടുത്തുകയും ചെയ്തു." (അപ്പ., ൧. ൨൦-൨൨) സകലത്തിന്റെയും അന്ത്യവും കേന്ദ്രവും ക്രിസ്തുവാകയാൽ "അയാളിൽ സൎവ്വപൂൎണ്ണതയും ആവസിപ്പാൻ അവിടത്തേയ്ക്കു (പിതാവിനു്) പ്രസാദം തോന്നി"യതിൽ വിസ്മയിപ്പാനില്ല. (കൊലസ. ൧, ൧൯) ദൃശ്യമായ സകല സൃഷ്ടവസ്തുക്കളിലും വച്ചു് ഉത്തമമാകുന്നു ക്രിസ്തുവിന്റെ ശരീരം. അതിന്റെ ഘടനയും, പ്രകൃതിയും, കോമളത്വവും, അന്യാദൃശമായിരുന്നു. വിശപ്പും ദാഹവും, തണുപ്പും ചൂടും, പീഡ

ഷ്ടം ഖേദവും സഹിപ്പാൻ അതിനു പാട്ടുണ്ടായിരുന്നു. എന്നാൽ ദീനമൊ ബലഹീനതയൊ ഒരിക്കലും ബാധിച്ചിട്ടില്ല. ദുർബലതയും, രോഗങ്ങളും നമുക്കുണ്ടാകുന്നതു ശരീരഘടനയിലുള്ള ന്യൂനതകൊണ്ടും, അതിരുകവിഞ്ഞ ഭോഗാസക്തിമൂലവും ആകുന്നു. ക്രിസ്തുവിന്റെ ശരീരത്തെ പരിശുദ്ധാത്മപിയാണു രൂപവൽക്കരിച്ചതു്; തന്നിമിത്തം അതിന്റെ വിശിഷ്ടത അവൎണ്ണനീയമത്രെ. ഈ വിശിഷ്ടശരീരം അമിതമായി എന്തെങ്കിലും പ്രവൎത്തിക്കുന്നതിനു ദിവ്യരക്ഷകനെ പ്രേരിപ്പിച്ചിട്ടില്ല. അദ്ദേഹത്തിന്റെ എല്ലാപ്രവൃത്തികളും ശരിയായി ക്രമപ്പെടുത്തപ്പെട്ടവയായിരുന്നു. ആത്മാവു ശരീരത്തിന്റെ വിശ്വസ്തസഹായി ആയി വൎത്തിച്ചു. അതിൽ തിന്മയിലേക്കുള്ള ചാച്ചിലൊ, പുണ്യാഭ്യാസത്തിനു സാധാരണ ഉണ്ടാകാറുള്ള പ്രതിബന്ധങ്ങളൊ ഉണ്ടായിരുന്നില്ല. ക്രിസ്തു പാപം ചെയ്തില്ലെന്നു മാത്രമല്ല, അപ്രകാരം ചെയ്യുന്നതിനു് അദ്ദേഹത്തിനു സാധിക്കയുമില്ലായിരുന്നു. എന്തുകൊണ്ടെന്നാൽ പ്രവൃത്തിഎപ്പോഴും ആളിൽ (Person) നിന്നാണു പുറപ്പെടുന്നതു്. ഇവിടെ ആളാകട്ടെ ദൈവമാകുന്നു. ദൈവത്തിനു പാപം പ്രവൎത്തിക്കുന്നതിനു കഴിവില്ല. ഉത്ഭവത്തിന്റെ ആദ്യക്ഷണം മുതൽ അദ്ദേഹത്തിനു ദൈവദർശനമുണ്ടായിരുന്നതിനാൽ ലൗകികമാലിന്യങ്ങളൊന്നും അദ്ദേഹത്തെ സ്പർശിച്ചിട്ടില്ല. അദ്ദേഹത്തിന്റെ പരിശുദ്ധത മനുഷ്യപരിപൂൎണ്ണതയുടെ പാരമ്യം പ്രാപിച്ചിരുന്നു. സകല പുണ്യങ്ങളും അദ്ദേഹത്തിന്റെ ആത്മാവിൽ സംഗ്രഹിക്കപ്പെട്ടിരുന്നു. അവിടുന്നു സൗമ്യതയുടേയും ശുദ്ധതയുടേയും നിരപരാധിത്വത്തിന്റേയും ഒരു ദർപ്പണമായിരുന്നു. അദ്ദേഹത്തിന്റെ വിനയം എത്ര വലുതു്! സ്വൎഗ്ഗത്തിലേ മഹത്വങ്ങളെ ഉപേക്ഷിച്ചു ഭൂമിയിൽ വന്നു മനുഷ്യനായി, ലജ്ജാകരമായ മരണം

സഹിച്ച ദൈവമല്ലയോ അവിടന്ന്! അവിടത്തെ അനുസരണം എത്ര വിസ്മയാവഹം! സ്രഷ്ടാവായ അവിടന്നു സർവ്വ സ്വാതന്ത്ര്യങ്ങളും ബലികഴിച്ചു സൃഷ്ടികളായ മനുഷ്യർക്കു കീഴ്പെട്ടു നിന്ദ്യമായ ഒരു കുരിശുമരണംതന്നെയും കൈവരിച്ചു. ദൈവത്തോടും മനുഷ്യരോടും ഉള്ള അദ്ദേഹത്തിൻെറ സ്നേഹം എത്ര സീമാതീതം! വിനയം, അനുസരണം, സ്നേഹം ഇവയെപ്പോലെതന്നെ ക്ഷമ, മഹാമനസ്കത, ധൈര്യം, നന്മ, ദയ ഇത്യാദി സകല സദ്ഗുണങ്ങളും അദ്ദേഹത്തിൽ അനന്തമായി പ്രകാശിച്ചിരുന്നു. അവിടത്തേക്കു ലഭിച്ച പ്രസാദവരം സൃഷ്ടികൾക്കു ലഭിച്ചതൊ, ലഭിക്കാനിരിക്കുന്നതൊ, ആയ എല്ലാ സ്വഭാവാതീതാനുഗ്രഹങ്ങളേയും അതിക്രമിച്ചിരുന്നു. മററു മനുഷ്യരിൽ പ്രസാദവരം കൂടിയും കുറഞ്ഞുമിരിക്കും. ചിലപ്പോൾ ഒട്ടുമില്ലെന്നും വരാം. എന്നാൽ ക്രിസ്തുവിൻെറ ആത്മാവ് അതിൻെറ സൃഷ്ടിസമയത്തുതന്നെ പ്രസാദവരത്താൽ പരിപൂർണ്ണമായിരുന്നു. അവിടന്നു "പ്രസാദവരവും, സത്യവുംകൊണ്ടു നിറഞ്ഞിരിക്കുന്നു. നാമെല്ലാവരും അവിടത്തെ പരിപൂർണ്ണതയിൽനിന്നു സ്വീകരിക്കുകയും ചെയ്തു." (യോഹ, ൧. ൧൬) ജ്ഞാനസ്നാനം സ്വീകരിക്കുമ്പോൾ മനുഷ്യാത്മാവു ദൈവദൂതന്മാരെപ്പോലും ആശ്ചര്യഭരിതരാക്കത്തക്ക വിധം അത്രക്കു മനോഹരമായിത്തീരുന്നു. ഇതിനെക്കാൾ വളരെ സുന്ദരമാണ് ഒരു വിശുദ്ധൻെറ ആത്മാവ്. എന്നാൽ ക്രിസ്തുവിൻെറ പ്രഭാപൂരത്തിൽ സകല വാനാരൂപികളും വിശുദ്ധന്മാരും നിഷ്പ്രഭരായിപ്പോകുന്നു.

## IV.

## ക്രിസ്തുവിൻെറ ബുദ്ധിയും മനസ്സും ഹൃദയവും.

### ൧. ബുദ്ധി.

നാലാം നൂററാണ്ടിൽ ജീവിച്ചിരുന്ന അപ്പൊളിനാരിയൂസ് എന്ന ഒരു പാഷണ്ഡൻ ക്രിസ്തുവിനു മാനുഷികബുദ്ധി കൊണ്ടു യാതൊരാവശ്യവുമില്ലെന്നും അതിനാൽ അതു് അദ്ദേഹത്തിലില്ലെന്നും പഠിപ്പിച്ചു. "ദൈവികബുദ്ധി മനുഷ്യത്വത്തെ മുഴുവനും പ്രകാശംകൊണ്ടു നിറച്ചതുമൂലം പരിമിതമായ മാനുഷികബുദ്ധിയുടെ ആവശ്യം ക്രിസ്തുവിനുണ്ടായിരുന്നില്ല" എന്നാണ് അയാളുടെ സിദ്ധാന്തം. സഭ ഈ അബദ്ധോപദേശത്തെ ശപിച്ചിരിക്കുന്നു. ക്രിസ്തുവിനു മാനുഷികബുദ്ധി ഇല്ലായിരുന്നെങ്കിൽ, അദ്ദേഹം സ്വീകരിച്ച മനുഷ്യസ്വഭാവം അപൂർണ്ണമെന്നും, തന്നിമിത്തം അദ്ദേഹം പൂർണ്ണ മനുഷ്യനല്ലെന്നും സമ്മതിക്കേണ്ടിവരും. പൂർണ്ണമനുഷ്യനായിരിക്കുന്നതിനു മാനുഷികബുദ്ധി കൂടിയേ തീരു. ആകയാൽ ക്രിസ്തുവിനു മാനുഷികബുദ്ധിയില്ലെന്നു പറയുന്നതു്, മനുഷ്യാവതാര രഹസ്യത്തിൽ വിശ്വാസമില്ലെന്നു പറയുന്നതിനു തുല്യമാണ്. അതിനാൽ ദിവ്യരക്ഷകനു്, അത്യഗാധവും, അതിസൂക്ഷ്മവും, പരിപൂർണ്ണവും, ആയ ഒരു മാനുഷികബുദ്ധിയുണ്ടായിരുന്നു എന്നു പറയേണ്ടിയിരിക്കുന്നു. ലോകത്തിലുള്ള യാതൊന്നും ആ മഹാബുദ്ധിയുടെ ശക്തിയോടൊ, തേജസ്സിനോടൊ, ജ്ഞാനത്തോടൊ, തുലനം ചെയ്തുകൂടാ. ക്രിസ്തു "പ്രകാശവും, സത്യവും" തന്നെ ആയിരുന്നു. സകലവിധജ്ഞാനത്തിൻെറയും ഭണ്ഡാഗാരമായിരുന്നു അദ്ദേഹത്തിൻെറ ബുദ്ധി. ഉത്ഭവക്ഷണംമുതൽ ദൈവദർശനം അദ്ദേഹത്തിനുണ്ടായിരുന്നു. തന്നിമിത്തം സുന്ദരവും, ഗ്രാഹ്യവും ആയ സകലത്തി

ൻെറയും ഉൽഭവസ്ഥാനമായ ദൈവികസത്തയെ അവിടുന്നു കാണുകയും, ദൈവികഗുണങ്ങളായ അനന്തത, അപരിമാണത്വം, നിത്യത, നിർവ്വികാരത, സർവ്വശക്തിത്വം, നന്മ, നീതി എന്നിവകളെ പൂർണ്ണവും, സുവിശദവും, പ്രത്യക്ഷവും, അപരിമിതവുമായവിധം അവിടുന്നു ഗ്രഹിക്കുകയും ചെയ്തിരുന്നു.

ദൈവദർശനത്തിനു പുറമെ ത്രികാലങ്ങളിലേ സകല സംഭവങ്ങളുടേയും പ്രസ്പഷ്ടവും, സൂക്ഷ്മവുമായ ഒരു ജ്ഞാനം ദൈവദത്തമായി അദ്ദേഹത്തിന് ഉണ്ടായിരുന്നു. വാനാരൂപികളുടെ പരിപൂർണ്ണതയും മഹത്വവും അവരുടെ സംഖ്യയും തരവ്യത്യാസവും അവിടുന്നു മനസ്സിലാക്കാതിരുന്നില്ല. മാത്രമല്ല അവരുടെ ഇംഗിതങ്ങൾപോലും അദ്ദേഹം അറിഞ്ഞിരുന്നു. സൃഷ്ടവസ്തുക്കൾ ഓരോന്നിനെക്കുറിച്ചും സമ്യക്കായ ജ്ഞാനം അവിടുത്തേക്കുണ്ടായിരുന്നു. നക്ഷത്രങ്ങളുടെ എണ്ണം, വലിപ്പം, സ്ഥാനം, ഗതി ഇവയെല്ലാം അദ്ദേഹം ഗ്രഹിച്ചിരുന്നു. ഏററം ശക്തിയുള്ള ഭൂതക്കണ്ണാടികൊണ്ടുപോലും കാണ്മാൻ കഴിയാത്ത പരമാണുക്കളേയും അദ്ദേഹം എണ്ണിത്തിട്ടപ്പെടുത്തിയിരുന്നു. മനുഷ്യസൃഷ്ടിമുതൽ ലോകാവസാനംവരെയുള്ള സകല സംഭവങ്ങളും അദ്ദേഹത്തിനു സുജ്ഞാതങ്ങളായിരുന്നു. അതീതകാലത്തു ജീവിച്ചിരുന്നവരെയും അനന്തരകാലത്തു ജനിക്കാനിരുന്നവരെയും അദ്ദേഹം ഒററനോട്ടത്തിൽകണ്ടു. എങ്കിലും സംഭാവ്യങ്ങളായവ എല്ലാം തന്നെ മനുഷ്യൻ എന്ന നിലയിൽ അദ്ദേഹം അറിഞ്ഞിരുന്നുവെന്നൊ, അറിവാൻ അദ്ദേഹത്തിനു കഴിയുമായിരുന്നെന്നൊ പറഞ്ഞുകൂടാ. എന്തുകൊണ്ടെന്നാൽ പരിമിതവും മാനുഷികവുമായിരുന്നു അദ്ദേഹത്തിൻെറ ബുദ്ധി. ഈ ബുദ്ധിക്കു് അനന്തമായിട്ടുള്ള സംഗതികൾ സുഗ്രഹമല്ലല്ലോ.

## ൫. ക്രിസ്തുവിന്റെ മനസ്സ്.

ക്രിസ്തുനാഥന്റെ മാനുഷമനസ്സ് അവിടത്തെ ബുദ്ധിയോടു കിടപിടിക്കത്തക്കതായിരുന്നു. ഇതരമനുഷ്യരുടെ മനസ്സു വിവിധ വ്യാമോഹങ്ങൾക്കു വിധേയമാകുന്നതുകൊണ്ടു് അതു ചഞ്ചലവും, സുഖലോലുപവുമായിരിക്കുന്നു. ക്രിസ്തുനാഥന്റെ മനസ്സോ എന്നാൽ അപ്രകാരം ആയിരുന്നില്ല. അവിടത്തെ ആത്മാവു സമാധാനപരവും, മനസ്സു സുസ്ഥിരവും ആയിരുന്നു. കാമക്രോധാദിവികാരങ്ങൾ ഇല്ലാതിരുന്നതുകൊണ്ടു, നീതിനിഷ്ഠയിൽ നിന്നോ, പുണ്യപഥത്തിൽ നിന്നോ ഒരിക്കലും അദ്ദേഹം വ്യതിചലിച്ചിട്ടില്ല. മനുഷ്യസഹജമായ വികാരക്ഷോഭങ്ങൾക്കു് അദ്ദേഹം വശഗനായിരുന്നില്ല. ഏററം ക്ലേശകരമായ പീഡകൾ സഹിക്കേണ്ട അവസരത്തിൽപ്പോലും പരിപൂർണ്ണമായ മനസ്സമാധാനം അദ്ദേഹത്തിനുണ്ടായിരുന്നു. മനസ്സിനെ പ്രകാശിപ്പിച്ചിരുന്ന പ്രഭ അന്യാദൃശമായിരുന്നതിനാൽ, ഏതു കാര്യവും നിഷ്പ്രയാസം അദ്ദേഹം തീരുമാനിക്കയും അതിൽ സ്ഥിരമായി നില്ക്കയുംചെയ്തു. നാം പലപ്പോഴും ചഞ്ചലമനസ്കരായും, സംശയഗ്രസ്തരായും കാണപ്പെടുന്നതും സ്വനിശ്ചയങ്ങളിൽ നിന്നു വ്യതിചലിക്കുന്നതും സ്വേച്ഛാനുസാരം വ്യാപരിക്കുന്നതും എല്ലാം, ഒന്നിനെക്കുറിച്ചും പൂർണ്ണവും നിശ്ചിതവുമായ ജ്ഞാനം നമുക്കു് ഇല്ലാത്തതുകൊണ്ടാണു്. ഇന്നു വസ്തുക്കളെ ദർശിക്കുന്നതു പോലെയല്ലായിരിക്കാം ഒരുപക്ഷേ നാളെ നാം അവയെ കാണുന്നതു്. നാളെ അവയെക്കുറിച്ചു കൂടുതൽ ഗ്രഹിക്കുന്നതിനു നമ്മുടെ ബുദ്ധിക്കു പ്രാപ്തിയുണ്ടായി എന്നുവരാം. അങ്ങനെ അറിവു വർദ്ധിക്കുന്തോറും നിശ്ചയങ്ങളും മാറിക്കൊണ്ടിരിക്കും. മനുഷ്യമനസ്സിനെ ചഞ്ച

ലമാക്കുന്ന സന്താപം, സന്തോഷം, സന്ദേഹം ആദിയായ ബലഹീനതകൾ ഒന്നും ക്രിസ്തുവിനെ ബാധിച്ചിരുന്നില്ല. അദ്ദേഹം പൂർണ്ണശക്തിയോടേ ദൈവമഹത്വത്തിനായി സർവദാ പ്രവർത്തിച്ചു. ആ പുരുഷസത്തമൻെറ ഓർമ്മ, ഭാവനാശക്തി, ശാരീരികവശതകൾ, ആന്തരികവും ബാഹ്യവുമായ ഇന്ദ്രിയങ്ങൾ ഇവയെല്ലാം മനസ്സിൻെറ നേതൃത്വത്തിൽ പരിപൂർണ്ണമായ ഐക്യത്തോടേ സ്ഥിതി ചെയ്തിരുന്നു. അവയ്ക്കു നന്മയിൽ അല്ലാതെ മറെറാന്നിൽ താത്പര്യമാവട്ടെ, പുണ്യത്തിലേക്കല്ലാതെ മറെറാന്നിലേക്ക് ആകർഷണമാകട്ടെ ഉണ്ടായിരുന്നില്ല.

## ൩. ഈശോയുടെ പരിശുദ്ധ ഹൃദയം.

ഈശോയുടെ വിമല ഹൃദയത്തിൻെറ അനുഗ്രഹസമൃദ്ധിയേയും, സ്നേഹതീക്ഷ്ണതയേയും, അഭിലാഷവൈശിഷ്ട്യത്തേയും സമഗ്രമായി പ്രതിപാദിക്കുക മനുഷ്യനു സാധ്യമല്ല. അതിൽ നാം കാണുന്നതെല്ലാം അനിതരസാധാരണമായിട്ടുള്ളതാണ്. വേദസാക്ഷികൾ, നിർമ്മലകന്യകകൾ, വിശുദ്ധന്മാർ, ദൈവദൂതന്മാർ ഇവരുടെ എല്ലാവരുടെയും സ്നേഹത്തെ സഹസ്രഗുണം അതിശയിക്കുന്നതാണ് ഈ ദിവ്യഹൃദയത്തിൽ ജ്വലിക്കുന്ന സ്നേഹാഗ്നി. ക്രിസ്തുവിൻെറ ഹൃദയം ദൈവികമാകയാൽ അദ്ദേഹത്തിൻെറ സ്നേഹം ദൈവികമാകുന്നു. മനുഷ്യപരിത്രാണാർത്ഥം ചിന്തിയ രക്തത്തിൻെറ ഉത്ഭവസ്ഥാനവും ഈ വിമല ഹൃദയംതന്നെ. ഈ അമൂല്യരക്തത്തിൻെറ ഓരോ ചെറിയ തുള്ളിയും അനേകായിരം ലോകങ്ങളെ പരിത്രാണം ചെയ്യുന്നതിനു പര്യാപ്തമായിരുന്നു. ദൈവത്തിൻെറ സർവ്വശക്തിയാൽ സൃഷ്ടിക്കപ്പെട്ട ആത്മാക്കളിൽ ഏററം സുന്ദരമായ ആ ആത്മാവിനോടുകൂടെ ഉത്തമ

നും വിശ്വസ്തനും ആയ ഒരു സ്നേഹിതനെപ്പോലെ സർവ്വദാ വർത്തിച്ചിരുന്നതും ഈ പരിശുദ്ധഹൃദയംതന്നെ. ഈ ഹൃദയം പരിശുദ്ധ ത്രിത്വത്തിൻെറ ദ്വിതീയ പുരുഷനോടുള്ള ഐക്യത്താൽ പരിപാവനവും, സംപൂതവുമാക്കി ചെയ്യപ്പെട്ടു. മാത്രമല്ല, ഈ ഐക്യം അതിനെ സർവ്വസൃഷ്ടികളിലും വച്ച് അത്യുന്നതമാക്കുകയും, അതിൻെറ സകല വാഞ്ഛകൾക്കും അഭിലാഷങ്ങൾക്കും ഒരു അനന്തശക്തി പ്രദാനം ചെയ്കയും ചെയ്തു.

ദൈവത്തിൻെറയും മനുഷ്യരുടെയും നേർക്ക് ഈ നിർമ്മല ഹൃദയത്തിനുണ്ടായിരുന്ന സ്നേഹം അപരിമേയമായിരുന്നു. അതിനെ വർണ്ണിക്കുക കേവലം അസാദ്ധ്യം തന്നെ. ഒററവാക്കിൽ, അതു അനന്തമായിരുന്നു. ഈ ദിവ്യഹൃദയം സഹിച്ച പീഡകളും, ക്ലേശങ്ങളും സീമാതീതമത്രെ. അവയെക്കുറിച്ചുള്ള ചിന്തപോലും നമ്മെ ആകുലചിത്തരും ഭയവിഹ്വലരുമാക്കിത്തീർക്കുന്നു.

# അദ്ധ്യായം ൯.

## പ്രധാനാചാര്യൻ.

### I.

### ബലികളുടെ ഉത്ഭവം, പുരാതനത്വം, സാർവ്വത്രികത്വം

മനുഷ്യരെ സംബന്ധിക്കുന്ന സമസ്തവും ക്രിസ്തുവിൻെറ പൌരോഹിത്യത്തെ ആശ്രയിച്ചിരിക്കുന്നു. സൃഷ്ടിയുടെ ആരംഭംമുതലുള്ള ലോകചരിത്രത്തെ സംഗ്രഹമാക്കിത്തീർക്കുന്നതു് ഈ പൌരോഹിത്യമാണു്. അതിപ്രാചീനങ്ങളായ പാരമ്പര്യങ്ങൾ, ജാതീയ പുരാണങ്ങൾ, പരിഷ്കാരത്തിൻെറ അത്യുച്ചിയിൽ എത്തിയിരിക്കുന്ന ജനതതിയുടെ മതപരമായ കർമ്മങ്ങൾ, മൃഗപ്രായന്മാരായ കാട്ടാളരുടെ ആചാരാനുഷ്ഠാനങ്ങൾ, യൂദന്മാരുടെയിടയിൽ നിലവിലിരുന്ന ബലികൾ ഇവയെല്ലാം ക്രിസ്തുവിൻെറ നിത്യപൌരോഹിത്യത്തെ സൂചിപ്പിക്കുകയും അതിനെ വിളിച്ചറിയിക്കുകയും ചെയ്തിരുന്നു. വിശുദ്ധ പൌലോസു പറയുന്നതുപോലെ നമ്മുടെ ഗാഢമായ പര്യാലോചനയ്ക്കു പാത്രീഭവിക്കേണ്ട ഒരു വാസ്തവമത്രെ ഇതു്.

പ്രകൃതിശാസ്ത്രങ്ങളിൽ മാത്രമല്ല മതപരമായ അനുഷ്ഠാനങ്ങളിൽപോലും ക്രമപ്രവൃദ്ധമായ ഒരു അഭിവൃദ്ധി കാണുന്നുണ്ടെന്നു് അഭിനവചിന്തകന്മാർ (Modernists) സിദ്ധാന്തിക്കുന്നു. അവരുടെ അഭിമതം ഏതാണ്ട ഇപ്രകാരമാണു്: — മനുഷ്യന്റെ ആദ്യത്തെ ആരാധനാവിഷയം പ്രകൃതിയായിരുന്നു. മനുഷ്യഗണം അതിന്റെ ശൈശവദശയിൽ വിരൂപങ്ങളായ വിഗ്രഹങ്ങളെ ആരാധിച്ചു പോന്നു. അവയിൽ പ്രകൃത്യതീതവും, രഹസ്യവുമായ ഏതൊ ശക്തി സ്ഥിതിചെയ്തിരുന്നുവെന്നായിരുന്നു അവരുടെ വിശ്വാസം. അനന്തരം മനുഷ്യരുടെ അർച്ചനയ്ക്കു പാത്രീഭൂതരായതു സ്വകൃത്യങ്ങളാൽ ലോകത്തെ വിസ്മയിപ്പിച്ച വീരപുരുഷന്മാരായിരുന്നു. ഇവർ മരണാനന്തരം സമാധാനപൂർണ്ണമായ സ്വർഗ്ഗീയവസതിയിലേക്കു് ആനയിക്കപ്പെടുകയും, അവിടെ ദേവന്മാരൊ, ദേവതുല്യന്മാരൊ ആയി പരിണമിക്കയും ചെയ്തു. പിന്നീടു് ആവിർഭവിച്ചതു യഹൂദന്മാരുടെ ആരാധനക്രമമാണു്. ഇതു മററുള്ളവയെ അപേക്ഷിച്ചു വളരെ ശ്രേഷ്ഠമായ ഒന്നായിരുന്നു. എന്തുകൊണ്ടെന്നാൽ അവർ ആരാധിച്ചിരുന്നതു്, സർവ്വശക്തൻ, ഭീകരൻ, സൈന്യങ്ങളുടെ ദൈവം, യഹോവാ എന്നെല്ലാം വിളിക്കപ്പെട്ടിരുന്ന ഒരു കേവലാരൂപിയെയാണു്. ഈ അരൂപിയാണു കാലാന്തരത്തിൽ ആധുനികക്രിസ്ത്യാനികളുടെ ത്രിത്വമായും, നിത്യവചനത്തിന്റെ അവതാരമായും പരിണമിച്ചതു്. ഇതു തന്നെയും എന്നേയ്ക്കും നിലനില്ക്കുമെന്നും വിചാരിക്കാൻ വഹിയാ. മനുഷ്യരെല്ലാവരും ആരാധനാപാത്രങ്ങളായി പരിണമിക്കുന്ന ഒരു കാലഘട്ടം ആസന്നമാകും. മനുഷ്യശക്തികളുടെ സംഗ്രഹമായിരിക്കും അന്നത്തെ ദൈവം. ഓരോ ആത്മാവും ഈ ദിവ്യത്വത്തിന്റെ ഓരോ ചെറിയ ഭാഗങ്ങളുമായിരിക്കും.

മതങ്ങളുടെ പരിണാമമനുസരിച്ചു ബലികളും മാറിക്കൊണ്ടിരുന്നുവെന്നാണു പ്രസ്തുത 'ചിന്തക'ന്മാർ വീണ്ടും അഭിപ്രായപ്പെടുന്നതു്. അവർ ഘോഷിക്കുന്നതു് ഇപ്രകാരമാണു്:— പ്രകൃതിയിലെ അജ്ഞാതശക്തികളെ പ്രസാദിപ്പിക്കുന്നതിനുള്ള ഉത്തമമാർഗ്ഗം, അവയ്ക്കു ഭക്ഷ്യപേയങ്ങൾ അർപ്പിക്കുന്നതാണെന്നു ആരംഭകാലങ്ങളിൽ മനുഷ്യർ വിചാരിച്ചുപോന്നു. ഇതിനെ തുടർന്നു രക്താർപ്പണവും, മററു പല വിധത്തിലുള്ള ബലികളും ഉത്ഭവിക്കയും അവ കാലാന്തരത്തിൽ ഹോമബലിയായി രൂപാന്തരപ്പെടുകയും ചെയ്തു. ബലിവസ്തു ദഹിപ്പിക്കപ്പെട്ടപ്പോൾ അതിൽനിന്നു പുറപ്പെട്ടുന്ന നിരാവിയെ ഒരു സുഗന്ധദ്രവ്യമെന്നോണം ആ ദിവ്യസത്വം പരമാനന്ദത്തോടുകൂടി ആസ്വദിച്ചിരുന്നു. ക്രിസ്തുമതത്തിൻെറ ആവിർഭാവത്തോടുകൂടി അപരിഷ്കൃതങ്ങളായ മറെറല്ലാബലികളും തിരസ്കൃതങ്ങളാകയും തൽസ്ഥാനത്തു 'കുരിശിലെ ബലി'യും അതിനെ അനുസ്മരിപ്പിക്കുന്ന ദിവ്യപൂജയും സുസ്ഥാപിതങ്ങളാകയുംചെയ്തു.

ഈ അഭിമതങ്ങളെല്ലാം ഓരോകാലത്തും ഉണ്ടായിട്ടുള്ള ചില അനഗാധചിന്തകന്മാരുടെ ഊഹാപോഹങ്ങൾ മാത്രമാണു്. മതത്തെയും ബലിയെയും സംബന്ധിച്ചെടത്തോളം പ്രസ്തുത പരിണാമവാദതത്വം സ്വീകാര്യമല്ലെന്നു മാത്രമല്ല അബദ്ധസംപൂർണ്ണവുമാണു്. നമ്മുടെയും നമ്മുടെ മതത്തിൻെറയും ഉത്ഭവങ്ങളെ സവിസ്തരം പ്രതിപാദിക്കുന്ന വിശ്വാസയോഗ്യമായ ഏകരേഖ വേദപുസ്തകത്തിലെ സൃഷ്ടിയുടെ പുസ്തകം മാത്രമാണല്ലോ. മനുഷ്യൻ ലോകത്തിൽ ആവിർഭവിച്ച പ്രഥമക്ഷണംമുതൽ ആകാശത്തിൻെറയും ഭൂമിയുടെയും സ്രഷ്ടാവായ ഏക ദൈവത്തെ ആരാധിച്ചിരുന്നുവെന്നു പ്രസ്തുത പുസ്തകം പ്രസ്പഷ്ടമായി പ്രസ്താവിക്കുന്നു.

ആകയാൽ, മനുഷ്യർ പ്രകൃതിയേയും മനുഷ്യനേയും അനേക ദേവന്മാരേയും ആരാധിച്ചു തുടങ്ങുന്നതിനുമുമ്പായി ഏക. ദൈവാരാധന ചെയ്തിരുന്നുവെന്നു സിദ്ധം. ബലികളെ സംബന്ധിച്ചേടത്തോളം, അവ അർപ്പിക്കപ്പെട്ടിരുന്നതു ദേവന്മാർക്കു ഭക്ഷണസാധനമായിത്തീരുന്നതിനൊ പ്രകൃതിയുടെ അജ്ഞാതശക്തികളെ പ്രസാദിപ്പിക്കുന്നതിനൊ ആയിരുന്നില്ല. പ്രത്യുത, അവ സത്യൈകദൈവത്തെ ആരാധിക്കുന്നതിനു മാത്രമായിരുന്നു. ദൈവം ജീവൻെറയും മരണത്തിൻെറയും നാഥനെന്നും നമ്മുടെ മേലുള്ള അദ്ദേഹത്തിൻെറ കർത്തൃത്വം അപരിമിതമെന്നും സൂചിപ്പിക്കുന്നതിനായി യാഗങ്ങളും ചിലപ്പോൾ ഹോമബലികളും അർപ്പിക്കപ്പെട്ടിരുന്നു. പ്രകൃതിശക്തികൾക്കും ദേവന്മാർക്കും ഭക്ഷ്യപേയങ്ങൾ അർപ്പിക്കുന്ന സമ്പ്രദായം പിൽക്കാലങ്ങളിൽമാത്രം ഉത്ഭവിച്ചതാണു്.

ബലികൾ ആദ്യം സ്ഥാപിക്കപ്പെട്ടതു ദൈവപ്രേരണയാലാണോ എന്നുള്ളതു തീർച്ചയല്ല. ആദ്യബലികൾക്കും പരോക്ഷമായ ദൈവപ്രേരണയുണ്ടായിരുന്നുവെന്നും ദൈവം അവയെ അംഗീകരിച്ചുവെന്നുമാണു വിശുദ്ധ തോമസ് അക്വിനാസിൻെറ അഭിമതം (Sum., 1, 2, 9, 103, a 1). കാലാന്തരത്തിൽ യഹോവാ പഴയനിയമത്തിലേ ബലികളെ സംബന്ധിച്ചു പലവിധത്തിലുള്ള പ്രബോധനങ്ങളും മോസ്സസ് വഴിയായി തിരിഞ്ഞെടുക്കപ്പെട്ട യഹൂദജനത്തിനു നൽകി. മോസ്സസിനാൽ നിർമ്മിതമായ കർമ്മാനുഷ്ഠാനപദ്ധതി ദൈവസ്ഥാപിതമായിരുന്നു എങ്കിലും അതു് അത്ര നൂതനമെന്നു പറയുവാൻ നിർവ്വാഹമില്ല. എന്തുകൊണ്ടെന്നാൽ കൽദായാ, ഈജിപ്തു് എന്നീ രാജ്യങ്ങളിലേ കർമ്മാചാരങ്ങളോടു് അതിനു വളരെ സാമ്യമുണ്ടു്. അതിനാൽ യഹോവായുടെ നാമത്തിൽ

അവിടുത്തെ അനുമതിയോടുകൂടി മോസ്സസ് തൻെറ പിതാമഹന്മാരുടെ പാരമ്പര്യങ്ങളിൽനിന്നും, ഈജിപ്തുകാരുടെ ഇടയിൽ പ്രചാരത്തിലിരുന്ന ചില ആചാരങ്ങളിൽനിന്നും സംഗ്രഹിച്ചിട്ടുള്ളവയാണ പഴയനിയമത്തിലെ ചില കർമ്മാനുഷ്ഠാനങ്ങൾ എന്നു ന്യായമായി ഊഹിക്കാം.

ബലികൾ മനുഷ്യകുലത്തോളംതന്നെ പഴക്കമുള്ളവയാണെന്നു മേല്പറഞ്ഞവയിൽനിന്നു വ്യക്തമാകുന്നുണ്ട്. ആരാധനയുടെ പ്രഥമവും പ്രധാനവുമായ ഒരു ഭാഗമായിട്ടാണ് ഇവ എല്ലാകാലങ്ങളിലും എല്ലാ സ്ഥലങ്ങളിലും കരുതപ്പെട്ടുപോന്നിരുന്നത്. മാത്രമല്ല വിശ്വാസയോഗ്യവും, നിസ്തുക്കവും തന്നിമിത്തം ആക്ഷേപരഹിതവുമായ ഒരു ആരാധനക്രമമായും, മതത്തിൻെറ ബാഹ്യപ്രകടനമായും ഇവയെ എല്ലാവരും പരിഗണിച്ചുപോന്നു. "എല്ലാ ആരാധനകളുടേയും നടുനായകത്വം വഹിക്കുന്നതു ബലിതന്നെ"യെന്നാണ വില്ല്യംറോബർട്ട്സൺ സ്മിത്തു പറയുന്നത്. ("Encyclopedia Britannica" —Sacrifice). ആദത്തിൻെറ പുത്രന്മാരുടേയും പൂർവ്വഗോത്രപിതാക്കന്മാരുടേയും ബലികളെപ്പററി വിശുദ്ധ ലിഖിതങ്ങളിൽ പ്രതിപാദിച്ചിട്ടുണ്ടല്ലൊ. ബലികളാൽ സംപ്രീതനായിട്ടാണ ദൈവം ഇസ്രായേൽജനങ്ങളുടെമേൽ അനുഗ്രഹങ്ങൾ വർഷിച്ചിട്ടുള്ളതു്. അവരോടു് അദ്ദേഹം ചെയ്ത ഉടമ്പടിയെ സ്ഥിരീകരിച്ചതും ബലിവസ്തുക്കളുടെ രക്തത്താൽ തന്നെയാണ്. ആചാര്യാഗമത്തിൽ പലവിധത്തിലുള്ള ബലികളേയും അവയിൽ അനുഷ്ഠിക്കേണ്ട ക്രമങ്ങളേയും കുറിച്ചു സുദീർഘം പ്രതിപാദിച്ചിട്ടുണ്ട്. പുരോഹിതന്മാർക്കും ജനസഞ്ചയത്തിനും വെവ്വേറെ ബലികൾ നിശ്ചയിക്കപ്പെട്ടിരുന്നു. പ്രാർത്ഥനയ്ക്കും, കൃതജ്ഞതാപ്രകടനത്തിനും പാപപ്പരിഹാരത്തിനും പ്രത്യേകം ബലികൾ അതിൽ കാണാം.

ലോകത്തിൻെറ നാനാഭാഗങ്ങളിലും കുടിയേറിപ്പാൎത്തിരുന്ന ഗ്രിക്കുകാർ മതാത്മകമായ ബലികളെക്കുറിച്ചു നിരവധി വിവരണങ്ങൾ നമുക്കു പ്രദാനം ചെയ്യുന്നുണ്ടു്. ജനതതി മുഴുവനും ബലികളിൽ അഭയം പ്രാപിച്ചിരുന്നതായി ഹോമർ, ഹെരഡോട്ടസ്, പൗസാനിയാസ്, ദിയൊസ്കൊറസ് ആദിയായവർ പ്രസ്താവിക്കുന്നു. ഗൃഹങ്ങളിലും ദേവാലയങ്ങളിലും അർപ്പിക്കപ്പെട്ടുന്ന നാനാവിധ ബലികളെപ്പററിയും അവർ രേഖപ്പെടുത്തിയിട്ടുണ്ടു്. റോമിലും അതിൻെറ പുത്രികാരാജ്യങ്ങളിലുമുള്ള ഓരോ വ്യക്തിയുടേയും പരസ്യവും രഹസ്യവുമായ ജീവിതത്തിൻെറ സകല സാഹചര്യങ്ങൾക്കും ബലിയോടു വളരെ ബന്ധമുണ്ടായിരുന്നു. ഫ്റാൻസ്, ബ്രിട്ടൻ, സ്പെയിൻ എന്നീ രാജ്യങ്ങളിൽ ഡ്റൂയിഡ്സ് എന്ന പേരിൽ അറിയപ്പെട്ടുന്ന പുരോഹിതന്മാർ പരിശുദ്ധമെന്നു കരുതിയിരുന്ന ഒരുതരം ഇത്തിക്കണ്ണികൊണ്ടുള്ള മുടി ചൂടിക്കൊണ്ടു ദുൎഗ്ഗമമായ വനാന്തരങ്ങളിൽ ബലികൾ അർപ്പിച്ചിരുന്നുവെന്നു പറയപ്പെട്ടുന്നു.

## II.
## ബലിയുടെ ലക്ഷണങ്ങൾ.

൮. രക്തബലി പാപപരിഹാരമാൎഗ്ഗമായി എല്ലായ്പോഴും കരുതപ്പെട്ടിരുന്നുവെന്നുള്ള വസ്തുത വിസ്മയത്തിനു കാരണമായേക്കാം. എന്നാൽ വിശുദ്ധ പൗലോസു പറയുന്നതു കേട്ടാലും. "ചോരചൊരിച്ചിൽ കൂടാതെ പാപമോചനം ഇല്ല." സ്ഥലകാലഭേദമെന്ന്യേ സകല മതങ്ങളിലും അന്വൎത്ഥമായിക്കാണുന്ന ഒന്നാണു വി. അപ്പസ്തോലൻെറ ഈ തത്വം. സൎവ്വമതങ്ങളും അഭിപ്രായപ്പെട്ടുന്നതുപോലെ രക്തബലികൾക്കു് അതിസ്വാഭാവികമായ ഒരു ശക്തിയുണ്ടു്. എ

നുതന്നെയുമല്ല അതു പരിഹാരമാൎഗ്ഗങ്ങളിൽ ഉത്തമവും, കൃതജ്ഞതാപ്രകടനങ്ങളിൽ ശ്രേഷ്ഠവും, പ്രാൎത്ഥനകളിൽ ഏററം ഫലപ്രദവും ആകുന്നു. സാധാരണമായി എല്ലാ ആപൽസന്ധികളിലും, ജാതീയദിനങ്ങളിലും, യുദ്ധത്തിൻെറ ആദ്യന്തങ്ങളിലും എന്നുവേണ്ട സകല മഹൽകൃത്യങ്ങൾക്കു മുൻപും ജനങ്ങൾ രക്താർപ്പണം ചെയ്തിരുന്നു. ആചാര്യാഗമത്തിൽ യഹോവാ അരുളിച്ചെയ്യുന്നു. "ജഡത്തിൻെറ ജീവൻ രക്തത്തിലാണു സ്ഥിതിചെയ്യുന്നതു്. പരിഹാരാൎത്ഥം ബലിപീഠങ്ങളിൽ നിങ്ങളുടെ ആത്മാക്കൾക്കുവേണ്ടി അൎപ്പിക്കപ്പെടുന്നതിന് അതു ഞാൻ നിങ്ങൾക്കു നൽകിയിരിക്കുന്നു." (ആചാര്യ., ൧൭, ൧൧)

൨. സകല ബലികളിലും അർപ്പിതവസ്തു ബലിചെയ്യുന്നവൻെറ സ്ഥാനം വഹിക്കുന്നതായി എല്ലാവരും കരുതിപ്പോരുന്നു. മനുഷ്യൻെറ ജീവൻ ദൈവത്തിനായിട്ടുള്ളതാണെന്ന് എല്ലാവരും സമ്മതിക്കുന്നു. അതിനാൽ അവൻ തനിക്കു പകരം മറെറാരു ബലിവസ്തുവിനെ ദൈവത്തിനർപ്പിക്കുന്നു. നാം ഏതു സ്ഥിതിയിലുള്ളവരായിരുന്നാലും എല്ലാവരും ദൈവത്തിൻെറ സൃഷ്ടികൾ മാത്രമാണ്. നമുക്ക് ആസ്തിക്യം നൽകിയതു ദൈവമാകയാൽ നമ്മുടെമേലുള്ള അവിടത്തെ അധികാരം പരമമാണ്. പാപത്തിൽ ജനിച്ചവരും തിന്മയിലേക്കു ചാച്ചിലുള്ളവരുമായ നാം ദൈനംദിനം പല അപരാധങ്ങളും പ്രവൎത്തിക്കുന്നു. ദൈവത്തിൻെറ ദാനങ്ങളെ ദുരുപയോഗിച്ചും, അവിടത്തെ പ്രസാദവരങ്ങളെ തിരസ്കരിച്ചും ജീവിക്കുന്നതിനാൽ കൂടുതൽ ശിക്ഷയ്ക്കു നാം അർഹന്മാരായിത്തീരുന്നു. ഈ സ്ഥിതിയിൽ ദൈവത്തോടുള്ള നമ്മുടെ വലിയ കടപ്പാടു കാണിപ്പാൻ വല്ലൊരുപായവുമുണ്ടെങ്കിൽ അതു നമ്മെ അവിടത്തേയ്ക്കു സ്വയം ബലിഅർപ്പിക്കയെന്നുള്ള

തു മാത്രമാണ്. എന്നാൽ ഈ ആത്മബലി അസാധ്യമാകയാൽ മറെറാരു ബലിവസ്തു തൽസ്ഥാനത്തു അർപ്പിക്കുന്നതിനു നാം നിർബ്ബന്ധിതരായിത്തീരുന്നു. ജറൂസലേം ദേവാലയത്തിൽ ബലി അർപ്പിച്ചിരുന്ന യഹൂദന്മാർ ബലിവസ്തുവിന്മേൽ കൈകൾ വെയ്ക്കണമെന്ന് ഒരു നിബന്ധനയുണ്ടായിരുന്നു. ബലിക്കു ഉപയോഗിക്കുന്ന വസ്തു, ബലി അർപ്പിക്കുന്ന ആൾക്കു പകരമാണെന്നും പ്രസ്തുതബലിവസ്തുവും ആളും വിഭിന്നങ്ങളല്ലെന്നുമല്ലയോ ഇതു സൂചിപ്പിക്കുന്നത്? ബാബിലോണിലും പേർസ്യായിലും ഈ ആചാരം തന്നെ അനുഷ്ഠിക്കപ്പെട്ടുപോന്നു. ബലിവസ്തുക്കളായി പ്രത്യേകം ചില ജന്തുക്കളെ തിരിഞ്ഞെടുക്കുന്നതുകൊണ്ടുതന്നെ അവ മനുഷ്യനു പകരം നിൽക്കുന്നവയാണെന്നു നമുക്കു നിഷ്പ്രയാസം ഗ്രഹിക്കാം. ഇതെ സംബന്ധിച്ചു ജെ. ദെ. മെയിസ്റ്റ്രേ ഇപ്രകാരം പറയുന്നു; "ഏററം സൗമ്യതയുള്ള ജന്തുക്കളെയാണ് എപ്പോഴും തിരിഞ്ഞെടുത്തിരുന്നത്." ഇവ വീടുകളിൽ ജനിച്ചു വളരുന്നവയൊ ഇണക്കി വളർത്തപ്പെടുന്നവയൊ ആയിരുന്നു. ഇവയുടെ പ്രകൃതിയും സ്വഭാവവും ജോലിയും നോക്കുന്നതായാൽ മനുഷ്യനോടു വളരെ അടുപ്പമുള്ള ജന്തുക്കളാണ് ഇവയെന്നു കാണാം.

൩. ദൈവവും അവിടുത്തെ സൃഷ്ടികളും തമ്മിലുള്ള ഒരു ഐക്യബന്ധമായിട്ടും മൈത്രീലക്ഷ്യമായിട്ടും ആണു, ബലി എന്നും കരുതപ്പെട്ടുപൊന്നിരുന്നത്. ദൈവം ബലിയിൽ പ്രസാദിക്കയും, മനുഷ്യർ തന്നോടു പ്രദർശിപ്പിച്ച ആ ബഹുമാനത്തിനു പകരം സകലവിധ അനുഗ്രഹങ്ങളും അവരുടേമേൽ ധാരാളമായി വർഷിക്കയും ചെയ്തിരുന്നു. ഇതിനും പുറമേ മനുഷ്യൻ പാപവിമോചനം ഇതുമൂലം പ്രാപിക്കയും ദൈവത്തോടു രമ്യപ്പെടുകയും ചെയ്തു.

അബ്രാഹമിനോടു ദൈവം ചെയ്ത വാഗ്ദാനങ്ങൾ ബലികൊണ്ടാണു സ്ഥിരീകരിക്കപ്പെട്ടതു്. കർത്താവു് അരുളിച്ചെയ്യുന്നു: "നീ ഇക്കാര്യം നിർവ്വഹിക്കയും, നിന്റെ ഏകപുത്രനെ എനിക്കു (ബലികഴിക്കുന്നതിനു) നീ വിരോധിക്കാതിരിക്കയും ചെയ്തതിനാൽ എന്നെക്കൊണ്ടുതന്നെ ഞാൻ സത്യം ചെയ്തതാവിതു്. നിന്നെ ഞാൻ അധികമായിട്ടു അനുഗ്രഹിക്കയും..........ഭൂമിയിലെ സകലജാതിജനങ്ങളും നിന്റെ സന്തതിയിൽ അനുഗ്രഹിക്കപ്പെടുകയും ചെയ്യും." (സൃഷ്ടി. ൨൨. ൧൬—൧൮) യെഹോവായും അവിടുത്തെ ജനങ്ങളും തമ്മിലുള്ള ഉടമ്പടി അഥവാ പഴയനിയമം ബലികളാൽ സുസ്ഥിരവും പരിശുദ്ധവുമാക്കിച്ചെയ്യപ്പെട്ടു. മോസസു് ഉടമ്പടിയുടെ പുസ്തകം ജനങ്ങൾ കേൾക്കെ വായിച്ചതിന്റെ ശേഷം ബലിവസ്തുക്കളുടെ രക്തം എടുത്തു അവരെ തളിച്ചു കൊണ്ടുപറഞ്ഞതാസ്തു്: "കർത്താവു നിങ്ങളോടുചെയ്ത വാഗ്ദാനങ്ങളുടെ രക്തമാണിതു്." (പുറപ്പാടു്. ൨൪. ൮) ഈ സംഗതിയെക്കുറിച്ചു ഫാദർ ഗ്രീമൽ (Fr. Grimel) പറയുന്നതു പ്രത്യേകിച്ചു ശ്രദ്ധേയമാണു്. "സന്ധിയും സമാധാനവും ബലികളുടെ രക്തത്തിൽ സ്ഥിരീകൃതമായിരുന്നു. രണ്ടുപേർ ഒരുമിച്ചു ബലികൾ അർപ്പിക്കുമ്പോൾ അവർ മിത്രങ്ങളായിത്തീരുകയും സഹോദരതുല്യം വർത്തിക്കയും ചെയ്യുന്നു. മതംമൂലമുള്ള ബന്ധം രക്തബന്ധത്തേക്കാൾ ശക്തിയേറിയതായിരുന്നു." ("Le Sacerdoce le Sacrifice," Part i; chap. iv.)

൮. ആദിമകാലങ്ങളിൽ ദൈവത്തിനു ബലി അർപ്പിക്കുവാൻ ആർക്കും അനുവാദമുണ്ടായിരുന്നു. എന്നാൽ കാലാന്തരത്തിൽ ബലികളെ സംബന്ധിക്കുന്ന സകല കർമ്മങ്ങളും അവയ്ക്കായി തിരിഞ്ഞെടുക്കപ്പെട്ടവരും അഭിഷിക്തരും ആയ ചിലർക്കു മാത്രമുള്ളവയായി പരിണമിച്ചു. ഇവരാണു

പുരോഹിതന്മാർ എന്നപേരിൽ അറിയപ്പെടുന്നതു്. ബലിപീഠത്തിലേ കർമ്മാനുഷ്ഠാനങ്ങൾക്കായി ദൈവം ഇസ്രായേൽക്കാരിൽനിന്നും ലേവിയുടെ ഗോത്രത്തെ തിരഞ്ഞെടുക്കുകയും അങ്ങനെ അവരുടെ ഇടയിൽ സാക്ഷാത്തായ ഒരു പൗരോഹിത്യം സ്ഥാപിക്കുകയുംചെയ്തു. "ലെവായക്കാരെയെല്ലാം ഇസ്രായേൽമക്കളുടെ ഇടയിൽനിന്നു വേർതിരിച്ചു് അവരെ ശുദ്ധിയാക്കുക. അനന്തരം നീ അവരെ അഭിഷേകം ചെയ്തു കർത്താവിനു സമർപ്പിക്കുക." (സംഖ്യാഗമം ൧, ൬. ൧൩) കൽദായ, പേർസ്യാ, ഇന്ത്യാ, ഈജിപ്റ്റ് എന്നീ രാജ്യങ്ങളിൽ പുരോഹിതന്മാർ കുലീനന്മാരായി പരിഗണിക്കപ്പെട്ടിരുന്നു. അവർ ധനികന്മാരും, ജ്ഞാനികളും, ശക്തിമാന്മാരും ആയിരുന്നു. രാജാക്കന്മാരെ ഉപദേശിച്ചിരുന്നതു് അവരാണു്. ദൈവസന്നിധിയിൽ മനുഷ്യർക്കുവേണ്ടി മാദ്ധ്യസ്ഥം പറയുന്നവർ, സമാധാനം പാലിക്കുന്നവർ, അഭിഷേകം ചെയ്യപ്പെട്ടവർ, ദൈവത്തിന്റെ ജനം എന്നിങ്ങനെ പല സംജ്ഞകളും അവർക്കുണ്ടായിരുന്നു. ആചാര്യാഗമത്തിൽ ഇവരെക്കുറിച്ചു പറഞ്ഞിരിക്കുന്നതു് ഇപ്രകാരമാണു്: "അഭിഷേചനത്തിന്റെ തൈലം ശിരസ്സിൽ ഒഴിക്കപ്പെട്ടും, കരങ്ങൾ പൗരോഹിത്യത്തിന്നായി അഭിഷിക്തമായും, വിശുദ്ധവസ്ത്രങ്ങൾ അണിഞ്ഞും ഇരിക്കുന്ന പുരോഹിതൻ, തന്റെ സഹോദരന്മാരിൽ ഏററം വലിയവനാകുന്നു." (ആചാ., ൨൧, ൧൦)

ഈജിപ്റ്റിലെ പുരോഹിതന്മാർ പൌരോഹിത്യത്തിലേക്കു് ഉയർത്തപ്പെടുന്നതിനുമുമ്പു് ഉപവാസം തുടങ്ങിയ താപസവൃത്തികൾകൊണ്ടു് സ്വയം സംശുദ്ധമാക്കേണ്ടിയിരുന്നു. (Herodotus, 11. 37-81). റോമിൽ 'വെസ്റ്റൽസ്' എന്നറിയപ്പെടുന്ന അഭിഷിക്തകന്യകകൾ പൌരോഹിത്യത്തി

ലേക്ക് ഉയർത്തപ്പെട്ടവരായിരുന്നു (Cic., "Pro Domo," 53). പുരോഹിതപദം സ്വീകരിക്കുന്നതിനു മുമ്പു സ്നാനങ്ങളും, ബലികളും ചെയ്യണമെന്ന ഒരു പതിവു ബാബിലോണിയരുടെ ഇടയിലുണ്ടു്. ഗാളിലേ (ഫ്റാൻസ്) 'ഡ്റൂയിഡ്സ്' എന്ന പുരോഹിതന്മാർ പല കൊല്ലങ്ങൾ ഏകാന്ത ജീവിതത്തിലും, ജ്ഞാനസമ്പാദനത്തിലും ചെലവഴിക്കയും കർമ്മാനുഷ്ഠാനസമയങ്ങളിൽ നിളമുള്ള വെള്ളയങ്കി ധരിക്കയും പതിവായിരുന്നു. (Caes., "De Bello Gall.," vi).

ഠ. ബലി അർപ്പിച്ചശേഷം ബലിവസ്തു സാധാരണമായി ഭുജിക്കപ്പെട്ടുപോന്നു. ഇതു യഹൂദന്മാരുടെ ഇടയിൽ മാത്രമുണ്ടായിരുന്ന ഒരു പതിവല്ല. എല്ലാവരും എല്ലാകാലത്തും അനുഷ്ഠിച്ചിരുന്ന ഒന്നാണ്. ഇതു പുണ്യജീവിതത്തിനു മാർഗ്ഗവും, ദൈവത്തോടുള്ള ഐക്യത്തിനു നിമിത്തവും, ബലിയുടെ പൂർത്തീകരണവുമായി കരുതപ്പെട്ടുപോന്നു. യഹൂദന്മാരുടെ ചില ബലികളിൽ അർപ്പിതവസ്തു ഭുജിക്കുവാൻ പുരോഹിതന്മാർക്കു മാത്രമേ അനുവാദമുണ്ടായിരുന്നുള്ളു. മററു ചിലതിൽ പുരോഹിതന്മാരും ജനങ്ങളും അതിനെ ഭക്ഷിച്ചിരുന്നു. പാപപരിഹാരാർത്ഥം അർപ്പിക്കപ്പെട്ടിരുന്ന മൃഗങ്ങളുടെ മാംസം ഗ്രീക്കുകാരും റോമൻകാരും ഒരിക്കലും ഉപയോഗിച്ചിരുന്നില്ല. എന്നാൽ മററുള്ള എല്ലാ ബലികളുടേയും അവശിഷ്ടം അവർ ഭുജിച്ചിരുന്നു. (Herodotus, i. 132; Strabo, xv; Xenophon, "Anabasis," vii. 8). വസ്തുഭോജനത്തിൽ ഭാഗഭാക്കാവുന്നവർ അതിനാൽ ശുദ്ധീകരിക്കപ്പെടുകയും നവമായ ഒരു ശക്തി പ്രാപിക്കയും ചെയ്യുന്നു. ദൈവത്തിൻെറ ചൈതന്യം കൂടുതൽ അവരിൽ പ്രബലപ്പെടുന്നു. ബലിവസ്തു ഭുജിക്കുന്നവർ ദൈവവുമായി യോജിക്കുന്നു. എന്നാൽ ബലി ഒരു വിഗ്രഹത്തിനാണെങ്കിൽ ഈ പ്രവൃത്തി വിഗ്രഹാരാധന

യായിത്തീരുന്നു. തന്നിമിത്തം ദിവ്യരക്ഷകൻെറ ശരീരം ഭക്ഷണമായും രക്തം പാനീയമായും സ്വീകരിക്കുന്നവർ കാവ്യരുടെ ബലികളിൽ പങ്കുകൊള്ളരുതെന്നു വി: പൗലോസ് ആദിമ ക്രിസ്ത്യാനികളെ ഉപദേശിക്കുന്നു. (I Cor., 10, 14-21)

റോമാക്കാരും ഗ്രീക്കുകാരും ഈ ഭോജനകർമ്മത്തെ, അനുദിനം അനുഷ്ഠിക്കേണ്ട മതപരമായ ഒരു കൃത്യമായി പരിഗണിച്ചിരുന്നു. വീടുകളിൽപ്പോലും ഭക്ഷണ പദാർത്ഥങ്ങളുടെ ഒരു ഭാഗം ദേവനായി മാററി വെച്ചിരുന്നുവത്രെ. ഈ ഭാഗം സാധാരണമായി അഗ്നിയിൽ ദഹിപ്പിക്കയൊ, നിലത്തു ഒഴിച്ചുകളയുകയൊ ചെയ്തുപോന്നു. ഈ സമർപ്പണത്താൽ ശേഷമുള്ള ഭക്ഷ്യസാധനങ്ങളും ശുദ്ധീകരിക്കപ്പെട്ടുമെന്നും, ദിവ്യവും സ്വഭാവാതീതവുമായ ഒരു ഗുണം അവ പ്രാപിക്കുമെന്നും ആയിരുന്നു അവരുടെ വിശ്വാസം. തന്നിമിത്തം അവരുടെ ഭക്ഷണം ദിവ്യമാകുന്നുവെന്നും, ഭക്ഷണാവസരങ്ങളിൽ ദേവൻ അഗ്രിമസ്ഥാനം വഹിക്കുന്നുവെന്നും അവർ വിചാരിച്ചിരുന്നു. "ഭക്ഷണമേശയിൽ ദേവന്മാർ സന്നിഹിതരായിരുന്നു." (Ovid, "Fasti," vi. 300).

## III.

## പ്രധാനാചാര്യനും അദ്ദേഹത്തിൻെറ ബലിയും.

യേശുക്രിസ്തുവിൻെറ പൗരോഹിത്യത്തെക്കുറിച്ച അബദ്ധസംപൂർണ്ണമായ ഒരു സിദ്ധാന്തം 'അഭിനവചിന്ത'കന്മാരുടെ ഇടയിൽ വളരെ പ്രബലപ്പെട്ടു വന്നിട്ടുണ്ട്. (cf. Harnack, "Das Wesen des Christentums"). പ്രോട്ടസ്റ്റാണ്ടു മതാനുയായികളിൽ ചിലർക്ക് ഏററം ഹൃദ്യമായി തോന്നുന്ന ഈ സിദ്ധാന്തം ഏതാണ്ടിപ്രകാരമാണ്:— ക്രിസ്തുമൂലമുള്ള പരിത്രാണം, അദ്ദേഹത്തിൻെറ പൗരോഹിത്യം, ബലി

ഇവയെല്ലാം വിശുദ്ധ പൗലോസിന്റെ സൃഷ്ടിമാത്രമാണ്. ക്രിസ്തു മനുഷ്യകുലത്തിന്റെ പ്രാതിനിധ്യം വഹിച്ചെന്നൊ, അദ്ദേഹം ലോകപാപത്തിനു പരിഹാരമായ ബലി അർപ്പിച്ചെന്നൊ വിശുദ്ധ ലിഖിതങ്ങളിൽനിന്നു ഒരിക്കലും അനുമാനിക്കാവുന്നതല്ലത്രെ. മനുഷ്യകുലപരിത്രാണം കുരിശുമൂലമാണെന്നുള്ള ബോധം ക്രിസ്തുമതസിദ്ധാന്തങ്ങൾക്കു വിരുദ്ധമാണ്; സുവിശേഷപ്രബോധനങ്ങളിൽനിന്നു വ്യത്യസ്തമാണ്. അപരാധം ചെയ്യുന്നവർക്കുവേണ്ടി കുററമില്ലാത്തവൻ രക്തം ചൊരിയുന്നുവെന്നു സുബുദ്ധിയുള്ളവർ എങ്ങനെ വിശ്വസിക്കും. സ്വന്തരക്തംകൊണ്ടു പാപത്തിന്റെ കടം വീട്ടിയതുകൊണ്ടല്ല പീഡാസഹനസമയത്തു നൽകിയ മാതൃക പുണ്യസമ്പാദനത്തിനു് ഒരു പ്രേരമായിരിക്കുന്നതുകൊണ്ടാണു ക്രിസ്തു നമ്മുടെ രക്ഷകനായി കരുതപ്പെടുന്നതു്. മരണാനന്തരമുള്ള ശിക്ഷയേയും സമ്മാനത്തേയും കുറിച്ചു ചിന്തിക്കുന്നതിനത്രെ അദ്ദേഹത്തിന്റെ മരണം നമ്മെ പ്രേരിപ്പിക്കുന്നതു്. എന്നാൽ വി: പൗലോസു യഹൂദന്മാരുടെ ബലികൾക്കും ക്രിസ്തുവിന്റെ ക്രൂശുമരണത്തിനും തമ്മിൽ വലിയ ഒരു സാമ്യം ഉണ്ടെന്നു സങ്കല്പിക്കയും, ക്രിസ്തുവിന്റെ ആത്മബലി യഹൂദന്മാരുടെ ബലികൾക്കു പകരം അർപ്പിക്കപ്പെട്ടുവെന്നു വിശ്വസിക്കയും, അപ്രകാരം ആദിമ ക്രിസ്ത്യാനികളെ പഠിപ്പിക്കയുംചെയ്തു. ഇങ്ങനെയാണു പരിത്രാണത്തേയും പൗരോഹിത്യത്തേയും ബലിയേയും കുറിച്ചുള്ള വിശ്വാസം സഭയിൽ പ്രാബല്യം പ്രാപിച്ചതു്.

എന്നാൽ അർത്ഥശൂന്യമായ ഈ സിദ്ധാന്തം ദൈവപ്രബോധനങ്ങൾക്കു വിപരീതമാണെന്നു നിഷ്പ്രയാസം ഗ്രഹിക്കാവുന്നതാണ്. 'സങ്കടങ്ങളുടെ മനുഷ്യനാ'യ ക്രിസ്തുവിനെക്കുറിച്ചു പറയുന്നിടത്തു് അദ്ദേഹം മനുഷ്യരുടെ പാപ

ങ്ങൾക്കുവേണ്ടി മരണം കൈവരിക്കുമെന്നു പ്രവാചകപ്രമു
ഖനായ ഇസയാസു പ്രസ്പഷ്ടം പ്രസ്താവിക്കുന്നു. "എന്നാൽ അ
വൻ നമ്മുടെ പാപങ്ങൾനിമിത്തം മുറിവേല്പിക്കപ്പെട്ടു; ന
മ്മുടെ ദുഷ്കർമ്മങ്ങൾമൂലം അവൻ തകൎക്കപ്പെട്ടു. നമ്മുടെ സ
മാധാനത്തിൻെറ ശിക്ഷ അവൻെറമേൽ ആയിരുന്നു. അ
വൻെറ മുറിവുകൾ മൂലം നാം സുഖം പ്രാപിക്കയും ചെയ്തു.
നാമെല്ലാവരും ആടുകളെപ്പോലെ തെററിപ്പോയി; ഓരോരു
ത്തനും അവനവൻെറ വഴിക്കു തിരിഞ്ഞുപോയി. നമ്മുടെ
എല്ലാവരുടെയും പാപത്തെ കൎത്താവു് അവൻെറമേൽ ചുമ
ത്തി. അവൻ മനസ്സായതുകൊണ്ടു് അവൻ കൈയ്യാളിക്കപ്പെ
ട്ടു............. അവൻ അനേകരുടെ പാപങ്ങളെ വഹിച്ചു; നി
യമലംഘകന്മാർക്കുവേണ്ടി അപേക്ഷിക്കയും ചെയ്തു" (ഇസ.,
൫൩, ൫....) ഇതുപോലെ ഉദ്ധാര്യങ്ങളായ പല വാക്യങ്ങളും
വേദപുസ്തകത്തിലുണ്ടു്. യഹൂദന്മാർക്കു വാഗ്ദാനം ചെയ്യപ്പെ
ട്ടിരുന്ന പരിത്രാതാവു പുരോഹിതനും ബലിവസ്തുവും ആയി
രിക്കും. ബലിക്കായി ദൈവത്താൽ നിർദ്ദേശിക്കപ്പെട്ടിരുന്ന
ഈ ആൾ ലോകത്തിൻെറ ദുഷ്കൃതങ്ങൾക്കുവേണ്ടി സ്വയം അർപ്പി
ക്കും. യഹൂദന്മാരുടെ ബലികളും, കർമ്മാചാരങ്ങളും, പുതിയ
നിയമത്തിലേ ബലികളുടേയും കർമ്മാചാരങ്ങളുടേയും നി
ഴൽ മാത്രമായിരുന്നെന്നുള്ളതു് അനിഷേധ്യമാണു്. കാലാന്ത
രത്തിൽ യഹൂദന്മാരുടെ ഈ ബലികൾ രൂപാന്തരപ്പെടുമെ
ന്നും, തൽസ്ഥാനത്തു നിത്യമായ ഒരു പൗരോഹിത്യവും, സ്വീ
കാര്യമായ ഒരു ബലിയും സ്ഥാപിതങ്ങളാകുമെന്നും, ഈ ബ
ലി ലോകാവസാനംവരെ എല്ലാ ജാതികളുടെ ഇടയിലും അ
ർപ്പിക്കപ്പെടുമെന്നും പ്രവചിക്കപ്പെട്ടിട്ടുണ്ടായിരുന്നു. (ഇസ.,
൬, ൨, ൬൬, ൬൮; ഏറമ്യാ., ൩൩, ൬, ൨൩; സെഫോ
ണിയാ., ൬, ൭; മലാഖി., ൧, ൧൦. ൧൧; ൩, ൩;) ബോസേപ്പ പ
റയുന്നതു് ഇത്തരുണത്തിൽ സ്മരണീയമാണു്. "ദേവാലയത്തി

ൻെറ തറ, പുരോഹിതൻെറ വസ്ത്രം, ബലിപീഠം, വിശുദ്ധ സ്ഥലം ഇവയെല്ലാം വീക്ഷിച്ചാലും! ബലിവസ്തുക്കളുടെ രക്തംകൊണ്ട് അവയെല്ലാം നനഞ്ഞിരിക്കുന്നു. പല പ്രാവശ്യം ഈ രക്തംകൊണ്ട് ഇസ്രായേൽജനംതന്നെ തളിക്കപ്പെട്ടിട്ടുണ്ട്. പാപപരിഹാരാർത്ഥം അർപ്പിക്കപ്പെട്ട ആ ദിവ്യകുഞ്ഞാടിൻെറ രക്തത്തെ ഈ ഛായകളിൽ വിശ്വാസം നമുക്കു കാണിച്ചു തരുന്നില്ലെങ്കിൽ, യഹൂദന്മാരുടെ ബലികളും, ബലിപീഠവും, പൗരോഹിത്യവുമെല്ലാം നിരർത്ഥകങ്ങൾ തന്നെ. ക്രിസ്തുവിനെ ഇവ യാതൊരുവിധത്തിലും സ്പർശിക്കുന്നില്ലെന്നു വാദിക്കുന്നതായാൽ വിശുദ്ധ ലിഖിതങ്ങളിലേ പ്രവചനങ്ങൾ എല്ലാം കേവലം അർത്ഥശൂന്യങ്ങളായ ആചാരാനുഷ്ഠാനങ്ങളെ അധികരിച്ചുള്ളവയെന്നു സമ്മതിക്കേണ്ടിവരും. മറിച്ച്, അവയുമായി രക്ഷകനുള്ള ബന്ധത്തെ അനുസ്മരിക്കുമ്പോൾ എല്ലാം പ്രകാശമാനവും അന്വർത്ഥവും യുക്തിയുക്തവുമായി പ്രത്യക്ഷപ്പെടുന്നു" ("Sermon pr. le 2e Dim. apres l' Epiph"). ഏകവും സാർവ്വത്രികവും നിത്യവുമായ ഒരു ബലിയുടെ സ്ഥാപനത്തെക്കുറിച്ചു ക്രിസ്തുമതം പഠിപ്പിച്ചപ്പോൾ അതു വിസ്മയാവഹമായി ആർക്കും തോന്നിയില്ല. ബലി എന്തിനെ സൂചിപ്പിച്ചിരുന്നെന്നും, പ്രതീക്ഷാർഹമായി അതിൽ എന്തുണ്ടായിരുന്നെന്നും എല്ലാം ജനത തിരിച്ചറിഞ്ഞിരുന്നു എന്നാണ് ഇതിൽനിന്നും അനുമിക്കേണ്ടതു്. സകല സൃഷ്ടികളും ദൈവത്തെ ആശ്രയിച്ചിരിക്കുന്നതുപോലെ എല്ലാ പുരാതന ബലികളും ക്രിസ്തീയബലിയെ അവലംബിച്ചിരിക്കുന്നു" (Gerbet, "Considerations sur le Dogme generateur de la piete catholique").

നമ്മുടെ ദിവ്യരക്ഷകൻ പുരോഹിതൻ മാത്രമല്ല, ബലിവസ്തുവും കൂടിയാണ്. "അനേകം ആളുകളുടെ ആത്മരക്ഷക്കായി സ്വജീവനെ ബലികഴിക്കുന്നതിനാണ്" (മർക്കോസ്.,

൧൦, ൪൫) മനുഷ്യപുത്രൻ സംജാതനായതെന്നു് അദ്ദേഹം തന്നെ പ്രസ്താവിക്കുന്നു. അതെ, ഈ ഏക ലാക്കോടുകൂടിയാണു് അദ്ദേഹം മനുഷ്യനായി അവതരിച്ചതു്. അദ്ദേഹത്തിൻെറ പരിപാവനമായ നാമംതന്നെ അതിനൊരു തെളിവാണു്. "അവനെ ഈശോ എന്നു പേർവിളിക്കണം; എന്തുകൊണ്ടെന്നാൽ അവൻ സ്വജനത്തെ അവരുടെ പാപങ്ങളിൽനിന്നു സമുദ്ധരിക്കും." (മത്തായി., ൧, ൨൧) ആകയാൽ അന്തിമ ഭോജനവേളയിൽ, പഴയനിയമത്തിലെ ബലികൾക്കു പകരം താൻ സ്ഥാപിക്കുവാൻ പോകുന്ന അഭിനവബലിയെപ്പററിയും, പുതിയനിയമത്തെ സുസ്ഥിരമാക്കിച്ചെയ്യുന്ന ദിവ്യരക്തത്തെക്കുറിച്ചും അദ്ദേഹം പ്രസ്താവിക്കുന്നു. നിങ്ങൾക്കായി ചിന്തുവാനിരിക്കുന്ന എൻെറ രക്തത്തിലുള്ള പുതിയ നിയമത്തിൻെറ കാസാ ഇതാകുന്നു." (ലൂക്കാ., ൨൨, ൨൦)

ആകയാൽ വി. അപ്പസ്തോലൻ ക്രിസ്തുവിൻെറ ദിവ്യപൗരോഹിത്യത്തെ ആകർഷണിയമായ വിധത്തിൽ വർണ്ണിക്കുമ്പോൾ അദ്ദേഹം നവീനമായ യാതൊരു തത്വവും പഠിപ്പിക്കുന്നില്ല. വി. ലിഖിതങ്ങളിൽ അടങ്ങിയിരിക്കുന്ന തത്വങ്ങളെ ഒന്നുകൂടി ആവർത്തിക്കയത്രെ അദ്ദേഹം ചെയ്യുന്നതു്. ഈ ആശയത്തെ വിശ്വാസികളെ വേണ്ടവിധം ഉൽബോധിപ്പിക്കുന്നുമുണ്ടു്. "എനിക്കു സിദ്ധിച്ചതുതന്നെ ആദ്യം നിങ്ങളെ ഞാൻ ഏല്പിച്ചു. എന്തുകൊണ്ടെന്നാൽ വിശുദ്ധ പുസ്തകപ്രകാരം മിശിഹാ നമ്മുടെ പാപങ്ങളെക്കുറിച്ചു മരിച്ചു." (൧ കൊറ., ൧൫, ൩) ഈ പ്രേഷിതപ്രവരൻ ഒരു പുരോഹിതശ്രേഷ്ഠനു് അവശ്യം വേണ്ടതായ ഗുണഗണങ്ങളെല്ലാം വർണ്ണിക്കയും അവ ഏതുപ്രകാരം നമ്മുടെ ദിവ്യരക്ഷകനിൽ തിളങ്ങിപ്രകാശിക്കുന്നുവെന്നു തെളിയിക്കയും ചെയ്യുന്നു. "മനുഷ്യരിൽനിന്നു് എടുക്കപ്പെട്ട എല്ലാ മേല്പട്ടക്കാരനും പാപ

ങ്ങൾക്കായി വഴിപാടുകളേയും ബലികളേയും അർപ്പിക്കുവാൻ ദൈവകാര്യങ്ങളിൽ മനുഷ്യർക്കുവേണ്ടി നിയമിക്കപ്പെടുന്നു.” (എബ്രാ., ൫, ൧) ക്രിസ്തുവും മനുഷ്യരിൽ നിന്നത്രെ തിരിഞ്ഞെടുക്കപ്പെട്ടതു്. അദ്ദേഹം നമ്മുടെ മാംസത്തിൻെറ മാംസവും, അസ്ഥിയുടെ അസ്ഥിയും, നമ്മുടെ വംശത്തിൽ ജനിച്ചവനുമാകുന്നു. അദ്ദേഹം മനുഷ്യപുത്രനാകുന്നു; നമ്മുടെ സഹോദരനാകുന്നു. പരിപാവനമായ ഈ ഉദ്യോഗത്തിനു് ഒരു വാനാരൂപിയെ നിയോഗിക്കുവാൻ ദൈവം തിരുമനസ്സായില്ല. “എന്നാൽ അയാൾ ഒരിക്കലും മാലാഖാമാരെ കൈക്കൊണ്ടില്ല.” (എബ്രാ., ൧൧, ൧൬) ഇതിൻെറ കാരണമെന്തായിരിക്കാം?

“ജനതയുടെ കുററങ്ങൾക്കു പരിഹാരം ചെയ്യാനായി അയാൾ കരുണയുള്ളവനും ദൈവത്തിങ്കൽ വിശ്വസ്തമേല്പട്ടക്കാരനും ആകേണ്ടതിനു് എല്ലാംകൊണ്ടും തൻെറ സഹോദരന്മാരോടു സദൃശനാവുക ആവശ്യമായി.” (എബ്രാ., ൨, ൧൭) മനുഷ്യാവതാരത്താൽത്തന്നെ, ക്രിസ്തു ശ്രേഷ്ഠാചാര്യപദവിയിൽ അഭിഷിക്തനായി. ‘ദിവ്യആളി’നാൽ സ്വീകൃതമായ തൻെറ മനുഷ്യത്വം അതിശ്രേഷ്ഠമായ മഹിമാവിനെ കൈവരിച്ചു. അതെ, പാപലേശമേശാത്തതും അതിപാവനവും പരിശുദ്ധവുമായ ദൈവവചനം മാംസം ധരിച്ചു. എന്നാൽ ശ്രേഷ്ഠാചാര്യനെന്ന ഈ മഹനീയസ്ഥാനത്തെ ക്രിസ്തു സ്വയം സ്വീകരിച്ചതല്ല. ദൈവകരങ്ങളാൽ പണ്ടേതന്നെ അഭിഷിക്തനായിരുന്നതുകൊണ്ടു ഭൗമികജീവിതത്തിൻെറ ആദ്യനിമിഷത്തിൽപോലും ക്രിസ്തു ഒരു യഥാർത്ഥ പുരോഹിതനായി പരിലസിച്ചു. അദ്ദേഹം “അഭിഷിക്തനായ മിശിഹായായിരുന്നു.” “കർത്താവു് എന്നെ അഭിഷേകം ചെയ്തു.” (ഇസ., ൬൧, ൧) നമുക്കു “മേല്പട്ടക്കാരനായി പരിശുദ്ധനും നിർദ്ദോഷിയും നിർമ്മലനും പാപികളിൽനിന്നു വേർതിരിഞ്ഞവനുമായ ഒരാ

ളെയത്രെ വേണ്ടിയിരുന്നതു്." (എബ്രാ., ൯, ൨൩) പരിശു ദ്ധപൗരോഹിത്യം സ്ഥാപിക്കുന്നതിനു പ്രാചീനന്മാർ ചെയ്തിരുന്ന പരിശ്രമമെല്ലാം തികഞ്ഞപരാജയത്തിൽ കലാശി ച്ചു. യഹോവായുടെ പുരോഹിതൻ "സ്വന്തം പാപങ്ങൾക്കായി ആദ്യം ബലി അർപ്പിക്കേണ്ടിയിരുന്നു." (എബ്രാ., ൭, ൨൭) നാലായിരം കൊല്ലത്തെ നിരന്തരപരിശ്രമംകൊണ്ടു സാധിക്കുവാൻ പാടില്ലാതിരുന്നതു് ഇതാ ഇപ്പോൾ മനുഷ്യാവതാരത്താൽ നിവൎത്തമായിരിക്കുന്നു. ദൈവത്തിൻെറ അനന്തമഹിമക്കനുയോജ്യവും, അദ്ദേഹത്തെ സംപ്രീതനാക്കുവാൻ ഏററം പൎയ്യാപ്തവും, പരിശുദ്ധിയിൽ അദ്വിതീയവുമായ ഒരു ബലിയുടെ അർപ്പകനാകുന്നു നമ്മുടെ മേല്പട്ടക്കാരൻ. "ബലിയും വഴിപാടും നീ ഇഷ്ടപ്പെട്ടില്ല. എന്നാൽ എനിക്കു നീ ശരീരത്തെ ഒരുക്കി. പാപത്തെക്കുറിച്ചുള്ള ഹോമബലികളും നിനക്കു പ്രസാദിച്ചില്ല. അപ്പോൾ ഞാൻ പറഞ്ഞു: ഇതാ ഞാൻ വരുന്നു" (എബ്രാ., ൧൦, ൫, ൬, ൭) എന്നു ഭൂലോകത്തിൽ പ്രവേശിച്ചപ്പോൾ ക്രിസ്തുവിനു പിതാവിനോടു സന്ന്യായം പറയാമായിരുന്നു. ഈ വാക്കുകൾ ദിവ്യരക്ഷകൻെറ ദിവ്യദൗത്യത്തെ സമ്യക്കായി തെളിയിക്കുന്നുണ്ടു. പഴയനിയമത്തിലേ ബലികൾക്കും വഴിപാടുകൾക്കും പകരമായി സ്വന്തം രക്തംതന്നെ ബലിയായി അർപ്പിക്കുന്നതിനാണു് അവിടുന്നു് അവതീൎണ്ണനായതു്. ക്രിസ്തു ലോകരംഗത്തു പ്രവേശിച്ച ആ ക്ഷണത്തിൽ അദ്ദേഹത്തിനുണ്ടായ ഒരു ഏകവിചാരമൊ ആഗ്രഹമൊ പരിശുദ്ധഹൃദയത്തിൻെറ ഒരു സ്പന്ദനംതന്നെയൊ ലക്ഷോപലക്ഷം ലോകങ്ങളെ രക്ഷിക്കുന്നതിനു ധാരാളം മതിയാകുമായിരുന്നുവെന്നുള്ളതു വിസ്മരിക്കാവതല്ല. എന്നാൽ സൎവ്വശക്തനായ ദൈവം സ്വപുത്രൻ... കുമാരൻെറ കുരിശുമരണം വഴിയായി മനുഷ്യപരിത്രാ

ണം സാധിക്കണമെന്നു നിശ്ചയിച്ചു. ആരാധനാകർമ്മങ്ങളിൽ ഏററം ശ്രേഷ്ഠമായ ബലിമൂലം നമ്മെ ഉദ്ധരിക്കണമെന്നായിരുന്നു ദൈവനിർദ്ദേശം. അവതീർണ്ണനായ ദൈവത്തിൻെറ—മനുഷ്യരൂപം ധരിച്ച ദൈവത്തിൻെറ—സകല പ്രവൃത്തികളും വിചാരങ്ങളും എന്നുവേണ്ട, ശരീരത്തിൻെറ ഏററം നിസ്സാരമായ ചലനംപോലും കുരിശിൻെറ ബലിയെ മുൻനിറുത്തിയത്രെ ചെയ്യപ്പെട്ടതു്. ഇവയുടെ എല്ലാം ഒരു പൂർത്തീകരണവുമത്രെ ഗാഗുൽത്താമലമുകളിൽ നടന്ന ആ പരമദിവ്യബലി. കാൽവരിയെ സദാ കൺമുമ്പാകെ വച്ചുകൊണ്ടാണു ക്രിസ്തു ജീവിതം നയിച്ചതു്. നരവർഗ്ഗത്തിൻെറ പാപത്തിനു പരിഹാരം ചെയ്യുകയാണു തൻെറ അവതാരോദ്ദേശ്യം എന്നു നല്ലവണ്ണം ധരിച്ചിരുന്ന ക്രിസ്തുവാകട്ടെ സ്വപിതാവിൻെറ അളവററ നീതിക്കു് ഒരു പരിഹാരബലിയായി തന്നെത്തന്നെ അനവരതം സമർപ്പിച്ചിരുന്നു. "കന്യകാപ്രസൂതിയുടെ ഫലം ബലിസാധനമാകുന്നു" എന്നു മഹാനായ തെർത്തുല്യൻ എഴുതിയിരിക്കുന്നു. ക്രിസ്തുവിൻെറ യഥാർത്ഥസ്വഭാവം പ്രത്യക്ഷപ്പെടുന്നതു പുരോഹിതനും ബലിവസ്തുവും എന്ന നിലകളിൽ ആകയാൽ ഈ നിലകളിലാണു നാം അദ്ദേഹത്തെ പഠിക്കേണ്ടതു്. അദ്ദേഹത്തിൻെറ ജീവിതത്തിലെ രഹസ്യങ്ങളും പരിസരങ്ങളും സമ്യക്കായി ഗ്രഹിക്കുന്നതിനു് ഇതുതന്നെ പററിയ മാർഗ്ഗം.

## IV.

## ക്രിസ്തീയ ബലിയുടെ സനാതനത്വം,

സ്വപൌരോഹിത്യം ആചന്ദ്രതാരം നിലനില്ക്കണമെന്നുള്ളതായിരുന്നു ക്രിസ്തുവിൻെറ ഉദ്ദേശ്യം. ഇതു വിശുദ്ധലിഖിതങ്ങളിൽ നിന്നുതന്നെ ധാരാളം വ്യക്തമാകുന്നുണ്ടു്.

യഹൂദബലികളുടെ നിരാകരണത്തേയും, സർവ്വജാതികളും സർവ്വത്ര അർപ്പിക്കുവാനിരിക്കുന്ന നവീനമായ ഒരു ബലിയുടെ സംസ്ഥാപനത്തേയുംപററി മലാഖി ദീർഘദർശി ക്രിസ്തുവിൻെറ ജനനത്തിനു നാനൂറു വർഷങ്ങൾക്കു മുൻപു തന്നെ പ്രവചിച്ചിട്ടുണ്ട്. "നിങ്ങളോടു ഞാൻ സംപ്രീതനായിരിക്കുന്നില്ല; നിങ്ങളുടെ കരങ്ങളിൽനിന്നു ഞാൻ വഴിപാടിനെ സ്വീകരിക്കയുമില്ല. എന്തുകൊണ്ടെന്നാൽ പ്രഭാതം മുതൽ പ്രദോഷംവരെ പുറജാതികളുടെയിടയിൽ എൻെറ നാമം വലുതാണ്. എല്ലാ സ്ഥലങ്ങളിലും ബലി ഉണ്ട്. എൻെറ മഹനീയ നാമത്തിന് ഏററം പരിശുദ്ധമായബലി അർപ്പിക്കപ്പെടുന്നു. എന്തുകൊണ്ടെന്നാൽ പുറജാതിക്കാരുടെ ഇടയിൽ എൻെറ നാമം വലുതാകുന്നു. എന്ന് സൈന്യങ്ങളുടെ കർത്താവു് അരുളിച്ചെയ്യുന്നു." (മലാ., ൧,൧൦-൧൧) യഹൂദമതം പ്രാദേശികവും ജാതീയവുമായിരുന്നു. എന്നാൽ സാർവഭൗമികവും നവീനവുമായ ബലിയുള്ള സാർവ്വത്രികവും അഭിനവവുമായ ഒരു മതം ആവിർഭവിക്കും. അപ്പോൾ സൂര്യപ്രകാശത്തിൽ അന്ധകാരമെന്നോണം ച്ഛായാമാത്രങ്ങളായ ഇതരബലികളെല്ലാം അപ്രത്യക്ഷങ്ങളാകും. കുരിശിലെ ബലി ഒരിക്കൽ ഒരു സ്ഥലത്തു വച്ചുമാത്രമേ അർപ്പിക്കപ്പെട്ടുള്ളു. തന്നിമിത്തം പ്രവാചകൻെറ ദീർഘദർശനം ഗാഗുൽത്തായുടെ സീമകളെ അതിലംഘിക്കുന്നുവെന്നുള്ളതു വ്യക്തമാണ്. ക്രിസ്തു അന്ത്യഭോജനം കഴിച്ച ആ സ്മരണീയ രാത്രിയിൽത്തന്നെയാണു ക്രിസ്തീയപൌരോഹിത്യത്തേയും സാർവ്വലൌകികമായ ബലിയേയും സംസ്ഥാപിച്ചതു്. ക്രിസ്തു സമാരംഭിച്ചതായ പരിപാവന പ്രേഷിതവൃത്തിയെ തുടർന്നു കൊണ്ടു പോകുന്നതിനും, ശാശ്വതീകരിക്കുന്നതിനുമായി അദ്ദേഹം തിരിഞ്ഞെടുത്ത പ്രേഷ്ഠശിഷ്യഗണത്തോടൊന്നിച്ചു

സ്വജീവിതത്തിൻെറ അവസാന വിനാഴികയിൽപ്പോലും കുറെ സമയം ചിലവഴിക്കുന്നതിന് അവിടുന്നു തിരുമനസ്സായി. "ഞാൻ നിങ്ങളെ അനാഥരായി ഉപേക്ഷിക്കയില്ല." (യോഹ., ൧൪, ൧൮) "നിങ്ങൾ ദുഃഖിക്കയും പ്രലപിക്കയും ചെയ്യും; ലോകമൊ എന്നാൽ സന്തോഷിക്കും" (യോഹ., ൧൬, ൨൦) എന്നിതാ അവിടുന്ന് അവരോടരുളിച്ചെയ്യുന്നു. എന്തൊ ഒരു വലിയ സംഗതി സംഭവിപ്പാൻ പോകുന്നുവെന്നറിഞ്ഞാലെന്നപോലെ അവർ ഇതാ സംഭ്രമചിത്തരായി പരസ്പരം നോക്കുന്നു. ശിഷ്യന്മാരോട് അവസാനയാത്രപറഞ്ഞു പിരിയേണ്ട സമയം സമാഗതമായി. ഇങ്ങനെയുള്ള അവസരങ്ങൾ സാധാരണമായി ഹൃദയഭേദകവും ദുഃഖസംപൂർണ്ണവുമാണല്ലോ. അന്തിമശാസനം ശിഷ്യവൃന്ദത്തിനു നൽകുവാൻ തക്കസമയം ഇതുതന്നെയെന്നു ക്രിസ്തുവിനറിയാമായിരുന്നു. അവിടുത്തെ ഓരോ വാക്കുകളും ചേഷ്ടിതങ്ങളും സൂക്ഷ്മമായി അവർ നിരീക്ഷണം ചെയ്തു. ഈ സന്ദർഭം ക്രിസ്തുവിൻെറ ജീവിതത്തിലേ പ്രധാനവും പരിപാവനവുമായ ഒരു ഘട്ടമായിരുന്നുവെന്നുള്ളതു നിസ്തർക്കം തന്നെ. ഇപ്രകാരമുള്ള ഒരു സന്ദർഭത്തിൽ ക്രിസ്തു അസന്ദിഗ്ദ്ധവും സുഗ്രഹവുമായ ഒരു ഭാഷാരീതി അവശ്യാവശ്യം അവലംബിക്കേണ്ടിയിരുന്നുവെന്നുള്ളതും നിർവിവാദമത്രെ. ആകയാൽ അദ്ദേഹം അപ്പമെടുത്ത് ആശിർവദിച്ച ശിഷ്യന്മാൎക്കു കൊടുത്തുകൊണ്ട് അവരോടരുളിച്ചെയ്യുന്നു. "വാങ്ങി ഭക്ഷിപ്പിൻ. ഇതു് എൻെറ ശരീരമാകുന്നു." ഇപ്രകാരംതന്നെ വീഞ്ഞോടുകൂടിയ കാസായുമെടുത്ത് ആശീർവ്വദിച്ചശേഷം അവരോടു പറയുന്നു. "നിങ്ങൾ എല്ലാവരും ഇതിൽനിന്നു പാനം ചെയ്വിൻ; എന്തുകൊണ്ടെന്നാൽ ഇതു പുതിയ നിയമത്തിൽ അനേകരുടെ പാപപരിഹാരാൎത്ഥം ചിന്തുവാനിരിക്കുന്ന എൻെറ രക്തമാകുന്നു." (മത്താ., ൨൬, ൨൭-൨൮.)

ഈ വാക്കുകൾക്ക് ഒരു പ്രത്യേക ശക്തി ഉണ്ടെന്നു സഭാപിതാക്കന്മാരെല്ലാവരും ഏിക കണ്ഠമായി സമ്മതിക്കുന്നു. ഈ വാക്കുകൾ വെറും സൂചനം നൽകുകമാത്രമല്ല, അപ്പവും വീഞ്ഞും ക്രിസ്തുവിൻെറ ശരീരരക്തങ്ങളാക്കി പകത്തുകതന്നെചെയ്തു. ഇവ ക്രിസ്തുവിൻെറ രക്തമാംസാദികളെ അദൃശ്യമായി വിഭജിച്ച് അദ്ദേഹത്തെ ഒരു ബലിവസ്തുവിൻെറ സ്ഥിതിയിൽ ആക്കിത്തീത്തു. ഈ മഹാബലിയെ തുടരുന്നതിനായി ദിവ്യരക്ഷകൻ ശിഷ്യന്മാരേയും അവരുടെ പിൻഗാമികളായ മെത്രാന്മാർ വൈദികരാദിയായവരേയും ആചാര്യന്മാരായി നിയമിച്ചു. "ഇതിനെ നിങ്ങൾ എൻെറ സ്മരണക്കായി ചെയ്യുവിൻ" (ലൂക്കാ., ൨൨, ൧൯.) എന്നു പറഞ്ഞുകൊണ്ട് അത്ഭുതാവഹമായ ഈ കർമ്മം അനുഷ്ഠിക്കുന്നതിനുള്ള അധികാരത്തെയും അവർക്കു നൽകി. ബലി സ്ഥാപിച്ച അവസരത്തിൽ ക്രിസ്തു ഉപയോഗിച്ച വാക്കുകളെല്ലാം സുവ്യക്തവും സുലളിതവുമത്രെ. സൃഷ്ടിയുടെ ആരംഭത്തിൽ സകല ചരാചരങ്ങൾക്കും ജീവനും അസ്തിത്വവും നൽകിയ ആ സർവ്വശക്തമായ വാക്കിനെ ഉച്ചരിച്ച ദൈവത്തെത്തന്നെയാണു നാം ഇവിടെയും ദർശിക്കുന്നത്.

ഈ മഹദ്ദിനം ഉദയം ചെയ്യുന്നതിനു വളരെ സമയം മുൻപുതന്നെ ശ്രേഷ്ഠമായ ഈ ബലിയുടെ സ്ഥാപനത്തിനായി ക്രിസ്തു ശിഷ്യവൃന്ദത്തേയും യഹൂദജനതതിയേയും വിശേഷവിധിയായി ഒരുക്കിയിരുന്നു. മരുഭൂമിയിൽവച്ച് ഏതാനും അപ്പക്കഷണങ്ങൾ അത്ഭുതാവഹമായി വർദ്ധിപ്പിക്കുകയും, വിശന്നു വലഞ്ഞ ഒരു വമ്പിച്ച ജനസഞ്ചയത്തെ തീററി സംതൃപ്തരാക്കുകയും ചെയ്ത അവസരത്തിൽ 'ദിവ്യകാരുണ്യ' സ്വീകരണത്തെപ്പററിയും, ദിവ്യകുഞ്ഞാടും ബലിസാധനവു

മായ തന്റെ മാംസരക്തങ്ങൾ എപ്രകാരം വിശുദ്ധ കുർബാനയാകുന്ന മഹാവിരുന്നിന്റെ ഭോജ്യപേയങ്ങളായി പരിണമിക്കുമെന്നതിനെക്കുറിച്ചും അദ്ദേഹം പ്രസ്താവിക്കുകയുണ്ടായി. "സ്വർഗ്ഗത്തിൽനിന്ന് ഇറങ്ങിവന്ന ജീവനുള്ള അപ്പം ഞാനാകുന്നു; എന്റെ ശരീരം ഭക്ഷിക്കയും എന്റെ രക്തം പാനം ചെയ്യുകയും ചെയ്യുന്നവനു നിത്യജീവനുണ്ട്. അവസാനദിവസത്തിൽ അവനെ ഞാൻ ഉയിർപ്പിക്കയും ചെയ്യും. എന്തുകൊണ്ടെന്നാൽ എന്റെ മാംസം യഥാർത്ഥത്തിൽ ഭക്ഷണവും എന്റെ രക്തം യഥാർത്ഥത്തിൽ പാനീയവുമാകുന്നു." (യോഹ., ൬, ൫൧-൫൬) ഈ വാക്കുകൾ കേട്ടപ്പോൾ യഹൂദർ മാത്രമല്ല ശിഷ്യഗണത്തിൽപ്പെട്ടവർപോലും അവയെ വിശ്വസിക്കാതെ രോഷാകുലരായി പിറുപിറുക്കുകയും ക്രിസ്തുവിനെ വിട്ടുപോകയും ചെയ്തു. കാലവിളംബമെന്യെ അദ്ദേഹവുമായുള്ള സമ്പർക്കവും സഹവാസവുമെല്ലാം അവർ പാടെ പരിത്യജിച്ചു. ക്രിസ്തുവിന്റെ വാക്കുകൾ രൂപകാർത്ഥത്തിലല്ല, പ്രത്യുത, വാച്യാർത്ഥത്തിലത്രെ അവർ മനസ്സിലാക്കിയതു് എന്നുള്ളതിന് ഇതൊരു പ്രത്യക്ഷലക്ഷ്യമല്ലയോ? ഇവരുടെ അന്തർഗ്ഗതങ്ങളെ അവധാരണം ചെയ്ത ക്രിസ്തുവാകട്ടെ തന്റെ വാക്കുകളെ സഗൗരവം ആവർത്തിക്കയത്രെ ചെയ്തതു്. ക്രിസ്തു രൂപകാർത്ഥത്തിൽ സംസാരിച്ചുവെന്നു വരുന്നതായാൽ സ്വശിഷ്യന്മാരേയും യഹൂദജനത്തേയും മാത്രമല്ല, ദേവാലയസക്രാരിയിൽ പള്ളികൊള്ളുന്ന തന്നെ ആരാധിക്കുവാൻ അനുദിനമണയുന്ന മററനേകം ഭക്താത്മാക്കളേയും അവിടുന്നു സ്വമനസ്സാ അബദ്ധഗർത്തത്തിൽ ചാടിച്ചുവെന്നു സമ്മതിക്കേണ്ടിവരും. പ്രോട്ടസ്റ്റാൻറു നവീകരണത്തിനുമുൻപു ജീവിച്ചിരുന്ന സകല ക്രിസ്ത്യാനികളും വയോവർഗ്ഗഭേദമെന്യെ പരിശുദ്ധ കുർബാനയിലുള്ള മിശിഹായുടെ ദിവ്യസാന്നിദ്ധ്യത്തിൽ സുദൃഢമായി വിശ്വസിച്ചിരുന്നു.

മതവിപ്ലവാനന്തരവും എത്രയായിരം ഭക്താത്മാക്കളാണു ദിവ്യ കാരുണ്യസന്നിധിയിൽ ആശ്വാസവും ആത്മനിർവൃതിയും അനുദിനം കണ്ടെത്തുന്നതു്? ക്രിസ്തുവിൻെറ ദൈവത്വത്തിൽ വിശ്വസിക്കയും, ദിവ്യകാരുണ്യസ്ഥാപനാവസരത്തിൽ അദ്ദേഹം ഉപയോഗിച്ച അത്ഥസംപുഷ്ടവും സംശയരഹിതവുമായ വാക്കുകളെ സാദരം അനുസ്മരിക്കയും ചെയ്യുന്ന യാതൊരുത്തനും, അദ്ദേഹം തൻെറ പരിശുദ്ധപത്നിയായ തിരുസ്സഭ വിഗ്രഹാരാധനയാകുന്ന തിന്മയിലുൾപ്പെട്ടു വെറും അപ്പവും വീഞ്ഞും ദൈവമായി ആരാധിക്കുന്നതിന് അനുവദിച്ചുവെന്നു് ഊഹിക്കുവാൻപോലും ശക്യമല്ല. സഭയോടുകൂടി താൻ ലോകാവസാനംവരെ ഉണ്ടായിരിക്കുമെന്നും നാരകീയ ശക്തികൾ അവൾക്കെതിരായി പ്രബലപ്പെടുകയില്ലെന്നും ക്രിസ്തു പ്രതിജ്ഞ ചെയ്തിട്ടില്ലയോ? "ഇതു് എൻെറ ശരീരമാകുന്നു; ഇതു് എൻെറ രക്തമാകുന്നു" എന്ന അത്ഥഗർഭിതമായ വാക്കുകളെ ദിവ്യരക്ഷകൻ ഉച്ചരിച്ചപ്പോൾ, തന്നിലുള്ള സജീവവിശ്വാസത്താൽ പ്രേരിതരും, ഭക്തിപാരവശ്യത്താൽ പ്രോജ്ജ്വലിതരും ആയ അനേകായിരം ക്രിസ്തീയാത്മാക്കൾ പൂജാപൂപത്തിൽ മറഞ്ഞിരിക്കുന്ന തന്നെ ആരാധിക്കുന്നതിനായി ഓടിക്കൂടുമെന്നു തനിക്കറിഞ്ഞുകൂടായിരുന്നോ? ബ്രഹ്മാണ്ഡങ്ങളായ ദേവാലയങ്ങളെ പണികഴിപ്പിച്ചവരും, നമ്മുടെ അഭിമാനസ്തംഭങ്ങളായി പരിലസിക്കുന്ന സർവ്വകലാശാലകളെ സ്ഥാപിച്ചവരും, ദൈവത്തിനും മതത്തിനുംവേണ്ടി ശത്രുക്കളോടു ധീരധീരം പോരാടിയവരുമായ നമ്മുടെ പിതാമഹന്മാർ വെറും അപ്പത്തേയും വീഞ്ഞിനേയും ആരാധിച്ചിരുന്നുവെന്നോ? അഹോ! ഇതു ചിന്തിക്കുവാൻപോലും വിഷമം.

"കത്തോലിക്കരുടെ ആരാധനക്രമത്തിൻെറ ജീവനാഡിയും കേന്ദ്രവും, മതപരമായ കർമ്മങ്ങൾക്കുള്ള അഭൌമിക

മായ ഓജസ്സിനു നിദാനവുമായ ഈ തത്വത്തെ പ്രോട്ടസ്റ്റാൻറുകാർ ദൂരദൂരം വലിച്ചെറിഞ്ഞിരിക്കുന്നു. ക്രിസ്തുവിൻെറ ജീവദായകമായ സാന്നിദ്ധ്യത്തിൻെറ അഭാവത്താൽ പ്രോട്ടസ്റ്റാൻറു ദേവാലയങ്ങൾ മിക്കവാറും ഇരുളടഞ്ഞവയും, അവയിൽ നടത്തപ്പെടുന്ന ആരാധനക്രമങ്ങൾ പ്രായേണ നിർജ്ജീവങ്ങളും ആയി കാണപ്പെടുന്നു. പരിശുദ്ധാലയത്തിൽനിന്നും ക്രിസ്തുവിനെ അവർ ബഹിഷ്കരിച്ചിരിക്കുന്നു. മനുഷ്യപുത്രരോടൊരുമിച്ചു വസിക്കുവാൻ അതിയായി ആഗ്രഹിച്ച അവിടുന്നു് അവരുടെയിടയിൽനിന്നും തിരോധാനം ചെയ്തിരിക്കുന്നു. ദേവാലയങ്ങളുടെ പരിസരങ്ങൾ ജനാധിവാസമില്ലാത്ത മണലാരണ്യങ്ങൾപോലെ പരിണമിച്ചിരിക്കുന്നു. നാം നമ്മുടെ ദൃഷ്ടിയെ ഏതു ഭാഗത്തേക്കു തിരിച്ചാലും അവിടെയെല്ലാം എന്തൊ അവശ്യമായ ഒരു വസ്തുവിൻെറ അഭാവം പ്രത്യക്ഷപ്പെടുന്നു. ദേവാലയങ്ങൾ പൂട്ടിയിരിക്കുന്നു. ഞായറാഴ്ചകളിലും മറുതിരുനാളുകളിലും അതിരാവിലെ വിശ്വാസികളെ ദൈവാരാധനക്കായി വിളിക്കുന്ന സുമധുരമായ മണിനാദം അവയിൽനിന്നു പുറപ്പെടുന്നില്ല. അവരുടെ വൈദികർ ദിവ്യദൗത്യസൂചകമായ വൈദികവസ്ത്രം ധരിക്കുന്നില്ല. ദേവാലയങ്ങളിൽ കെടാവിളക്കുകളൊ ബലിപീഠങ്ങൾതന്നെയുമൊ നാം കാണുന്നില്ല. "ദൈവത്തിൻെറ ഭവനത്തിൽ ബലികളും വഴിപാടുകളും തീരെ ഇല്ലാതായി. ദൈശുശ്രൂഷികളായ പുരോഹിതന്മാർ പ്രലപിക്കയും ചെയ്തു." (ജോയേൽ ൧, ൯-൧൦) പ്രവാചകപ്രോക്തമായ ആ നിർമ്മലബലി പ്രോട്ടസ്റ്റാൻറു ദേവാലയങ്ങളിൽ എവിടെയാണുള്ളതു്. പ്രാചീനക്രിസ്ത്യാനികൾക്കുണ്ടായിരുന്നെന്നു വി. പൗലോസു പ്രസ്താവിക്കുന്ന ആ ബലിപീഠങ്ങൾ എവിടെ? "നമുക്കു ബലിപീഠമുണ്ടു്. എന്നാൽ ശുശ്രൂഷിക്കുന്നവർക്കു്

അതിൽനിന്നു ഭക്ഷിപ്പാൻ അധികാരമില്ല." (എബ്രാ., ൧൩൰) ദൈവാരാധനയെ തച്ചുടയ്ക്കുന്ന പ്രൊട്ടസ്റ്റാൻറുമതത്തിന്റെ ആവിർഭാവത്തിനു മുൻപു മതത്തിന്റെ സാരാംശം ദൃശ്യമായ ബലിയിലല്ല അടങ്ങിയിരുന്നതു് എന്നു സിദ്ധാന്തിക്കുന്ന ക്രിസ്തീയമൊ ക്രിസ്ത്യേതരമൊ ആയ ഏതെങ്കിലുമൊരു മതത്തെപ്പററി ആരെങ്കിലും കേട്ടിട്ടുണ്ടോ"? (Spalding, "Reformation," Ch. x.).

## അദ്ധ്യായം ൫.

### രക്തസാക്ഷി.

### I

### പീഡാനുഭവചരിത്രം

ക്രിസ്തുവിൻെറ പീഡാനുഭവ ചരിത്രത്തിൽ, ഗെത്സേമിനി തോട്ടത്തിൽ വച്ചുണ്ടായ ബന്ധനം, പീലാത്തോസിൻെറ അരമനയിൽവച്ചു നടന്ന വിധി, കാൽവരി മലമുകളിലേ ക്രൂശുമരണം എന്നിങ്ങനെ മൂന്നു പ്രധാന ഘട്ടങ്ങളാണുള്ളതു്. അന്തിമഭോജനാനന്തരം ക്രിസ്തു ജറൂസലേം പട്ടണം സ്ഥിതിചെയ്തിരുന്ന ആ ചെറുകുന്നിൽനിന്നു കിഴ്പോട്ടിറങ്ങി സെദ്രോൺ എന്ന അരുവിയെ കടന്നു ഗെത്സേമിനിയിൽ പ്രവേശിച്ചു. അപ്പോൾ രാത്രി ഏകദേശം ഒൻപതു മണിയായിരുന്നു. പത്രോസും സെബദിയുടെ പുത്രന്മാരായ യാക്കോബും യോഹന്നാനും അദ്ദേഹത്തെ അനുഗമിച്ചു. എന്തൊ ദുസ്സഹമായ ഒരു ദുഃഖം അദ്ദേഹത്തിൻെറ ആത്മാവിനെ ബാധിച്ചു; മരണാസന്നനായ ഒരു മനുഷ്യനെപ്പോലെ അദ്ദേഹത്തിൻെറ ശരീരം കോൾമയിർ കൊണ്ടു. ദുർഭരമായ കദനഭാരത്തെ താങ്ങുവാൻ ശക്തനല്ലാതെ അദ്ദേഹം ഇതാ നിലത്തു വീഴുന്നു. രോമകൂപങ്ങളിൽനിന്നു

പുറപ്പെട്ട രക്തകണങ്ങൾ ധാരധാരയായി ശരീരത്തിൽക്കൂടി ഒഴുകുന്നു. നയനങ്ങളിൽനിന്നു ബാഷ്പബിന്ദുക്കൾക്കു പകരം പൊട്ടിപ്പുറപ്പെടുന്ന രക്തം അദ്ദേഹത്തെ അന്ധനാക്കിത്തീക്കുന്നു. ദിവ്യമായ ഒരു മഞ്ജുളശ്രീ സദാ കളിയാടിക്കൊണ്ടിരുന്ന സുന്ദരവദനം ഇതാ നിഷ്പ്രഭമായും മ്ലാനമായും കാണപ്പെടുന്നു. അവിടത്തെ ഹൃദയം ചണ്ഡമായ ഒരു അന്തരാഗ്നിയാൽ പരിതപ്തമായി ഭവിക്കുന്നു. ഇത്ര തീവ്രവും അവണ്ണനീയവുമായ ഈ ദുഃഖത്തിനു കാരണമെന്തായിരിക്കാം. ആദിപിതാവായ ആദം തുടങ്ങി ലോകത്തിൽ ജനിച്ചിട്ടുള്ളവരും ഇനി ജനിക്കുവാനിരിക്കുന്നവരുമായ സകല മനുഷ്യരുടേയും പാപങ്ങളും ദുർവൃത്തികളുമത്രെ അദ്ദേഹത്തെ ഇത്രയധികം പീഡിപ്പിക്കുന്നതു്. ഭൂമുഖത്തെ മലീമസമാക്കിച്ചെയ്യുന്ന സകലവിധ ദുഷ്കർമ്മങ്ങളും ഓരോന്നായി അവയുടെ യഥാത്ഥ നിറത്തിലും തരത്തിലും വൈരൂപ്യത്തിലും അദ്ദേഹത്തിന്റെ ദൃഷ്ടിയിൽപ്പെടുന്നു. ക്രൂരചെന്നാസ്സുകളെന്നപോലെ, ഇവയെല്ലാം ദൈവനീതിയ്ക്കു പരിഹാരം ആവശ്യപ്പെട്ടുകൊണ്ടു് അദ്ദേഹത്തിന്റെ നേക്കു കുതിച്ചു പായുന്നു. അവയുടെ മദ്ധ്യേ അദ്ദേഹം നിരാധാരനായി കിടന്നു മനോവേദനയനുഭവിക്കുന്നു. അഹൊ! ഇതു് എത്ര ദയനീയമായ ഒരു ചിത്രം!

ക്രിസ്തുവിന്റെ പന്ത്രണ്ടു ശിഷ്യന്മാരിൽ ഒരുവനും എന്നാൽ സ്വാമിദ്രോഹിയും ധനലോലുപനുമായ യൂദാസ് ഈ സമയം എന്തുചെയ്യുന്നു? മുപ്പതു വെള്ളിക്കാശിനുവേണ്ടി സ്വഗുരുവിനെ ശത്രുക്കൾക്കു് ഏല്പിച്ചു കൊടുക്കുന്നതിനു, പടയാളികളോടുകൂടി അവൻ ഗത്സേമിൻ തോട്ടത്തിലേയ്ക്കു വരികയാണു്. വഞ്ചന മറച്ചുവച്ചുകൊണ്ടു് ദിവ്യരക്ഷകനെ അവൻ അഭിവാദ്യം ചെയ്യുന്നു. ദൈവദൂതന്മാർ ഒരു നോക്കു

കാണുവാൻ അഭിവാഞ്ഛിക്കുന്ന ആ പരിപാവന മുഖ കമലത്തിൽ അവൻ ദുഷ്ടോദ്ദേശ്യത്തോടുകൂടെ ചുംബനം ചെയ്യുന്നു. നിഷ്ഠുരവും, സ്വാമിദ്രോഹപരവും ആയ ഈ പ്രവൃത്തിയാൽ യേശുവിൻെറ ഹൃദയം തിരെ തകർന്നുപോയി. പീഡാനുഭവാവസരത്തിൽ അവിടുന്നു സഹിച്ച ക്ലേശമൊന്നും ഇത്ര ഉഗ്രമായിരുന്നില്ല. യൂദാസിനെ അനുഗമിച്ചിരുന്ന ക്രൂര സേവകന്മാർ ഉത്തരക്ഷണത്തിൽ ദിവ്യചെമ്മരിയാട്ടിൻകുട്ടിയായ ക്രിസ്തുവിനെ പിടികൂടി. അദ്ദേഹത്തിൻെറ കരങ്ങൾ ബന്ധിച്ചു പ്രധാനാചാര്യൻെറ ഭവനത്തിലേക്കു് അവർ അദ്ദേഹത്തെ വലിച്ചിഴച്ചുകൊണ്ടുപോയി. അവർ അവിടെ വച്ചു് അദ്ദേഹത്തെ സകലവിധ നിന്ദാപമാനങ്ങളും പീഡകളും ഏല്പിച്ചു. പ്രഭാതമായപ്പോൾ അദ്ദേഹത്തെ വിധിക്കുന്നതിന് അനുമതി ലഭിപ്പാനായി റോമൻഗവർണ്ണരായിരുന്ന പന്തിയോസു പീലാത്തോസിൻെറ പക്കലേക്കു് ആനയിച്ചു.

യാതൊരു വൈമനസ്യവും കൂടാതെ ക്രിസ്തു ശത്രുക്കൾക്കു സ്വയം സമർപ്പിക്കുന്ന ആ കാഴ്ച ആരുടെ ഹൃദയത്തെയാണു് ഇളക്കാത്തതു്. ക്രൂരഭടന്മാരുടെ അതിരുകടന്ന ഔദ്ധത്യപ്രകടനത്തിനു പ്രതികാരമായി, ഒരു ക്ഷണം കൊണ്ടു് അവരെയെല്ലാം നരകാഗ്നിക്കു് ഇരയാക്കുന്നതിനു സർവ്വശക്തനായ അദ്ദേഹത്തിനു പാടുണ്ടായിരുന്നു. എന്നാൽ അന്ധകാരത്തിൻെറയും, നാരകീയശക്തികളുടേയും വിളയാട്ടവേളയായിരുന്നു അതു്. "ഹാ! ദൈവമേ, ഞാൻ കുററക്കാരനായിരിക്കേ, അങ്ങു് എനിക്കുവേണ്ടി പരിഹാരം ചെയ്യാൻ തക്കതിന്മണ്ണം അങ്ങേസ്നേഹം ഇത്ര അധികമായി വർദ്ധിച്ചിരിക്കുന്നതെങ്ങനെ"? എന്നു വേദശാസ്ത്രകോവിദനായ വി. അഗുസ്തീനോസു് അത്ഭുതപരതന്ത്രനായി ചോദിക്കുന്നു.

യേശു നിരപരാധിയാണെന്നു പ്രഥമവീക്ഷണത്തിൽത്തന്നെ പിലാത്തോസിനു മനസ്സിലായി. അദ്ദേഹത്തിൽ പ്രത്യക്ഷപ്പെട്ട മാഹാത്മ്യവും, ഗൗരവവും; ഏദയനിഷ്കന്മഷതയുടെ പ്രത്യക്ഷലക്ഷ്യങ്ങളായിത്തന്നെ പിലാത്തോസു പരിഗണിച്ചു. ജനസമൂഹത്തിന്റെ വിദ്വേഷദ്യോതകമായ അട്ടഹാസങ്ങളും, ഫരിസ്യരുടേയും സപ്രേന്മാരുടേയും ദുഷ്പ്രേരണകളും, കൌടില്യങ്ങളും, സാക്ഷികളുടെമൊഴിയിൽ കണ്ട വൈരുധ്യവും പീലാത്തോസിന്റെ ഈ അഭിപ്രായത്തെ ദൃഢീകരിച്ചു. അതിനാൽ ക്രിസ്തുവിനെ രക്ഷിക്കുന്നതിനു പല ഉപായങ്ങളും അയാൾ പ്രയോഗിച്ചുനോക്കി. ക്രിസ്തുവിന്റെ മേൽ ആരോപിക്കപ്പെട്ട അപരാധങ്ങളെല്ലാം അടിസ്ഥാനരഹിതങ്ങളെന്നു തെളിയിക്കുവാൻ ആദ്യമായിത്തന്നെ അയാൾ ഒരു പരസ്യവിസ്താരം നടത്തി. അതുകൊണ്ടു ഫലമൊന്നും കാണായ്കയാൽ ക്രിസ്തുവിനെ ഹേറോദേസുരാജാവിന്റെ പക്കലേയ്ക്കു് അയച്ചു. ക്രിസ്തുവിനെ കാണുന്നതിന് അത്യധികം കാംക്ഷിച്ചിരുന്ന ഹേറോദേസു നിരപരാധിയായ അദ്ദേഹത്തെ നിശ്ചയമായും വിട്ടയയ്ക്കുമെന്നായിരുന്നു പിലാത്തോസിന്റെ പ്രതീക്ഷ. ഇതും വിഫലമായിട്ടാണു കലാശിച്ചതു്. അനന്തരം, അക്രമങ്ങളും കൊലപാതകവും കൊണ്ടു കുപ്രസിദ്ധനായിരുന്ന ബറാബ്ബാസു് എന്ന നരാധമനോടു ക്രിസ്തുവിനെ തുലനം ചെയ്തുകൊണ്ടു് അവരിൽ ആരെയാണു സ്വാതന്ത്ര്യനാക്കേണ്ടതെന്നു ജനൗഘത്തോടു് അയാൾ ചോദിച്ചു. പ്രതീക്ഷയ്ക്കു വിപരീതമായി ബറാബ്ബാസിനു സ്വാതന്ത്ര്യം നൽകുവാൻ അവർ ആവശ്യപ്പെട്ടതുകൊണ്ടു് എങ്ങനേയും അവരിൽ ആർദ്രതജനിപ്പിക്കുന്നതിനായി ആ ദിവ്യകുഞ്ഞാടിനെ ഒരു തൂണിൽ കെട്ടി അടിക്കുന്നതിനു് അയാൾ ആജ്ഞ നൽകി. അവസാനമായി പിലാത്തോസു രോഷാകുലരായ ആ ജനങ്ങളുടെ

മുൻപാകെ വെച്ച കൈകൾ കഴുകുകയും ക്രിസ്തുവിൻെറ രക്തത്തിൽ തനിക്കു യാതൊരു പങ്കുമില്ലെന്നു പരസ്യമായി പ്രസ്താവിക്കയും ചെയ്തു. എന്നാൽ കഷ്ടം! അയാളുടെ പ്രത്യാശകൾക്കെല്ലാം വിപരീതമായി "അവനെ ക്രൂശിക്കുക. അവനെ ക്രൂശിക്കുക. ഈ മനുഷ്യനെ വിട്ടയയ്ക്കുന്നെങ്കിൽ നീ കേസറിൻെറ സ്നേഹിതനല്ല. ഇവൻെറരക്തം ഞങ്ങളുടെ മേലും ഞങ്ങളുടെ സന്തതികളുടെമേലും ആയിരിക്കട്ടെ" എന്നുള്ള ജനാക്രോശം കൊണ്ടു പരിസരമെല്ലാം മുഴങ്ങി. ഓ ഭൂർഭഗരേ! ക്രിസ്തുവിൻെറ പ്രതികാരരക്തം നിങ്ങളുടെമേൽ വീണുകഴിഞ്ഞിരിക്കുന്നു. നിങ്ങളെ സകലരും സകലത്ര നിന്ദിക്കയും മർദ്ദിക്കയും ചെയ്യുന്നു.

ക്രിസ്തുവിൻെറ പരസ്യവിസ്താരത്തിനിടയിൽ അദ്ദേഹത്തിൻെറ പരിപാവനാധരങ്ങളിൽനിന്നു പൊഴിഞ്ഞ ഒരു വാക്യം പ്രത്യേകം ശ്രദ്ധാർഹംതന്നെ. "നിന്നെ ക്രൂശിക്കുന്നതിനും നിന്നെ വിട്ടയക്കുന്നതിനുമുള്ള അധികാരം എനിക്കുണ്ടെന്നു നീ അറിയുന്നില്ലയോ?" എന്നു പീലാത്തോസു ചോദിച്ചപ്പോൾ "ഉയരത്തിൽനിന്നു നൽകപ്പെട്ടിരുന്നില്ലെങ്കിൽ നിനക്ക് എൻെറ മേൽ യാതൊരധികാരവുമുണ്ടാകയില്ലായിരുന്നു"വെന്നു യേശു സധൈര്യം പ്രത്യുത്തരം നൽകുന്നു. (യോഹ., ൧൯, ൧൧.) ഈ മറുപടിയിൽനിന്നു ക്രിസ്തുവിൻെറ മരണം ദൈവനിർദ്ദിഷ്ടമായിരുന്നെന്നു സുവ്യക്തമാകുന്നുണ്ടല്ലോ. പീലാത്തോസു പരിശുദ്ധരിൽ പരിശുദ്ധനായ ക്രിസ്തുവിനെ ബറാബാസിനോടു— വഷളത്തത്തിലാണ്ടുകിടന്നിരുന്ന നരവംശത്തിനു സദൃശമായ ബറാബാസിനോടു— തുലനം ചെയ്തു. ഒന്നുകിൽ ദൈവപുത്രൻ മരിക്കണം; അല്ലെങ്കിൽ നരകുലം ആകെ നശിക്കണം.

"ഓ നിതിമാനും സൎവ്വശക്തനുമായ ദൈവമേ! അങ്ങ യുടെ ഏകിക കുമാരനെ രക്ഷിക്കുക. നന്ദിഹീനരായ മനു ഷ്യരെ ശിക്ഷിച്ചു കൊള്ളുക. അവർ നിന്റെ സമാധാ നത്തിനു ഭംഗം വരുത്തുകയും, നിന്റെ പരിശുദ്ധ നാമ ത്തെ ദൂഷിക്കയും ചെയ്യുന്നു. ആകയാൽ ഒരു ജലപ്രള യംകൊണ്ടു ഭൂമുഖത്തെ വീണ്ടും സംശുദ്ധമാക്കുക" എന്നു നീതിയുടെ ദൂതൻ നിത്യപിതാവിന്റെ സന്നിധിയിൽ ബോധിപ്പിക്കുന്നു. എന്നാൽ കരുണയുടെ ദൂതൻവന്നു് ഇപ്രകാരം അഭ്യൎത്ഥിക്കുന്നു. "ഓ! പിതാവെ, നിന്റെ മഹ നീയ സാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ടിരിക്കുന്ന മനുഷ്യനെ കൃപാപുരസ്സരം വീക്ഷിച്ചാലും. നിന്റെ ഏകജാതന്റെ മരണം ലോകത്തെ സംസ്കരിക്കയും, പുനൎജ്ജീവിപ്പിക്കയും ചെയ്യും. അനേകായിരം രക്തസാക്ഷികൾ അങ്ങെ ദിവ്യ സുതന്റെ കാലടികളെ പിൻചെന്നു് അവിടുത്തെ പ്രതാപ മഹിമകളെ പ്രകീൎത്തിക്കും. നിരവധി കന്യകകളും വിശുദ്ധന്മാ രും സ്വൎഗ്ഗീയ പുണ്യംകൊണ്ടു ഭൂമുഖത്തെ സമലങ്കരിക്കും. നി ന്റെ സാമ്രാജ്യം സൎവ്വത്ര സ്ഥാപിതമാവും. എല്ലാ രാജ്യക്കാരും നിന്റെ പരിശുദ്ധ നാമത്തെ അറിയും. ശുഭ്രവസ്ത്രം ധരിച്ചും വിജയചിഹ്നമായ ഒലിവു് ശാഖ വഹിച്ചും 'ഞങ്ങളുടെ ദൈവമായ കൎത്താവിനു് അനവരതം സ്തുതിയും പുകഴ്ചയു മുണ്ടായിരിക്കട്ടെ' എന്നു ഞങ്ങളോടുകൂടെ പാടുന്നതിനു വിവിധ രാജ്യക്കാരും വിവിധ വൎഗ്ഗക്കാരും അടങ്ങിയ ഒരു വമ്പിച്ച ജനക്കൂട്ടം നിന്റെ സിംഹാസനത്തിങ്കൽ വരുന്നതു കാണുവാനുള്ള ഭാഗ്യം ഒരിക്കൽ ഞങ്ങൾക്കുണ്ടാവും. ഓ ജഗത് പിതാവേ, നരവൎഗ്ഗത്തെ നശിപ്പിക്കരുതെ." ഈ പ്രാ ൎത്ഥനയാൽ ആൎദ്രമനസ്കനായി ഭവിച്ച നിത്യപിതാവു് തന്റെ വാത്സല്യ കുമാരനെ ബലികഴിച്ചുകൊണ്ടു നര

കുലത്തെ ത്രാണം ചെയ്യുന്നതിനു തിരുമനസ്സായി. ഇതല്ല യോ യഥാർത്ഥമായ മഹാമനസ്കത! ഇതല്ലയോ കരകാണാ ത്ത കടൽ!!

യേശുവിനെ ക്രൂശിക്കുന്നതിനുള്ള അനുജ്ഞ ലഭിച്ച ഉടനെ, ഭാരമേറിയ ഒരു കുരിശു അദ്ദേഹത്തിൻെറ തോളിൽ ഏററി, ആ ദുഷ്ടജനം കുലക്കളത്തിലേയ്ക്കു് അദ്ദേഹത്തെ നയിച്ചു. കുരിശുവഹിച്ചുകൊണ്ടും, ഭത്സിക്കയും അവഹേളി ക്കയും ചെയ്യുന്ന ഒരു വമ്പിച്ച ജനക്കൂട്ടത്താൽ അനുഗതനാ യും ക്രിസ്തു കഴിച്ച ആ സന്താപസംപൂർണ്ണമായ വഴിയാത്ര എത്രമാത്രം ഹൃദയഭേദകമായിരുന്നെന്നു വർണ്ണിക്കുക അസാ ദ്ധ്യമത്രെ. ഭാരമേറിയ ചുമടുകൾ വഹിക്കുവാൻ ത്രാണിയി ല്ലാതെ വിഷമിക്കുന്ന മൃഗങ്ങളെ യജമാനന്മാർ നിർദ്ദയം മർദ്ദി ക്കുന്നതും ശപിക്കുന്നതും നാം സാധാരണ കണ്ടുവരാറുണ്ട ല്ലോ. എന്നാൽ ഇതിനെക്കാൾ നിർദ്ദയമായ വിധം ആ ദുഷ്ട ജനം നരദൈവമായ ക്രിസ്തുവിനോടു വർത്തിച്ചു. അതിദുസ്സ ഹമായ മരണവേളയിൽപ്പോലും അദ്ദേഹത്തെ അവർ അപ ഹസിക്കയും നിന്ദിക്കയും ചെയ്തു. കുരിശിൽ തൂങ്ങിക്കിടന്നു കൊണ്ടു മൂന്നുമണിക്കൂർനേരം ശരീരത്തിലും ആത്മാവിലും അദ്ദേഹം സഹിച്ച തീവ്രവേദന വർണ്ണിക്കുന്നതിനു യാതൊ രു മനുഷ്യനും സാധ്യമല്ല. രക്തമെല്ലാം നഷ്ടപ്പെട്ടും, ഇന്ദ്രി യശക്തി ക്ഷയിച്ചും ഊർദ്ധ്വൻ വലിച്ചു കിടന്ന ആ അവസാ നവിനാഴികയിൽപ്പോലും കുരിശിനു ചുററും കൂടിയിരുന്ന യ ഹൂദരുടെ ഭീഷണികളും പരുഷവാക്കുകളുമാണു് അദ്ദേഹ ത്തിൻെറ ശ്രവണപുടങ്ങളിൽ പതിഞ്ഞിരുന്നതു്. അദ്ദേ ഹം ലോകത്തിൻെറ പാപമാലിന്യമെല്ലാം സ്വന്തം തോളി ലേററി; അധഃപതിച്ച നരകുലത്തിൻെറ കടം സ്വയം സ്വീ കരിച്ചു. ആകയാൽ അത്യുന്നതൻെറ ദൃഷ്ടിയിൽ ശാപഗ്ര സ്തനും, ഗർഹണീയനുമായി അദ്ദേഹം പ്രത്യക്ഷപ്പെട്ടു. പാ

പത്തിൻെറയും നരകത്തിൻെറയും ദർശനം അദ്ദേഹത്തെ സന്താപസാഗരത്തിൽ മുക്കിത്താഴ്ത്തി. നരകവാസികളെല്ലാം അദ്ദേഹത്തിൻെറ മുൻപാകെ ആവിർഭൂതരായി. അവരുടെ നൈരാശ്യവും, കഷ്ടാവസ്ഥയും നിരാലംബതയും അദ്ദേഹം സവ്യഥം ദർശിച്ചു. പീഡാനുഭവവും കുരിശുമരണവുമെല്ലാം ഇവർക്കു ഉപകാരശൂന്യമായിത്തീരുമല്ലോ എന്നുള്ള വിചാരം അദ്ദേഹത്തിൻെറ ദിവ്യഹൃദയത്തെ അത്യധികമായി തപിപ്പിച്ചു. "എല്ലാം പൂർത്തിയായി" എന്നു് അവസാനമായി ഉച്ചരിച്ചശേഷം ക്രിസ്തു തലചായിച്ചു മരണം പ്രാപിച്ചു.

നോഹിൻെറ കാലത്തുണ്ടായ ജലപ്രളയം ഭൂമുഖത്തെ പ്രക്ഷാളനം ചെയ്തപോലെ ക്രിസ്തുവിൻെറ രക്ഷാകരരക്തം, കറകളും പാപമാലിന്യങ്ങളും കഴുകി നരകുലത്തെ സംശുദ്ധമാക്കി. ഭൂമി, സമുദ്രം, നക്ഷത്രഗോളങ്ങൾ എന്നല്ല സർവ്വലോകവും അതിൽ ശുദ്ധീകരിക്കപ്പെട്ടുന്നു. ഈ രക്തം ഒരു വർഷകാലനദിപോലെ ഊക്കോടെ പാഞ്ഞൊഴുകി അതീതകാലങ്ങളിലേയ്ക്കു് അടിച്ചു കയറി നമ്മുടെ ജന്മപാപത്തെ കഴുകിക്കളയുകയും, അതിവിദൂരമായ ഭവിഷ്യകാലങ്ങളിലേയ്ക്കു പ്രവഹിച്ചു നരകുലത്തെ പാപമാലിന്യത്തിൽനിന്നു വിശുദ്ധീകരിക്കുകയും ചെയ്തു. പ്രചണ്ഡമായ ഈ പ്രവാഹം ഭൂമുഖത്തുടെ ഒഴുകി; ഭൂമി ഞെട്ടിവിറച്ചു. ശവകുടീരങ്ങളിൽ കൂടി പാഞ്ഞു; ശവകുടീരങ്ങളിൽനിന്നു മരിച്ചവർ ഉയിർത്തെഴുന്നേററു. പാറക്കെട്ടുകളിലൂടെ കടന്നുപോയി; പാറക്കെട്ടുകൾ പൊട്ടിപ്പിളൎന്നു. സൂര്യഗോളത്തെ ചെന്നടിച്ചു; സൂര്യഗോളം നിഷ്പ്രഭമായി; ലോകം അന്ധകാരംകൊണ്ടുമൂടി. അവസാനമായി അതു കുതിച്ചുയർന്നു ദൈവസിംഹാസനം വരെ എത്തി; മർത്ത്യപാപത്താൽ കുപിതനായ ദൈവം പ്രശാന്തനായിത്തീർന്നു. പൈശാചികശക്തി അധഃപതി

ങ്ങകയും സ്വർഗ്ഗീയ കവാടങ്ങൾ മനുഷ്യപുത്രക്കായി തുറക്കപ്പെടുകയും ചെയ്തു.

## II.

## കുരിശിൻെറ ഭോഷത്തം.

ഒരു ദൈവം ക്രൂശിക്കപ്പെട്ടു! ഇതത്രെ ക്രിസ്തുമതത്തിൻെറ മൂലതത്വം. ദൈവത്തിൻെറ മഹാമനസ്കതയാണ് ഇവിടെ പ്രത്യക്ഷപ്പെടുന്നതു്. എന്നാൽ ഒരു ദൈവം കുരിശിൽ മരിച്ചു എന്നു കേൾക്കുന്നമാത്രയിൽത്തന്നെ അവിശ്വാസികൾ വിഭ്രാന്തചിത്തരായി ഭവിക്കയും, വെറും കപോലകല്പിതമായി പരിഗണിച്ച് ഇതിനെ നിരസിക്കയും ചെയ്യുന്നു. "എന്നാൽ യഹൂദർക്കു നിശ്ചയമായി ഒരു ഉതപ്പും, പ്രത്യുത, പുറജാതിക്കാൎക്ക് ഒരു ഭോഷത്തവുമായ, കുരിശിൽ തറയ്ക്കപ്പെട്ട മിശിഹായെ ഞങ്ങൾ പ്രസംഗിക്കുന്നു." (൧. കുറന്ത്യാ., ൧, ൨൩) എന്നു വിശുദ്ധ പൗലോസു പ്രസ്താവിക്കുന്നു. അതെ, വാസ്തവത്തിൽ ഇതു് ഒരു ഉതപ്പും ഭോഷത്തവുമായിരുന്നു. എന്നാൽ "ദൈവത്തിൻെറ ഭോഷത്തം മനുഷ്യർക്കു മഹാജ്ഞാനവും, ദൈവത്തിൻെറ ബലഹീനത മനുഷ്യർക്ക് അതിബലവും ആകുന്നു." (൧. കുറന്ത്യാ., ൧, ൨൫) ഇതു് അപൂർവ്വവും അസാധാരണവുമായ ഒരു തത്വമാകകൊണ്ടത്രെ ഞാൻ ഇതിനെ വിശ്വസിക്കുന്നതു്. പാപത്തിലും ദുർവൃത്തികളിലും മുഴുകി നാശഗർത്തത്തിൻെറ അത്യഗാധത്തിൽ നിപതിച്ച മനുഷ്യനെ ഉദ്ധരിക്കുന്നതിനു് അനിതരസാധാരണമായ ഒരുപകരണം അവശ്യാവശ്യമായിരുന്നു. അതിനു മാത്രമേ മർത്ത്യരെ അവരുടെ ആദ്ധ്യാത്മിക മാന്ദ്യത്തിൽനിന്നു തട്ടിയുണർത്തി, സന്മാർഗ്ഗികബോധവും സദ്വിചാരങ്ങളും അവരിൽ ഉളവാക്കുന്നതിനും അത്ഭുതപരതന്ത്രരും അപഹൃതചിത്തവൃത്തികളുമാക്കിത്തീർക്കുന്നതിനും കഴി

യുമായിരുന്നുള്ളു. താദൃശമായ ഒരു ഉപകരണമായിരുന്നു കുരിശ്ശ്.

കത്തോലിക്കസഭയ്ക്കു ശോഭനമായ ഒരു ഭാവി ഉണ്ടാകുമെന്നു് അതിന്റെ ആദിമദശയിൽ ആരുംതന്നെ വിചാരിച്ചിരുന്നില്ല. അത്രയ്ക്കു ശോച്യവും നിരാശാജനകവുമായിരുന്നു അവളുടെ അന്നത്തെ സ്ഥിതി. എന്നിട്ടും അവൾ ക്രമേണ അഭിവൃദ്ധിപ്പെട്ടു്, ഒടുവിൽ, ലോകം ഇതുവരെ ദർശിച്ചിട്ടില്ലാത്തതും, ഇനി ദർശിക്കയില്ലാത്തതും ആയ ഒരു മഹാപരിവൎത്തനം—മതപരവും, സാന്മാൎഗ്ഗികവും, മാനസികവുമായ ഒരു നവീകരണം അഥവാ പുനരുദ്ധാരണം—അത്ഭുതാവഹമാംവിധം സാധിച്ചു. ഇരുപതു ശതാബ്ദങ്ങളോളം ദീർഘിച്ച അവളുടെ ശ്രേയസ്കരമായ ജീവിതം തന്നെ ഇതിനു് ഉത്തമസാക്ഷ്യമല്ലയോ? കുരിശു ഭൂമുഖത്തെ നവീകരിച്ചു. പ്രപഞ്ചം സൃഷ്ടിക്കപ്പെട്ടതു ശൂന്യത്തിൽനിന്നാണു്. എന്നാൽ ഭൗതികലോകത്തെക്കാൾ ആയിരംമടങ്ങു ഭംഗിയുള്ളതും, വിസ്മാപകവും ആയ ക്രൈസ്തവലോകം ആവിർഭവിക്കുന്നതു് എവിടെ നിന്നു്? വെറും ഒരു കുരിശിൽനിന്നു്; ശൂന്യത്തെക്കാൾ ഹീനമായ ഒരു വസ്തുവിൽനിന്നു്. ക്രൈസ്തവസഭയെപ്പോലുള്ള ഒരു മഹാസ്ഥാപനത്തെ നിൎമ്മിക്കുന്നതിനു കേവലം അപ്രാപ്തമെന്നു മാത്രമല്ല വാസ്തവത്തിൽ ഒരു പ്രതിബന്ധംകൂടിയായിരുന്ന ഒരു കുരിശിൽനിന്നു്. "ലോകചരിത്രത്തിൽ എന്നെ ബലാദാകർഷിക്കുന്നതെന്താണെന്നു നിങ്ങൾക്കു് അറിയാമോ? അതു്, അനശ്വരമായ എന്തെങ്കിലും സൃഷ്ടിക്കുന്നതിനു പ്രകൃതിശക്തിക്കുള്ള അപ്രാപ്തി ഒന്നു മാത്രമാണു്" എന്നു മഹാനായ നെപ്പോളിയൻ ഒരിക്കൽ ഫൊൻറാനസ്സിനോടു സന്ദർഭവശാൽ പറയുകയുണ്ടായി. നെപ്പോളിയൻ ഈ വാക്കുകളുടെ അൎത്ഥം നന്നായി ഗ്രഹിച്ചിരുന്നു. ഇന്നു ഭൂമുഖത്തെ അലങ്കരിക്കുന്ന അനവധി സ്ഥാപ

നങ്ങളിൽവെച്ച പ്രതാപത്തിലും ബലിഷ്ഠതയിലും പ്രഥമ സ്ഥാനം അർഹിക്കുന്ന ഒരു മഹാ സ്ഥാപനത്തിൻെറ പ്രാരംഭം വെറും ദൗർബല്യത്തിൽ നിന്നാണെന്നുള്ള തു് എത്രയൊ വിസ്മയാവഹം! എന്തു്? ദൗർബല്യത്തിൽ നിന്നോ? മരണത്തിൽനിന്നോ? കുരിശിൽനിന്നോ? അതെ, ലോകത്തിൻെറ അപഹാസവിഷയമായ കുരിശിൽനിന്നുതന്നെയാണ ലോകോത്തരമായ ആ സ്ഥാപനം— കത്തോലിക്കസഭ—ആവിർഭവിച്ചതു്. ഈ സഭ ആ ചന്ദ്രതാരം വിജയശ്രീലാളിതയായി പരിശോഭിക്കും. നാരകീയസൈന്യങ്ങളുടെ നിരന്തരമായ പരിശ്രമങ്ങൾക്കൊ, കുബുദ്ധികളും മതവിദ്വേഷികളുമായ ശത്രുക്കളുടെ ഇടവിടാതുള്ള അക്രമങ്ങൾക്കൊ, മാതൃസ്നേഹമില്ലാത്ത പുത്രന്മാരുടെ കുതന്ത്രങ്ങൾക്കൊ കത്തോലിക്കസഭയെ ഇടിച്ചു തകർക്കുവാൻ ഇന്നുവരെ സാധിച്ചിട്ടില്ല. താരുണ്യദശയെ കൈവെടിയാതെ ഇപ്പോഴും പൂർവ്വാധികം തേജസ്സോടേ അവൾ പരിലസിക്കുന്നു. ശത്രുക്കൾ അവളെ ഏല്പിച്ച മർദ്ദനവും പീഡനങ്ങളുമെല്ലാം അവളുടെ സൗകുമാര്യത്തേയും, ആകർഷണീയതയേയും ഉത്തരോത്തരം വർദ്ധിപ്പിച്ചതേയുള്ളു. "ജ്ഞാനികളെ ലജ്ജിപ്പിക്കുന്നതിനായി ദൈവം ലോകത്തിൽ ഭോഷത്തമായവ തിരിഞ്ഞെടുത്തു. ബലവാന്മാരെ ലജ്ജിപ്പിക്കുന്നതിനായി ദൈവം ലോകത്തിൽ ഭോഷത്തമായവ തിരിഞ്ഞെടുത്തു. ലോകത്തിൽ അവമാനകരങ്ങളും നിന്ദ്യങ്ങളുമായവയെയും, ഉള്ളവയെ നശിപ്പിക്കുന്നതിനു ഇല്ലാത്തവയെയും ദൈവം തിരിഞ്ഞെടുത്തു." (൧. കൂറ., ൧, ൨൭-൨൮) എന്നു വി. അപ്പസ്തോലൻ എഴുതിയിരിക്കുന്നതു് എത്രയൊ അത്ഭുതമായിരിക്കുന്നു.

ദൈവത്തിൻെറയും മനുഷ്യരുടെയും പ്രവൃത്തികൾ തമ്മിലുള്ള അന്തരം എമ്മാത്രം! അതിപ്രതാപവാനായ അലക്സാണ്ടർചക്രവർത്തിയുടെ ദിഗ്വിജയങ്ങളെപ്പററി

വി. ലിഖിതം ധാരാളം ഘോഷിക്കുന്നുണ്ട്. മാസഡോണിലേ ഫിലിപ്പുരാജാവിന്റെ അരുമസന്താനമായ അലക്സാണ്ടർ ചക്രവത്തി പേർഷ്യൻരാജാവായ ഡാരിയൂസിനെ പരാജിതനാക്കിയശേഷം ഘോരമായ പല യുദ്ധങ്ങൾ നടത്തുകയും, ശത്രുക്കളുടെ കോട്ടകൊത്തളങ്ങളെ ഇടിച്ചുനിരത്തുകയും, പ്രബലങ്ങളായ അനേകം രാജ്യങ്ങളെ സ്വാധികാരശക്തിക്കു വിധേയമാക്കുകയും, നിരവധി രാജാക്കന്മാരെ വാളിന്നു ഊണാക്കുകയും ചെയ്തു. അന്നു് അറിയപ്പെട്ടിരുന്ന സകല രാജ്യങ്ങളേയും അദ്ദേഹം കീഴടക്കുകയും അവിടങ്ങളിലെല്ലാം വിജയപതാക നാട്ടുകയും ചെയ്തു. എന്നാൽ ദിഗന്തവിശ്രാന്തകീത്തിമാനും, സൗഭാഗ്യസംപൂണ്ണനും, ലോകസമ്രാട്ടുമായി അദ്ദേഹത്തിനു വളരെക്കാലം ജീവിച്ചിരിക്കുന്നതിനു സാധിച്ചില്ല. പന്ത്രണ്ടുകൊല്ലത്തെ ഭരണശേഷം ജ്വരബാധയാൽ അദ്ദേഹം ഐഹികവാസം വെടിഞ്ഞു. (൧. മക്കബെ.)
അതെ, മഹാനായ അലക്സാണ്ടർ മരിച്ചു. മഹനീയവും പ്രതാപമേറിയതുമായ അദ്ദേഹത്തിന്റെ വാഴ്ച എത്ര വേഗം അവസാനിച്ചുവെന്നു നോക്കുക. അദ്ദേഹം കഥാവശേഷനായതോടുകൂടി സാമ്രാജ്യവും ശിഥിലമായി. ഇദാനിന്തനകാലത്തെ വിജേതാക്കളിൽ അദ്വിതീയനായ നെപ്പോളിയന്റെ ജീവചരിത്രവും ചുരുങ്ങിയ വാക്കുകളിൽ സംക്ഷേപിക്കാം. ഐറോപ്യൻ രാജ്യങ്ങളിലൂടെ ജയഭേരി മുഴക്കിക്കൊണ്ടു നെപ്പോളിയൻചക്രവത്തി ഇതാ ജൈത്രയാത്ര സമാരംഭിക്കുന്നു. അദ്ദേഹത്തിന്റെ സംഹാരഖഡ്ഗത്തിനു ഇററലി, സ്പെയിൻ, ആസ്ത്രിയ, ജെർമ്മനി, മുതലായ മഹാരാജ്യങ്ങൾ ഇരയായിത്തീർന്നു. ആസ്റ്റരിലിററസ്, മരേംഗൊ, ജെന മുതലായ സമരാങ്കണത്തിൽ വെച്ചുണ്ടായ യുദ്ധങ്ങളിൽ വിജയം അദ്ദേഹത്തിനു കരഗതമായി. സേനാ

ന്നായകന്മാർക്കു് അദ്ദേഹം രാജകിരീടങ്ങൾ സമ്മാനിച്ചു. എന്തിനേറെ; ലോകം ആസകലം അദ്ദേഹത്തെ പ്രണമിച്ചു. എന്നാൽ ഭുവനവിശ്രുതമായ വാട്ടർലൂ എന്ന യുദ്ധരംഗത്തുവെച്ചു ശത്രുക്കൾ അദ്ദേഹത്തെ തോല്പിക്കയും ഒരു തടവുകാരനായി സെൻറു് ഹെലേനായിലേയ്ക്കു് അയയ്ക്കയുംചെയ്തു. രാജ്യഭ്രഷ്ടനായ അയാൾ സകലരാലും തിരസ്കൃതനായി അവിടെ വെച്ചു കാലഗതി അടഞ്ഞു. മരണത്തിനു വളരെ മുൻപായിത്തന്നെ അദ്ദേഹത്തിൻെറ കിരീടം അപഹൃതമാകയും, ഏകഛത്രാധിപത്യം സംസ്ഥാപിക്കുന്നതിനായി ചെയ്ത സകലവിധപരിശ്രമങ്ങളും വിഫലീഭവിക്കയും ചെയ്തു. ഇതാണു മനുഷ്യൻെറ യഥാർത്ഥാവസ്ഥ. ഒരുവൻ ജീവിതകാലത്തു് അന്യാദൃശമായ പ്രതിഭാവിലാസമൊ, വീരപരാക്രമമൊകൊണ്ടു സമസൃഷ്ടങ്ങളെക്കാൾ ഒരുപടി ഉയൎന്നുവന്നേയ്ക്കാം. എന്നാൽ മരണത്തോടുകൂടി മററവരോടു സമനായിത്തീരുന്നു. മനുഷ്യൻെറ ഉന്നതിക്കു് അനുസൃതമായിരിക്കും അവൻെറ അധഃപതനവും.

ക്രിസ്തുവിൻെറ ജീവിതപൎയ്യവസാനം എത്രയൊ വ്യത്യസ്തം! ജീവിതകാലത്തിൽ നിന്ദാവമാനങ്ങളും, അവഹേളനവുമത്രെ അദ്ദേഹം സൎവ്വത്ര കണ്ടുമുട്ടിയതു്. അദ്ദേഹത്തിനു സ്വാഗതമാശംസിക്കുന്നതിനാരുമുണ്ടായിരുന്നില്ല. എന്നാൽ വീരോചിതമായ മരണത്താൽ അദ്ദേഹം ലോകത്തെ ജയിച്ചു. അദ്ദേഹത്തിൻെറ ജീവചരിത്രം താഴെ വരുംവിധം സംക്ഷേപിക്കാം. നസ്രായക്കാരനായ യേശു ബത്‌ലേഹം ഗ്രാമത്തിൽ ഒരു കാലിക്കൂട്ടിൽ കന്യകാമറിയത്തിൽനിന്നു ജാതനായി. ആശാരിപ്പണിയിൽ വളൎത്തുപിതാവിനേയും ഗാൎഹികവൃത്തിയിൽ പ്രിയ മാതാവിനേയും സഹായിച്ചുകൊണ്ടു് അവരോടൊന്നിച്ചു മുപ്പതുകൊല്ലം കഴിച്ചുകൂട്ടി. അനന്തരം

അവിടുന്നു നിർദ്ധനരും നിരക്ഷരകുക്ഷികളുമായ പന്ത്രണ്ടു മുക്കവന്മാരെ ശിഷ്യന്മാരായി തിരിഞ്ഞെടുക്കുകയും, തൻെറ ദിവ്യദൌത്യത്തെ സകലരോടും പരസ്യമായി പ്രസംഗിക്കയും ചെയ്തു. എന്നാൽ സ്വജനങ്ങൾ അദ്ദേഹത്തെ തിരസ്കരിക്കയും നിഷ്കരുണം പീഡിപ്പിക്കയും, അവസാനം ഒരു മഹാപാതകനെ എന്നോണം കൊലയ്ക്കു വിധിച്ചു കുരിശിൽത്തറയ്ക്കുകയും ചെയ്തു. അദ്ദേഹം ജീവൻ വെടിഞ്ഞു; ഒരു കല്ലറയിൽ സംസ്കരിക്കപ്പെട്ടു. എന്നാൽ അദ്ദേഹത്തിൻെറ പ്രഭാവം, ലോകപ്രസിദ്ധന്മാരായിത്തീർന്ന അലക്സാണ്ടർ പ്രഭൃതികളുടേതുപോലെ ശവകുടീരത്തിൽ അവസാനിച്ചില്ല. ദിവ്യശക്തിയാൽ അവിടെനിന്ന് അദ്ദേഹം ഉത്ഥാനം ചെയ്തു, സ്വർഗ്ഗത്തിലേയ്ക്കു എഴുന്നെള്ളുകയും, അഖിലജാതികളേയും സ്വാവകാശമായി സ്വീകരിച്ചു ഭരണം നടത്തുകയും ചെയ്യുന്നു. ഈ ഭരണത്തിന് അവസാനം ഉണ്ടാകുന്നതുമല്ല.

ഇതും നമ്മെ അത്ഭുതപരതന്ത്രരാക്കിത്തീക്കുന്നില്ലയോ? ഇതെപ്പററി ഒരു അവിശ്വാസി വിചാരിക്കുന്നതു് എന്തായിരിക്കും? അവൻെറ ദൃഷ്ടിയിൽ യേശു ഒരു വെറും മനുഷ്യനാകുന്നു. മാത്രമല്ല, തീരെ അപ്രസിദ്ധൻ; നിരാലംബൻ; നിർദ്ധനൻ; അജ്ഞാതമായ ഒരു കുഗ്രാമത്തിൽ ജനിച്ചവൻ; ലോകനിന്ദിതമായ ഒരു ജാതിയിൽപ്പെട്ടവൻ. ക്രൂരമർദ്ദനങ്ങൾക്കു പാത്രവാനായ ഒരു യഹൂദൻ. ജുഗുപ്സാവഹമായ കുരിശുമരണംകൊണ്ടുമാത്രം ലോകത്തിൻെറ ശ്രദ്ധയെ ആകർഷിച്ചവൻ. ഇങ്ങനെയെല്ലാമുള്ള ഒരു മനുഷ്യനാണു ലോകത്തെ ആകമാനം നവീകരിക്കയും സംസ്കരിക്കയും ചെയ്തതു്! അദ്ദേഹം നവീനമായ ഒരു നരവർഗ്ഗത്തിൻെറ സ്രഷ്ടാവായിരുന്നു. പ്രാബല്യത്തിലും, നാഗരികതയിലും അഗ്രിമസ്ഥാനം വഹിച്ചു നില്ക്കുന്ന ഒരു ജനതയുടെ ദൈവവു

മാകുന്നു അദ്ദേഹം. ആ മനുഷ്യൻ തൂങ്ങിമരിച്ച കുരിശ് ഇന്നു ലോകത്തിൻെറ സ്തുത്യനായിത്തീൎന്നിരിക്കുന്നു. അതിൻെറ പ്രകാശത്തിൽ അജ്ഞതയാകുന്ന അന്ധകാരം അപ്രത്യക്ഷമാകുന്നു. ജാതീയദേവന്മാർ അന്തർധാനം ചെയ്യുന്നു. തത്വജ്ഞാനികൾ ലജ്ജിതരാകുന്നു. പരിഹാസജനകമായ വിഗ്രഹാരാധന ബഹിഷ്കൃതമാകുന്നു. അടിമത്തവും ക്രൂരതയും നാമാവശേഷമാകുന്നു. കുരിശിൻെറ ബലഹീനത മാനുഷമായ സകല ശക്തിപ്രഭാവങ്ങളേയും വെല്ലുന്നതാണെന്നു് ഈ സംഭവങ്ങൾ വ്യക്തമായി കാണിക്കുന്നില്ലയോ?

## III.

## കുരിശിൻെറ വിജയം.

മനുഷ്യവൎഗ്ഗത്തിനു പുനർജ്ജീവൻ നൽകുവാൻ ഏററം പററിയ ഉപകരണം കുരിശാകുന്നു. ലോകത്തിൽ ഇന്നു് അതിനുള്ള സ്ഥാനം വളരെ വലുതാണു്. കാവ്യലോകവുമായുള്ള സംസൎഗ്ഗംമൂലം അധഃപതിച്ചിരുന്ന മനുഷ്യനെ അവൻെറ നികൃഷ്ടസ്ഥിതിയിൽനിന്നു പുനരുദ്ധരിക്കുന്നതിന് അവൻെറ സ്ഥാനൗന്നത്യത്തെ അവനെ ധരിപ്പിക്കേണ്ടതുണ്ടായിരുന്നു. ആത്മജ്ഞാനത്തിൻെറ അഭാവം സകല വഷളത്തത്തിൻെറയും ആരംഭമാണല്ലോ. "തന്നെത്താൻ അറിയുക" എന്നതു തെയിൽസ്, സോക്രട്ടീസു മുതലായ ഗ്രീക്കു തത്വശാസ്ത്രികളുടെ മുദ്രാവാക്യമായിരുന്നു. പുരാതനഗ്രീസിൽ ഏററവും മനോഹരമായ ഒരു അമ്പലത്തിൻെറ മുൻഭാഗത്തു് ഈ വാക്യം കൊത്തിയിരുന്നത്രെ. സ്വന്തം മാഹാത്മ്യത്തെപ്പററി ബോധമില്ലാത്തവൻ, കാട്ടുമൃഗങ്ങളേപ്പോലെ ജീവിതം നയിക്കും. അവനു നിയമത്തേയും കൎത്തവ്യത്തേയും പററി യാതൊരറിവുമില്ല; വരുവാനിരിക്കുന്ന ആനന്ദപൂൎണ്ണമായ ജീവിതത്തെപ്പററി യാതൊരു പ്രതീക്ഷയുമില്ല; നന്മയും

തിന്മയും തിരിച്ചറിയുന്നില്ല. ക്ലേശങ്ങൾ സഹിക്കുമ്പോൾ ആശ്വാസപ്രദമായ ഒരു ചിന്തയും അവനില്ല. ദുഷ്ടത പ്രവർത്തിക്കുന്നതിന് അശേഷം മടിയുമില്ല. സ്വർഗ്ഗീയങ്ങളായ സകലത്തിൽനിന്നും വളരെ അകന്നിരിക്കുന്നതിനാൽ ഭൗമികമായവയോട് അവൻ ദൃഢബദ്ധനായിരിക്കുന്നു. അവൻ ലോകവസ്തുക്കളിൽമാത്രം വ്യാപൃതനായി മൃഗീയമായ തന്റെ അഭിലാഷങ്ങളെ തൃപ്തിപ്പെടുത്തുവാൻ സകല യത്നവും ചെയ്യുന്നു. സമുദായത്തിനു നേരിടുന്ന വലിയ വിപത്തുകൾക്കെല്ലാം പ്രധാനകാരണം അവൻതന്നെ.

മനുഷ്യനു തന്റെ മാഹാത്മ്യത്തെയും പരമാന്ത്യത്തെയും കുറിച്ചുള്ള ജ്ഞാനം എത്ര അത്യാവശ്യമെന്ന് ഇത്രയും പറഞ്ഞതിൽനിന്നു വിശദമാകുന്നുണ്ടല്ലോ. ഈ ജ്ഞാനം കുരിശ് അവനു പ്രദാനം ചെയ്യുന്നു. ലോകത്തിലുള്ള സകല ഗുരുക്കന്മാരിൽനിന്നും ലഭിക്കാവുന്നതിലധികം അറിവു കുരിശിന്റെ ദർശനംകൊണ്ടുമാത്രം അവനു സിദ്ധിക്കുന്നു. കാൽവരിയിലെ ദിവ്യബലിയെക്കുറിച്ചു ധ്യാനിക്കുന്ന ക്രിസ്ത്യാനിയെ വീക്ഷിക്കാം. മരണമില്ലാത്ത ആത്മാവിന്റെ, അതെ, ദൈവകുമാരന്റെ അനർഘരക്തത്തോളം വിലവരുന്ന ആത്മാവിന്റെ മാഹാത്മ്യം അവൻ ഗ്രഹിക്കുന്നു. ദൈവത്തിന്റെ പുത്രനും സൃഷ്ടികളുടെ എല്ലാം മകുടവും താനാകുന്നുവെന്ന് അവൻ മനസ്സിലാക്കുന്നു. എത്ര വാഗ്‌വിലാസത്തോടെ കുരിശ് അവനോടു പ്രസംഗിക്കുന്നു! "ബലഹീനനും, അസ്ഥിരനും ആയ മനുഷ്യാ, രാജ്യഭ്രഷ്ടനായി വിദേശത്തിൽ അലഞ്ഞുതിരിയുന്ന നീ എന്തിന് അനാവശ്യകാര്യങ്ങളിൽ ഏർപ്പെട്ടു വൃഥാ ക്ലേശിക്കുന്നു? മായകളുടെ പുറകെ എന്തിനു നീ ഓടുന്നു? നിന്റെ പരമാന്ത്യത്തിന് ഉതകാത്ത സംഗതികളിൽ തലയിടുന്നതെന്തിന്? സ്വർഗ്ഗത്തിലേയ്ക്കു നോക്കു

ക. അനന്തമായ ഒരു സൗഭാഗ്യം നിന്നെ കാത്തുനിൽക്കുന്നു. നരകത്തിൽ വീഴാതെ ആ സ്വൎഗ്ഗീയഭാഗ്യം അനുഭവിക്കുവാൻ ആഗ്രഹിക്കുന്നെങ്കിൽ ഉണർന്നിരുന്നു പ്രാൎത്ഥിക്കുക."

യോദ്ധാക്കളെ വിളിച്ചുകൂട്ടുന്നതിനു നാവിക സേനാധിപൻ കപ്പലിൻെറ പാമരത്തിന്മേൽ കൊടി തൂക്കുന്നതുപോലെ ദൈവം ലോകത്തിൻെറ ശ്രദ്ധയെ ആകർഷിക്കുന്നതിനു ദിവ്യപതാകയാകുന്ന കുരിശു ഉയർത്തിയിരിക്കുന്നു. കുരിശു ലോകത്തിൻെറ അച്ചുതണ്ടത്രെ. ലോകത്തിൽ വിപ്ലവങ്ങളും കലഹങ്ങളും ഉത്ഭവിക്കുകയും, സാമ്രാജ്യങ്ങൾ നാമാവശേഷമാകുകയും, ചെങ്കോലുകൾ നഷ്ടപ്പെടുകയും ചെയ്യുന്നു. എന്നാൽ കുരിശ് എന്നും അചഞ്ചലവും അഭിന്നവുമായി സ്ഥിതിചെയ്യുന്നു. "ഭൂഗോളം ചുററിത്തിരിയുമ്പോൾ കുരിശു സ്ഥിരമായി നിലകൊള്ളുന്നു." (വി. ആഗസ്തിനോസ്) നന്മയും മേന്മയുമുള്ള സകലതും ഉത്ഭവിക്കുന്നതു കുരിശിൽ നിന്നാണ്. ധീരപ്രവൃത്തികൾ ചെയ്യുന്നതിനും വേദനെരുക്കങ്ങൾ സഹിക്കുന്നതിനും ശക്തിനൽകുന്നതു കുരിശുതന്നെ. വിമതസ്ഥന്മാരെ മാനസാന്തരപ്പെടുത്തിയതും ധർമ്മസ്ഥാപനങ്ങൾക്ക് ആരംഭമിട്ടതും മനുഷ്യഗണത്തെ ഒന്നാകെ ഉന്നമിപ്പിച്ചതും വിശുദ്ധ കുരിശത്രെ. ലോകത്തിൻെറ അപഹാസത്തിനു വിഷയമായിരുന്ന കുരിശു ക്രിസ്തുവിൻെറ ദിവ്യരക്തത്താൽ അഭിഷിക്തമായപ്പോൾ പരിപാവനമായി പ്പരിണമിച്ചു. "ഭൂമിയിൽ നിന്നു ഞാൻ ഉയർത്തപ്പെട്ടനെങ്കിൽ സമസ്തവും എന്നിലേക്കു ഞാൻ ആകർഷിക്കും." (യോഹ., ൧൨, ൩൦.) എന്നുള്ള ക്രിസ്തുവിൻെറ പ്രവചനമനുസരിച്ച് ഇപ്പോൾ അതു ശക്തിയുള്ള കാന്തംപോലെ സകലരേയും ആകർഷിച്ചിരിക്കുന്നു. കുരിശ് ഇപ്പോൾ നിന്ദ്യമൊ, ത്യാജ്യമൊ അല്ല. പ്രത്യുത, സകല ബഹുമാനങ്ങളേയും ആദരങ്ങളേയും അർഹിക്കുന്ന ഒന്നായി ഭവിച്ചിരി

ക്കുന്നു. അതു രാജകിരീടങ്ങളെ അലങ്കരിക്കുന്നു. മണിമാളികകളിന്മേലും, താഴികക്കുടങ്ങളിന്മേലും മിന്നിത്തിളങ്ങുന്നു. കുന്നുകളുടേയും കൊടുമുടികളുടേയും മുകളിൽ മകുടമെന്നോണം പരിശോഭിക്കുന്നു. കോടാകോടി രക്തസാക്ഷികളും, ലക്ഷോപലക്ഷം കന്യകകളും വിശുദ്ധന്മാരും കുരിശിൻെറ സ്തുതികളെ കീത്തിക്കുന്നു. എല്ലാക്കാലങ്ങളിലുമുള്ള മഹാന്മാർ അതിഭക്തിയോടും കൃതജ്ഞതയോടും സ്നേഹത്തോടുംകൂടെ അതിനെ ആലിംഗനം ചെയ്യുന്നു. അവസാനവിധിദിവസം ക്രിസ്തുവിൻെറ മഹിമയുടെയും വിജയത്തിൻെറയും അടയാളമായി ഈ കുരിശു പ്രത്യക്ഷപ്പെടുകയും ചെയ്യും.

കോൺസ്റ്റൻറയിൻ ചക്രവത്തി ക്രിസ്തുമതത്തിൻെറ ശത്രുക്കളെ ജയിച്ചു ലോകത്തിൽ സമാധാനം സംസ്ഥാപിച്ചതു കുരിശുമൂലമായിരുന്നു. ജലപ്രവാഹംപോലെ യൂറോപ്പു ഖണ്ഡം മുഴുവൻ വ്യാപിച്ചു, കൊള്ളയും കൊലയും ചെയ്തിരുന്ന മ്ലേച്ഛവർഗ്ഗങ്ങളെ കീഴടക്കിയതും കുരിശാണ്. മ്ലേച്ഛവർഗ്ഗങ്ങളുടെ നേതാവായ അററിലായോടെതിത്ത ലെയോൺ പാപ്പായുടെ ഏകായുധം കുരിശായിരുന്നു. കുരിശുയുദ്ധത്തിനു പോകുന്നവർ, "ദൈവം അതു് ആഗ്രഹിക്കുന്നു. കുരിശു! കുരിശു!" എന്നു് ആത്തുവിളിച്ച് അവരുടെ സന്തോഷത്തെ പ്രത്യക്ഷപ്പെടുത്തി. കുരിശിൻെറ യോദ്ധാക്കൾ ആയിരക്കണക്കിനു മുന്നിട്ടുവന്നു വിശുദ്ധ സ്ഥലത്തെ വീണ്ടെടുക്കാനായി ഒരുമ്പെട്ടു ഇറങ്ങിയപ്പോൾ എന്തു ചൈതന്യവും ശുഷ്കാന്തിയുമാണു പാശ്ചാത്യരാജ്യങ്ങൾ പ്രദർശിപ്പിച്ചതു്!

കുരിശു അടിമത്തത്തിൻെറ ചങ്ങലയെ പൊട്ടിച്ചു. അതു ലോകത്തിൽ സ്നേഹത്തിൻെറയും സാഹോദര്യത്തിൻെറയും നിയമം രൂപവൽക്കരിച്ചു. നരവർഗ്ഗമാകുന്ന പൂന്തോപ്പിലേ

മനോഹരകസുമങ്ങളായ കന്യകകളെ സാധുസംരക്ഷണ ത്തിന്നായി നിരന്തരം ഈ കരിശു ക്ഷണിക്കയും, അവർ ലോകത്തോടും ഭൗമികവസ്തുക്കളോടും എന്നേയ്ക്കുമായി യാത്ര പറഞ്ഞു സധൈര്യം ഇറങ്ങിപ്പുറപ്പെടുകയും ചെയ്യുന്നു. അനാഥരെയും അംഗവികലരെയും പരിചരിച്ചും, വൃദ്ധരെയും നിർദ്ധനരെയും പരിരക്ഷിച്ചും, ആതുരരേയും സാംക്രമിക രോഗബാധിതരേയും ശുശ്രൂഷിച്ചും അവർ കരിശിനെ പ്രതി രക്തസാക്ഷിണികളായി ഇഹലോകം വെടിയുന്നു.

തൊഴിലാളികളോടു കരിശു പ്രസംഗിക്കുന്നു. "നിങ്ങ ളെപ്രതി ദൈവം ഒരു തൊഴിലാളിയായി ജീവിച്ചു. നെററി ത്തടത്തിലേ വിയർപ്പുകൊണ്ടു് അവിടുന്നു നിത്യവൃത്തി കഴി ച്ചു. നിങ്ങളുടെ ദാരിദ്ര്യവും സങ്കടവും അങ്ങേയ്ക്കു കാഴ്ചവെയ്ക്കു വിൻ. അവിടുന്നു് അവയെ മഹത്വമുള്ള കിരീടമാക്കിപ്പകർ ത്തി സ്വർഗ്ഗീയ സമ്മാനമായി നിങ്ങൾക്കു നൽകും."

ആസന്നമരണനായ മനുഷ്യനെ ആശ്വസിപ്പിക്കുന്ന തും അവൻെറ ഭയത്തെ നിവാരണം ചെയ്യുന്നതും കരിശാ ണ്. മരണശേഷം ബന്ധുമിത്രങ്ങൾ ശ്മശാനത്തിൽ അവനെ ഉപേക്ഷിച്ചുപോകുമ്പോഴും ആത്മാവിൻെറ മരണമില്ലായ്മ യെ സൂചിപ്പിക്കുന്ന കരിശു അവൻെറകൂടെയുണ്ടു്. ഓമന ക്കുഞ്ഞിൻെറ പക്കൽ നില്ക്കുന്ന സ്നേഹമുള്ള മാതാവിനെ പ്പോലെ, "ഞാൻ ഉയിർപ്പും ജീവനുമാകുന്നു. എന്നിൽ വിശ്വ സിക്കുന്നവൻ മൃതനായാലും ജീവിക്കും. (യോഹ., ൧൧, ൨൫.) എന്നു നിശ്ശബ്ദമായി ഉരുവിട്ടുകൊണ്ടു കരിശു അവൻെറ സമീപേ നില്ക്കുന്നു.

## IV.

## കുരിശു നമുക്കു ദൈവജ്ഞാനം നൽകുന്നു.

ദൈവത്തെക്കുറിച്ചുള്ള ജ്ഞാനം നിത്യജീവനെ പ്രദാനം ചെയ്യുന്നുവെന്നു "വഴിയും സത്യവുമാകുന്ന" ദിവ്യരക്ഷകൻ നമ്മോട് അരുളിച്ചെയ്യുന്നു. മനുഷ്യൻ പ്രകൃതി രഹസ്യങ്ങളെ പഠിക്കുന്നു. നക്ഷത്രങ്ങളെ അളന്നു നിണ്ണയിക്കുകയും അവയുടെ ഭ്രമണക്രമം മനസ്സിലാക്കുകയും ചെയ്യുന്നു. എന്നാൽ അവശ്യം ആവശ്യമായ ഒരു സംഗതി അവൻ വിസ്മരിച്ചുകളയുന്നു. അവൻ സൃഷ്ടികർത്താവിനെപ്പററി ചിന്തിക്കുന്നില്ല. "നിർഭാഗ്യരായ മനുഷ്യരുടെ പാതകങ്ങൾക്കെല്ലാം കാരണം ദൈവത്തെപ്പററിയുള്ള അവരുടെ അജ്ഞതയാണെ"ന്നു് ഒരു കവി പറഞ്ഞിട്ടുള്ളതു് എത്ര ശ്രദ്ധേയം. എന്നാൽ കുരിശുമരണത്തിൽ നിന്നല്ലാതെ എവിടെ നിന്നാണു ദൈവജ്ഞാനം ലഭിക്കുന്നതു്. കുരിശാകുന്ന മഹാ ഗ്രന്ഥമല്ലാതെ വേറെ ഏതൊരു ഗ്രന്ഥത്തിലാണു ദൈവപരിപൂണ്ണതകൾ ഇത്ര വിശദമായി പ്രതിപാദിക്കപ്പെട്ടിരിക്കുന്നതു്? ദൈവദൂതന്മാർക്കു് അനേകവത്സരങ്ങൾകൊണ്ടു വെളിപ്പെടുത്തുവാൻ സാധിക്കാത്ത മഹാ രഹസ്യങ്ങളെയാണു കുരിശു് ഒററ നിമിഷത്തിൽ നമ്മെ പഠിപ്പിക്കുന്നതു്.

മനുഷ്യൻെറ അഭ്യുന്നതിയുടെ എല്ലാം നിദാനം ദൈവനന്മയെപ്പററിയുള്ള ജ്ഞാനമാകുന്നു. ശിക്ഷിക്കുവാൻ സദാസന്നദ്ധനായിരിക്കുന്ന കുപിതനായ ഒരു ന്യായാധിപനു തുല്യനാണു ദൈവമെന്നു കാവ്യലോകം കരുതിപ്പോരുന്നു. തൻമൂലമത്രെ, വിധിബലത്താൽ സമസ്തവും സംഭവിക്കുന്നുവെന്ന വിശ്വാസം പുരാതനമതങ്ങളിലെല്ലാം ശക്തിപ്പെട്ടതു്. "ദൈവം തൻെറ ഏകജാതനെ

നൽകുവാൻ തക്കവണ്ണം ലോകത്തെ അത്ര സ്നേഹിച്ചു." (യോഹ., ൩, ൧൬.) എന്നതു മനുഷ്യർ അറിഞ്ഞിരുന്നെങ്കിൽ ലോകത്തിൻെറ സ്ഥിതി എത്ര വ്യത്യസ്തമായിരുന്നേനെ! വേദപാരംഗതനായ വി. ലിഗോരി ഇപ്രകാരം പറയുന്നു. "അനേകരാജ്യങ്ങളുടെ അധിപനായി ഒരിക്കൽ ഒരു രാജാവു വാണിരുന്നു. അദ്ദേഹത്തിന് ഒരു പുത്രൻ മാത്രമേ ഉണ്ടായിരുന്നുള്ളു. അവനെ രാജാവ് കണ്ണിലുണ്ണിയായി വളർത്തി. രാജകുമാരന് ഒരു അടിമയുണ്ടായിരുന്നു. അവനെ അദ്ദേഹം വളരെ സ്നേഹിച്ചു. ഈ അടിമ ഏതോ പാതകം ചെയ്തതുനിമിത്തം മരണശിക്ഷയ്ക്കു വിധിക്കപ്പെടുകയുണ്ടായി. എന്നാൽ രാജകുമാരൻ ഈ അടിമയ്ക്കു പകരം മരിച്ചുകൊള്ളാമെന്നു സ്വയം സമ്മതിക്കുകയും നീതി നടത്തുന്നതിൽ വളരെ നിഷ്ഠയുണ്ടായിരുന്ന രാജാവ് അടിമയ്ക്കു പകരം സ്വപുത്രനെ ബലികഴിക്കുകയും ചെയ്തു." ഈ സംഭവംതന്നെയാണു സുവിശേഷത്തിൽ നാം വായിക്കുന്നതു്. അതിൽ മനുഷ്യരുടെ പാപങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി ദൈവസുതനായ ക്രിസ്തു മരിക്കുന്നതായി നാം കാണുന്നു. എന്നാൽ നമ്മുടെ സ്ഥിതി ആ അടിമയുടേതിനെക്കാൾ എത്ര നികൃഷ്ടം! നാമും ദൈവവും തമ്മിലുള്ള ദൂരം അനന്തമെന്നേ പറയേണ്ടതുള്ളു. നാം കേവലം ശക്തിഹീനരാകുന്നു; നാം അവിടുത്തെ അടിമകൾ മാത്രമല്ല ശത്രുക്കൾ കൂടിയത്രെ. നാം ദൈവത്തെ ദ്രോഹിച്ചു; അദ്ദേഹത്തെ അപമാനിച്ചു; അദ്ദേഹത്തിൻെറ ശത്രുക്കളായ പിശാചുക്കളോടു നാം സന്ധിചെയ്തു. അനന്തദൌർഭാഗ്യത്തിനു വിധിക്കപ്പെട്ട ചണ്ഡാളരും, എരിയുന്ന ചൂളയിൽനിന്നു തെറിച്ചുവീണ തീക്കൊള്ളികളുമല്ലയോ നാം? എന്നിട്ടും സ്വർഗ്ഗത്തിൽനിന്നു് ഇറങ്ങിവന്നു നമുക്കുവേണ്ടി ഒരു കുരിശുമരത്തിന്മേൽ മരി

ക്കുന്നതിനു ദൈവം തിരുമനസ്സായി. ഹാ! സ്നേഹത്തിൻെറ പാരമ്യം! "മനുഷ്യനുവേണ്ടി മരിക്കുവാൻ ഒരു ദൈവത്തിനു് എങ്ങനെ സാധിച്ചുവെന്നു ദുർബലരും ശിക്ഷാർഹന്മാരുമായ നമുക്കു, നമ്മുടെ ബുദ്ധിയോടല്ല, ഹൃദയത്തോടു ചോദിക്കാം" എന്നു ചററബ്രിയാൻ പറയുന്നു. ("Genius of Christianity") ദൈവത്തിൻെറ അനന്തമായ സ്നേഹത്തെയും കരുണയെയുംകുറിച്ചുള്ള പൂർണ്ണമായ ജ്ഞാനം കുരിശു നമുക്കു പ്രദാനംചെയ്യുന്നു. പാപപരിഹാരാർത്ഥം സർവ്വശക്തൻ തൻെറ തിരുരക്തം മുഴുവൻ ചിന്തി. അവിടുന്നു പാപിയുടെ മരണത്തെയല്ല അവൻെറ മാനസാന്തരത്തെയത്രെ ആഗ്രഹിക്കുന്നതു്. അദ്ദേഹത്തിനു നമ്മുടെ നേരെയുള്ള സ്നേഹത്തിനു് ഒരതിരുമില്ല. ഈദൃശചിന്തകൾ, ഏററം നികൃഷ്ടനായ പാപിക്കുപോലും ആശാജനകങ്ങളല്ലയോ? ധൂർത്തപുത്രനെപ്പോലെ അവൻ സ്വപിതാവിൻെറ പക്കലേക്കു പിന്തിരിയുകയും പാപമോചനം പ്രാപിക്കയും ചെയ്യും. പാപിഷ്ഠനായ ഒരുവൻ മരണാസന്നനായി കിടക്കയായിരുന്നു. ദൈവത്തിൻെറ ന്യായവിധിയെപ്പററിയുള്ള ചിന്ത അവനിൽ ഭയവും നൈരാശ്യവും ഉളവാക്കി. തത്സമയം ഒരു വൈദികൻ ഒരു കുരിശുരൂപം അവനു ചുംബിക്കുവാൻ കൊടുത്തു. അതു ചുംബിച്ചയുടൻ അവനു പശ്ചാത്താപമുണ്ടാകുകയും സമാധാനത്തോടെ മരണം പ്രാപിക്കുകയുംചെയ്തു. ദൈവം മോചിക്കയില്ലാത്ത പാപമൊ, ക്ഷമിക്കയില്ലാത്ത പാപിയൊ ഇല്ല. കഴുമരത്തിന്മേൽ അപമാനകരമായവിധം മരണശിക്ഷയനുഭവിച്ച അപരാധികൾ പോലും പൂർണ്ണമനസ്താപംമൂലം ദൈവാനുഗ്രഹം കണ്ടെത്തിയിട്ടില്ലയോ? അനുതാപിയായ പാപിയുടെ ആത്മാവിനെ സ്വർഗ്ഗീയ സൗഭാഗ്യത്തിലേക്കു് ആനയിക്കുവാനായി ദൈവദൂതന്മാർ എത്ര പ്രാവശ്യം ഭയാനകമായ ആ വധസ്ഥലത്തേക്കു് ഇറങ്ങിട്ടുണ്ടായിരിക്കണം.

ക്രിസ്തുവിനോടുകൂടി കുരിശിൽ തൂങ്ങിമരിച്ച നല്ല കള്ളനെ അവിടുന്നുതന്നെ പുണ്ണ്യവാനെന്നു പ്രഖ്യാപനംചെയ്തു. "ഈ ദിവസം നി പറുദീസായിൽ എന്നോടുകൂടെയായിരിക്കും." (ലൂക്കാ., ൨൩, ൪൩.) അവൻ സ്വാത്മാവിനെ വിസ്മരിച്ചു പാപജീവിതം നയിച്ചു. എന്നാൽ അവസാന വിനാഴികയിൽ കുരിശിൻെറ രക്ഷാകരശക്തിയാൽ അവൻ ഒരു വിശുദ്ധനായിത്തീർന്നു.

കർദ്ദിനാൾ ഡിഷെവെരുസിൻെറ ജീവചരിത്രത്തിൽ താഴെവരുന്ന സംഭവം രേഖപ്പെടുത്തിയിരിക്കുന്നു. ഒരിക്കൽ അദ്ദേഹം "കുരിശിനു ചെയ്യേണ്ട വണക്കം" എന്ന വിഷയത്തെ പുരസ്കരിച്ചു പ്രോട്ടസ്റ്റാൻറുകാരോടു പ്രസംഗിച്ചു കൊണ്ടിരിക്കുമ്പോൾ ഇങ്ങനെ പറയുകയുണ്ടായി:— സ്നേഹിതരേ, ഒരു കൊലപാതകൻ നിങ്ങളെ കുത്തുവാൻ കത്തി ഓങ്ങുന്നതു കണ്ടുകൊണ്ടു നിങ്ങളെ രക്ഷിപ്പാൻവേണ്ടി വിശാലമനസ്കനായ ഒരുവൻ കൊലപാതകൻേറയും നിങ്ങളുടേയും മദ്ധ്യേ ചാടിവീണു മരണകരമായ ഒരു മുറിവു സ്വന്തശരീരത്തിൽ ഏല്ക്കുന്നുവെന്നു വിചാരിക്കുക. സ്വാത്മപരിത്യാഗിയായി അയാൾ മരിക്കയും നിങ്ങൾ രക്ഷപെടുകയും ചെയ്തുവെന്നിരിക്കട്ടെ. നിങ്ങൾക്കുവേണ്ടി ചോരയിൽ കുളിച്ചു കിടക്കുന്ന ആ ഉപകർത്താവിൻെറ ചിത്രം ഭംഗിയായി വരച്ചു നിങ്ങൾക്കു് ഒരാൾ തരുന്നതായാൽ എത്ര കാര്യമായി അതു നിങ്ങൾ സ്വീകരിക്കും? നിങ്ങൾ അതുനോക്കി കണ്ണുനീർ പൊഴിക്കയില്ലയോ? നിങ്ങൾ ഈ ചിത്രത്തോടു കാണിക്കുന്ന ന്യായാനുസൃതമായ ബഹുമാനം മാത്രമാണു കത്തോലിക്കർ കുരിശിനോടും കാണിക്കുന്നതു്. ഈ വാക്കുകൾ കേട്ടു ശ്രോതാക്കൾ അപഹൃതചിത്തരാകയും, പ്രാസംഗികൻെറ കൈയിലിരുന്ന കുരിശു ചുംബിക്കുന്നതിനായി പ്രോ

ട്ടസ്റ്റാൻറുകാരായ അവർ കത്തോലിക്കരോടൊപ്പം സമീപിക്കയും ചെയ്തു.

കരിശു ദൈവത്തിൻെറ നന്മയെ പ്രദർശിപ്പിക്കുന്നതു പോലെതന്നെ അവിടുത്തെ നീതിയേയും പ്രദ്യോതിപ്പിക്കുന്നു. നരകത്തെക്കുറിച്ചു വർണ്ണിക്കയിൽ വിർജിൽ മഹാകവി, നരക്വാസി താഴെവരുംപ്രകാരം അലറുന്നതായി സങ്കല്പിക്കുന്നു: "സൂക്ഷിച്ചുകൊള്ളുവിൻ; നീതിപൂർവ്വം വർത്തിക്കുവാൻ പഠിച്ചുകൊൾവിൻ; എന്തുകൊണ്ടെന്നാൽ ദൈവത്തെ ദൂഷിക്കുന്നവർക്കു തക്കശിക്ഷ ലഭിക്കും." ("Æneid," lib. vi.) ദൈവശാസ്ത്രജ്ഞരും, തത്വജ്ഞാനികളും ദൈവത്തിൻെറ നീതിയെ പുരസ്കരിച്ച് അനവധി ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. എന്നാൽ ഇവയിലടങ്ങിയിരിക്കുന്ന ജ്ഞാനമെല്ലാം, കരിശു നമുക്കു നൽകുന്ന ജ്ഞാനത്തോടു തുലനം ചെയ്തു നോക്കുമ്പോൾ എത്ര തുച്ഛം. ഒരു ദൈവത്തിൻെറ മരണംകൊണ്ടുമാത്രം തൃപ്തിപ്പെടത്തക്കവണ്ണം ദൈവനീതി അത്ര ഉഗ്രമാണെന്നു നമ്മെ ഉദ്ബോധിപ്പിക്കുന്നതു കരിശാണ്. ദൈവത്തിൻെറ നിർമ്മലമായ കുഞ്ഞാടു പാപത്തെ വഹിച്ചു. ലോകത്തിൻെറ എല്ലാ അക്രമങ്ങളും അതു ചുമന്നു. തന്നിമിത്തം അതു നിർദ്ദയമായി കൊല്ലപ്പെടുകയും ചെയ്തു. നരവർഗ്ഗത്തിൻെറ പാപത്തിനു പരിഹാരം ചെയ്വാൻ ഒരു മനുഷ്യനൊ അനേകം മനുഷ്യർക്കൊ, ഒരു ദൈവദൂതനൊ അനേകം ദൈവദൂതന്മാർക്കൊ കഴിവുണ്ടായിരുന്നില്ല. ദൈവകോപത്തെ ശമിപ്പിക്കുന്നതിന് അനന്തമായ ഒരു പരിഹാരം ആവശ്യമായിരുന്നു.

# മനുഷ്യപുത്രൻ

മൂന്നാം ഭാഗം.

## അദ്ധ്യായം ൧.

### ക്രിസ്തുമതസ്ഥാപനം.

---

### I

### ഒരു മഹാസംരംഭം.

വി. പത്രോസു മുക്കവന്റെ സിംഹാസനം സംസ്ഥാപിക്കുവാനായി റോമിൽ പ്രവേശിച്ചപ്പോൾ കാവ്യനായ ഒരു വൃദ്ധനെ കണ്ടുമുട്ടിയതായും അവർതമ്മിൽ താഴെ കാണുംവിധം ഒരു സംഭാഷണം നടന്നതായും ഒരു പുരാതന ചരിത്രകാരൻ പ്രസ്താവിക്കുന്നു.

കാവ്യൻ: "സ്നേഹിതാ, നിങ്ങൾ റോമിൽ വന്നതെന്തിനാണെന്നു് അറിഞ്ഞാൽ കൊള്ളാം. വല്ലസഹായവും നിങ്ങൾക്കു ചെയ്തുതരുവാൻ ഒരുപക്ഷേ എനിക്കു സാധിച്ചേക്കാം.

പത്രോസ്: അജ്ഞാതനായ ഒരു ദൈവത്തെ പ്രസംഗിക്കുന്നതിനും അദ്ദേഹത്തിന്റെ ആരാധനയെ വിഗ്രഹാരാധനയുടെ സ്ഥാനത്തു പ്രതിഷ്ഠിക്കുവാനുമായിട്ടാണു ഞാൻ വന്നതു്.

കാ. അങ്ങനെയോ! പക്ഷേ എനിക്കു് ഇതു വളരെ നവീനമായി തോന്നുന്നല്ലോ. നിങ്ങൾ ഏതു രാജ്യക്കാരനാണു്?

പ. നിന്ദ്യവും ശാപാധീനവുമെന്നു ഗണിക്കപ്പെട്ടുന്ന ഒരു വംശത്തിൽ പെട്ടവനാണു ഞാൻ; അതെ ഞാൻ ഒരു യഹൂദൻതന്നെ.

കാ. നിങ്ങൾ ഒരുപക്ഷെ നിങ്ങളുടെ സമുദായത്തിൽ വിലയും നിലയുമുള്ള ഒരാളായിരിക്കാം.

പ. അതാ, റൈറബർനദിയുടെ തിരത്തു പഴവല തുന്നി ക്കൊണ്ടിരിക്കുന്ന ആ മീൻപിടുത്തക്കാരെ കണ്ടാലും. ഞാൻ അവരിൽ ഒരുവനാണ്. എന്റെ ദേശത്തുള്ള ഒരു തടാക ത്തിൽനിന്നു മീൻപിടിച്ചാണു ഞാൻ ഉപജീവിച്ചിരുന്നത്. ഞാൻ ഒരു നിർദ്ധനൻ. വെള്ളിയൊ പൊന്നൊ എനിക്കില്ല.

കാ. സ്വദേശം വിട്ടതിൽപ്പിന്നെ തത്വശാസ്ത്രപാഠ ശാലകളിൽ നിങ്ങൾ അദ്ധ്യയനം കഴിച്ചിരിക്കണം. നിങ്ങ ളുടെ പ്രസംഗസാമർത്ഥ്യത്തിൽനിന്നു നിങ്ങൾ വളരെ ഫലം ആശിക്കുന്നുമുണ്ടായിരിക്കും.

പ. ഞാൻ അജ്ഞനും നിരക്ഷരകുക്ഷിയുമാണ്.

കാ. ഇത്രയും കേട്ടതിൽനിന്നു നിങ്ങളുടെ ഉദ്യമം പ്ര യാസമേറിയ ഒന്നാണെന്നു തോന്നുന്നല്ലോ. നിങ്ങൾ പ്ര സംഗിക്കുവാൻപോകുന്ന ആ അജ്ഞാതനായ ദൈവത്തി ന്റെ ആരാധന വളരെ ആനന്ദപ്രദമായിരിക്കുമെന്നു ഞാൻ വിശ്വസിക്കട്ടയോ?

പ. രണ്ടു കള്ളന്മാരുടെ നടുവിൽ കുരിശിൽത്തൂങ്ങി മരിച്ച ദൈവത്തെയാണു ഞാൻ പ്രസംഗിക്കുന്നത്.

കാ. ഈദൃശനായ ഒരു ദൈവത്തിൽനിന്നു് എന്തു ത ത്വമാണാവോ നിങ്ങൾ അറിയിക്കുവാൻ ഉദ്ദേശിക്കുന്നതു്?

പ. മനുഷ്യസ്വഭാവത്തിനും മനുഷ്യന്റെ ഇച്ഛ കൾക്കും അനിഷ്ടകരമായ ഒരു തത്വം—മൂന്നു ദൈവാളുക

ളിൽ ഒരു ദൈവം എന്ന രഹസ്യം. ദുഷ്ടർക്ക് അവസാനമില്ലാത്ത ശിക്ഷയുണ്ടാകുമെന്ന വിശ്വാസം; വിനയം, സ്നേഹം, ശുദ്ധത, ആശാനിഗ്രഹം, പ്രായശ്ചിത്തം ആദിയായവയുടെ അനുഷ്ഠാനം................

കാ. ഈ തത്വം റോമായിലാണോ ആദ്യം നിങ്ങൾ പ്രസംഗിച്ചു പ്രചരിപ്പിക്കുവാനുദ്ദേശിക്കുന്നതു്! അതു കഴിഞ്ഞിട്ടു്?

പ. ലോകം മുഴുവനിലും.

കാ. എത്ര നാളത്തേക്കു്?

പ. ലോകാവസാനംവരെ.

കാ. ഈശ്വരാ! ഇതു് ഏററം മഹത്തായ ഒരുദ്യമം തന്നെ! നിങ്ങളുടെ ഉദ്ദിഷ്ടസിദ്ധിക്കു ചക്രവൎത്തികളുടേയും രാജാക്കന്മാരുടേയും പ്രഭുക്കളുടേയും സഹായസഹകരണങ്ങൾ ലഭിക്കുന്നതിനു ശ്രമിച്ചിരുന്നെങ്കിൽ വളരെ നന്നായിരുന്നു. എന്നാൽ നിങ്ങളുടെ അനുയായികളുടെ ഗണത്തിൽ റോമ്മാചക്രവൎത്തികളെ നിങ്ങൾ എണ്ണുന്നില്ലായിരിക്കുമല്ലോ?

പ. കാററിനാൽ ഛിന്നഭിന്നമാക്കപ്പെട്ട ധൂമശകലം പോലെയാണു മനുഷ്യമഹത്വം എന്നും, അടിമ യജമാനനു തുല്യനാണെന്നും, ഒരു സൂചിക്കുഴയിൽക്കൂടെ ഒരു് ആലാത്തു കയറു കടക്കുന്നതിലും പ്രയാസമായിട്ടാണു സമ്പന്നൻ സ്വൎഗ്ഗത്തിൽ പ്രവേശിക്കുക എന്നതു് എന്നും അവരെ ധരിപ്പിക്കുന്നതിനായിട്ടു ഞാൻ വന്നിരിക്കുന്നു.

കാ. നിങ്ങളുടെ ഉദ്യമം വിജയപ്രദമാകുമെന്നു നിങ്ങൾ വിചാരിക്കുന്നുണ്ടോ?

പ. ഞാൻ വിചാരിക്കമാത്രമല്ല ചെയ്യുന്നതു്; എനിക്കു് നല്ല നിശ്ചയവുമുണ്ടു്. അതാ ആ കാണുന്ന വത്തിക്കാൻ കുന്നിലേക്കു് നോക്കിയാലും; എൻെറ പിൻഗാമികളുടെ വാസ

സ്ഥലം അവിടെ ആയിരിക്കും. അവരുടെ അരമനയിൽ നിന്ന് അവർ ലോകം മുഴുവനെയും ഭരിക്കയും ചെയ്യും.

കാ. ചക്രവർത്തികൾ നിങ്ങൾക്കെതിരായി പ്രവർത്തിക്കുമെന്നു നിങ്ങൾ അറിയുന്നില്ലയോ? അപ്പോൾ നിങ്ങൾ എന്തുചെയ്യും?

പ. എന്റെ ജീവനെ ഞാൻ ബലികഴിക്കും.

കാ. നിങ്ങൾ ഇതുവരെ പറഞ്ഞതിൽ ഏററം സംഭാവ്യമായിട്ടുള്ളതു് അതു തന്നെയാണ്. കൊള്ളാം, ഇനി നമുക്കു പിരിയാം. നിങ്ങളുടെ സംഭാഷണം എന്നെ വളരെ ആനന്ദിപ്പിച്ചു. നിങ്ങളെപ്പററി പട്ടണത്തിൽ ഉള്ള എന്റെ സ്നേഹിതന്മാരോടു സന്തോഷസമേതം ഞാൻ പറയുന്നതായിരിക്കും. വന്ദനം.

ക്രിസ്തുമതസ്ഥാപനം ലോകചരിത്രത്തിൽ ഏററവും വിസ്മയാവഹമായ ഒരു സംഭവമത്രെ. ഈ മഹനീയ സംഭവത്തിന്റെ യഥാർത്ഥഹേതു ഏതെന്ന് അറിയുന്നതിനു മനുഷ്യബുദ്ധി അശക്തമാണ്. അതു മഹത്തമവും അഭൂതപൂർവ്വവുമായ ഒരത്ഭുതമാകുന്നു. ക്രിസ്തുമതം യഥാത്ഥമാണെന്നുള്ള ദൃഢബോധം മനുഷ്യഹൃദയങ്ങളിൽ രൂഢമൂലമാക്കുന്നതിനും, അവിശ്വാസിയെപ്പോലും ക്രിസ്തുവിൽ വിശ്വസിക്കുവാൻ നിർബന്ധിക്കുന്നതിനും അതു പര്യാപ്തമാണ്. ഇതിനാലാണു വി. ആഗസ്തീനോസ് ഇപ്രകാരം പറയുന്നതു്: "ക്രിസ്തുമതം സ്ഥാപിക്കപ്പെട്ടതു് അത്ഭുതങ്ങൾമൂലമൊ, അത്ഭുതങ്ങൾ കൂടാതെയൊ ആയിരിക്കണം. അത്ഭുതങ്ങൾമൂലം സ്ഥാപിക്കപ്പെട്ടതാണെങ്കിൽ അതു ദൈവികമാണ്; കാരണം അത്ഭുതങ്ങൾ പ്രവർത്തിക്കുന്നതിനു ദൈവത്തിനു മാത്രമേ സാധിക്കയുള്ളു. അത്ഭുതങ്ങൾ കൂടാതെയാണ് അതു പ്രചരിപ്പിക്കപ്പെട്ടതെങ്കിൽ അതുതന്നെ ഏററം വലിയ അത്ഭുതമാണ്. ആകയാൽ അതു ദൈവികമായിരിക്കണം."

ദൈവവെളിപാടിനെ അംഗീകരിക്കാത്തവനും യേശു ക്രിസ്തുവിൻെറ ദിവ്യത്വത്തെ നിഷേധിക്കുന്നവനുമായ ഒരു അവിശ്വാസിയുടെ മനഃസ്ഥിതിയെ നമുക്കവലംബിക്കാം. ക്രിസ്തുമതത്തിൻെറ ശോചനീയമായ ആ ശൈശവാവസ്ഥയെപ്പററി നമുക്കു പര്യാലോചിക്കാം. അതിനുള്ള മാഹാത്മ്യമൊന്നും അതിനില്ലെന്നു വിചാരിക്കാം. അതിൻെറ നിസ്തുല പ്രഭാവം നാം കാണുന്നില്ലെന്നു സങ്കല്പിക്കാം. ലോകത്തെ ഒന്നാകെ സംസ്കരിച്ച അതിൻെറ ഉൽകൃഷ്ടമായ ധാൎമ്മിക പദ്ധതിയെ നമുക്കു ഒരു നിമിഷത്തേക്കു വിസ്മരിക്കാം. അതിൻെറ അഭിമാനസ്തംഭങ്ങളായി പരിലസിക്കുന്ന പണ്ഡിതന്മാർ, വിശുദ്ധന്മാർ, കന്യകകൾ എന്നിവരിൽനിന്നു് അല്പനേരത്തേക്കു നമ്മുടെ ദൃഷ്ടിയെ തിരിക്കാം. ക്രൈസ്തവസഭ, രാജാക്കന്മാരുടെയും പ്രഭുക്കന്മാരുടെയും ശാസ്ത്രവിദഗ്ദ്ധന്മാരുടെയും രാജ്യതന്ത്രജ്ഞന്മാരുടെയും പ്രശംസക്കും ബഹുമാനത്തിനും പാത്രമായെന്നും അതു ശാസ്ത്രത്തേയും കലയേയും അഭിവൃദ്ധിപ്പെടുത്തുകയും രാജ്യങ്ങളേയും സമുദായങ്ങളേയും സംസ്കരിക്കുകയും ചെയ്തുവെന്നും ഉള്ള സംഗതിയും അല്പനേരത്തേക്കു നമ്മുടെ സ്മൃതിപഥത്തിൽനിന്നു മാററിക്കളയാം. ഒററവാക്കിൽ, ക്രൈസ്തവസഭയുടെ മാഹാത്മ്യങ്ങളും അതിനു സിദ്ധിച്ചിട്ടുള്ള വലിയ വിജയങ്ങളും അതിൻെറ ആസ്തിക്യം തന്നെയും നാം അറിയുന്നില്ലെന്നു വിചാരിക്കാം. കാൽവരി മലമുകളിൽ സ്ഥാപിക്കപ്പെട്ടിരിക്കുന്ന കുരിശുമാത്രം ശേഷിക്കുന്നു. ക്രിസ്തുവിൻെറ രക്തത്താൽ അഭിഷിക്തമായ ആ കുരിശു, ലോകദൃഷ്ടിയിൽ ഏററം നിന്ദ്യവും ഗൎഹണീയവുമായ ആ കുരിശു സാക്ഷാൽ ക്രിസ്തുമതത്തിൻെറ ബീജമാകുന്നു. കുരിശു ഒരു ഭാഗത്തും, ലജ്ജാവഹമായ ദുൎഗ്ഗുണങ്ങളും നികൃഷ്ടങ്ങളായ ആചാരങ്ങളുംകൊണ്ടു നിറഞ്ഞ

കാവ്യലോകം മറെറാരുഭാഗത്തും പ്രത്യക്ഷപ്പെടുന്നു. ആകമാനം ചിഞ്ഞഴിഞ്ഞു ദുർഗന്ധം വമിക്കുന്നതും തുണ്ടംതുണ്ടമായി മുറിഞ്ഞു വിഴുന്നതുമായ മൃതശരീരംപോലെയായിരുന്നു ഈ കാവ്യലോകത്തിൻെറ സ്ഥിതി. നിറൊ, ഹെലിയോഗാബല്ലസ് എന്നി ക്രൂര ചക്രവത്തികളുടെ ഭരണകാലത്തെപ്പററി ചിന്തിക്കുക. അന്നത്തെജനം ഈ നരാധമന്മാരെ തങ്ങളുടെ ദേവന്മാരായി ആരാധിച്ചിരുന്നു. മൃഗപ്രായന്മാരായ അവർക്ക് ആഹാരവും അതിനിഷ്ഠുരങ്ങളായ കാഴ്ചകളും മാത്രമേ അഭിലഷണീയങ്ങളായിരുന്നുള്ളു. നികൃഷ്ടമായ ഈ സ്ഥിതി അല്പകാലത്തേയ്ക്കു മാത്രം നിണ്ടുനിന്ന ഒന്നല്ല. ആകസ്മികമായി ഉത്ഭവിച്ച് അല്പകാലത്തിനുള്ളിൽ അപ്രത്യക്ഷമായ ഒരു സംഭവമായിരുന്നില്ല അതു്: പ്രത്യുത, രാഷ്ട്രീയനിയമങ്ങളാലും സാമുദായികാചാരങ്ങളാലും മതനിബന്ധനകളാലും സ്ഥാപിതവും, ദീർഘകാലത്തെ അനുഷ്ഠാനത്താൽ സ്ഥിരപ്രതിഷ്ഠിതവും ആയ ഒന്നായിരുന്നു. ഇത്ര നീചമായ അവസ്ഥയെ പ്രാപിച്ച ജനതയുടെ പക്കലേയ്ക്കു— വഷളത്തത്തിൽ ആണ്ടുകിടന്ന ലോകത്തിലേയ്ക്കു— അത്രെ ക്രിസ്തു തൻെറ ശിഷ്യന്മാരെ അയച്ചതു്. ഈ ജനതയെ പരിശുദ്ധവും പരിപാവനവുമായ ഒന്നാക്കിത്തീക്കുന്നതിന് അദ്ദേഹം അതിയായി ആഗ്രഹിച്ചു. ഒരു പുതിയലോകംതന്നെ രൂപവൽകരിക്കണമെന്നായിരുന്നു അവിടുത്തെ അഭിവാഞ്ഛ. നികൃഷ്ടരായ ആ ജനങ്ങളുടെ ഇടയിൽനിന്നു തിന്മയെ നിശ്ശേഷം ഉൻമൂലനംചെയ്തു ക്രിസ്തീയ പുണ്യപൂണ്ണതയെ തൽസ്ഥാനത്തു സംസ്ഥാപിക്കുന്നതിന് അദ്ദേഹം ശിഷ്യന്മാരെ നിയോഗിച്ചു. ആ ജനതതിയെ അവരുടെ ദുർഗ്ഗുണങ്ങളും ഭോഗേച്ഛയും വിഗ്രഹാരാധനയും എന്നുവേണ്ട അനപേക്ഷണീയമായവിധം അവരുടെ അനുദിന

ജീവിതത്തോട് അനുബന്ധിക്കപ്പെട്ടിരുന്ന സകല ദുരാചാരങ്ങളും പാടേ പരിത്യജിക്കുന്നതിനു് ഉപദേശിക്കുവാൻ ക്രിസ്തു സ്വശിഷ്യരോട് ആജ്ഞാപിച്ചു. ദുർവൃത്തരായ ജനങ്ങളുടെ ഹൃദയങ്ങളിൽ രൂഢമൂലങ്ങളായിരുന്ന ദുർഗ്ഗുണങ്ങൾ ചുവടേ പിഴുതു കളഞ്ഞു് അവയുടെ സ്ഥാനത്തു് അന്നുവരെ കേട്ടിട്ടുപോലുമില്ലാതിരുന്ന ക്രിസ്തീയ പുണ്യങ്ങളെ നട്ടുവളർത്തുന്നതിനു് അദ്ദേഹം ശിഷ്യന്മാരെ ചുമതലപ്പെടുത്തി. കാവ്യരുടെ തത്ത്വശാസ്ത്രവും ദൈവശാസ്ത്രവും പരിഷ്കരിക്കുന്നതിനും, ദേവന്മാരുടെയും ദേവതകളുടെയും ബിംബങ്ങളെ നശിപ്പിച്ചു ഗർഹണീയമായ വിഗ്രഹാരാധനയെ ഇല്ലാതാക്കുന്നതിനും ക്രിസ്തു അപ്പസ്തോലന്മാർക്കു് അനുജ്ഞ നൽകി. മനുഷ്യനായി അവതരിച്ച ദൈവത്തിൻെറ കുരിശുമരണം, മരിച്ചവരുടെ ഉയിർപ്പു, വി. കുർബാനയിൽ ക്രിസ്തുവിൻെറ യഥാർത്ഥസാന്നിദ്ധ്യം ഇത്യാദി വിസ്മയകരങ്ങളും അതിഗഹനങ്ങളുമായ രഹസ്യങ്ങളടങ്ങിയ ഒരു നവീന വിശ്വാസസംഹിതയെ അവർക്കു നൽകുന്നതിനു് അദ്ദേഹം ശിഷ്യരെ അധികാരപ്പെടുത്തി. ഈ സന്മാർഗ്ഗനിയമങ്ങളും വിശ്വാസസംഹിതയും ഒരു രാജ്യക്കാർക്കോ അല്പകാലത്തേക്കോ മാത്രമായിട്ടല്ല ക്രിസ്തു ഉദ്ദേശിച്ചതു്. പ്രത്യുത, അതു ലോകം മുഴുവനേയും ബാധിക്കണമെന്നും എല്ലാ കാലങ്ങളിലും നിലനിൽക്കണമെന്നുമായിരുന്നു അവിടുത്തെ ആഗ്രഹം. എന്നാൽ ഈ നിയമങ്ങളുടെ അനുഷ്ഠാനംകൊണ്ടു് എന്താണു് ആശിക്കുവാനുണ്ടായിരുന്നതു്? മരണാനന്തരം ആനന്ദപൂർണ്ണമായ ഒരു ജീവിതം. ഇതിനെന്തടിസ്ഥാനം? ദൈവപുത്രനെന്നു നടിക്കയും കുരിശിൽത്തൂങ്ങി മരിക്കയും ചെയ്ത ഒരു യഹൂദൻ നവീനമായ ഈ വിശ്വാസസംഹിതയെ വെളിപ്പെടുത്തി, സകലരും നിഷ്കർഷയോടുകൂടി അതനുസരിച്ചു പ്രവത്തിക്കണമെന്നു നിർദ്ദേശിച്ചു എന്നതുതന്നെ.

അഹൊ! ഇതെത്ര വിചിത്രം! ക്രിസ്ത്യേതരനായ ഒരുവന് ഇതിൽപ്പരം അവിശ്വസനീയവും അസംഭാവ്യവും അസാധ്യവും നിരത്ഥകവുമായി എന്താണുള്ളത്? ചിന്താശീലനും നിഷ്പക്ഷബുദ്ധിയും ആയ ആരെങ്കിലും ഇതെപ്പററി ഗാഢമായി ചിന്തിക്കട്ടെ. കേവലം നിന്ദ്യനായ ഒരു യഹൂദൻെറ വാക്കുകളിൽ ലോകം വിശ്വസിക്കയെന്നോ? ഒരിക്കലുമില്ല. ലോകരീത്യാ നോക്കുന്നതായാൽ അയാളുടെ പരിശ്രമങ്ങളെല്ലാം പരാജയത്തിൽ കലാശിക്കാനേ തരമുള്ളൂ. സുബുദ്ധിയുള്ള ഏവനും ഇതു തലകുലുക്കി സമ്മതിക്കതന്നെ ചെയ്യും. അധഃപതിച്ച മനുഷ്യവംശത്തെ സമുദ്ധരിക്കുന്നതിന് അശ്രാന്തം പരിശ്രമിച്ചിട്ടുള്ള ചുരുക്കം ചില മഹാന്മാർ ഇതിനു മുൻപു ലോകത്തിൽ ഉണ്ടായിട്ടുണ്ട്. എല്ലാവരുടെയും പ്രശംസയും അഭിനന്ദനവും അവർ സവിശേഷം അർഹിച്ചിട്ടുമുണ്ട്. എന്നാൽ അവരുടെ ഉദ്യമങ്ങളെല്ലാം നിഷ്ഫലമായി കലാശിച്ചതേയുള്ളൂ. അവരുടെ ഉദ്ദിഷ്ടകാര്യം ക്രിസ്തുവിൻേറതിനെ അപേക്ഷിച്ച ക്ഷിപ്രസാധ്യമായിരുന്നു. അവരുടെ പരിശ്രമങ്ങൾ സ്വരാജ്യത്തേയും അവർ ജീവിച്ചിരുന്ന കാലത്തേയും മാത്രം ലാക്കാക്കിയുള്ളവയായിരുന്നു. അവർ സ്വീകരിച്ച മാൎഗ്ഗങ്ങൾ ഉദ്ദിഷ്ടസിദ്ധിക്ക് ഏററം പൎയ്യാപ്തവുമായിരുന്നു. എന്നിട്ടും അവരുടെ പ്രയത്നങ്ങളെല്ലാം എപ്പോഴും പരാജയത്തിലാണു പൎയ്യവസാനിച്ചിട്ടുള്ളത്. എല്ലാകാലങ്ങളിലും എല്ലാ രാജ്യങ്ങളിലും ഉള്ള മനുഷ്യസമുദായത്തെ ഉദ്ധരിക്കുക എന്നതായിരുന്നു ക്രിസ്തുവിൻെറ ഉദ്ദേശം. "ആകയാൽ നിങ്ങൾപോയി എല്ലാ ജാതികളേയും പഠിപ്പിക്കുവിൻ......... ഇതാ ഞാൻ ലോകാവസാനംവരെ എല്ലാദിവസവും നിങ്ങളോടുകൂടിയുണ്ട്." (മത്താ., ൨൮, ൧൯-൨൦) അദ്ദേഹം ഉപയോഗിച്ച ഉപകരണങ്ങൾ കാൎയ്യസിദ്ധിക്ക് ഒട്ടും

പററിയവയായിരുന്നില്ല. എങ്കിലും ക്രിസ്തുവിനു സിദ്ധിച്ചതു പോലെ അത്ര മഹനീയമായ ഒരു വിജയം ലോകം ഇന്നുവരെ ദർശിച്ചിട്ടില്ല.

## II.

## ഉപകരണങ്ങളും പ്രതിബന്ധങ്ങളും.

### ൧. ക്രിസ്തു ഉപയോഗിച്ച ഉപകരണങ്ങൾ.

ക്രിസ്തു, തൻെറ മഹനീയമായ കൃത്യം നിർവ്വഹിക്കുന്നതിന് ഉപയോഗിച്ച ഉപകരണങ്ങളെപ്പററി ചിന്തിക്കുമ്പോൾ നാം വിസ്മയഭരിതരായിത്തീരുന്നു. ഇത്രവലിയ ഒരു സംരംഭം വിജയകരമായി പര്യവസാനിപ്പിക്കുന്നതിനു, ധനശക്തി, കീർത്തിധാവള്യം, ആഭിജാത്യം, വിദ്യാഭ്യാസം, ധീശക്തി, ലോകപരിചയം എന്നിവകൊണ്ടു സമുദായത്തിൽ നിലയും വിലയും സിദ്ധിച്ചിട്ടുള്ള മഹാന്മാരെയൊ, കീർത്തികേട്ട വാഗ്മികളെയൊ, ഭരണകുശലന്മാരായ രാഷ്ട്രീയനേതാക്കന്മാരെയൊ, പണ്ഡിതന്മാരായ തത്വജ്ഞാനികളെയൊ, ആയിരുന്നു തിരിഞ്ഞെടുക്കേണ്ടിയിരുന്നതെന്നു തോന്നിപ്പോകുന്നു. മഹാന്മാരുടെ ശിഷ്യരാവുകയെന്നതു് ഏവർക്കും അഭിമാനകരമാണു്. അജ്ഞന്മാരായ അദ്ധ്യാപകന്മാരെപ്പററി അവജ്ഞയാണു ലോകത്തിനു തോന്നുക. ക്രൈസ്തവമതത്തിൻെറ ഉപദേഷ്ടാക്കളും പ്രചാരകന്മാരും ആരായിരുന്നു? ഇത്ര ഉഗ്രമായ ഒരു ധർമ്മസമരത്തിനു ക്രിസ്തു നിയോഗിച്ച ആ യോദ്ധാക്കൾ എപ്രകാരമുള്ളവരായിരുന്നു? ദരിദ്രരും അക്ഷരജ്ഞാനമില്ലാത്തവരുമായ പന്ത്രണ്ടു മീൻപിടുത്തക്കാർ! പ്രകൃത്യാ തന്നെ ഭീരുക്കളും ദുർബലന്മാരുമായ പന്ത്രണ്ടു യഹൂദന്മാർ! കുറേ ദിവസങ്ങൾക്കു മുമ്പു, കേവലം ഒരു പരിചാരികയുടെ വാക്കുകൾ കേട്ടു ഭയവിഹ്വലനായി സ്വഗുരുവിനെ അപ

ലപിച്ച ഒരു ധർമ്മഭീരു അവരുടെ നേതാവ്! അവരുടെ അ പ്രസിദ്ധിയും അജ്ഞതയും ക്രിസ്തുമതത്തിൻെറ പ്രചാരത്തി ന്നു ലോകദൃഷ്ട്യാ വലിയ പ്രതിബന്ധങ്ങളായിരുന്നില്ലേ? ക്രി സ്തുവിൻെറ ധർമ്മഭടന്മാരുടെ സംഖ്യ എത്ര പരിമിതം! അവർ നിർവ്വഹിക്കേണ്ടിയിരുന്ന ജോലി എത്ര ദുഷ്കരം! അവർ എ തിരിടേണ്ടിയിരുന്ന ശത്രുക്കൾ എത്ര പ്രബലന്മാർ! ക്രിസ്തു അവർക്കു നൽകിയ ആയുധങ്ങൾ എത്ര ദുർബ്ബലങ്ങൾ! "ഇതാ, ചെന്നായ്ക്കളുടെ ഇടയിൽ ആട്ടിൻകുട്ടികളെപ്പോലെ നിങ്ങളെ ഞാൻ അയയ്ക്കുന്നു. നിങ്ങൾ പണസഞ്ചിയാക ട്ടെ, ഭാണ്ഡമാകട്ടെ, പാദരക്ഷയാകട്ടെ, കൊണ്ടുപോകരുത്; വഴിയിൽവച്ച് ആരെയും അഭിവാദ്യം ചെയ്യുകയും അരുത്." (ലൂക്കാ. ൧൦, ൩. ൪) "ആരെങ്കിലും നിങ്ങളെ സ്വീകരി ക്കാതെയും നിങ്ങളുടെ വചനങ്ങളെ ശ്രവിക്കാതെയുമിരു ന്നാൽ അവരുടെ വീട്ടിൽനിന്നൊ, നഗരത്തിൽനിന്നൊ നി ങ്ങൾ പുറപ്പെടുമ്പോൾ നിങ്ങളുടെ പാദങ്ങളിൽനിന്നു പൊടിതട്ടിക്കളയുവിൻ." (മത്തായി. ൧൦, ൧൪) "അവർ ഒരു നഗരത്തിൽ നിങ്ങളെ പീഡിപ്പിക്കുമ്പോൾ മറെറാന്നിലേ യ്ക്കു് ഓടിപ്പോകുവിൻ..........ശരീരത്തെ കൊല്ലുന്നവരും എ ന്നാൽ ആത്മാവിനെ കൊല്ലുവാൻ കഴിയാത്തവരുമായവരെ നിങ്ങൾ ഭയപ്പെടേണ്ട." (മത്തായി. ൧൦, ൨൩-൨൮) "എ ൻെറ നാമത്തെപ്രതി അവർ നിങ്ങളെ മർദ്ദിക്കുകയും, ന്യാ യസഭകളിലും കാരാഗൃഹങ്ങളിലും ഏല്പിച്ചുകൊണ്ടും രാജാ ക്കന്മാരുടെയും ഭരണാധികാരികളുടെയും മുൻപിലേയ്ക്കു് ആ നയിച്ചുകൊണ്ടും നിങ്ങളെ പീഡിപ്പിക്കുകയും ചെയ്യും......നി ങ്ങളിൽ ചിലരെ അവർ വധിക്കും; എൻെറ നാമത്തെ പ്ര തി നിങ്ങൾ എല്ലാവരാലും വെറുക്കപ്പെടുകയും ചെയ്യും." (ലൂക്കാ. ൨൧, ൧൨-൧൭) "എന്നാൽ ധൈര്യമുള്ളവരായിരിക്കു

വിൻ; എന്തുകൊണ്ടെന്നാൽ ഞാൻ ലോകത്തെ ജയിച്ചിരിക്കുന്നു." (യോഹ., ൧൬, ൩൩) ഈ പന്ത്രണ്ടു മീൻപിടുത്തക്കാർ തങ്ങളുടെ ദിവ്യഗുരുവിൻെറ ഉപദേശം അനുസരിച്ചു ലോകത്തെ ജയിക്കുന്നതിനായി പല രാജ്യങ്ങളിലും ചുററി സഞ്ചരിക്കുകയും കുരിശിൽത്തറയ്ക്കപ്പെട്ട ദൈവത്തെ പ്രസംഗിക്കുകയും ചെയ്തു. ക്രിസ്തുമതസ്ഥാപകൻ തൻെറ ജോലി നിർവഹിക്കുന്നതിന് ഏററം ദുർബലരും മനുഷ്യദൃഷ്ടിയിൽ കേവലം അപ്രാപ്തരും ആയവരെ ബുദ്ധിപൂർവ്വം തിരിഞ്ഞെടുത്തു എന്നതു നിർവിവാദമാണ്. സാമാന്യം ബുദ്ധിമാനായ ഒരുവൻ ഉപയോഗശൂന്യമെന്നു വിധിക്കുമായിരുന്ന ഉപകരണങ്ങളെത്തന്നെ അവിടുന്നു തിരിഞ്ഞെടുക്കയും, അവൻ പര്യാപ്തമെന്നു പരിഗണിക്കുമായിരുന്നവയെ പരിത്യജിക്കയും ചെയ്തതു് ഒരു പ്രത്യേകോദ്ദേശം കൂടാതെയല്ല. ലോകദൃഷ്ട്യാ ബുദ്ധിപൂർവ്വകമല്ലാത്ത ഈ പ്രവൃത്തിയെപ്പററി ഒരവിശ്വാസി എന്തു വിചാരിക്കും. പ്രകൃത്യതീതവും അത്ഭുതാവഹവുമായ യാതൊന്നും സ്വീകരിക്കാത്തതുകൊണ്ട് അവൻ സകല സംഭവങ്ങൾക്കും പ്രകൃതിയിൽത്തന്നെ കാരണം അന്വേഷിക്കേണ്ടിയിരിക്കുന്നു. എന്നാൽ സ്വാഭാവികമായ ഒരു വ്യാഖ്യാനത്തിന് ഇവിടെ ഒട്ടും പ്രസക്തിയില്ലെന്നു സുബുദ്ധിയുള്ള ഏവരും സമ്മതിക്കും. ക്രിസ്തുവിൻെറ പ്രേഷിതന്മാർ നയജ്ഞന്മാരൊ തത്വജ്ഞന്മാരൊ ആയിരുന്നില്ല. ലൗകികമായ യാതൊരു ആനുകൂല്യവും അവർക്കില്ലായിരുന്നു. മനുഷ്യരുടെ പ്രശംസയെ അർഹിക്കത്തക്കതായി യാതൊന്നും അവരിൽ ഉണ്ടായിരുന്നില്ല. നേരേമറിച്ച്, അവരുടെ കുലഹീനത്വം, അജ്ഞത, ഭീരുത്വം, എന്നിവയെല്ലാം അവരുടെ കാര്യസാദ്ധ്യത്തിന് അനിവാര്യങ്ങളായ പ്രതിബന്ധങ്ങളായിരുന്നു. മാത്രമല്ല, പീഡനങ്ങളും അപഹാ

സങ്ങളും കുരിശുകളുമല്ലാതെ മറെറാന്നും അവരുടെ ഗുരുനാഥൻ അവർക്കു വാഗ്ദാനം ചെയ്യുന്നില്ല. ആഡംബരരഹിതവും അതികർക്കശവും മനുഷ്യപ്രകൃതിക്കു നിരസപ്രദവും ആയ ഒരു ജീവിതരീതിയെ അവലംബിക്കുന്നതിന് അവിടുന്ന് അവരോടാവശ്യപ്പെടുന്നു. ചുരുക്കിപ്പറഞ്ഞാൽ അദ്ദേഹം അവർക്കു നൽകുന്ന ഉപദേശങ്ങളും, പ്രേഷിതവൃത്തിയിൽ അവർക്കു വാഗ്ദാനം ചെയ്യുന്ന ആനുകൂല്യങ്ങളും ലോകദൃഷ്ട്യാ ഒട്ടും ആശാജനകങ്ങളായിരുന്നില്ല. ഇന്നു്, തത്ത്വജ്ഞരെന്നും മതോപദേഷ്ടാക്കളെന്നും സ്വയം അഭിമാനിക്കുന്നവരിലാരെങ്കിലും ക്രിസ്തുവിൻെറ ഈ പ്രവൃത്തിയെ ഒന്നു അനുകരിച്ചുനോക്കട്ടെ. കടലോരത്തിൽക്കൂടെയൊ, നദീതീരങ്ങളിൽക്കൂടെയൊ സഞ്ചരിച്ചു്, അവിടെ കാണുന്ന മീൻപിടുത്തക്കാരിൽ പന്ത്രണ്ടുപേരെ അയാൾ തിരിഞ്ഞെടുക്കട്ടെ. വിശപ്പും, ദാഹവും, പീഡനങ്ങളും സഹിച്ചു നവീനമായ ഒരു മതം പ്രസംഗിച്ചു പരത്തുന്നതിന് അവരെ നിയോഗിച്ചയയ്ക്കട്ടെ. ഫലമെന്തായിരിക്കും? ഒരു പ്രാവശ്യം പരീക്ഷിക്കുന്നവൻ വീണ്ടും അതിനുതുനിയുകയില്ല; നിശ്ചയം.

## ൨. പ്രതിബന്ധങ്ങൾ.

അപ്പസ്തോലന്മാർക്കു നേരിട്ട പ്രതിബന്ധങ്ങൾ ഏവയായിരുന്നു? "നരകകവാടങ്ങൾ" അഥവാ നാരകീയ ശക്തികൾ. ശക്തിയിലും പ്രതാപത്തിലും, സകല ഭൗമിക രാജാക്കന്മാരെയും അതിശയിക്കുന്ന ഒരു ജേതാവിനെ, ഒരു രക്ഷകനെ, ഒരു മിശിഹായേയാണു യഹൂദന്മാർ പ്രതീക്ഷിച്ചിരുന്നതു്. അദ്ദേഹം ലോകൈകസമ്രാട്ടായി വാഴുമെന്നായിരുന്നു അവരുടെ വിചാരം. ആ സ്ഥിതിയ്ക്കു കാൽവരി മലമുകളിൽ കുരിശുമരണം അനുഭവിച്ച യേശു തന്നെയാണു" വാഗ്ദാനം ചെയ്യപ്പെട്ട മിശിഹായെന്നു അവർ എങ്ങനെ

വിശ്വസിക്കും? അവരുടെ ഭരണകർത്താക്കന്മാരും, സ്ക്രീബ
ന്മാരും, ഫരീസിയന്മാരും, വൈദികരും, അതിനിന്ദ്യമായ
ഒരു മരണത്തിനു ക്രിസ്തുവിനെ വിധിച്ചു. ആ ക്രിസ്തുവിൻെറ
മുമ്പിൽ സാഷ്ടാംഗപ്രണാമംചെയ്തു തങ്ങളുടെയും തങ്ങളുടെ
പിതാക്കന്മാരുടെയും ദൈവമായി എങ്ങനെ അദ്ദേഹത്തെ
അവർ അംഗീകരിക്കും? യഹൂദന്മാരുടെ സ്ഥിതി ഇപ്രകാര
മെങ്കിൽ പുറജാതിക്കാരുടെ കാൎയ്യം പറയേണ്ടതില്ലല്ലോ. അവ
രുടെ മതം ആകർഷണീയവും, മതനിബന്ധനകൾ, നിഷ്
പ്രയാസം അനുഷ്ഠിക്കാവുന്നവയുമായിരുന്നു. അവരുടെ
ഏററം ഹീനമായ പ്രവൃത്തികളെപ്പോലും ദേവന്മാരുടെ
ദുർമ്മാതൃക സാധൂകരിച്ചിരുന്നു. ഏതു ദുഷ്കൃത്യവും ദേവ
ന്മാരെ പ്രസാദിപ്പിക്കുന്നതിനു പൎയ്യാപ്തമാണെന്ന് അവർ
കരുതിപ്പോന്നു. അവരുടെ മതം പ്രാദേശികവും പരമ്പരാഗ
തവുമായ ഒന്നായിരുന്നു. സകല ജഡികസന്തോഷങ്ങളും
അതിൽ അവർ കണ്ടെത്തി. ഈ മതം ഉപേക്ഷിച്ചു, സങ്കട
ങ്ങൾ സഹിച്ചുകൊണ്ടുമാത്രം അനുഷ്ഠിക്കാവുന്ന ഒരു മതം
സ്വീകരിക്കുവാൻ അവർക്ക് എന്തുമാത്രം പ്രയാസംതോന്നും.
പ്രായശ്ചിത്തവും സ്വപരിത്യാഗവും ആവശ്യപ്പെടുന്ന ഒരു
മതത്തെ ആശ്ലേഷിക്കുന്നതിനായി അവരുടെ സന്തോഷാ
വഹങ്ങളായ ഉത്സവങ്ങളേയും ചിരപ്രതിഷ്ഠിതങ്ങളായ ആ
ചാരാനുഷ്ഠാനങ്ങളേയും അവർ എങ്ങനെ പരിത്യജിക്കും?
അവരുടെ അഭിമാനസ്തംഭങ്ങളായ വീരപുരുഷന്മാൎക്കു പകരം
ക്രൂശിതനായ ഒരു ഗലിലേയനെ അവർ ആരാധിക്കുമോ?
സകല ജാതികളും യഹൂദന്മാരെ വെറുത്തിരുന്നു. ഗലിലേയർ
ഇതര യഹൂദരുടെപോലും നിന്ദാവിഷയമായിരുന്നു. ഒരു
യഹൂദൻ! ഒരു ഗലിലേയൻ! ഈ പേരുതന്നെ സകലരുടേയും
നിന്ദയെ അർഹിക്കുന്ന ഒന്നാണ്. ഗലിലേയൻ എന്നു

മാത്രമോ! ക്രൂശിതനായ ഗലിലേയൻ! പന്ത്രണ്ടു മാതസികന്മാരാൽ പ്രസംഗിക്കപ്പെടുന്ന ഈ നവീനമതം അവലംബിക്കുകയാണെങ്കിൽ അവർ വിനീതബുദ്ധികളും സത്യസന്ധരും പരോപകാരതല്പരരും ആയി വർത്തിക്കേണ്ടിവരും; അന്യരുടെ കുററങ്ങളെ ക്ഷമിക്കുന്നതിനും ശത്രുക്കളെപ്പോലും സ്നേഹിക്കുന്നതിനും അവർ നിർബന്ധിതരാകും. അപഹാസങ്ങളെ സസന്തോഷം സ്വീകരിക്കുകയും, അശുദ്ധവിചാരങ്ങളാൽപ്പോലും ഹൃദയം കളങ്കിതമാകാതിരിക്കുന്നതിനു സൂക്ഷിക്കുകയും ചെയ്യേണ്ടിയിരുന്നു. ഈ പുതിയ മതത്തിൻെറ നിബന്ധനകളെ അനുഷ്ഠിക്കുന്നതിനു, വേണ്ടിവന്നാൽ സ്വജീവനെപ്പോലും ബലികഴിക്കുന്നതിനു് അവർ സർവദാ സന്നദ്ധരായിരിക്കേണ്ടതു് ആവശ്യമായിരുന്നു. ഈ വിഷമതകളെപ്പററി ചിന്തിക്കുന്നപക്ഷം അവ അനിവാര്യങ്ങളും അജയ്യങ്ങളുമാണെന്നു് ഏവർക്കും നിഷ്പ്രയാസം മനസ്സിലാവുന്നതാണ്. ക്രിസ്തുവിൻെറ പ്രേഷിതന്മാർ ഈ പ്രതിബന്ധങ്ങളെ എല്ലാം എപ്രകാരം ജയിച്ചുവെന്നു നമുക്കു വഴിയേ കാണാം.

## III.

## സമരവും വിജയവും.

ആദ്യ പന്തക്കുസ്താക്കുശേഷം നിരവധിജനങ്ങൾ ക്രൈസ്തവസഭയെ ആശ്ലേഷിക്കുന്നതു കണ്ടപ്പോൾ, ക്രിസ്തുവിൻെറ ശിഷ്യരെ കൊന്നൊടുക്കി അവിടത്തെ സഭയെ ശൈശവാവസ്ഥയിൽത്തന്നെ നാമാവശേഷമാക്കേണ്ടതെങ്ങനെയെന്നു് ആലോചിക്കുവാൻ യഹൂദാചാര്യന്മാർ ഒരു യോഗം കൂടി. ഗമാലിയേൽ എന്ന ഒരു നിയമപണ്ഡിതൻ സഭാമദ്ധ്യേ എഴുന്നേററുനിന്നു് ഇപ്രകാരം പറഞ്ഞു. "അല്ലയൊ ഇസ്രായേൽജനങ്ങളേ! നിങ്ങൾ ചെയ്യാനുദ്ദേശിക്കുന്നതെന്തെന്നു

നന്നായി ആലോചിക്കുവിൻ; എന്തുകൊണ്ടെന്നാൽ ഈ നാളുകൾക്കുമുമ്പ് എതാനുംപേർ ഉൽകർഷം പ്രാപിക്കയും വളരെപ്പേരെ തങ്ങളിലേയ്ക്കാകർഷിക്കയും ചെയ്തു. എന്നാൽ താമസംവിനാ അവർ നശിക്കയും, അവരുടെ അനുഗാമികൾ ചിതറിപ്പോകയും, അവരുടെ സംരംഭം നിഷ്ഫലമായിത്തീരുകയുംചെയ്തു. ആകയാൽ യേശുവിൻെറ ശിഷ്യർ പൊയ്ക്കൊള്ളട്ടെ. എന്തുകൊണ്ടെന്നാൽ ഈവേല മനുഷ്യൻേറതെങ്കിൽ താമസംവിനാ വിനാശം പ്രാപിക്കും. എന്നാൽ ദൈവത്തിൻേറതെങ്കിൽ അതിനെ ജയിക്കുന്നതിനു നിങ്ങൾക്കു സാധിക്കയുമില്ല. വിശിഷ്യ, നിങ്ങൾ ദൈവത്തോടുതന്നെ മല്ലിടുന്നവരായി പരിണമിക്കാതിരിപ്പാൻ സൂക്ഷിക്കുവിൻ." സഭ സവ്ത്ര പിഡിപ്പിക്കപ്പെട്ടുവെങ്കിലും ഗമാലിയേലിൻെറ വാക്കുകൾക്കനുസൃതമായി അതു ശത്രുക്കളോടു സധൈര്യം പോരാടി. സകല പ്രതിബന്ധങ്ങളും ജയിച്ച് അഭിനവമായ ഒരു ജീവ ചൈതന്യത്തോടെ പുരോഗമനം ചെയ്തു. റൂസോ (Jean Jacques Rousseau) സഭയുടെ സ്ഥാപനത്തെ ശ്രദ്ധേയമായ ഈ വാക്കുകളിൽ സംക്ഷേപിക്കുന്നു: "യേശുവിൻെറ മരണാനന്തരം സാധുക്കളായ പന്ത്രണ്ടു മീൻപിടുത്തക്കാർ, ലോകത്തെ പഠിപ്പിച്ചു മാനസാന്തരപ്പെടുത്തുക എന്ന മഹനിയ കൃത്യം കൈയേററു. അവരുടെ കൃത്യനിവ്വഹണപദ്ധതി കേവലം സാധാരണമായിരുന്നു. വിനയത്തോടും നിർവ്യാജ ഹൃദയത്തോടുംകൂടിയായിരുന്നു അവരുടെ പ്രസംഗം. അവരുടെ വിശ്വാസത്തെ സ്ഥിരീകരിക്കുന്നതിനു ചെയ്ത അത്ഭുതങ്ങളിൽവെച്ച് ഏററം വലിയതു് അവരുടെ ജീവിതപരിശുദ്ധിയായിരുന്നു. അവരുടെ ശിഷ്യരും ആദർശപരമായ ജീവിതം നയിക്കയും അത്ഭുതകരമായ വിജയം നേടുകയും ചെയ്തു. 'കാവ്യ' പുരോഹിതന്മാർ ഭയാകുലരായി; ഹോമബലികൾ നാൾക്കുനാൾ കുറഞ്ഞുവരുന്നതുകൊണ്ടു രാജ്യക്ഷേമം

ക്ഷയോൻമുഖമായിരിക്കുന്നുവെന്നു് അവർ ഭരണാധികാരികളോട്ട് ആവലാതിപറഞ്ഞു. വിനയത്തെ സർവ്വപ്രധാനമായി പ്രസംഗിക്കുന്ന മതത്തിൽ വലിയ ലാഭത്തിനൊന്നും വഴിയില്ലെന്നു മനസ്സിലാക്കിയ താത്വികന്മാർ, ഈ മതത്തെ ഭൂമുഖത്തുനിന്നും ഉൻമൂലനം ചെയ്യുന്നതിനു പുരോഹിതവൃന്ദത്തോടൊത്തു പ്രവൎത്തിച്ചു. ആക്ഷേപങ്ങളും അപവാദങ്ങളും മാരികണക്കെ സഭാശിശുവിൻെറമേൽ കോരിച്ചൊരിഞ്ഞു; അവൎണ്ണനീയങ്ങളായ വേദനകളും സമാരംഭിച്ചു. എന്നാൽ ഈ ഘോരമർദ്ദനങ്ങൾ സഭയെ ഉൻമൂലനംചെയ്യുന്നതിനുപകരം, അതിൻെറ ക്രമപ്രവൃദ്ധമായ പുരോഗതിയെ ത്വരിതമാക്കുകമാത്രമേ ചെയ്തുള്ളൂ. ക്രൈസ്തവലോകം പീഡകൾ സഹിച്ചുവെങ്കിൽ 'കാവ്യ'ലോകം ജ്ഞാനസ്നാനത്തിനു കീഴ്പ്പെട്ടു. ആദിമശതകങ്ങളിലേ സഭാചരിത്രം നിരന്തരമായ ഒരു അത്ഭുതം തന്നെ." ("Response au roi de Pologne," 1793, tome xiv., p. 262).

പന്ത്രണ്ടു മീൻപിടുത്തക്കാരുടെ വിജയം എത്ര ശീഘ്രവും പരിപൂൎണ്ണവുമായിരുന്നു! യഹൂദന്മാരുടെ നിവാസകേന്ദ്രമായ ജറുസലേം പട്ടണത്തിൻെറ മദ്ധ്യത്തിൽ വെച്ചുതന്നെ ആദ്യപെന്തക്കുസ്താദിവസം യഹൂദാചാര്യസഭയുമായുള്ള അവരുടെ സമരം സമാരബ്ധമായി. വി. പത്രോസ് അന്നുതന്നെ ഒററ പ്രസംഗത്താൽ മൂവ്വായിരംപേരെയും, ഏതാനും ദിവസങ്ങൾക്കുശേഷം അയ്യായിരംപേരെയും മാനസാന്തരപ്പെടുത്തി. എന്നാൽ ഈ നൂതനമതം അവലംബിച്ചവർ ലോകത്തിൻെറ നാനാഭാഗത്തുനിന്നും ദൈവാരാധനയ്ക്കായി ജറുസലേമിൽ എത്തിച്ചേൎന്ന വിദേശീയരായിരുന്നു. അതേ, സഭ ആരംഭത്തിൽത്തന്നെ കത്തോലിക്ക അഥവാ സൎവ്വാത്രികയായി പ്രത്യക്ഷപ്പെടുന്നു. അജ്ഞതയിൽ ആണ്ടുകിടന്നിരുന്ന സ്വദേശങ്ങളിലേയ്ക്കു് ഇവർ വിശ്വാസ

വെളിച്ചം കൊണ്ടുപോകയും അവിടങ്ങളിലെ പ്രേഷിതരാവുകയും ചെയ്തു ആചാര്യസംഘം കുറേനാളത്തെ പോരാട്ടത്തിനുശേഷം 'സ്ലീവാ' കൊടിക്കു കീഴടങ്ങുകതന്നെ ചെയ്തു. മിശിഹായുടെ മരണത്തെ ദർശിച്ച ജനതതിതന്നെ, പരിശുദ്ധസ്ഥലത്തിനു ഭവിച്ച പ്രലപനീയനാശത്തെയും, ബ്രഹ്മാണ്ഡമായ ദേവാലയത്തിന്റെ നഷ്ടശിഷ്ടങ്ങളെയും, ജറൂസലേം പട്ടണത്തിന്റെ വിനാശത്തേയും, യഹൂദജനതയുടെ ദിഗന്തങ്ങളിലേയ്ക്കുള്ള പലായനത്തേയും വീക്ഷിച്ചു.

ഇതിനു വളരെമുമ്പുതന്നെ, ലോകംമുഴുവൻ അടക്കിഭരിച്ചിരുന്നതും, ക്രിസ്തുവിന്റെ നിരായുധരായ അനുയായികൾക്കു് എതിരായി സർവ്വശക്തിയും പ്രയോഗിക്കുവാനിരുന്നതുമായ റോമാസാമ്രാജ്യത്തെ അപ്പസ്തോലന്മാർ കൈവശപ്പെടുത്തിക്കഴിഞ്ഞിരുന്നു. വളരെക്കാലത്തേയ്ക്കു ഭയങ്കരവും നിഷ്ഠുരവുമായ സമരം തുടർന്നുകൊണ്ടിരുന്നു. ധനവും ശക്തിയും, ജഡവും ഖഡ്ഗവും, അപഹാസവും പരദൂഷണവും എല്ലാം ഓരോന്നായി ഈ നൂതനമതത്തെ അടിപ്പെടുത്തുന്നതിനു നിരന്തരം പരിശ്രമിച്ചു. ഈ ഭയങ്കരസമരത്തിൽ അപ്പസ്തോലന്മാർ മരണം പ്രാപിച്ചു; എന്നാൽ ഒരിക്കലും അണയാത്തതായ ഒരു ദീപം അവർ കൊളുത്തിയിട്ടുണ്ടായിരുന്നു. രാജാക്കന്മാരും ലോകസമ്രാട്ടുകളും ക്രിസ്തുവിനു വിരുദ്ധമായി അവരുടെ സങ്കലിതശക്തി പ്രയോഗിച്ചതു വൃഥാവിലായി. ക്രൈസ്തവസഭയെ തദംഗങ്ങളുടെ രക്തത്തിന്റെ പ്രവാഹത്തിൽതന്നെ മുക്കിക്കൊല്ലുന്നതിനുള്ള അവരുടെ ശ്രമം വ്യർത്ഥമായി. വിശ്വാസവെളിച്ചം ഭൂമുഖത്തുനിന്നു നിഷ്കാസനം ചെയ്യുന്നതിനുള്ള അവരുടെ യത്നം വിഫലമായി. ആദിമവിശ്വാസികളെ ഭൂഗർഭാലയങ്ങളിൽ എന്നും വസിപ്പിക്കുവാൻ അവക്കു സാധിച്ചില്ല. ക്രിസ്തുമതം ഞെരുക്കങ്ങൾ പലതും ജയിച്ചു വിജയപതാക നാട്ടുകതന്നെ ചെയ്തു. ആദ്യത്തെ പെന്ത

ക്കസ്തു കഴിഞ്ഞു പത്തുകൊല്ലത്തിനുശേഷം പോന്തസ്, ഗലാസ്യാ, കപ്പദോച്ച്യാ, ഏഷ്യാ, ബിത്തിനിയാ എന്നീ വിവിധരാജ്യങ്ങളിൽ വസിച്ചിരുന്ന വിശ്വാസികൾക്കു വി. പത്രോസ് ഒരു ലേഖനം അയച്ചതിൽനിന്നും, ഇരുപത്തിനാലു കൊല്ലത്തിനുശേഷം "നിങ്ങളുടെ വിശ്വാസം ലോകമാസകലം പ്രസംഗിക്കപ്പെട്ടിരിക്കുന്നു"വെന്നു വി. പൗലോസു റോമാക്കാർക്ക് എഴുതിയതിൽനിന്നും സഭയുടെ ഈ വിജയം എത്ര ത്വരിതമായിരുന്നുവെന്നു് ഏറെക്കുറെ ഊഹ്യമാണു്. വി. പൗലോസിൻെറ മരണത്തിനു നാല്പതുകൊല്ലങ്ങൾക്കു ശേഷം, ക്രിസ്ത്യാനികളുടെ മതം രാജ്യാതിത്തിക്കുള്ളിലുള്ള സകല പട്ടണങ്ങളിലും ദ്വീപുകളിലും എന്നുവേണ്ട സർവ്വത്ര വ്യാപിച്ചിരിക്കുന്നുവെന്നു ട്രാജൻചക്രവത്തിക്ക് അദ്ദേഹത്തിൻെറ ഒരു ഉദ്യോഗസ്ഥൻ എഴുതത്തക്കവണ്ണം അത്ര വേഗത്തിലായിരുന്നു ക്രിസ്തുമതത്തിൻെറ പ്രചാരം. പിന്നെയും ഒരു നൂററാണ്ടിനുശേഷം തെർത്തുലിയൻ എഴുതുന്നു: "ഞങ്ങൾ ഇന്നലെമാത്രം ആവിർഭവിച്ചവരെങ്കിലും, നിങ്ങളുടെ നഗരങ്ങളും കൂടാരങ്ങളും സഭാമന്ദിരങ്ങളും പ്രാസാദങ്ങളും ഞങ്ങളെക്കൊണ്ടു നിറഞ്ഞിരിക്കുന്നു. ദേവന്മാരുടെ ക്ഷേത്രങ്ങൾമാത്രം നിങ്ങൾക്കായി വിട്ടുതന്നിരിക്കുന്നു. ഞങ്ങൾ ആകമാനം ഭൂരംഗത്തുനിന്നു മാറുകയെന്നുവച്ചാൽ ജനനിബിഡമായ സാമ്രാജ്യം കേവലം മരുഭൂമിക്കു സമമായിരിക്കും." ("Apology") തിവ്രമായ മതപീഡനം നിഷ്ഠുരമായി നടത്തിയിരുന്ന അക്കാലങ്ങളിൽ ക്രിസ്തുമതം അവലംബിക്കയെന്നതു മരണത്തിൻ 'കച്ചീട്ടു' വാങ്ങിക്കുന്നതിനു തുല്യമായിരുന്നു. വിശ്വാസത്തിനുവേണ്ടി അനേകം ക്രിസ്ത്യാനികൾ, സ്ത്രീപുരുഷവ്യത്യാസമെന്യേ ആബാലവൃദ്ധം ക്രൂരമൃഗങ്ങൾക്കും, അഗ്നികുണ്ഡത്തിനും ഇരയാകേണ്ടിയിരുന്നു. ഇവയെ

ല്ലാം അവധാനപൂർവ്വം ചിന്തിക്കുമ്പോൾ ദുർഗ്രഹമായ എ ന്തോ ഒരു തത്ത്വം ഇതിൽ അന്തർലീനമായിട്ടുണ്ടെന്നു സ മ്മതിക്കാതെ ഗത്യന്തരമില്ല.

## IV.

## ക്രിസ്തുമതത്തിൻെറ സുസ്ഥിരത.

പന്ത്രണ്ടു മീൻപിടുത്തക്കാർ ചെയ്ത വേലയുടെ സ്ഥിര മായ നിലനില്പാണ് എല്ലാ അത്ഭുതങ്ങളിലുംവെച്ച വലിയ അത്ഭുതം. ഒരിക്കൽ സ്ഥാപിതമായ സഭ പിന്നീടൊരിക്ക ലും നശിക്കാൻ പാടില്ല. "ഇതാ ലോകാവസാനംവരെ സ ദാ ഞാൻ നിങ്ങളോടുകൂടി ഉണ്ടായിരിക്കും" എന്നു പറഞ്ഞ ആ രക്ഷാനാഥൻ തന്നെ "ആകാശവും ഭൂമിയും കടന്നുപോ കും. എന്നാൽ എൻെറ വചനങ്ങൾ ഒരിക്കലും കടന്നുപോ കയില്ല" എന്നുകൂടി ഉറപ്പു പറഞ്ഞിട്ടുണ്ട്. സഭയ്ക്കു വിരുദ്ധ മായി മാനുഷികമൊ, പൈശാചികമൊ ആയ യാതൊരു ശ ക്തിയും പ്രബലപ്പെടുകയില്ലെന്നുള്ള നിത്യവാഗ്ദാനംകൂടെ അദ്ദേഹം ചെയ്തു. സാക്ഷാൽ ഈ സഭ പാറമേൽ സ്ഥാപി തമായ ഒരു പ്രാസാദം തന്നെ. "മഴപെയ്തു; വെള്ളംപൊങ്ങി; കാററുകൾ ഊതി; (ഇവയെല്ലാം) ആ ഭവനത്തിന്മേൽ ചെ ന്നടിച്ചു; എന്നിട്ടും അതു വീണില്ല. എന്തുകൊണ്ടെന്നാൽ അതു പാറമേൽ സ്ഥാപിതമായിരുന്നു." (മത്താ., ൭, ൨൫) ആ ദിമശതകത്തിലേ യൂദാസു മുതൽ ആധുനികകാലത്തെ 'പീലാ ത്തോസന്മാരും, ഹേറോദേസുമാരും' വരെയുള്ള സകല പാഷ ണ്ഡികളും സഭയുടെ അധഃപതനത്തെ അതിയായി അഭി വാഞ്ഛിക്കയും ആ അധഃപതനത്തിൻെറ ദിവസം അ ക്ഷമതയോടെ പ്രതീക്ഷിച്ചിരിക്കയും ചെയ്തുവന്നു. എന്നാൽ ആ ദിവസം ഇതുവരെ ഉദിച്ചില്ല; ഇനി ഉദിക്കയുമില്ല. പ്ലീനി (Pliny the Younger) ൧൧൨-ൽ റോമാചക്രവർത്തിയായ ട്രാ

ജന് ഇപ്രകാരമെഴുതി. "അധിക കാലത്തിനുമുമ്പു ക്രിസ്ത്യാനികൾ വിനാശം പ്രാപിക്കും; ക്രൂശിക്കപ്പെട്ട ഈ ദൈവത്തെപ്പററി മേലാൽ കേൾക്കയുമില്ല." ട്രാജനും പ്ലിനിയും അന്തരിച്ചു. എന്നാൽ ക്രൂശിതനായ ദൈവത്താൽ സ്ഥാപിതമായ സഭ ലോകം മുഴുവൻ വ്യാപിച്ചു സകല ജാതികളേയും അവളുടെ രക്ഷാകരമായ പതാകയ്ക്കു കീഴാക്കി. രണ്ടുനൂററാണ്ടുകൾക്കുശേഷം സഭയെ വേദസാക്ഷികളുടെ രക്തത്തിൽ മുക്കിക്കൊല്ലുന്നതിനു ഡയോക്ലീഷൻ ചക്രവത്തി ഉററു ശ്രമിച്ചു. ഈ കാരണത്താൽ അയാൾക്കു 'ക്രൈസ്തവസഭയുടെസംഹാരകൻ' എന്ന അപരനാമംപോലും ലഭിച്ചു. എന്നാൽ ഡയോക്ലീഷൻ ചരമമടഞ്ഞു. സഭയാകട്ടെ വിജയശ്രീയോടെ തഴച്ചു വളരുന്നു. മതത്യാഗിയായ ജൂലിയൻ ചക്രവത്തി 'ഗലിലേയൻെറ'മേലുള്ള തൻെറ വിജയം അത്യാസന്നമായിരിക്കുന്നുവെന്ന് അഹങ്കാരപൂർവ്വം ഉദ്ഘോഷിക്കയുണ്ടായി. എന്നാൽ 'ഗലിലേയൻ' ജൂലിയനുവേണ്ടി ഒരു ശവമഞ്ചം തയ്യാറാക്കുന്നുവെന്നു ഒരു താപസവര്യൻ പ്രവചിച്ചതുപോലെ ആ നീചമതത്യാഗി കഥാവശേഷനായി. 'ഗലിലേയനൊ' എന്നാൽ ലോകത്തിലേ സകല പരിഷ്കൃതവർഗ്ഗക്കാരാലും ആരാധിക്കപ്പെട്ടുപോരുന്നു. 'ക്രിസ്ത്യൻ സിസറൊ' എന്ന അപരനാമത്താൽ വിഖ്യാതനായ ലക്ത്താൻസിയൂസ് 'മതപീഡകന്മാരുടെ മരണം' എന്ന വിശിഷ്ട കൃതിയിൽ സഭയ്ക്കെതിരായി ചെയ്ത ശ്രമങ്ങളുടെ ദൗർബല്യത്തേയും, ഫലശൂന്യതയേയും പററി സവിശേഷം വിവരിച്ചിട്ടുണ്ട്. ക്രൂശിതനായ യേശു തൻെറ അനശ്വരമായ സഭയെ എപ്രകാരം നരകശത്രുവിൻെറ വിദ്വേഷത്തിൽ നിന്നു സംരക്ഷിക്കുന്നുവെന്നും, ശത്രുക്കളുടെ സംരംഭങ്ങളെ എപ്രകാരം ഛിന്നഭിന്നമാക്കുന്നുവെന്നും, തൻെറ ഹിതത്തിനു വിരുദ്ധ

മായി പ്രവൎത്തിക്കുന്നവരെ ഏതുവിധം മൺപാത്രം കണ
ക്കെ ശിഥിലമാക്കുന്നുവെന്നും ഈ ഗ്രന്ഥത്തിൽ നിന്നു ഗ്ര
ഹിക്കുവാൻ നമുക്കു കഴിയും. അഞ്ചാം ശതകത്തിൽ അററി
ലാ തുടങ്ങി മ്ലേച്ഛവൎഗ്ഗങ്ങളുടെ പല നേതാക്കന്മാരും
അവരുടെ അനുയായികളും സമ്പൽസമൃദ്ധമായിരുന്ന റോമാ
സാമ്രാജ്യത്തെ ഒന്നാകെ ആക്രമിക്കയും, സകല സ്ഥാപന
ങ്ങളേയും ഇടിച്ചു തകൎക്കുകയും, മഹാമാരി കണക്കെ രാജ്യ
ത്തെങ്ങും വ്യാപിക്കയുംചെയ്തു. അററിലായും അനുഗാമികളും
മരണമടഞ്ഞു. സഭയോ എന്നാൽ ചെന്നായ്ക്കൾക്കു തുല്യ
രായ മ്ലേച്ഛന്മാരെ ജ്ഞാനസ്നാനപ്പെടുത്തി സൌമ്യത
യുള്ള ആടുകളാക്കിത്തിൎക്കുകയും, അവരിൽ ദൈവസ്നേഹം
പരസ്നേഹം ഇത്യാദി പുണ്യങ്ങളുല്പാദിപ്പിച്ചു് ഇപ്പോഴത്തെ
യൈറോപ്യൻ ക്രിസ്തീയ ജനതയായി രൂപവൽക്കരിക്കയും
ചെയ്തു. പതിനേഴാം ശതകത്തിൽ കൊൺസ്തന്തിനോപ്പോ
ളിലെ പ്രബലസമ്രാട്ടായ മഹമ്മദ് ചതുൎത്ഥൻ, റോമയിലെ
ഭദ്രാസനപ്പള്ളിയായ വി. പത്രോസിന്റെ ദേവാലയത്തെ
തന്റെ കുതിരലായമാക്കുമെന്നു മുൻഗാമികളോടൊപ്പം ശപ
ഥംചെയ്തു. മൂന്നു ലക്ഷത്തോളം വരുന്ന വമ്പിച്ച ഒരു സൈ
ന്യത്തോടെ അയാൾ ഡാന്യൂബ് നദിയുടെ പരിസരപ്രദേ
ശങ്ങളെ ആക്രമിക്കയും, ക്രൈസ്തവസഭയെ നാമാവശേഷ
മാക്കുമെന്നു ഭീഷണി പറകയുംചെയ്തു. മഹമ്മദ് നാമാവശേ
ഷനായി. ക്രിസ്തീയ സഭയോ എന്നാൽ പത്തൊമ്പതു ശതാ
ബ്ദങ്ങളോളം ക്ലേശഭൂയിഷ്ഠമായ ജീവിതം നയിച്ചശേഷം നവ
ജീവനോടെ പുരോഗമനം ചെയ്യുന്നു. 'ക്രിസ്തുപരിഹാസ
കൻ' എന്നു സ്വയം അഭിധാനം ചെയ്തവനും പതിനെട്ടാം
ശതകത്തിലെ നിരീശ്വരപ്രമാണിയുമായ വോൾട്ടയർ ഒരി
ക്കൽ തന്റെ സ്നേഹിതനിപ്രകാരമെഴുതി. "പന്ത്രണ്ടു പേക്കു

ക്രിസ്തുമതം സ്ഥാപിക്കുവാൻ കഴിഞ്ഞുവെന്നു കേട്ടുകേട്ടു ഞാൻ മുഷിഞ്ഞു. അതിനെ ഉൻമൂലനം ചെയ്യാൻ ഏകൻ മതിയാകുമെന്നു ലോകത്തെ ഞാൻ ഗ്രഹിപ്പിക്കും. ഇരുപതു കൊല്ലത്തിനകം ഗലിലേയൻെറ സ്മരണപോലും ഇല്ലാതാകും." എന്നാൽ ഇരുപതു കൊല്ലത്തിനുശേഷം ഈ ദൈവദൂഷകൻ നിരാശാകൂപത്തിലാണ്ടു് അന്തരിക്കയാണുണ്ടായതു്. മരണവേളയിൽ, സഭ സ്വസന്താനങ്ങൾക്കു നൽകുന്ന ആശ്വാസപ്രദമായ അന്തിമപരിചരണവും മററു അനുഗ്രഹങ്ങളും ലഭിക്കുന്നതിനായി ഈ മതവിദ്വേഷി ഒരു വൈദികനെ ആവശ്യപ്പെട്ടെങ്കിലും വൈദികൻ അയാളെ സമീപിക്കുന്നതിനു അനുയായികൾ സമ്മതിച്ചില്ല. വോൾട്ടയർ മൃതനായി. ഗലിലേയൻെറ സ്മരണ ലോകത്തിൻെറ നാനാഭാഗത്തും കീർത്തിക്കപ്പെടുകയും, അദ്ദേഹത്തിൻെറ സഭ പുതിയ പോരാട്ടത്തിനു സദാ സന്നദ്ധയായിരിക്കയും ചെയ്യുന്നു. ക്രിസ്തുമതത്തിൻെറ ആധുനികശത്രുക്കൾക്കും അവരുടെ മുൻഗാമികൾക്കുണ്ടായ അനുഭവംതന്നെ ഉണ്ടാകും! സഭയുടെ ആദ്യകാലത്തെ പീഡകരേയും അധിക്ഷേപകരേയും അപേക്ഷിച്ചു് ഇവർ തിരെ അഗണ്യന്മാരാണു്. ഇക്കൂട്ടരുടെ വിഫലശ്രമങ്ങൾക്കും ശോച്യമായ മരണത്തിനും സഭ ദൃക്സാക്ഷിണിയായിരിക്കും. "ചുററികകളെയെല്ലാം പാടേ തകർത്തു കളഞ്ഞിട്ടുള്ള ഒരു അടകല്ലാണു്" സഭ എന്നു കാൽവിനിയൻ സഭാംഗമായ തെയോഡോർ ദെ ബെസ്സ് (Theodore de Beze) പറഞ്ഞിട്ടുള്ളതു് എത്ര വാസ്തവം! അനേകനൂററാണ്ടുകൾക്കു ശേഷവും അവളുടെ ജീവചൈതന്യം അണുമാത്രം കുറഞ്ഞിട്ടില്ല. അനുയായികളുടെ തുക പ്രതിവത്സരം ലക്ഷക്കണക്കിനു വർദ്ധിച്ചുകൊണ്ടിരിക്കുന്നു. വിവിധജാതികളുടെമേലും സമ്പ്രദായങ്ങളുടെമേലും അവൾക്കുള്ള അധികാരബലം അപരിമേയംതന്നെ. "നീ പത്രോസ് (പാറ) ആകുന്നു; ഈ പാറ

മേൽ എൻെറ സഭയെ ഞാൻ സ്ഥാപിക്കും, നരകവാതിലു കഠം അതിന് എതിരായി പ്രബലപ്പെടുകയില്ല." (മത്താ., ൧൬, ൧൮) എന്നു സിമോൻ പത്രോസിനോടു നമ്മുടെ ദിവ്യ രക്ഷകൻ പറഞ്ഞ വാക്കുകഠം അനപത്ഥങ്ങളായി ഭവിച്ചു. സഭയ്ക്കു വിരുദ്ധമായി ചെയ്ത സകല തന്ത്രങ്ങളും പോരാട്ട ങ്ങളും അവളെ ഉപയ്യുപരി ശക്തിപ്പെടുത്തുന്നതിനും, അ വഠം അജയ്യയാണെന്നു ശത്രുക്കളെക്കൊണ്ടുപോലും സമ്മതി പ്പിക്കുന്നതിനുംമാത്രമേ ഉപകരിച്ചുള്ളൂ. സുദീഘമായ അവളുടെ ജിവിതയാത്രയിൽ സാമ്രാജ്യങ്ങഠം സ്ഥാപിതങ്ങളാകുന്നതും, അവ ക്രമപ്രവൃദ്ധമായി പൂൎണ്ണത പ്രാപിക്കുന്നതും, എന്നാൽ അവിചാരിതമായി അന്തർധാനം ചെയ്യുന്നതും, രാജവംശ ങ്ങഠം ആവിർഭവിക്കുന്നതും നാശമടയുന്നതും, രാജാക്കന്മാർ സിംഹാസനങ്ങളിൽനിന്നു നിഷ്കാസിതരാകുന്നതും, രാജ മകുടം ശിഥിലീകൃതമാകുന്നതും എല്ലാം സഭ സംവീക്ഷിച്ചി ട്ടുണ്ട്. എന്നാൽ അവഠം ഇവയെല്ലാം അതിജീവിച്ച് ഇന്നും നവഭാസ്സോടെ ഭൂമുഖത്തു പ്രശോഭിക്കുന്നു. സവ്വരാജ്യക്കാക്കും തൻെറ ജീവചൈതന്യത്തെ പ്രദാനം ചെയ്യുന്നു..... അവ ളുടെ വരൻ ക്രിസ്തുവത്രെ. അവഠം ക്രിസ്തുവിൻെറ പത്നിയു മാണ്. നിർമ്മലയും, സുന്ദരിയും, ജരാനരകഠംക്ക് അധീന യല്ലാത്തവളും, യൗവ്വനയുക്തയും, ദിവ്യകന്യകയും, പ്രസന്ന വദനയുമായ വധൂവുമാകുന്നു അവഠം. സ്വൎഗ്ഗീയവരനെപ്പോ ലെ മുഠംമുടി ധരിച്ചുകൊണ്ടു സ്വഭാവാതീതമായ ക്ഷമയോടും സ്നേഹത്തോടുംകൂടെ അവഠം ലോകയാത്ര ചെയ്യുന്നു. അദ്ദേ ഹത്തെപ്പോലെ മരണത്തിനു വശഗമല്ലാത്തതും, മനോജ്ഞ വുമായ ഒരു ജീവനം അവഠംക്കുണ്ട്. അവളുടെ നെററിത്തട ത്തിൽ അമർത്ത്യത സുവൎണ്ണലിപികളിൽ ലേഖനം ചെയ്യ പ്പെട്ടിരിക്കുന്നു. ലോകം, പിശാചു, ശരീരം എന്നീ ശത്രുക്കഠം

എത്രതന്നെ മത്സരിച്ചാലും അവൾ ഈ വരം എന്നേക്കും അനുഭവിക്കും. വിശ്വാസത്തോടും സ്നേഹത്തോടുംകൂടെ തീൎത്ഥയാത്ര ചെയ്യുന്ന അവളുടെ നിത്യഗേഹം സ്വൎഗ്ഗലോകമാകുന്നു. നിർബാധം പ്രയാണം ചെയ്യുന്നതിന്ന് ഒരു വഴി മാത്രമേ അവൾ ആവശ്യപ്പെടുന്നുള്ളു. മനുഷ്യർ ഇതിനു സമ്മതിച്ചാലും ഇല്ലെങ്കിലും അവളുടെ സ്വൎഗ്ഗീയവരൻ അവൾക്കിതു സമ്പാദിച്ചു കൊടുക്കും. (Spalding, "Introduction to the History of the Church," by Darras).

## V.

## ക്രൈസ്തവലോകത്തിന്റെ സാക്ഷ്യം

കാൎയ്യം കാരണത്തെ അവശ്യം ആവശ്യപ്പെടുന്നു. വിസ്മയാവഹമായ വിശ്വഘടനയും പ്രകൃതിമനോഹരതയും സ്രഷ്ടാവിന്റെ അനന്തമഹിമയേയും പരമശക്തിയേയും അഗാധജ്ഞാനത്തേയുമല്ലയോ പ്രദ്യോതിപ്പിക്കുന്നതു്? എന്നാൽ പ്രാപഞ്ചികലോകത്തിൽനിന്നു അന്യവും; ആകാശഭ്രമണ്ഡലങ്ങളേക്കാൾ മനോഹരവുമായ ഒരു ലോകം സ്ഥിതിചെയ്യുന്നുണ്ടു്. അതു ക്രൈസ്തവലോകമല്ലാതെ മറെറാന്നുമല്ല. അതു ഭൂമുഖം ആസകലം വ്യാപിച്ചിരിക്കുന്നു. എല്ലാ യുഗങ്ങളുടെയും വിസ്മയവിഷയമായ പ്രബലസമുദായങ്ങൾകൊണ്ടും കീൎത്തിധാവള്യമുള്ള സ്മാരകസ്തംഭങ്ങൾകൊണ്ടും വിശ്വത്തെ അതു നിറച്ചിരിക്കുന്നു. അതിന്റെ സീമയിൽപ്പെടാത്ത രാജ്യമൊ ജാതിയൊ ഭാഷയൊ ഇല്ല. ഈ ക്രൈസ്തവലോകം കേവലം മനുഷ്യ സൃഷ്ടമോ? അല്ല; ഒരിക്കലുമല്ല. അതു ദൈവസൃഷ്ടമാകുന്നു. ചരിത്രഗ്രന്ഥത്തിന്റെ പക്ഷങ്ങളെ മറിച്ചു നോക്കുന്നെങ്കിൽ വിവിധങ്ങളായ മതങ്ങൾ ആവിർഭവിച്ചു കുറെ കാലത്തേയ്ക്കു് ഉത്തേജകങ്ങളായി വൎത്തിച്ചതിന്റെ

ശേഷം ഉദ്ധാര്യമല്ലാത്തവിധം വിനാശം പ്രാപിച്ചതായി കാണാം. അനേകശതകങ്ങളായി അഭിവൃദ്ധിയിലിരിക്കുന്ന മതങ്ങൾ പലതും പൗരസ്ത്യലോകത്തുണ്ടെന്നുള്ളതു വാസ്തവം തന്നെ. എന്നാൽ അധമങ്ങളായ വികാരങ്ങളെ പുലത്തുന്നവയാണിവ. അജ്ഞതയിലും അന്ധകാരത്തിലും ആണ്ടു കിടക്കുന്ന ജനതയുടെ ഇടയിൽ മാത്രമേ അവ പ്രചരിക്കുന്നുള്ളു. പരിഷ്കാരസൂര്യന്റെ കിരണകന്ദളങ്ങൾ ഭൂമുഖത്തു നിന്നു് അവയെ ഉച്ചാടനം ചെയ്യും. അവ കേവലം ദേശ്യമതങ്ങളാകുന്നു. വിവിധജനങ്ങളെ അടക്കിക്കൊള്ളുന്ന ഒരു സമുദായത്തെ സ്ഥാപിക്കയൊ, ബുദ്ധിക്കതീതമായ തത്ത്വസംഹിത നിർമ്മിക്കയൊ, ജഡികവികാരങ്ങൾക്കും ആശകൾക്കും വിരുദ്ധങ്ങളായ സന്മാർഗ്ഗനിയമങ്ങളെ നടപ്പിൽ വരുത്തുകയൊ ചെയ്കയെന്നതു പരിമിതമായ മനുഷ്യശക്തിയെ കവിഞ്ഞതുതന്നെ. ഇതു് ഒരു മനുഷ്യനെക്കൊണ്ടു സാധിക്കുമെന്നു വിചാരിക്കുന്നുവെങ്കിൽ അതു വെറും മൗഢ്യവും ദിവാസ്വപ്നവുമായിരിക്കും. എന്നാൽ ഒരു സമുദായസ്ഥാപകൻ പരമവും പരിപൂർണ്ണവുമായ അനുസരണം മാത്രമല്ല, ശ്രേഷ്ഠവും വിരോചിതവുമായ സ്നേഹംകൂടെ തന്റെ അനുയായികളിൽ നിന്നാവശ്യപ്പെടുന്നുവെന്നു വരുമ്പോൾ വിഷമം ശതഗുണീഭവിക്കുന്നു. എന്തുകൊണ്ടെന്നാൽ ജീവിതകാലത്തു പലരുടേയും സ്നേഹബഹുമാനങ്ങൾക്കു പാത്രമായിരുന്ന ഒരു വീരപുരുഷന്റെ സ്മരണപോലും മരണത്തോടെ നശിച്ചുപോകുന്നതായിട്ടാണു പ്രായേണ നാം കണ്ടുവരുന്നതു്.

ക്രൈസ്തവലോകത്തെ വീക്ഷിച്ചാലും. ക്രിസ്തു, അതിന്റെ ജീവനും ആത്മാവും, ആദ്യവും അവസാനവുമാകുന്നു. നിർമ്മലങ്ങളായ അനേകം മനുഷ്യഹൃദയങ്ങൾ മരണത്തെക്കാൾ ബലവത്തരവും അഭേദ്യവുമായ സ്നേഹപാശത്താൽ

അദ്ദേഹത്തോടു ബന്ധിക്കപ്പെട്ടിരിക്കുന്നു. അദ്ദേഹം അവരുടെ ശക്തിയും, ജീവനും, ശരണവും, സ്നേഹവും, പിതാവും, ദൈവവുമാകുന്നു. പ്രകൃതിക്കു ചിന്താശക്തിയുണ്ടായിരുന്നെങ്കിൽ അതിന്റെ സ്വരമുയർത്തി "നമ്മെ സൃഷ്ടിച്ചതു ദൈവമാണ്; നാം അല്ല" (സങ്കി., ൯൯) എന്നു വിളിച്ചു പറയുമായിരുന്നു. ഇതുപോലെ "നാം താനേയുണ്ടായവരല്ല; യേശുക്രിസ്തുവാണു നമ്മെ സൃഷ്ടിച്ചതു്. ദൈവപുത്രനായ യേശുക്രിസ്തുവിൽ ഞങ്ങൾ വിശ്വസിക്കുന്നു" എന്നു് അസംഖ്യം ജനങ്ങൾ പ്രതിദിനം ഉദ്ഘോഷിക്കുന്നു. മ്ശിഹായുടെ ദിവ്യത്വം സ്ഥാപിക്കുന്നതിനായി മററു തെളിവുകളെ മുറുകെപ്പിടിക്കുന്ന 'ക്രിസ്തുമത വ്യപദേഷ്ടാക്കൾ' (Apologists) ക്രൈസ്തവ ലോകത്തിന്റെ പൊതുവായ ഈ സമ്മതത്തെക്കുറിച്ചു മൗനം അവലംബിക്കുന്നതിന്റെ കാരണമെന്തെന്നു മനസ്സിലാവുന്നില്ല. എങ്ങനെയും, അവരുടെ ഈ മൗനം ഒട്ടും അഭിലഷണീയമല്ല. ഇതിൽ കൂടുതൽ വിശദവും, സുഗ്രഹവും സർവ്വസമ്മതാർഹവുമായ ഒരു തെളിവു മറേറതാണുള്ളതു്?

ക്രൈസ്തവസമുദായത്തിലുള്ളതുപോലെ ഇമ്മാത്രം ബുദ്ധിമാന്മാരും തത്വകോവിദരും, പണ്ഡിതാഗ്രേസരന്മാരും മററു യാതൊരു സമുദായത്തിലും ഇല്ല. കേവലം കണ്ണും പൂട്ടി എന്തും വിശ്വസിക്കുന്ന അന്ധന്മാരല്ല, പ്രത്യുത സത്യാന്വേഷികളും നിരീക്ഷണപടുക്കളുമായ മഹാന്മാരത്രെ ഇവർ. എല്ലാം നിരൂപണം ചെയ്താണു് ഇവർ പഠനം നടത്തുന്നതു്. ഭൂതകാലരേഖകളെ ഇവർ നിഷ്കർഷം പരിശോധിക്കുന്നു; കാലഘട്ടങ്ങളെ സൂക്ഷ്മമായി നിർണ്ണയിക്കുന്നു; ജ്ഞാനോൽപത്തികളെ നിരൂപണം ചെയ്യുന്നു; പ്രകൃതിരഹസ്യങ്ങളെ നിരീക്ഷണം ചെയ്യുന്നു. ലോകത്തിലുള്ള പ്ര

ധാന കലാലയങ്ങളിലേ ഉത്തുംഗസ്ഥാനങ്ങൾ അവർ സവിശേഷം അലങ്കരിക്കുന്നു. അവർ എക്കാലത്തും തിരുസ്സഭയിലുണ്ടായിരുന്നു. ഏതു സ്ഥലത്തും അവരെ കാണാമായിരുന്നു. ഇരുപതു ശതകങ്ങളോളം അവർ വിജ്ഞാനലോകത്തെ പ്രകാശിപ്പിച്ചുകൊണ്ടിരുന്നു. മനുഷ്യജ്ഞാനത്തിന്റെ അറുതിവരെ എത്തിയ ഈ മഹാന്മാർ--നിത്യസ്മരണാർഹരായ ഈ ക്രിസ്തീയവിദ്വാന്മാർ—സത്യത്തിന്റെ അപ്രതിരോദ്ധ്യമായ ശക്തിയാണു മതവിശ്വാസത്തിനു തങ്ങളെ പ്രേരിപ്പിച്ചതെന്നു പരസ്യമായി പ്രസ്താവിച്ചിരിക്കുന്നു.

ക്രൈസ്തവലോകത്തിന്റെ സമ്മതി നിർവ്യാജവും യഥാർത്ഥവുമാണ്. സത്യത്തിന് അവശ്യം വേണ്ടതായ ആർജ്ജവം, നിഷ്കാപട്യം, പൂർണ്ണത, സാരള്യം എന്നീഗുണങ്ങൾ ഇതിൽ ധാരാളമുണ്ട്. ക്രൈസ്തവലോകത്തിലെപ്പോലെ ഇത്ര ഉത്തമങ്ങളായ ആദർശങ്ങളും ഉൽകൃഷ്ടങ്ങളായ അഭിലാഷങ്ങളും, സത്യത്തോടും നീതിയോടുമുള്ള ആദരവും വേറെ എവിടെയാണുള്ളത്? സഭയാകുന്ന പുഷ്പവാടിയിൽ പരിലസിക്കുന്ന പുണ്യാത്മാക്കളായ അസംഖ്യം മനോഹരകുസുമങ്ങളെപ്പററി അല്പമൊന്നു ചിന്തിച്ചാലും. ദൈവസ്നേഹവും പരസ്നേഹവും ഒരു വിധത്തിൽ മനുഷ്യശക്തിക്കതീതമായ രീതിയിൽ പ്രദർശിപ്പിച്ച അനേകപുണ്യശ്ലോകരെപ്പററിയും കുറഞ്ഞൊന്നു ചിന്തിച്ചാലും. സത്യസന്ധനായ ഒരുവന്റെ സാക്ഷ്യം വിശ്വസനീയമെങ്കിൽ, പുണ്യത്താൽ സർവ്വദാ അലംകൃതനായ ഒരു വിശുദ്ധന്റെ സാക്ഷ്യം എത്രകണ്ടു വിശ്വസനീയമായിരിക്കണം. ഇങ്ങനെയെങ്കിൽ സകല വിശുദ്ധന്മാരും വേദസാക്ഷികളും എന്നല്ല, ക്രൈസ്തവലോകം മുഴുവനും "ദൈവമായ യേശുക്രിസ്തുവിൽ ഞാൻ വിശ്വസിക്കുന്നു." എന്ന് ഏററു പറയുന്നതിനേക്കുറിച്ചു നാം എന്താണു പറയുക?

ഈ വിശ്വാസപ്രഖ്യാപനം സകല വിധത്തിലും നിർവ്യാജമായ ഒന്നാണ്. മാനുഷികമായ വല്ല ഉദ്ദേശ്യത്തിൽനിന്നോ, അഥവാ സ്വാത്മതല്പരതയിൽനിന്നോ ഉൽപന്നമായതല്ല. ക്രൈസ്തവനഭോമണ്ഡലത്തിൽ തിളങ്ങി പ്രകാശിക്കുന്ന വീരാത്മാക്കളെ വീക്ഷിച്ചാലും. അധഃകൃതരേയും സമുദായഭ്രഷ്ടരേയും ഉദ്ധരിക്കുന്നതിനായി നാട്ടും വീടുമുപേക്ഷിച്ചു പുറപ്പെടുന്ന പ്രേഷിതവര്യരേയും, അനാഥരേയും അഗതികളേയും തിററിപോററിരക്ഷിക്കുന്നതിനായി സകല ലൗകികസന്തോഷങ്ങൾക്കും പൂർണ്ണവിരാമമിട്ട പ്രേഷിതലോകത്തേക്കു ത്വരിതഗമനം ചെയ്യുന്ന യൗവനയുക്തകളായ നിരവധി കന്യകാമണികളേയും, അവർണ്ണനീയങ്ങളായ പീഡനങ്ങൾ സഹിച്ചു മതത്തിനുവേണ്ടി പ്രാണത്യാഗം ചെയ്യുന്ന അനവധി വേദസാക്ഷികളേയും, സ്വപരിത്യാഗവും ഇന്ദ്രിയനിഗ്രഹവും തപഃക്രിയകളും നിറഞ്ഞ ജീവിതം നയിക്കുന്നതിനായി തങ്ങൾക്കുണ്ടായിരുന്ന സകല സമ്പാദ്യങ്ങളും വിററു സാധുക്കൾക്കു വിതരണം ചെയ്തശേഷം ആശ്രമാന്തർഭാഗങ്ങളിൽ അഭയം പ്രാപിക്കുന്ന അസംഖ്യം സന്ന്യാസിനീസന്ന്യാസികളേയുംപററി അവധാനപൂർവ്വം ചിന്തിച്ചാലും. പാവനമായ അവരുടെ വിശ്വാസത്താൽ എന്തു നന്മയാണ് ഈ പ്രപഞ്ചത്തിൽ അവർക്കു കിട്ടുമെന്നാശിപ്പാനുള്ളത്? പരാഭവവും, പീഡയും, ദുരിതവുംമാത്രം. "ദൈവപുത്രനായ യേശുക്രിസ്തുവിൽ ഞങ്ങൾ വിശ്വസിക്കുന്നു" എന്നുള്ള അവരുടെ ആ ഐകസ്വരം എത്ര ഹൃദയാവർജ്ജകമാണ്! വിശ്വാസംമാത്രമാണ് അവരുടെ വീരപരാക്രമങ്ങളുടേയും പുണ്യാഭിവൃദ്ധിയുടേയും ഉൽപത്തിസ്ഥാനമെന്നുള്ള വസ്തുത ഒരിക്കലും വിസ്മരിക്കാവുന്നതല്ല.

അവസാനമായി, ക്രൈസ്തവലോകത്തിൻെറ ഈ സമ്മതം സാർവ്വത്രികമാണ്. ഒരു വർഗ്ഗത്തെയോ ഒരു കാലഘട്ട

ത്തെയോ മാത്രം സംബന്ധിക്കുന്നതല്ല ഇതു്. എല്ലാ വർഗ്ഗങ്ങളേയും എല്ലാ കാലങ്ങളേയും ഒന്നുപോലെ ഇതു സ്പർശിക്കുന്നു. എവിടെയും എക്കാലത്തും മ്ശിഹായുടെ ദിവ്യത്വത്തെ പ്രഖ്യാപനം ചെയ്യുന്ന സ്വരം കേൾക്കാം. ദൈവത്തിനുമാത്രം ചെയ്യപ്പെടാവുന്ന പരമാരാധന മനുഷ്യപുത്രനു സർവ്വദാ സർവ്വത്ര നൽകപ്പെടുന്നു. ബ്രഹ്മാണ്ഡങ്ങളും മനോഹരങ്ങളുമായ ദൈവാലയങ്ങൾ, ഭക്തിരസം വഴിഞ്ഞൊഴുകുന്ന ആരാധനക്രമങ്ങൾ, പൂജകൾ, അപേക്ഷകൾ, അഭ്യർത്ഥനങ്ങൾ, കുരിശുരൂപങ്ങൾ ഇവയെല്ലാം അനിഷേധ്യമായ ഐകസ്വരത്തിൽ 'ദൈവപുത്രനായ ക്രിസ്തുവിൽ ഞാൻ വിശ്വസിക്കുന്നു' എന്നല്ലയോ ഉച്ചൈസ്തരം വിളിച്ചറിയിക്കുന്നതു്?

മതവിദ്വേഷികളേ, നിങ്ങൾ നിവസിക്കുന്ന ഭൂമി അതിന്റെ അച്ചുതണ്ടിൽ അനുദിനം ചുററിക്കൊണ്ടിരിക്കുന്നുവെന്നു് അനുഭവത്തിനു വിരോധമായി നിങ്ങൾ വിശ്വസിക്കുന്നു. ആകാശമണ്ഡലത്തിൽ മിന്നിത്തിളങ്ങുന്ന അതിസൂക്ഷ്മങ്ങളായ നക്ഷത്രങ്ങൾ മഹാ ഗോളങ്ങളെന്നു നിങ്ങൾ വിശ്വസിക്കുന്നു. ചരിത്രം സാക്ഷിക്കുന്ന സകല ഭൂതകാലസംഭവങ്ങളും നിങ്ങൾ കണ്ണുംപൂട്ടി വിശ്വസിക്കുന്നു. നിങ്ങൾ ദർശിക്കാത്തതും വിദൂരസ്ഥങ്ങളുമായ രാജ്യങ്ങളുടെയും പട്ടണങ്ങളുടെയും ആസ്തിക്യത്തെ നിങ്ങൾ വിശ്വസിക്കുന്നു. ഇങ്ങനെയെങ്കിൽ ഏററം വിശ്വസനീയമായ ക്രൈസ്തവലോകത്തിന്റെ സാക്ഷ്യത്തെ എന്തുകൊണ്ടു നിങ്ങൾ വിശ്വസിക്കുന്നില്ല?

## അദ്ധ്യായം ൨.

### ക്രിസ്തുമതവും ലോകാഭിവൃദ്ധിയും.

---

### I

### ലോകത്തിലെ സാന്മാൎഗ്ഗികാഭിവൃദ്ധി.

ക്രിസ്തുമതം ധാൎമ്മികപദ്ധതിയിൽ വരുത്തിക്കൂട്ടിയ പരിവൎത്തനം ശരിയായി മനസ്സിലാക്കുന്നതിനു ക്രിസ്തുവിൻെറ ആഗമനത്തിനു മുമ്പുള്ള ലോകസ്ഥിതിയുടെ ഒരു സാമാന്യജ്ഞാനം ഏററം ഉപകരിക്കുന്നതാണ്. സത്യദൈവത്തെക്കുറിച്ചുള്ള ശരിയായ ജ്ഞാനം മനുഷ്യൎക്കു നഷ്ടീഭവിച്ചിരുന്നു. ചില സ്ഥലങ്ങളിൽ, കല്ലും മരവും കൊണ്ടുള്ള വിഗ്രഹങ്ങൾ ദൈവമായി ആരാധിക്കപ്പെട്ടു. മററു ചില സ്ഥലങ്ങളിൽ സൂൎയ്യചന്ദ്രനക്ഷത്രാദിഗോളങ്ങൾക്കു പരമാരാധനം നൽകി. എന്നാൽ വേറെ ചില രാജ്യങ്ങളിൽ ഭയങ്കരങ്ങളും വിലക്ഷണങ്ങളുമായ മൃഗങ്ങൾക്കു ദിവ്യത്വം കല്പിച്ചു. ഇനിയും ചില ദേശങ്ങളിൽ കേവലം സങ്കല്പസൃഷ്ടികളായ വീരന്മാരേയും ആരാധിച്ചുപോന്നു. ഈദൃശവീരന്മാർ ഓരോ തിന്മയുടെ മൂൎത്തികളായിരുന്നതുകൊണ്ടു് അവരുടെ ദുഷ്കൃത്യങ്ങളെല്ലാം പുണ്യപ്രവൃത്തികളായിട്ടാണു ലോകം എണ്ണിപ്പോന്നതു്. ഇന്ദ്രജാലം, മന്ത്രവിദ്യ, ശകുനം, മൃതസംസൎഗ്ഗം,

സ്വപ്നസൂത്രം ആദിയായ മൂഢാചാരങ്ങൾകൊണ്ടു കാവ്യമതാനുഷ്ഠാനപദ്ധതികൾ സങ്കരങ്ങളായിരുന്നു. മാത്രമല്ല, ഇവയെല്ലാം അപവിത്രമായ അന്നത്തെ ആരാധനക്രമത്തിൻെറ അവശ്യഭാഗങ്ങളുമായിരുന്നു. ഗർവ്വിഷ്ഠരായ റോമാക്കാർ, നിയമനിർമ്മാതാക്കളൊ, നീതിനിപുണന്മാരൊ, സേനാധിപതികളൊ, ഭരണധുരന്ധരന്മാരൊ ആരുതന്നെയായിരുന്നാലും പ്രസ്തുത മൂഢാചാരങ്ങളിൽ പലതിനും പല വിധത്തിൽ വിധേയരായിരുന്നു. യുദ്ധകാലങ്ങളിൽ ഇവർ പക്ഷികളെ കൂടുകളിലാക്കി രണാങ്കണത്തിലേയ്ക്കു ശകുനപരിക്ഷണത്തിനായി കൊണ്ടുപോക പതിവായിരുന്നു. സമരം സമാരബ്ധമാകുന്നതിനുമുമ്പു പ്രധാന സേനാധിപൻ ഭൂമിയിൽ ധാന്യം വിതറിയശേഷം അവയെ കൂടു തുറന്നു വിടുന്നു. ഉടനെ അവ അത്യാത്തിയോടെ ധാന്യം ഭക്ഷിക്കുന്നതിനടുക്കുന്നെങ്കിൽ അതു ശുഭലക്ഷണമായി കരുതിപ്പോന്നു. എന്നാൽ അടുക്കുന്നില്ലെങ്കിൽ അതു ദുശ്ശകുനമായി ഗണിക്കയും യുദ്ധത്തിൽ നിന്നൊഴിയുന്നതിന് ഉപായം ആലോചിക്കയും ചെയ്തിരുന്നു. ഇവ്വിധം, അസംഖ്യം മനുഷ്യരുടെ ആയുസ്സും മരണവും ലജ്ജാവഹമായ ഈ മൂഢാചാരങ്ങളെയാണ് അവലംബിച്ചിരുന്നതു് (Darras, "Histoire de l'Eglise," vi. epoque).

ഇനി കുടുംബജീവിതം പരിശോധിക്കാം. ഗൃഹനായകൻ അവിടെ ഒരു സ്വേച്ഛാപ്രഭുവായി പ്രത്യക്ഷപ്പെടുന്നു. കുടുംബങ്ങൾക്ക് അവൻെറ അനിയന്ത്രിതമായ ചാപല്യത്തിനു് അധീനപ്പെടാതെ ഗത്യന്തരമുണ്ടായിരുന്നില്ല. അവൻ അവൻെറ ഭാര്യയെ യഥേഷ്ടം പ്രഹരിക്കയൊ അപമാനിക്കയൊ പരിത്യജിക്കയൊ വില്ക്കുകയൊ ചെയ്തിരുന്നു. വൈകല്യത്തോടെ പിറക്കുന്ന ശിശുക്കളെ പിതാക്കന്മാർ തന്നെ കൊന്നുകളയും. ലാസ്ഡെമോൺ (Lacedemon) പട്ടണ

ത്തിൽ, അംഗവികലരായിട്ടൊ ശക്തിവിഹീനരായിട്ടൊ ജനിക്കുന്ന നിസ്സഹായരായ ശിശുക്കളെയെല്ലാം കുഴിയിൽ എറിഞ്ഞുകളയണമെന്നായിരുന്നു ഗവമ്മെൻറധികാരികളുടെ കല്പന. അവരെ വളർത്തുവാൻ ആർക്കും അനുവാദമുണ്ടായിരുന്നില്ല. അംഗവൈകല്യമൊന്നുമില്ലാത്തവരാണെങ്കിൽത്തന്നെയും സമുദായത്തിനു് ആവശ്യമില്ലെങ്കിൽ അവരെയും വില്ക്കുകയൊ കൊല്ലുകയൊ ചെയ്തിരുന്നു. അടിമവ്യാപാരം സർവ്വസാധാരണമായിരുന്നു. ഭാരം വഹിക്കുന്ന മൃഗങ്ങളുടെ സ്ഥാനമാണു് അടിമകൾക്കുണ്ടായിരുന്നതു്. അടിമയുടെ ജീവൻ അവൻെറ യജമാനൻെറ കരങ്ങളിലായിരുന്നു. അഗസ്റ്റസ്സ് ചക്രവത്തി ഒരിക്കൽ ആറായിരം അടിമകളെ നിഷ്കരുണം നിഗ്രഹിച്ചുകളഞ്ഞു. വേറൊരവസരത്തിൽ അനുമതികൂടാതെ ഒരു ചെറിയ പക്ഷിയെ കൊന്നു ഭക്ഷിച്ചതിനു ശിക്ഷയായി ഒരടിമയെ കുരിശിൽ തറയ്ക്കുന്നതിനു് ഈ മനുഷ്യാധമൻ കല്പിച്ചുവത്രെ. ഒരു വിശേഷപാത്രം സൂക്ഷക്കുറവിനാൽ പൊട്ടിച്ചതിനു ശിക്ഷയായി വെഡിയുസ് പോളിയൻ എന്നദേഹം ഒരടിമയെ കാട്ടുമൃഗങ്ങൾക്കെറിഞ്ഞുകൊടുത്തു. അടിമകളിൽ വല്ലവരും കൃഷിവേലകൾ ചെയ്തിരുന്നെങ്കിൽ അവരെ ചങ്ങലകൊണ്ടു ബന്ധിച്ചു പട്ടിണിയിട്ടിരുന്നു. യജമാനൻ ശത്രുക്കളാൽ നിഗ്രഹിക്കപ്പെട്ടുവന്നെങ്കിൽ അയാളോടൊപ്പം അവൻെറ അധീനതയിലുണ്ടായിരുന്ന ദാസവർഗ്ഗം മുഴുവനും മരിക്കേണ്ടിയിരുന്നു. റോമാസാമ്രാജ്യാതിർത്തിയിൽ ആകപ്പാടെ ഉണ്ടായിരുന്ന അടിമകളുടെ എണ്ണം പന്ത്രണ്ടുകോടിയായിരുന്നപ്പോൾ യജമാനന്മാരുടെ തുക അറുപതു ലക്ഷം മാത്രമായിരുന്നു. റോമ്മാ, ആതൻസ്, സ്പാർട്ടാ എന്നീ പരിഷ്കൃതനഗരികളിൽപ്പോലും ഓരോ ഉടമസ്ഥനു് ഇരുനൂറിൽ കുറയാതെ

അടിമകളുണ്ടായിരുന്നു. റോമായിൽ രണ്ടായിരംവരെ അടിമകളുണ്ടായിരുന്ന പൗരന്മാരും അപൂൎവ്വമായിരുന്നില്ല. എന്തിന്നേറെ. "നമ്മുടെ അടിമകൾ യജമാനന്മാരായ നമ്മെ എണ്ണുകയാണെങ്കിൽ നമുക്കു ദുരിതം" (Seneca, "De Clem.," cap. i. 24). എന്നു സെനെക്കാ പറയത്തക്കവിധം അടിമകൾ അത്രവളരെ വൎദ്ധിച്ചു. യുദ്ധമാണ് അടിമത്തരത്തെ പുലത്തിപ്പോന്നതു്. ജൂലിയസ് സീസർ ഹെൽവേഷ്യാക്കാരെ പരാജിതരാക്കിയശേഷം അവരിൽ നാലായിരംപേരെ അടിമകളാക്കുയും മൂവായിരംപേരുടെ കരങ്ങൾ വെട്ടിക്കളയുന്നതിന്ന് ആജ്ഞാപിക്കയും ചെയ്തു. യുദ്ധത്തിൽ പരാജിതനാകുന്നവൻ അടിമത്തത്തിനൊ മരണത്തിനൊ കീഴ്പ്പെടേണ്ടിയിരുന്നു. പരാജിതൎക്കു ദുരിതം! എന്തുകൊണ്ടെന്നാൽ അവർ ചന്തസ്ഥലങ്ങളിൽ വില്ക്കപ്പെടുകയൊ വന്യമൃഗങ്ങൾക്കിരയാക്കപ്പെടുകയൊ ചെയ്തിരുന്നു.

കാഴ്ചക്കാരുടെ സന്തോഷത്തിനായി രണാങ്കണത്തിൽ മല്ലയുദ്ധം ചെയ്തു മൃത്യുവടയാൻ വിധിക്കപ്പെട്ടിരുന്ന സാധുജനങ്ങളെപ്പററി എന്താണു പറയേണ്ടതു്! ക്ലാവുഡിയൂസ് ചക്രവൎത്തിയുടെ ഭരണകാലത്തു ഫ്യൂച്ചിനൂസ് തടാകത്തിൻെറ സമീപെ ഉണ്ടായിരുന്ന പോൎക്കളത്തിൽ പത്തൊമ്പതിനായിരത്തിൽപരം സാധുജനങ്ങൾ പരസ്പരം യുദ്ധംചെയ്തു മരിക്കയും, ഈ കാഴ്ചയിൽ റോമൻ ജനാവലി മൃഗീയമായസന്തോഷം പ്രദൎശിപ്പിക്കയും ചെയ്തു. ഈ സംഭവത്തെ വിവരിക്കുന്ന ടാസിററസ് എന്ന ചരിത്രകാരൻ തന്നെ ഇതു മനോഹരമായ ഒരു കാഴ്ചയായിരുന്നു എന്നു പറയുന്നു ("Ann"., Lib. xii). ഈ ഭയങ്കരയുദ്ധം സമാരബ്ധമാകുന്നതിന്നു മുമ്പ് അവർ സീസറിൻെറ പക്കൽ ചെന്നു് അദ്ദേഹത്തെ വണങ്ങി ഇപ്രകാരം പറയേണ്ടിയിരുന്നു: "സീസർ ജയ! ജയ! മരണാസന്നരായിരിക്കുന്ന ഞങ്ങൾ നിന്നെ വാഴ്ത്തുന്നു." ട്രാജൻ

ചക്രവത്തിക്ക ഡേഷ്യന്മാരുടെമേൽ സിദ്ധിച്ച വിജയം കൊണ്ടാടുവാനായി നടത്തപ്പെട്ട ഇരുപത്തിമൂന്നു ദിവസത്തെ പരസ്യവിനോദങ്ങളിൽ ആറായിരത്തിൽപരം ജനങ്ങൾ പ്രാണൻ വെടിയേണ്ടിവന്നു. ടൈററസ്സ് ചക്രവത്തി സ്വപിതാവിൻെറ ജന്മനക്ഷത്രമഹം യഥാവിധി ഘോഷിക്കുന്നതിനു മൂവ്വായിരം യഹൂദജനങ്ങളെ കാട്ടുജന്തുക്കൾക്ക് എറിഞ്ഞു കൊടുക്കുന്നതിനു കല്പിച്ചു (Josephus, "De Bello Jud"., Lib. vii). കലിഗുളാ എന്ന അധമസമ്രാട്ട "സക്കസ്" കളിക്കായി വളത്തിയിരുന്ന സിംഹങ്ങളെ മനുഷ്യമാംസംകൊണ്ടു പ്രതിദിനം തിററിപ്പോററിയിരുന്നുവെന്ന സംഗതി ലോകപ്രസിദ്ധമാണല്ലോ (Suet., "Vita Cal."). റോമാക്കാക്കെല്ലാംകൂടി ഒററത്തലമാത്രമുണ്ടായിരുന്നെങ്കിൽ ഒററവെട്ടാൽ അവരുടെ കഥ കഴിക്കാമായിരുന്നല്ലോ എന്നു് ഈ ഖലകേസരി ആഗ്രഹിച്ചിരുന്നുവത്രേ (id).

മനുഷ്യവർഗ്ഗം ഒന്നോടേ നാശഗത്തത്തിലേക്കു പാഞ്ഞുകൊണ്ടിരിക്കയായിരുന്നു. മേൽവിവരിച്ച കൂട്ടക്കൊലതന്നെ മനുഷ്യവർഗ്ഗത്തെ ഭൂമുഖത്തുനിന്നു പരിഛേദം നിഷ്കാസനം ചെയ്തുകളഞ്ഞേക്കുമോ എന്നു സംശയിക്കേണ്ടിയിരുന്നു. സദാചാരം എന്തെന്നുതന്നെ അന്നത്തെ ലോകം അറിഞ്ഞിരുന്നില്ല. പുണ്യസമ്പാദനത്തെക്കുറിച്ച് അവർക്ക് ഒരുരൂപവുമില്ലായിരുന്നു. ലജ്ജാവഹങ്ങളായ ദുഷ്പ്രവൃത്തികൾക്കുള്ള വാസനയും, അമിതമായ ഭോജനപ്രിയവും, രക്തം ചൊരിയുന്നതിലുള്ള ആസക്തിയും ഭൂമുഖത്തു് എവിടെയും കളിയാടിരുന്നു. ബാക്കസിൻെറ തിരുനാളാഘോഷാവസരത്തിൽ, കൂടുതൽ മദ്യം സേവിക്കുവാൻ കഴിയുന്നവക്കു സമ്മാനം നൽകിയിരുന്നുവത്രെ (Dollinger, "The Gentile and the Jew", ii. 131). ക്ലോഡിയൂസ് എന്ന ഒരു റോമാക്കാരൻ

അനർഘമായ ഒരു രത്നം ദ്രാവകത്തിൽ അലിയിച്ചു പാനം ചെയ്തുകളഞ്ഞു. കായൂസ് കേസർ ചക്രവത്തി മൂന്നു രാജ്യവിഭാഗങ്ങളിലേ നികുതി മുഴുവനും കേമമായ ഒരൊററ വിരുന്നിനായി ചിലവഴിച്ചു. അപ്പീസിയൂസ് എന്നൊരുവൻ ഭീമമായ ഒരുതുക വിരുന്നുകൾക്കായി ചെലവാക്കിയതിൻെറശേഷം "ഒരു റോമാക്കാരനു കൊല്ലത്തിൽ രണ്ടു ലക്ഷം പവൻകൊണ്ടു ആശാസ്യമായവിധം ജീവിതം നയിക്കുവാൻ സാധിക്കയില്ല" എന്നുപറഞ്ഞ് ആത്മഹത്യ ചെയ്തുകളഞ്ഞു. നോക്കുക, ക്രമരഹിതമായ ഒരു ജീവിതത്തിൻെറ പൎയ്യവസാനം! പുരാതനകാവ്യലോകത്തിലേ പ്രശസ്തതത്വജ്ഞനായ സിസറോപോലും ആത്മഹത്യയെ ഒരു പുണ്യകൃത്യമായി കീത്തിച്ചിരുന്നുവത്രെ! പ്ലൂട്ടാർക്ക് എന്ന ചരിത്രകാരനാൽ പ്രകീത്തിതരായ അമ്പതു മഹാന്മാരിൽ നാല്പതുപേരോളം ആത്മഹത്യചെയ്തവരാണ് (Darras, "Histoire de l'Eglise", c. 7, vi. epoque).

ക്ഷുദ്രമതമാകുന്ന രാക്ഷസിയെ അവളുടെ സകല വൈലക്ഷണ്യങ്ങളോടുംകൂടെ നാം കണ്ടുകഴിഞ്ഞു. ഈ ഭയങ്കരസത്വത്തെ നിലംപതിപ്പിച്ച ആ മഹാ വീരാത്മാവു് ആരായിരിക്കാം? അതു കാൽവറി മലമുകളിൽ ക്രൂശിതനായ ക്രിസ്തുവല്ലാതെ മററാരുമല്ല. നമ്മുടെ ചുററും കണ്ണോടിച്ചു സംഗതികളുടെ സൂക്ഷ്മസ്ഥിതിയെ ഒന്നു് അവലോകനം ചെയ്തുന്നെങ്കിൽ വലിയ ഒരു വ്യതിയാനം ലോകത്തിൽ ഭവിച്ചിട്ടുണ്ടെന്നു കാണാം. ക്രിസ്തു മനുഷ്യവൎഗ്ഗത്തെ സമുദ്ധാരണം ചെയ്തു. ഇതിനു്, അനുകരണീയമായ ഉത്തമാദർശവും, സമഗ്രമായ ധാർമ്മികസിദ്ധാന്തസംഹിതയും, അപ്രമാദമായ സന്മാൎഗ്ഗനിയമപദ്ധതിയും മനുഷ്യനു പ്രദാനം ചെയ്യേണ്ടതും, അവൻെറ മനോമുകുരത്തിൽ നന്മതിന്മകളുടേയും പാപപുണ്യങ്ങളുടെയും പ്രമാണത്തെ പ്രതിഫലിപ്പിക്കേണ്ടതും

ആവശ്യമായിരുന്നു. ക്രിസ്തു ഇവയെല്ലാം സമ്യക്കായി നിവത്തിച്ചു. മാനുഷികപൂണ്ണതയുടെ ഉത്തമവും അതുലവും അദ്വിതിയവുമായ മാതൃകയായി അദ്ദേഹം മനുഷ്യരുടെ ഇടയിൽ പ്രത്യക്ഷനായി. ദൈവത്തെയും സമസൃഷ്ടങ്ങളെയും നമ്മെത്തന്നെയും സംബന്ധിക്കുന്ന ധമ്മങ്ങളെ പരാമർശിക്കുന്ന ഒരു നിയമസംഹിത അവിടുന്നു നമുക്കു പ്രദാനം ചെയ്തു. ദൈവസന്നിധിയിൽ മനുഷ്യർക്കു പരസ്പരമുള്ള സമത്വത്തെക്കുറിച്ചും അവർ പ്രദർശിപ്പിക്കേണ്ട സ്നേഹത്തെക്കുറിച്ചും അദ്ദേഹം പ്രഖ്യാപനം ചെയ്തു. മനുഷ്യവഗ്ഗമാസകലം ഒരു വിപുലകുടുംബത്തോടു സദൃശപ്പെടുന്നു. ദൈവം അതിന്റെ പിതാവും, 'മനുഷ്യപുത്രൻ' നമ്മുടെ ആത്മാക്കളുടെ ജ്യേഷ്ഠവരനുമാകുന്നു; ക്രിസ്തുവിന്റെ മാതാവു നമ്മുടെയും മാതാവത്രെ. അദ്ദേഹത്തിന്റെ ദൂതന്മാരും വിശുദ്ധരും നമ്മുടെ സോദരീസോദരരും ആകുന്നു. പാപത്തിനു ശിക്ഷയും, പുണ്യത്തിനു സമ്മാനവും നീതിമാനായ ദൈവം നൽകുമെന്നു അദ്ദേഹം പഠിപ്പിച്ചു. ഐഹികജീവിതം കേവലം ഒരു തിത്ഥയാത്രയാകുന്നു; അതു് അവസാനമില്ലാത്ത മറ്റൊന്നിന്റെ പ്രാരംഭഘട്ടം മാത്രമാണു്. സ്വഗ്ഗപ്രാപ്തിക്കു് അതു നമ്മെ യോഗ്യരാക്കുകയും, അനശ്വരമായ കിരീടത്തിനു് അവകാശികളാക്കുകയും ചെയ്യുന്നു. ഐഹികവാസം 'പൊതുവിധി' ദിവസത്തോടേ അവസാനിച്ചുപോകും. പാപിഷ്ഠർക്കു് ആ ദിനം ഭയാനകവും അതിഘോരവുമായിരിക്കും; അതെ, "ആ ദിവസം ക്രോധത്തിന്റെ ദിവസമായിരിക്കും." എന്നാൽ നീതിമാന്മാക്കു് ആ ദിവസം വിജയവും മഹത്വവും പ്രദാനം ചെയ്യും. പാപികളുടെ പാപങ്ങളെല്ലാം പരസ്യമാക്കപ്പെടും. അവർ മനുഷ്യവഗ്ഗമാസകലത്തിന്റെയും ശ്രദ്ധയെ ആകർഷിക്കും. സ്വന്തപാപങ്ങൾ എല്ലാവരുടെയും മുമ്പാകെ പ്രഖ്യാപനം ചെയ്യുന്നതിനു് അവർ നിബ്ബന്ധിക്കപ്പെടും. അവ

സാനം നിത്യനരകത്തിന്റെ അഗാധതയിൽ അവർ പതിക്ക യും ചെയ്യും. മറിച്ച്, നീതിമാന്മാർ തങ്ങളുടെ ദിവ്യനാഥന്റെ മഹത്വത്തിൽ ഭാഗഭാക്കുകളാകും. സ്വർഗ്ഗീയമായ ഒരു പ്ര കാശം അവരെ സമാവരണം ചെയ്യും; "മരണമാകട്ടെ, ദുഃഖ മാകട്ടെ, പ്രലപനമാകട്ടെ, വ്യഥയാകട്ടെ പിന്നീടൊരിക്ക ലും ഉണ്ടാകയില്ല; കാരണം, ഇവയൊക്കെ കഴിഞ്ഞുപോയി" (വെളി., ൨൧, ൪.)

## II.

## ജ്ഞാനാഭിവൃദ്ധി.

കാവ്യക്കു സത്യം കേവലം അജ്ഞാതമായിരുന്നു. അതി പ്രധാനങ്ങളും നമ്മുടെ ജീവിതഗതിക്കു് അവശ്യാവശ്യങ്ങളു മായ നിത്യസത്യങ്ങൾ അതിവിദഗ്ദ്ധരായ താത്ത്വികന്മാർ പോലും വേണ്ടുംവിധം ഗ്രഹിച്ചിരുന്നില്ല. മനുഷ്യമനസ്സ് അധൈര്യത്തിലും നിരാശയിലും ആണ്ടു കിടന്നിരുന്നു. മഹാ നായ പ്ലേറ്റോ, ബഹുഭാര്യാത്വം, ശിശുവധം, മദ്യപാനം, എന്നിവകൾക്കു പ്രോത്സാഹനം നൽകി. ദൈവദൂഷണം, അസത്യം, പ്രതികാരം എന്നിവയെ അനുകൂലിച്ചു സിസറൊ പ്രസംഗിച്ചു. ദുർബലരും രോഗാതുരരുമായ ശിശുക്കളെ കൊന്നൊടുക്കുന്നതിന് അരിസ്റ്റോട്ടൽ ഉപദേശിച്ചു. വിഗ്ര ഹാരാധനയെ സോക്രട്ടീസ്സ് അഭിനന്ദിച്ചു. കാവ്യലോകത്തി ലെ വേദജ്ഞന്മാരിൽ അഗ്രഗണ്യനായ പ്ലേറ്റോ, ദൈവ ത്തിന്റെ ആസ്തിക്യത്തെയും പ്രകൃതിയെയും കുറിച്ച് ഇപ്ര കാരം പ്രസ്താവിച്ചിരിക്കുന്നു. "ഈ ഭൂതലത്തിന്റെ സ്രഷ്ടാ വും പിതാവുമായിരിക്കുന്ന ആളെ അറിയുന്നതിനു വളരെ വിഷമം; അറിഞ്ഞാൽതന്നെയും അദ്ദേഹത്തെ ലോകത്തിനു വെളിപ്പെടുത്തുക അതിലധികം വിഷമം" (Timeus). മനു ഷ്യന്റെ ഉത്ഭവം, അന്ത്യം, എന്നിവ മനുഷ്യബുദ്ധിക്കു ദുർ

ഗ്രഹങ്ങളായിരുന്നു. മനുഷ്യൻ എന്തു്? അവന് അനശ്വരമായ ഒരാത്മാവുണ്ടോ? അതോ, പഞ്ചഭൂതനിർമ്മിതമായ ഒരു സൃഷ്ടിമാത്രമോ? വന്യമൃഗങ്ങളുടേയും, ആകാശത്തിലെ പക്ഷികളുടേയും, സമുദ്രത്തിലെ മത്സ്യങ്ങളുടേയും അന്ത്യത്തെക്കാൾ ശ്രേഷ്ഠമായ ഒരന്ത്യം അവനില്ലേ? നമ്മുടെ ഗമനം എവിടേയ്ക്കു്? നമ്മുടെ അന്ത്യം എന്തു്? മരണാനന്തരം മറെറാരു ജീവിതം നമുക്കുണ്ടോ?

ഈ ചോദ്യങ്ങൾക്കു ശരിയായ സമാധാനം നൽകുന്നതിനു് അതിബുദ്ധിമാന്മാർക്കുപോലും അശക്യമായിരുന്നു. മരണാനന്തരജീവിതത്തെക്കുറിച്ചു പല തെററിദ്ധാരണകളും ജനങ്ങളുടെ ഇടയിൽ ഉണ്ടായിരുന്നു. സെർബ്ബേറസ്സ് എന്ന പേരോടുകൂടിയതും, മൂന്നു തലയുള്ളതുമായ ഒരു പട്ടി നരകവാതുക്കൽ കാവൽ നിന്നിരുന്നു എന്നും, പാതാളത്തിൽ കൊസിത്തുസ്സ് അഥവാ അഞ്ചെറോൻ എന്ന ഒരു നദി ഉണ്ടായിരുന്നു എന്നും മററും അവർ വിശ്വസിച്ചുപോന്നു. ഈ കെട്ടുകഥകളെ ബുദ്ധിമാന്മാർ അപഹസിക്കുകയാണു ചെയ്തിട്ടുള്ളതു്. സിസറൊ ചോദിക്കുന്നു "ഈ കെട്ടു കഥകൾ വിശ്വസിക്കുന്നതിനു ഞാൻ അത്ര ബുദ്ധിഹീനൻ എന്നു നിങ്ങൾ വിചാരിക്കുന്നുവോ? ഒരു മനുഷ്യനെയെങ്കിലും ആകർഷിക്കാൻ ഇവയ്ക്കു ശക്തിയുണ്ടോ?" അദ്ദേഹം തുടർന്നു പറയുന്നു. "ഒന്നുകിൽ മനുഷ്യാത്മാവു ശരീരത്തോടുകൂടിത്തന്നെ ശൂന്യമായിത്തീരുന്നു; അല്ലെങ്കിൽ മരണാനന്തരവും ജീവിതം തുടരുന്നു. ആത്മാവു ശൂന്യമായിത്തീരുന്നെങ്കിൽ അതുകൊണ്ടു് ഒരു ദോഷവും നമുക്കു വരാനില്ല. പ്രത്യുത, ആത്മാവു ജീവിക്കുന്നെങ്കിൽ ആ ജീവിതം എപ്പോഴും ആനന്ദസമ്പൂർണ്ണമായിരിക്കും" (Tusculan Lib. 1). ഇപ്രകാരമായിരുന്നു മനുഷ്യാത്മാവിനെക്കുറിച്ചു കാവ്യലോകത്തിലെ താത്ത്വിക

ന്മാരുടെ അഭിമതം. ഈ അഭിമതം അനുസരിച്ച നന്മയും തിന്മയും ഒരേ വിധത്തിൽ അവർ പരിഗണിച്ചു. തന്നിമിത്തം അവരുടെ ദൃഷ്ടിയിൽ കുററക്കാരനും കുററമില്ലാത്തവനും, പാപിയും വിശുദ്ധനും എല്ലാവരും തുല്യന്മാരായിരുന്നു. നിറോയും വി. ലൂയിസും, യൂദാസും വി. യോഹന്നാനും, വോൾട്ടയറും വി: വിൻസെൻറ് ഡിപ്പോളും തമ്മിൽ ഭേദമില്ലപോൽ!

ശൂന്യാവസ്ഥ അഥവാ ആനന്ദം! എത്ര ഭീമമായ അബദ്ധം! ഇതിൽനിന്നും ജനതതിയെ ഉദ്ധരിക്കുവാൻ ആക്കും സാധിച്ചില്ല. അവരുടെ അദ്ധ്യാപകന്മാർ അവരേക്കാൾ കൂടുതലായി യാതൊന്നും ഗ്രഹിച്ചിരുന്നില്ല. അഥവാ വല്ലതും ഗ്രഹിച്ചിരുന്നെങ്കിൽത്തന്നെയും അതു വാസ്തവമെന്നുള്ള ബോധമോ പഠിപ്പിക്കുന്നതിനുള്ള അധികാരമോ അവർക്കില്ലായിരുന്നു. ശകുനജ്ഞന്മാർ വഞ്ചകന്മാരെന്നു ഒരിക്കൽ പറഞ്ഞ ആ സിസറൊതന്നെ, അവരുടെ ഉപദേശം അനുസരിച്ച നടന്നു കൊള്ളുവാൻ ജനങ്ങളെ അനുവദിച്ചിരുന്നു. എന്തുകൊണ്ടെന്നാൽ സത്യത്തെക്കുറിച്ച ജ്ഞാനം നൽകുന്നതു് ഉചിതവും ഉപകാരപ്രദവുമായിരിക്കയില്ലെന്നു് അദ്ദേഹം വിശ്വസിച്ചു. മനുഷ്യബുദ്ധി ദുർബലവും അന്ധവുമാണെന്നു് ഇതിൽ നിന്നെല്ലാം അനുമിക്കേണ്ടിയിരിക്കുന്നു. ഒരു മാർഗ്ഗോപദേശകൻെറ സഹായമില്ലാത്തപക്ഷം നിശ്ചയമായും അതു് അബദ്ധകൂപത്തിൽ നിപതിച്ചു പോകും. മനസ്സിനെ നേർവഴിയെ നയിക്കുന്നതു ക്രിസ്തുമതവും, വിവേചനാശക്തിയെ തെററിൽപ്പെടാതെ കാത്തുരക്ഷിക്കുന്നതു വിശ്വാസവുമാണു്. മനുഷ്യൻ അവശ്യാവശ്യം അറിഞ്ഞിരിക്കേണ്ട പല പ്രധാനതത്വങ്ങളുമുണ്ടു്. ഇവ ഗ്രഹിക്കാതെ ബുദ്ധിപൂർവ്വം ചിന്തിക്കുന്നതിനോ, പ്രവത്തിക്കുന്നതിനോ അവൻ ശക്തനായി ഭവിക്കുന്നില്ല. ദൈവത്തിൻെറ ആസ്തിക്യം,

വിവിധലക്ഷണങ്ങൾ, നിരന്തരപരിപാലനം, കാരു ണ്യാതിരേകം, നീതിതത്പരത, ശക്തി മാഹാത്മ്യം, സർവ്വാ ധിപത്യം, ആത്മാവിൻെറ പ്രകൃതിവിശേഷം, അതിൻെറ അനശ്വരത്വം, നന്മതിന്മകളെക്കുറിച്ചുള്ളബോധം എന്നി വ മനുഷ്യജീവിതത്തേയും, സമുദായഘടനയേയും അവശ്യം സംബന്ധിക്കുന്ന മൂലതത്ത്വങ്ങളിൽ ചിലതു മാത്രമാണ്. രക്ഷാകരമായ ഈ തത്ത്വങ്ങളെക്കുറിച്ച സമഗ്രമായ ജ്ഞാ നം ക്രിസ്തുമതമാണു ലോകത്തിനു നൽകിയതു്. അജ്ഞാനാ ന്ധകാരത്തിൽ നിമഗ്നമായി കിടന്നിരുന്ന ഈ തത്ത്വങ്ങളെ ലോകസമക്ഷം അവതരിപ്പിക്കുന്നതിന്ന് ആ മതം അക്ഷീണ യത്നംചെയ്തു. മനുഷ്യരക്ഷാർത്ഥം ക്രിസ്തു അവതീർണ്ണനായി ല്ലെങ്കിൽ ലോകത്തിൻെറ സ്ഥിതി എത്ര പരിതാപകരമായി രുന്നേനെ! അതു പണ്ടേപ്പോലെ അന്ധവിശ്വാസങ്ങൾക്കും വിഗ്രഹാരാധനയ്ക്കും വിധേയമായി ഇന്നും സ്ഥിതിചെയ്യുമായി രുന്നു. എന്നാൽ മനുഷ്യപുത്രൻ ഭൂലോകത്തെ, വിജ്ഞാനകി രണംവീശി അതീവ ദീപ്തിമത്താക്കിച്ചെയ്തു. തന്നിമിത്തം ക്രിസ്തുമതത്തിൻെറ മൂലതത്ത്വങ്ങൾ മാത്രം ഏദിസ്ഥമാക്കി യിട്ടുള്ള ഇന്നത്തെ ഒരു ബാലനു, ദൈവത്തേയും മനുഷ്യാ ത്മാവിനേയും കുറിച്ച പൗരാണികതാത്ത്വികന്മാരെക്കാൾ കൂടുതൽ ജ്ഞാനമുള്ളതായി കാണാം. മനുഷ്യൻെറ ഉത്ഭവം, അവൻെറ അന്ത്യം, ലോകത്തിൻെറ ആരംഭം, സൃഷ്ടവസ്തു ക്കളുടെ ഉദ്ദേശ്യം ഇവയെക്കുറിച്ച ലളിതമായി ബുദ്ധിപൂർവ്വം പ്രതിപാദിക്കുവാൻ അവനു കഴിയും. ലൗകികവാസം, പാര ത്രിക ജീവിതം ഇവയെ പരാമർശിച്ചുള്ള ചോദ്യങ്ങൾക്കു സംശയലേശമെന്യേ സമാധാനം നൽകുവാൻ ഒരു വിഷമ വും അവനില്ല.

സർവ്വപ്രധാനമായ പ്രസ്തുത മൂലതത്ത്വങ്ങളെ ക്രിസ്തു

മതം പ്രദാനംചെയ്തുമാത്രമല്ല, സത്യം ആരാഞ്ഞറിയുന്നതിനു മനുഷ്യബുദ്ധിയെ കൂടുതൽ അതു പര്യാപ്തമാക്കിത്തീർക്കുകയുംചെയ്തു. തന്നിമിത്തം മഹാനായ ബേക്കൺ വിശ്വാസത്തെ ശാസ്ത്രപരിമളം (Aroma of Scinces) എന്നഭിസംബോധനം ചെയ്തിരിക്കുന്നു. എത്ര അത്ഥസംപുഷ്ടവും മനോജ്ഞവുമായ പദം! തെററിലകപ്പെടാതെ നമ്മെ കാത്തു സൂക്ഷിക്കുന്ന ഒരു പരിമളതൈലം തന്നെയാണു വിശ്വാസം. അതു ഹൃദയത്തെ ആനന്ദിപ്പിക്കയും, മനസ്സിനെ ആശ്വസിപ്പിക്കയും, മനുഷ്യർക്കു നവജീവനും ശക്തിയും നൽകുകയുംചെയ്യുന്നു. ബേക്കൺ, ന്യൂട്ടൻ, കെപ്ലർ, ലേബിൻററ്സു, പാസ്റ്റൽ മുതലായ അനേകം ശാസ്ത്രവിദഗ്ദ്ധന്മാർ മതബോധമുള്ളവരായിരുന്നു. വിജ്ഞാനവീഥിയിലൂടെ ത്വരിതഗമനം ചെയ്യുന്നതിന് അവരുടെ പര്യന്വേഷണങ്ങൾ നമ്മെ അത്യധികം സഹായിക്കുന്നുണ്ടു്. വിശ്വാസം ബുദ്ധിയെ അസ്വതന്ത്രമാക്കുകയും അതിൻെറ പുരോഗമനത്തെ പ്രതിരോധിക്കയും ചെയ്യുന്നുവെന്നു സ്വതന്ത്രചിന്തകന്മാർ ജല്പിക്കുക സാധാരണമാണ്. എന്നാൽ അവർപറയുന്നതു് എന്തെന്ന് അവർ ഗ്രഹിക്കുന്നുണ്ടോ എന്നു സംശയം. എന്തുകൊണ്ടെന്നാൽ വിശ്വാസം ബുദ്ധിയുടെ ഗതിയെ യാതൊരുവിധത്തിലും തടയുന്നില്ല എന്നുമാത്രമല്ല. കൂടുതൽസ്വാതന്ത്ര്യത്തോടേ വ്യാപരിക്കുന്നതിനു സഹായിക്കുക കൂടി ചെയ്യുന്നു. ദുർഗ്ഗമവും അപരിചിതവുമായ വഴിയിൽ കൂടി യാത്ര ചെയ്യേണ്ട ഒരുവനു മാർഗ്ഗനിർദ്ദേശം ചെയ്യുന്നതും അർദ്ധരാത്രിയിൽ കാടുകളും മേടുകളും കടന്നുപോകേണ്ട ഒരുവനു ദീപംകൊളുത്തിക്കൊടുക്കുന്നതും എങ്ങനെ അവരുടെ സ്വാതന്ത്ര്യത്തെ ഹനിക്കുന്ന പ്രവൃത്തികളാകും? ഈ ഒരാനുകൂല്യം തന്നെയല്ലയോ വിശ്വാസവും മനുഷ്യബുദ്ധിക്കു നൽകുന്നതു്? സിസറോയെ വി. യോഹന്നാൻ ക്രിസോസ്തോമിനോടും,

സോക്രട്ടീസിനെ വി. ബസീലിയൂസിനോടും, പ്ളാറെറായെ വി. ആഗ്ഗുസ്തീനോസിനോടും, അരിസ്റ്റോട്ടലിനെ വി. തോമസ് അകഥീനാസിനോടും, സെനക്കായെ വി. പൌലോസിനോടും, ടാസിററസിനെ ബോസേഥയോടും താരതമ്യപ്പെടുത്തുക. പൌരാണികരുടെ വിജ്ഞാന ഭണ്ഡാഗാരവും മിശിഹായുടെ സുവിശേഷ പ്രബോധനങ്ങളും തോലനംചെയ്യുക. എത്രവലിയ അന്തരമാണ് അവ തമ്മിൽ നാം ദർശിക്കുന്നതു്. വോൾട്ടയർ പറയുന്നു: "പ്രാചീനതാത്ത്വികന്മാരിൽ പ്രഥമഗണനീയന്മാരായ സൊറൊവാസ്റ്റർ, മർക്കൂറിയസ് ത്രിമസ് പ്രഭൃതികൾ ഭൂമുഖത്തു വീണ്ടും പ്രത്യക്ഷപ്പെട്ടെങ്കിൽ കൊള്ളാമായിരുന്നു. അവർ പാസ്കലിനോടോ, അല്ലെങ്കിൽ സാമാന്യജ്ഞാനം മാത്രം സിദ്ധിച്ചിട്ടുള്ള ആധുനികരിൽ ആരോടെങ്കിലുമോ സംഭാഷണം ചെയ്യുന്നതു കേൾക്കുവാൻ എനിക്ക് അതിയായ കൌതുകമുണ്ട്. പൌരാണികരോടും ക്ഷമാപണം ചെയ്യാതെ നിവാഹമില്ല. നിശ്ചയമായും അവർ നിസ്സാരന്മാരായിട്ടേ പ്രത്യക്ഷപ്പെടുന്നുള്ളു. വാസ്തവം പറയുന്നതായാൽ ആ മുറിവൈദ്യന്മാരുടെ ഔഷധങ്ങൾ ഇപ്പോൾ ചിലവാകയില്ല; നിശ്ചയം. (Nicolas, Christianity, Volume IV).

വിശ്വാസം നമ്മുടെ ബുദ്ധിയെ നയിക്കയും സംരക്ഷിക്കയും മാത്രമല്ല അഭൗമികമായ ഒരു ലോകത്തിന്റെ അദൃഷ്ടവും നിഗൂഢവും ആയ പല ഭാഗങ്ങളെ തുറന്നുകാണിക്കയും ചെയ്യുന്നു. മനുഷ്യബുദ്ധിക്കു കേവലം ദുർഗ്രഹങ്ങളായ തത്ത്വശകലങ്ങളെ അതു പ്രസ്പഷ്ടമാക്കുന്നു. ഉപര്യുപരി ഗ്രഹിക്കുന്നതിനു ബുദ്ധിക്ക് അവാച്യവും അപരിമിതവുമായ ഒരു അഭിവാഞ്ഛയുണ്ട്. തന്നിമിത്തം പരിമിതമായ യാതൊന്നും അതിനെ തൃപ്തിപ്പെടുത്തുന്നില്ല. ദൈവത്തേയും അവിടത്തെ ലക്ഷണങ്ങളേയും, മനുഷ്യാത്മാവിന്റെ പ്രകൃതിയേയും,

മരണാനന്തരമുള്ള ജീവിതത്തേയുംകുറിച്ച ബുദ്ധി സദാ ആരാഞ്ഞുകൊണ്ടാണിരിക്കുന്നത്. ദൈവം ലോകത്തെ എങ്ങനെ സൃഷ്ടിച്ചു? മനുഷ്യകുലത്തിന്റെ ഉത്പത്തി എവിടെനിന്നു? ദൈവം നമ്മുടെ നാഥനും, യജമാനനും, പിതാവുമാണോ? അവിടുന്നു നമ്മെ സ്നേഹിക്കയും സംരക്ഷിക്കയും ചെയ്യുന്നുണ്ടോ? എപ്പോഴെങ്കിലും അവിടുന്നു നമ്മോടു സംഭാഷിച്ചിട്ടുണ്ടോ? നമുക്ക് അദ്ദേഹത്തോടു പ്രാർത്ഥിക്കാമോ? അവിടുത്തെ കാണ്മാൻ നമുക്കു കഴിയുമോ? കേവലം അശരീരികളായ വല്ല സൃഷ്ടികളുമുണ്ടോ? അവരും ദൈവവും തമ്മിലുള്ള ബന്ധം എന്തു? ദൈവചിത്തത്തിനു വിപരീതമായി പ്രവൎത്തിപ്പാൻ അവർക്കു സാധിക്കുമോ? അവരിൽനിന്നു വല്ല സഹായവും നമുക്കു പ്രതിക്ഷിക്കാമോ? മരണാനന്തരമുള്ള സമ്മാനത്തിന്റെയും ശിക്ഷയുടെയും സ്വഭാവമെന്തു? നമ്മുടെ അപരാധങ്ങളെ ദൈവം ക്ഷമിക്കുമോ? ബുദ്ധിയുടെ ഉപദേശങ്ങൾക്കു വിപരീതമായി നാം പ്രവൎത്തിക്കുന്നതിനും തിന്മ ചെയ്യുന്നതിനും ഹേതു എന്തു? നമ്മുടെ ശരീരം നിത്യം ശ്മശാനകുടീരങ്ങളിൽത്തന്നെ സ്ഥിതിചെയ്യുമോ; അഥവാ, ഭാവിയിൽ നമുക്ക് അതു വീണ്ടും ലഭിക്കുമോ? ഭൂമിയുടെ പരിണാമം എന്തായിരിക്കും? ഈ ചോദ്യങ്ങൾക്കു ശരിയായ സമാധാനം കണ്ടെത്തുന്നതിനു മനുഷ്യബുദ്ധി നിശ്ശേഷം അപ്രാപ്തമാകുന്നു. ഇവിടെ വിശ്വാസമാണു നമുക്ക് ഏകാവലംബം. അതു ബുദ്ധിക്ക് അതീതങ്ങളായ എല്ലാററിനെക്കുറിച്ചും അവശ്യമായ ജ്ഞാനം നമുക്കു പ്രദാനം ചെയ്യുന്നു.

## III.

## സാമുദായികാഭിവൃദ്ധി.

ക്രിസ്തുമതം സമുദായത്തിൽ ആശ്ചര്യജനകങ്ങളായ പല മാററങ്ങളും വരുത്തിയിട്ടുണ്ട്. ക്രിസ്തുവിന്റെ ആഗമന

ത്തിനു മുൻപ് എല്ലാ അധികാരാവകാശങ്ങളും രാഷ്ട്രത്തിൽ സ്ഥിതിചെയ്തിരുന്നു. പ്രജകൾക്കു ഭരണവിഷയത്തിൽ യാതൊരു ബാദ്ധ്യതയുമുണ്ടായിരുന്നില്ല. രാജാക്കന്മാരും ഭരണാധികാരികളും ദേവതുല്യന്മാരായി പരിഗണിക്കപ്പെട്ടിരുന്നു. അവർ എത്രതന്നെ സ്വേച്ഛാപ്രഭുക്കളായിരുന്നാലും അവരുടെ ഇംഗിതങ്ങൾക്കു വിരുദ്ധമായി പ്രവർത്തിക്കുന്നതു ന്യായരഹിതമെന്നു ജനങ്ങൾ വിശ്വസിച്ചുപോന്നു. ചുരുക്കിപ്പറഞ്ഞാൽ പ്രജകൾ രാഷ്ട്രത്തിൻെറ അടിമകൾ മാത്രമായിരുന്നു. ഇ പ്രകാരമുള്ള ഒരു ഭരണക്രമത്തിനു ജനതതി എങ്ങനെ കിഴ്പ്പെട്ടു എന്നുള്ളതു സാക്ഷാൽ വിസ്മയാവഹംതന്നെ. ഈ നികൃഷ്ടാവസ്ഥയിൽനിന്നു് ഉദ്ധൃതരാകുന്നതിനു് അവർ ആഗ്രഹിച്ചിരുന്നില്ലെന്നു മാത്രമല്ല രാജാക്കളുടെ അഭീഷ്ടം സാധിക്കുന്നതിനുള്ള ഉപകരണങ്ങൾ മാത്രമാണു തങ്ങൾ എന്നു വിശ്വസിക്കയും ചെയ്തിരുന്നു. ശക്തിയേറിയ ഒരു യന്ത്രത്തിൻെറ വിവിധഭാഗങ്ങൾപോലെ പ്രബലനായ ഭരണമേധാവിയുടെ അഭിലാഷം അനുസരിച്ചു് അവർ വർത്തിച്ചു. സമഭാവനയെക്കുറിച്ചു കേട്ടുകേൾവിപോലും അവർക്കുണ്ടായിരുന്നില്ല. വിദേശ്യരെ ഗ്രീക്കുകാർ നികൃഷ്ടന്മാരായി പരിത്യജിച്ചിരുന്നു. റോമാക്കാർ റോമൻപൗരന്മാരെ മാത്രമേ മനുഷ്യരായി പരിഗണിച്ചിരുന്നുള്ളു. അപരന്മാരെ മ്ളേച്ഛന്മാരായിട്ടാണു് അവർ എണ്ണിയിരുന്നതു്.

ഇത്ര ഭിമമായ ഒരു വ്യതിക്രമത്തിനു മനുഷ്യസമുദായം വിധേയമായതിനു് ഏകകാരണം സന്മാർഗ്ഗബോധത്തിൻെറ അഭാവമായിരുന്നു. സ്വമാഹാത്മ്യത്തെ മനുഷ്യൻ ഗ്രഹിക്കയൊ മററുള്ളവരുടേതിനെ ബഹുമാനിക്കയൊ ചെയ്തിരുന്നില്ല. തന്നിമിത്തം അന്യരാൽ മർദ്ദിക്കപ്പെടുന്നതിനും പരിത്യജിക്കപ്പെടുന്നതിനും അവർ സ്വയമേവ സമ്മതിച്ചു. എന്നാൽ ഇന്നത്തെ സ്ഥിതി എത്ര വ്യത്യസ്തം! ലോകപരിത്രാതാവാ

യ ക്രിസ്തുവിൻെറ കാലത്തു റോമാസാമ്രാജ്യത്തെ അടക്കി ഭരിച്ചിരുന്ന ലോകപ്രസിദ്ധനായ അഗസ്റ്റസ് ചക്രവത്തി ഇപ്പോൾ ഭൂമുഖത്തു പ്രത്യക്ഷപ്പെടുന്നു എന്നു വിചാരിക്കുക. അദ്ദേഹം ഇംഗ്ലണ്ടിലേ പ്രജാസഭയൊ(House of Commons) ഫ്റാൻസിലേ പ്രതിനിധിസഭയൊ കാണുന്നപക്ഷം ഭൂമിയിൽനിന്നു വ്യത്യസ്തമായ വല്ല ഗോളത്തിലുമാണോ നില്ക്കുന്നതെന്നു സംശയിക്കത്തക്കവിധം അത്രക്കു അത്ഭുതപരതന്ത്രനായിത്തിരാതിരിക്കയില്ല. അദ്ദേഹം താഴെവരുംപ്രകാരമുള്ള ഒരു സംഭാഷണത്തിൽ ഏർപ്പെടുക ഒട്ടുംതന്നെ അസംഭാവ്യമല്ല.

"ഈ സഭാംഗങ്ങളെല്ലാം ആരായിരിക്കാം."

"ഓ മഹാരാജൻ! ഇവർ ജനങ്ങളുടെ പ്രതിനിധികളും നിയമനിമ്മാതാക്കളുമാണ്".

"എങ്ങനെ ഈ സ്ഥാനം ഇവർ കൈക്കലാക്കി?"

"സവ്വജനസമ്മതമാണ് ഈ സ്ഥാനത്തേക്കു ഇവരെ ഉയത്തിയതു്; രാജ്യത്തെ അധിവസിക്കുന്ന പ്രജകൾ തിരിഞ്ഞെടുത്തവരാണിവർ."

"പ്രജകളാൽ തിരിഞ്ഞെടുക്കപ്പെട്ടവരോ? എന്തു്, അടിമകൾ ഇവരെ തിരിഞ്ഞെടുത്തെന്നാണോ നിങ്ങൾ പറയുന്നതു്?"

"മഹാനായ കേസറേ! കേട്ടാലും: ഒരുവനും ഇപ്പോൾ അടിമയല്ല. എല്ലാവരും സ്വതന്ത്രന്മാരാണ്."

"എല്ലാവരും സ്വതന്ത്രന്മാരോ! എന്നാൽ നിങ്ങൾക്കു രാജാക്കന്മാരില്ലേ?"

"ഇല്ലെന്നില്ല; ചിലസ്ഥലങ്ങളിൽ ഉണ്ടു്. എന്നാൽ ഭരണം നടത്തുന്നതു് അവരല്ല."

"രാജ്യം ഭരിക്കുന്നതു രാജാക്കന്മാരല്ലെന്നോ! ഇതു വള

രെ വിസ്മയാവഹംതന്നെ. ഭരണകർത്താക്കന്മാരെ നിയമിക്കു ന്നതു സാമാന്യജനങ്ങളാണെന്നു് എങ്ങനെ വിശ്വസിക്കും? രാജ്യത്തെ പ്രധാനന്മാരായിരിക്കുമൊ ഇവരെ തിരിഞ്ഞെടു ക്കുന്നതു്?"

"പ്രധാനന്മാരായിരിക്കണമെന്നില്ല; അപ്രധാനന്മാക്കും എന്തിനു്; സ്ത്രീകൾക്കുപോലും അതിനു് അവകാശമുണ്ടു."

"എന്തു്! സ്ത്രീകൾക്കും അതിനവകാശമുണ്ടെന്നോ? അതു ഒരിക്കലും സംഭാവ്യമല്ല."

"അങ്ങനെ നിഷേധിക്കുവാൻ വഹിയാ; എന്തുകൊ ണ്ടെന്നാൽ ഇപ്പോൾ അങ്ങനെ നടന്നുവരുന്നു."

സാമുദായികമായി ലോകത്തിനു് ഉണ്ടായിക്കൊണ്ടിരിക്കു ന്ന അഭിവൃദ്ധി എത്രമാത്രമെന്നു് ഗ്രഹിക്കുന്നതിനു ഈവിധ മുള്ള ചിന്തകൾ നമ്മെ അത്യധികം സഹായിക്കുന്നതാണു്. മനുഷ്യൻ ഇപ്പോൾ സ്വതന്ത്രനാകുന്നു. അവനു സ്വന്തം ശക്തിയേയും മാഹാത്മ്യത്തേയുംകുറിച്ചു ശരിയായ ജ്ഞാനം സിദ്ധിച്ചിട്ടുണ്ടു്. അവൻെറ സാമർത്ഥ്യം പ്രകടിപ്പിക്കുന്നതി നും പൗരുഷം പ്രകാശിപ്പിക്കുന്നതിനും കർമ്മകുശലത പരി പോഷിപ്പിക്കുന്നതിനും അവനു കഴിയും. സമുദായത്തിൽ സ്ത്രീകൾക്കും അവരുടെ ന്യായമായ അവകാശങ്ങൾ വീണ്ടും ലബ്ധമായി. സ്ത്രീ, പുരുഷൻെറ സഖിയും ഗൃഹത്തിലേ നായകിയും ആയി പരിലസിക്കുന്നു. സഹോദരസ്നേഹവും, സദാചാരതത്പരതയും സവ്വത്ര കാണാറായി. അധഃകൃത രെ സമുദ്ധരാക്കുന്നതിനും, അഗതികളെ സംരക്ഷിക്കുന്നതി നും ദുർബലരെ പരിപാലിക്കുന്നതിനുമുള്ള അതിയായ ആ ഗ്രഹം സകല ഹൃദയങ്ങളിലും സ്ഥലംപിടിച്ചു. അധികാരി കളുടെ അക്രമപ്രവൃത്തികളെ തടയുന്നതിനും നീതിയേയും ധർമ്മത്തേയും സവ്വത്ര പരിപാലിക്കുന്നതിനും പര്യാപ്തമായ ഒരു സാമുദായികാന്തരീക്ഷം ആവിർഭവിച്ചു. ഭാവിജീവിത

ത്തെക്കുറിച്ച് അറിയുന്നതിനും, പുണ്യപൂർണ്ണത പ്രാപിക്കുന്നതിനും മനുഷ്യഹൃദയം അത്യധികം അഭിവാഞ്ഛിച്ചു.

ഇത്ര വിസ്മയാവഹമായ ഒരു പരിവർത്തനം ക്രിസ്തുമതം എങ്ങനെ സാധിച്ചുവെന്ന് അവധാനപൂർവ്വം നമുക്കു ചിന്തിക്കാം. അധോഗതി പ്രാപിച്ചിരുന്ന ജനസമുദായത്തെ ഉദ്ധരിക്കുന്നതിന്, ആദ്ധ്യാത്മികവും ലൗകികവുമായ വിഷയങ്ങളെ തമ്മിൽ വേർതിരിച്ച് ഓരോന്നിനും അതതിന്റെ സ്ഥാനം നിർണ്ണയിക്കേണ്ടതു് അവശ്യാവശ്യം ആയിരുന്നു. ഈ കൃത്യം ക്രിസ്തു യഥോചിതം നിർവ്വഹിച്ചു. "എന്റെ രാജ്യം ഇഹത്തിൽനിന്നുള്ളതല്ല." (യോഹ., ൧൮, ൩൬.) "കേസറിന്റേതു കേസറിനും, ദൈവത്തിന്റേതു ദൈവത്തിനും കൊടുപ്പിൻ." (മർക്കോ., ൧൨, ൧൭.) പ്രസ്തുത വാക്കുകളിൽനിന്നും ഇതു സ്പഷ്ടമാകുന്നുണ്ടു്. ഏവംവിധം ക്രിസ്തു ആദ്ധ്യാത്മികകാര്യങ്ങളിൽ രാജാക്കന്മാർക്കുണ്ടായിരുന്ന ആധിപത്യവും സ്വേച്ഛാ പ്രഭുത്വവും എന്നേക്കുമായി അവരിൽനിന്ന് എടുത്തുകളഞ്ഞു. സ്വമാഹാത്മ്യത്തെ ശരിയായി മനുഷ്യൻ ഗ്രഹിച്ചു; മനുഷ്യരെക്കാൾ ദൈവത്തെയാണു കൂടുതൽ ആശ്രയിക്കേണ്ടതെന്നും, ഭൗതികവസ്തുക്കൾ നിത്യജീവൻ പ്രാപിക്കുന്നതിനുള്ള ഉപകരണങ്ങൾ മാത്രമാണെന്നും, ശരീരത്തെക്കാൾ ആത്മാവിനെ പ്രധാനമായി കരുതണമെന്നും അവർ മനസ്സിലാക്കി. "ഞാൻ നിങ്ങളോടു പറയുന്നു: ശരീരത്തെ മൃതിപ്പെടുത്തുന്നതിനല്ലാതെ (അതിനുശേഷം) മറവുയാതൊന്നും ചെയ്യുന്നതിനു പ്രാപ്തിയില്ലാത്തവരെ നിങ്ങൾ ഭയപ്പെടേണ്ട. കൊലപ്പെടുത്തിയതിനുശേഷം നരകാഗ്നിയിലേയ്ക്കു തള്ളിക്കളയുന്നതിനു ശക്തിയുള്ളവനെ നിങ്ങൾ ഭയപ്പെടുവിൻ. അതെ, നിങ്ങളോടു ഞാൻ പറയുന്നു: അവനെ നിങ്ങൾ ഭയപ്പെടുവിൻ" (ലൂക്കാ., ൧൨, ൪൫.) തന്നിമിത്തം നമ്മുടെ

സേവനം ഒന്നാമതായി അർഹിക്കുന്നതു ദൈവമാകുന്നു. രണ്ടാമതായിമാത്രമേ രാജാക്കന്മാർക്കു് അതിനു് അവകാശമുള്ളു. ദൈവത്തിൻെറ അവകാശങ്ങളെ അംഗീകരിക്കാത്ത നിയമങ്ങൾ നിയമങ്ങളല്ല. അതിനാൽ അവയെ അനുസരിക്കുന്നതിനു നമുക്കു കടമയുമില്ല. ലോകം മുഴുവനും പ്രതികൂലിച്ചാലും അന്തഃകരണത്തിൻെറ പ്രേരണകളെ അനുവൎത്തിക്കുവാൻ മനുഷ്യൻ നിർബന്ധിതനാണു്. ഇപ്രകാരം മനസ്സാക്ഷി അനുസരിച്ചു, ദൈവ കല്പനകളെ രാജശാസനകളേക്കാൾ മതിക്കമൂലം രാജഖഡ്ഗത്തിനു് ഇരയായവരത്രേ ക്രിസ്തീയ വേദസാക്ഷികൾ. പ്രാചീനകാലത്തെ കാവ്യലോകത്തിൽ ഇവരെപ്പോലെ സുസ്ഥിരമാനസരായ ജനങ്ങളെ നാം കണ്ടുമുട്ടുന്നില്ല.

സമുദായത്തിൻെറ പരിപൂർണ്ണമായ ഉദ്ധാരണത്തിനു സമത്വവും സഹോദരസ്നേഹവും ആവശ്യമെന്നു ക്രിസ്തു ജനങ്ങളെ ഉദ്ബോധിപ്പിച്ചു. അവിടുന്നു ദരിദ്രരെയും ദുഃഖിതരെയും അടിമകളെയും അവരുടെ ദൈന്യാവസ്ഥയിൽ നിന്നും ഉദ്ധരിച്ചു. തൻെറ പ്രേമഭാജനങ്ങളും പ്രതിനിധികളുമായി അവരെ അവിടുന്നു പരിഗണിച്ചു. അദ്ദേഹം പറയുന്നു: "ഏററം ചെറിയവരായ എൻെറ ഈ സഹോദരരിൽ ഒരുവനു ചെയ്യപ്പോഴൊക്കയും എനിക്കാണു നിങ്ങൾ അതു ചെയ്തിട്ടുള്ളതു്." (മത്താ., ൨൫, ൪൦) ക്രിസ്തുവിൻെറ ഈ പ്രബോധനങ്ങളനുസരിച്ചു സഹോദരസ്നേഹം ക്രിസ്ത്യാനികളുടെയിടയിൽ എത്ര ത്വരിതമായി പ്രചരിച്ചുവെന്നു വി. പൗലോസിൻെറ വാക്കുകളിൽനിന്നും വ്യക്തമാകുന്നുണ്ടു്. "യഹൂദനെന്നോ, യൗനായനെന്നോ, അടിമയെന്നോ, സ്വതന്ത്രനെന്നോ, സ്ത്രീയെന്നോ, പുരുഷനെന്നോ യാതൊരു വ്യത്യാസവുമില്ല. എന്തുകൊണ്ടെന്നാൽ നിങ്ങൾ എല്ലാരും

ദിവ്യരക്ഷകനായ മിശിഹായിൽ ഐക്യപ്പെട്ടിരിക്കുന്നു." (കൂറന്താ., ൩, ൨൮).

മനുഷ്യൻെറ വ്യക്തിപരമായ അവശതകളെ പരിഹരിച്ചശേഷം ക്രിസ്തുമതം അവനെ ഭരണാധികാരികളുടെ പീഡനങ്ങളിൽനിന്നും സംരക്ഷിച്ചു. ക്രിസ്തുവിൻെറ സഭ, രാജാക്കന്മാർക്കും ചക്രവർത്തികൾക്കും കീഴ്പെട്ടില്ല. പാപ്പാമാരും മെത്രാന്മാരും സ്വേച്ഛാപ്രഭുക്കന്മാരേയും അക്രമികളേയും ഭയപ്പെട്ടില്ല. തെസലോനിയാക്കാരെ ഒന്നാകെ കൊന്നൊടുക്കിയതിന്ന് പരിഹാരം ചെയ്യാതെ ദേവാലയത്തിൽ പ്രവേശിച്ചുകൂടെന്നു മിലാനിലെ മെത്രാപ്പോലീത്തായായ വി. അമ്പ്രോസ് തെയൊദോസീസ് ചക്രവത്തിയോടു കല്പിക്കുകയുണ്ടായി. റോമാപ്പട്ടണം പിടിച്ചടക്കുന്നതിനു വന്ന ദൈവവിരോധിയായ അററില്ലാസ്സ് എതിരെചെന്ന് അവൻെറ ഉദ്യമത്തിൽനിന്നും വിരമിയ്ക്കണമെന്നു മഹാനായ വി. ലേയോൻ പാപ്പാ ആജ്ഞാപിച്ചു. ഒരിക്കൽ, വി. ഗ്രിഗോരി ജർമ്മനിയിലെ പ്രജാപീഡകനായ ഹെൻറി നാലാമനു വി. കുർബ്ബാന നിഷേധിക്കുന്നതിനുപോലും മടിച്ചില്ല. ഫ്റാൻസിലെ ചക്രവത്തിയായ ലൂയി പന്ത്രണ്ടാമൻ ന്യായരഹിതമായ ഒരാനുകൂല്യം ആവശ്യപ്പെട്ടതിന് അന്നത്തെ പാപ്പാ നൽകിയ മറുപടി ഇപ്രകാരമാണ്. "എനിക്കു രണ്ടാത്മാക്കൾ ഉണ്ടായിരുന്നെങ്കിൽ ഒന്നു രാജാവിനുവേണ്ടി ബലി കഴിക്കാമായിരുന്നു. എന്നാൽ ഒന്നു മാത്രമുള്ളതിനാൽ അതു നശിപ്പിച്ചുകളയാൻ എനിക്കു നിവ്വാഹമില്ല." വെള്ളിയാഴ്ചമുതൽ തിങ്കളാഴ്ചവരെ യുദ്ധങ്ങളിൽ ഏർപ്പെട്ടുകൂടാ എന്നുള്ള സഭാനിയമത്തെ ലംഘിച്ച മോൺറിക്ക്, മോർക്ക്യാൻറവ്, ഗാഡ്നർട്ട്, എന്നീ മൂന്നു രാജാക്കന്മാരെ ലാൻഡാഫ് പട്ടണത്തിൽവച്ചുകൂടിയ സൂനഹദോസു, സഭയിൽനിന്നും ബഹിഷ്കരിച്ചുകളഞ്ഞു (Balmes,

"Protestantism and Catholicity," Chap. xxxii). പ്രജാപീഡകരായ രാജാക്കന്മാർ നീതിരഹിതമായി പ്രവൎത്തിച്ചിരുന്നപ്പോഴെല്ലാം ജനസാമാന്യം സഭയെ തേടുകയും, സഭ അവരെ മാതൃസഹജമായ സ്നേഹത്തോടെ പരിരക്ഷിക്കയും ചെയ്തു. സഭയുടെ ഈദൃശമായ പ്രവൃത്തികൾ സമുദായാഭിവൃദ്ധിക്കു് അനല്പമായി സഹായിച്ചിട്ടുണ്ടെന്നുള്ളതു് അനിഷേധ്യമത്രേ.

## IV.
## കലാഭിവൃദ്ധി.

സത്യദൈവത്തിൽ വിശ്വസിക്കാത്തവൻ പ്രവൎത്തിക്കുന്നതൊന്നും ദൈവസ്തുതിയെ ലാക്കാക്കിയല്ല എന്നു ഫാറർ ബ്രിയൻ പറയുന്നു. തിന്മയുടെ മൂൎത്തികളായ ദേവന്മാരേയും ദേവികളേയുംകാൾ ശ്രേഷ്ഠമായ ഒരാദർശം കാവ്യർക്കുണ്ടായിരുന്നില്ല. പണ്ഡിതാഗ്രേസരന്മാർക്കുപോലും സത്യത്തിന്റെ പ്രകാശമല്ല, തിന്മയുടെ പ്രതിച്ഛായയാണു കൂടുതൽ ആകർഷണീയമായി തോന്നിയതു്. ധർമ്മവും, സുകൃതവും, കലകളിൽനിന്നും സാഹിത്യത്തിൽനിന്നും നിശ്ശേഷം നിഷ്കാസിതങ്ങളായി. ചിത്രമെഴുത്തു്, കൊത്തുപണി, ശില്പവിദ്യ, കാവ്യരചന എന്നിതുകൾ ദുരാചാരങ്ങൾക്കു പ്രചുരപ്രചാരം നൽകി. റോമിലേയും ഏതൻസിലേയും സുപ്രസിദ്ധ നാടകശാലകൾ സാന്മാൎഗ്ഗവിരുദ്ധങ്ങളായ അഭിനയങ്ങളുടെ കേളീരംഗമായിത്തീർന്നു. ദേവന്മാരുടെ ജുഗുപ്സാവഹമായ പ്രവൃത്തികൾ അവയുടെ സകലവിധ വൈരൂപ്യങ്ങളോടുംകൂടി പ്രദർശിപ്പിക്കപ്പെട്ടു. അവരുടെ അക്രമം, കവർച്ച ആദിയായ നീതിരഹിതങ്ങളായ പ്രവൃത്തികളെ സൂചിപ്പിക്കുന്നവയായിരുന്നു അന്നത്തെ നാടകങ്ങളിൽ അധികഭാഗവും. ഇവ പ്രേക്ഷകന്മാരുടെ മനോമുകുരത്തിൽ ഉളവാ

ക്കുന്ന ദുഷ്ഷ്ലങ്ങളെ ജുവെനൽ (Juvenal) വ്യക്തമായി വർണ്ണിച്ചിട്ടുണ്ട്. സാമാന്യജനങ്ങൾ മാത്രമല്ല ഈ പ്രദർശനങ്ങൾക്കു സന്നിഹിതരായിരുന്നതു്. പ്രഭുക്കളും, രാജപ്രതിനിധികളും, ജ്യോതിശ്ശാസ്ത്രജ്ഞന്മാരും, 'വെസ്റ്റൽ കന്യക'കളും ഇവയിൽ സംബന്ധിച്ചിരുന്നു. നാടകശാലകളിൽ അഭിനയിച്ചവയെ അമ്പലങ്ങളുടേയും ഭവനങ്ങളുടേയും ഭിത്തികളിൽ അവർ ചിത്രിച്ചു (Gibbons, "Our Christian Heritage," chap. xxiii).

പരസ്യാരാധനയും മനുഷ്യഹൃദയത്തിന്റെ അഭിവാഞ്ഛകളെ തൃപ്തിപ്പെടുത്തുവാൻ പര്യാപ്തമായിരുന്നില്ല. അതു മനുഷ്യരെ സുകൃതവാന്മാരും വിശുദ്ധന്മാരുമാക്കിത്തീർക്കയോ, ദൈവത്തിന്റെ സൗന്ദര്യവിലാസത്തെയും മനുഷ്യാത്മാവിന്റെ മാഹാത്മ്യപ്രഭാവത്തെയും അവർക്കു വെളിപ്പെടുത്തുകയോ ചെയ്തില്ല. അശുദ്ധവും, അധമവും, അപഹാസ്യവുമായ ആ ആരാധനക്രമം മനുഷ്യകുലത്തെ ഒന്നാകെ തിന്മയിലേയ്ക്കു തിരിച്ചുവിടുകയും ഭയാനകങ്ങളായ ദുഷ്കൃത്യങ്ങൾ പ്രവർത്തിക്കുന്നതിനു പ്രേരിപ്പിക്കയുമാണു ചെയ്തതു്.

സുകുമാരകലകളിലും ആരാധനക്രമത്തിലും ക്രൈസ്തവസഭ വരുത്തിയിട്ടുള്ള പരിവർത്തനം അനല്പമാണു്. അവൾ കാവ്യരുടെ അസാന്മാർഗ്ഗികങ്ങളായ ആദർശങ്ങളെ പാടേ പരിത്യജിക്കയും അവയുടെ സ്ഥാനത്തു് ഹൃദയാവർജ്ജകങ്ങളും അത്യുത്തമങ്ങളുമായവകളെ സംസ്ഥാപിക്കയും ചെയ്തു. അവൾ യൂറോപ്പ് ഖണ്ഡത്തിന്റെ നാനാഭാഗങ്ങളിലും നിർമ്മിച്ചിരിക്കുന്ന മനോഹരങ്ങളായ ഭദ്രാസനദേവാലയങ്ങളെ വീക്ഷിച്ചാലും. അവയെ പണിയുന്നതിനു പ്രേരിപ്പിച്ച ആ ജഗന്നിയന്താവിനു് അനുയോജ്യമല്ലയോ അവ? നമ്മുടെ വിചാരങ്ങളെ അവ സംശുദ്ധമാക്കയും അത്യുത്തമങ്ങളായ

ചിന്തകൾ നമ്മിൽ ഉത്പാദിപ്പിക്കയും ചെയ്യുന്നില്ലയോ? അതിമനോജ്ഞങ്ങളായ അവയുടെ സ്ഥൂണങ്ങളും, അംബരചുംബികളായ ഗോപുരങ്ങളും, നിസ്സാരങ്ങളായ ഭൗമികവസ്തുക്കളിൽനിന്നും നമ്മുടെ നയനങ്ങളെയും ഹൃദയത്തെയും സ്വർഗ്ഗീയ ഗേഹത്തിലേക്കു തിരിക്കുന്നതിനു ക്ഷണിക്കുന്നില്ലയോ? ക്രിസ്തുമതം അനന്തമായ ഒരു ലോകത്തിലേക്കു മനുഷ്യനെ ആകർഷിക്കയും ആദ്ധ്യാത്മികവും ദിവ്യവുമായ ആദർശങ്ങളെ നൽകുകയും ചെയ്യുന്നു. ക്രിസ്തീയ കലാവിദഗ്ദ്ധന്മാരുടെ പാടവം പ്രദർശിപ്പിക്കുന്നതിന് ഈ ആദർശങ്ങൾ തികച്ചും പര്യാപ്തങ്ങളാണ്. ഓരോരുത്തനും അവനവന്റെ വാസനയ്ക്ക് അനുയോജ്യമായ വിഷയങ്ങൾ തിരിഞ്ഞെടുക്കാം. വിഷയങ്ങളോ മനോഹരങ്ങൾ; ശ്രേഷ്ഠങ്ങൾ; ഭക്തിസംവർദ്ധകങ്ങൾ. ഇതിഹാസങ്ങളിൽ വിവരിക്കപ്പെടുന്ന യൂളിസസ്സിന്റെ പാതാളപ്രവേശം, ട്രോയിപ്പട്ടണത്തിന്റെ വിനാശം ഇവയെ സൂചിപ്പിക്കുന്ന ചിത്രങ്ങളും, കഥാപാത്രങ്ങളായ വീനസ്, പെനലോപ്പ്, ഹെലൻ ഇവരുടെ പടങ്ങളും, ക്രിസ്തീയ ചിത്രകാരന്മാർ വരച്ചിട്ടുള്ള അമലോത്ഭവമാതാവിന്റെയും ഉണ്ണി ഈശോയുടെയും, വിശുദ്ധന്മാരുടെയും, ക്രിസ്തുവിന്റെ പിറവിയുടെയും, ഈജിപ്തിലേക്കുള്ള പലായനത്തിന്റെയും, കുരിശു മരണത്തിന്റെയും പൊതുവിധിയുടെയും ചിത്രങ്ങളോടു താരതമ്യപ്പെടുത്തി നോക്കുക. എത്ര അപരിമിതമായ അന്തരമാണു കാണുന്നത്. അപ്പിലസ്, ഡോസിസ്സ്, പൊളിഗ്നോത്തസ് എന്നിവർ, റാഫേൽ, മുറില്ലോ, പോസ്സിൻ മുതലായ ചിത്രകാരന്മാരോട് ഒരു വിധത്തിലും കിടപിടിക്കുന്നില്ല. മൈക്കൾ ആഞ്ചലോ പ്രാചീനരായ സകല ശില്പികളെയും അതിശയിച്ചു. അദ്ദേഹത്താൽ നിർമ്മിതമായ മൂശയുടെ പ്രതിമ എത്രയോ ചേതോഹരവും സജീവവുമാണ്!

പ്രസംഗവിഷയത്തിൽ ക്രൈസ്തവസഭ നൽകുന്ന ആദശവും പ്രോത്സാഹനവും അന്യാദൃശമാകുന്നു. ദമോസ്തനസിൻെറയും സിസറോയുടെയും വാഗ്വിലാസം ആശ്രിതസംരക്ഷണത്തിനും, സ്വരാജ്യക്ഷേമത്തിനും, സ്വാത്മലാഭത്തിനും മാത്രമേ ഉപകരിച്ചിരുന്നുള്ളു. ക്രിസ്തീയവാഗ്മിക്കു് ഇവയെക്കാൾ മഹത്തായ ഒരുദ്ദേശ്യമുണ്ടു്. അയാൾ പ്രസംഗിക്കുന്നതു് എപ്പോഴും ദൈവസ്തുതിയെയും ആത്മാക്കളുടെ രക്ഷയെയും ലാക്കാക്കിയാകുന്നു. സഭാപിതാക്കന്മാരായ ബേസിൽ, ക്രിസോസ്തോം, അംബ്രോസു്, അഗസ്റ്റിൻ, ഗ്രിഗോരി, എന്നിവരുടെ വാഗ്ധോരണിക്കു് എന്തോ ഒരു ദിവ്യശക്തിയുണ്ടു്. "വശ്യവാക്കായ 'ബോസ്സ്വെയെക്കുറിച്ചു് എന്തു പറയട്ടേ! അദ്ദേഹത്തിനു തുല്യനായി ആരാണുള്ളതു്? ശവകുടീരത്തിലേക്കു സദാ നയനങ്ങളെ തിരിച്ചുകൊണ്ടു്, ഭാവികാലമാകുന്ന മഹാണ്ണവത്തിൽ നിപതിക്കുവാൻ പോകുന്ന ഒരുവനെപ്പോലെ, നിത്യത്വത്തിൻെറ നിശബ്ദതയെ സദാ ഭഞ്ജിച്ചു കൊണ്ടിരിക്കുന്ന 'സമയം' 'മരണം' എന്ന ഭീകരങ്ങളായ വാക്കുകളെ അദ്ദേഹം എപ്പോഴും ഉരുവിട്ടുകൊണ്ടിരുന്നു. പരിസരങ്ങളെ അദ്ദേഹം ഖേദസംപൂണ്ണമാക്കുകയും അദ്ദേഹം തന്നെ അചിന്ത്യമായ ദുഃഖാംബുധിയിൽ ആണ്ടു പോകുകയും ചെയ്തു" ("Genius of Christianity", book iv., chap. iv).

പൌരാണികകവികൾ പ്രകൃതിയെ വണ്ണിക്കുന്നതു്, വനദേവതകൾ, യക്ഷികൾ, അപ്സരസ്ത്രീകൾ, സമുദ്രദേവതകൾ, ഗന്ധവ്വന്മാർ, എന്നിവരുടെ വാസസ്ഥാനമായിട്ടാണു്. ഈ ബീഭത്സസത്വങ്ങളെയെല്ലാം ക്രിസ്തുമതം ലോകരംഗത്തുനിന്നും ആട്ടിപ്പായിച്ചു. നവീനവും സംശുദ്ധവുമായ കാവ്യങ്ങൾകൊണ്ടു ദൈവമഹത്വത്തേയും പുണ്യമാഹാത്മ്യത്തേയും

പ്രകീത്തിച്ചു. ററാസ്സോയുടെ (Tasso) 'ജറൂസലോമോചനം', (Jerusalem delivered) ഡാൻററി (Dante) യുടെ 'പാതാളദശ്നം,' (Inferno) റാസിൻെറ (Racine) 'എസ്ഥർ,' 'അത്താലി,' 'പൊളിയുക്ററ' (Esther, Athalie, Polyeucte) മുതലായ ക്രിസ്തീയ കാവ്യങ്ങളോടു കിടപിടിക്കുവാൻ ഏതു കൃതിയാണുള്ളതു്.

സംഗീതവിദ്യയും ക്രിസ്തുമതത്തോടു വളരെ കടപ്പെട്ടിട്ടുണ്ടു്. സഭ നവീനങ്ങളായ പല സംഗീതസാമഗ്രികളും കണ്ടുപിടിച്ചു് അതിനെ പരിപുഷ്ടമാക്കി. "സംഗീതം പ്രാത്ഥനയുടെ പുത്രിയും, പ്രാത്ഥനമതത്തിൻെറ മിത്രവുമാകുന്നു." (Chateaubriand) പലസ്ത്രീനാ, ഹെയിഡൻ, മൊസ്സാർട്ടു്, ലേസ്യൂർ, ഗ്നോഡു് തുടങ്ങി നിരവധി സംഗീതവിദഗ്ദ്ധന്മാർ ക്രിസ്തുമതത്തിൽനിന്നുമാണു് അവരുടെ കലാപാടവം കരഗതമാക്കിയതു്. പിഡാനുഭവകീത്തനം, (The Chant of Pas_sion) യെറമ്യാസിൻെറ വിലാപങ്ങൾ, 'തെദേവൂം', 'കോപത്തിൻെറ ദിനം' (Dies irae) എന്നീ ഗീതങ്ങളിൽ എന്തോ ദിവ്യമായ ഒരു മാഹാത്മ്യം ഉണ്ടെന്നുള്ളതിനു സംശയമില്ല.

ബാഹ്യാരാധന അത്യന്താപേക്ഷിതമെന്നുള്ളതു് ഒരുത്തനും നിഷേധിച്ചുകൂടാ. ആത്മാവോടും ശരീരത്തോടുംകൂടിയ ഒരു സൃഷ്ടിയാണല്ലോ മനുഷ്യൻ. തന്നിമിത്തം ആന്തരികമായ വിചാരങ്ങളേയും വികാരങ്ങളേയും ബാഹ്യമായി പ്രദർശിപ്പിക്കുന്നതിനു് അവൻ നിർബന്ധിതനായിത്തീരുന്നു. വിശ്വാസത്തിൻെറ ബാഹ്യപ്രകടനം അനാവശ്യമെന്നു ശഠിക്കുന്നവർ മനുഷ്യപ്രകൃതിയേയും, മനുഷ്യമനസ്സിനെ ആകർഷിക്കുവാൻ കർമ്മാനുഷ്ഠാനങ്ങൾക്കുള്ള ശക്തിയേയും അപലപിക്കുകയാണു ചെയ്യുന്നതു്. സഭയുടെ മേതോഹരങ്ങളായ ദിവ്യകമ്മങ്ങൾ ദൈവത്തോടു സമീപിക്കുന്നതിനു മനുഷ്യരെ അത്യധികം സഹായിക്കുന്നുണ്ടു്. കാവ്യംപോ

ലെ അവ നമ്മെ ആനന്ദിപ്പിക്കുന്നു. ദിവ്യരക്ഷകൻെറ ജീവിതത്തിലെ പ്രധാന സംഭവങ്ങളും ക്രൈസ്തവർ അനുഷ്ഠിക്കേണ്ട സൽകൃത്യങ്ങളും അവർ വിശ്വസിക്കേണ്ട വേദരഹസ്യങ്ങളും ആണ്ടുവട്ടത്തിൽ പലപ്രാവശ്യവും സഭ അവരുടെ ശ്രദ്ധയ്ക്കു വിഷയമാക്കുന്നു. ഇങ്ങനെ ലോകൈകപരിത്രാതാവായ ക്രിസ്തുവിൻെറ ജീവിതഗതിയും ഉപദേശങ്ങളും വിശ്വാസികളിൽ രൂഢമൂലമായിത്തീരുന്നു. ലോകദീപമായ അദ്ദേഹം അവരുടെ ആത്മാക്കളിൽ അണയാതെ നിരന്തരം പ്രകാശിക്കുന്നു. ഗാഢമായ ഐക്യത്തിൽ അവരോടു വർത്തിക്കുന്നു. അവരുടെ ഉദ്യമങ്ങളിൽ അവരെ സഹായിക്കുന്നു. ചുരുക്കിപ്പറഞ്ഞാൽ അദ്ദേഹം അവരുടെ ജീവൻതന്നെ ആയിത്തീരുന്നു. ദൈവത്തിൻെറ കരുണയും സ്നേഹവും അനുസ്മരിക്കുന്നതിനും, കന്യകകളുടെയും രക്തസാക്ഷികളുടെയും വിശുദ്ധന്മാരുടെയും സദ്ഗുണങ്ങൾ അനുകരിക്കുന്നതിനും, തിരുസ്സഭ അർപ്പിക്കുന്ന ബലികളും, നൽകുന്ന ആശീർവ്വാദങ്ങളും, ആഘോഷിക്കുന്ന തിരുനാളുകളും ഒട്ടധികം സഹായിക്കുന്നുണ്ട്. മരിച്ചവർക്കുള്ള പ്രാർത്ഥനകൾ, നമ്മിൽനിന്നും വേർപെട്ടിരിക്കുന്ന സ്നേഹിതരുടെ സ്മരണ നമ്മിൽ ഉളവാക്കുകയും, ജീവിതകാലത്തു് അവരോടു നമുക്കുണ്ടായിരുന്ന ബന്ധത്തെ നിലനിറുത്തുകയും, മരണാനന്തരം അവരെ കാണാമെന്നുള്ള പ്രതീക്ഷ നമ്മിൽ ഉദിപ്പിക്കുകയും ചെയ്യുന്നു. "ഞാൻ ഉയിർപ്പും ജീവനുമാകുന്നു. എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും" (യോഹ., ൧൧, ൨൫) എന്ന ദിവ്യരക്ഷകൻെറ വാക്കുകൾ സാക്ഷാൽ സന്തോഷകരവും പ്രതീക്ഷാജനകവുമല്ലയോ?

# അദ്ധ്യായം ൩.

## ക്രിസ്തീയാദർശം.

---

## I

## പുതിയ മനുഷ്യവംശം.

"സമീപവാസികളായ ജനങ്ങളേപ്പോലും സന്മാർഗ്ഗബോധമുള്ളവരാക്കിത്തീർക്കുന്നതിനു യാതൊരു തത്വശാസ്ത്രജ്ഞനും ഇതേവരെ സാധിച്ചിട്ടില്ല." എന്നു വാൾട്ടയർ പറയുന്നു. എന്നാൽ ക്രിസ്തു മനുഷ്യവർഗ്ഗത്തെ മുഴുവനും ധർമ്മബോധമുള്ളവരാക്കി. ക്രിസ്തീയാദർശത്തെ അദ്ദേഹം ലോകത്തിനു പ്രദാനം ചെയ്തു. അതിരമണീയങ്ങളായ ശാദ്വലപ്രദേശങ്ങളും, അത്യുന്നതങ്ങളായ പർവ്വതശൃംഗങ്ങളും ജാജ്ജ്വല്യമാനമായ സൂര്യബിംബവും, താരകഗണങ്ങളാൽ അലംകൃതമായ ആകാശവീഥിയും നാം സദാ കണ്ടുകൊണ്ടിരിക്കുന്നവയാകയാൽ അവയുടെ ആശ്ചര്യാവഹമായ വൈശിഷ്ട്യത്തെയും വൈചിത്ര്യത്തെയുംപററി ചിന്തിക്കുകപോലും ചെയ്യാതെ നാം ജീവിതം നയിക്കുന്നു. ഇപ്രകാരംതന്നെ സുവിശേഷത്തിൽ അടങ്ങിയിരിക്കുന്ന അത്ഭുതാവഹവും ദിവ്യവുമായ സാന്മാർഗ്ഗികനിബന്ധനയുടെ സാക്ഷാത്തായ മാഹാത്മ്യത്തെ നാം വേണ്ടവിധം മനസ്സിലാക്കുന്നില്ല; എന്തുകൊണ്ടെ

ന്നാൽ അതു നമുക്കു സുപരിചിതവും ഏറെക്കുറെ സ്വാഭാവികവുമായിത്തീർന്നിരിക്കുന്നു. അതിൽ നാം ജീവിക്കയും ചരിക്കയും ചെയ്യുന്നു. അതിൻെറ ജീവനെ നാം ശ്വസിക്കുന്നു. അതു നമ്മിൽ സവ്വത്ര വ്യാപിച്ചിരിക്കുന്നു. നമ്മെ ചുററിയിരിക്കുന്ന അന്തരിക്ഷംതന്നെയും അതുകൊണ്ടു നിറഞ്ഞിരിക്കുന്നു. നമ്മുടെ രാജ്യനിയമങ്ങളിലും, സാമുദായികസ്ഥാപനങ്ങളിലും, ജാത്യാചാരങ്ങളിലും, പാരമ്പര്യങ്ങളിലും അതു പ്രത്യക്ഷപ്പെടുന്നു. അതിൻെറ പ്രകാശത്തിൽ നടക്കുന്നതുകൊണ്ട് അതിൻെറ ഗുണഗണങ്ങളെ നാം പരിഗണിക്കുന്നില്ല. പ്ലാറേറായുടെ "ജനാധിപത്യം" എന്ന സുപ്രസിദ്ധ ഗ്രന്ഥത്തെക്കുറിച്ച് ഒരു ഫ്റഞ്ചുസാഹിത്യകാരൻ പ്രസ്താവിക്കുന്നത് ഇപ്രകാരമാണ്. "പ്രായോഗികമല്ലാത്ത ഒരു സാമ്രാജ്ഗികജീവിതത്തിൻെറ ആദർശമായി അക്കാലത്തു പ്രത്യക്ഷപ്പെട്ട ഈ നിയമസംഹിത ഇന്നു പ്രായോഗികമല്ലാത്തതു്, അതു് അസാമ്രാജ്ഗികമാകകൊണ്ടു മാത്രമാണ്" (Aime Martin, "De l'Education des Meres de Famille"). പുരാതനവും നവീനവും ആയ മനുഷ്യവംശങ്ങൾ തമ്മിലുള്ള ദൂരാന്തരം പൂണ്ണമായി ഗ്രഹിക്കുന്നതിനു ക്രിസ്തുവിൻെറ ആഗമനത്തിനു മുൻപു ലോകമാസകലം എത്ര ഘോരമായ അന്ധകാരത്താൽ ആവൃതമായിരുന്നു എന്നു നാം അനുസ്മരിക്കേണ്ടിയിരിക്കുന്നു. അതിലജ്ജാവഹങ്ങളായ ആചാരാനുഷ്ഠാനങ്ങൾകൊണ്ടു ലോകം നിറഞ്ഞിരുന്ന ആ കാലങ്ങളെ നാം മറന്നു കളയരുതു്: മനുഷ്യൻെറ ദുഷ്ടത ഭൂമുഖത്തെങ്ങും വ്യാപിച്ചിരുന്നു. വിനയം, സ്നേഹം, നീതിനിഷ്ഠ, സ്വാപരിത്യാഗം ഇത്യാദി സദ്ഗുണങ്ങളെപ്പററി അന്നു കേട്ടുകേൾവിപോലുമുണ്ടായിരുന്നില്ല; അടിമത്തം സവ്വസാധാരണമായിരുന്നു; നേറൊ, ഡയക്ലേഷ്യൻ മുതലായവരെപ്പോലുള്ള നരാധമന്മാരെ ദേവന്മാരായി ആരാധിച്ചിരുന്നു; മനുഷ്യരുടെ ഭോ

ഗേച്ചരകൾക്ക് ഓരോന്നിനും അനുരൂപരായ ദേവന്മാരെ സങ്കല്പിച്ച് അവരുടെ ബഹുമാനത്തിനായി അമ്പലങ്ങൾ പണികഴിപ്പിക്കുകയും ബലികൾ അർപ്പിക്കയും ചെയ്തുപോന്നു. ജഡികസന്തോഷങ്ങളിൽ മുഴുകി, കേവലം മൃഗപ്രായരായിത്തീർന്ന മനുഷ്യർ ആ ഹീനാവസ്ഥയിൽനിന്നു തങ്ങളെ ഉദ്ധരിക്കുക അസാദ്ധ്യമെന്നു കരുതി 'വിധിക്കു' (Fate) സ്വയം കൈയാളിച്ചുകൊണ്ടു ഭഗ്നാശരായി കാലംകഴിച്ചുവന്നു. മനുഷ്യവർഗ്ഗത്തിന്റെ അതിശോചനീയമായ ഈ സ്ഥിതി വേണ്ടവിധം മനസ്സിലാക്കിയാൽ ക്രിസ്തീയ സന്മാർഗ്ഗതത്വത്തിന്റെ യഥാർത്ഥസ്വഭാവം നിഷ്പ്രയാസം ഗ്രഹിക്കുവാൻ നമുക്കു സാധിക്കും. ദൈവദാനങ്ങളുടെ സാക്ഷാത്തായ വിലയെന്തെന്നും, ക്രിസ്തുവിന്റെ നേതൃത്വത്തിൽ മനുഷ്യവംശം നന്മയിൽ എത്രമാത്രം അഭിവൃദ്ധി പ്രാപിച്ചെന്നും അറിയുവാൻ നമുക്കു കഴിയും. വിശ്വാസത്തിന് അനുസൃതമായി ജീവിതം നയിക്കുന്ന മനുഷ്യനെ കണ്ടാലും. നിത്യത്വത്തെ മാത്രം മുൻനിറുത്തിയാണ് അവൻ എപ്പോഴും പ്രവർത്തിക്കുന്നതു്. അവന്റെ വിചാരങ്ങൾക്കും വാക്കുകൾക്കും പ്രവൃത്തികൾക്കും അവൻ ഉത്തരവാദിയാണെന്നും അവയുടെയെല്ലാം കണക്കു ദൈവസന്നിധിയിൽ ഏല്പിക്കേണ്ടിവരുമെന്നും അവൻ അറിയുന്നു. അവന്റെ എല്ലാ പ്രവൃത്തികളും, മനോവികാരങ്ങളും, ഇംഗിതങ്ങൾപോലും അവനു മുൻപെ ദൈവസന്നിധിയിൽ എത്തുന്നെന്നും അവയെ എല്ലാം അവനു് അനുകൂലമായോ പ്രതികൂലമായോ ദൈവദൂതൻ രേഖപ്പെടുത്തുന്നു എന്നും അവനു പൂർണ്ണബോധമുണ്ടു്. സീനായിമലമുകളിൽവെച്ചു ദൈവം മൂശയ്ക്കു പ്രദാനം ചെയ്ത പത്തു പ്രമാണങ്ങളാണ് അവന്റെ ജീവിതത്തെ നിയന്ത്രിക്കുന്നതു്. "നിന്റെ ദൈവമായ കർത്താവു ഞാനാകുന്നു; അന്യദൈവങ്ങൾ നിനക്കുണ്ടാകരുതു്; നിന്റെ ദൈവമായ ക

ത്താവിൻെറ നാമത്തെ നിഷ്ഫലമായി പ്രയോഗിക്കരുതു്; സാബ ത്തു ദിവസത്തെ ശുദ്ധമായി ആചരിക്കുക; നിൻെറ പിതാ വിനേയും മാതാവിനേയും ബഹുമാനിക്കുക; കൊല്ലരുതു്; വ്യഭിചാരം ചെയ്യരുതു്; മോഷ്ടിക്കരുതു്; കള്ളസാക്ഷി പറയ രുതു്; അന്യൻെറ ഭാര്യയെ കാംക്ഷിക്കരുതു്; അന്യൻെറ വ സ്തുക്കളെ ആഗ്രഹിക്കരുതു്." ദൈവസ്നേഹം, പരസ്നേഹം എന്നിവയിൽ ക്രിസ്തീയജീവിതം അന്തർഭവിച്ചിരിക്കുന്നു. യ ഥാർത്ഥക്രൈസ്തവൻ തൻെറ മുഴുഹൃദയത്തോടും ആത്മശരീര ങ്ങളുടെ ശക്തിയൊക്കയോടുംകൂടി ദൈവത്തെ സ്നേഹിക്കു ന്നു; തന്നെപ്പോലെ തൻെറ സഹോദരനേയും അവൻ സ്നേ ഹിക്കുന്നു. ക്രിസ്തുമതത്തിൻെറ ആരംഭദശയിൽത്തന്നെ ക്രി സ്തുവിൻെറ സുവിശേഷംമൂലം ലോകത്തിലുണ്ടായ അദ്ധ്യാത്മ പരിവൎത്തനം എത്ര മഹനീയമായിരുന്നു എന്നു മനസ്സിലാ ക്കുന്നതിനു സ്നേഹമെന്ന സദ്ഗുണത്തെപ്പററി പ്രേഷിത പ്രമുഖനായ വി. പൗലോസു് എഴുതിയിരിക്കുന്ന ഭാഗം വാ യിച്ചാൽമാത്രം മതി. "ഞാൻ മനുഷ്യരുടെയും ദൈവദൂതന്മാ രുടെയും ഭാഷകളിൽ സംസാരിച്ചാലും എനിക്കു സ്നേഹമി ല്ലെങ്കിൽ ഞാൻ മുഴങ്ങുന്ന ചെമ്പോ, അല്ലെങ്കിൽ ചിലമ്പു ന്ന കൈത്താളമോ പോലെയായിരിക്കും.........സ്നേഹം ക്ഷമ യുള്ളതും ദയയുള്ളതും ആകുന്നു. സ്നേഹം അസൂയപ്പെടുന്നില്ല; തെററായി പ്രവൎത്തിക്കുന്നില്ല; അഹംകരിക്കുന്നില്ല; ഉന്നതി യെ കാംക്ഷിക്കുന്നില്ല; സ്വാൎത്ഥത്തെ അന്വേഷിക്കുന്നി ല്ല...........സ്നേഹം എല്ലാം സഹിക്കുന്നു; എല്ലാം വിശ്വസി ക്കുന്നു; എല്ലാം ആശിക്കുന്നു; എല്ലാം വഹിക്കുന്നു. (൧ കൊറ ന്ത്യാ., ൧൩, ൧-൭) ലോകം വിഗ്രഹാരാധനയിൽ മുഴുകി ക്കിടന്ന കാലത്തു് അജ്ഞാതമായിരുന്ന അത്യുൽകൃഷ്ടമായ ഈ സ്നേഹം ഇന്നു ക്രിസ്തുവിൻെറ യഥാർത്ഥശിഷ്യന്മാരിൽ

ഓരോരുത്തരിലും നാം ദർശിക്കുന്നു. ഒരു നല്ല ക്രിസ്ത്യാനിയുടെ ജീവിതം സുവിശേഷത്തിൻെറ പ്രായോഗികവും സജീവവുമായ ഒരു വ്യാഖ്യാനമാകുന്നു. വഞ്ചകങ്ങളായ പ്രാപഞ്ചികവസ്തുക്കളാൽ വശീകരിക്കപ്പെടാതെ അവൻ സകലത്തെയും ദൈവതിരുമനസ്സിനു് അനുസൃതമായ വിധം മാത്രം ഉപയോഗിക്കുന്നു. അവൻ ഐഹിക ജീവിതത്തെ ഒരു തീർത്ഥയാത്രയായി പരിഗണിക്കയും, സ്വരാജ്യത്തിൽനിന്നു ബഹിഷ്കൃതനായവനെപ്പോലെ ജീവിക്കയും ചെയ്യുന്നു. നീതിമാന്മാർ സഹിക്കേണ്ടിവരുന്ന നിന്ദാപമാനങ്ങളും കഷ്ടാരിഷ്ടതകളും അവനെ ഒട്ടും ഭയപ്പെടുത്തുന്നില്ല. ദുഷ്ടന്മാർ ഐശ്വര്യവാന്മാരും വിജയികളുമായിത്തീരുന്നതിൽ അവനു് അശേഷം വിസ്മയം തോന്നുന്നില്ല. എന്തുകൊണ്ടെന്നാൽ അവർ പരലോകത്തിൽ കഠിനമായി പീഡിപ്പിക്കപ്പെടുമെന്നും നീതിമാന്മാർക്കു നിത്യസമ്മാനം ലഭിക്കുമെന്നും അവനു് അറിയാം. സമൃദ്ധിയിൽ അവൻ അമിതമായി സന്തോഷിക്കയോ, വിപത്തിൽ അധികമായി ദുഃഖിക്കയോ ചെയ്യുന്നില്ല. അവൻ വഹിക്കേണ്ട കുരിശു ഭാരമേറിയതും, കുടിക്കേണ്ട കാസാ കൈപ്പുനിറഞ്ഞതും ആണെന്നു കാണുന്ന അവസരങ്ങളിൽ ബാഷ്പപൂർണ്ണമായ നയനങ്ങളെ സ്വർഗ്ഗസ്ഥനായ പിതാവിങ്കലേയ്ക്കുയർത്തി "നിൻെറ തിരുമനസ്സു നിറവേറട്ടെ" എന്നു സവിനയം അവൻ അഭ്യർത്ഥിക്കുന്നു. പരത്തിൽ അവനു ലഭിക്കുവാനിരിക്കുന്ന കിരീടത്തെ കൂടുതൽ ഭംഗിയുള്ളതാക്കിത്തീർക്കുന്നതിനു് ഓരോ വിനാഴികയിലും അവൻ നിസ്തന്ദ്രയത്നം ചെയ്യുന്നു; പാരത്രികജീവിതത്തെ സൗഭാഗ്യപൂർണ്ണമാക്കിത്തീർക്കുന്നതിനു് ആവശ്യമായവ സമ്പാദിക്കുന്നതിനാണു ദൈവം തന്നെ ഈ ലോകത്തിൽ ആക്കിയിരിക്കുന്നതു് എന്നു് അവനു നിശ്ചയമുണ്ടു്.

അവൻെറ മഹാമനസ്കതയെയും, നിശ്ചയദാർഢ്യത്തെയും, സത്യസന്ധതയെയുംകുറിച്ച് എന്തു പറയട്ടെ! അവൻെറ ജീവിതം എല്ലാവർക്കും ഒരു മാതൃകയും, അവൻെറ മരണം വാനാരൂപികളെപ്പോലും ആശ്ചര്യഭരിതരാക്കത്തക്കതിന്മണ്ണം അത്ര ഹൃദയാവജ്ജകവും ആകുന്നു. ഇതാ ആ നിതിമാൻെറ കഷ്ടതകൾ തീർന്നിരിക്കുന്നു; അവൻെറ ജീവിതം അവസാനിച്ചു. അതു് എത്ര പരിമിതമായിരുന്നു! നല്ലവനും വിശ്വസ്തനുമായ ആ ദാസൻ സ്വർഗ്ഗീയകിരീടം സ്വീകരിക്കുന്നതിനായി ദൈവസന്നിധിയിലേയ്ക്കു പോകുന്നു. അവൻ എല്ലാ ദിവസവും മനഃസാക്ഷിയെ സൂക്ഷ്മമായി പരിശോധിക്കയും അവൻെറ കുററങ്ങൾക്കു തക്ക പരിഹാരം ചെയ്തു ദൈവത്തിൻെറ പ്രീതിയെ സമ്പാദിക്കയും ചെയ്തുവന്നു. അവൻ ദൈവതിരുമനസ്സിനു് അനുസൃതമായി ജീവിതം നയിച്ചു; എല്ലാം ദൈവത്തിനുവേണ്ടിയും ദൈവത്തോടുകൂടിയും പ്രവൎത്തിച്ചു. അവൻെറ അവസാന നാഴിക എത്ര ആശ്വാസപ്രദം! എത്ര ആനന്ദകരം! "ആസന്ന മരണനായി കിടക്കുന്ന വിശ്വസ്തനായ ക്രിസ്ത്യാനിയെ കാണുവിൻ. ഇനിമേൽ ലോകത്തിനു് അവൻെറമേൽ യാതൊരു അധികാരവുമില്ല. സ്വരാജ്യത്തോടും സ്വസമുദായത്തോടും അവനുണ്ടായിരുന്ന ബന്ധമെല്ലാം അവസാനിക്കാൻ പോകുന്നു. അല്പകാലത്തെ ഐഹിക ജീവിതം ഉപേക്ഷിച്ച് അനന്തമായ പാരത്രികജീവിതത്തിലേയ്ക്കു് അവൻ പ്രവേശിക്കാറായി. ഒരു വൈദികൻ അവൻെറ കിടക്കയ്ക്കടുത്തിരുന്നു സാന്ത്വനവചനങ്ങളാൽ അവനെ സമാശ്വസിപ്പിക്കുന്നു. മരണാനന്തരം അവനു ലഭിക്കുവാനിരിക്കുന്ന നിത്യസൗഭാഗ്യത്തെപ്പററി വൎണ്ണിച്ച് ആ ദൈവശുശ്രൂഷി അവനിൽ ധൈര്യവും സന്തോഷവും ഉളവാക്കുന്നു. അവനു ലോകത്തിൽനിന്നു പുറപ്പെടാനുള്ള സമയമായി. ഒരു കുദാശ സ്വീകരിച്ചുകൊണ്ടു് ഈ നിതിമാൻ

ലോകജീവിതം സമാരംഭിച്ചു; മറെറാരു ക്രൂദാശ സ്വീകരിച്ചു കൊണ്ടു ജീവിതരംഗത്തുനിന്നു് അവൻ തിരോധാനം ചെയ്യുവാൻ പോകുന്നു. ശൈശവത്തിൽ മതം അവനെ പിള്ളത്തൊട്ടിയിലിട്ടു താരാട്ടി; ഇപ്പോൾ അതിൻെറ മാധുര്യമുള്ള സംഗീതവും മാതൃകമായ പരിചരണവും അവനെ മരണത്തൊട്ടിയിലിട്ടു താരാട്ടി ഉറക്കും. അവൻെറ മുഖത്തു സ്ഫുരിക്കുന്ന സന്തോഷം, അവൻെറ ആത്മാവു ശരീരത്തിൽ നിന്നു വേർപെടാറായി എന്നതിനെ സൂചിപ്പിക്കുന്നു. വാനാരൂപികളുടെ ശ്രുതിമധുരങ്ങളായ കീർത്തനങ്ങൾ അവൻെറ ശ്രവണപുടങ്ങളിൽ എത്തുന്നു. സൽകമ്മത്തിനും നന്മരണത്തിനും പ്രതിസമ്മാനമായ നിത്യജീവൻ അവനെ പ്രതീക്ഷിച്ചിരിക്കുന്ന സ്വർഗ്ഗത്തിലേക്കു് അതിവേഗം പറന്നെത്തുവാൻ അവൻ തയ്യാറാകുന്നു" ("Genius of Christianity," Book 1., Chap. xi.) പണ്ഡിതവര്യനായ സ്വാരസ്സ് അന്ത്യശ്വാസം വിടുന്നതിന് അല്പം മുൻപ് ഇപ്രകാരം പറയുകയുണ്ടായി. "മരണം ഇത്ര ആനന്ദപ്രദമാണെന്നു് ഊഹിക്കുവാൻപോലും എനിക്കു കഴിഞ്ഞില്ല." ഞാൻ ഇടവകഭരണത്തിലേർപ്പെട്ടിരുന്ന കാലത്തു പല നീതിമാന്മാരും മരിക്കുന്നതു കാണുവാനുള്ള ഭാഗ്യം എനിക്കു ലഭിച്ചിട്ടുണ്ടു്. ഹാ! എത്ര ഹൃദയാവർജ്ജകമായ കാഴ്ച! അവയെ വർണ്ണിക്കുവാൻ ഞാൻ അശക്തനാണു്. ചിലർ യൗവനദശയിൽത്തന്നെ ഐഹികവാസം വെടിയുന്നതും ഞാൻ കണ്ടിട്ടുണ്ടു്. മരണത്തെപ്പററി ചിന്തിക്കയിൽ അവരുടെ മുഖത്തു സന്തോഷം സ്ഫുരിക്കുന്നു. ലൗകികസന്തോഷങ്ങളെ വിട്ടുപോകുന്നതിൽ അവർക്കു് അശേഷം മനസ്താപമില്ല. അവരുടെ മരണക്കിടക്കയ്ക്കു ചുററും നിന്നു കണ്ണുനീർ പൊഴിക്കുന്ന ബന്ധുമിത്രാദികളെ അവർ സമാശ്വസിപ്പിക്കുന്നു. വിദേശത്തിൽ വസിക്കുന്ന ഒരുവൻ സ്വദേശത്തെയും സ്വഭവനത്തെയും കുറിച്ചെന്നപോലെ അവർ

സ്വൎഗ്ഗരാജ്യത്തെപ്പററി സംസാരിക്കുന്നു. ലോകത്തെ വെടിഞ്ഞു ക്രിസ്തുവിൻെറ പക്കൽ ചെന്നുചേരുന്നതിനുള്ള ആ വിനാഴികയെ അവർ അക്ഷമരായി പാൎത്തിരിക്കുന്നു. അവൎക്കു മരണം എത്ര ആനന്ദപ്രദം! അവിശ്വാസികൾക്കു മരണം എത്ര ഭയാനകവും സങ്കടകരവുമാണ്! മരണത്തെ ആശ്വാസപ്രദവും സന്തോഷസംദായകവും ആക്കിത്തീൎക്കുന്ന ഒരു മതത്തെപ്പററി ഒരവിശ്വാസി എന്തു വിചാരിക്കും?

## II.
## വിശുദ്ധൻ.

ഒരു യഥാൎത്ഥക്രിസ്ത്യാനിയും ഒരു വിശുദ്ധനും തമ്മിൽ വളരെ അന്തരമുണ്ട്. അസാധാരണമായ പരിശുദ്ധതയും പുണ്യപൂൎണ്ണതയും പ്രാപിച്ച ഒരാളാണു വിശുദ്ധൻ. എല്ലാ മാനുഷികശക്തികളും എല്ലാ അയഥാൎത്ഥമതങ്ങളും എല്ലാ തത്വശാസ്ത്രജ്ഞന്മാരും ഒത്തൊരുമിച്ചു പരിശ്രമിച്ചാലും ഒരുവനെ പുണ്യവാനാക്കുക അസാധ്യമത്രെ. സുവിശേഷത്തിലടങ്ങിയിരിക്കുന്ന കല്പനകളും ഉപദേശങ്ങളും അനുസരിച്ചു ജീവിതം നയിക്കുന്നതിൽ പുണ്യവാന്മാർ പ്രദൎശിപ്പിക്കുന്ന ഔൽസുക്യം അന്യാദൃശമാണ്. ധൎമ്മനിരതരും നീതിതല്പരരും ആയ അനേകം സ്ത്രീപുരുഷന്മാരെ അനുദിനം നാം കാണുന്നു. എന്നാൽ ഇവരെല്ലാം പുണ്യവാന്മാരല്ല. മനുഷ്യവംശമാകുന്ന ആരാമത്തിൽ വികസിച്ചു നില്ക്കുന്ന സുരഭിലകുസുമങ്ങളും കത്തോലിക്കാസഭാമാതാവിൻെറ വിജയകിരീടത്തെ സവിശേഷം അലങ്കരിക്കുന്ന അനൎഘരത്നങ്ങളുമാകുന്നു വിശുദ്ധന്മാർ. അവർ ദൈവത്തിൻെറ യഥാൎത്ഥ സ്നേഹിതന്മാരും അവിടുത്തെ വാത്സല്യഭാജനങ്ങളായ സന്താനങ്ങളുമാകുന്നു. സ്നേഹമാകുന്ന ശൃംഖലയാൽ അവർ പരിശുദ്ധതമത്രിത്വത്തോടു ഗാഢമായി ബന്ധിക്കപ്പെട്ടിരിക്കുന്നു.

സാധാരണക്കാരായ അനേകായിരം മനുഷ്യൎക്ക നൽകുന്നതി ലധികം സ്വൎഗ്ഗീയ ദാനങ്ങളെ ദൈവം ഇവരുടെമേൽ വർ ഷിക്കുന്നു. ദൈവത്തിന്ന് അവരോടുള്ള സ്നേഹം അത്രമാത്ര മാണ്. ഇവരാണു സാക്ഷാൽ മഹാത്മാരെന്ന പേരിന്ന് അർഹ തയുള്ളവർ. താൽകാലിക ജീവിതത്തെ സുഖപ്രദമാക്കുന്ന തിന്ന് അവർ പരിശ്രമിക്കുന്നില്ല; നിത്യഭാഗ്യത്തെമാത്രം ലാ ക്കാക്കി അവർ തീവ്രയത്നം ചെയ്യുന്നു. ഭൗതികവസ്തുക്കൾ കൊണ്ടു് അവർ തൃപ്തിയടയുന്നില്ല; അനന്തനന്മയായ ദൈവ ത്തിനു മാത്രമേ അവരെ സംതൃപ്തരാക്കുവാൻ സാധിക്കയുള്ളൂ. പുണ്യസമ്പാദനത്തിന്ന് അനുപേക്ഷണീയമായ ഗുണങ്ങൾ സ്നേഹവും ധൈര്യവും ആകുന്നു. ദൈവത്തിന്റെ നേൎക്കുള്ള അതിവമായ സ്നേഹം വീരകൃത്യങ്ങൾ ചെയ്യുന്നതിനു പുണ്യ വാന്മാരെ പ്രേരിപ്പിക്കുന്നു. ഈ സ്നേഹം മരണത്തെക്കാൾ ശക്തിയുള്ളതാണ്. പൈശാചികതന്ത്രങ്ങൾക്കോ ജഡി കമോഹങ്ങൾക്കോ നശിപ്പിക്കാൻ സാധിക്കാത്ത ഒരു ദിവ്യശക്തിയെ ഇതു് അവരുടെ ആത്മാവിനു പ്രദാനം ചെയ്യുന്നു. ഗ്രീക്കുചരിത്രത്തിൽ താഴെപ്പറയുന്ന സംഭ വം നാം കാണുന്നു. സ്പാർട്ടാക്കാരായ മുന്നൂറു വീരയോദ്ധാക്കൾ തർമ്മോപൊലി എന്ന ഇടുക്കുവഴിയിൽ സംഖ്യാതീതമായ ശത്രുസൈന്യത്തെ എതിർക്കുന്നതിനു തയാറായി നിന്നിരു ന്നു. യുദ്ധത്തിൽ നിശ്ചയമായും മരിക്കേണ്ടിവരുമെന്ന് അ വർ എവരും അറിഞ്ഞിരുന്നു. അവരിൽ ഒരാൾ അടുത്തുണ്ടാ യിരുന്ന ഒരു പാറമേൽ തന്റെ വാളിന്റെ മുനകൊണ്ടു വി ശ്രവിഖ്യാതമായ ഈ വാക്യം രേഖപ്പെടുത്തുകയുണ്ടായി. "ഈ വഴിയിൽക്കൂടെ കടന്നുപോകുന്നവരേ! ഞങ്ങൾ സ്പാർട്ടായ്ക്കു വേണ്ടിയാണു മരിച്ചതെന്ന് അവളോടു ചെന്നു പറയുവിൻ." ഈ ധീരകൃത്യം ആരെയാണു വിസ്മയഭരിതരാക്കാത്തതു്?

അവരുടെ സ്വരാജ്യസ്നേഹം എത്രമാത്രമെന്നു നോക്കുക! ധീരതയാണു വീരന്മാരുടെ ലക്ഷണം. ദൈവദൃഷ്ടിയിൽ പുണ്യവാന്മാരെല്ലാം ധീരന്മാരാകുന്നു. നമ്മുടെ ജഡികമോഹങ്ങളെ അമർത്തുകയും, ദുർഗ്ഗുണങ്ങളെ ജയിക്കയും, വീരോചിതമായ രീതിയിൽ പുണ്യങ്ങൾ പരിശീലിക്കയും ചെയ്യുന്നതു, സാമ്രാജ്യങ്ങൾ പിടിച്ചടക്കുന്നതിനെക്കാൾ വിഷമമേറിയതാണ്. അപരാധത്തിനു മാപ്പു കൊടുക്കുന്നതിനെന്നല്ല, ശത്രുക്കളെ സ്നേഹിക്കുന്നതിനും, അവരെ ആലിംഗനം ചെയ്യുന്നതിനുപോലും പുണ്യവാന്മാർ സദാ സന്നദ്ധരാണ്; അവരുടെ സ്നേഹം അത്രമാത്രമാണ്. അവരുടെ ചാരിത്ര്യത്തിനു ഭംഗം വരുത്താവുന്ന വസ്തുക്കളെ നോക്കുന്നതിനുപോലും അവർ ശങ്കിക്കുന്നു. അവരുടെ ശാന്തത, സ്വാഭാവികവും നിർദ്ദോഷവുമായ വികാരങ്ങളെപ്പോലും അമർത്തുന്നതിന് അവരെ പ്രേരിപ്പിക്കുന്നു. വിനയാധിക്യത്താൽ ലോകത്തിൻെറ നിന്ദയെയും അപഹാസത്തെയും അവർ ആഗ്രഹിക്കുന്നു. കാവ്യരുടെയും യഹൂദരുടെയും ആദർശം എവിടേ? ക്രിസ്തു ലോകത്തിനു പ്രദാനംചെയ്ത അത്യുൽകൃഷ്ടമായ ആദർശം എവിടേ? ക്രിസ്തു മനുഷ്യനെ പരിശുദ്ധമായ ഒരന്തരീക്ഷത്തിലേക്കുയർത്തി. അദ്ദേഹം മനുഷ്യസ്വഭാവത്തിൻെറ ഗതിയെ തടഞ്ഞില്ല; പ്രത്യുത, തൻെറ അനുഗ്രഹപ്രകർഷത്താൽ അതിനു കൂടുതൽ ശക്തി നൽകുകയാണു ചെയ്തതു്. ക്രിസ്തുവിനു മുൻപു് എന്നപോലെ ഇന്നും മനുഷ്യൻ തിന്മയിലേക്കു ചാച്ചിലുള്ളവനാണ്. ദുരിച്ഛകളും ദുഷ്ടത പ്രവർത്തിക്കുന്നതിനുള്ള വാസനയും അവനിൽ ഇപ്പോഴും സ്ഥിതിചെയ്യുന്നു. എങ്കിലും മുൻപു് അവൻ ജപിച്ചിട്ടില്ലാത്ത ഒരു സ്നേഹപ്രകരണം ഇന്നു് അവൻ ഭക്തിപൂർവ്വം ഉച്ചരിക്കുന്നു: "എൻെറ ദൈവമേ! എൻെറ മുഴുഹൃദയത്തോടും ആത്മാവോടുംകൂടി എല്ലാററിനെക്കാൾ അധികമായി നിന്നെ ഞാൻ സ്നേഹി

ക്കുന്നു.” സുഖഭോഗങ്ങളാകുന്ന സമുദ്രത്തിൽ മുങ്ങിപ്പോകാതെ പത്രോസ്സ്ലീഹായെപ്പോലെ അവൻ അതിൻെറ മീതെ നടക്കുന്നു. വിമതസ്ഥർ ഇതുവരെ ഗ്രഹിക്കാത്തതും അവർക്കു ഗ്രഹിക്കുവാൻ സാധിക്കാത്തതുമായ ഒരു വാസ്തവമാണ് ഇതു്. പുണ്യവാന്മാരുടെ പുണ്യപൂർണ്ണത ക്രിസ്ത്യേതരന്മാരെ വിസ്മയിപ്പിക്കുന്നു; അതു് അവരുടെ ബുദ്ധിക്കു കണ്ടുപിടിക്കുവാൻ കഴിയാത്ത ഒരു മഹാ രഹസ്യമായിത്തന്നെ സ്ഥിതിചെയ്യുന്നു. ഫ്റാൻസിലെ രാജാവായിരുന്ന വി. ലൂയിസിനെക്കുറിച്ചു മതവിദ്വേഷിയായ വാൾട്ടയർ എഴുതിയിരിക്കുന്ന ഭാഗം ശ്രദ്ധേയമാണ്. “വി. ലൂയിസ് രാജോചിതമായ ആഡംബരങ്ങളുടെ മദ്ധ്യേ എളിയവനായി പ്രത്യക്ഷപ്പെടുന്നു. അദ്ദേഹം രാജാവെങ്കിലും വിനീതനും ശാന്തശീലനുമാണ്. ദരിദ്രരേയും ദുഃഖിതരേയും അദ്ദേഹം സഹായിക്കുകയും അവരുടെ ശുശ്രൂഷിയായിത്തീരുകയും ചെയ്യുന്നു. ദരിദ്രരെ പരിചരിച്ച ആദ്യരാജാവു് ഇദ്ദേഹമാണ്. ക്രിസ്തുവിനു മുൻപു് ഏതാദൃശമായ ഒരു ധീരപ്രവൃത്തിയെപ്പററി ലോകം വിചാരിക്കപോലും ചെയ്തിട്ടുണ്ടായിരിക്കയില്ല. കാവ്യർക്കു സ്നേഹം കേവലം അജ്ഞാതമായിരുന്നു.......ബാഹ്യമാത്രമായ അവരുടെ പുണ്യം വീരോചിതമായ യഥാർത്ഥപുണ്യത്തിൽനിന്നു് എത്ര വ്യത്യസ്തമാണ്! രാജകിയകിരീടത്തേയും കാരാഗൃഹത്തിലെ ഇരുമ്പുചങ്ങലകളേയും, സുഖത്തേയും ദുഃഖത്തേയും, ജീവനേയും മരണത്തേയും ഒരേവിധം ഇഷ്ടപ്പെടുന്നതിനും, പ്രശംസാർഹങ്ങളായ പ്രവൃത്തികൾ ചെയ്യുന്നതിനും, അന്യരിൽനിന്നു ലഭിക്കുന്ന പ്രശംസയിൽ സന്തോഷിക്കാതിരിക്കുന്നതിനും, ദൈവത്തേയും കർത്തവ്യത്തേയുംമാത്രം സ്നേഹിക്കുന്നതിനും, അന്യരുടെ അനർത്ഥങ്ങളിൽ സഹതപിക്കുന്നതിനും, ലോഭനങ്ങളേയും പീഡനങ്ങളേയും പുണ്യസമ്പാദനത്തി

നുള്ള ഉപകരണങ്ങളായി പരിഗണിക്കുന്നതിനും, ദൈവം സകലത്തും കാണുന്നു എന്നുള്ള ബോധത്തോടുകൂടി വ്യാപരിക്കുന്നതിനും, എല്ലാം ദൈവത്തിനുവേണ്ടിമാത്രം ചെയ്യുന്നതിനും, അദ്ദേഹത്തെപ്രതി മാത്രം കഷ്ടതകൾ സഹിക്കുന്നതിനും ഒരു യഥാൎത്ഥക്രൈസ്തവനല്ലാതെ ആൎക്കാണു സാധിക്കുക! ഇപ്രകാരമെല്ലാം പ്രവൎത്തിച്ച ഒരു യഥാൎത്ഥക്രൈസ്തവയോധാവത്രെ വി. ലൂയിസ്. മഹാനെങ്കിലും സദാ വിനീതനും, സ്വാൎത്ഥപരിത്യാഗിയെങ്കിലും പരകാൎയ്യതത്പരനും ആയ അദ്ദേഹം സ്വജനങ്ങളുടെ ഗുണത്തിനും ദൈവത്തിന്റെ സ്തുതിക്കുംവേണ്ടി യുദ്ധം ചെയ്തു. വിജയിയായപ്പോൾ അദ്ദേഹം ശത്രുക്കളോടു ക്ഷമിച്ചു; പരാജിതനായപ്പോൾ മടികൂടാതെ കാരാഗൃഹവാസം സ്വീകരിച്ചു. അദ്ദേഹത്തിന്റെ ജീവിതം പാപരഹിതമായിരുന്നു; അദ്ദേഹം താപസവസ്ത്രം ധരിച്ചു; ക്ഷാരത്തിൽ കിടന്നു മരിച്ചു" (Voltaire, Edition Beuchot, tome 39, P. 127). ഏതു സ്ഥിതിയിലുള്ളവരേയും വിശുദ്ധന്മാരാക്കുവാൻ ദൈവത്തിനു കഴിയും. ബാലനോ വൃദ്ധനോ, കൃഷീവലനോ യുദ്ധവീരനോ, പണ്ഡിതനോ പാമരനോ, രാജാവിനോ ഭൃത്യനോ, നിൎമ്മല ഹൃദയനോ പാപിഷ്ഠനോ, ആൎക്കാണു പുണ്യസോപാനത്തിന്റെ അത്യുച്ചിയിൽ എത്തുവാൻ സാധിക്കാത്തതു്? ഏററം നികൃഷ്ടപാപിയെപ്പോലും ദൈവം തന്റെ അനുഗ്രഹവൎഷത്താൽ സ്വൎഗ്ഗത്തിനു യോഗ്യനാക്കിത്തീൎക്കുന്നു. മതപീഡകനും അനേകം ക്രിസ്ത്യാനികളെ നിഷ്ഠുരണം വധിച്ചവനുമായ സാവൂൾ പ്രേഷിതപ്രവരനായ വി. പൗലോസായിത്തീരുന്നു; പരസ്യപാപിനിയായിരുന്ന മഗ്ദലേനാ സകലരുടേയും വണക്കത്തിനും ഭക്ത്യാദരങ്ങൾക്കും യോഗ്യയായി പരിണമിക്കുന്നു. ദുൎബലയും പതിമൂന്നു വയസ്സുമാത്രം പ്രായമുള്ളവളുമായിരുന്ന

ആഗ്നസ്, തന്റെ അനിതരസാധാരണമായ ധൈര്യവും അന്യാദൃശമായ സ്ഥൈര്യവുംകൊണ്ടു ലോകത്തിന്റെ അത്ഭുതവിഷയമായി ഭവിക്കുന്നു. മഹാ പാപിയായിരുന്ന ആഗസ്തിനോസ് തിരുസ്സഭയുടെ ഒരു മഹാ പണ്ഡിതനായി പകരുന്നു. മുൻകോപി ആയിരുന്ന വിൻസൻറ് ദെ പോൾ ശാന്തതയ്ക്കും സൗമ്യതയ്ക്കും ഒരു മാതൃകയായിച്ചമയുന്നു. ദൈവത്തിന് ആരെയാണു വിശുദ്ധനാക്കാൻ പാടില്ലാത്തതു്! അവിടുന്നു ലോകത്തിന്റെ മായാമോഹങ്ങളിൽ കിടന്നുഴലുന്ന യുവാവിനെ വിളിച്ച് ഏകാന്തസ്ഥലമായ സന്യാസാശ്രമത്തിലേയ്ക്ക് ആനയിക്കുന്നു. ലൗകികസുഖസന്തോഷങ്ങളിൽ നിമഗ്നയായി ജീവിതം നയിക്കുന്ന ഒരു തരുണിയുടെ ചെവിയിൽ അവിടുന്ന് എന്തോ മന്ത്രിക്കുന്നു; തൽക്ഷണം അവൾ 'ദരിദ്രരുടെ സഹോദരി'യായി പ്രത്യക്ഷപ്പെടുന്നു. തിരുസ്സഭയാകുന്ന മനോഹരോദ്യാനത്തിൽ വികസിച്ചു നില്ക്കുന്ന സുരഭിലങ്ങളായ പുണ്യപ്രസൂനങ്ങളിൽ ചിലതിനെ എങ്കിലും പുറപ്പെടുവിക്കുന്നതിനു ഭാഗ്യംലഭിക്കാത്തതായതൊരു ഭൂവിഭാഗമോ കാലഘട്ടമോ ഇല്ല. ഓരോ വിശുദ്ധനും ഓരോ വിശേഷഗുണമുണ്ട്. ഒരു നക്ഷത്രം മറെറാന്നിൽനിന്നു വ്യത്യസ്തമായിരിക്കുന്നതുപോലെ പുണ്യവാന്മാർ അന്യോന്യം വ്യത്യാസപ്പെട്ടിരിക്കുന്നു. ദൈവപ്രസാദവരം സാരാംശത്തിൽ ഒന്നാണെങ്കിലും അതിന്റെ പ്രവൃത്തി പലവിധമാണ്. ചിലർ സന്യാസജീവിതത്തിൽ വിശുദ്ധന്മാരായിത്തീരുന്നു; മററുചിലർ കുടുംബജീവിതത്തിൽ പുണ്യം സമ്പാദിക്കുന്നു; വേറെ ചിലർ ദാരിദ്ര്യവും പീഡനവും സഹിച്ച് അദ്ധ്യാത്മജീവിതത്തിൽ അഭിവൃദ്ധി പ്രാപിക്കുന്നു; ഇനിയും ചിലർ രാജകീയാഡംബരങ്ങളുടെ മദ്ധ്യേ പുണ്യജീവിതം നയിക്കുന്നു. ഇംഗ്ലണ്ടിലെ രാജാവായിരുന്ന വി. എഡവർഡ് സകലവിധ ലൗകികസൗഭാഗ്യങ്ങളും നിറഞ്ഞ

രാജമന്ദിരത്തിൽ ഒരു വാനാരൂപിയെപ്പോലെ പരിശുദ്ധമായ ഒരു ജീവിതം നയിച്ചു. പാരീസുനഗരത്തിൻെറ സംരക്ഷകയായ വി. ജനെവീവ് ആട്ടമേച്ചു നടന്നിരുന്ന ഒരു ബാലികയായിരുന്നു; വി. മൗരിഷ്യസ് ഒരു പടയാളി ആയിരുന്നു; വി. ബനഡിക്തോസ്‌ലാബർ ഒരു ഭിക്ഷുവായിരുന്നു; വി. പെർപ്പെതാ ഒരു പ്രഭുകുടുംബത്തിൽപ്പെട്ടവളായിരുന്നു; വി. ബ്ലൽദീന ഒരടിമയായിരുന്നു. പുരാതനകാലത്തെ സുപ്രസിദ്ധ ധർമ്മോപദേഷ്ടാവായിരുന്ന സോക്രട്ടീസ് ലോകത്തിലേയ്ക്കു് തിരിച്ചുവന്നു വിൻസെൻറ് ദെപോൾ എന്ന പുണ്യശ്ലോകൻെറ ജീവചരിത്രം പാരായണം ചെയ്യുന്നതായാൽ അദ്ദേഹത്തിനുണ്ടാകുന്ന വികാരങ്ങളും വിചാരങ്ങളും എന്തെല്ലാമായിരിക്കും! നിശ്ചയമായും അദ്ദേഹം അത്ഭുതപരതന്ത്രനായിത്തീരും. ഈ വിശുദ്ധൻെറ അത്ഭുതാവഹമായ ജീവിതത്തെപ്പററി ക്രിസ്ത്യേതരന്മാർ എന്തു വിചാരിക്കുമാവോ? ഇത്ര അനിതരസാധാരണമായ ആത്മപരിത്യാഗത്തിനും ധീരോദാത്തതയ്ക്കും പ്രകൃത്യതീതമല്ലാത്ത വല്ല കാരണവും കണ്ടു പിടിക്കുവാൻ അവർക്കു സാധിക്കുമോ? മനുഷ്യരുടെ കഷ്ടതകളെ അകററുന്നതിനു ലോകത്തിലുള്ള സകല ചക്രവത്തികളും രാജാക്കന്മാരും പ്രവത്തിച്ചിട്ടുള്ളതിൽ കൂടുതൽ വിൻസൻറ് ദെപോൾ പ്രവത്തിച്ചിട്ടുണ്ടു്. മൂലധനമോ ഇതരലൗകികാനുകൂല്യങ്ങളോ ഇല്ലാതിരുന്നിട്ടും, അനാഥരായ പൈതങ്ങൾക്കും നിസ്സഹായരായ വൃദ്ധന്മാക്കും പീഡിതരായ അടിമകൾക്കുംവേണ്ടി അനേകം ആതുരശാലകളും ധർമ്മസ്ഥാപനങ്ങളും അദ്ദേഹം സ്ഥാപിച്ചു. ലൊറെയിൻയുദ്ധകാലത്തു് അദ്ദേഹം ഒരു ധർമ്മശേഖരം നടത്തി അനേകം ആളുകളെ സംരക്ഷിച്ചു. മഞ്ഞുകാലം ആരംഭിക്കുമ്പോൾ കണ്ണീർ ഒഴിക്കിക്കൊണ്ടു് അദ്ദേഹം ഇപ്രകാരം പറഞ്ഞിരുന്നു. "ഹാ! ദുർഭിക്ഷത്തിൻെറ കാലമാണു് ഇതു്. ദരിദ്രർ

എന്തു ചെയ്യും"? ശേഖരിച്ച ധനമെല്ലാം ദരിദ്രരുടെ ഇടയിൽ വിതരണം ചെയ്യപ്പെട്ടു എന്നറിയുമ്പോൾ "കൊള്ളാം, ദൈവപരിപാലനത്തിൽ നമുക്കു വിശ്വാസമുണ്ടോ എന്നറിയുന്നതിനു തക്കസമയം ഇതുതന്നെ" എന്ന് അദ്ദേഹം പറയുക പതിവായിരുന്നു. അദ്ദേഹത്തിന്റെ പ്രവൃത്തികളിൽ പ്രകാശിച്ചിരുന്ന പ്രശാന്തതയും വചനങ്ങളിൽ വഴിഞ്ഞൊഴുകിയിരുന്ന മാധുര്യവും ക്രിസ്തുവിന്റെ അന്യാദൃശമായ പ്രശാന്തതയെയും പ്രഭാഷണത്തിലുള്ള മാധുര്യത്തെയും അനുസ്മരിപ്പിക്കുന്നതിനു പര്യാപ്തമായിരുന്നു. അസാധാരണമായ ക്ഷമാശീലംകൊണ്ടും നിശ്ചയദാർഢ്യംകൊണ്ടും അദ്ദേഹം മനുഷ്യരിൽ ഏററം വിനീതഹൃദയനും ശാന്തശീലനും ആയിത്തീർന്നു. അന്യർ അദ്ദേഹത്തിന്റെ നേർക്കു പ്രദർശിപ്പിച്ചിരുന്ന ബഹുമാനാദരങ്ങളെ പരിഹാസമായിട്ടേ അദ്ദേഹം പരിഗണിച്ചിരുന്നുള്ളൂ. താൻ മനുഷ്യരിൽ ഏററം നികൃഷ്ടനും ഏവരുടെയും നിന്ദക്കു വിഷയവും ആണെന്ന് അദ്ദേഹം വിചാരിച്ചുപോന്നു. ജീവസന്ധാരണത്തിന് അവശ്യാവശ്യമായവപോലും ലഭിക്കുന്നതിനു താൻ അർഹനല്ലെന്നാണ് അദ്ദേഹം കരുതിയിരുന്നതു് ("Vie de S. Vincent de Paul," Par Hamon, C. 7). വിഗ്രഹാരാധകന്മാരുടെയും യഹൂദന്മാരുടെയും ആദർശങ്ങളെ അപേക്ഷിച്ച് ക്രൈസ്തവാദർശം അത്യുൽകൃഷ്ടമാണെന്നു ഇതിൽ നിന്ന് സ്പഷ്ടമല്ലയോ?

## III.

## രക്തസാക്ഷി.

ലോകപരിത്രാണകനായ ക്രിസ്തു, തന്റെ സഭക്ക് എതിരായി ഉണ്ടാകുവാനിരുന്ന പീഡകളെ മുൻകൂട്ടി ദർശിച്ചുകൊണ്ടു് സ്വശിഷ്യരോട്  ഇപ്രകാരം അരുളിച്ചെയ്യുന്നു:

"അവർ നിങ്ങളെ പീഡിപ്പിക്കുന്നതിന് ഏല്പിച്ചു കൊടുക്കയും നിങ്ങളെ കൊല്ലുകയും ചെയ്യും. എൻെറ നാമം നിമിത്തം നിങ്ങൾ സകല ജനങ്ങളാലും ദ്വേഷിക്കപ്പെടും." (മത്തായി., ൨൪, ൯) "നിങ്ങൾ കരയുകയും വിലപിക്കുകയും ചെയ്യും; എന്നാൽ ലോകം സന്തോഷിക്കും; നിങ്ങൾ ദുഃഖിക്കും; എങ്കിലും നിങ്ങളുടെ ദുഃഖം സന്തോഷമായി പകർത്തപ്പെടും...... ധൈര്യമുള്ളവരായിരിപ്പിൻ; ഞാൻ ലോകത്തെ ജയിച്ചിരിക്കുന്നു." (യോഹ., ൧൬, ൨൦-൩൩) ക്രിസ്തുവിൻെറ പ്രസ്തുതവചനങ്ങളാണു നിഷ്ഠുരപീഡനങ്ങൾ സഹിക്കുന്നതിനും സ്വജീവനെപ്പോലും ബലികഴിക്കുന്നതിനും രക്തസാക്ഷികൾക്കു പ്രേരകമായിത്തീർന്നതു്. കത്തോലിക്കാ സഭയിൽ ലക്ഷോപലക്ഷം വേദസാക്ഷികൾ ഉണ്ടു്. ഇവരുടെ കൂട്ടത്തിൽ സ്ത്രീ പുരുഷഭേദമെന്യേ എല്ലാ പ്രായക്കാരും എല്ലാ രാജ്യക്കാരും ഉണ്ടു്. യജമാനന്മാരേയും ഭൃത്യന്മാരേയും, പടയാളികളേയും കർഷകന്മാരേയും, യുവാക്കന്മാരേയും യുവതികളേയും, ബാലന്മാരേയും വൃദ്ധന്മാരേയും ഇവരുടെ ഇടയിൽ കാണാൻ കഴിയും. ക്രൈസ്തവമതം യഥാർത്ഥമാണെന്നുള്ളതിനു് അവർ അനിഷേധ്യമായ സാക്ഷ്യം നൽകുന്നു. അവർണ്ണനീയമായ പീഡനങ്ങൾ സഹിച്ചു് അവർ മതത്തിനുവേണ്ടി ജീവൻ സമർപ്പിച്ചു. മ്ലേച്ഛന്മാരും അതിക്രൂരന്മാരുമായ മനുഷ്യർക്കു കണ്ടുപിടിക്കാൻ പാടുള്ള ഏററം കഠോരമായ ദേഹോപദ്രവങ്ങൾ അവർ സഹിക്കേണ്ടിവന്നു. അവരെ പീഡിപ്പിക്കുവാൻ ഉപയോഗിച്ച കരുക്കളുടെ പേരുകൾ കേൾക്കുമ്പോൾത്തന്നെ നാം ഭയവിഹ്വലരാകുന്നു. മാംസം കീറിപറിക്കുവാനുള്ള ഇരുമ്പുചീപ്പുകൾ, മുള്ളുചക്രങ്ങൾ, ചുട്ടു പഴുപ്പിച്ച ഇരുമ്പു കസേരകൾ, അഗ്നികുണ്ഡങ്ങൾ, ചമ്മട്ടികൾ, ചാട്ടകൾ, കൊരടാവുകൾ, കത്തികൾ, കുന്തങ്ങൾ, അറക്കവാളുകൾ, കോടാലികൾ മുതലായവ

യാണു രക്തസാക്ഷികളെ പീഡിപ്പിക്കുവാൻ ഉപയോഗിച്ചിരുന്ന ഉപകരണങ്ങൾ. ഇവകൊണ്ടു ക്രൂരമായവിധം പീഡിപ്പിക്കപ്പെട്ടിട്ടും മരിക്കാതിരുന്ന വേദസാക്ഷികളെ ആ കഠിനഹൃദയർ വന്യമൃഗങ്ങൾക്കു് ഇരയായി ഇട്ടുകൊടുക്കുകയും, അവ അവരെ കടിച്ചു കീറുന്നതു കണ്ടു രസിക്കയും ചെയ്തിരുന്നു. എന്നാൽ ഈ ഭയങ്കരമർദ്ദനങ്ങളെല്ലാം രക്തസാക്ഷികൾ നിശ്ചഞ്ചലരായി സഹിച്ചതേയുള്ളു. അവർ ഭയാകുലരായിത്തീരുകയോ, മനഃക്ഷോഭം പ്രദർശിപ്പിക്കയോ, വിഭ്രാന്തചിത്തരായി ഭവിക്കയോ, ദുസ്സഹമായ വേദനയാൽ വിലപിക്കയോ, പീഡകരുടെ അനുകമ്പയെ അഭ്യർത്ഥിക്കയോ ചെയ്യുന്നില്ല. പ്രത്യുത, അനിതരസാധാരണമായ പ്രശാന്തതയും, അന്യാദൃശമായ ക്ഷമയും, അനുകരണീയമായ വിനയവും, അവാച്യമായ ആനന്ദവും ആണു് അവർ പ്രകാശിപ്പിക്കുന്നതു്. മരണമാത്രയിൽപ്പോലും അവർ തങ്ങളുടെ ഘാതകന്മാർക്കുവേണ്ടി പ്രാർത്ഥിക്കുന്നു. "പിതാവേ! അവരോടു ക്ഷമിക്കേണമെ; എന്തുകൊണ്ടെന്നാൽ അവർ ചെയ്യുന്നതെന്തെന്നു് അവർ അറിയുന്നില്ല." (ലൂക്കാ, ൨൩, ൩൪.) ഇത്ര ലോകോത്തരമായ പ്രശാന്തതയും പ്രസന്നതയും, അവരുടെ പീഡകന്മാരെ അപഹൃതചിത്തവൃത്തികളാക്കുകയും പലരുടെയും മാനസാന്തരത്തിനു കാരണമായി ഭവിക്കുകയും ചെയ്തു. പ്രകൃത്യതീതമെന്നു സകലരും സമ്മതിക്കുന്ന ഒരു സംഭവമാണു് ഇതു്. ലോകത്തിലുള്ള അവിശ്വാസികൾ എവരും ഒന്നു ചേർന്നു പരിശ്രമിച്ചാലും ഇതിനു മതിയായ കാരണം പ്രകൃതിയിൽത്തന്നെ കണ്ടുപിടിക്കുവാൻ സാധിക്കുന്നതല്ല. ഈ ഇരുപതു നൂററാണ്ടുകൾക്കിടയിൽ അനേകായിരം രക്തസാക്ഷികൾ പ്രദർശിപ്പിച്ച അത്ഭുതാവഹമായ വിശ്വാസദാർഢ്യവും, ആത്മ പരിത്യാഗവും, ധീരതയും നിശ്ചയ

മായും മനുഷ്യശക്തിക്കതീതമാണ്. ആകയാൽ ദൈവശക്തിയാണ് അവരിൽ പ്രവൎത്തിച്ചതു് എന്നു സമ്മതിക്കാതെ ഗത്യന്തരമില്ല. രക്തസാക്ഷിണിയായ വി. ആഗ്നസിൻെറ ജീവചരിത്രംപോലെ എൻെറ ആത്മാവിന് അത്രമാത്രം ഉപകാരപ്രദമായി തീൎന്നതും എൻെറ ഹൃദയത്തിൽ അത്ര ഉൽകൃഷ്ടങ്ങളായ വികാരങ്ങളെ ഉളവാക്കിയതും ആയ യാതൊന്നും ഞാൻ വായിച്ചിട്ടില്ല. ക്രിസ്തുവിനുവേണ്ടി പീഡകൾ സഹിച്ചു സ്വജീവനെ ബലി കഴിച്ചപ്പോൾ ഇവൾക്കു പതിമൂന്നു വയസ്സു മാത്രമേ പ്രായമുണ്ടായിരുന്നുള്ളു. റോമാനഗരത്തിൽ, ധനസമൃദ്ധികൊണ്ടും കുലീനത്വംകൊണ്ടും സുപ്രസിദ്ധമായ ഒരു കുടുംബത്തിലാണ് ഈ ധന്യ ഭൂജാതയായതു്. മാതാപിതാക്കന്മാരുടെ കണ്ണിലുണ്ണിയായി, ഒരു വലിയ സ്വത്തിന് അവകാശിനിയായി, പ്രകൃതിദത്തവും ദൈവദത്തവുമായ അനവധി ഗുണങ്ങളാൽ അലംകൃതയായി ഈ ബാലികാരത്നം നിൎമ്മലവും ചേതോഹരവുമായ ഒരു ലില്ലിപുഷ്പംപോലെ വളൎന്നുവന്നു. ഈശോയേയും ശുദ്ധതയെന്ന പുണ്യത്തേയും അല്ലാതെ മററൊന്നിനേയും അവൾ സ്നേഹിച്ചിരുന്നില്ല. അവൾ ഒരു ശിശുവിനെപ്പോലെ നിഷ്കളങ്കയും നിൎമ്മലഹൃദയയുമായിരുന്നു. അവൾ ഒരു ക്രിസ്ത്യാനിയാണെന്നറിഞ്ഞപ്പോൾ രാജസേവകന്മാർ അവളെ പിടിച്ചു നഗരാധിപൻെറ സന്നിധിയിൽ കൊണ്ടുവന്നു. ക്രിസ്തുമതത്തെ ഉപേക്ഷിക്കാത്തപക്ഷം മരണം നിശ്ചയമാണെന്നു ന്യായാധിപൻ അവളോടു പറഞ്ഞു. അശേഷം ഭയം പ്രദൎശിപ്പിക്കാതെ നയനങ്ങളെ സ്വൎഗ്ഗത്തിലേക്കുയൎത്തി തൻെറ സ്വൎഗ്ഗീയവരനായ ക്രിസ്തുവിനുവേണ്ടി മരിക്കുവാൻ സന്നദ്ധയാണെന്ന് അവൾ സധൈൎയ്യം മറുപടി പറഞ്ഞു. അവളുടെ സ്ഥിരനിശ്ചയത്തിൽനിന്നു വ്യതിചലിപ്പിക്കുന്നതിനായി പ്രീഫെക്ററ് അവളെ ധനാഢ്യനായ ഒരുവനു കല്യാണം കഴിച്ചു

കൊട്ടക്കാമെന്നു പറകയുണ്ടായി. എന്നാൽ ഇതിന് അവൾ പറഞ്ഞമറുപടി ഇപ്രകാരമായിരുന്നു. "ക്രിസ്തുവിനു ഞാൻ സ്വയം വാഗ്ദാനം ചെയ്തു കഴിഞ്ഞു. അദ്ദേഹം കുലീനനാണ്; ധനവാനും സുന്ദരനുമാണ്. അദ്ദേഹത്തെ ഞാൻ സ്നേഹിക്കുന്നു. അദ്ദേഹത്തിൻെറ സ്നേഹം എന്നെ പരിശുദ്ധയാക്കിത്തിക്കുന്നു." അയാളുടെ നയങ്ങളൊന്നും ഫലിക്കുന്നില്ലെന്നു കണ്ടു കോപാവേശനായിത്തീർന്നതിനാൽ അവളെ ഭയപ്പെടുത്തുവാൻ അയാൾ ശ്രമം തുടങ്ങി. പലവിധത്തിലുള്ള പീഡനോപകരണങ്ങൾ അവളെ കാണിച്ചു. അവൾ അവയെ മന്ദസ്മിതത്തോടെ വീക്ഷിച്ചുകൊണ്ടു പ്രശാന്തഗംഭീരയായി നിലകൊണ്ടതേയുള്ളു. മനുഷ്യസമ്പക്കം ലഭിക്കാത്തവിധം അന്ധകാരനിബിഡമായ കാരാഗൃഹത്തിൽ അവളെ അടയ്ക്കുകയും ക്രൂരമായി വധിക്കുമെന്നു പറഞ്ഞു ഭയപ്പെടുത്തുകയും ചെയ്തു. എന്നാൽ, അവളുടെ മനസ്സ്—ആ ദുർബല സ്ത്രീയുടെ മനസ്സ്—അതിപ്രബലങ്ങളായ തിരമാലകൾക്കുപോലും ഇളക്കാൻ വഹിയാത്ത പാറപോലെ നിശ്ചഞ്ചലമായിരുന്നു. യാതൊരു ശക്തിക്കും അവളുടെ സ്ഥൈര്യത്തെ ശിഥിലീഭവിപ്പിക്കുവാൻ സാധിക്കയില്ല. ജനാവലിയുടെ ഭീകരമായ ആരവവും, ന്യായാധിപന്മാരുടെ അതിരുകടന്ന ശാഠ്യവും അവളോടു തോല്ക്കുകയേയുള്ളു. മാതൃകരങ്ങളിൽ ഒരു ശിശുവെന്നവിധം അവൾ സമാധാനചിത്തയായി പ്രത്യക്ഷപ്പെട്ടു. സീസർനാമധാരികളും അതിപ്രബലന്മാരുമായ ചക്രവത്തികളുടെ സകല സൈന്യശക്തികളുമെന്നല്ല, ലോകം മുഴുവൻ തന്നെയും ഭഗീരഥപ്രയത്നം ചെയ്താലും അവളുടെ ഈ മനസ്സമാധാനത്തെയോ ദൃഢനിശ്ചയത്തെയോ ഭഞ്ജിക്കുവാൻ കഴിയുമായിരുന്നില്ല. അവസാനം അവൾ കൊലക്കളത്തിലേയ്ക്കു് ആനീതയായി. മനോഹരമായ ഒരു

പുഷ്പത്തെ അതിൻെറ തണ്ടിൽ നിന്നു പറിച്ച് എറിയു ന്നപോലെ അവളുടെ ശിരസ്സ് ഘാതകന്മാർ ഛേദിച്ചു കളഞ്ഞു. ഒരു ക്ഷണംകൊണ്ട് അവളുടെ ശുഭ്രവസ്ത്രം രക്ത ലിപ്തമാകയും, അവൾ സ്വർഗ്ഗീയ വരൻെറ പക്കലേയ്ക്കു പറ ന്നെത്തുകയും ചെയ്തു. പ്രാചീനകാലത്തെ ധൈര്യശാലിക ളായ കാവ്യരെ ഈ കന്യകയോടു തുലനം ചെയ്യുമ്പോൾ അവർ എത്ര ദുർബ്ബലമാനസരായിട്ടാണു കാണപ്പെടുന്നത്! ഇങ്ങനെ സ്വജീവനെ സ്വർഗ്ഗീയ വരനായി ബലി കഴിച്ചി ട്ടുള്ള ആഗ്നെസിനെപ്പോലെ മററ് അനേകരുണ്ട്. ഏകദേ ശം മൂന്നു ശതകങ്ങൾക്കിടയിൽ പ്രാദേശികങ്ങളായ നിര വധി മർദ്ദനങ്ങൾ കൂടാതെ സാർവ്വത്രികമായ മതപീഡന ങ്ങൾതന്നെ പത്തെണ്ണമുണ്ടായിരുന്നു. എന്നാൽ ആശ്ചര്യം! ഇവ സഭയെ നിശ്ശേഷം നശിപ്പിക്കുന്നതിനു പകരം അവ ളുടെ ചൈതന്യത്തെ പൂർവ്വാധികം വർദ്ധിപ്പിക്കുകയും, വി ശ്വാസികളുടെ സംഖ്യയെ ശതഗുണീഭവിപ്പിക്കുകയുമത്രെ ചെയ്തതു്. ആകയാൽ, "വേദസാക്ഷികളുടെ രക്തം ക്രിസ്ത്യാ നികളുടെ വിത്താകുന്നു" എന്നു വിശ്വവിഖ്യാതനായ തെർ ത്തുല്യൻ പറഞ്ഞിട്ടുള്ളതു തികച്ചും അർത്ഥവത്തു തന്നെ.

## IV.

## സന്ന്യാസികളും സന്ന്യാസിനികളും.

നവീകൃതമനുഷ്യവംശത്തിൻെറ, അഥവാ ക്രൈസ്തവസ ഭയുടെ മറെറാരു ഭൂഷണമാണു സന്ന്യാസസമൂഹം. ക്രൈസ്ത വരെല്ലാവരും ദൈവപ്രമാണങ്ങൾ അനുസരിക്കണമെന്നും എന്നാൽ അവരിൽ ചിലർ സുവിശേഷോപദേശങ്ങൾക്കു് (Evangelical Counsels) അനുരൂപമായി ജീവിച്ചു കൂടുതൽ പുണ്യപൂർണ്ണത പ്രാപിക്കണമെന്നും സഭയെ സ്ഥാപിച്ചു

പ്പോൾത്തന്നെ ക്രിസ്തുവിന്ന് ആഗ്രഹമുണ്ടായിരുന്നു. "പരിപൂൎണ്ണത പ്രാപിക്കുവാൻ ആഗ്രഹിക്കുന്നെങ്കിൽ നീ പോയി നിനക്കുള്ളതെല്ലാം വിററു ദരിദ്രർക്കു കൊടുക്കുകയും അനന്തരം വന്ന് എന്നെ അനുഗമിക്കുകയും ചെയ്യുക." (മത്താ., ൧൯, ൨൧) ഈ സുവിശേഷവാക്യങ്ങൾ സന്ന്യാസസഭയുടെ സ്ഥാപനത്തെയത്രെ സൂചിപ്പിക്കുന്നതു്. ക്രിസ്തുവിൻെറ സഭയിൽ എല്ലാകാലങ്ങളിലും സന്ന്യാസസഭകൾ ഉണ്ടായിരുന്നു; എന്നും ഉണ്ടായിരിക്കയും ചെയ്യും. ക്രിസ്തുമതം ഭൂമുഖത്തു് ഉണ്ടായിരിക്കുന്നിടത്തോളംകാലം അതു് അതിൻെറ വീര്യവും ശക്തിയും പ്രസ്പുടം പ്രത്യക്ഷീകരിക്കുന്ന വികസിതകുസുമങ്ങളും പരിപക്വഫലങ്ങളും പുറപ്പെടുവിച്ചുകൊണ്ടുതന്നേയിരിക്കും. അതിനാൽ സഭ എവിടെയെല്ലാം സംസ്ഥാപിതമാകുന്നുണ്ടോ അവിടെയെല്ലാം സന്ന്യാസജീവിതവും ആവിർഭവിക്കയും അഭിവൃദ്ധിപ്പെടുകയും ചെയ്യുന്നതാണ്. ഉദാരമതികളായ അനേകർ ഭൗതികങ്ങളായ സകലവസ്തുക്കളിലും വിരക്തി പ്രാപിച്ചു തങ്ങളുടെ കന്യാതപത്തെ ദൈവസേവനാർത്ഥം സമർപ്പിക്കുന്നതു് ഒട്ടും അപൂൎവ്വമല്ല. പീഡനങ്ങളും വിപ്ലവങ്ങളും അവരെ രാജ്യഭ്രഷ്ടരാക്കുകയും, സമാധാനപൂൎണ്ണമായ അവരുടെ സങ്കേതസ്ഥാനങ്ങളെ നശിപ്പിക്കയും ചെയ്തേക്കാം. എന്നാൽ അവർ ഒന്നിച്ചുകൂടി, സ്വസഹോദരങ്ങൾക്കുവേണ്ടി പ്രാർത്ഥിച്ചുകൊണ്ടും, അദ്ധ്വാനങ്ങൾ ചെയ്തുകൊണ്ടും, വേണ്ടിവന്നാൽ മരണംതന്നെ സ്വീകരിക്കുന്നതിനു സന്നദ്ധരായും അവരുടെ പരിപാവനമായ ജീവിതത്തെ തുടരുന്നു. "അവർ ഈ നഗരത്തിൽ നിങ്ങളെ പിഡിപ്പിക്കുമ്പോൾ നിങ്ങൾ മറെറാന്നിലേക്കു് ഓടിപ്പോകുവിൻ" (മത്താ., ൧൦, ൨൩) എന്നും, "മനുഷ്യൻ ലോകം മുഴുവനും നേടിയാലും അവൻെറ ആത്മാവു നശിച്ചുപോകുന്നുവെങ്കിൽ അവന്ന് എന്തു പ്രയോജനം? അഥവാ, മനുഷ്യൻ

അവൻെറ ആത്മാവിനു പകരമായി എന്തു കൊടുക്കും.'' (മത്താ., ൧൬, ൨൬) എന്നും നമ്മുടെ ദിവ്യഗുരു അരുളിച്ചെയ്തിട്ടുള്ളതിനെ അവർ എത്ര നന്നായി മനസ്സിലാക്കി പ്രവൎത്തിക്കുന്നുവെന്നു നോക്കുക. അവർ ഈലോകത്തിൻെറ നിസ്സാരതയും, ശൂന്യതയും, അതിലേ ക്ലേശങ്ങളും നന്നായി ഗ്രഹിച്ചിട്ടുണ്ട്. ലോകം മുഴുവൻ തന്നെയും വാഗ്ദാനം ചെയ്താലും അവർ അതിനെ പരിത്യജിക്കുകയേ ഉള്ളൂ. അനശ്വരമായ ആത്മാവിന് അത് അനുരൂപമായ പ്രതിഫലമല്ലെന്ന് അവർക്കറിയാം. ഭൗമികവസ്തുക്കൾ അസ്ഥിരങ്ങളും ക്ഷണഭംഗുരങ്ങളുമാകയാൽ അവരുടെ ആഗ്രഹങ്ങളെ സംതൃപ്തിപ്പെടുത്തുന്നതിന് അവ പര്യാപ്തമല്ല. ഒരേസമയത്തു രണ്ടു യജമാനന്മാരെ തൃപ്തിപ്പെടുത്തുക സാദ്ധ്യമല്ലല്ലോ? കഷ്ടാരിഷ്ടതകളും അനൎത്ഥങ്ങളും പ്രലോഭനങ്ങളും ഇടൎച്ചകളും നിറഞ്ഞിരിക്കുന്ന ഈലോകം അന്ധകാരത്തിൻെറ അധിപതിയായ പിശാചിന് അധീനപ്പെട്ടിരിക്കുന്നതുകൊണ്ട് അവർ അതിനെ പൂൎണ്ണമായി ഉപേക്ഷിച്ചു സുരക്ഷിതമായ ഏകാന്തജീവിതം സ്വമനസ്സാ കൈവരിക്കുന്നു. ദാരിദ്ര്യം, കന്യാവ്രതം, അനുസരണം എന്നീ ത്രിവിധവ്രതങ്ങളാൽ സകല പുണ്യങ്ങളുടേയും നിദാനമായ ദൈവത്തിന് അവർ സ്വയം സമൎപ്പിക്കയും, ആത്മശരീരങ്ങളേയും അവയുടെ എല്ലാ പ്രവൎത്തനങ്ങളേയും അവിടുത്തേയ്ക്കു ബലികഴിക്കയും ചെയ്യുന്നു. അവർ ദൈവത്തിനായിമാത്രം പ്രതിഷ്ഠിക്കപ്പെട്ടവരാണ്. ലൗകികവ്യവഹാരങ്ങളിൽനിന്നു വിട്ടുമാറി നന്മയിൽ സുസ്ഥിരമായി നിലനില്ക്കുകയെന്നുള്ളതു മഹത്തും ശ്രേഷ്ഠവുമായ ഒരു പ്രവൃത്തിയാകുന്നു. സന്യാസജീവിതം പരിപാവനമെന്ന് ആരും സമ്മതിക്കും. എന്തുകൊണ്ടെന്നാൽ അതു ലോകത്തെ പരിപൂൎണ്ണമായി പരിത്യജിച്ചുകൊണ്ടുള്ള ഒരു ജീവിതമാണ്. കാൽവരി മലയിൽ ദിവ്യരക്ഷകൻ സഹിച്ച പീഡക

ളെ ധ്യാനിച്ചും, തങ്ങൾക്കു നേരിടുന്ന ക്ലേശങ്ങളെ സസ ന്തോഷം സ്വീകരിച്ചും സന്ന്യാസികൾ ഇഹത്തിൽ ദൈവ ത്തിന്നായിമാത്രം ജീവിതം നയിക്കുന്നു.

സന്ന്യാസജീവിതം ലോകത്തിനു കേവലം നിരുപയോ ഗമായിട്ടുള്ള ഒന്നല്ല. അതു മനുഷ്യഗണത്തിനു ഗണ്യവും അമൂല്യവുമായ സഹായങ്ങളാണ് അദ്യാപിചെയ്തുപോരുന്ന ത്. അതീതകാലങ്ങളിൽ ജീവിച്ചിരുന്നവരും അദ്യതനകാ ലത്തു ജീവിച്ചിരിക്കുന്നവരുമായ സന്ന്യാസികളുടെ സദ്വൃത്തി കൾ, ശ്രേഷ്ഠാദർശങ്ങൾ, കലാവൈദഗ്ദ്ധ്യം, നിരന്തരപ്രാ ത്ഥനകൾ എന്നിവ നമ്മുടെ ഗണത്തിൻെറ അഭിവൃദ്ധിക്കും അഭ്യുന്നതിക്കും ഉപകരിച്ചിട്ടുണ്ടെന്നുള്ള വസ്തുത നാം കൃത ജ്ഞതാപൂർവ്വം സ്മരിക്കേണ്ടതുതന്നെ. അവർ നമ്മുടെ സമുദാ യത്തിനുവേണ്ടി ചെയ്തിട്ടുള്ള സഹായങ്ങൾ എന്തൊക്കെയെ ന്നോ എത്രമാത്രമെന്നോ ഖണ്ഡിതമായിപറയുവാൻ അസാ ദ്ധ്യമെന്നു ചരിത്രം സാക്ഷിക്കുന്നു. അവർ അനേകരെ മന സ്സു തിരിക്കുകയും, വിസ്തീർണ്ണങ്ങളും ദുഷ്പ്രവേശങ്ങളുമായി കിടന്നിരുന്ന അരണ്യങ്ങളെ വാസയോഗ്യമാക്കുകയും, എല്ലാ കാലങ്ങളിലും എല്ലാവരേയും വിസ്മയിപ്പിക്കുമാറുള്ള സ്മാരക സ്തംഭങ്ങൾ സ്ഥാപിക്കുകയും, അനേകം നഗരങ്ങൾ നിർമ്മി ക്കുകയും, വൃദ്ധരും രോഗപീഡിതരും നിർദ്ധനരുമായവർക്കുവേ ണ്ടി ആസ്പത്രികളും അഭയമന്ദിരങ്ങളും പണികഴിക്കുകയും ചെയ്തിട്ടുണ്ട്. സഭയെ സംരക്ഷിക്കുവാനായി മുന്നണിയിൽ നിന്നു ധീരധീരം പോരാടുന്ന വീരയോദ്ധാക്കളും അവളുടെ മഹത്ത്വത്തിന്നായി അഭിയത്നിക്കുന്ന സേവകന്മാരും, എ ന്തും സഹിക്കുവാൻ സന്നദ്ധതയുള്ള ത്യാഗവര്യന്മാരുമാണ് അവർ. കുലഹീനന്മാരോടും, ദരിദ്രരോടുംകൂടി അവർ ജീവി തം നയിക്കുന്നു. കിരാതവർഗ്ഗക്കാരോട് അവർ സഹവസിക്കു ന്നു. സുവിശേഷപ്രകാശത്തിലേയ്ക്കു് അവരെ ആനയിക്കുന്ന

തിന് അതിദീർഘങ്ങളും ക്ലേശഭൂയിഷ്ഠങ്ങളുമായ യാത്രകൾ കഴിക്കുന്നു. അവിവാഹിതരായ എത്ര എത്ര യുവാക്കന്മാരും യുവതികളുമാണു നവയൗവനവും സൗന്ദൎയ്യവും ജീവൻതന്നെയും തങ്ങളുടെ ദിവ്യമണവാളനു സമർപ്പിക്കുന്നത്. അവർ ദൈവസ്നേഹത്തെപ്രതി സ്വയം പരിത്യജിച്ച് പരോപകാര പ്രവൃത്തികൾകൊണ്ടു ലോകത്തെ ഉദ്ധരിക്കുന്നു. എന്നാൽ ഈ മഹൽകൃത്യങ്ങൾക്കായി അവരെ പ്രേരിപ്പിച്ച ശക്തി, സ്നേഹത്തിൻെറ തീവ്രത ഒന്നുമാത്രമായിരുന്നു.

സന്യാസസഭകളുടെ സന്മാതൃക സുകൃതജീവിതത്തിനു് ഒരു ശക്തിമത്തായ പ്രേരണയാണെന്നുള്ളതിനു യാതൊരു സന്ദേഹവുമില്ല. എവിടെയും ജീവിതവിശുദ്ധിയും സ്വഭാവനൈൎമ്മല്യവും കൈവളൎത്തുന്നതു് ഈ സന്മാതൃകതന്നെ. "വിനയത്തിൻെറയും നിൎമ്മലതയുടെയും ആസ്ഥാനങ്ങളായ സന്യാസമന്ദിരങ്ങളിൽനിന്നു നിരൎഗ്ഗളം നിൎഗ്ഗമിച്ചിട്ടുള്ള പരിശുദ്ധങ്ങളായ ചിന്തകൾക്കും പവിത്രങ്ങളായ പ്രേരണകൾക്കും വല്ല കൈയും കണക്കുമുണ്ടോ? ഈ മന്ദിരങ്ങളിൽ നിവസിച്ചുകൊണ്ടു തങ്ങളുടെ കളങ്കമററ ഹൃദയത്തെ ദൈവത്തിങ്കലേക്കു സദാ ഉയൎത്തുകയും, യൗവനത്തിൻെറയും സൗന്ദൎയ്യത്തിൻെറയും സകല മായാമോഹങ്ങളേയും പരിശുദ്ധ കന്യകയുടെ ദിവ്യസുതനായ യേശുവിനു ബലി സമർപ്പിക്കയും ചെയ്യുന്ന ഒരു സഹോദരിയേയോ, സംബന്ധിയേയോ, സുഹൃത്തിനേയോ കുറിച്ചുള്ള സ്മരണ, പ്രലോഭനങ്ങളാൽ ചഞ്ചലചിത്തകളാകാറുള്ള യുവതികളേയും, ആപൽകരങ്ങളായ വിചാരപരമ്പരകൾക്കു് ആത്മാവിൽ സ്ഥലമനുവദിക്കുന്ന കുടുംബിനികളേയും അവരുടെ ദുർമ്മോഹങ്ങളിൽനിന്നു നിവൎത്തിപ്പിക്കുന്നുണ്ടെന്നു നിങ്ങൾ വിശ്വസിക്കുന്നില്ലയോ?" (Balmes). പ്രമാണങ്ങൾ അനുസരിച്ചു ജീവിക്കുക അസാദ്ധ്യമെന്നു പ്രാപഞ്ചികന്മാർ വിചാരിക്കുന്നു. എന്നാൽ പ

ലരും വയോവൎഗ്ഗഭേദമെന്യേ സന്യാസസഭകളിൽ പ്രവേശിച്ച പ്രമാണാനുസാരം ജീവിക്കുക മാത്രമല്ല, സുവിശേഷോപദേശങ്ങളെ അനുവൎത്തിക്കുകകൂടി ചെയ്യുന്നുവെന്നു കാണുമ്പോൾ ഈ പ്രാപഞ്ചികന്മാർ ഭീരുത്വം വെടിഞ്ഞു ലോകശരീരങ്ങളോട് എതിൎത്തു നില്ക്കുവാൻ സന്നദ്ധരായിത്തീരുന്നു.

ആദിമഘട്ടങ്ങളിൽ സഭാപ്രവേശം ചെയ്ത മ്ലേശ്ചവൎഗ്ഗങ്ങൾക്കു ക്രിസ്തീയജീവിതം നയിക്കുന്നതിനു പ്രേരണ നൽകിയതു പുണ്യശ്ലോകന്മാരായ സന്യാസവൎയ്യന്മാരായിരുന്നു. അവർ അവരെ ഹീനകൃത്യങ്ങളിൽനിന്നും അകററി; ലൗകികസന്തോഷങ്ങളെക്കാൾ കാമ്യമാണു സ്വൎഗ്ഗീയാനന്ദമെന്ന് അവരെ ഗ്രഹിപ്പിച്ചു. സുവിശേഷപ്രബോധനങ്ങൾ അനുസരിച്ചു പരിപാവനമായ ജീവിതം അവർ നയിക്കുവാൻ തുടങ്ങി. "സന്യാസികളുടെ ജീവിതംതന്നെ അവരിൽ ഈ ഫലം ഉല്പാദിപ്പിക്കുന്നതിന് ഏററവും പററിയതായിരുന്നു. അക്കാലങ്ങളിലേ ചരിത്രം വായിക്കുമ്പോൾ നാം ഇഹലോകത്തിലല്ലെന്നുപോലും തോന്നിപ്പോകും. മനുഷ്യൻെറ ജഡം ആത്മാവിനു കീഴ്പെട്ടു. ലോകത്തിൻെറ സകല ബന്ധങ്ങളേയും അവൻ ഛേദിച്ചു. ദൈവത്തോട് അവൻ ഏററം സമീപിച്ചു. പ്രകൃത്യതീതസംഭവങ്ങൾ ഇക്കാലഘട്ടത്തിൽ ധാരാളം ഉണ്ടായിരുന്നു. ഇവയെക്കാൾ ഒട്ടും കുറവായിരുന്നില്ല ദിവ്യദൎശനങ്ങൾ. ശിഷ്ടാരൂപികൾ ദുഷ്ടാരൂപികളോടും, ആകാശം നരകത്തോടും, ദൈവം സാത്താനോടും എതിൎത്തു. ഭൂമി ഒരു രണാങ്കണം മാത്രമായിരുന്നു. ശരീരം, പുണ്യമാകുന്ന ബലിപീഠങ്ങളിന്മേൽ അൎപ്പിക്കപ്പെടുന്നതിനായി മാത്രം സംരക്ഷിക്കപ്പെട്ടു" (Balmes, "Protestantism and Catholicism," Chap. XXXIX.). വലിയ തിന്മകളോട് എതിൎക്കുന്നതിന് അസാധാരണമായ ശക്തിയും അന്യാദൃശമായ പുണ്യപൂൎണ്ണതയും കൂടിയേ കഴിയൂ. സമുദായം ഓരോവിധ

ത്തിൽ അധഃപതനം പ്രാപിക്കുമ്പോൾ അതിനെ ഉദ്ധരിക്കുന്നതിനു പററിയ സന്ന്യാസസഭകൾ ദൈവമഹിത്താനുസൃതം ആവിർഭവിച്ചുകൊണ്ടിരിക്കുന്നു. ഇങ്ങനെ സമുദായത്തിനു വേണ്ടി ധർമ്മസമരം ചെയ്യുവാനും ലോകമെങ്ങും കാട്ടുതീപോലെ വ്യാപിച്ചുവന്ന ദുഷ്ടതയെ മൂലച്ഛേദം ചെയ്യുവാനും ഓരോ കാലങ്ങളിൽ ഉദ്ഭൂതമായവയാണു ബെനഡിക്ററിൻ, സിസ്റ്റേഴ്ഷ്യൻ, ഫ്റാൻസിസ്കൻ, ഡൊമിനിക്കൻ, ജെസ്യൂററു് എന്നീ സന്ന്യാസസഭകൾ.

പാശ്ചാത്യരായ സന്ന്യാസികൾ ജ്ഞാനാഭിവൃദ്ധിക്കു വേണ്ടി ചെയ്ത പ്രയത്നങ്ങളെക്കുറിച്ചു മോൺടലംബേർട്ടു് പ്രസ്താവിക്കുന്നതിപ്രകാരമാണു്. "അവർ വിദ്യാസമ്പാദനത്തിനും, സാഹിത്യോൽകർഷത്തിനുംവേണ്ടി ജീവിതത്തെ എത്ര ആശ്ചര്യാവഹമായി വിനിയോഗിച്ചുവെന്നും എത്ര തീവ്രമായും സ്ഥിരോത്സാഹപൂർവ്വവും യത്നിച്ചുവെന്നും വിവരിക്കുക അശക്യമത്രെ. ഹൃദയസ്പർശകമായ അവരുടെ വിനയം, അക്ഷീണമായ അവരുടെ പരിശ്രമങ്ങൾ, ഏതാണ്ടു് അതിസ്വാഭാവികമായ അവരുടെ ബുദ്ധിവൈഭവം ഇവയെ എത്രമാത്രം പ്രകീർത്തിച്ചാലും അതു അധികമായിയെന്നു വരുന്നതല്ല" ("Monks of the West," Introduction).

സന്ന്യാസികളുടെ സകല പ്രവൃത്തികളും സമുദായത്തിനു പൊതുവിൽ ഉപകാരപ്രദങ്ങളാകുന്നു. എങ്കിലും അവരുടെ ഇന്ദ്രിയനിഗ്രഹങ്ങളും പ്രാർത്ഥനകളുമാണു് അവയിൽ പ്രധാനങ്ങൾ. എന്തുകൊണ്ടെന്നാൽ ഇവമൂലം അവർ ലോകത്തിന്റെ പാപത്തെ പരിഹരിക്കുകയും അത്യുന്നതന്റെ പ്രതികാരത്തെ തടയുകയും ചെയ്യുന്നു. സന്ന്യാസികളാണു നീതിമാനായ ദൈവത്തിന്റെ സന്നിധിയിൽ പാപികളായ മനുഷ്യർക്കുവേണ്ടി മാദ്ധ്യസ്ഥ്യം പറയുന്നതു്. ദൈവകോപത്തിനു് ഇരയായി ഭവിച്ച സോദോം നഗരത്തിൽ ഏതാനും

അംഗങ്ങൾ മാത്രമുള്ള ഒരു സന്ന്യാസമന്ദിരമെങ്കിലുമുണ്ടായിരുന്നെങ്കിൽ അതിനെ ഓൎത്തിട്ടെങ്കിലും ദൈവം ആ നഗരത്തെ നശിപ്പിക്കയില്ലായിരുന്നു. സന്ന്യാസസഭയിൽ പ്രവേശിപ്പാൻ പോകുന്ന കുലീനനായ ഒരു പേൎഷ്യനോടു "നീ എവിടെ പോകുന്നു?" എന്നു വാലെൻസു് ചക്രവൎത്തി ചോദിച്ചപ്പോൾ "ഞാൻ ചക്രവൎത്തിയുടെ സാമ്രാജ്യത്തിനുവേണ്ടി പ്രാൎത്ഥിക്കുവാൻ പോകുന്നു" എന്നാണു് അയാൾ മറുപടി പറഞ്ഞതു്. ഒരിക്കൽ ഫിലിപ്പ് അഗസ്റ്റസ് ചക്രവൎത്തിയുടെ നാവികസൈന്യം, വിശുദ്ധസ്ഥലത്തേക്കു് യാത്ര ചെയ്യുമ്പോൾ സമുദ്രമദ്ധ്യത്തിൽവെച്ചു ഭയങ്കരമായ ഒരു കൊടുങ്കാററിൽ അകപ്പെട്ടു വല്ലാതെ ഭയന്നു. എന്നാൽ അതേസമയം ക്ലേർവോയിലേ സന്ന്യാസികൾ അവൎക്കു് ആപത്തൊന്നും നേരിടാതിരിക്കുവാൻവേണ്ടി പ്രാൎത്ഥിക്കുന്നുണ്ടെന്നു പറഞ്ഞുകൊണ്ടു രാജാവു ഭയാക്രാന്തരായ അവരെ സമാധാനപ്പെടുത്തി. ("Monks of the West" Intr.).

# അദ്ധ്യായം ൯.

## ക്രിസ്തുവിൻെറ സഭ.

"മിശിഹാ സഭയെ സ്നേഹിക്കുകയും അവൾക്കായിസ്വയം അർപ്പിക്കുകയും ചെയ്തു. അതു കറയോ, മാലിന്യമോ, മററിതുപോലുള്ള യാതൊന്നുമോ കൂടാതെ തേജസ്സുള്ള സഭയെ തനിക്കു് പരിശുദ്ധവും നിർമ്മലവുമായി സ്വയം പ്രദർശിപ്പിക്കുവാൻ വേണ്ടിയായിരുന്നു." (അപ്പസാ., ൫, ൨൫. ൨൭)

## I

### സഭയുടെ ഏകത്വം.

ഇസ്രായേൽക്കാർ വാഗ്ദത്തഭൂമിയിലേയ്ക്കു മണലാരണ്യത്തിലൂടെ പ്രയാണം ചെയ്കയിൽ ജോർഡൻ നദിയുടെ മറുകരയിലുള്ള മോവാബ്യ് എന്ന സമതലപ്രദേശത്തു കൂടാരമടിച്ചു താമസിക്കുകയുണ്ടായി. അവിടത്തെ രാജാവായ ബാലാക്ക് ഈ വമ്പിച്ച ജനസമൂഹത്തെ കണ്ടു ഭയന്നു തൻെറ പ്രവാചകനായ ബാലാമിന്നു് ആളയക്കയും, അയാളോട്ട് അവരെ ശപിക്കുവാൻ ആജ്ഞാപിക്കയും ചെയ്തു. രാജകല്പനപ്രകാരം ബാലാം മരുഭൂമിക്കഭിമുഖമായി സ്ഥിതിചെയ്യുന്ന ഒരു മലയിൽ കയറി അവിടെ നിന്നുകൊണ്ടു് ഇസ്രായേൽ

ജനങ്ങളുടെ കൂടാരങ്ങളേയും അവയുടെ മദ്ധ്യേ സ്ഥിതിചെയ്തിരുന്ന വാഗ്ദാനത്തിന്റെ പെട്ടകത്തേയും ദർശിച്ചു. ആകർഷണീയമായ ആ കാഴ്ചയാൽ ആശ്ചര്യഭരിതനായി അയാൾ "ഓ! യാക്കോബേ, നിന്റെ വസതികളും, ഓ! ഇസ്രായേലേ, നിന്റെ കൂടാരങ്ങളും എത്ര മനോഹരങ്ങൾ!" (സംഖ്യാ., ൨൪, ൫) എന്നു് ഉച്ചൈസ്തരം കീർത്തിക്കുകയാണു ചെയ്തതു്. വിശുദ്ധ ലിഖിതത്തിലെ പ്രസ്തുത ഭാഗം വായിക്കുമ്പോൾ കത്തോലിക്കാ സഭയുടെ, അതെ, ക്രിസ്തുവിന്റെ ശ്രേയസ്സമ്പൂർണ്ണയായ സഭയുടെ സ്മരണയാണു നമ്മിൽ ഉളവാകുന്നതു്. ക്രിസ്തുവിന്റെ സഭ ഭൂമിയിൽ ഒരു തീർത്ഥയാത്രക്കാരിയാകുന്നു. സ്വർഗ്ഗമാണു് അവളുടെ സാക്ഷാൽ ഭവനം. അവളാണു മനുഷ്യരെ ഈ ലോകമാകുന്ന മരുഭൂമിയിൽക്കൂടി ദൈവത്തിന്റെ നിത്യനഗരത്തിലേയ്ക്കു നയിക്കുന്നതു്. അവളെ സംവീക്ഷിക്കുന്ന ഏവർക്കും, അവളെ ശപിക്കയും നിന്ദിക്കയും ചെയ്യാനായി ആജ്ഞാപിക്കപ്പെട്ടുന്ന കള്ളപ്രവാചകന്മാർക്കുപോലും അവൾ വിസ്മയവിഷയമായി പ്രത്യക്ഷപ്പെടുന്നു. അവളുടെ ഏകത്വമാണു് അവരെ സർവ്വോപരി ആകർഷിക്കുന്നതു്. സഭയിലുള്ളവരെല്ലാം ഒരു ദേശത്തുള്ളവരോ, ഒരു ജാതിയിൽപ്പെട്ടവരോ അല്ല. പ്രത്യുത, എല്ലാ രാജ്യക്കാരും ദേശക്കാരുമാണു് അവളുടെ അംഗങ്ങൾ. ഇന്നു് അവൾക്കുള്ള സന്താനങ്ങളുടെ സംഖ്യ കോടാകോടിയാണു്. ഇവരെല്ലാം ഒരേ വിശ്വാസം പാലിക്കുകയും, ഒരേ 'കൂദാശ' കൾ സ്വീകരിക്കുകയും, ഒരേ ബലിയിൽ സംബന്ധിക്കുകയും ചെയ്യുന്നു. ഇതുപോലുള്ള ഒരു "ഏകത്വം" കത്തോലിക്കാ സഭയിലല്ലാതെ മറ്റെവിടെയാണു നാം കണ്ടെത്തുക! ഈ ഏകത്വം സഭയുടെ ദിവ്യസ്ഥാപനത്തെയത്രെ വിളിച്ചറിയിക്കുന്നതു്. 'നവീകരണാ'നന്തരം (Reformation) ആവിർഭവിച്ച വിവിധ ക്രിസ്തീയ സഭകൾ എല്ലാം ദൈവനാമത്തിൽ

പ്രസംഗിക്കുന്നുവെന്നു നടിക്കുകയും, വിശ്വാസത്തിന്റെ ഏകനിയമമായി ബൈബിളിനെ സ്വീകരിക്കുകയും ചെയ്യുന്നു. പക്ഷെ അവർ വിശ്വസിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നതെല്ലാം പരസ്പരവിരുദ്ധങ്ങളെന്ന് ആർക്കും നിഷ്പ്രയാസം ഗ്രഹിക്കാം. ഒരുവൻ ശക്തിയുക്തം സിദ്ധാന്തിക്കുന്നതു മറെറാരുവൻ യുക്തിഹീനമെന്നു സമർത്ഥിക്കുന്നു. അതിപ്രധാനങ്ങളായ മൂലതത്ത്വങ്ങൾപോലും, കാലഭേദമോ സാഹചര്യങ്ങളോ, പ്രോട്ടസ്റ്റാൻറു മതാദ്ധ്യാപകന്മാരുടെ ഹിതമോ അനുസരിച്ചു വിശ്വാസസത്യങ്ങളായിട്ടോ അല്ലാതെയോ പരിഗണിക്കപ്പെട്ടുപോരുന്നു. മതവിഷയങ്ങളെ ഇങ്ങനെ യഥേഷ്ടം കൈകാര്യം ചെയ്യാൻ എല്ലാവർക്കും ക്രിസ്തു സ്വാതന്ത്ര്യം നൽകിയെന്ന് എങ്ങനെ വിശ്വസിക്കും? ഇപ്രകാരം ദുസ്സ്വാതന്ത്ര്യം പ്രവർത്തിക്കുന്ന ഭിന്നസഭകൾ ദൈവസ്ഥാപിതങ്ങളാകുവാൻ പാടില്ല. എന്തുകൊണ്ടെന്നാൽ ക്രിസ്തു സൂചിപ്പിച്ചിട്ടുള്ള സഭാലക്ഷണങ്ങളിൽ ഒട്ടും അപ്രധാനമല്ലാത്ത ഒന്നാണ് ഏകത്വം. അദ്ദേഹം തന്റെ മരണത്തിന്റെ തലേരാത്രിയിൽ ശിഷ്യന്മാർക്ക് അന്ത്യോപദേശം നൽകുകയിൽ സഭയുടെ ഏകത്വത്തിനായി ഇപ്രകാരം നിത്യപിതാവിനോടു പ്രാർത്ഥിക്കുന്നു, "പരിശുദ്ധനായ പിതാവേ, നീ എനിക്കു നൽകീട്ടുള്ളവർ നമ്മെപ്പോലെ ഒന്നായിരിക്കേണ്ടതിനും ...... നീ എന്നെ അയച്ചുവെന്നു ലോകം വിശ്വസിക്കേണ്ടതിനും അവരെ നിന്റെ നാമത്തിൽ നീ കാത്തുകൊള്ളേണമെ." (യോഹ., ൧൭, ൧൧. ൨൧) ഈ ഐക്യം സഭയിൽ സംരക്ഷിക്കപ്പെടുന്നതിനുവേണ്ടി ക്രിസ്തു പത്രോസിനെ സഭയുടെ തലവനും ഭരണാധികാരിയുമായി തിരിഞ്ഞെടുത്തു. സ്വർഗ്ഗരാജ്യത്തിന്റെ താക്കോലുകൾ അവിടുന്ന് അയാളെ ഏല്പിക്കുകയും ലോകാവസാനംവരെ

തന്റെ ജോലി തുടർന്നുകൊണ്ടു പോകുന്നതിനു സംസ്ഥാപിതമായ ആ സമുദായത്തിന്റെ അഭേദ്യമായ അടിസ്ഥാനമായി അയാളെ ഉറപ്പിക്കുകയും ചെയ്തു. തായിത്തണ്ടിനോടു ഗാഢമായ ബന്ധമുള്ളതും അതിൽനിന്നു പോഷണം സ്വീകരിച്ചു വളരുന്നതുമായ അനേകം ശാഖകളുള്ള ഒരു മുന്തിരിച്ചെടിയോടു സഭയെ അദ്ദേഹം ഉപമിച്ചു. സഭയുടെ ഐക്യത്തെ പരിപൂർണ്ണമായി പ്രദർശിപ്പിക്കുന്നതിന്, ഒരു ഇടയന്റെ നിയന്ത്രണത്തിൽ ഭീതികൂടാതെ ഒരേ സ്ഥലത്തു മേഞ്ഞുനടന്നു തൃപ്തിയടയുന്ന ആട്ടിൻപററത്തോടും അവിടുന്ന് അതിനെ താരതമ്യപ്പെടുത്തി.

ആകയാൽ മാഞ്ഞുപോകരുതാത്ത ലക്ഷണമായ ഐകത്വംകൊണ്ടു ക്രിസ്തു സഭയെ മുദ്രണം ചെയ്തുവെന്നുള്ളതു്, അതായതു, വിശ്വാസത്തിലും ആരാധനാസമ്പ്രദായത്തിലും ഭരണത്തിലും ഐകത്വത്തെ സംസ്ഥാപിച്ചുവെന്നുള്ളതു് അനിഷേദ്ധ്യമായ ഒരു വാസ്തവമാകുന്നു. സഭയിൽ ഭിന്നത ഉണ്ടാക്കുന്നവർ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുകയില്ലെന്നു പുറജാതികളുടെ അപ്പസ്തോലനായ വി. പൗലോസു പ്രസ്താവിക്കുന്നു. സഭയുടെ ഐക്യത്തെപ്പററി അദ്ദേഹം പറയുന്നതിപ്രകാരമാണ്. "സമാധാനത്തിന്റെ ബന്ധത്തിൽ ആത്മാവിന്റെ ഐക്യം കാക്കുവാൻ ഉത്സാഹിക്കുകയും.....ഒരു കർത്താവും ഒരു വിശ്വാസവും ഒരു ജ്ഞാനസ്നാനവും ഉള്ളവരായിരിക്കുകയും ചെയ്യുവിൻ." (അപ്പസ്വാ., ൪, ൩)

അനന്തജ്ഞാനിയായ ദൈവം തന്നെയാണു സഭയുടെ സ്ഥാപകൻ എന്നു ക്രിസ്ത്യാനികളേവരും സമ്മതിക്കുന്നു. എന്നാൽ പരസ്പരവിരുദ്ധങ്ങളായ ഉപദേശങ്ങളെ നൽകുന്ന വിവിധ വിഭാഗങ്ങളടങ്ങിയ ഒരു സഭ, ആ അനന്തജ്ഞാനിയാൽ സ്ഥാപിതമെന്ന് എങ്ങനെയാണു വിചാരിക്കുക?

അതു പൈശാചികപ്രേരണയാൽ ആവിർഭവിച്ചതായിരിപ്പാനേ തരമുള്ളൂ. രാഷ്ട്രീയമോ, സാമുദായികമോ ആയ ഒരു സംഘം രൂപവൽകരിക്കുന്നവർ പ്രഥമവും പ്രധാനവുമായി അതിൻെറ ഐക്യത്തെയാണു കാംക്ഷിക്കാറുള്ളതു്. എന്തുകൊണ്ടെന്നാൽ ഐക്യത്തിൻെറ അഭാവത്താൽ അവരുടെ സർവ്വ യത്നങ്ങളും നിഷ്ഫലങ്ങളായിത്തീരുമെന്നു് അവൎക്കറിയാം. മനുഷ്യർ ചെയ്യാറുള്ളതു ഇപ്രകാരമാണെങ്കിൽ, ദൈവപുത്രൻ അവരെക്കാൾ ബുദ്ധിഹീനനോ? അവിടുന്നു ലോകത്തിൻെറ വെളിച്ചമാകുന്നു. ഈ വെളിച്ചം മനുഷ്യരെ മതസംബന്ധമായ അബദ്ധങ്ങളിൽനിന്നും സംരക്ഷിക്കയില്ലെന്നോ? അവിടുന്നു പ്രപഞ്ചമാസകലത്തിൻെറയും ശില്പിയാകുന്നു. ആകാശഗോളങ്ങൾക്കു വിസ്മയകരമായ ഐക്യം പ്രദാനം ചെയ്തതു് അവിടുന്നാണു്. സഭയിലും ഈ വിധമുള്ള ഒരു ഐക്യം സ്ഥാപിക്കുന്നതിനു് അവിടുന്നു് അശക്തനെന്നു വിചാരിപ്പാൻ നിവൃത്തിയുണ്ടോ? സാമുദായികജീവിതത്തിൽ ഒട്ടും ഒഴിച്ചുകൂടുവാൻ പാടില്ലാത്ത ഒന്നാണു വ്യക്തികൾതമ്മിലുള്ള യോജിപ്പു്. ഇതു മനസ്സിലാക്കാൻ പ്രാപ്തിയില്ലാത്ത യാതൊരു സമുദായവും അതു് എത്രതന്നെ അപരിഷ്കൃതമായിരുന്നാലും ഇന്നു ഭൂമുഖത്തുണ്ടെന്നു തോന്നുന്നില്ല. "സാത്താൻ തനിക്കു തന്നെ വിരോധമായി കലഹിക്കുന്നുവെങ്കിൽ അവൻെറ രാജ്യം എങ്ങനെ നിലനില്ക്കും?" (ലൂക്കാ., ൧൧, ൧൮) എന്നു ദിവ്യരക്ഷകൻ ചോദിക്കുന്നതിൽനിന്നു പിശാചുക്കൾകൂടെയും അവരുടെ പ്രവൃത്തികളിൽ ഐകമത്യം ഉള്ളവരാണെന്നു് അനുമിക്കേണ്ടിയിരിക്കുന്നു. നിശ്ചിതസ്ഥാനങ്ങളിൽനിന്നുകൊണ്ടു ശത്രുക്കളോടു യുദ്ധംചെയ്യേണ്ടതിനുപകരം പരസ്പരം പടവെട്ടുന്ന സൈനികന്മാരെക്കുറിച്ചു് എന്താണു പറയുക? ശത്രുക്കൾ നിഷ്പ്രയാസം അവരെ ജയിച്ചു കിഴടക്കും. സമുദായത്തിൽ ഐക്യമില്ലെങ്കിൽ അതിൻെറ അധഃ

പതനം നിസ്സംശയമത്രെ. അതിനു തദംഗങ്ങളുടെമേൽ അധികാരം പ്രവൎത്തിക്കുന്നതിനോ, ഇതരസമുദായങ്ങളുടെ ബഹുമാനാദരങ്ങളെ സമാകൎഷിക്കുന്നതിനോ സാധിക്കുന്നതല്ല. ക്രൈസ്തവസഭാംഗങ്ങൾ പരസ്പരം യോജിച്ചു പ്രവൎത്തിക്കുന്നില്ലെങ്കിൽ അക്രൈസ്തവർ പറയുന്നതു് ഏതാണ്ടു് ഇപ്രകാരമായിരിക്കും. "ഒരേസമുദായത്തിൽപ്പെട്ട ക്രൈസ്തവൎക്കു് ഐക്യം പാലിക്കുവാൻ കഴിയുന്നില്ലെങ്കിൽ, മറെറാരു സമുദായത്തിൽപ്പെട്ട നാം അവരോടു മതവിഷയങ്ങളിൽ യോജിക്കണമെന്നു പറയുവാൻ അവൎക്കു് എന്തു് അവകാശം? 'വിശ്വസിക്കുന്നവൻ രക്ഷപെടും, വിശ്വസിക്കാത്തവൻ ശിക്ഷിക്കപ്പെടും' എന്നാണു സുവിശേഷത്തിൽ പറയുന്നതു്. എന്നാൽ എന്തു വിശ്വസിക്കണം എന്നു നാം അവരോടു ചോദിച്ചാൽ പരസ്പരവിരുദ്ധങ്ങളായ പ്രത്യുത്തരങ്ങളായിരിക്കും അവർ നമുക്കു നൽകുന്നതു്." ഇതിനു് എന്തു സമാധാനമാണു നമുക്കുള്ളതു്? പ്രോട്ടസ്റ്റാൻറുകാർ മാതൃസഭയിൽനിന്നു ഭിന്നിച്ചു പോകാതിരുന്നെങ്കിൽ ലോകംമുഴുവനും ഇന്നു ക്രിസ്തുമതത്തെ ആശ്ലേഷിക്കുമായിരുന്നുവെന്നുതന്നെയാണു എൻെറ ദൃഢമായ വിശ്വാസം. ക്രിസ്തീയമായ ഒരു ചൈതന്യം യൂറോപ്പുഖണ്ഡത്തിൽ എവിടെയും പ്രത്യക്ഷപ്പെട്ടിരുന്ന കാലത്താണു പ്രോട്ടസ്റ്റൻറുമതവിപ്ലവം ആരബ്ധമായതു്. മതാത്മകമായ ഐക്യത്തോടെ ക്രിസ്തീയരാജ്യങ്ങൾ ചെയ്തു അനേകവത്സരത്തെ അക്ഷീണയത്നത്തിൻെറ ഫലം പുറപ്പെടുവാൻ ആരംഭിച്ചതേയുള്ളു. അവരുടെ നാവികസമൂഹം സമുദ്രങ്ങൾ തരണംചെയ്തു പുതിയ ഭൂഖണ്ഡങ്ങൾ കണ്ടുപിടിച്ചു. മിഷ്യനറിമാർ എല്ലാ രാജ്യങ്ങളിലും സുവിശേഷം പ്രസംഗിച്ചു. എന്നാൽ പ്രോട്ടസ്റ്റാൻറു മതത്തിൻെറ ഉത്ഭവത്തോടെ സഹോദരീഭാവേന സമാധാനപൂൎവ്വം വൎത്തിച്ചിരുന്ന ആ യൂറോപ്പുരാജ്യങ്ങൾ പരസ്പരം ഭിന്നി

ക്കുകയും അവയുടെ ശക്തി ശിഥിലീഭവിക്കുകയും, യുദ്ധങ്ങളും കലഹങ്ങളും സൎവ്വത്ര ആവിർഭവിക്കുകയും ചെയ്തു.

ഏകത്വം സഭയ്ക്ക് അത്യന്താപേക്ഷിതമെന്നു ക്രിസ്തു പ്രബോധിപ്പിച്ചു. ഈ ഏകത്വം ഇപ്പോൾ കത്തോലിക്കസഭയിൽ മാത്രമേ നാം കാണുന്നുള്ളു. തന്നിമിത്തം കത്തോലിക്കസഭയത്രേ ക്രിസ്തുവിനാൽ സ്ഥാപിതമായ ഏകസഭ. ഇക്കാരണത്താൽ, ഏതുമതവും സ്വീകാൎയ്യമാണ് എന്നുള്ള ചില ആധുനികരുടെ സിദ്ധാന്തം അടിസ്ഥാനരഹിതമാകുന്നു. രക്ഷ പ്രാപിക്കുന്നതിനു ക്രിസ്തു സ്ഥാപിച്ചതും ഏകത്വം പാലിക്കുന്നതും ആയ കത്തോലിക്കസഭയെ ആശ്ലേഷിക്കുവാൻ എല്ലാവരും നിർബന്ധിതരാകുന്നു. നാം ദൈവഹിതം അനുവൎത്തിക്കേണ്ടവരാകയാൽ അവിടുന്നു നൽകുന്ന കല്പനകൾ എന്തുതന്നെയായിരുന്നാലും അവയെ ശിരസ്സാവഹിക്കുവാൻ കടപ്പെട്ടവരാണ്. ആകയാൽ സ്വാതന്ത്ര്യമായി എന്തും പ്രവൎത്തിപ്പാനും ഇഷ്ടംപോലെ ഏതു മതം സ്വീകരിപ്പാനും നമുക്കവകാശമില്ല.

## II.
## സഭയുടെ സാൎവ്വത്രികത്വം.

സ്ഥലകാലഭേദമെന്യേ ക്രൈസ്തവസഭ സാൎവ്വത്രികമായിരിക്കണം. താഴെപ്പറയുന്ന തെളിവുകൾ ഇതിനെ വിശദീകരിക്കുന്നു.

### ൧. കാലസംബന്ധമായ സാൎവ്വത്രികത്വം.

സഭയുടെ സാൎവ്വത്രികത്വത്തെക്കുറിക്കുന്ന് പല പ്രവചനങ്ങളുമുണ്ട്. പ്രവാചകപ്രവരനായ ഇസയാസു പറയുന്നു: "നമുക്ക് ഒരു ശിശു ജനിച്ചിരിക്കുന്നു. നമുക്ക് ഒരു പുത്രൻ നൽകപ്പെട്ടിരിക്കുന്നു.......അവൻ ഇന്നുമുതൽ എന്നേ

ഷ്കമായി.......അതിനെ സ്ഥാപിച്ചു ശക്തിപ്പെടുത്തുവാനായി ദാവീദിൻെറ സിംഹാസനത്തിലും രാജ്യത്തിലും ഇരിക്കും." (ഇസ., ൻ, ൬ - ൭) ദാനിയേൽപ്രവാചകൻെറ പുസ്തകത്തിൽ വൎണ്ണിക്കപ്പെട്ടിരിക്കുന്ന അസാധാരണമായ സ്വപ്നം സഭയുടെ സാൎവ്വത്രികത്വത്തെയാണു നമ്മെ അനുസ്മരിപ്പിക്കുന്നതു്. ബാബിലോൺ രാജാവായ നബുക്കദ്നാസർ ഒരു സ്വപ്നം കാണുകയും അതിനെ ദാനിയേൽപ്രവാചകൻ വ്യാഖ്യാനിക്കുകയും ചെയ്തു. ഭീമാകാരമായ ഒരു പ്രതിമയെ നിദ്രയിൽ രാജാവു ദർശിച്ചു. അതിൻെറ ശിരോഭാഗം സ്വൎണ്ണംകൊണ്ടും, വക്ഷഃപ്രദേശം വെള്ളികൊണ്ടും, ഉദരം പിത്തളകൊണ്ടും, കാലുകൾ ഇരുമ്പുകൊണ്ടും, പാദങ്ങൾ മെഴുകുകൊണ്ടും നിൎമ്മിക്കപ്പെട്ടിരുന്നു. അടുത്തുണ്ടായിരുന്ന മലയിൽനിന്നു് ഒരു കല്ലു് അതിന്മേൽ വന്നു മുട്ടുകയാൽ അതു പൊട്ടിത്തകരുകയും തൽസ്ഥാനത്തു് ആ കല്ലുതന്നെ വളർന്നു് ഒരു വലിയ പൎവ്വതമായി പരിണമിക്കുകയും, ഭൂതലം മുഴുവൻ അതു വിഴുങ്ങിക്കളകയും ചെയ്തു. വിവിധലോഹങ്ങളെക്കൊണ്ടു നിൎമ്മിതമായ ഈ പ്രതിമ, സമ്പൽസമൃദ്ധമായ ബാബിലോണിനേയും, അനന്തരം ആവിർഭവിക്കുവാനിരുന്ന മേദിയാ, പേർഷ്യാ, യവന, റോമൻ എന്നീ സാമ്രാജ്യങ്ങളേയും, അതിന്മേൽ നിപതിച്ച ശില ക്രിസ്തുവിൻെറ സഭയേയും സൂചിപ്പിക്കുന്നു. ഈ ശില ഒരു പൎവ്വതമായിത്തീർന്നു, ഭൂമി മുഴുവൻ വ്യാപിച്ചതുപോലെ, കത്തോലിക്കാസഭ അഭിവൃദ്ധിപ്പെട്ടു ലോകംമുഴുവനേയും തൻെറ അധീനത്തിലാക്കിയിരിക്കുന്നു. "എന്നാൽ ആ രാജ്യങ്ങളുടെ വാഴ്ചകാലത്തു സ്വൎഗ്ഗത്തിൻെറ ദൈവം ഒരു രാജ്യം സംസ്ഥാപിക്കും. അതു് ഒരിക്കലും നശിപ്പിക്കപ്പെടുകയില്ല. അവിടത്തെ രാജ്യം മറെറാരു ജാതിക്കു നൽകപ്പെടുകയുമില്ല. അതു രാജ്യങ്ങളെയെല്ലാം തച്ചുടച്ചു

കയും ഗ്രസിച്ചു കളകയും ചെയ്യും. അതോ എന്നാൽ നിത്യം നിൽക്കും." (ദാനിയേൽ. ൨, ൪൪) ദൈവജനനിക്കു 'അവതാരരഹസ്യം' അരുളിച്ചെയ്ത ദൈവദൂതന്റെ വാക്കുകളിൽ നിന്നും സഭയുടെ അനശ്വരത്വം പ്രസ്പഷ്ടമാകുന്നുണ്ടു്. "അദ്ദേഹത്തിന്റെ രാജ്യത്തിന്ന് അവസാനമുണ്ടാകയില്ല." (ലൂക്കാ., ൧, ൩൩) ക്രിസ്തുതന്നെ ഇതിനെക്കുറിച്ച് അരുളിച്ചെയ്യുന്നു: "ഇതാ ഞാൻ ലോകാവസാനംവരെ നിങ്ങളോടുകൂടിയുണ്ടു്." (മത്താ., ൨൮, ൨൦) ഈ വാക്കുകളിൽനിന്ന് എന്നും നിലനിൽക്കുന്ന ഒരു സഭയെ ക്രിസ്തു സ്ഥാപിച്ചുവെന്നും അതിന്റെ അധിനാഥൻ അദ്ദേഹംതന്നെ എന്നും നിഷ്പ്രയാസം ഗ്രഹിക്കുവാൻ കഴിയും. ഇപ്രകാരം സാർവ്വത്രികമായ ഒരു ഭരണത്തെപ്പററി മനുഷ്യൻ ഒരിക്കലും ചിന്തിച്ചിട്ടില്ല. മനുഷ്യന്റെ പ്രവൃത്തി എപ്പോഴും പരിമിതമാണു്. അതു കാലാന്തരത്തിൽ വിലയമടയുകയും ചെയ്യുന്നു. എന്നാൽ ക്രിസ്തുവിന്റേതു് എന്നേക്കും നിലനിൽക്കത്തക്കതാണു്. അദ്ദേഹത്തിന്റെ വാക്കുകൾപോലും നിത്യതയാൽ മുദ്രിതമായിരിക്കുന്നു. മനുഷ്യരുടെ വിരോധവും നാരകീയശക്തിയുടെ പ്രതിഷേധവുമുണ്ടായിരുന്നിട്ടും ക്രിസ്തു, തന്റെ നയത്തിനു യാതൊരു ഭേദഗതിയും വരുത്തുന്നില്ല. അവിടുന്നു സ്ഥാപിച്ച സഭ എന്നേക്കും നിലനിന്നേ മതിയാവൂ. സംശയലേശമെന്യേ നിലനില്ക്കുകയും ചെയ്യും. ആകയാൽ വിശ്വാസത്തേയും ഭരണവ്യവസ്ഥയേയും സംബന്ധിച്ചിടത്തോളം 1) ക്രൈസ്തവസഭ സംസ്കരിക്കപ്പെടുവാൻ പാടില്ലെന്നും 2) അതു ഒരിക്കലും വിനാശത്തിനു വിധേയമാകയില്ലെന്നും അനുമിക്കേണ്ടിയിരിക്കുന്നു.

1) സഭ നവീകരണത്തിനു വിധേയയല്ല. മനുഷ്യപുത്രൻ സഭയിൽ സദാ ഉണ്ടായിരിക്കുമെന്നും നരകവാതിലുകൾ ഒരി

കല്പം അവളെ ജയിക്കയില്ലെന്നും വാഗ്ദാനം ചെയ്തിരിക്കുന്നതുകൊണ്ടു് അവൾ അബദ്ധത്തിൽ നിപതിക്കുക അസംഭാവ്യമാണ്. അധഃപതിക്കാത്തതൊന്നും നവീകരിക്കേണ്ടതില്ലല്ലോ. അവളുടെ പരിശുദ്ധതയും, വ്യക്തിത്വവും, പരിപൂർണ്ണതയും ലോകാവസാനത്തോളം അവളിലുണ്ടായിരിക്കണം. ക്രിസ്തു, സഭയെ സ്ഥാപിച്ചപ്പോൾ അവൾ പവിത്രയും അപങ്കിലയും, അവിടത്തെ ഏക വധൂരത്നവും, പാറമേൽ സ്ഥാപിതയും, ഏക ഇടയനാൽ നിയന്ത്രിതയും ആയിരുന്നു. ഈ ലക്ഷണങ്ങളോടുകൂടി ആകല്പം അവൾ പ്രശോഭിക്കതന്നെ വേണം.

2) സഭ അനശ്വരയാണ്. മനുഷ്യനാൽ സ്ഥാപിതമായ ഒന്നിന്റെയും ഭാവിയെപ്പററി നമുക്കു തീർച്ച പറഞ്ഞുകൂടാ. "ഇന്നിന്നവിധമൊക്കെ സംഭവിക്കുമായിരിക്കും" എന്നു ചില ദൃശ്യലക്ഷണങ്ങളിൽനിന്നു് ഏറെക്കുറേ ഊഹിക്കുവാൻ കഴിഞ്ഞെന്നുവരാം. എങ്കിലും നിശ്ചയം പറയുക അസാദ്ധ്യമാണ്. നേരേമറിച്ച് ക്രിസ്തുവിന്റെ സഭ അനശ്വരയെന്നു് ആക്കും സംശയലേശമെന്യേ പ്രസ്താവിക്കാം. എന്തുകൊണ്ടെന്നാൽ അവൾ ലോകാവസാനത്തോളം നിലനില്ക്കുമെന്നു ക്രിസ്തു പ്രവചിച്ചിട്ടുണ്ടു്. ആകാശഭൂലോകങ്ങൾക്കു വ്യതിക്രമം സംഭവിച്ചാലും ക്രിസ്തുവിന്റെ വാക്കുകൾക്ക് ഒരു മാററവും വരുന്നതല്ല.

സഭയിൽ അവളുടെ ആരംഭംമുതൽ ഇന്നുവരെ ശ്ലൈഹികമായ പിന്തുടർച്ച നിലനിന്നുപോരുന്നു. അപ്പസ്തോലന്മാർതന്നെ അവരുടെ പിൻഗാമികളെ തിരഞ്ഞെടുക്കുകയും അവർക്ക് അധികാരം നൽകുകയും ചെയ്തു. ഐന്ദ്രജാലികനായ സൈമനെപോലെ അധികാരം അപഹരിച്ച പ്രവർത്തിച്ചവരെല്ലാം സഭയിൽനിന്നും ബഹിഷ്കൃതരായി. "ദൈവത്താൽ വിളിക്കപ്പെടുന്നവനല്ലാതെ ആരും

ബഹുമാനം സ്വയം സ്വീകരിക്കുന്നില്ല." (എബ്രു, ൫, ൯) സുവിശേഷം പ്രസംഗിക്കുവാൻ വിശേഷാൽ അധികാരം അവശ്യാവശ്യമാണ്. അങ്ങനെ പ്രസംഗിക്കുന്നവർ ന്യായമായ അധികാരസ്ഥാനത്തുനിന്നും അയക്കപ്പെടണം. ക്രിസ്തുവിന്റെ തത്വങ്ങളെ ഈഷദ്ഭേദമെന്യേ അവർ ലോകത്തെ ഉദ്ബോധിപ്പിക്കുകയും വേണം. "എന്നാൽ ഞങ്ങൾ അറിയിച്ച സുവിശേഷമല്ലാതെ വേറൊരു സുവിശേഷം ഞങ്ങളോ, സ്വർഗ്ഗത്തിൽനിന്ന് ഒരു ദൈവദൂതൻ തന്നെയോ നിങ്ങൾക്ക് അറിയിച്ചാൽ അവൻ ശപിക്കപ്പെടട്ടെ." (ഗാല; ൧, ൮) അപ്പസ്തോലന്മാരുടെ മരണശേഷവും പ്രസ്തുത വ്യവസ്ഥ സർവ്വത്ര പ്രചാരത്തിലിരുന്നു. രണ്ടാംനൂററാണ്ടിലെ ഒരു നവീകരണകർത്താവായ മാർസ്യനോട് തെർത്തുല്യൻ ചോദിക്കുന്നു: "നിന്നെ ആരയച്ചു? നിന്റെ നിയമത്തിനു തെളിവുകൾ തരിക. അധികാരം അപഹരിക്കുന്ന നീ, നിന്റെ അധികാരപത്രം കാണിക്കുക." പാഷണ്ഡമതസ്ഥരോട് അവരുടെ മതത്തിന്റെ ഉത്ഭവം അപ്പസ്തോലന്മാരിൽ നിന്നാണെന്നു തെളിയിക്കുവാൻ അവർക്കു കഴിയുമോ എന്നു അദ്ദേഹം ചോദിക്കുന്നു. "അവരുടെ സഭ ആരിൽനിന്ന് ഉത്ഭവിച്ചു എന്നും അവരുടെ മെത്രാന്മാരുടെ പിൻതുടർച്ച എങ്ങനെയെന്നും അവർ തെളിയിക്കയും, അങ്ങനെ അവരുടെ ആദ്യമെത്രാനെ, ഒരു അപ്പസ്തോലനോ അപ്പസ്തോലന്മാരോട് ഐക്യത്തിൽ വർത്തിച്ചിരുന്ന മറെറാരു മെത്രാനോ ആണ് അഭിഷേകം ചെയ്തതു് എന്നു സ്ഥാപിക്കുകയും ചെയ്യട്ടെ" ("Lib. De Praescript.," chap. XXXII.). നിയമനം കൂടാതെ ഭരണസമിതിയിലോ, പ്രതിനിധിസഭയിലോ, പട്ടാളവകുപ്പിലോ ഉദ്യോഗം കൈക്കലാക്കുന്ന ഒരുവനെപ്പററി ജനങ്ങൾ എന്തു വിചാരിക്കും? അക്രമിയും അധി

കാരപ്രമത്തനുമായി അയാളെ ഏവരും പരിഗണിക്കയി ല്ലയോ? മേൽപ്രസ്താവിച്ചവയിൽ നിന്നെല്ലാം സിദ്ധമാവു ന്നതു് ഇരുപതു ശതവത്സരത്തോളം നിരന്തരം നിലനി ന്നതും, ആരംഭത്തിലുണ്ടായിരുന്ന ഘടനയ്ക്കു് ഇതേവരെ ഒരു ഭേദം വരാത്തതും, ആദ്യവിശ്വാസത്തിൽനിന്നു അണുപോ ലും വ്യതിചലിച്ചിട്ടില്ലാത്തതും ആയ ഒരു സഭ—അത്യാഹി തങ്ങളും, ഘോരപീഡനങ്ങളും, ഭയങ്കരപരിവൎത്തനങ്ങളും ജയിച്ച് അഭിനവമായ ധൈൎയ്യത്തോടും, പൂൎവ്വാധികം ഉത്സാ ഹത്തോടുംകൂടി ഭാവിയിലും ധൎമ്മസമരത്തിനു തയ്യാറായി രിക്കുന്ന ഒരു സഭ—ഇന്നു ഭൂമുഖത്തുണ്ടായിരിക്കണമെന്നു തന്നെ. അനശ്വരമായ ഈ സഭ ഏതായിരിക്കാം. 'ശാശ്വ തം' എന്ന ശിരോലേഖനംഉള്ള ആ സഭ കത്തോലിക്കാ സഭ മാത്രമാണു്. സുപ്രസിദ്ധനായ മെക്കോളി പ്രസ്താവിക്കു ന്നതു് ഇവിടെ ഉദ്ധാൎയ്യമത്രെ. "റോമൻകത്തോലിക്കാ സഭയെ പ്പോലെ നമ്മുടെ വിശേഷമായ ശ്രദ്ധയെ അത്രമാത്രം അർ ഹിക്കുന്നതായി മനുഷ്യ വൈദഗ്ദ്ധ്യത്താൽ നിൎമ്മിതമായ ഒന്നും ഇന്നു ഭൂമുഖത്തില്ല; ഒരിക്കലും ഉണ്ടായിട്ടുമില്ല. ഈ സഭ യുടെ ചരിത്രം മാനുഷനാഗരികതയുടെ രണ്ടു മഹായുഗ ങ്ങളെ തമ്മിൽ ഘടിപ്പിക്കുന്നു. സൎവ്വദേവതാമണ്ഡപ (Panth-eon) ത്തിൽനിന്നു ഹോമധൂമപടലം നിരന്തരം ആകാശ ത്തേയ്ക്കു പൊങ്ങിക്കൊണ്ടിരുന്നതും, ഫ്ളാവിയൻ വിനോദരം ഗത്തിൽ കടുവാകളും പുലികളും സ്വച്ഛന്ദം വിഹരിച്ചി രുന്നതുമായ പൗരാണിക കാലങ്ങളുടെ സ്മരണ നമ്മുടെ സ്മൃതിപഥത്തിൽ കൊണ്ടുവരുന്നതിനു് അത്ര പഴക്കമുള്ള സ്ഥാപനം ഈ സഭയല്ലാതെ വേറെ ഇല്ല" (Macaulay, Edinburgh Review). നമ്മുടെ ചുറ്റും കാണുന്ന ക്ഷണഭംഗു രങ്ങളായ വിവിധ സഭാവിഭാഗങ്ങളും കത്തോലിക്കാസഭയും തമ്മിൽ എത്ര വ്യത്യാസം. ഈ അകത്തോലിക്ക സഭകൾ

പ്രചണ്ഡമാരുതനാൽ പ്രചലിതമായ സമുദ്രത്തിലേ തിരമാലകൾക്കു തുല്യം ഒരു നിമിഷത്തിൽ ആവിർഭവിക്കയും അനന്തരനിമിഷത്തിൽ അന്തരിക്കുകയും ചെയ്യുന്നു. കാലത്തിനും സാഹചര്യങ്ങൾക്കും അനുസൃതമായിരൂപത്തിലും വേഷത്തിലും അവയ്ക്കു് അനവധി മാററങ്ങൾ വന്നുകൊണ്ടിരിക്കുന്നു. അവ മനുഷ്യസ്ഥാപിതങ്ങളാണെന്നു് അവയുടെ പേരുകൾതന്നെ ഉച്ചൈസ്തരം വിളിച്ചു പറയുന്നുണ്ടു്; അവ ഒന്നും അത്ര പ്രാചീനമല്ലെന്നുള്ളതും നിഷ്പ്രയാസം മനസ്സിലാക്കാം. ലൂതറും ഹെൻറി എട്ടാമനുമാണു പ്രസ്തുത സഭകളിൽ പലതിനും ഹേതുഭൂതന്മാർ. ലൂതർ, വ്രതലംഘകനും വിപ്ലവകാരിയുമായ ഒരു സന്യാസിയായിരുന്നു; വ്യഭിചാരിയും ഭാര്യാഘാതകനും ക്രൂരതയുടെ അവതാരവുമായ ഒരു രാജാധമനാണു് ഹെൻറി എട്ടാമൻ. ദൈവം, തൻെറ സഭയെ നവീകരിക്കുന്നതിന്നു് ഇവരെ തിരിഞ്ഞെടുത്തു എന്നു് ആർ വിശ്വസിക്കും? "എൻെറ പിതാവു് എന്നെ അയച്ചതു പോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു" (യോഹ., ൨൨, ൨). എന്ന വചനങ്ങൾ ക്രിസ്തു ഇവരോടരുളിച്ചെയ്തുവെന്നു പറവാൻ ആക്കു കഴിയും? ഈ സഭാസ്ഥാപകന്മാരോടു് എറാസ്മസ പറയുന്നു: "അത്ഭുതങ്ങൾ എനിക്കു കാണിച്ചു തരിക. അത്ഭുതപ്രവത്തനംമൂലം അപ്പസ്തോലന്മാർ തങ്ങൾ പ്രസംഗിച്ച തത്വങ്ങളുടെ യാഥാത്ഥ്യത്തെ തെളിയിച്ചില്ലായിരുന്നുവെങ്കിൽ അവരെ വല്ലവരും വിശ്വസിക്കുമായിരുന്നോ?..... ഒരു മുടന്തൻകുതിരയെ എങ്കിലും സുഖപ്പെടുത്തുന്നതിനു നിങ്ങളിൽ ആർക്കു സാധിച്ചിട്ടുണ്ടു്?"

## ൨ സ്ഥലത്തെ സംബന്ധിച്ചുള്ള സാർവ്വത്രികത്വം.

കത്തോലിക്കസഭ, യുഗങ്ങളുടെ സ്വാമിനിയായിരിക്കുന്നതുപോലെതന്നെ രാജ്യങ്ങളുടെ അദ്ധ്യക്ഷയുമാകുന്നു.

ഒരു പ്രത്യേക ജനവിഭാഗത്തെമാത്രം പരിത്രാണം ചെയ്യുന്നതിനല്ല, നരകുലത്തെ ആകമാനം രക്ഷിക്കുന്നതിനാണു മനുഷ്യപുത്രൻ അവതീർണ്ണനായതു്. ആകയാൽ അവിടുത്തെ സഭ ലോകത്തിന്റെ എല്ലാഭാഗങ്ങളിലും വ്യാപിക്കേണ്ടതാവശ്യമാണ്. ക്രിസ്തു വിജാതീയരെ പിതൃസ്വത്തായും, ഭൂമിയുടെ സീമകൾ അവകാശമായും സ്വീകരിക്കുമെന്നും (സങ്കീ., ൨, ൮) ലോകത്തിലുള്ള എല്ലാജാതികളും ക്രിസ്തുമൂലം അനുഗ്രഹീതരാകുമെന്നും ദൈവം അരുളിച്ചെയ്തിട്ടുണ്ടു്. വിസ്മയനീയങ്ങളായ പ്രസ്തുത സംഗതികളെ ഭവിഷ്യജ് ജ്ഞാനവരത്താൽ ഗ്രഹിച്ചുകൊണ്ടു് ഇസയാസ് പ്രവാചകൻ സഭയോടു പറയുന്നു: "നിന്റെ പുത്രൻ ദൂരത്തുനിന്നും വരും. നിന്റെ പുത്രിമാർ നിന്റെ പാർശ്വത്തിൽ നില്ക്കും. കടലിലേ പെരുപ്പം നിന്റെ പക്കലേയ്ക്കു തിരിയും; പുറജാതികളുടെ ശക്തി നിന്റെ അടുക്കൽ വരും." (ഇസ., ൬൦, ൪-൫) ഈ ദീർഘദർശനങ്ങൾ നിറവേറുന്നതിനായിട്ടാണു ക്രിസ്തു മനുഷ്യനായി അവതരിച്ചതു്. അദ്ദേഹത്തിന്റെ സുവിശേഷം ലോകത്തിന്റെ എല്ലാ ഭാഗങ്ങളിലും പ്രസംഗിക്കപ്പെടുമെന്നു നിസ്സംശയം അദ്ദേഹം ഉദ്ഘോഷിക്കുന്നു. "ആകയാൽ നിങ്ങൾപോയി സകല ജാതികളേയും പഠിപ്പിക്കുവിൻ." (മത്തായി., ൨൮, ൧൯) "ജറൂസലത്തിലും യൂദയായിലും സമറിയായിലും മാത്രമല്ല; ഭൂമിയുടെ അതിർത്തികൾവരെയും നിങ്ങൾ എനിക്കു സാക്ഷികളായിരിക്കും." (നടപടി. ൧, ൮) ക്രിസ്തുവിന്റെ സഭ അവശ്യം സാർവജനീനവും സാർവത്രികവും ആയിരിക്കണമെന്നുള്ളതിനു് ഇതിൽ കൂടുതൽ തെളിവാവശ്യമില്ല. ഇപ്രകാരം സാർവത്രികമായ ഈ സഭ ഏകവിശ്വാസം സംരക്ഷിക്കുകയും ഗാഢമായ ഐക്യം അംഗങ്ങളുടെ ഇടയിൽ പാലിക്കുകയും വേണം. പ്രോട്ടസ്റ്റൻറുകാരെ എല്ലാ രാജ്യങ്ങളിലും കണ്ടെന്നുവരാം; പക്ഷെ അവർ മത

വിഷയങ്ങളിൽ വിഭിന്നരാണ്. സാർവ്വത്രികത്വത്തിനു വേർതിരിക്കാൻ പാടില്ലാത്ത രണ്ടു ഘടകങ്ങൾ ഉണ്ട്. അവ ഐക്യവും സംഖ്യയും ആകുന്നു. അന്യോന്യം മത്സരിച്ചുകൊണ്ടിരിക്കുന്ന അനവധി മതവിഭാഗങ്ങൾ ഒന്നുചേർന്നാൽ ഏക സാർവ്വത്രിക സഭയാകുമെന്നു പറയുന്നതു്, ലോകത്തിലുള്ള വിവിധ ഗവർമ്മെൻറുകളും ഒരൊററ ഗവർമ്മെൻറാണെന്നു പറയുന്നതിനു തുല്യമാണ്. ഫ്റാൻസുകാരും ജർമ്മൻകാരും ഇംഗ്ലീഷ്കാരും റഷ്യരും എല്ലാം ഒരേ ഒരു ജനതയെന്നു പറയുന്നതിൽ എന്തുമാത്രം വാസ്തവമുണ്ടു്? പ്രോട്ടസ്റ്റൻറു മതവിഭാഗങ്ങളിൽ ഏതെങ്കിലും ഒന്നിനെ കത്തോലിക്ക സഭയോടു തുലനം ചെയ്യാം. ഏററം ഉൽകർഷം പ്രാപിച്ചിരിക്കുന്നതും പ്രചുരപ്രചാരം സിദ്ധിച്ചിട്ടുള്ളതുമായ ഒന്നുതന്നെ അതിനായി നമുക്കു തിരിഞ്ഞെടുക്കാം. അതിനു പത്തോ ഇരുപതോ ലക്ഷം അനുയായികൾ ഉണ്ടെന്നിരിക്കട്ടെ. എന്നാൽ അവരിൽ ഒരേ വിശ്വാസമുള്ള രണ്ടു വ്യക്തികളെ ചൂണ്ടിക്കാണിക്കുക വളരെ പ്രയാസമായിരിക്കും. കത്തോലിക്കാസഭയ്ക്കു് ഏകദേശം നാല്പതുകോടി അംഗങ്ങളുണ്ടു്. അവരെല്ലാവരും ഒരേ വിശ്വാസം പാലിക്കുന്നവരും ഒരേ ദിവ്യകർമ്മങ്ങളിൽ സംബന്ധിക്കുന്നവരും ആണ്. "പ്രോട്ടസ്റ്റൻറു മതാനുയായികളെക്കാൾ പത്തു കോടിയിൽപരം അംഗങ്ങൾ കൂടുതലുള്ള കത്തോലിക്ക സഭയിൽ ഇത്ര പരിപൂർണ്ണമായ ഐക്യം സംരക്ഷിക്കപ്പെട്ടു പോരുന്നതു് അത്ഭുതകരമല്ലയോ?

## III.
## സഭാധിപൻ.

സഭ ഒരു വലിയകുടുംബമാകുന്നു. ഈ കുടുംബത്തിലെ അംഗങ്ങൾ ഭൂമുഖത്തെങ്ങും ചിതറിക്കിടക്കുകയാണ്. വിവി

ധങ്ങളായ എല്ലാ സമുദായങ്ങളേയും സംഗ്രഹിച്ചുകൊള്ളുന്ന ഒരു മഹാ സമുദായമത്രെ സഭ. വിനാശം പ്രാപിക്കാത്ത സാമ്രാജ്യമാകുന്നു അതു്. യുദ്ധത്തിനു സന്നദ്ധമായി, നിത്യതയെ ജയിക്കുന്നതിനു പുരോഗമനം ചെയ്തുകൊണ്ടിരിക്കുന്ന ഒരു സൈന്യവ്യൂഹമാണ് അതു്. ഒരേസ്ഥലത്തു മേഞ്ഞുകൊണ്ടിരിക്കുന്ന ആടുകളും കുഞ്ഞാടുകളും അടങ്ങിയ ഒരു ആട്ടിൻപററത്തോടു് അതിനെ ഉപമിക്കാം. കുടുംബത്തിൽ പിതാവും, സമുദായത്തിൽ അധിപനും, രാജ്യത്തിൽ ഭരണകർത്താവും, സൈന്യവകുപ്പിൽ നായകനും, അജൗഘത്തിന് ഇടയനും ഉണ്ടു്. ഇപ്രകാരം ക്രിസ്തുവിൻെറ സഭയിലും അധിപനായി ഒരാൾ ആവശ്യമല്ലയോ? ദൈവനിവേശിതഗ്രന്ഥങ്ങൾ ഈ അധിപനെക്കുറിച്ചു സുവിദിതമായി പ്രസ്താവിക്കുന്നു. സഭയിൽ പിതാവും, നേതാവും, ഭരണകർത്താവും, നായകനും, പാലകനും ആയി വി. പത്രോസു തിരിഞ്ഞെടുക്കപ്പെട്ടു. സഭ, ലോകാവസാനംവരെ നിലനിൽക്കേണ്ടതാകയാൽ ഈ ആധിപത്യം അഥവാ പ്രാമുഖ്യം വി. പത്രോസിൻെറ മരണത്തോടുകൂടി അവസാനിച്ചില്ല; അദ്ദേഹത്തിൻെറ അനന്തരഗാമികളിലും അതു നിലനിന്നുപോരുന്നു. എല്ലാകാലത്തുമുള്ള ജനങ്ങൾ പാപ്പായുടെ പരമാധികാരത്തെ സമ്മതിച്ചിട്ടുണ്ടെന്നുള്ളതു് അനിഷേധ്യമായ വാസ്തവമാണ്. റോമാസഭ, അനശ്വരമായ ഒരു മഹാശിലയാണെന്നും, അന്യരെ വിധിക്കുന്നതും മററാരാലും വിധിക്കപ്പെടാത്തതും ആയ അധികാരസ്ഥാനമാണെന്നും, പുരോഹിതാധികാരത്തിൻെറ നിദാനവും സകല സഭകളുടെയും മാതാവും ആണെന്നും ലോകചരിത്രത്തിൻെറ ഓരോ പക്ഷവും ഉച്ചൈസ്തരം വിളിച്ചു പറയുന്നു. പരിശുദ്ധപിതാവും, ദൈവഭവനത്തിൻെറ തലവനും സ്വർഗ്ഗരാജ്യത്തിൻെറ താക്കോൽക്കാരനും, മെത്രാന്മാരിൽ പ്രമുഖനും, അജപാലകന്മാരുടെ നേതാവും ആണു

റോമാമെത്രാനെന്ന് എല്ലാജനങ്ങളും ഏിക്കകണ്ഠം പ്രഘോഷിക്കുന്നു. വി. പാററ്റിക്കിനെ അയർലൻഡിലേയ്ക്കും, പള്ളാഡിയസിനെ സ്കോട്ട്ലൻഡിലേയ്ക്കും, ആഗസ്റ്റിനോസിനെ ഇംഗ്ലണ്ടിലേയ്ക്കും, റമിജിയസിനെ ഫ്റാൻസിലേയ്ക്കും, മെത്തോഡിയൂസിനെ റഷ്യയിലേയ്ക്കും, ബോനിഫേസിനെ ജമ്മനിയിലേയ്ക്കും അയച്ചതു മാർപ്പാപ്പാമാരാണ്. സൂനഹദോസ് എന്നു് അറിയപ്പെടുന്ന സഭാസമ്മേളനങ്ങളിൽ ആദ്ധ്യക്ഷ്യം വഹിച്ചതു പാപ്പാമാരത്രെ. അധികാരഭ്രമത്തന്മാരായ ഭരണകത്താക്കന്മാരുടെയും, പ്രജാപീഡകന്മാരായ പ്രഭുക്കന്മാരുടെയും ഉപദ്രവങ്ങളിൽനിന്നു ബലഹീനരേയും നിസ്സഹായരേയും സംരക്ഷിക്കുന്നതിൽ ബദ്ധശ്രദ്ധരായിരുന്നതും പാപ്പാമാർ തന്നെ. പത്തൊൻപതു നൂററാണ്ടുകൾക്കുശേഷം ഇന്നും ലോകത്തിൻെറ ബഹുമാനാദരങ്ങളെ സവിശേഷം സമാകർഷിച്ചുകൊണ്ടു പരിലസിക്കുന്ന ആ മഹാശക്തി പത്രോസിൻെറ സിംഹാസനമല്ലാതെ മറേറതാണു? വ്യക്തികളുടെയും രാജ്യങ്ങളുടെയും അഭിവൃദ്ധിക്കു റോമാമാർപ്പാപ്പാമാരോളം സഹായസഹകരണങ്ങൾ നൽകിയിട്ടുള്ളവർ ആരുമില്ല. രാജാക്കന്മാർക്കും ചക്രവത്തികൾക്കും, ഭരണധുരന്ധരന്മാർക്കും, വീരയോദ്ധാക്കൾക്കും, പ്രകൃതിശാസ്ത്രകോവിദന്മാക്കും, തത്വശാസ്ത്രപണ്ഡിതന്മാർക്കും ആർക്കും തന്നെ പാപ്പാമാരെപ്പോലെ സമുദായത്തിൽ അത്ര സ്വാധീനശക്തി പ്രയോഗിക്കുവാൻ കഴിഞ്ഞിട്ടില്ല. ഇരുനൂററിഎഴുപതിൽപരം പാപ്പാമാർ തുടരെ വി. പത്രോസിൻെറ സിംഹാസനത്തെ ആരോഹണം ചെയ്തു എന്നതു ഭൂലോകചരിത്രത്തിൽ ഏററം ആശ്ചര്യജനകമായ ഒരു സംഗതിയാണ്. ഇവരിൽ മുപ്പത്തിമൂന്നുപേർ രക്തസാക്ഷികളായും എഴുപത്തൊമ്പതുപേർ വിശുദ്ധന്മാരായും വണങ്ങപ്പെടുന്നു. പാപ്പാമാർ എല്ലാവരും തങ്ങളുടെ കത്തവ്യങ്ങൾ നിവ്വഹിക്കുന്നതിൽ സദാ

ദത്തശ്രദ്ധരായിരുന്നവരാണു്. വിശ്വാസസംബന്ധമായ കാൎയ്യങ്ങളിൽ വളരെ അവധാനപൂൎവ്വമാണു് അവർ പ്രവൎത്തിച്ചിട്ടുള്ളതു്. അവരെ ഏല്പിച്ച ദിവ്യനിക്ഷേപത്തെ മരണംപോലും അവഗണിച്ചു സൂക്ഷിക്കുന്നതിനു് അവർ സന്നദ്ധരായിരുന്നു. കൗടില്യമൊ, തന്ത്രമൊ, ദ്വയാൎത്ഥപ്രയോഗമൊ ഒന്നും അവൎക്കില്ല. രാജാക്കന്മാരുടെയും ഭരണകൎത്താക്കന്മാരുടെയും മുമ്പിൽ അവർ ഭയവിഹ്വലരാകുന്നില്ല. അന്യാദൃശമായ ഈ സ്ഥൈൎയ്യവും, വിച്ഛേദം സംഭവിക്കാത്ത പിൻതുടൎച്ചയും ഒരു അവിശ്വാസിക്കു ദുൎഗ്രഹംതന്നെ. നാസ്തികത്വവും അരാജകത്വവും ശക്തിപ്രാപിച്ചുവരുന്ന ഇക്കാലത്തും അവയ്ക്കു ഹാനിഭവിക്കാത്തതു് ആശ്ചൎയ്യജനകമല്ലയോ! ലോകമൊട്ടുക്കു വ്യാപിച്ചിരിക്കുന്ന ഒരു വമ്പിച്ച സമുദായത്തിന്റെ നേതാവു താനെന്നു വയോവൃദ്ധനായ ഒരുവൻ പ്രഖ്യാപനം ചെയ്യുന്നു. അനേകായിരം ജനങ്ങൾ അദ്ദേഹത്തിന്റെ ആജ്ഞാനുവൎത്തികളായുണ്ടു്. അവരുടെ ഓരോരുത്തരുടെയും മനസ്സാക്ഷിയെ അദ്ദേഹം നിയന്ത്രിക്കുന്നു. അരണ്യങ്ങളെ അധിവസിക്കുന്ന അസംസ്കൃതജാതികളോടും, മ്ലേച്ഛവൎഗ്ഗങ്ങളോടും, നഗരങ്ങളിൽ നിവസിക്കുന്ന പരിഷ്കൃത ജനങ്ങളോടും അദ്ദേഹം സംഭാഷണം ചെയ്യുന്നു. അദ്ദേഹത്തിന്റെ അധികാരസീമയിൽപ്പെട്ട ഏവരും, അവർ എത്രതന്നെ വ്യുല്പന്നമതികളായിരുന്നാലും ശരി, തന്റെ ആജ്ഞകളെ അനുവൎത്തിക്കണമെന്നു് അദ്ദേഹം നിഷ്കൎഷിക്കുന്നു. ദുൎബ്ബലനും, ലൗകികപ്രഭാവം ഒട്ടുമില്ലാത്തവനും, ശത്രുക്കളുടെ വിദ്വേഷത്തിനു പാത്രവുമായ ഈ വൃദ്ധൻ ലോകത്തെ മുഴുവൻ തന്നിലേയ്ക്കു് ആകൎഷിക്കുന്നു. അനിതരസാധാരണവും അത്ഭുതാവഹവുമായ ഈ ആകൎഷണംനിമിത്തമായിരിക്കണം അദ്ദേഹത്തിന്റെ പരമാധികാരത്തെ അപഹരിക്കുന്നതിനു് ഇതേവരെ ഒരു ശക്തിക്കും സാദ്ധ്യമാകാ

തെ വന്നതു്. അനേകലക്ഷം ജനങ്ങൾ ഭയഭക്തിപൂർവ്വം അ ദ്ദേഹത്തിൻെറ ആജ്ഞ അനുവത്തിക്കുന്നു. മനുഷ്യമന സ്സിൽ ഇത്ര കർതൃത്വം വഹിക്കുന്ന ഒരാൾ പ്രക്ഷുബ്ധവും വിപ്ലവപൂർണ്ണവുമായ ഇക്കാലത്തു യൂറോപ്പിൻെറ മദ്ധ്യഭാഗത്തു തന്നെ വസിക്കുന്നുവെന്നുള്ളതു് ഒരു വലിയ അത്ഭുതമല്ലയോ? ക്രിസ്തുവിൻെറ വാക്കുകൾ എത്ര അന്വത്ഥമായിരിക്കുന്നു. "ഈ പാറമേൽ എൻെറ സഭയെ ഞാൻ പണിയും; നരക വാതിലുകൾ അതിനെ ജയിക്കയില്ല. (മത്താ., ൧൬, ൧൮) (പത്രോസേ) നിൻെറ വിശ്വാസം ക്ഷയിക്കാതിരിക്കുന്നതി നു ഞാൻ നിനക്കുവേണ്ടി പ്രാർത്ഥിച്ചിട്ടുണ്ടു്." (ലൂക്കാ. ൨൨, ൩൨) ക്രിസ്തുവിൻെറ പ്രാത്ഥന സഫലമാകാതിരിക്കയില്ലെ ന്നുള്ളതു തീർച്ചയാണു്. ആകയാൽ പത്രോസിൻെറയും അ നന്തരഗാമികളുടെയും വിശ്വാസത്തിനു വിലോപം സംഭവി ക്കുകയില്ല. അപ്രമാദിത്വമെന്ന വിശേഷവരത്താൽ പാപ്പാ യുടെ ഈ ശക്തിയും അധികാരവും എന്നും സുരക്ഷിതമായി രിക്കും.

പാപ്പായുടെ അപ്രമാദിത്വംപോലെ കത്തോലിക്ക മതവിദ്വേഷികളുടെ കഠിനമായ ആക്ഷേപങ്ങൾക്കും അപ ഹാസങ്ങൾക്കും പാത്രമായ യാതൊരു വിഷയവും ക്രിസ്തീയ തത്വസംഹിതയിൽ ഇല്ലതന്നെ. എന്നാൽ ഇത്രയും വ്യക്ത മായി വേറെ ഏതെങ്കിലും ഒരു സത്യത്തെപ്പററി വേദപുസ്ത കത്തിൽ പ്രസ്താവിച്ചിട്ടുണ്ടോ എന്നും സംശയമാണു്. നരക വാതിലുകൾക്കു് ജയിക്കുവാനോ, പ്രമാദമാകുന്ന കൊടുങ്കാ ററിനു് ഇളക്കുവാനോ സാധിക്കാത്ത ഒരു മഹാ മന്ദിരത്തി ൻെറ അസ്തിവാരം പത്രോസാകുന്നുവെന്നു നമ്മുടെ രക്ഷാനാഥ ൻ പ്രസ്താവിക്കുന്നു. ഈ ഒരു അസ്തിവാരം ദുർബലമായിരിക്ക യില്ല. എന്തുകൊണ്ടെന്നാൽ പത്രോസിൻെറ നിശ്ചയങ്ങ

ളേയും നിർദ്ദേശങ്ങളേയും സ്വർഗ്ഗത്തിൽ സ്ഥിരീകരിക്കുമെന്നും അവിടുന്നുതന്നെ വാഗ്ദാനം ചെയ്തിട്ടുണ്ട്. (മത്താ., ൧൬, ൧൯) അവിടുന്ന് അബദ്ധത്തെ അംഗീകരിക്കയും സ്ഥിരീകരിക്കയും ചെയ്യുമെന്ന് എങ്ങനെ വിശ്വസിക്കും? സ്വന്തം ആട്ടിൻ പററത്തെ തീററിപ്പോററുന്നതിനു പത്രോസിനെ നിയമിച്ചു. (യോഹ., ൨൧, ൧൫-൧൭) വിഷമയമായ ഭക്ഷണം നൽകുന്ന ഒരു ഇടയനെ അദ്ദേഹം തിരിഞ്ഞെടുക്കുകയില്ലെന്നു തീർച്ചയാണ്.

അപ്രമാദിത്വം കൂടാതെ ഐക്യം ഉണ്ടാകുവാൻ പാടില്ല. ഇതിൻെറ യാഥാർത്ഥ്യം ഗ്രഹിക്കുന്നതിന് അകത്തോലിക്ക സഭകളുടെ സ്ഥിതി ആലോചിച്ചു നോക്കിയാൽ മാത്രം മതി. പ്രോട്ടസ്റ്റൻറുമതംതന്നെ ഉദാഹരണത്തിനെടുക്കാം. എത്ര ഭിന്നവകുപ്പുകളാണ് അതിലുള്ളത്. അവയിൽ ഛിദ്രങ്ങളും മത്സരങ്ങളും മാത്രമേ നാം കാണുന്നുള്ളു. പ്രസ്തുത സഭകളിൽ വെച്ച് ഏററം പരിപൂർണ്ണമെന്നു പറയാവുന്ന ആംഗ്ലിക്കൻ സഭതന്നെയും "അന്യോന്യം കലഹിക്കുന്ന അനേകം ഭിന്നവകുപ്പുകൾ അടങ്ങിയ" ഒന്നാകുന്നുവെന്നത്രെ പ്രോട്ടസ്റ്റൻറു ചരിത്രകാരനായ മെക്കാളിതന്നെയും പറയുന്നതു" (Essay on Gladstone's "Church and State"). മതപരമായ വല്ലസംശയവും ഉണ്ടാകുമ്പോൾ അതിനു തക്ക സമാധാനം നൽകുന്നതിനു സാധിക്കാതെ അവരുടെ ആചാര്യന്മാർ വിഷമിക്കുന്നു. ജ്ഞാനസ്നാനത്തിൻെറ ആവശ്യകതയേയും, നരകശിക്ഷയുടെ നിത്യതയേയും, എന്നു വേണ്ട നിസ്സാരങ്ങളായ സംഗതികളെക്കുറിച്ചുപോലും ഖണ്ഡിതമായി പ്രസ്താവിക്കുവാൻ അവർക്കു സാധിക്കുന്നില്ല. തന്നിമിത്തം ജനസാമാന്യത്തിൻെറ അഭിപ്രായത്തിൽ അവർ അഭയം തേടുന്നു. ഇപ്രകാരം ഒരു സംഗതിയെക്കുറിച്ചു തീർ

മ്മാനം ചെയ്തുകഴിഞ്ഞാൽ തന്നെയും അനേകർ അതിനെ പ്രതിഷേധിക്കയും, അങ്ങനെ സഭയിൽ കലഹം ഉദ്ഭൂതമാകയും ചെയ്യുന്നു. ഈ വിഷമഘട്ടങ്ങളിൽ സമാധാന പാലനത്തിനു രാഷ്ട്രീയാധികാരത്തെ ആശ്രയിക്കാതെ അവർക്കു ഗത്യന്തരമില്ല. രാഷ്ട്രത്തിന്റെ വിധി സമാദരിക്കുവാൻ അവർ നിർബ്ബന്ധിതരായും തീരുന്നു.

സഭാധിപന് അപ്രമാദിത്വമില്ലെങ്കിൽ സഭയിൽ വിശ്വാസം സംരക്ഷിക്കുക അശക്യമത്രെ. വിശ്വാസം നിത്യരക്ഷയ്ക്കു് അത്യന്താപേക്ഷിതമാണ്. എന്തുകൊണ്ടെന്നാൽ വിശ്വസിക്കുന്നവനു രക്ഷയും, വിശ്വസിക്കാത്തവനു ശിക്ഷയും ലഭിക്കുമെന്നു ക്രിസ്തു അരുളിച്ചെയ്യുന്നു (മർക്കോസു ൧൬, ൧൬) എന്നാൽ എന്തെങ്കിലും ഒന്നു വിശ്വസിക്കണമെങ്കിൽ അതു സംശയരഹിതമായിരിക്കണം. വെറും ഒരഭിപ്രായമോ, അഭിലാഷമോ, പ്രേരണയോ ഒരിക്കലും വിശ്വാസമാകയില്ല. ദൈവം വെളിപ്പെടുത്തുന്ന സത്യത്തിനു, അവിടുത്തെ അനന്ത ജ്ഞാനത്തേയും സത്യസന്ധതയേയും ആധാരമാക്കി നാം നൽകുന്ന സുദൃഢവും സുസ്ഥിരവും സുനിശ്ചിതവുമായ സമ്മതിയാണു വിശ്വാസം. ഒരു കാര്യം വിശ്വസിക്കണമെങ്കിൽ അതു ദൈവം വെളിപ്പെടുത്തിയിട്ടുള്ളതാണെന്നു നിശ്ചയമുണ്ടായിരിക്കണം. ഇന്നിന്ന സംഗതികൾ ദൈവം വെളിപ്പെടുത്തിയെന്നു നമ്മെ പഠിപ്പിക്കുന്നതിനു തെററുവരുവാൻ പാടില്ലാത്ത ഒരു ഉപദേഷ്ടാവു് അത്യന്താപേക്ഷിതമാണ്. ഇപ്രകാരം അപ്രമാദിത്വമുള്ള ഒരു ഉപദേഷ്ടാവിന്റെ ആവശ്യം അപലപിക്കുകയും സ്വതന്ത്രവ്യാഖ്യാനം എല്ലാവർക്കും അനുവദിക്കുകയും ചെയ്യുന്നതുനിമിത്തം പ്രോട്ടസ്റ്റാൻറു സഭകളിൽ വിശ്വാസം നാമാവശേഷമായി പരിണമിച്ചിരിക്കുന്നുവെന്നതു സുവിദിതമായ ഒരു വാസ്തവമാണല്ലോ.

അപ്രമാദിത്വം കൂടാതെ മതംതന്നെയും നിലനില്ക്കുന്നതല്ല. മണൽതിട്ടമേൽ കെട്ടിപ്പൊക്കിയ ഒരു കെട്ടിടത്തിനു തുല്യമാണു തെററാവരമില്ലാത്ത മതം. കാററടിക്കുമ്പോൾ അതു് അടിമറിഞ്ഞു നിലംപതിക്കും. ഒരു രാഷ്ട്രീയകലഹമോ, സാമുദായികവിപ്ലവമോ അതിനെ നശിപ്പിച്ചു കളഞ്ഞെന്നു വരാം. ഒരു കാലത്തു വളരെ പ്രാബല്യം സിദ്ധിച്ചിരുന്ന ആര്യൻപാഷണ്ഡകന്മാരുടെ സ്ഥിതി എന്തായി തീർന്നു? നെസ്തോറിയന്മാരും എവുത്തിക്കിയരും ഇപ്പോൾ എവിടെ? അവരെല്ലാം അല്പകാലത്തിനുള്ളിൽ ഭൂമുഖത്തുനിന്നും അന്തർധാനം ചെയ്തു. അപ്രമാദിത്വമുള്ള സഭാധിപനെ അംഗീകരിക്കാത്ത എല്ലാ സഭകളും ഇപ്രകാരം കാലാന്തരത്തിൽ നാമാവശേഷങ്ങളാകതന്നെ വേണം. ഒന്നുകിൽ അവ കത്തോലിക്കസഭയിലേയ്ക്കു തന്നെ പിന്തിരിയും. അല്ലെങ്കിൽ അവിശ്വാസമാകുന്ന അന്ധകാരഗർത്തത്തിൽ നിപതിക്കും. ഭിന്നസഭകളിൽ പെട്ട നമ്മുടെ സഹോദരന്മാരിൽ പലരും, പാപ്പായുടെ അപ്രമാദിത്വം എന്ന വിഷയത്തെ സംബന്ധിച്ച് അവർക്കുള്ള ഭീമമായ അജ്ഞതയെ പലപ്പോഴും പ്രകടിപ്പിക്കാറുണ്ട്. യഥേഷ്ടം പ്രവത്തിക്കുന്നതിനു മാർപ്പാപ്പായ്ക്കു് അധികാരം നൽകുന്ന ഒരു സവ്വശക്തിത്വം (Omnipotence) ആണു് അപ്രമാദിത്വം എന്നു് അവർ വിചാരിക്കുന്നു. ഇതു് അബദ്ധസംപൂർണ്ണമായ ഒരു ധാരണയാണു്. സഭയുടെ ഘടനയിൽ എന്തെങ്കിലും വ്യത്യാസം വരുത്തുന്നതിനോ, ദൈവനിവേശിതഗ്രന്ഥങ്ങളിൽ വല്ലഭേദവും ചെയ്യുന്നതിനോ, നമ്മെപ്പോലെതന്നെ മാർപ്പാപ്പായ്ക്കും യാതൊരധികാരവുമില്ല. അദ്ദേഹം ദൈവവചനത്തിൻെറ ഔദ്യോഗിക രക്ഷാകത്താവും, വ്യാഖ്യാതാവും, ക്രിസ്തീയാവകാശസ്വാതന്ത്ര്യങ്ങളുടെ പാലകനും, സംരക്ഷകനും മാത്രമാകുന്നു.

ഹെൻറി എട്ടാമന് അയാളുടെ ഭാൎയ്യയെ ഉപേക്ഷിക്കുന്നതിനുള്ള അനുവാദം നൽകുവാൻ പാപ്പായ്ക്കു സാധിച്ചില്ല. കാരണം, "ദൈവം സംയോജിപ്പിച്ചതിനെ മനുഷ്യൻ വേർപെടുത്താതിരിക്കട്ടെ" (മത്താ., ൧൯, ൬) എന്ന ദൈവവചനത്തെ ഭേദപ്പെടുത്തുവാനോ വേദപുസ്തകത്തിൽനിന്നുമായിച്ചുകളവാനോ അദ്ദേഹത്തിന് അധികാരമില്ലാത്തതുതന്നെ. ഒരു വമ്പിച്ച ജനവിഭാഗംതന്നെയും സഭയിൽനിന്നു ഭിന്നിച്ചുപോയാലും വിശ്വാസസത്യസംഹിതയിൽ യാതൊരു ഭേദവും വരുത്തുവാൻ മാർപ്പാപ്പായ്ക്കു പാടുള്ളതല്ല. വിശ്വാസത്തെയും സന്മാൎഗ്ഗത്തെയും സംബന്ധിച്ച് അധികാരസമേതം പഠിപ്പിക്കുമ്പോൾ അതിൽ പാപ്പായ്ക്ക് അബദ്ധം പററുകയില്ല എന്നാണ് അപ്രമാദിതത്വത്തിൻെറ അർത്ഥം. ഒരു രാജ്യത്തെ പ്രധാന നീതിന്യായക്കോടതിയിൽ ചെയ്യപ്പെടുന്ന വിധികൾക്ക് അപ്പീലില്ലാത്തതുപോലെ വിശ്വാസസത്യങ്ങളെ സംബന്ധിച്ച മാർപ്പാപ്പാ ചെയ്യുന്ന തീരുമാനങ്ങൾക്കു മാററം വരുവാൻ പാടുള്ളതല്ല. പ്രസ്തുത നീതിന്യായക്കോടതിവിധികൾ ഒരു വിധത്തിൽ പറഞ്ഞാൽ അപ്രമാദങ്ങളായി നാം കരുതി പോരുന്നുണ്ടല്ലോ. അങ്ങനെയെങ്കിൽ സത്യസ്വരൂപനായ ദൈവം സ്ഥാപിച്ച സഭയുടെ അധിപനു സാക്ഷാത്തായ അപ്രമാദിതത്വവരം അവിടുന്നു നൽകിയെന്നു ന്യായപൂൎവ്വം നമുക്ക് അനുമാനിക്കരുതോ?

## IV.
## ക്രിസ്തീയ നിയമസംഹിത.

വിശുദ്ധ ഗ്രന്ഥങ്ങളിലും പാരമ്പൎയ്യങ്ങളിലും അടങ്ങിയിരിക്കുന്ന ദൈവപ്രകാശിതവചനങ്ങൾ ആണു ക്രൈസ്തവനിയമസംഹിത. ക്രിസ്തു, തൻെറ അപ്പസ്തോലന്മാരോടു വേദപുസ്തകം എഴുതി പ്രചരിപ്പിക്കുവാൻ ആജ്ഞാപിച്ചില്ല.

"നിങ്ങൾ പോയി സകല ജാതികളേയും പഠിപ്പിക്കുവിൻ" എന്നാണ് അവിടുന്നു കല്പിച്ചരുളിയത്. അദ്ദേഹം, തന്നെക്കുറിച്ചു സാക്ഷ്യം വഹിക്കുന്നതിനും തൻെറ ഉപദേശങ്ങൾ ജനങ്ങളെ പഠിപ്പിക്കുന്നതിനും അവരെ നിയോഗിച്ചു. ക്രിസ്തുമതത്തിൻെറ സ്ഥാപനവും പ്രചാരവും വേദപുസ്തകംമൂലമല്ല സാധിച്ചത്. സുവിശേഷങ്ങളിൽ ആദ്യത്തേതെന്നു പരിഗണിക്കപ്പെട്ടുപോരുന്ന വി. മത്തായിയുടെ സുവിശേഷം തന്നെയും ക്രിസ്തുവിൻെറ സ്വർഗ്ഗാരോഹണം കഴിഞ്ഞ് എട്ടു കൊല്ലത്തിനുശേഷമേ വിരചിതമായുള്ളൂ. ഇപ്രകാരം ചില പ്രബന്ധങ്ങളും ലേഖനങ്ങളും എഴുതിയിട്ടുള്ളവർതന്നെയും ക്രിസ്തുവിൻെറ നിർദ്ദേശംമൂലമോ, ക്രിസ്തീയനിയമസംഹിത പരിപൂർണ്ണമായി രൂപവൽക്കരിക്കണമെന്ന ഉദ്ദേശം നിമിത്തമോ അല്ല; സാഹചര്യങ്ങളാൽ നിർബന്ധിതരാകകൊണ്ടുമാത്രമാണ് അവർ അപ്രകാരം ചെയ്തിട്ടുള്ളത്. ദുർഗ്രഹങ്ങളും സംശയാസ്പദങ്ങളുമായ ചില തത്വങ്ങൾ വിശദീകരിക്കുവാനും, ലോകജീവിതത്തിൽ മാർഗ്ഗനിർദ്ദേശം ചെയ്യുവാനും മാത്രമേ പ്രസ്തുതപ്രബന്ധങ്ങൾകൊണ്ട് അവർ ഉദ്ദേശിച്ചുള്ളൂ. ഈ ഗ്രന്ഥങ്ങൾ ദൈവത്തിൻെറ എല്ലാ പ്രബോധനങ്ങളും ഉപദേശങ്ങളും അടക്കിക്കൊള്ളുന്നുവെന്ന് അവയിൽത്തന്നെയും ഒരിടത്തും സൂചിപ്പിച്ചു കാണുന്നില്ല. നിശ്ചിതവും പൂർണ്ണവുമായ ഒരു ആരാധനക്രമം അവ നിർദ്ദേശിക്കുന്നില്ല. കൂദാശകൾകൊടുക്കുമ്പോൾ അനുഷ്ഠിക്കേണ്ട ആചാരങ്ങൾ ഏവ എന്ന് അവയിൽ കാണുന്നില്ല. വിശുദ്ധഗ്രന്ഥങ്ങളുടെ സംഖ്യയെപ്പററിയോ, ശിശുക്കളുടെ ജ്ഞാനസ്നാനത്തെക്കുറിച്ചോ, യഹൂദന്മാരുടെ സാബത്തുദിവസത്തിനു പകരം ഞായറാഴ്ചയെ ശുദ്ധമായി ആചരിക്കേണ്ടതിനെ സംബന്ധിച്ചോ, ക്രിസ്തു പാതാളങ്ങളിലിറങ്ങിയതിനെപ്പററിയോ പുതിയനിയമം ഒന്നും പറയുന്നില്ല. ഇങ്ങനെ ഒട്ടും അപ്ര

ധാനങ്ങളല്ലാത്ത പലതിനെക്കുറിച്ചും അവ മൗനം അവലംബിക്കുകയാണു ചെയ്യുന്നതു്. മററുപലതും വായനക്കാർക്കു സുവിദിതങ്ങളെന്ന ഭാവേന സൂചിപ്പിക്കമാത്രവും ചെയ്യുന്നു. (എബ്രാ., ൬, ൧. ൨; ൨ തെസ്സ., ൨, ൧൫; ൨ തിമോ., ൧, ൧൩) ആകയാൽ വി. ഗ്രന്ഥങ്ങളിൽ ക്രിസ്തീയനിയമങ്ങൾ മുഴുവൻ അടങ്ങിയിരിക്കുന്നുവെന്നു ഒരിക്കലും പറഞ്ഞുകൂടാ. പലതും പാരമ്പര്യോപദേശങ്ങളിൽ നാം അന്വേഷിക്കേണ്ടിയിരിക്കുന്നു. പാരമ്പര്യങ്ങളെ നാം അംഗീകരിക്കുന്നില്ലെങ്കിൽ ക്രിസ്തു തന്റെ സഭയ്ക്കു പ്രദാനംചെയ്ത നിയമസംഹിത അപൂർണ്ണമാണെന്നു സമ്മതിക്കേണ്ടിവരും.

വി. ലിഖിതങ്ങളെ അധികാരപൂർവ്വം വ്യാഖ്യാനിക്കുന്നതിനു്, അവ സംബന്ധിച്ചുണ്ടാകുന്ന വിവാദങ്ങളിൽ വിധി പ്രസ്താവിക്കുന്നതിനു് അധികാരമുള്ള ഒരുവനെ നിയോഗിക്കാതെ, ഓരോവ്യക്തിയുടേയും സ്വതന്ത്ര്യവ്യാഖ്യാനത്തിനു് അവയെ പൂർണ്ണമായി വിട്ടുകൊടുക്കുകയാണു ദിവ്യരക്ഷകൻ ചെയ്തതെങ്കിൽ ആ പ്രവൃത്തി ഒരുവിധത്തിലും നമുക്കുപ്രയോജനകരമാകുമായിരുന്നില്ലെന്നു നിർവിശങ്കം പറയാം. ബൈബിൾപോലെ മനസ്സിലാക്കുവാൻ പ്രയാസമുള്ള ഒരു ഗ്രന്ഥം വേറെ ഇല്ല. ഈ ഗ്രന്ഥസമുച്ചയം ലോകത്തിന്റെ ആരംഭംമുതൽ അവസാനംവരെയുള്ള എല്ലാകാലങ്ങളേയും സ്പർശിക്കുന്ന ഒന്നാകുന്നു. പലകാലങ്ങളിലും, പലഭാഷകളിലും, പലസ്ഥലങ്ങളിൽവെച്ചുമാണു് അതു് വിരചിതമായിട്ടുള്ളതു്. പലവിധത്തിലുള്ള ഭാഷാരീതി അതിൽകാണാം. സാധാരണന്മാർക്കു ദുർഗ്രഹങ്ങളായ അലങ്കാരങ്ങളും ശൈലികളും കൊണ്ടു് അതു നിറഞ്ഞിരിക്കുന്നു. സിദ്ധന്മാരും, കവികളും, പുരോഹിതന്മാരും, ദീർഘദർശികളും, പ്രേഷിതന്മാരും, വൈദികരും, ചരിത്രകരന്മാരും, സാഹിത്യകാരന്മാരു

മാണു് അതിൻെറ കൎത്താക്കൾ. അവരുടെ ഓരോ സൂക്തികളും അതിഗഹനങ്ങളായ തത്വങ്ങളും, അത്യൽകൃഷ്ടങ്ങളായ ആശയങ്ങളും കൊണ്ടു നിറഞ്ഞിരിക്കുന്നു. ഒരുകാലത്തു നിലവിലിരുന്നതും അവക്കു വളരെമുമ്പ് അസ്തമിച്ചുപോയിട്ടുള്ളതുമായ പല ആചാരങ്ങളേയും അനുഷ്ഠാനങ്ങളേയും കുറിച്ച് അവർ പ്രതിപാദിക്കുന്നു; പൗരസ്ത്യരാജ്യസദസ്സുകളുടെ പ്രതാപത്തേയും മാഹാത്മ്യത്തേയും അസാധാരണ ചാതുരിയോടെ വൎണ്ണിക്കുന്നു; സ്വരാജ്യത്തിൻെറ നാശത്തേക്കുറിച്ചു വിലപിക്കുന്നു; ദൈവകല്പനകളെ ലംഘിക്കുന്നവൎക്കു സംഭവിപ്പാനിരിക്കുന്ന അത്യാഹിതങ്ങളെ ഭീജനകമായവിധം വിവരിക്കുന്നു; അന്ധകാരത്തിൽ മറഞ്ഞുകിടക്കുന്നവയും, എന്നും അസ്പഷ്ടങ്ങളായിത്തന്നെ സ്ഥിതിചെയ്യുന്നവയും, അസാധാരണ ധീവിലാസമുള്ളവൎക്കുപോലും നിൎദ്ധാരണം ചെയ്യുവാൻ സാധിക്കാത്തവയുമായ രഹസ്യങ്ങളെ അവർ വൎണ്ണിക്കുന്നു. വിശുദ്ധഗ്രന്ഥം എല്ലാ ഭാഷകളിലേയ്ക്കും വിവൎത്തനം ചെയ്യപ്പെട്ടിട്ടുള്ളതുകൊണ്ടു് അവയെ ഗ്രഹിക്കുവാൻ യാതൊരു പ്രയാസവുമില്ലെന്നാണു പ്രോട്ടസ്റ്റൻറു സഹോദരങ്ങൾ വിചാരിക്കുന്നതു്. എന്നാൽ ഇതു തെററായ ഒരു ധാരണമാത്രമാകുന്നു. ദിവ്യവചനം ശ്രദ്ധാപൂൎവ്വം വായിച്ചു പൂൎണ്ണമായി ഗ്രഹിക്കുന്നതിനു ശബ്ദവ്യുൽപത്തിശാസ്ത്രം, നിരൂപണശാസ്ത്രം, പുരാണവസ്തുശാസ്ത്രം (Archeology), അലങ്കാരശാസ്ത്രം, തത്വശാസ്ത്രം, ദൈവശാസ്ത്രം, ഭൂഗൎഭശാസ്ത്രം, ജ്യോതിശ്ശാസ്ത്രം, പ്രാചീനഭാഷകൾ, കവിത, ചരിത്രം ഇവയിൽ സാമാന്യം നല്ല പരിജ്ഞാനമുണ്ടായിരിക്കണം. കത്തോലിക്കാസഭയുടെ വിജ്ഞാനദീപസ്തംഭങ്ങളിൽ ഒന്നായ വി. അംബ്രോസ്, ആയുഷ്കാലംമുഴുവൻ വി. ഗ്രന്ഥം പഠിക്കുവാൻ വിനിയോഗിച്ചശേഷം പറയുന്നതിപ്രകാരമാണു്: "അതിഗംഭീരങ്ങളായ ആശയങ്ങളും നിഗൂഢങ്ങളായ പ്രയോഗ

ങ്ങളും നിറഞ്ഞ ഒരു മഹാസമുദ്രമാണ്" (വിശുദ്ധഗ്രന്ഥം)" ("Epist." 44, ad Constant). വിശുദ്ധ ലിഖിതത്തിലെ ഒരൊററ പുസ്തകമെങ്കിലും പൂണ്ണമായി മനസ്സിലാക്കുവാൻ സാധിക്കുമെന്ന് ആരെങ്കിലും പറയുന്നതായാൽ അതൊരു വലിയ അവിവേകമായിരിക്കും എന്നു ലൂതർ അഭിപ്രായപ്പെടുന്നു ("Praefat. in Psalm".). രഹസ്യവ്യാഖ്യാനംകൊണ്ടു വേദപുസ്തകത്തിൻെറ അത്ഥം വിശദീകരിക്കുക സാദ്ധ്യമല്ലെന്നും അപ്പസ്തോലപ്രമുഖനായ വി. പത്രോസു യുക്തിയുക്തം സമത്ഥിക്കുന്നു. (൨. പത്രോ., ൧, ൨൦) വി. പൌലോസിൻെറ ലേഖനങ്ങൾ പ്രത്യേകിച്ചും ഗഹനങ്ങളായ രഹസ്യങ്ങളെക്കൊണ്ടു നിറഞ്ഞിരിക്കുന്നുവെന്ന് അദ്ദേഹം തുടർന്നുപറയുന്നു. ഗ്രഹിക്കുന്നതിനു വിഷമമുള്ള പല സംഗതികളും അതിൽ അടങ്ങിയിട്ടുണ്ട്. അവയെ വേദപുസ്തകത്തിൻെറ മററുഭാഗങ്ങളെ എന്നപോലെ സ്വനാശത്തിനായി അജ്ഞന്മാരും അസ്ഥിരന്മാരുമായവർ യഥേഷ്ടം ദുർവ്യാഖ്യാനം ചെയ്യുന്നു. (൨ പത്രോ., ൩, ൧൬) വേദപുസ്തകത്തിൽ മതാത്മകമായ വിഷമതകൾ വളരെയുണ്ടെന്നു പ്രോട്ടസ്റ്റൻറുസഭയുടെ ആധുനികാവസ്ഥതന്നെ വിളിച്ചു പറയുന്നുണ്ട്. വിശുദ്ധലിഖിതങ്ങളെ ഇഷ്ടാനുസാരം കൈകാര്യം ചെയ്യുന്നതുകൊണ്ടു പരസ്പരവിരുദ്ധങ്ങളായ വിവിധതത്വങ്ങളെ അവർ സ്വീകരിക്കുന്നു. "ക്ഷോഭിച്ച സമുദ്രത്തിൽ ഊക്കോടെ പാഞ്ഞുവന്നു താനെ അടിച്ചുതകരുന്ന തിരമാലകൾക്കും, എന്നേയ്ക്കും പ്രകാശരഹിതങ്ങളായി ചുററിത്തിരിയുന്ന നക്ഷത്രജാലങ്ങൾക്കും, അവർ സദൃശരത്രെ." (ജൂഡ്., ൧-൧൩) ക്രൈസ്തവമതത്തിൻെറ നിയമങ്ങളെ യഥേഷ്ടം വ്യാഖ്യാനിക്കുന്നതിന് ഓരോ വ്യക്തിക്കും സ്വാതന്ത്ര്യമില്ല. ഓരോ വ്യക്തിക്കും സ്വാതന്ത്ര്യം നൽകുന്നപക്ഷം ക്രമഭംഗവും അവ്യവസ്ഥയുമല്ലാതെ മറെറന്താണു പ്രതീക്ഷിക്കാവുന്നതു്? തന്നിമിത്തം എല്ലാ

സമുദായങ്ങളിലും നിയമസംഹിതകളെ വ്യാഖ്യാനിക്കുന്നതിനും അവയുടെ അർത്ഥങ്ങളെപ്പററിയുണ്ടാകാവുന്ന വിവാദങ്ങളെ തീരുമാനിക്കുന്നതിനും അംഗീകൃതമായ ഒരു ന്യായാസനം ഉള്ളതായി നാം കാണുന്നു. അങ്ങനെയെങ്കിൽ ദൈവം തൻെറ സഭയിലും താദൃശമായ ഒരധികാരസ്ഥാനം ഏർപ്പെടുത്തിയില്ലെന്നു വിചാരിപ്പാൻ നിവൃത്തിയുണ്ടോ? സഭയിൽ വിവാദങ്ങൾ ഉണ്ടാകയില്ലെന്നു പറവാൻ ആക്കു കഴിയും? പാഷണ്ഡമതങ്ങൾ അവശ്യം ഉണ്ടായിക്കൊണ്ടിരിക്കുമെന്നു വിശുദ്ധ പൗലോസ് പ്രസ്പഷ്ടം പ്രസ്താവിക്കുന്നില്ലയോ? (൧ കൊറ., ൧൧, ൧൯) അഥവാ, ഒരു മാർഗ്ഗോപദേശകൻെറ സഹായംകൂടാതെ പ്രമാദരഹിതമായി വൎത്തിക്കുന്നതിനു മനുഷ്യബുദ്ധി പൎയ്യാപ്തമോ? തപ്പിത്തടഞ്ഞു മാർഗ്ഗനിശ്ചയം വരുത്തുന്ന കേവലം ഒരു അന്ധനെപ്പോലെയത്രെ അതു വ്യാപരിക്കുന്നതു്.

പ്രമാദരഹിതമായ ഒരു ന്യായാസനം വഴിയായി വിശ്വാസസത്യങ്ങൾ മനുഷ്യരെ ഗ്രഹിപ്പിപ്പാൻ ദൈവത്തിനു കഴിയുമെന്നും അവിടുന്നു് അങ്ങനെ ചെയ്യുന്നുണ്ടെന്നും ഉള്ളതൻെറ പ്രബോധനം തെററാണെന്നു സഭ ലോകസമക്ഷം പ്രഖ്യാപനം ചെയ്യണമത്രേ! ഇതു് ആശ്ചൎയ്യജനകം തന്നെ! താദൃശമായ ഒരു അധികാരം സഭക്കു നൽകുന്നതിന്നു ദൈവം നിർബന്ധിതനാണെന്നു് എളുപ്പത്തിൽ മനസ്സിലാക്കാൻ കഴിയും. അപ്രമാദിത്വമില്ലാത്ത ഒരു മതവും യഥാൎത്ഥമതമവാൻ നിവൃത്തിയില്ല; എന്തുകൊണ്ടെന്നാൽ അതിനു വഞ്ചിക്കുവാനും വഞ്ചിക്കപ്പെടുവാനും പാടുണ്ടു്. തന്നിമിത്തം അതു ദൈവസ്ഥാപിതവുമല്ല. ഇതിനെസംബന്ധിച്ചുള്ള ദിവ്യരക്ഷകൻെറ വാക്കുകൾ പ്രസ്പഷ്ടങ്ങളാണു്. "നിങ്ങളെ കേൾക്കുന്നവൻ എന്നെകേൾക്കുന്നു; നിങ്ങളെ നിന്ദിക്കുന്നവൻ എന്നെ നിന്ദിക്കുന്നു." (ലൂക്കാ. ൧൦, ൧൬).

സഭയെ കേൾക്കുന്നില്ലെങ്കിൽ അവൻ നിനക്കു കാവ്യ നേയും ചുങ്കക്കാരനേയും പോലെ ആയിരിക്കട്ടെ.'' (മത്താ. ൧൮, ൧൭) സഭയോടുള്ള പൂൎണ്ണമായ അനുസരണം ക്രിസ്തു നമ്മിൽ നിന്നും ആവശ്യപ്പെടുന്നുവെന്നത്രെ ഇവയിൽ നിന്നു നാം മനസ്സിലാക്കേണ്ടതു്. എന്നാൽ സഭയ്ക്കു തെററിൽ അകപ്പെടുന്നതിനും തെററായ മാൎഗ്ഗത്തിലൂടെ നമ്മെ ആനയിക്കുന്നതിനും പാടുണ്ടെങ്കിൽ ഇപ്രകാരം ആജ്ഞാപിക്കുന്നതിന് അദ്ദേഹത്തിന് എങ്ങനെകഴിയും.?

ആകയാൽ, സഭ പ്രമാദരഹിതയെന്നു ന്യായപൂൎവ്വം നമുക്കനുമാനിക്കാം. "ഈ പാറമേൽ എന്റെപള്ളിയെ ഞാൻ പണിയും, അതിനെതിരായി നരകവാതിലുകൾ പ്രബലപ്പെടുകയില്ല.'' (മത്താ., ൧൬, ൨) എന്ന ദിവ്യഗുരുവിന്റെ വാക്കുകൾ അവളിൽ മാത്രം അൎത്ഥവത്തായിത്തീൎന്നിരിക്കുന്നു.

# ഉപസംഹാരം.

## നിരീശ്വരതയുടെ മൗഢ്യം.

## I

## നിരീശ്വരൻ.

നിരീശ്വരന്മാരെപ്പററി റൂസ്സോ പറയുന്നതിപ്രകാരമാണു്: "ഞാൻ നമ്മുടെ താത്വികന്മാരുമായി ആലോചന നടത്തി; അവരുടെ പുസ്തകങ്ങൾ വായിച്ചു; അവരുടെ അഭിപ്രായങ്ങളെ പരിശോധിക്കുകയും ചെയ്തു. അവരെല്ലാവരും ഗർവിഷ്ഠരും, തങ്ങളുടെ പ്രബോധനങ്ങൾ വേദസത്യങ്ങളെന്നു നടിക്കുന്നവരും, എന്നാൽ യാതൊന്നും തീർച്ചയായി ഗ്രഹിപ്പാൻ പാടില്ലെന്നു വാദിക്കുന്നവരും, എല്ലാം അറിയാമെന്നു ഭാവിക്കുന്നവരും, എന്നാൽ ഒന്നുംതന്നെ യുക്തിപൂർവ്വം സ്ഥാപിക്കുന്നതിനു കഴിയാത്തവരും, പരസ്പരം അധിക്ഷേപവർഷം ചൊരിയുന്നവരുമായിട്ടാണു് എനിക്കു് അനുഭവപ്പെട്ടിട്ടുള്ളതു്. കൂസൽകൂടാതെ അവർ എതിർവാദങ്ങൾ പുറപ്പെടുവിക്കുന്നു. എന്നാൽ അവയെ തെളിയിക്കുന്നതിനു് അവർ കേവലം അശക്തരാണു്. അന്യരെ വഞ്ചിക്കുന്നതിനല്ലാതെ മറെറാന്നിനും അവരുടെ യുക്തികൾ ഉപകരി

ക്കുന്നില്ല. സ്വസ്തുതിക്കായി മനുഷ്യകുലത്തെ മനഃപൂർവ്വം വഞ്ചിക്കുന്നതിന് ഏതു താത്വികനാണു മടിക്കുക? പ്രകൃതിതത്വങ്ങളെ പ്രബോധനം ചെയ്യുന്നുവെന്ന വ്യാജേന സമസൃഷ്ടങ്ങളുടെ ഹൃദയത്തിൽ അബദ്ധസമ്പൂർണ്ണങ്ങളായ തത്വങ്ങൾ വിതയ്ക്കുന്നവരുടെ സഹവാസം പരിത്യജിക്കുകതന്നെവേണം. അവരുടെ സംശയാസ്പദങ്ങളായ പ്രസ്താവനകൾ പ്രതിയോഗികളുടെ നിശ്ചിതങ്ങളായ തീരുമാനങ്ങളെക്കാൾ അചഞ്ചലങ്ങളാണുപോൽ! തങ്ങൾ മാത്രം സാക്ഷാൽ ജ്ഞാനികളും നിഷ്കപടരുമെന്നു വിചാരിച്ച് അവർ അഹങ്കരിക്കുകയും, അലംഘനീയങ്ങളായി അവർക്കു തോന്നുന്ന തീരുമാനങ്ങളെ നാം സ്വീകരിച്ചുകൊള്ളണമെന്നു ശഠിക്കുകയും ചെയ്യുന്നു. വെറും സങ്കല്പസൃഷ്ടങ്ങളും ദുർഗ്രഹങ്ങളുമായ ഏതാനും പ്രബോധനങ്ങളെയാണു യഥാർത്ഥതത്വങ്ങളായി അവർ നമുക്കു പ്രദാനം ചെയ്യുന്നത്. മനുഷ്യരുടെ സവിശേഷമായ പൂജയ്ക്കു പാത്രമായിട്ടുള്ള സകലത്തേയും അവർ അനാദരിക്കയും അടിച്ചുതകർക്കയും ചെയ്യുന്നു. പീഡിതരുടെ അന്ത്യാശ്വാസത്തേകൂടി അവർ അപഹരിച്ചു കളയുന്നു. കാമക്രോധാദിദുർവികാരങ്ങളെ സംയമനം ചെയ്യുന്നതിന് ഏകപ്രേരകമായിട്ടുള്ളതിനെ അവർ ധനികന്മാരിൽനിന്നും പ്രബലന്മാരിൽനിന്നും എടുത്തുകളയുന്നു. തെററുചെയ്യുമ്പോൾ ഉളവാകുന്ന അന്തഃകരണശാസനത്തേയും, സൽകൃത്യങ്ങൾ പ്രദാനം ചെയ്യുന്ന പ്രത്യാശയേയും, മനുഷ്യഹൃദയങ്ങളിൽനിന്നും അവർ ബഹിഷ്കരിക്കുന്നു. എങ്കിലും തങ്ങൾ മനുഷ്യവർഗ്ഗത്തിന്റെ ഗുണകാംക്ഷികളെന്നു വൃഥാപ്രശംസ ചെയ്യുന്നതിന് അവർ മടിക്കുന്നില്ല. സത്യം മനുഷ്യന് ഒരിക്കലും ഉപദ്രവകരമല്ലെന്ന് അവർ പറയുന്നു. എന്റെ അഭിമതവും അതുതന്നെ. മാത്രമല്ല, അവരുടെ പ്രബോധനങ്ങൾ വാസ്തവവിരുദ്ധങ്ങളെന്നു

തെളിയിക്കുന്നതിനു് ഈ തത്ത്വം ഏററവും പര്യാപ്തവുമാണെന്നത്രെ എന്റെ അഭിപ്രായം" (Rousseau, as quoted by Gandolphy in his "Defence of the Ancient Faith").

നിരീശ്വരന്മാർ ഒരു ക്രൈസ്തവനു ഹൃദ്യമായിട്ടുള്ളതിനെ എല്ലാം അധിക്ഷേപിക്കുകയും അപഹസിക്കുകയും ചെയ്യുന്നു. ഏററം പാവനങ്ങളായവപോലും അവരുടെ പരിഹാസത്തിനു വിഷയമാകുന്നു. മനുഷ്യന്റെ ഗാഢമായ പര്യാലോചനയ്ക്കു വിഷയീഭവിക്കേണ്ടതായി എന്തെങ്കിലുമുണ്ടെങ്കിൽ അതു നിശ്ചയമായും അവന്റെ ജീവിതോദ്ദേശ്യമാണു്. ഇഹലോകജീവിതം ഒരു നിരന്തരസമരംതന്നെ. തന്നിമിത്തം അനവധി കഷ്ടതകൾക്കും സങ്കടങ്ങൾക്കും നാം വിധേയരാകുകയും ചെയ്യുന്നു. ഒരു രോദനത്തോടുകൂടി നാം ലോകത്തിൽ ആവിർഭവിക്കുന്നു; ഒരു ദീനസ്വരത്തോടുകൂടി അതിൽനിന്നു് അന്തർധാനം ചെയ്യുന്നു. രണ്ടു നിത്യതകളുടെ മദ്ധ്യേ സ്ഥിതിചെയ്യുന്ന നാം നമ്മോടുതന്നെ ഇപ്രകാരം ചോദിക്കുന്നു. "ജീവിതത്തിന്റെ പരമോദ്ദേശ്യമെന്തു്? ദൈവം എന്നെ ഈ ലോകത്തിൽ ആക്കിയിരിക്കുന്നതെന്തിനു്? എന്റെ അന്ത്യമെന്തു്? ശവകുടീരത്തിനപ്പുറം എനിക്കെന്തുസംഭവിക്കും?" ഈ പ്രശ്നങ്ങൾ ഒരു നിരീശ്വരനു ഹാസ്യവിഷയങ്ങളായിത്തീരുന്നതേയുള്ളു. പീഡകളെ സസന്തോഷം സഹിക്കുന്നതിനു മനുഷ്യക്കു് ഏകപ്രേരകമായിട്ടുള്ളതു സൗഭാഗ്യസംപൂർണ്ണമായ ഭവിഷ്യജ്ജീവിതത്തെക്കുറിച്ചുള്ള പ്രത്യാശയാകുന്നു. ഈ പ്രത്യാശയെ മനുഷ്യഹൃദയങ്ങളിൽനിന്നു് എടുത്തു കളയുവാനാണു നിരീശ്വരന്മാരുടെ ശ്രമം. അന്യർക്കു് അനവധി നാശം വരുത്തിവയ്ക്കുക എന്നതു കേവലം ഒരു വിനോദമായി അവർ പരിഗണിക്കുകയും ചെയ്യുന്നു. അവരുടെ ഭാഷാരീതി ആകർഷണീയംതന്നെ; പക്ഷേ, നവീനവും സാരസം

പൂർണ്ണവുമായ ഒരാശയവും അവരുടെ ഗ്രന്ഥങ്ങളിൽ കാണ്മാനില്ല. സെൽസസ്സ്, ജൂലിയൻ, വോൾട്ടയർ, ബോളിംഗ്ബ്രോക്ക് ആദിയായവർ അവതരിപ്പിച്ചിട്ടുള്ളതും പണ്ഡിതാഗ്രിണികൾ ശക്തിയുക്തം ഖണ്ഡിച്ചിട്ടുള്ളതുമായ പാഷണ്ഡതകളെത്തന്നെ അവർ വേറൊരു രൂപത്തിൽ പ്രദർശിപ്പിക്കുന്നുവെന്നേയുള്ളു. അവർക്കു പരിപൂർണ്ണമായ അപ്രമാദിത്വമുണ്ടെന്നു അവർ നടിക്കുന്നു. തന്നിമിത്തം മനുഷ്യകുലത്തിന്റെ ഉപദേഷ്ടാക്കളും രക്ഷകന്മാരുമായി എല്ലാവരും അവരെ പരിഗണിക്കുകയും അവരുടെ വാക്കുകളെ വിശ്വസിക്കുകയും ചെയ്തു കൊള്ളണമത്രെ. അവർക്കു നിശ്ചിതവും സംക്ഷിപ്തവുമായ ഒരു സിദ്ധാന്തസംഹിതയുണ്ട്. നിശ്ചഞ്ചലങ്ങളും അഖണ്ഡനീയങ്ങളുമായ മൂലതത്ത്വങ്ങളോ, മാററം വരുത്താൻ പാടില്ലാത്ത വേദവിധികളോ ആയിട്ടാണു് അവർ അവയെ ലോകസമക്ഷം അവതരിപ്പിക്കുന്നതു്. അവർ പറയുന്നു: "അത്ഭുതങ്ങൾ അസംഭാവ്യങ്ങളാണു്. വെളിപാടെന്നൊന്നില്ലതന്നെ. നമ്മുടെ കാര്യത്തിൽ ദൈവം ശ്രദ്ധിക്കുന്നില്ല. ദൃശ്യലോകം നിത്യമാണു്. നരകമെന്നൊരു സ്ഥലമില്ല. ക്രിസ്തു ഒരു വലിയ ലോകോപകാരിയായിരിക്കാം; എന്നാൽ അദ്ദേഹം ദൈവമല്ല. ക്രിസ്തീയ തത്ത്വങ്ങൾ ബുദ്ധിക്കു് അനുയോജ്യമല്ല. ക്രൈസ്തവമതം സ്വീകാര്യമായിരുന്ന ഒരു കാലഘട്ടമുണ്ടായിരുന്നു. ആധുനികകാലത്തെ കണ്ടുപിടിത്തങ്ങൾ പഴയ വിശ്വാസസത്യങ്ങളെ നിശ്ശേഷം നശിപ്പിച്ചു കഴിഞ്ഞിരിക്കുന്നു. ദൈവാരാധന ചിലരുടെ വാസനയേയും മനോഭാവത്തേയും മാത്രം ആശ്രയിച്ചിരിക്കുന്നു. മതം സ്ത്രീകൾക്കു മാത്രം പററിയതത്രെ." ഇത്തരം നിരർത്ഥകങ്ങളായ ജല്പനങ്ങൾ ഒരു സങ്കോചവും കൂടാതെ അവർ പുറപ്പെടുവിക്കുന്നു; എന്നാൽ അവയെ തെളിയിക്കുവാൻ അവർ ഉദ്യമിക്കുക

പോലും ചെയ്യുന്നില്ല. അവരുടെ പ്രസ്താവനകളിൽ മറഞ്ഞു
കിടക്കുന്ന അബദ്ധങ്ങളെ കണ്ടുപിടിക്കുന്നതിനു മനുഷ്യൻ
കേവലം അപ്രാപ്തനെന്നും തന്നിമിത്തം സമുദായത്തെ യഥേ
ഷ്ടം വഞ്ചിക്കാമെന്നും അവർ വിചാരിക്കുന്നു. അവർ ഇവ
യെല്ലാം ലേഖനം ചെയ്യുന്നതു കേവലം അജ്ഞന്മാരായ
ഒരുകൂട്ടരെ ഉദ്ദേശിച്ചാണ്. ഈ കൂട്ടരെ വഞ്ചിക്കുക നിഷ്
പ്രയാസമെന്ന് അവർക്കു നിശ്ചയമുണ്ട്. ലോകം അവരുടെ
പ്രബോധനങ്ങളെ സാകല്യേന സമാദരിക്കുമെന്ന് അവർ
ദൃഢമായി വിശ്വസിക്കുന്നു. അവരുടെ പ്രബോധനങ്ങളിൽ
അടങ്ങിയിരിക്കുന്ന അബദ്ധങ്ങൾ മററുള്ളവർ ഗ്രഹിക്കയും
അജ്ഞതയുടെ ഫലങ്ങളായ സ്ഖലിതങ്ങൾ വിശദമാവു
കയും ചെയ്യുമ്പോൾ ലജ്ജിച്ചു തല താഴ്ത്തുന്നതിനു പകരം
കുയുക്തിപ്രയോഗത്താൽ ഒരു അന്ധകാരാന്തരീക്ഷം നിർ
മ്മിച്ച് അതിൽ മറയുന്നതിന്ന് അവർ ഉദ്യമിക്കുന്നു. അവക്കു
നിശ്ശേഷം അജ്ഞാതങ്ങളായിട്ടുള്ളവയെപ്പററിയാണ് സാധാ
രണമായി അവർ അധിക്ഷേപങ്ങളും, ദൂഷണങ്ങളും വഷി
ക്കാറുള്ളതു്. നമ്മുടെ വിശ്വാസത്തെക്കുറിച്ചോ അതി
ൻെറ അടിസ്ഥാനത്തെക്കുറിച്ചോ യുക്തിയുക്തതയെക്കുറി
ച്ചോ അവർക്കു യാതൊരു ജ്ഞാനവുമില്ല. വെളിപാടിനെ
യോ, മനുഷ്യാവതാരരഹസ്യത്തെയോ സംബന്ധിച്ച് അവ
രോടു ചോദിക്കുന്നെങ്കിൽ എന്തു സമാധാനം പറയണ
മെന്ന് അവർക്കറിഞ്ഞുകൂടാ. എങ്കിലും വലിയതത്വജ്ഞ
രെപ്പോലെ അവർ ഗാഢമായി ചിന്തിക്കുകയും സൂര്യനു
കീഴുള്ള സകലത്തേയും പററി നിർവ്വിശങ്കം വിധി പ്രസ്താവി
ക്കുകയും ചെയ്യുന്നു. അജ്ഞത പാപകരമല്ലാ, അനുകമ്പാർ
ഹമത്രെ. എന്നാൽ ഒരുവൻ തൻെറ അല്പജ്ഞത വേണ്ടും
വണ്ണം ഗ്രഹിച്ചതിൻെറ ശേഷവും സർവ്വജ്ഞനെന്നു ഭാവി
ക്കുന്നെങ്കിൽ അവനെക്കാൾ നിന്ദ്യനായി ലോകത്തിൽ മററാ

രുമില്ല. ഒരിക്കൽ വോൾട്ടയറിൻെറ ശിഷ്യനായ ഒരു നിരീശ്വരൻ ഒരു വിരുന്നു ശാലയിൽ വെച്ച് അവിടെ കൂടിയിരുന്നവരുടെ ശ്രദ്ധയെ നിരീശ്വരപ്രബോധനങ്ങളിലേയ്ക്കു് ആകർഷിക്കുന്നതിനു യത്നിക്കുകയുണ്ടായി. അയാൾ മതത്തെ അധിക്ഷേപിച്ചു വളരെ സംസാരിച്ചു. എന്നാൽ അയാളുടെ ആ ഭാഷണങ്ങൾക്കുള്ള പ്രത്യുത്തരം ഉദാസീനവും നിന്ദാപരവുമായ മൌനം മാത്രമായിരുന്നു. തൻെറ ശ്രമമെല്ലാം നിഷ്ഫലമായെന്നു കണ്ടപ്പോൾ ഭഗ്നോത്സാഹനായി അയാൾ ഗൃഹനായികയോട് ഇപ്രകാരം പറഞ്ഞു: "ബുദ്ധിമാന്മാരടങ്ങിയ ഈ സദസ്സിൽ ഞാൻ മാത്രം ദൈവവിശ്വാസമില്ലാത്തവനായി കാണപ്പെടുന്നതു വിസ്മയകരം തന്നെ." "അല്ല, നിങ്ങൾ മാത്രമല്ല എൻെറ നായും നിങ്ങളെ അനുകരിക്കുന്നുണ്ട്. പക്ഷേ, അതിൻെറ അവിശ്വാസത്തെപ്പററി ആത്മപ്രശംസ ചെയ്യാതിരിപ്പാൻ വേണ്ടത്ര ഗുണവിശേഷംഅതിനുണ്ട്'' എന്നായിരുന്നു ആ മഹതിയുടെ പ്രത്യുത്തരം.

കഷ്ടം! അന്യരെ വഞ്ചിക്കുന്നതിനു നിരീശ്വരന്മാക്കുള്ള അന്യാദൃശമായ സാമർത്ഥ്യം ഒന്നുകൊണ്ടു മാത്രമാണു പലപ്പോഴം സാധാരണ ജനങ്ങൾ ഈശ്വര വിശ്വാസമില്ലാത്തവരായിത്തീരുന്നതു്. ക്രിസ്തുവിനെ ഹാസ്യവേഷം ധരിപ്പിച്ച യഹൂദന്മാരെപോലെ മതത്തേയും അവിശ്വാസികൾ വിരൂപവേഷം അണിയിക്കുന്നു. പരസ്യമായും ആർജ്ജവത്തോടു കൂടിയും മതത്തെ എതിർക്കുന്നപക്ഷം അവരുടെ വഞ്ചനകൾ അചിരേണ സ്പഷ്ടമാകുക തന്നെചെയ്യും; എന്നാൽ അവർ ക്രിസ്തുമതതത്ത്വങ്ങൾക്കു് അയഥാർത്ഥങ്ങളായ നിർവചനങ്ങൾ നൽകി ജനസാമാന്യത്തെ തെററിദ്ധരിപ്പിക്കുകയും പ്രസ്തുത നിർവചനങ്ങളെ അടിസ്ഥാനപ്പെടുത്തി

മതത്തെ ആക്ഷേപിക്കുകയുമാണു ചെയ്യുന്നതു്. നിരീശ്വരത്വം അബദ്ധസംപൂർണ്ണമെന്നു മാത്രമല്ല, ആധുനിക ലോകത്തെ ബാധിച്ചിരിക്കുന്ന ഒരു വലിയ വിപത്തുമാകുന്നു. അനേകായിരം ആത്മാക്കളെ അതു നാശകൂപത്തിൽ നിപതിപ്പിച്ചിട്ടുണ്ടു്.

ഇക്കാലത്തു മനുഷ്യർക്കു ചിന്തിക്കുന്നതിനു സമയമില്ല. ബാഹ്യകാര്യങ്ങളിൽമാത്രം ശ്രദ്ധപതിക്കുന്നതുകൊണ്ടു് അവധാനപൂർവ്വം ചിന്തിക്കുന്നതിന് അവർ അപ്രാപ്തരായി തീർന്നിരിക്കുന്നു. മോഹനവും വിനോദപരവുമായവയെക്കൊണ്ടു് അവർ സംതൃപ്തരാകുന്നു. തന്നിമിത്തം നിരീശ്വരന്മാരുടെ സംഖ്യ നാൾക്കുനാൾ വർദ്ധിച്ചുവരുന്നു. "ദേശം മുഴുവനും നാശത്താൽ വിനാശപ്പെട്ടിരിക്കുന്നു; എന്തുകൊണ്ടെന്നാൽ ഹൃദയത്തിൽ ചിന്തിക്കുന്ന ഒരുത്തനും ഇല്ല." (ജെറ., ൧൨, ൧൧) പോരെങ്കിൽ സത്യസന്ധന്മാരെന്നു നടിച്ചുകൊണ്ടു മനുഷ്യരെ കബളിപ്പിക്കുന്നതിനു് അവർക്കു വിശേഷ പാടവവും ഉണ്ടു്. നല്ല മനസ്ഥിതിയോടുകൂടി ഇരിക്കുമ്പോൾ അവർ തിന്മയെ എതിർക്കുകയും നന്മയെ പുകഴ്ത്തുകയും ചെയ്യുന്നു. അവർ പരിഹസിക്കുന്ന മതം തന്നെയാണു് അവരറിയാതെ തന്നെ ഈ പ്രവൃത്തിയിൽ അവർക്കു പ്രേരകമായിരിക്കുന്നതു് എന്നു് അവർ അറിയുന്നില്ല. ദൈവാസ്തിക്യത്തെയും വെളിപാടിനെയും നിഷേധിക്കുന്നപക്ഷം സാന്മാർഗ്ഗികനിയമങ്ങളുടെ സ്ഥിതി എന്തായിരിക്കും? നന്മതിന്മകളുടെ മാനദണ്ഡം എവിടെ കണ്ടെത്തും? നന്മയെന്തു്? തിന്മയെന്തു്? മനുഷ്യൻ കപിവംശജനെങ്കിൽ അവൻ തൻെറ പിതാക്കന്മാരെക്കാൾ കൂടുതൽ സദ്വൃത്തനായിരിക്കേണ്ട ആവശ്യം ഉണ്ടോ? എന്തിനു രാഗദ്വേഷവികാരങ്ങളെ അവൻ സംയമനം ചെയ്യുന്നു? മൃഗീയോത്തേജകങ്ങളെ എന്തിനു് നിഗ്രഹിക്കുന്നു? സാമർത്ഥ്യമുണ്ടെങ്കിൽ സമീപസ്ഥനെ കുത്തിക്കവർന്നു സ്വജീവിതം സു

ഖമായി കഴിച്ചുകൂട്ടരുതോ? ഇതരന്മാരുടെ ബഹുമാനാദരങ്ങളെ സമ്പാദിച്ചുകൂടയോ? ആഡംബരപൂർവ്വമായ ശവസംസ്കാരകർമ്മങ്ങൾ നടത്തരുതോ? നാസ്തികർ ഈ ചോദ്യങ്ങൾക്ക് എന്തു സമാധാനം പറയും? അവരുടെ യുക്തിവിരുദ്ധങ്ങളായ സിദ്ധാന്തങ്ങൾ ലജ്ജാവഹങ്ങളായ സകല തിന്മകളേയും അനുകൂലിക്കുകയും കാമക്രോധാദിദുർവികാരങ്ങളെ പോഷിപ്പിക്കയും ചെയ്യുന്നു. എങ്കിലും അന്യർക്കു ധർമ്മോപദേശം നൽകുന്നതിന് അവർ മുതിരുന്നു. "അവരുടെ ഭാഷാസരണി" ശുഷ്കവും, പ്രകടനരീതി കൃത്രിമവും, ഭാവനങ്ങൾ സ്നേഹരഹിതങ്ങളുമത്രെ. അവയ്ക്കു ആകർഷണീയതയോ, അർത്ഥപുഷ്ടിയോ, സരളതയോ ഇല്ലതന്നെ. അവരുടെ പ്രബന്ധങ്ങളിൽ തൃപ്തികരമായി ഒന്നുംതന്നെ ഇല്ല. അതിൽ കാണപ്പെടുന്നവയെല്ലാം പരിമിതങ്ങൾ മാത്രമാണ്. കാരണം ദൈവികമായ യാതൊന്നിനും അതിൽ സ്ഥാനമില്ല" ("Genius of Christianity," Part. v., Book. IV., Ch. v.). വിശ്രുതങ്ങളായ പൗരാണിക പാരമ്പര്യങ്ങളെ അവർ അനാദരിക്കുന്നു. അവരുടെ പിതാക്കന്മാരുടേയും, രക്തസാക്ഷികളുടേയും, ലോകത്തിൽ ഇതഃപര്യന്തം ജീവിച്ചിട്ടുള്ള ഏററം വലിയ ബുദ്ധിമാന്മാരുടേയും വിശ്വാസത്തെ അവർ അപഹസിക്കയും സാവജ്ഞം തിരസ്കരിക്കയും ചെയ്യുന്നു. ചില സൂചനകളും വക്രോക്തികളുംമുഖേന മഹാന്മാരുടെ ജീവചരിത്രങ്ങളെ പോലും കളങ്കിതമാക്കുവാൻ അവർ തുനിയുന്നു. ഇതിനെക്കാൾ നിന്ദ്യവും നികൃഷ്ടവുമായി മറെറാന്താണുള്ളതു്. ദൃശ്യലോകത്തിൽ സാംക്രമികരോഗം, ചിത്തഭ്രമം എന്നിവ എപ്രകാരമൊ അപ്രകാരമാണു ധാർമ്മികവും, മാനസികവും, മതാത്മകവുമായ മണ്ഡലങ്ങളിൽ നിരീശ്വരന്മാർ.

## II.
## നിരീശ്വരന്റെ യുക്തിവാദം.

വന്ദ്യനെന്നു് അപരനാമമുള്ള വിശുദ്ധ ബെദ തന്റെ "ആംഗ്ലോസാക്സൺ സഭാചരിത്ര"ത്തിൽ താഴെപ്പറയുന്ന ഒരു സംഭവം വിവരിച്ചിട്ടുണ്ടു്. സാക്സൺകാരുടെ രാജാവായ എഡ്വിൻ സുവിശേഷപ്രബോധനങ്ങളുടെ യാഥാത്ഥ്യം പൗളിനസ്സിൽനിന്നും ഗ്രഹിച്ചയുടനെ തന്റെ സേവകരേയും, സേനാനായകന്മാരേയും, പുരോഹിതരേയും, പ്രധാന പ്രഭുക്കന്മാരേയും വിളിച്ചുകൂട്ടി പുതിയ വിശ്വാസം ആശ്ലേഷിക്കുന്നതിനു തനിക്കു പ്രേരകങ്ങളായ കാരണങ്ങളെ അവർക്കു വ്യക്തമാക്കിക്കൊടുത്തു. രാജാവു സംഭാഷണം അവസാനിപ്പിച്ചപ്പോൾ അവിടെ സന്നിഹിതരായിരുന്ന പ്രമാണികളിൽ വയോവൃദ്ധനായ ഒരുവൻ ഇപ്രകാരം പറഞ്ഞു: "അതിദുസ്സഹമായ തണുപ്പുകൊണ്ടു സകല ജീവജാലങ്ങളും, അല്ലയോ രാജാവേ! കഷ്ടപ്പെടുന്ന ആ മഞ്ഞുകാലത്തു പലപ്പോഴും ഉണ്ടാകാറുള്ള ഒരു സംഭവം അവിടുന്നു് ഓർമ്മിക്കുന്നുണ്ടായിരിക്കുമല്ലോ? അങ്ങു സേനാനായകന്മാരോടും ഭടന്മാരോടുംകൂടി പ്രകാശവും ചൂടുമുള്ള ഒരു വലിയ ശാലയിൽ ഭക്ഷണത്തിനിരിക്കുകയായിരിക്കും. അപ്പോൾ ഒരു ചെറുപക്ഷി ഭക്ഷണശാലയുടെ ഒരു വാതിലിൽക്കൂടെ പ്രവേശിച്ചു മറുഭാഗത്തുള്ള മറെറാന്നിലൂടെ പുറത്തേക്കു പോകുന്നു. അതു് ആ ശാലയ്ക്കുള്ളിൽ ആയിരിക്കുമ്പോൾ പരമാനന്ദം അനുഭവിക്കുന്നു; അപ്പോൾ അതു മഞ്ഞിൽനിന്നും കൊടുംകാററിൽനിന്നും സുരക്ഷിതമാണു്; പക്ഷേ ഈ സുഖം ക്ഷണനേരത്തേക്കു മാത്രമേയുള്ളു. ഒരു നിമിഷത്തിനുള്ളിൽ ആ പക്ഷി നമ്മുടെ ദൃഷ്ടിപഥത്തിൽനിന്നു മറയുന്നു. ശീതളമായ അന്തരീക്ഷത്തിൽനിന്നു് അതു പുറപ്പെട്ടു, വീണ്ടും അ

തിൽത്തന്നെ ചെന്നുചേരുന്നു. മനുഷ്യൻെറ ഭൗതികജീവിതവും ഏതാണ്ടിപ്രകാരമാണെന്നാണു് എനിക്കു തോന്നുന്നതു്. അതിവേഗം കടന്നുപോകുന്ന ഈ ജീവിതദശ അതിനു മുൻപും പിൻപുമുള്ള സമയത്തോടു തുലനംചെയ്താൽ മിക്കവാറും ശൂന്യമത്രെ. ഭൂതഭാവികളായ നിത്യതത്വങ്ങൾ അന്ധകാരപൂർണ്ണവും സംശയഗ്രസ്തവുമാണു്. ഈ നൂതനമതം ഇവയെ സംബന്ധിച്ചേടത്തോളം നിശ്ചിതമായ ഒരു ജ്ഞാനം നമുക്കു പ്രദാനം ചെയ്യാൻ പ്രാപ്തമെങ്കിൽ അതു നമ്മുടെ സവിശേഷമായ ബഹുമാനത്തിനും ഗാഢാലോചനയ്ക്കും അർഹമാണെന്നുള്ളതിനു സംശയമില്ല."

അപരിഷ്കൃതനെങ്കിലും യുക്തിയും വിവേകവും ഒട്ടുള്ള കൂട്ടത്തിലാണു നമ്മുടെ പട്ടാളക്കാരൻ. നിത്യതയെ പററിയുള്ള തത്വങ്ങൾ അപഹാസത്തിനു വിഷയമാകുവാൻ പാടുള്ളതല്ല; നേരേമറിച്ച്, ഗൗരവാവഹവും അവധാനപൂർവ്വകവുമായ ചിന്തയ്ക്കു വിഷയമാകേണ്ടവയാണു്. അവിശ്വാസിയായ ഒരുവൻ മതത്തേയും മതതത്വങ്ങളേയും പററി സംശയിക്കയോ, അഥവാ നിശ്ശേഷം അവയെ നിഷേധിക്കുകയോ ആണു പ്രായേണ ചെയ്യുന്നതു്. ഏതുവിധമായാലും അവൻെറ പ്രവൃത്തി യുക്തിവിരുദ്ധമത്രെ. വെറും സംശയം മാത്രമേ അവനുള്ളൂ എന്നിരിക്കട്ടെ. അങ്ങനെയെങ്കിൽ സംശയനിവാരണാർത്ഥം പരിശ്രമിക്കാതെ എത്തും പിടിയുമില്ലാത്ത അന്ധകാരഗഹ്വരത്തിൽ അലഞ്ഞു തിരിയുന്നതു് എന്തുകൊണ്ടാണു്. 'വിധി വിഹിതമേവനും ലംഘ്യമല്ലേതുമേ' എന്ന പ്രമാണത്തിൽ അവൻ അഭയം തേടുന്നതു് എന്തുകൊണ്ടു്? മന്ദബുദ്ധികൾക്കും, ആലസ്യപ്രിയന്മാർക്കുമേ അതു സ്വീകാര്യമായിരിക്കയുള്ളു. എല്ലാം വിധിക്കു വിട്ടുപേക്ഷിക്കുന്നതു ബുദ്ധിപൂർവ്വമല്ലല്ലോ. ഇതെല്ലാം വിസ്മരിച്ച് മതത്തെ ഒരുവൻ അപലപിക്കയോ, മതവിഷയത്തിൽ അലസത പ്ര

ദർശിപ്പിക്കയോ ചെയ്യുന്നെങ്കിൽ സ്വമൗഢ്യത്തിൽ അവൻ പ്രശംസിക്കുന്നതായിട്ടേ തോന്നുകയുള്ളു. ദുഷ്ടന്മാർക്കു ശിക്ഷയും, ശിഷ്ടന്മാർക്കു രക്ഷയും പരത്തിൽ ഇല്ലെന്നുള്ള ഭാവത്തിലാണ് അവൻ ജീവിക്കുന്നതു്. യാതൊരു മുൻകരുതലും ചിന്തയുമില്ലാതെ തിരിഞ്ഞവഴിക്ക് ഓട്ടം തുടരുന്ന വേട്ടമൃഗത്തെയത്രെ ഇവൻ അനുകരിക്കുന്നതു്. മരണത്തിൻെറ ഇരുളടഞ്ഞ കവാടം കടന്നു വിധിയാളൻെറ പിടിയിൽ ചെന്നു കുടുങ്ങുമ്പോൾ ഇവൻ നിശ്ചയമായും കണ്ണുതുറക്കാതിരിക്കയില്ല. സ്വന്തം പേരും പെരുമയുമെല്ലാം നഷ്ടപ്രായമാകുന്ന ആപദ്ഘട്ടത്തിൽ, അവയെ സുരക്ഷിതമാക്കുന്നതിനു വഴി തേടാതെ തൻെറ അലസതയിലും, അനാസ്ഥയിലും പ്രശംസ ഭാവിക്കുന്നവനെ വെറും ഭ്രാന്തനായിട്ടേ ലോകം എണ്ണുകയുള്ളു. എന്നാൽ അതിഭയാനകമായ ഒരു അത്യാഹിതത്തെ—ആത്മനാശത്തെയും നിത്യനിർഭാഗ്യത്തെയും—സ്വയം കൈവരിക്കുന്ന ആ നിർമ്മതനെക്കാൾ ഈ വികല്പബുദ്ധി എത്രയോ ഭേദം! സാമാന്യവിവേകമുള്ള ഏവനും, സംശയങ്ങളുണ്ടാകുന്ന സന്ദർഭങ്ങളിൽ കൂടുതൽ സുരക്ഷിതമായ മാൎഗ്ഗത്തെയാണു ശരണം പ്രാപിക്കുക. മതവിദ്വേഷികൾക്കാകട്ടെ ഇതൊട്ടും തന്നെ സ്വീകാര്യമായി തോന്നുന്നില്ല. തനിക്കു നേരിടുന്ന ദുരദൃഷ്ടത്തിൽ നിന്ദയും, അവജ്ഞയും പ്രകടിപ്പിച്ചു സമാധാനം നേടുവാനാണ് അവൻ ശ്രമിക്കുന്നതു്. അനിവാര്യമായ പലയാശകൾക്ക് അധീനനായി വട്ടം കറങ്ങുമ്പോൾ ധൈര്യം അവലംബിച്ചു മതമില്ലാമതത്തെക്കുറിച്ചുള്ള തൻെറ പ്രബോധനങ്ങളിൽ സന്ദേഹാസ്പദമായി ഒന്നുമില്ലെന്ന് അയാൾ നടിക്കുന്നു. ബുദ്ധിയെ ഇപ്രകാരം വ്യഭിചരിപ്പിക്കുന്നതു് ഏററവും ആപൽകരമാണ്; അഹങ്കാരത്തിൻെറ ഒരു പ്രകടനമാണ് ഇവിടെ നാം ദർശിക്കുന്നതു്. ഇതിൽനിന്നു മുക്തി പ്രാപിക്കുക അത്ര എളുപ്പമല്ല.

പക്ഷിമൃഗാദി തിൎയ്യഗ്ജീവികൾക്കുള്ള അന്ത്യമേ മനുഷ്യനുള്ളുവെന്നും, ക്രിസ്തുമതം വെറും കെട്ടുകഥമാത്രമെന്നും, സുവിശേഷങ്ങൾക്കു മനുഷ്യബുദ്ധിയെ ആകർഷിക്കത്തക്കയാതൊരു വൈശിഷ്ട്യവുമില്ലെന്നും മററും സംശയംകൂടാതെ കൊട്ടിഘോഷിക്കുവാൻ ഒരു ദിമ്മതൻ ഒട്ടും മടിക്കുന്നില്ല. സുബുദ്ധിയുള്ള ആരാണ് ഇപ്രകാരം പ്രവൎത്തിക്കുക? ഇത്ര പ്രമാദരഹിതമായ ജ്ഞാനം അയാൾക്ക് എവിടെനിന്നു ലഭിച്ചു? ശ്രമകരമായ നിരീക്ഷണങ്ങളുടേയും സുദീർഘമായ അദ്ധ്യയനത്തിന്റേയും ഫലമായിരിക്കുമോ? ഒരിക്കലുമില്ല; പഠിക്കാനും പരീക്ഷിച്ചറിവാനും ഇക്കൂട്ടർക്കു സമയംപോരാ! ഇവർ ഒരു സംഗതി ഗ്രഹിക്കേണ്ടതുണ്ട്. ഒരു നിമിഷത്തിൽ ആവിർഭവിച്ച് അനന്തരനിമിഷത്തിൽ അപ്രത്യക്ഷമാകുന്ന ജലത്തിലേ പോളകൾക്കുസമം അല്പകാലത്തേയ്ക്കു മാത്രം നിലനില്ക്കുന്ന നിരവധി ക്ഷുദ്രമതവിഭാഗങ്ങളിൽ ഉൾപ്പെടുത്തത്തക്ക ഒന്നല്ല ക്രിസ്തുമതം. ഇന്നുവരെ ലോകം കണ്ടിട്ടുള്ള എല്ലാ സ്ഥാപനങ്ങളിലുംവെച്ചു ബലിഷ്ഠമായിട്ടുള്ളതു് ഇതുമാത്രമാകുന്നു. ഇരുപതു ദീർഘശതകങ്ങൾ അതു തരണംചെയ്തുകഴിഞ്ഞു. മനുഷ്യമനസ്സിനെ അതു സംസ്കരിക്കയും ഉദ്ധരിക്കയും ചെയ്തിരിക്കുന്നു. അതിന്റെ സംശുദ്ധമായ ആദർശങ്ങൾ ഇല്ലായിരുന്നെങ്കിൽ അധഃപതനത്തിൽ പദമൂന്നിയിരുന്ന മനുഷ്യവംശം പണ്ടേ അതിൽ ആണ്ടുപോയേനെ. നാഗരികതയിലും, പാണ്ഡിത്യത്തിലും അദ്വിതീയരായവരെ അതു് എക്കാലത്തും പുറപ്പെടുവിച്ചിട്ടുണ്ട്. ജഡബുദ്ധികൾക്ക് ഇതിൽക്കൂടുതൽ ഒരു തെളിവു വേണമെന്നു തോന്നുന്നില്ല. അതിന്റെ പ്രബോധനങ്ങൾ എത്ര ഉൽകൃഷ്ടങ്ങൾ! ധാർമ്മികസിദ്ധാന്തങ്ങൾ എത്ര അന്യാദൃശങ്ങൾ! അവ ബാഹ്യമായ പ്രവൃത്തികളെ മാത്രമല്ല, മനുഷ്യബുദ്ധിയുടെ വിചാരങ്ങളേയും, ഹൃദയത്തിന്റെ വികാരങ്ങളേയും മന

സ്സിന്റെ അഭിലാഷങ്ങളേയും നിയന്ത്രിക്കുന്നു. ഇവയെല്ലാം അവാസ്തവങ്ങളെന്നു ജല്പിക്കുന്ന നാസ്തികൻ സ്വന്തം അജ്ഞതയേയത്രെ പ്രകടപ്പിക്കുന്നതു്. നാസ്തികമനോഗതി അറിയുന്നവർക്കാർക്കും ഇതിൽ ആശ്ചര്യത്തിന്നു് അവകാശമില്ല. കഴമ്പില്ലാത്ത നിരവധി നിഷേധങ്ങളും അഭ്യൂഹങ്ങളും തട്ടിവിടുന്നതിന്നു മടിയില്ലാത്തവനാണു നാസ്തികൻ. ശുക്ലപക്ഷത്തിലെ വർദ്ധമാനചന്ദ്രനുസമം മാറി മാറി പ്രത്യക്ഷപ്പെടുന്നതിന്നു് ഒരു വൈഷമ്യവും ഇവനില്ല. യവനന്മാരുടെ സമുദ്രദേവനായ 'പ്രൈത്തേവൂസി'നെപ്പോലെ ഏതു് ആകൃതിയും ഇവർ സ്വീകരിച്ചുകൊള്ളും. ഒരിക്കൽ നിരീശ്വരനായും മറെറാരിക്കൽ അജ്ഞേയവാദിയായും പ്രത്യക്ഷപ്പെടും; ചിലപ്പോൾ ദൈവാസ്തിക്യത്തെ സമ്മതിക്കുകയും ചെയ്യും; നികൃഷ്ടനായ കഥാകൃത്തിനെപ്പോലെ അസഭ്യങ്ങളായ സംഗതികൾ വർണ്ണിക്കുന്നതിന്നു് അവനൊരു ലജ്ജയുമില്ല. ചരിത്രമെഴുതുമ്പോൾ തന്റെ ഗുരുവിന്റെ (Voltaire) നിർദ്ദേശമനുസരിച്ചു സത്യം മറച്ചുവയ്ക്കുന്നതിന്നു് അവൻ അശേഷം മടിക്കുന്നില്ല. ഇതെല്ലാം പോകട്ടെ. അന്ധവിശ്വാസത്തിന്റെ ബദ്ധവൈരി എന്നു സ്വയം അഭിമാനിക്കുന്ന ഇവൻ അറിഞ്ഞോ അറിയാതെയോ, അന്ധവിശ്വാസികളിൽ അഗ്രഗണ്യനായി രംഗപ്രവേശം ചെയ്യുന്നതല്ലേ എല്ലാററിലും രസാവഹം! ശകുനങ്ങളിൽ വിശ്വസിക്കുന്നതിനും, ആപന്നിവാരണാർത്ഥം മന്ത്രതന്ത്രു കെട്ടി നടക്കുന്നതിനും ഇവരിൽ ചിലർക്കു് ഒരു മടിയുമില്ല. ചില അംഗുലീയങ്ങൾക്കും കങ്കണങ്ങൾക്കും ശുഭദായകമായ ഏതോ ഒരു അമാനുഷശക്തിയുണ്ടെന്നു വിചാരിച്ചു് അവയെ ധരിക്കുന്നവരും ഇവരുടെ ഇടയിൽ അത്ര ചുരുക്കമല്ല. യാദൃച്ഛികമരണം ഭയന്നു, വസ്ത്രങ്ങളിൽ കുരിശടയാളം വരച്ചു് അവയെ ധരിച്ചു വന്നിരുന്ന ഒരു കുപ്രസിദ്ധനായ നിരീശ്വരനെക്കുറിച്ചു് അഗസ്റ്റസ്

നിക്കോളാസ് പറയുന്നുണ്ട്. അമേരിക്കയിലെ ഒരു ഗ്രന്ഥകാരൻ ഇപ്രകാരം പ്രസ്താവിക്കുന്നു. "ബൈബിളിലെ പ്രകൃത്യതീതസംഭവങ്ങളെ തിരസ്കരിക്കുന്ന ആധുനികനാസ്തികനു, 'ഹാംലെററ്', 'മാക്ബത്തു', 'റിച്ചാർഡ് തൃതീയൻ', 'ജൂലിയസ്' ആദിയായ നാടകപ്രബന്ധങ്ങളിൽ പിശാചങ്ങൾ പ്രത്യക്ഷപ്പെടുന്നതു് അസംഭാവ്യമായി തോന്നുന്നില്ല. കല്പിതകഥകളിലെ അത്ഭുതാവഹ സംഭവങ്ങൾ നാസ്തികനെ അത്യധികം ആനന്ദിപ്പിക്കുന്നു. ഇതിൽ വിസ്മയത്തിന് അവകാശമില്ല. മനുഷ്യഹൃദയം അതിസ്വാഭാവികമായതിനെയാണു സദാ ആരാഞ്ഞുകൊണ്ടിരിക്കുന്നതു്. ആകയാൽ യഥാർത്ഥസംഭവങ്ങളിൽ അതിനെ നിഷേധിക്കുന്ന ഹൃദയം, അയഥാർത്ഥകഥകളിൽ അവശ്യം അതിനെ കണ്ടു സംതൃപ്തമാകതന്നെ വേണം. നിരീശ്വരത്വം വെറും വ്യാജമാകയാൽ നിരീശ്വരൻെറ മനോഗതിയും അവശ്യം വ്യാജത്തിലേയ്ക്കുതന്നെയായിരിക്കും (O' Malley, "Thoughts of a Recluse").

മരണവേളയിലാണു നിരീശ്വരൻെറ അസ്ഥിരത അതിൻെറ യഥാർത്ഥരൂപത്തിൽ പ്രത്യക്ഷപ്പെടുന്നതു്. ഒരുവൻ സത്യസന്ധനും നിർമ്മലഹൃദയനും ആണോ എന്നു് അറിയുന്നതു മരണസമയത്താണു്. ക്രിസ്തുമതനിയമങ്ങൾ അനുസരിച്ചു ജീവിതം നയിച്ച ഒരുവനെങ്കിലും മരണശയ്യയിൽവെച്ചു നിരീശ്വരനായിത്തീർന്നുവെന്നു കഴിഞ്ഞ രണ്ടായിരം കൊല്ലങ്ങൾക്കിടയിൽ ഒരിക്കലും കേട്ടിട്ടില്ല. നേരെമറിച്ചു നിരീശ്വരരായി ജീവിതം നയിച്ചതിനെപ്പററി പശ്ചാത്തപിച്ചു തങ്ങളുടെ തെററുകളെ സവ്യസനം ഏററുപറഞ്ഞുകൊണ്ടു മരണയവനികയ്ക്കുള്ളിൽ മറഞ്ഞുപോയ അനേകായിരംപേരെ ചൂണ്ടിക്കാണിക്കാൻ നമുക്കു കഴിയും. ഇപ്രകാരം ചെയ്യുന്നതിനു സത്യമൊന്നുമാത്രമാണു് അവർക്കു പ്രേരകമായി

തിരുന്നതു്. നിത്യതയിലേക്കുള്ള പ്രവേശദ്വാരത്തിങ്കൽവെച്ചു—ജീവിതകാലം മുഴുവൻ തങ്ങൾ അധിക്ഷേപിച്ചുപേക്ഷിച്ചിരുന്ന ആ നീതിമാനായ വിധികർത്താവിന്റെ സന്നിധിയിൽ ചെന്നു നില്ക്കുന്നതിനുള്ള സമയം അത്യാസന്നമാകുന്ന ആ ഭയാനകനിമിഷത്തിൽ—ഇവർ അനന്യശരണരായി, കളങ്കരഹിതമായ ബാല്യദശയിൽ തങ്ങൾക്കു ശക്തിയും സന്തോഷവും പ്രദാനം ചെയ്തിരുന്ന ആ സഭാമാതാവിന്റെ സ്നേഹമസൃണമായ ആശ്ലേഷത്തിൽത്തന്നെ നിർവൃതി തേടുന്നതു ഹൃദയാവർജ്ജകമെന്നേ പറയേണ്ടു. ഫ്രാൻസിലെ നിർമ്മതനേതാക്കന്മാരിൽ പലരും മരണശയ്യയിൽവെച്ചു പുരോഹിതസഹായം അഭ്യർത്ഥിച്ചതായിട്ടാണറിയുന്നതു്. അവരുടെ പൂർവ്വന്മാരും ഇപ്രകാരംതന്നെ ചെയ്തിരുന്നു. മോണ്ടെസ്ക്കി, ബഫൻ, ലാഹാർപ്, മൊറേ, മെയിൻ ഡി ബിറാൻ(Montesquieu Moreau, Buffon, La Harpe, Maine de Biran) എന്നിവർ സഭാമാതാവിന്റെ അന്ത്യപരിചരണങ്ങൾ സ്വീകരിച്ചു മരണം പ്രാപിച്ചു എന്നതു ലോകപ്രസിദ്ധമാണല്ലോ. വോൾട്ടയറും, അലൻബർട്ടും ഇതു് ആഗ്രഹിക്കാതിരുന്നില്ല. എന്നാൽ സ്നേഹിതന്മാരുടെ നിർദ്ദയത്വംമൂലം ആ മഹാഭാഗ്യം അവർക്കു കൈവന്നില്ലെന്നേയുള്ളു. ഈദൃശനിരീശ്വരപ്രമാണികളുടെ വാക്കുകൾക്കും സാക്ഷ്യങ്ങൾക്കും എന്തു വിലയാണുള്ളതു്? ജീവകാലം മുഴുവൻ ഈശ്വരനെ ശപിച്ചും മതത്തെ ദുഷിച്ചും നടന്നിരുന്ന ഇവർ മരണത്തെ അഭിമുഖീകരിക്കുമ്പോൾ സ്വന്തം മൗഢ്യത്തെ ഏററുപറഞ്ഞു പശ്ചാത്താപത്തോടെ ഈശ്വരകരുണ യാചിക്കുന്നു. അടുത്തകാലത്തു ഫ്രാൻസിൽ നിയമസഭാംഗമായിരുന്ന കാസി(Caze) മരണം പ്രാപിച്ചതു സഭയുമായി സൗഹാർദ്ദപ്പെട്ടതിനു ശേഷമാണു്. മതപീഡനത്തെ സർവ്വശക്തിയോടുംകൂടി അനുകൂലിച്ചിരുന്നവരിൽ അഗ്രഗണ്യനായിരുന്നു ഇദ്ദേഹം. ആത്തു

രശാലകളിലും, പോർക്കളങ്ങളിലും, പടക്കപ്പലുകളിലും മരണം പ്രാപിച്ചിരുന്നവർക്ക് അന്ത്യപരിചരണം നൽകുവാൻ ഉദ്യുക്തരായിരുന്ന പുരോഹിതന്മാരെ നിഷ്കാസനം ചെയ്യുക എന്നതു തൻെറ പ്രധാനകൃത്യമായി കരുതിയിരുന്നു. ഇയാൾ മരണശയ്യയിൽ ഒരു വൈദികനെ വിളിച്ചുവരുത്തുന്നതു് ആശ്ചര്യാവഹമല്ലയോ? തൻെറ അധികാരദുഷ്പ്രയോഗത്താൽ അനേകംപേർക്കു ലഭിക്കാനിടയാകാഞ്ഞതും നിരന്തരം താൻ നിന്ദിച്ചിരുന്നതും ആയ പാപവിമോചനദാനം കൈക്കൊണ്ട ശേഷമാണും അദ്ദേഹം ദീർഘനിദ്ര പ്രാപിച്ചതു്.

സുപ്രസിദ്ധനായ ഹെജസിപ്പു മുറെയുടെ (Hegesippe Moreau) ജീവിതാവസാനം ഇത്തരുണത്തിൽ സ്മർത്തവ്യമാണു്. നിർമ്മതത്തെ സ്ഥാപിക്കുന്നതിനും, നാസ്തിക്യബോധത്തെ പ്രചരിപ്പിക്കുന്നതിനുമായി ധിശക്തിയും ജീവസർവസ്വവും ബലിചെയ്തിരുന്ന ഈ ഫ്റഞ്ചു കവിപുംഗവൻ ഒരു സായാഹ്നത്തിൽ പാരിസിലുള്ള തെരുവീഥികളിലും ഉപവനങ്ങളിലും ഉലാത്തികൊണ്ടിരിക്കയായിരുന്നു. അങ്ങനെ അശ്രദ്ധനായി നടന്നുകൊണ്ടിരിക്കുമ്പോൾ ഒരു ദൈവാലയം അദ്ദേഹത്തിൻെറ ദൃഷ്ടിയിൽപ്പെട്ടു. ഉടനെ അതിൽ പ്രവേശിക്കുന്നതിനു് അത്ഭുതപൂർവ്വമായ ഒരു അഭിവാഞ്ഛ അദ്ദേഹത്തിൽ ഉദിച്ചു. നാസ്തികപ്രവരനായ അദ്ദേഹം ദൈവാലയത്തിൽ കടന്നു ബലിപീഠത്തിങ്കലേയ്ക്കു നടന്നു. ബലിപീഠത്തെ സമീപിക്കയിൽ മുറെ പെട്ടെന്നു നിശ്ചലനായി നിലകൊള്ളുന്നു. നേരംകുറെ ആയി. ഹാ! അദ്ദേഹത്തിനു് എന്തു സംഭവിച്ചു! അദ്ദേഹം, തൻെറ മനോമുകുരത്തിൽ തിങ്ങിക്കൂടുന്ന അനവധി ചിന്തകൾക്കു് അധീനനായി തീർന്നിരിക്കയാണു്. ശിശുപ്രായവും, ബാല്യകാലവും, യൗവനദശയും ഓരോന്നായി അദ്ദേഹത്തിൻെറ ഓർമ്മയിൽ വന്നുചേർന്നു. ആ നാളുകളെ ഓർമ്മപ്പെടുത്തുന്ന നിരവധി

സംഭവങ്ങൾ അദ്ദേഹം പ്രസ്പഷ്ടമായി കണ്ടു. അന്നു് ആദ്യമായി ദിവ്യകാരുണ്യം സ്വീകരിച്ചപ്പോൾ അനുഭവിച്ച അന്ന്യാദൃശമായ ആനന്ദമാധുരിയും, അടുത്തടുത്തു കഴിച്ച പാപോച്ചാരണം പ്രദാനംചെയ്ത മനഃസമാധാനവും എല്ലാം അദ്ദേഹത്തിന്റെ സ്മൃതിപഥത്തെ ആരോഹണംചെയ്തു. അനാശാസ്യമായ തന്റെ ജീവിതത്തെ ദർശിച്ചപ്പോൾ ശോകവും, ആശങ്കയും അദ്ദേഹത്തെ വല്ലാതെ കുഴക്കി. കള്ളന്മാരായ പ്രവാചകന്മാരേയും വഞ്ചകന്മാരായ പ്രബോധകന്മാരേയുമാണു് അദ്ദേഹം ഇതുവരേയും അനുഗമിച്ചതു്. അവർ അദ്ദേഹത്തിന്റെ വിശ്വാസത്തെ അടിമറിച്ചു കളഞ്ഞു. മാതൃസ്തന്യപാനത്തോടെ അദ്ദേഹത്തിൽ ദൃഢമൂലമായ വിശ്വാസവല്ലിയെ ഹൃദയാന്തർഭാഗത്തുനിന്നു് അവർ പാടെ പിഴുതു കളഞ്ഞു. തൽസ്ഥാനത്തു വേരൂന്നിയ നിരീശ്വരതത്ത്വങ്ങൾ നിരാശയും അസന്തുഷ്ടിയുമേ അദ്ദേഹത്തിനു പ്രദാനം ചെയ്തുള്ളു. ദൈവാലയത്തിനും തനിക്കുണ്ടായതുപോലെ വല്ല മാററങ്ങളും സംഭവിച്ചിട്ടുണ്ടോ എന്നു് അദ്ദേഹം സൂക്ഷിച്ചുനോക്കി. എന്നാൽ ഒന്നും കണ്ടില്ല. ബാലനായിരുന്നപ്പോൾ ഏതു ബലിപീഠത്തിങ്കൽ താൻ ദിവ്യപൂജയ്ക്കു സഹായിച്ചിരുന്നുവോ ആ ബലിപീഠംതന്നെ അദ്ദേഹത്തിന്റെ മുമ്പിൽ പ്രത്യക്ഷപ്പെട്ടുന്നു. വിശുദ്ധന്മാരുടെ പ്രതിമകൾ യഥാസ്ഥാനങ്ങളിൽ ഇപ്പോഴും സ്ഥിതിചെയ്യുന്നു. ദിവ്യരക്ഷകന്റെ പീഡാനുഭവത്തെ അനുസ്മരിപ്പിക്കുന്ന ദയനീയ ചിത്രങ്ങളും, പാപോച്ചാരണപീഠവും, വിശ്വാസികൾ ദിവ്യകാരുണ്യസ്വീകരണത്തിനു് അണയുന്ന സ്ഥലവും ബലിപീഠത്തിനു മുമ്പിൽ മിന്നിത്തിളങ്ങുന്ന 'കെടാവിളക്കും,' എന്നുവേണ്ട സകലതും യാതൊരു മാററവും കൂടാതിരിക്കുന്നതായി അദ്ദേഹം കണ്ടു. എന്നാൽ അദ്ദേഹത്തിൽ എത്ര വ

ലിയ ഒരു മാററമാണു സംഭവിച്ചതു്! അദ്ദേഹത്തിൻെറ ആത്മാവു തീവ്രമായ വേദനേ അനുഭവിച്ചു. മൊറെ എന്തു ചെയ്യും! അദ്ദേഹം ഇതാ, സാഷ്ടാംഗപ്രണാമം ചെയ്തു് അപേക്ഷിക്കുന്നു. പക്ഷേ അദ്ദേഹത്തിൻെറ പ്രാത്ഥന അവിശ്വാസത്തേയാണു ദ്യോതിപ്പിക്കുന്നതു്. "എൻെറ ദൈവമേ, ദൈവമെന്നൊരാളുണ്ടെങ്കിൽ, എൻെറമേൽ കരുണതോന്നി വിശ്വസിക്കുന്നതിനുള്ള വരം എനിക്കു നൽകേണമേ!" എങ്കിലും മൊറെയുടെ മാനസാന്തരം യഥാത്ഥമായിരുന്നു. മരണശയ്യയിൽവെച്ചു; ബാല്യദശയിൽ തനിക്കുണ്ടായിരുന്ന വിശ്വാസത്തെ അദ്ദേഹം ഏററുപറഞ്ഞു. ഒരു പുരോഹിതനെ വരുത്തി പാപവിമോചനം സ്വീകരിക്കയും സ്വഗ്ഗീയാനന്ദത്താൽ തുടിക്കുന്ന ഹൃദയത്തോടും സൗഭാഗ്യസംപൂണ്ണമായ് മരണാനന്തരജീവിതത്തിലുള്ള സജീവമായ പ്രതീക്ഷയോടും കൂടി ലോകത്തോടു് അന്ത്യയാത്ര പറയുകയും ചെയ്തു.

## III.

## നിരീശ്വരന്മാരുടെ സാന്മാർഗ്ഗികനിയമം.

അജ്ഞതകൊണ്ടെന്നതിനേക്കാൾ ദുഷ്ടതനിമിത്തമാണു പലരും നിരീശ്വരന്മാരായി തീരുന്നതു്. യഥാർത്ഥത്തിൽ പുണ്യജീവിതം നയിക്കുന്ന ഒരുവനും മതത്തെ അധിക്ഷേപിക്കുവാൻ മുതിരുകയില്ല. ഒരുവൻ ക്രിസ്തുമതത്തിൻെറ ധാമ്മികനിബന്ധനകൾ അനുസരിച്ചു ജീവിക്കുന്നിടത്തോളം കാലം—സത്യസന്ധനും മഹാമനസ്കനും വിനീതഹൃദയനുമായി വ്യാപരിക്കുന്നിടത്തോളംകാലം—ദൈവവിശ്വാസത്തിൽനിന്നു് അണുപോലും വ്യതിചലിക്കുന്നതല്ല. എന്നാൽ സാന്മാർഗ്ഗികജീവിതത്തെ എന്നു് അവൻ പരിത്യജിക്കുന്നുവോ അന്നുമുതൽ അവൻ മതത്തെപ്പററി സംശയിക്കുവാൻ തുടങ്ങുകയും അവസാനം അവിശ്വാസിയായി പരിണമിക്ക

യും ചെയ്യുന്നു. "ദൈവം ഇല്ലാ എന്നു ഭോഷൻ തന്റെ ഹൃദയത്തിൽ പറഞ്ഞു" (സങ്കീ., ൧൪, ൧) എന്ന രാജപ്രവാചകന്റെ വാക്കുകൾ ഇവരെ സംബന്ധിച്ചിടത്തോളം എത്ര അർത്ഥവത്തായിരിക്കുന്നു. ജനങ്ങളുടെ ഇടയിൽ സന്മാർഗ്ഗബോധം കുറഞ്ഞിരുന്ന കാലങ്ങളിലാണു നിരീശ്വരത്വത്തിനു കൂടുതൽ പ്രചാരം സിദ്ധിച്ചിട്ടുള്ളതു് എന്നു ചരിത്രം സാക്ഷിക്കുന്നു. ആധുനികകാലവും വോൾട്ടയർ മുതലായ നിരീശ്വരപ്രമാണികളുടെ കാലവും തമ്മിൽ തുലനം ചെയ്യുമ്പോൾ ഈ വാസ്തവം കൂടുതൽ പ്രസ്പഷ്ടമാകും. ആകയാൽ നിരീശ്വരത്വം ദുഃസ്വാതന്ത്ര്യത്തിന്റെ ഫലമാണെന്നുള്ളതു നിർവിവാദമത്രെ. മനുഷ്യൻ തന്റെ ദുഷ്പ്രവൃത്തികളെ ഓരോരോ, ഒഴികഴിവുകൾകൊണ്ടു സാധൂകരിക്കുവാൻ ശ്രമിക്കുന്നു. തന്നിമിത്തം ദുഷ്ടത സമുദായത്തിൽ പ്രചുരമായി പ്രചരിക്കുയും കാലക്രമേണ അതിനു് അവിടെ സ്ഥിരപ്രതിഷ്ഠ ലഭിക്കുയും ചെയ്യുന്നു. പുരാതനകാഫ്യർ ദുർവൃത്തരായ ദേവന്മാരെ ആദർശപുരുഷന്മാരായി സ്വീകരിക്കമൂലം തങ്ങളുടെ ഗർഹണീയമായ ജീവിതരീതി നിർദ്ദോഷമെന്നു കരുതിപ്പോന്നു. ആധുനികരായ അവിശ്വാസികൾ ദൈവാസ്തിക്യത്തെപ്പോലും നിഷേധിച്ചുകൊണ്ടാണു തങ്ങളുടെ അസന്മാർഗ്ഗികമായ ജീവിതത്തെ സാധൂകരിക്കുന്നതു്. നിരീശ്വരനേതാക്കന്മാരെല്ലാവരുംതന്നെ സുഖലോലുപന്മാരും വിഷയലമ്പടന്മാരും ആയിരുന്നു എന്നു പറയുന്നതിൽ ഒട്ടും അതിശയോക്തിയില്ല. സത്യത്തോടും സന്മാർഗ്ഗത്തോടും ഉള്ള പ്രതിപത്തിയാണു് അവിശ്വാസപ്രചാരണത്തിനു് ഇവരെ പ്രേരിപ്പിച്ചതു് എന്നു പറഞ്ഞാൽ ആരാണു വിശ്വസിക്കുക? ഒരു യഥാർത്ഥക്രിസ്ത്യാനി ജീവിതത്തെ സംസ്കരിക്കുന്നതിനുവേണ്ടി തന്റെ പരിശുദ്ധമായ വിശ്വാസത്തെ സംത്യജിച്ചു നിരീശ്വര

പ്രബോധനങ്ങളെ സ്വീകരിച്ചതായിവല്ലവരും കേട്ടിട്ടുണ്ടോ? നേരെമറിച്ച സത്യസന്ധരും ധമ്മനിരതരും ആയി ജീവിതം നയിക്കുന്നതിനുവേണ്ടി അസാന്മാർഗ്ഗികസിദ്ധാന്തങ്ങൾ എല്ലാം ഉപേക്ഷിച്ച ക്രിസ്തുമതത്തെ അവലംബിച്ചിട്ടുള്ള അവിശ്വാസികൾ എത്രയെത്ര. അന്തഃകരണശാസനം അനുസരിച്ച പ്രവർത്തിക്കുന്നതിനുള്ള വൈമനസ്യം നിമിത്തം പലരും അവിശ്വാസികളായി പരിണമിക്കുന്നു. ദൈവം അധർമ്മികളെ ശിക്ഷിക്കുന്നു എന്ന വിചാരത്താലല്ലയോ അവർ അവിടുത്തെ ദ്വേഷിക്കയും അവിടുത്തെ ആസ്തിക്യത്തെ നിഷേധിക്കയും ചെയ്യുന്നത്? ദരിദ്രരുടെ ഉത്തമസ്നേഹിതനും, പീഡിതരുടെ ഏകാവലംബവും, മനുഷ്യകുലത്തിന്റെ ഉദ്ധാരകനും ഉപകർത്താവുമായ ക്രിസ്തുവിന്നെ യഹൂദന്മാരും മറ്റുപല ജനങ്ങളും വെറുക്കുന്നതു് ആശ്ചര്യാവഹമല്ലയോ? അദ്ദേഹത്തോടുള്ള ഈ വിദ്വേഷം, നീചനീചമെന്നു മാത്രമല്ല കേവലം പൈശാചികവുമാണ്. അനിയന്ത്രിതമായ രോഷത്തെയത്രെ അതു സൂചിപ്പിക്കുന്നതു്. ഇതിനുള്ള കാരണം എന്തായിരിക്കാം. ഒരു സമാധാനം മാത്രമേ പറയുവാൻ കാണുന്നുള്ളു. ക്രിസ്തു ദൈവപുത്രനാകയാലാണു പലരും അദ്ദേഹത്തെ ദ്വേഷിക്കുന്നതു! ക്രിസ്തുമതം പുരാതനകാലത്തെ അജ്ഞതയുടെയും അന്ധവിശ്വാസത്തിന്റെയും അവശേഷം മാത്രമാണെന്നു നിരീശ്വരനു ദൃഢനിശ്ചയമുണ്ടെങ്കിൽ ആ മതത്തെ പററി അവൻ ആക്ഷേപങ്ങൾ പുറപ്പെടുവിക്കുന്നതു് എന്തിനു്? ഇല്ലാത്ത ഒരു വസ്തുവിനെ നശിപ്പിക്കുവാൻ ശ്രമിക്കുന്നതു വെറും മൗഢ്യമല്ലയോ? ലജ്ജാവഹമായ വിവാദങ്ങളും, മൃഗീയമായ രോഷവും, നിഗൂഢമായ സമ്മേളനങ്ങളും, ഭീകരങ്ങളായ നിശ്ചയങ്ങളും എന്തിനായിട്ടാണു്? "ക്രിസ്തുമതം അബദ്ധസമ്പൂർണ്ണമാണു്; ആകയാൽ അതിനെ ന

ശിപ്പിക്കണം" എന്നു അവിശ്വാസികൾ ശഠിക്കുന്നു. ക്രിസ്തുമതം അബദ്ധസമ്പൂർണ്ണമെന്നുതന്നെ സങ്കല്പിക്കുക; എന്നാലെന്തു്? ഇതിനെക്കാൾ പ്രത്യക്ഷങ്ങളും, ജുഗുപ്സാവഹങ്ങളുമായ എത്രയോ പ്രമാദങ്ങൾ ഭൂമുഖത്തുണ്ടു്. അവയെ ഉന്മൂലനം ചെയ്യുവാൻ ആരാണു ശ്രമിക്കുന്നതു്? ക്രിസ്തുമതം വെറും അബദ്ധമാണു പോൽ! അങ്ങനെയാണെങ്കിൽത്തന്നെയും അതു് ആർക്കും നീരസപ്രദമോ ഉപദ്രവകരമോ അല്ല; പ്രത്യുത, അതു നന്മ ചെയ്യുന്നതിനു മനുഷ്യനെ പ്രോത്സാഹിപ്പിക്കുകയും, സുകൃതവാനായി ജീവിക്കുന്നതിനു് അവനെ പ്രേരിപ്പിക്കുകയും, അവനു നേരിടുന്ന നിരവധി കഷ്ടാരിഷ്ടതകളിൽ അവനു് ആശ്വാസം നൽകുകയും ചെയ്യുന്നു. ദൈവം ദുഷ്ടന്മാരെ ശിക്ഷിക്കുന്നതുകൊണ്ടു മാത്രമാണു പലരും അവിടത്തെ ആസ്തിക്യംപോലും നിഷേധിക്കുവാൻ തുനിയുന്നതു്. ഇതു് ഉത്തമവിശ്വാസത്തോടുകൂടി ആയിരിക്കുക അസംഭാവ്യമാണു്; സംശയമില്ല. തന്നിമിത്തം അവിശ്വാസം ഒരു വലിയ അബദ്ധവും, ആത്മവഞ്ചനയും, പരിശുദ്ധാത്മാവിനു വിരുദ്ധമായുള്ള ഒരു ഭയങ്കര പാപവും ആകുന്നു. ദൈവവിശ്വാസമുള്ളവർ പാപം ചെയ്യുന്നതു ബലഹീനതയാലോ, പ്രലോഭനങ്ങളുടെ ഉഗ്രതയാലോ മാത്രമാണു്. അടുത്തമാത്രയിൽത്തന്നെ പശ്ചാത്താപത്തിന്റെയും, ദൈവസ്നേഹത്തിന്റെയും ലക്ഷണങ്ങൾ അവരിൽ പ്രത്യക്ഷപ്പെടുകയും ചെയ്യും. നിരീശ്വരന്മാരാകട്ടെ, തങ്ങളുടെ അഭിലാഷങ്ങൾ സാധിക്കുന്നതിനുവേണ്ടി, ദൈവമില്ലെന്നു നിശ്ശങ്കം പ്രഖ്യാപനം ചെയ്യുന്നു. അവരുടെ പാപം, സ്രഷ്ടാവിനോടു ചെയ്യുന്ന ഒരു വലിയ ധിക്കാരമാണു്. അവർ തങ്ങളുടെ അനുയായികൾക്കു നൽകുന്ന ഉപദേശം കേട്ടാലും: "നിങ്ങൾ ദൈവത്തെ ഭയപ്പെടുന്നു; തൻമൂലം സ്വേച്ഛരാ

നുസാരം വർത്തിക്കുന്നതിനു നിങ്ങൾ ധൈര്യപ്പെടുന്നില്ല. എന്നാൽ ദൈവമെന്നൊരാളേ ഇല്ല. അഥവാ, ഉണ്ടെങ്കിൽതന്നെയും, അദ്ദേഹം, ക്രിസ്ത്യാനികൾ സങ്കല്പിക്കുന്നതുപോലെയുള്ള ഒരുവനല്ല. പുണ്യം! അതു ക്രിസ്തുമതത്തിന്റെ വെറും സങ്കല്പസൃഷ്ടിയല്ലേ? അവരുടെ ധർമ്മബോധം വെറും നാമമാത്രമാകുന്നു. ആകയാൽ ഈ മൂഢവിശ്വാസങ്ങളെ എല്ലാം പരിത്യജിച്ചു, നിരീശ്വരപ്രബോധങ്ങളെ സ്വീകരിച്ചു, സ്വാതന്ത്ര്യാന്തരീക്ഷത്തിൽ സ്വച്ഛന്ദം വിഹരിച്ചാലും" മഹത്തുക്കളിൽ പലരേയും നിരീശ്വരപ്രബോധനങ്ങൾ നാശഗർത്തത്തിൽ നിപതിപ്പിച്ചിട്ടുണ്ടെന്നുള്ളതു് അവിതക്കിതമത്രെ. അവിശ്വാസികൾ പോലും പല അവസരങ്ങളിലും തങ്ങളുടെ മൗഢ്യത്തെക്കുറിച്ചു ലജ്ജിക്കുകയും, തങ്ങൾക്കുപററിയ അബദ്ധം മററാർക്കും പററാതിരിക്കുന്നതിനു നിഷ്കർഷ പ്രദർശിപ്പിക്കുകയും ചെയ്തിട്ടുള്ളതു് ഇതിനു് ഉത്തമലക്ഷ്യമാണു്. സുപ്രസിദ്ധ തത്വജ്ഞനും എന്നാൽ അന്നത്തെ നിരീശ്വരന്മാരിൽ അഗ്രിമനുമായിരുന്ന ഡിഡറോട്ടു് (Diderot) സ്വപുത്രിക്കു വേദപാഠം നൽകുന്നതായി അദ്ദേഹത്തിന്റെ ഒരു സ്നേഹിതൻ ഒരിക്കൽ കാണുകയുണ്ടായി. വിസ്മയഭരിതനായി അദ്ദേഹം ചോദിച്ചു: "എന്തു്! നിങ്ങൾ വേദപാഠം നൽകുന്നുവോ! ഡിഡറോട്ടിന്റെ മറുപടി ഇപ്രകാരമായിരുന്നു: "എന്റെ പുത്രിയെ സുകൃതിനിയായ ഒരു ബാലികയും, ഭക്തിതിഷ്ഠതയുള്ള ഒരു സ്ത്രീരത്നവുമാക്കിത്തീർക്കുന്നതിനു മതബോധത്തിനു മാത്രമേ ശക്തിയുള്ളു." മരണശയ്യയിൽ കിടന്നിരുന്ന ഒരു സ്ത്രീ, അവിശ്വാസിയായ സ്വപിതാവിനെ സമീപേ വിളിച്ചുവരുത്തി പറഞ്ഞു: "പിതാവേ, അങ്ങു് എനിക്കുനൽകിയിട്ടുള്ള നിരീശ്വരപരമായ ഉപദേശങ്ങൾ എന്റെ ജീവിതത്തെ യഥാർത്ഥത്തിൽ

ദൗർഭാഗ്യപൂൎണ്ണമായ ഒന്നാക്കിത്തീർത്തിരിക്കുന്നു. അങ്ങയുടെ ആ പ്രബോധനങ്ങളെ ഇനിയും ഞാൻ അനുവർത്തിക്കണമെന്നുതന്നെയാണോ അങ്ങ് ആഗ്രഹിക്കുന്നതു്? ഈ മരണവേളയിലെങ്കിലും എന്നെ വഞ്ചിക്കാതെ അങ്ങു യാഥാർത്ഥ്യം വെളിപ്പെടുത്തണം. എന്റെ അമ്മയുടെ ഈശ്വരവിശ്വാസത്തെ ഞാൻ സ്വീകരിക്കണമോ? അതോ, അങ്ങയുടെ നിരീശ്വരസിദ്ധാന്തങ്ങൾതന്നെ ഞാൻ അവലംബിക്കണമോ? സ്വർഗ്ഗം, നരകം, ആദിയായവ ഇല്ലെന്നു ഞാൻ വിശ്വസിക്കണമോ?'' ഇതു കേട്ടമാത്രയിൽ ആ നിരീശ്വരൻ ഇടിത്തീ ഏററാലെന്നപോലെ സ്തംഭിച്ചു നിന്നുപോയി. അല്പംകഴിഞ്ഞു അശ്രുപൂൎണ്ണമായ നയനങ്ങൾ സ്വപുത്രിയുടെ നേരെതിരിച്ചു ഗദ്ഗദത്തോടുകൂടി അയാൾ ഇപ്രകാരം പറഞ്ഞു: "എന്റെ കുഞ്ഞേ, നിന്റെ പ്രിയമാതാവിന്റെ വിശ്വാസം തന്നെ നീയും ആശ്ലേഷിച്ചുകൊള്ളുക.'' അനന്തരം, സമീപേ നിന്നിരുന്ന ഒരു സ്നേഹിതനെ നോക്കി അയാൾ ഇപ്രകാരം പ്രസ്താവിച്ചു: "സൗഭാഗ്യപൂർണ്ണമായ പാരത്രിക ജീവിതത്തെപ്പററി മനുഷ്യഹൃദയങ്ങളിൽ രൂഢമൂലമായിരിക്കുന്ന പ്രത്യാശകളെ നിർമ്മൂലമാക്കുവാൻ നിർദ്ദയം പരിശ്രമിക്കുന്ന നാം എത്രയോ നിർഭാഗ്യവാന്മാർ''.

നിരീശ്വരബോധം അനിയന്ത്രിതജീവിതത്തേയും അക്രമപ്രവൃത്തികളേയും പ്രോത്സാഹിപ്പിക്കുകയും തദ്വാരാ സമൂഹത്തിനു നാശകാരണമായി ഭവിക്കുകയും ചെയ്യുന്നു. പശ്ചാത്താപം മനോദൗർബ്ബല്യത്തിന്റെ ഫലമാണെന്നും, സുവിശേഷപ്രബോധിതമായ ധാർമ്മികജീവിതം കേവലം നിരർത്ഥകമാണെന്നും, ജന്മസാഫല്യം ആനന്ദസമ്പൂർണ്ണമായ ഭൗമികജീവിതത്തിൽ അന്തർഭവിച്ചിരിക്കുന്നുവെന്നും മററും കേൾ

ക്കുന്നതു, വെറും ലോകായതികനും അന്തഃകരണവിഹീന നുമായ ഒരുവന്ന് എത്ര ആശ്വാസപ്രദമായിരിക്കും! സ്ത്രീജി തന്മാർക്കും വേശ്യകൾക്കും, കവർച്ചക്കാർക്കും തസ്കരപ്രമാ ണികൾക്കും, അഹംഭാവികൾക്കും അസത്യവാദികൾക്കും, ദൈവദൂഷകർക്കും മതവിദ്വേഷികൾക്കും എന്തുമാത്രം ആ നന്ദമാണ് ഈ സിദ്ധാന്തങ്ങൾ പ്രദാനം ചെയ്യുന്നതു്! നി രീശ്വരത്വം പ്രചരിക്കുന്നതോടുകൂടി ലോകത്തിൽ അധർമ്മ വും അടിക്കടി വർദ്ധിച്ചു വരുന്നു. നിരീശ്വരപ്രബോധന ങ്ങൾ കാട്ടുതീപോലെ എങ്ങും വ്യാപിച്ചിരിക്കുന്ന ഇക്കാല ത്തു മർമ്മഭേദകങ്ങളായ എത്ര ഹീനകൃത്യങ്ങളാണ് ലോക ത്തിൽ നടക്കുന്നതു്. അക്രമികളായ പലരും നിരീശ്വര സി ദ്ധാന്തങ്ങൾക്കനുസൃതമായിട്ടാണ് തങ്ങൾ പ്രവർത്തിച്ചിട്ടുള്ള തെന്നു പറഞ്ഞു സ്വദുഷ്പ്രവൃത്തികളെ കോടതിമുമ്പാകെ സാധൂകരിക്കുവാൻ ശ്രമിക്കുന്നതായി പലപ്പോഴും നാം കേൾക്കുന്നില്ലേ? ഇപ്രകാരമുള്ള ഒരു 'ധാർമ്മികബോധം' സമുദായത്തിൽ ഉളവാക്കുന്ന നികൃഷ്ടങ്ങളായ അനിഷ്ടഫല ങ്ങൾക്കു് ഒരവുതിയുമില്ല. നിരീശ്വരന്മാരുടെ സിദ്ധാന്തം അ നുസരിച്ചു്, അന്യന്റെ ധനം അപഹരിക്കുന്നതു് അധർമ്മ മാകയില്ല. ഭരിക്കുന്നതിനും ആജ്ഞാപിക്കുന്നതിനുമുള്ള അ ധികാരം ദൈവദത്തമല്ലെന്നും, രാജാക്കന്മാരും, നീതിപാല കന്മാരും അധികാരത്തെ അന്യായമായി അപഹരിക്കുന്നവ രാണെന്നും നിരീശ്വരന്മാർ ജനസാമാന്യത്തെ ഉദ്ബോധി പ്പിക്കുന്നു. തന്നിമിത്തം, രാജസിംഹാസനങ്ങൾ അടിമറി യുന്നു. ചെങ്കോലുകൾ ഒടിഞ്ഞു തകരുന്നു. അനീതിയും അ വിശ്വാസവും അടിക്കടി വർദ്ധിച്ചു വരുന്നു.

## IV.

## "ദുഷ്ടന്മാർക്കു ഒരിക്കലും സമാധാനമില്ല"

"ദുഷ്ടന്മാർക്കു സമാധാനമില്ല" (ഇസ., ൩൫-൨൨). നിരീശ്വരൻ, മരണാനന്തര ജീവിതത്തെ അപലപിക്കുന്നതുകൊണ്ടു് അവൻ ഇഹത്തിൽ സൗഭാഗ്യം കണ്ടെത്തുകയാകട്ടെ, സ്വന്തം ഉന്നതിക്കായി പരിശ്രമിക്കയാകട്ടെ ചെയ്യുന്നില്ല. സമാധാനത്തിൻെറ കണികപോലും അവനിൽ കാണ്മാനില്ല. ദൈവത്തെ കൂടാതെ ജീവിതം നയിക്കുവാൻ അവൻ ആഗ്രഹിക്കുന്നു. ഈ നിർഭാഗ്യാവസ്ഥയിൽ ദൈവം അവനെ കൈവിട്ടുകളയുകയും ചെയ്യുന്നു. (Le Donte et Ses Victimes) എന്ന വിശിഷ്ട ഗ്രന്ഥം ഞാൻ ഒരിക്കൽ വായിക്കുന്നതിനടയായി. അന്നു ഞാൻ വളരെ ചെറുപ്പമായിരുന്നു. എങ്കിലും അതു് എന്നെ എത്രമാത്രം ആകർഷിച്ചുവെന്നു പറയുവാൻ പ്രയാസം! ഒരിക്കലും വിസ്മരിക്കുവാൻ വഹിയാത്ത ഒരു വികാരം അതു് എന്നിൽ ഉളവാക്കി. എനിക്കു് ഇത്രയും പ്രയോജനകരമായിത്തീർന്ന വേറൊരു ഗ്രന്ഥം ഞാൻ വായിച്ചിട്ടുണ്ടോ എന്നു സംശയമാണു്. സദ്‌വൃത്തരായ മനുഷ്യർപോലും വലിയ സംശയങ്ങൾക്കധീനരാവുമ്പോൾ സഹിക്കേണ്ടിവരുന്ന ദുഃസഹമായ പീഡകളെ എത്ര ഹൃദയാവർജ്ജകമായിട്ടാണു പ്രസ്തുത ഗ്രന്ഥത്തിൻെറ കർത്താവായ മോൺസിഞ്ഞോർ ബോനാർഡ് (Mon. Baunard) വർണ്ണിച്ചിരിക്കുന്നതു്! രക്താശ്രുവർഷിച്ചുകൊണ്ടാണു് അദ്ദേഹം ആ ഭാഗം എഴുതിയതെന്നു് എനിക്കു തോന്നിപ്പോയി. അനേകായിരം പേരുടെ ജീവതത്തെ വിഫലമാക്കിച്ചെയ്യുന്ന നിരീശ്വരപ്രസ്ഥാനത്തിൻെറ ശോച്യമായ ചരിത്രവും, പ്രചുരമായ പ്രചാരവും ആ ഗ്രന്ഥത്തിൽ മനോഹരമായവിധം

വിവരിക്കപ്പെട്ടിരിക്കുന്നു. നിരീശ്വരൻ എത്ര നിർഭാഗ്യവാനാണെന്നറിയുന്നതിനു പ്രസ്തുത ഗ്രന്ഥം ഒരാവൃത്തി വായിച്ചാൽ ധാരാളം മതിയാകും.

മനുഷ്യൻെറ ഐഹിക ജീവിതം ഒരു നിരന്തര സമരമാണെന്നു് ആരും സമ്മതിക്കും. വിധവകളും അനാഥരും ലോകത്തിൽ എവിടെയും ഉണ്ടു്. ദുർദ്ദശകളും ദുരദൃഷ്ടങ്ങളും, സമരങ്ങളും കലഹങ്ങളും, ക്ഷാമവും വ്യാധിയും, ചിത്തഭംഗവും മിത്രഭേദവും, വിശ്വാസവഞ്ചനയും അസത്യോക്തിയും എവിടെയാണില്ലാത്തതു്? ബന്ധുമിത്രങ്ങളെ മരണം നിഷ്ക്കരുണം അപഹരിക്കുമ്പോഴും ദുസ്സഹമായ അപമാനത്തിനു വിഷയമാവുമ്പോഴും, അനവധി കഷ്ടാരിഷ്ടതകൾ സഹിക്കേണ്ടി വരുമ്പോഴും, സ്നേഹിതന്മാരാൽ ഉപേക്ഷിക്കപ്പെടുമ്പോഴും, ജരാനരകളാൽ ബാധിതനാകുമ്പോഴും, മരണം അത്യാസന്നമാകുമ്പോഴും ഒരു നിരീശ്വരൻെറ മനഃസ്ഥിതി എന്തായിരിക്കും? അപ്പോഴെല്ലാം, ആശാരഹിതനായി അവൻ 'വിധി'യെ ശപിക്കുകയത്രെ ചെയ്യുന്നതു്. ഒരു ക്രൈസ്തവനോ എന്നാൽ ഭൗമിക ജീവിതത്തെ പ്രലോഭനത്തിൻെറയും പ്രവാസത്തിൻെറയും കാലമായി പരിഗണിക്കുന്നു. "....ഇപ്പോഴത്തെ കഷ്ടതകൾ നമ്മിൽ പ്രത്യക്ഷപ്പെടുവാനിരിക്കുന്ന ഭാവിമഹത്ത്വത്തോടു് ഒരുപ്രകാരത്തിലും തുലനം ചെയ്യുവാൻ പാടുള്ളതല്ല...." (റോമാ. ൮-൧൮) എന്നു് അവനറിയാം. തൻമൂലം, നിത്യസൗഭാഗ്യം ലഭിക്കുവാൻവേണ്ടി, പരിമിതമായ ഐഹിക ജീവിതത്തിലെ ക്ലേശങ്ങളെ കൈക്കൊള്ളുന്നതിനു് അവൻ സദാ സന്നദ്ധനായിരിക്കുന്നു. ദൈവം മനുഷ്യനുവേണ്ടി സഹിച്ച നിഷ്ഠുരമായ പീഡകളുടെ സ്മരണയാണു് ഈ ക്ലേശങ്ങൾ സഹിക്കുന്നതിനുവേണ്ടത്ര ശക്തിയും ധൈര്യവും അവനു പ്രദാനം ചെയ്യുന്നതു്. സ്നേഹഭാജനമായ ഏക സന്താനത്തെയോ, ആത്മമിത്രത്തെയോ ധർമ്മ

പതിയെയോ മരണം, എന്നേയ്ക്കുമായി തന്നിൽ നിന്നു വേർപ്പെടുത്തുമ്പോൾ അവൻ സമചിത്തതയോടെ അവരെ യാത്ര അയയ്ക്കുന്നു. "സമാധാനത്തിൽ പോയാലും. നമ്മുടെ ഈ വിയോഗം ഹൃദയഭേദകമെങ്കിലും നിത്യമായിട്ടുള്ളതല്ല. അടുത്ത ഭാവിയിൽതന്നെ തമ്മിൽ കണ്ടു സന്തോഷിക്കുവാൻ നമുക്കു ഭാഗ്യം സിദ്ധിക്കും. പിന്നീടു വിയോഗം മൂലമുള്ള യാതൊരു ഖേദവും നമ്മെ ബാധിക്കുകയുമില്ല" എന്നു് അവൻ അവരോടു പറയുന്നു. ശക്തിമുഴുവൻ ക്ഷയിച്ച് ആസന്നമരണനായി കിടക്കുന്ന അവസരത്തിൽപോലും അവൻ, തന്റെ സ്രഷ്ടാവിനെ മഹത്തപ്പെടുത്തുന്നതിൽ എത്ര ഉൽസുകനായിരിക്കുന്നു! നെപ്പോളിയൻ ചക്രവത്തി തടവുകാരനായി സെൻറ് ഹെലേനാ ദ്വീപിൽ വസിച്ചിരുന്ന കാലത്തു് ഒരിക്കൽ കടലോരത്തിൽകൂടി ഉലാത്തികൊണ്ടിരിക്കുമ്പോൾ ജനറൽ ബർട്രാണ്ടിന്റെ പുത്രി വന്നു് അദ്ദേഹത്തെ അഭിവാദ്യം ചെയ്യുകയുണ്ടായി. അപ്പോൾ അദ്ദേഹം അവളോടു പറഞ്ഞു: "എന്റെ കുഞ്ഞേ, മതത്തെക്കുറിച്ചു നീ നല്ലവണ്ണം പഠിക്കണം. മതമില്ലാതെ ഒരു സൗഭാഗ്യവുമില്ല. ദിവസവും നീ എന്റെ പക്കൽ വരിക. ഞാൻ തന്നെ നിനക്കു വേദപാഠം നൽകാം." ലോകത്തെ മുഴുവൻ ജയിച്ചടക്കിയ നെപ്പോളിയൻ രണ്ടു വർഷത്തേയ്ക്കു് ഈ ബാലികയുടെ മതോപദേഷ്ടാവായും വത്തിച്ചുവത്രെ. വിഷയ സുഖങ്ങളിലും, സമ്പൽസമൃദ്ധിയിലും സ്ഥാനബഹുമാനങ്ങളിലും ആനന്ദം കണ്ടെത്തുന്ന നിരീശ്വരന്മാരെ കണ്ടെന്നുവരാം. പക്ഷേ ക്ഷണഭംഗുരമായ ഈ ആനന്ദം അവരെ തൃപ്തിപ്പെടുത്തുന്നതിന്നു് ഒട്ടും പര്യാപ്തമല്ല. മനുഷ്യന്റെ ആത്മാവു ഭൗമികമായ യാതൊന്നുകൊണ്ടും തൃപ്തിയടയുന്നില്ല. അതിന്റെ ആഗ്രഹങ്ങളും അഭിലാഷങ്ങളും നിസ്സീമങ്ങളാണു്; മതത്തിനു മാത്രമേ അതിനെ

പൂൎണ്ണമായി തൃപ്തിപ്പെടുത്തുവാൻ കഴിയുകയുള്ളൂ. നിത്യ ജീവനായിട്ടാണു നാം സൃഷ്ടിക്കപ്പെട്ടിരിക്കുന്നതു്. നിത്യത്വം നമ്മെ സൎവ്വത്ര ചുററിയിരിക്കുന്നു. നമ്മുടെ ഹൃദയത്തിൻെറ അന്തർഭാഗത്തും അതു കുടികൊള്ളുന്നു. നിത്യത്വവുമായുള്ള ബന്ധം ശിഥിലമാക്കുവാൻ നിരീശ്വരൻ അതിമാത്രം പ്രയത്നിക്കുന്നു. പക്ഷേ അവൻെറ ശ്രമമെല്ലാം നിഷ്ഫലമായേ കലാശിക്കയുള്ളൂ. കഷ്ടം, സ്വൎഗ്ഗാനന്ദം അനുഭവിക്കേണ്ട ആത്മാവിനെ ഭൂമിയിലിട്ടു് വലിച്ചിഴയ്ക്കുന്നതിനല്ലയോ അവൻ ആഗ്രഹിക്കുന്നതു്! പരിശുദ്ധവും നിത്യവുമായ ഒരു ജീവിതത്തെ സൎവ്വദാ ആരാഞ്ഞുകൊണ്ടിരിക്കുന്ന തൻെറ ആത്മാവിനെ നിരൎത്ഥകവും ക്ഷണികവുമായ ലൗകികസന്തോഷങ്ങൾകൊണ്ടു തൃപ്തിപ്പെടുത്തുവാൻ അവൻ ഉദ്യമിക്കുന്നു. പ്രപഞ്ചത്തിൽ കാണുന്ന ആശ്ചൎയ്യാവഹമായ ഐകരൂപ്യവും, ചേതോഹരമായ പ്രകൃതി വിലാസവും നിരീശ്വരൻെറ ഹൃദയത്തെ സ്പർശിക്കുന്നില്ല. ലോകം മുഴുവൻ യാദൃച്ഛികമായി ആവിർഭവിച്ച ഒരു വസ്തുവായിട്ടേ അവനു തോന്നുന്നുള്ളൂ. പ്രകൃതിയുടെ രഹസ്യങ്ങളൊന്നും അവൻ അറിയുന്നില്ല. അവയുടെ കൎത്താവിനെക്കുറിച്ചു് ഒരുജ്ഞാനവും അവനില്ല. സമസ്തസൃഷ്ടങ്ങളോടുള്ള സഹവാസം ആനന്ദപ്രദമായി അവനു തോന്നുന്നില്ല. ഒരു ക്രൈസ്തവനാകട്ടെ പ്രകൃതിയെ മുഴുവൻ ഒരു മഹാഗ്രന്ഥമായി പരിഗണിക്കുന്നു. ദൈവത്തിൻെറ അനന്തപരിപൂൎണ്ണതയും, നന്മാതിരേകവും, പരിപാലനാപാടവവും അവൻ അതിൽ പാരായണം ചെയ്യുന്നു. സൃഷ്ടിജാലം മുഴുവൻ അവനോടു സദാചാരോപദേശം ചെയ്യുന്നു. അവൻ മനുഷ്യവൎഗ്ഗത്തെ മുഴുവൻ സഹോദരരായി പരിഗണിക്കുന്നു. അവരെല്ലാവരും സ്വൎഗ്ഗസ്ഥനായ ഏക പിതാവിൻെറ അരുമസന്താനങ്ങളാണെന്നു് അവൻ ദൃഢമായി വിശ്വസിക്കുന്നു.

തന്നെപ്പോലെതന്നെ, അനശ്വരമായ ആത്മാവോടുകൂടി അവരും സൃഷ്ടിക്കപ്പെട്ടിരിക്കുന്നുവെന്നും, തന്നിമിത്തം, തന്നെപ്പോലെതന്നെ അവരെയും സ്നേഹിപ്പാൻ താൻ നിർബന്ധിതനാണെന്നും അവനറിയാം. നിരീശ്വരൻ സമസൃഷ്ടങ്ങളെ സ്നേഹിക്കുന്നെങ്കിൽ അതു സ്വാർത്ഥത്തെ മാത്രം ലാക്കാക്കിയാണ്. അവൻെറ ദൃഷ്ടിയിൽ മനുഷ്യൻ കേവലം തുച്ഛവും, ക്ഷണമാത്രം കൊണ്ടു നശിച്ചുപോകുന്ന ഒരു ജന്തുവും മാത്രമാകുന്നു. "അതാ ആ ശവകുടീരത്തിൽ ഭൂദാനം ചെയ്യപ്പെട്ടിരിക്കുന്ന മൃതശരീരത്തെ— പ്രേതശിലയാൽ ചുററപ്പെട്ട ജീർണ്ണിച്ച പ്രതിമയെ—കണ്ടാലും. നിരീശ്വരൻെറ സിദ്ധാന്തം അനുസരിച്ചു മനുഷ്യനു് ആസ്തിക്യം ഉണ്ടു്. എന്നാൽ സഹജാവബോധത്തിൽ അവൻ മൃഗങ്ങളെക്കാൾ താണപടിയിലാണ്. മൃഗങ്ങളെപോലെ അവനും വെറും പൊടിയാണ്. അവയെപോലെ അവനും പൊടിയിലേയ്ക്കു പിന്തിരിയുന്നു. കൃമികൾ നിറഞ്ഞ പ്രേതാലയമല്ലാതെ മറെറാരന്ത്യവും അവൻ പ്രതീക്ഷിക്കുന്നില്ല." (ഛാററബ്രിയാൻറ്.) മരണാനന്തരജീവിതമെന്നൊന്നില്ലെന്നു ശഠിക്കുകയും, ഐഹികസന്തോഷങ്ങളെമാത്രം ജീവിതസർവ്വസ്വമായി കരുതുകയും ചെയ്യുന്ന മനുഷ്യാധമന്മാരുടെ ഇടയിൽ എന്തുമാത്രം ഐകമത്യവും സൗഹാർദ്ദതയുമാണു പ്രതീക്ഷിക്കാവുന്നതു്? നിരീശ്വരന്മാരുടെ ജീവിതത്തിലും, അവരുടെ ഗ്രന്ഥങ്ങളിലും സഹോദരവിദ്വേഷവും, ഹൃദയശൂന്യതയുമല്ലാതെ മറെറാന്നും കാണാനില്ല. മിച്ചലെററ് (Michelet) പറയുന്നതിപ്രകാരമാണ്: "നിഷ്ഫലമായ അദ്ധ്വാനങ്ങളാലും, വ്യർത്ഥമായ ചിന്തകളാലും ക്ഷീണിച്ച ഹൃദയത്തിനു് ആശ്വാസം നൽകുന്നതു കുടുംബമാണു. വിശന്നവശരായി ഭവനത്തിലേയ്ക്കു പ്രവേശിക്കുമ്പോൾ നാം എന്താണ് അവിടെ കാണുന്നതു്? അവിടെ നമുക്കു് ആശ്വാസവും സമാധാനവും

ലഭിക്കുന്നുണ്ടോ? മാതാപിതാക്കളോടും പുത്രകളത്രങ്ങളോടും എന്തിനെക്കുറിച്ചാണു നാം സംഭാഷിക്കുക? അന്നു നടത്തിയ ജോലിയേയും, അന്നു ലഭിച്ച വാർത്തകളേയും പററിമാത്രം! അതിലുപരിയായ ഒരു വിഷയത്തെക്കുറിച്ചും സംസാരിക്കുവാൻ നിവൃത്തിയില്ല. നശ്വരമായ ലോകജീവിതം, മതം, ആത്മാവു്, ദൈവം ഇത്യാദി ആദ്ധ്യാത്മിക വിഷയങ്ങളെ സംബന്ധിച്ചു് ഒരക്ഷരംപോലും പറയുവാൻ നാം തുനിയുന്നില്ല. അപ്രകാരം ചെയ്യുന്നതായാൽ, മാതാവു് നീരസം പ്രദർശിപ്പിക്കുകയും, ഭാര്യ വിപരീതാഭിപ്രായം പുറപ്പെടുവിക്കുകയും, പുത്രി, പ്രതിഷേധസൂചകമായ മൗനം അവലംബിക്കുകയും ചെയ്യും.'' (Le Doute et Ses Victimu introduction). ഇപ്രകാരം നിരന്തരമായ അസംതൃപ്തിയും അഭിപ്രായവ്യത്യാസവുമാണു നിരീശ്വരൻെറ കുടുംബത്തിൽ കുടികൊള്ളുന്നതു്. അവൻ കുടുംബാംഗങ്ങളെ കുററപ്പെടുത്തുകയും, ദൂഷണം പറയുകയും, അവരുടെമേൽ ശാപവർഷം ചെയ്കയും ചെയ്യുന്നു. എന്നാൽ അതുകൊണ്ടു യാതൊരു ഫലവും ഇല്ല. സന്തോഷത്തോടും സൗഹാർദ്ദത്തോടും വർത്തിക്കേണ്ടവർ പരസ്പരം കലഹിക്കുന്നതിനുള്ള പ്രധാനകാരണം നിരീശ്വരപ്രബോധനങ്ങളുടെ പ്രചരണമാണെന്നു പറയേണ്ടിയിരിക്കുന്നു. കുടുംബജീവിതത്തെ സമാധാനരഹിതമാക്കിത്തീർക്കുന്ന ആ മഹാപാപത്തിനു കാരണം നിരീശ്വരത്വംതന്നെ. ഈദൃശമായ അനിഷ്ടസംഭവങ്ങൾ നേരിടുമ്പോൾ പലരും ഭാവിയെ മ്ലാനമായിമാത്രം ദർശിക്കുകയും ജീവിതത്തെ നിരാശാഗർത്തത്തിലേയ്ക്കു തള്ളിക്കൊണ്ടു പോകുകയും ചെയ്യുന്നു.

ഭാവി, ദൈവകരങ്ങളിൽ സ്ഥിതിചെയ്യുന്നു. നിരീശ്വരന്മാരുടെ അനിയന്ത്രിതമായ ജീവിതരീതിയെ സാധൂകരിപ്പാൻ

വേണ്ടി ദൈവം സ്വനിശ്ചയങ്ങൾക്കു മാററം വരുത്തുമെന്നു വിചാരിപ്പാൻ നമുക്കു ന്യായമില്ല. ക്രിസ്തുമതം മനുഷ്യനിർമ്മിതമല്ല. അതു ദൈവത്താൽ സ്ഥാപിതമായ ഒന്നത്രേ. പാറമേൽ പണി ചെയ്യപ്പെട്ടിരിക്കുന്ന സഭ നശിച്ചുപോകുമെന്നു വിചാരിക്കേണ്ട. നരക വാതിലുകൾ അതിനോടു പൊരുതി ജയിക്കുകയുമില്ല. ഈ മഹാ സത്യങ്ങളെ എപ്പോഴും നാം അനുസ്മരിക്കണം: മനുഷ്യപുത്രൻെറ വാക്കുകൾ ഒരിക്കൽ നിശ്ചയമായും പൂർത്തിയാകും. "ഇതാ ഞാൻ ലോകാവസാനം വരെ എല്ലാ നാളുകളിലും നിങ്ങളോടുകൂടിയുണ്ട്" (മത്തായി. ൨൮-൨൦).

*L. D. V. M.*

ACHARYA PALACKAL JEEVASS KENDRAM LIBRARY

Indic Digital Archive Foundation
gpura.org
332.9
A